# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2016 ഒക്ടോബർ 21 വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 13

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2016 ഒക്ടോബർ 21, വെള്ളി

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1110/2017

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 26
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 63

**II അടിയന്തരപ്രമേയം**

വ്യാജ ലോട്ടറി–

ശ്രീ. വി. ഡി. സതീശൻ 278

(അവതരണാനുമതി നിഷേധിച്ചു )

**III ക്രമപ്രശ്നം**

സഭാസമ്മേളന വേളയിൽ മന്ത്രിമാർ പൊതുപരിപാടിയിൽ പങ്കെടുക്കുന്നത് സംബന്ധിച്ച്–

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല ) 288

**IV ശ്രദ്ധ ക്ഷണിക്കൽ**

1. ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന്റെ പിന്നോക്കാവസ്ഥ–

ശ്രീ. ജോൺ ഫെർണാണ്ടസ് 290

2. കുടിവെള്ള ദൗർലഭ്യം–

ശ്രീ. എൽദോസ് കുന്നപ്പിള്ളി 295

**V സബ്മിഷൻ**

1 മുണ്ടരോഗബാധയും ഇലപ്പുള്ളി രോഗവും– 302

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല )

2. കുടിവെള്ള പദ്ധതികൾ–

ശ്രീമതി പി. അയിഷാ പോറ്റി 307

പേജ്

3. പെരിയാർ വാലി കനാൽ—

ശ്രീ. വി. പി. സജീന്ദ്രൻ 309

4. കരിമ്പ് കർഷകരുടെ പ്രശ്നങ്ങൾ—

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ 310

5. ജീവനക്കാരുടെ അഭാവം—

ശ്രീ. കാരാട്ട് റസാഖ് 312

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 47 (2) അനുസരിച്ചുള്ളത് 314

**VII റിപ്പോർട്ട് സമർപ്പണം**

1. കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് 315

2. സബ്ജക്ട് കമ്മിറ്റി I-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 315

**VIII റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് 315

**IX അനൗദ്യോഗികാംഗങ്ങളുടെ കാര്യം** ...

1. റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് 315

2. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2016 -ലെ കേരള അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക -അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ ബിൽ—

(ശ്രീ. എൻ. ഷംസുദ്ദീൻ നോട്ടീസ് നൽകിയത്) 316

പേജ്

(ii) 2016 -ലെ കേരള സംസ്ഥാന ശുചീകരണ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. അൻവർ സാദത്ത് നോട്ടീസ് നൽകിയത്) 328

(iii) 2016 -ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവനമിഷൻ രൂപീകരണ ബിൽ

(ശ്രീ. കെ. വി. വിജയദാസ് നോട്ടീസ് നൽകിയത് ) 333

(iv) 2016 -ലെ നല്ല ശമരിയക്കാരൻ ബിൽ

(ശ്രീ. ഹൈബി ഈഡൻ നോട്ടീസ് നൽകിയത് ) 338

(v) 2016 -ലെ കേരള ശുദ്ധജലാവകാശ ബിൽ

(ശ്രീ. ആർ. രാജേഷ് നോട്ടീസ് നൽകിയത് ) 340

**X തിരുത്ത്**

പ്രതിപക്ഷനേതാവ് ( ശ്രീ. രമേശ് ചെന്നിത്തല ) 347

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 21 , വെള്ളി*

വാല്യം 163] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 2016 ഒക്ടോബർ മാസം 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ........ ഓർഡർ............ ചോദ്യം നമ്പർ * 421

### നെൽവയൽ തണ്ണീർത്തട സംരക്ഷണം

1 (*421) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം നെൽവയൽ തണ്ണീർത്തട സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ആറുമാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പദ്ധതി എത്ര കാലത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ,

(എ) നെൽവയൽ/തണ്ണീർത്തടത്തിന്റെ സംരക്ഷണത്തിനായി സംസ്ഥാനത്ത് നിലവിലുള്ള 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാവർത്തികമാക്കുകയും ഭൂവിനിയോഗ നിയന്ത്രണങ്ങളിലെ ഇളവ് പ്രസ്തുത നിയമ പ്രകാരമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി ആക്ട് പ്രകാരം ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിച്ചുവരുന്നു. സാറ്റലൈറ്റ് ഡാറ്റാ ഉപയോഗിച്ച് കെ.എസ്.ആർ.ഇ.സി. മുഖേന തിരുവനന്തപുരം ജില്ലയിലെ ആറ്റിപ്ര വില്ലേജ്, എറണാകുളം ജില്ലയിലെ വേങ്ങൂർ വില്ലേജ് എന്നിവിടങ്ങളിലെ ഡാറ്റാ ബാങ്ക് വാലിഡേറ്റ് ചെയ്തുവരികയാണ്. നെൽക്കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സുസ്ഥിര നെൽക്കൃഷി വികസനം, പ്രത്യേക നെല്ലിനങ്ങളുടെ വികസനം, വികസന ഏജൻസികൾക്കുള്ള ധനസഹായം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തനച്ചെലവ്, ആർ.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള തരിശുനില നെൽക്കൃഷി വികസനം, നെൽക്കൃഷി ഉൽപ്പാദന ബോണസ്, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവ നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്നു. തരിശായി കിടന്നിരുന്ന 1054.77 ഹെക്ടർ ഭൂമി നെൽക്കൃഷിയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ 1321.17 ഹെക്ടർ തരിശുഭൂമി നെൽക്കൃഷി യോഗ്യമാക്കാൻ നടപടി ആവിഷ്കരിച്ചുവരുന്നു. ഇപ്രകാരം 2016-17 വർഷം 2375.94 ഹെക്ടറിൽ നെൽക്കൃഷി നടപ്പാക്കാൻ വിഭാവന ചെയ്തിട്ടുണ്ട്. ഒരുപ്പൂ കൃഷി ചെയ്യുന്ന 4965.2 ഹെക്ടർ ഇരുപ്പൂ കൃഷി ചെയ്യുന്നതിനും ഇരുപ്പൂ കൃഷി ചെയ്യുന്ന 479 ഹെക്ടർ മൂന്നുപൂ കൃഷി ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 400 ഹെക്ടർ ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി നടത്തുന്നതിലേക്കായി 230 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

വർഷങ്ങളായി തരിശ് കിടന്ന മെത്രാൻ കായൽ (160 ഹെക്ടർ), ആറന്മുള പാടശേഖരം (56 ഹെക്ടർ) എന്നിവിടങ്ങളിൽ 2016 വർഷം പുഞ്ചക്കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) 14-6-2016-ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ അവലോകന യോഗത്തിൽ കേരളത്തിലെ 941 പഞ്ചായത്തുകളിൽ 21 എണ്ണം നെൽവയൽ തണ്ണീർത്തടം ഇല്ലാത്തതാണെന്നും 328 പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ടെന്നും 570 പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനായി

നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ള 22 പഞ്ചായത്തുകളിലെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പ് നടത്തി വരുന്നുവെന്നും വിലയിരുത്തിയിരുന്നു. ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിൽ ആവശ്യമായ ഫീൽഡ് പരിശോധന നടത്തി കുറ്റമറ്റ ഡാറ്റാ ബാങ്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് കൃഷി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം 2017 മാർച്ച് മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, ബഹുമാന്യനായ മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ കെ.എസ്.ആർ.ഇ.സി. മുഖേന സാറ്റലൈറ്റ് ഡാറ്റ ആധാരമാക്കിയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കിയിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ പബ്ലിഷ് ചെയ്യുന്ന ഡാറ്റാ ബാങ്കിന്റെ വിവരങ്ങൾ സംബന്ധിച്ച് പരാതികൾ ഉണ്ടാകുന്നുണ്ടോ; പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നുണ്ടോ; അതുപോലെതന്നെ ഫീൽഡ് സർവ്വേ നടക്കുന്നതുകൊണ്ട് ഡാറ്റാ ബാങ്കിന്റെ അടിസ്ഥാനത്തിൽ റീ-സർവ്വേകൂടി ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഇവിടെ നിർദ്ദേശിച്ചതുപോലെ, കെ.എസ്.ആർ.ഇ.സി.-യുടെ നേതൃത്വത്തിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. എന്നാൽ ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന ഡാറ്റാ ബാങ്കിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചുവെന്ന് പറയാൻ കഴിയില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കരട് പ്രസിദ്ധീകരിച്ചത് പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ അതിൽ ധാരാളം വീഴ്ചകൾ വന്നിട്ടുണ്ടെന്നാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. നിലവിലുള്ള തണ്ണീർത്തടങ്ങളെ സംബന്ധിച്ചുള്ള വിശദമായ ഡാറ്റാ ബാങ്ക് തയ്യാറാക്കാനാണ് നിശ്ചയിച്ചിരുന്നത്. റീസർവ്വേ നടപടികൾ ഉൾപ്പെടെ പുനരാരംഭിക്കാനുള്ള ആലോചനയാണ് നടത്തിവരുന്നത്.

ശ്രീ. കെ. സി. ജോസഫ് : സർ, റീസർവ്വേ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കേരളത്തിലെ പല ഭൂമികളും ഇപ്പോൾ രേഖകളിൽ തണ്ണീർത്തടമായിരിക്കാം; പക്ഷെ യഥാർത്ഥത്തിൽ അതെല്ലാം നികത്തപ്പെട്ടതാണ്. അങ്ങനെ റവന്യൂ ലാന്റ് സംബന്ധിച്ച് വലിയൊരു പ്രശ്നം നിലനിൽക്കുന്നുണ്ട്. റീസർവ്വേ ഇപ്പോൾ എവിടെ വരെയായി; കേരളത്തിലെ റീസർവ്വേ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാൻ കഴിയുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, 881 വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയായി എന്നാണ് ഇപ്പോൾ കിട്ടിയ കണക്കുകളുടെ അടിസ്ഥാനത്തിൽ പറയാൻ കഴിയുന്നത്. 783-ഓളം വില്ലേജുകളുടെ റീ-സർവ്വേ നടക്കാൻ ബാക്കിയിരിക്കുകയാണ്. എന്നാൽ റീ-സർവ്വേ നടന്നിട്ടുള്ള സ്ഥലങ്ങളിൽ അത് സംബന്ധമായ കുറെ ആക്ഷേപങ്ങൾ നിലനിൽക്കുകയും അത് പരിഹരിച്ചുവരികയുമാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച നിലമെന്ന് ബി.ടി.ആർ.-ൽ രേഖപ്പെടുത്തിയതും എന്നാൽ ഇപ്പോൾ തന്നെ നികത്തപ്പെട്ടുവെന്നും പറയുന്നതിൽ, 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വരുന്നതിന് മുമ്പുതന്നെ നികത്തപ്പെട്ട സ്ഥലങ്ങളുമുണ്ട്. അതുസംബന്ധിച്ച് വ്യക്തത വരുത്തുന്നതിനുവേണ്ടിയാണ് യഥാർത്ഥത്തിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കണമെന്ന് നിയമത്തിൽ നിഷ്കർഷിച്ചിരുന്നത്. ഡാറ്റാ ബാങ്ക് തയ്യാറാക്കുക എന്നതുകൊണ്ട് അർത്ഥമാക്കിയത് 2008-ൽ നിയമം വന്നപ്പോൾ തണ്ണീർത്തടമായും യഥാർത്ഥത്തിലുള്ള പാഡി ലാന്റായും നിലനിൽക്കുന്നത് ഏതെന്നുള്ള സ്ഥിതിവിവര കണക്കുകൾ വ്യക്തമാക്കുന്നതിനു വേണ്ടിയാണ്. അതിനുമുമ്പ് നികത്തപ്പെട്ട സ്ഥലവും അവിടെയുണ്ടാകും. അത് തിട്ടപ്പെടുത്തുമ്പോൾ നേരത്തെ നികത്തപ്പെട്ട ഭൂമിയുടെ കാര്യത്തിൽ എന്ത് വേണമെന്നത് സംബന്ധിച്ച് വേണ്ടത്ര വ്യക്തതയില്ലെന്നൊരു കാര്യം ആ വിഷയത്തിലുണ്ട്. അതുകൊണ്ട് ആ കാര്യവുമായി ബന്ധപ്പെട്ട് ഇപ്പോൾ നമുക്കൊരു വലിയ വിശദീകരണം നൽകാൻ കഴിയുന്നതല്ല. യഥാർത്ഥ ഡാറ്റാ ബാങ്ക് തയ്യാറാക്കിയതിനുശേഷം മാത്രമേ ഈ കാര്യത്തിൽ അന്തിമ തീരുമാനത്തിലെത്താൻ കഴിയുകയുള്ളൂ.

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ, ഭൂവിനിയോഗ നിയമങ്ങളിൽ ഇളവ് ലഭിച്ചുകൊണ്ട് വീട് പണിയുന്നതിന് അപേക്ഷകളുമായി വരുന്ന പാവപ്പെട്ടവർക്ക് അത് പരിശോധിച്ച് അനുമതി നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സമിതിയുണ്ട്. പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, കർഷക പ്രതിനിധികൾ എന്നിവരടങ്ങിയ ഈ സമിതിക്ക് ശിപാർശ ചെയ്യാനുള്ള അധികാരം മാത്രമേയുള്ളൂ. ഈ സമിതിയുടെ ശിപാർശ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ചശേഷം ആർ.ഡി.ഒ.-യുടെ അനുമതിയുണ്ടെങ്കിൽ മാത്രമേ പഞ്ചായത്തുതല സമിതി വളരെ പോസിറ്റീവായി നൽകുന്ന ശിപാർശകൾക്കുപോലും അനുമതി നൽകുകയുമുള്ളൂ. അതുവഴി പാവപ്പെട്ട അപേക്ഷകർക്ക് വീട് പണിയുന്നതിന് വലിയ കാലതാമസമുണ്ടാകുന്നു; അപേക്ഷകൾ കെട്ടിക്കിടക്കുന്നു. അതുകൊണ്ട് പഞ്ചായത്തുതല സമിതികൾക്ക് തീരുമാനമെടുക്കാനുള്ള അധികാരമുൾപ്പെടെ കൂടുതൽ അധികാരങ്ങൾ നൽകി ഇക്കാര്യത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കാനും വേഗത്തിൽ തീർപ്പുണ്ടാക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, നിലവിലുള്ള നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ഒരു പ്രാദേശിക കമ്മിറ്റിയുണ്ട്. ഭൂവിനിയോഗവുമായി ബന്ധപ്പെട്ട വിഷയത്തിൽ കെ.എൽ.യു. ഓർഡറുമായി ബന്ധപ്പെട്ട് മറ്റ് ചില അധികാരങ്ങളാണ് ആർ.ഡി.ഒ.-യ്ക്കും കളക്ടർക്കുമൊക്കെ നേരത്തെയുണ്ടായിരുന്നത്. നിലവിലുള്ള നെൽവയൽ തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള പ്രാദേശിക കമ്മിറ്റികൾ കഴിഞ്ഞ സർക്കാർ രൂപീകരിച്ച 3(എ) വകുപ്പ് നിലവിൽ വന്നതോടുകൂടി പ്രവർത്തനരഹിതമായിരിക്കുകയാണ്. അതിൻമേൽ യാതൊരു തീരുമാനവും സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അത് ക്രമവൽക്കരിക്കുന്നതിനു വേണ്ടിയുള്ള നടപടിയാണ് ചൂണ്ടിക്കാണിച്ചത്. ക്രമവൽക്കരണ നടപടികളുമായി മുന്നോട്ടുപോകുമ്പോൾ കോടതിയുടെ ഭാഗത്തു നിന്നുമുണ്ടായ ഇടപെടലിന്റെകൂടി അടിസ്ഥാനത്തിൽ അതിപ്പോൾ തടയപ്പെട്ടുനിൽക്കുന്നു. ഒഴിവാക്കപ്പെടുന്ന അത്തരം സാഹചര്യത്തിൽ മാത്രമായിരിക്കും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ പ്രാദേശിക കമ്മിറ്റികളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ പ്രായോഗികമായി നടത്താൻ കഴിയുക. അത് നിലവിൽ വരുമ്പോൾ ആ കമ്മിറ്റികൾക്ക് കൂടുതൽ എന്തൊക്കെയാണ് ചെയ്യാൻ കഴിയുകയെന്നത് ആലോചിക്കാവുന്ന കാര്യമാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ കൺവീനറായുള്ള പ്രാദേശിക നിരീക്ഷണ സമിതികൾ നിലച്ചുപോയത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുകൊണ്ടുവന്ന 3(എ) വകുപ്പ് നിലവിൽ വന്നതിനെത്തുടർന്നാണ്. എന്നുമാത്രമല്ല, അത് ക്രമവൽക്കരിക്കാൻവേണ്ടി മാർക്കറ്റ് വിലയുടെ 25 ശതമാനം അതായത് 500 രൂപ കളക്ടേറ്റിൽ അടച്ച് 2008-നുമുമ്പുള്ള നെൽവയലുകൾ റെഗുലറൈസ് ചെയ്യുന്നതിനുവേണ്ടിയാണ് ആ വകുപ്പ് കൊണ്ടുവന്നത്. അത് മണി ബില്ലിൽ ഉൾപ്പെടുത്തിയാണ് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ആ വകുപ്പ് കൊണ്ടുവന്നത്. അതിനെത്തുടർന്നാണ് സംസ്ഥാന വ്യാപകമായി ഒരു ലക്ഷത്തിൽ താഴെ അപേക്ഷകൾ കെട്ടിക്കിടക്കുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു കേസ് വന്നതിനെത്തുടർന്ന് ആ രീതിയിലുള്ള നടപടി ക്രമങ്ങളും നിലച്ചിരിക്കുകയാണ് അതിൽ മാറ്റം വരുത്തിക്കൊണ്ട് നേരത്തെ സർക്കാർ കൊണ്ടുവന്ന വകുപ്പ് പിൻവലിച്ച് പഴയതുപോലെ ഈ കമ്മിറ്റി പുനഃസ്ഥാപിച്ചാൽ മാത്രമേ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നേരത്തെ ഇവിടെ പ്രഖ്യാപിച്ച 3(എ) വകുപ്പ് പിൻവലിക്കുമെന്ന കാര്യം സർക്കാർ പ്രഖ്യാപിച്ചതാണ്. അത് ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്ന ഒരു കാര്യമാണ്. അന്ന് കൊണ്ടുവന്ന ആ വകുപ്പിന്റെ അപാകതമൂലമാണ് ഒരു ലക്ഷത്തോളം വരുന്ന പാവപ്പെട്ട ആളുകൾക്ക് വീട് വയ്ക്കാൻ കഴിയുന്നില്ലെന്ന പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നത്.

ശ്രീ. കെ. മുരളീധരൻ : സർ, 1971-ലെ റാംസർ കൺവൻഷനിൽ തണ്ണീർത്തട സംരക്ഷണം സംബന്ധിച്ച് ഒരു ഇന്റർനാഷണൽ കോൺഫറൻസ് നടക്കുകയും ഇന്ത്യ ഉൾപ്പെടെ 168 രാജ്യങ്ങൾ കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തു. അതനുസരിച്ച് വേമ്പനാട് കോൾ നിലങ്ങൾ, ശാസ്താംകോട്ട തടാകം, അഷ്ടമുടിക്കായൽ എന്നിവയെ കേരളത്തിലെ റാംസർ സങ്കേതങ്ങളായി പ്രഖ്യാപിച്ചിട്ട് വർഷങ്ങളായി. പക്ഷെ ഒരു സംരക്ഷണ നടപടികളും ഇതുവരെ സ്വീകരിച്ചിട്ടില്ല. സംരക്ഷണ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ സർക്കാർ മുൻഗണന നൽകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഈ കാര്യത്തിൽ 1971-ൽ സ്വീകരിച്ച തീരുമാനമാണെന്നും അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ കഴിയുന്ന നടപടികൾ നാളിതുവരെ സ്വീകരിച്ചില്ലെന്നും ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതുസംബന്ധിച്ച് എന്തൊക്കെയാണ് ചെയ്യാൻ കഴിയുകയെന്ന് പരിശോധിച്ച് പറയുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കൃഷിയോഗ്യമായ സ്ഥലം, പ്രത്യേകിച്ച് നെല്ല് ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന സ്ഥലം കണ്ടെത്തുന്നതിന് ഡാറ്റാ ബാങ്ക് ഉപകരിക്കുമെന്നാണ് അങ്ങ് പറയുന്നത്. ഭൂമിയുടെ പഴയ രൂപമെല്ലാം മാറി എന്നതാണ് ഇപ്പോഴുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. പഴയ നീർച്ചാലുകൾ പലതും ഇപ്പോഴില്ല. അവയോട് ചേർന്നുകിടന്ന തണ്ണീർത്തടങ്ങളുടെ രൂപഭാവങ്ങൾ മാറി പലതും തരിശുഭൂമിയായിരിക്കുകയാണ്. ഡാറ്റാ ബാങ്കിൽ ഇപ്പോഴത്തെ ഭൂമിയുടെ അവസ്ഥയെ സംബന്ധിച്ച് എന്തൊക്കെയുണ്ടോ അത് റിപ്പോർട്ട് ചെയ്യുന്നതിനു പകരം പഴയ തണ്ടപ്പേര് രജിസ്റ്റർ വച്ച് ഫോട്ടോ കോപ്പി എടുത്ത് അയയ്ക്കുകയാണ് ചെയ്യുന്നത്. അങ്ങനെ ചെയ്യുമ്പോൾ നിലവിലുള്ള ഫീൽഡിലെ യാഥാർത്ഥ്യവും നമ്മുടെ കൈവശമുള്ള ഡാറ്റായും തമ്മിൽ ഒരു ബന്ധവുമുണ്ടാകില്ല. ഇപ്പോൾ ഏതാണ്ട് 920 വില്ലേജുകളിൽ സർവ്വേ പൂർത്തിയാക്കാനുണ്ടെന്ന് അങ്ങ് മറുപടി പറഞ്ഞു. സർവ്വേ പൂർത്തീകരണം ഇനിയും വൈകും; കാരണം സർവ്വേ ഡിപ്പാർട്ടുമെന്റിൽ 3,000 ജീവനക്കാരാണുള്ളത്. ഒരു പ്രദേശം സർവ്വേ ചെയ്യുന്നതിന് 9 പേരുടെ ടീം ആവശ്യമാണ്. 9 പേരുടെ ടീമിനെ വച്ച് അവർ പറയുന്ന രൂപത്തിൽ കേരളത്തിൽ സർവ്വേ ചെയ്യാൻ തീരുമാനിച്ചാൽ ഈ നൂറ്റാണ്ട് കഴിഞ്ഞാലും സർവ്വേ പൂർത്തിയാവില്ല എന്നുള്ളത് അങ്ങേക്ക് അറിയുമോ? ഇത് ശാസ്ത്രീയമായി ചെയ്യുന്നതിനെക്കുറിച്ചും പറഞ്ഞിരുന്നു. അപ്പോഴും തെറ്റുകൾ വരാനുള്ള സാദ്ധ്യത ഏറെയാണ്. അങ്ങനെയുള്ള തെറ്റുകൾ വന്നതുകൊണ്ടാണ് കേരളത്തിന്റെ അതിർത്തി പ്രദേശങ്ങൾ അളക്കുന്ന കാര്യത്തിൽ ഡിഫെക്ട് വന്നതെന്ന് പിന്നീട് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഈ കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് ഇത് ആധുനികവൽക്കരിക്കുന്നതിന് വേണ്ടിയുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ; യഥാർത്ഥത്തിൽ കൃഷി ചെയ്യാൻ ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി ഉണ്ടാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, 920 പഞ്ചായത്തുകളിൽ അവശേഷിക്കുന്നു എന്നല്ല ഞാൻ പറഞ്ഞത്; 941 പഞ്ചായത്തുകളിൽ 21 എണ്ണം നെൽവയൽ തണ്ണീർത്തടം ഇല്ലാത്തതാണ് എന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. നിലവിലുള്ള തണ്ണീർത്തടങ്ങളും നീർച്ചാലുകളുമൊക്കെ ഇല്ലാതായിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇപ്പോൾ പഞ്ചായത്ത് തലത്തിൽ കൃത്യമായ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുകയും അതിന്റെ കരട് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. അത് പരിശോധിക്കാനായി കെ.എസ്.ആർ.ഇ.സി.-യെ ചുമതലപ്പെടുത്തുകയും അവർ സാറ്റലൈറ്റ് സർവ്വേ പ്രകാരം അതിന്റെ മാപ്പ് തയ്യാറാക്കുകയും ചെയ്തു. തണ്ണീർത്തടങ്ങൾ മിക്കതും നികത്തപ്പെട്ടതായും നികത്തപ്പെട്ട ഭൂമികൾ തണ്ണീർത്തടങ്ങളായും പരസ്പരവിരുദ്ധമായ രീതിയിൽ അതിൽ കാണുന്നു. ഈ പോരായ്മകൾ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ പരിശോധനയല്ല ഇപ്പോൾ തയ്യാറാക്കിയ ഡാറ്റാ ബാങ്കിലുള്ളതെന്ന് ബോദ്ധ്യമാവുകയാണ് ചെയ്തത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിട്ട് സ്ഥലപരിശോധന നടത്താതെ നേരത്തെ ബി.ടി.ആർ.-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത് അനുസരിച്ചു മാത്രം തയ്യാറാക്കിവച്ചു എന്നുവേണം അനുമാനിക്കാൻ. ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനായി ശാസ്ത്രീയ മാർഗ്ഗത്തിലൂടെയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകുക തന്നെയാണ് നമുക്ക് കരണീയമായിട്ടുള്ള മാർഗ്ഗം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, തണ്ണീർത്തട നിയമം നിലനിൽക്കുന്നതോടൊപ്പം തന്നെ ഭൂമിയുടെ ക്ലാസ്സിഫിക്കേഷൻ നടത്താനും തീരുമാനിക്കുമോ; കൃഷി ഭൂമി, കൃഷിക്ക് അനുയോജ്യമായവ, കൃഷിക്ക് യോഗ്യമല്ലാത്ത ഭൂമി എന്നിവ എത്രയാണെന്നുള്ളത് സംബന്ധിച്ച് ക്ലാസ്സിഫൈ ചെയ്താൽ ഈ പ്രശ്നം പകുതി തീർക്കാൻ സാധിക്കും. ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ടുപ്രകാരം ഒരു ഹെക്ടർ നെൽക്കൃഷി ചെയ്യുമ്പോൾ 22 ലക്ഷം രൂപയുടെ ഗുണം സമൂഹത്തിനുണ്ടാകുന്നു എന്നുള്ള നിലയ്ക്ക് ഇപ്പോൾ നെൽക്കൃഷി ചെയ്യുന്ന തണ്ണീർത്തടങ്ങൾക്ക് ഒരു ഹെക്ടറിന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ ഉണ്ടായിരുന്ന റോയൽറ്റി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, അക്കാര്യങ്ങൾ പ്രത്യേകമായ ചോദ്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നെങ്കിൽ പരിശോധിച്ച് മറുപടി പറയാൻ കഴിയുമായിരുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ഭൂമിയുടെ ക്ലാസ്സിഫിക്കേഷനെ സംബന്ധിച്ചാണ് ഞാൻ ചോദിച്ചത്. കൃഷി ഭൂമി, കൃഷി ചെയ്യാൻ സാദ്ധ്യതയുള്ളവ, കൃഷി ചെയ്യാൻ സാദ്ധ്യതയില്ലാത്തവ എന്നിവ എത്രയെന്ന് ക്ലാസ്സിഫൈ ചെയ്യാൻ സാധിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, അത് പരിശോധിച്ച് ചെയ്യാവുന്നതാണ്.

<u>ശ്രീ. എം. ഉമ്മർ</u> : സർ, നിലവിലുള്ള രേഖകൾ നോക്കിയാണ് വില്ലേജുകളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുള്ളത്. സ്ഥലം പരിശോധിച്ച് ഗ്രൗണ്ട് റിയാലിറ്റി നോക്കിയല്ല ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുള്ളത്. അതിൽത്തന്നെ ഒട്ടേറെ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്. ആ തെറ്റുകൾ പരിഹരിക്കുന്നതിനായി സർക്കാരിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ; അത് പുനഃപരിശോധിക്കാനും തെറ്റായി ചേർത്ത എൻട്രികൾ കറക്ട് ചെയ്യാനുമുള്ള എന്തെങ്കിലും സംവിധാനങ്ങളുണ്ടോ ; ഇല്ലെങ്കിൽ അത് തിരുത്താൻ കഴിയുമോ ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നെൽവയൽ തണ്ണീർത്തട നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന ഒരു വ്യവസ്ഥയുണ്ട്. അതുസംബന്ധിച്ച് വ്യക്തമായ ഒരു ധാരണ ഇല്ലാത്തതിന്റെ ഭാഗമായായാണെന്ന് തോന്നുകയാണ്, ഈ റൂൾസ് വന്ന് മൂന്ന് മാസത്തിനകം ഡാറ്റാ ബാങ്ക് തയ്യാറാക്കണമെന്നാണ് അതിൽ നിർദ്ദേശിച്ചിരിക്കുന്നത്. അത് തയ്യാറാക്കേണ്ടത് ശാസ്ത്രീയ മാർഗ്ഗത്തിലൂടെ ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പക്ഷേശാസ്ത്രീയ മാർഗ്ഗം ഉപയോഗിച്ചുകൊണ്ടല്ല ഇപ്പോൾ ഭൂരിപക്ഷം ഡാറ്റാ ബാങ്കും തയ്യാറാക്കിയിട്ടുള്ളത്. എല്ലാ ഡാറ്റാ ബാങ്കും ഉദ്യോഗസ്ഥർ ഓഫീസിൽ ഇരുന്നുകൊണ്ട് തയ്യാറാക്കിയതാണെന്ന് നമുക്ക് കാണാൻ സാധിക്കും. അതിന്റേതായ എല്ലാ കുറവുകളും നിലവിലുള്ള ഡാറ്റാ ബാങ്കിലുണ്ട്. അതാണ് നേരത്തെ ഞാൻ ചൂണ്ടിക്കാണിച്ചത്. ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള ഡാറ്റാ ബാങ്കിന്റെ അടിസ്ഥാനത്തിൽ മാത്രമേ തീരുമാനം എടുക്കാൻ കഴിയൂ എന്നും അന്തിമമായ ഡാറ്റാ ബാങ്ക് വന്നാൽ മാത്രമേ മറ്റു നടപടികളുമായി മുന്നോട്ടുപോകാൻ കഴിയൂ എന്നുമുള്ള കാര്യം ഇപ്പോൾ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അത്തരമൊരു സാഹചര്യത്തിൽ ഇപ്പോഴുള്ള ഡാറ്റാ ബാങ്കിലെ കുറവുകൾ പരിഹരിക്കാൻ ആവശ്യമായ നടപടി തുടരേണ്ടതുണ്ട് എന്നാണ് പറയുവാനുള്ളത്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, എറണാകുളം, ആലപ്പുഴ ജില്ലകളുടെ പടിഞ്ഞാറൻ മേഖല പൊക്കാളി കൃഷി മേഖലയാണ്. ഭൂപരിഷ്കരണത്തിന്റെ ഭാഗമായാണ് അവിടെയുള്ള ഭൂമി ഇന്നുള്ള ഉടമകൾക്ക് ലഭിച്ചിട്ടുള്ളത്. നഗരവൽക്കരണത്തിന്റെ ഭാഗമായി ഏറ്റവും കൂടുതൽ പരിവർത്തനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന പ്രദേശമാണിത്. ഡാറ്റാ ബാങ്ക് ആ മേഖലയിൽ ആദ്യം നടപ്പിലാക്കപ്പെട്ടില്ലെങ്കിൽ അവിടെ ഇന്നുള്ള കയ്യേറ്റം കുറേക്കൂടി ശക്തമാകുകയും ശ്രീ. കെ. മുരളീധരൻ പറഞ്ഞതുപോലെ വേമ്പനാട്ട് കായലിന്റെയടക്കം നാശത്തിലേക്ക് ചെന്നെത്തുകയും ചെയ്യും. ഇക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയുവാനുള്ളത്?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടത് ആരാണെന്നതിനെ സംബന്ധിച്ച് നമുക്ക് വ്യക്തമായ ധാരണയുണ്ടാകും. അത് സർക്കാർ നേരിട്ട് തയ്യാറേക്കേണ്ടൊരു കാര്യമല്ല. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ

അതിൽ ആരൊക്കെയാണ് ഉൾപ്പെടേണ്ടതെന്ന് വളരെ കൃത്യമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റ് അല്ലെങ്കിൽ ചെയർമാൻ, കോർപ്പറേഷനാണെങ്കിൽ മേയർ, ആ സ്ഥലത്തുള്ള കൃഷി ഓഫീസർ, ബന്ധപ്പെട്ട പ്രദേശത്തെ വില്ലേജ് ഓഫീസർ ഉൾപ്പെടെയുള്ളവർ ഇക്കാര്യത്തിൽ ആവശ്യമായ ആലോചന നടത്തി ഇതിനുവേണ്ട പരിശോധന നടത്താനുള്ള തീരുമാനം എടുക്കണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പഞ്ചായത്ത് സെക്രട്ടറിക്ക് ഇതിന്റെ കരട്രൂപം സമർപ്പിച്ചുകഴിഞ്ഞാൽ പഞ്ചായത്ത് സെക്രട്ടറിയാണ് ഇതുമായി ബന്ധപ്പെട്ട ഗസറ്റ് വിജ്ഞാപനവും മറ്റു കാര്യങ്ങളും ചെയ്യേണ്ടത്. ഇത് സർക്കാർ നേരിട്ട് ഇവിടെ നിന്ന് നിർവ്വഹിക്കേണ്ട കാര്യമല്ല. ബന്ധപ്പെട്ട പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവ സ്വന്തം മേൽനോട്ടത്തിൽ നടത്തേണ്ട പ്രവർത്തനമാണിത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കൊച്ചി കോർപ്പറേഷനിൽ ആ കാര്യം വളരെ മുൻകൂട്ടി ചെയ്യേണ്ടതാണെങ്കിൽ തദ്ദേശഭരണ സ്ഥാപനമാണ് അതിന്റെ ഉത്തരവാദിത്തം നിർവ്വഹിക്കേണ്ടത്.

ശ്രീ. അടൂർ പ്രകാശ് : സർ, ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചതിലെ അപാകതകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചത് കുറേയൊക്കെ ശരിയാണ്. 670 വില്ലേജുകൾ ഇനി ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാനുണ്ട് എന്നാണ് അങ്ങിവിടെ മറുപടിയിൽ പറഞ്ഞത്. ആദ്യം പ്രസിദ്ധീകരിച്ചതും ഇനി പ്രസിദ്ധീകരിക്കാനുള്ളതുമായ ഡാറ്റാ ബാങ്കിനെ സംബന്ധിച്ച് ഒരു പുനഃപരിശോധന നടത്തി ഇപ്പോഴുള്ള അപാകതകൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ യഥാർത്ഥത്തിലുള്ള ചിത്രം ലഭ്യമാകുകയുള്ളൂ. ഇവിടെ 2008-ലാണ് ഈ നിയമം പാസ്സാകുന്നത്. ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ ഇവ റെഗുലറൈസ് ചെയ്യുന്നതിനുള്ള പ്രൊവിഷനുണ്ടായിരുന്നു. റെഗുലറൈസ് ചെയ്യുന്ന പ്രൊവിഷനിൽ പറഞ്ഞിരിക്കുന്ന 25 കോടി രൂപയുടെ അധിക വരുമാനം വരാൻ പോകുന്നു എന്നാണ് അദ്ദേഹം ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. ഡാറ്റാ ബാങ്കിന്റെ കാര്യം ഞാൻ ചോദിച്ചു. ആദ്യം പ്രസിദ്ധീകരിച്ചത് തെറ്റാണെന്ന് അങ്ങ് പറയുന്നു. 6 മാസത്തിനുള്ളിൽ ഇതെല്ലാം പൂർത്തീകരിക്കുമെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ ഏതാണ് ഞങ്ങൾ വിശ്വസിക്കേണ്ടതെന്ന് അങ്ങ് വ്യക്തമാക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ബഹുമാനപ്പെട്ട മുൻ റവന്യൂ വകുപ്പുമന്ത്രി ഉദ്ദേശിച്ചത് എന്താണെന്ന് എനിക്ക് കൃത്യമായും മനസ്സിലായില്ല. കഴിഞ്ഞ അഞ്ചു വർഷക്കാലം അങ്ങ് മന്ത്രിയായിരുന്നല്ലോ, ഈ അഞ്ചു വർഷക്കാലത്തിനകത്ത് അങ്ങേക്ക് മനസ്സിലാകാത്ത കാര്യമാണല്ലോ, ചുമതലയേറ്റെടുത്തിട്ട് അഞ്ച് മാസം മാത്രമായ എന്നോട് ഇപ്പോൾ ചോദിക്കുന്നത്. 570 പഞ്ചായത്തുകളിലെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണത്തിനു നൽകിയിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്. നേരത്തേ ഇത്തരമൊരു ആശയം മുന്നോട്ടുവച്ചിരുന്നു. അതുകൊണ്ട് ഇപ്പോൾ 3 (എ) വകുപ്പ് ശരിയാണെന്നാണ് അങ്ങ് പറയുന്നത്. അങ്ങനെയൊരു ആശയം മുന്നോട്ട്

വച്ചപ്പോൾ ആ ആശയത്തെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തുകയും 3 (എ) വകുപ്പ് അഥവാ ക്രമവൽക്കരണ നടപടി ശരിയല്ലായെന്ന് ബോധ്യപ്പെടുകയും ചെയ്തുകൊണ്ടാണ് അത് പിൻവലിക്കാൻ തീരുമാനിച്ചത്. അത് പിൻവലിക്കുമെന്നു തന്നെയാണ് അദ്ദേഹം ബഡ്ജറ്റിലൂടെ ഇവിടെ പറഞ്ഞത്. നിയമപരമായി ബിൽ അവതരിപ്പിച്ച് അത് പിൻവലിക്കുന്നതിനുവേണ്ടിയുള്ള നടപടിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. നിങ്ങൾ ഭരണത്തിലിരിക്കുമ്പോൾ കൊണ്ടുവന്ന 3 (എ) വകുപ്പാണ് പിൻവലിക്കാൻ പോകുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ബഹുമാനപ്പെട്ട മുൻ റവന്യൂ വകുപ്പുമന്ത്രി ഈ സഭയെ തെറ്റിദ്ധരിപ്പിക്കരുത്. നിങ്ങളുടെ കണക്കു പ്രകാരം മുന്നൂറ്റി ചില്വാനം പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പൂർണ്ണമായും പ്രസിദ്ധീകരിക്കുകയും 590 ഓളം പഞ്ചായത്തുകളിൽ ഇതിന്റെ കരട് പ്രസിദ്ധീകരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ആറു മാസംകൊണ്ട് ഇത് പൂർത്തീകരിക്കാൻ കഴിയുമെന്ന് ഈ ബഡ്ജറ്റ് സമ്മേളനത്തിൽ ഞങ്ങൾ പ്രഖ്യാപിച്ചത്. പക്ഷേ വിദഗ്ദ്ധരുടെ യോഗം വിളിച്ചപ്പോൾ, ഡാറ്റാ ബാങ്കിൽ അപാകത കണ്ടെത്തിയതിനെ തുടർന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ ഒരു കൊല്ലം കൊണ്ട് ഡാറ്റാ ബാങ്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രഖ്യാപിച്ചത്. ഒരു കൊല്ലംകൊണ്ട് ഡാറ്റാ ബാങ്ക് പൂർത്തീകരിക്കണമെങ്കിൽ നിലവിലുള്ള അപാകതകൾ പരിഹരിച്ചുകൊണ്ട് സാറ്റലൈറ്റ് സംവിധാനത്തിലൂടെ ഇതിന്റെ ഡാറ്റാ കൃത്യമായി കളക്റ്റ് ചെയ്യണം; എവിടെയാണ് തെറ്റുപറ്റിയതെന്ന് കണ്ടെത്തണം. 2008-ന് മുൻപത്തെ ചിത്രങ്ങളും 2008-ന് ശേഷമുള്ള ചിത്രങ്ങളും നമുക്ക് ലഭ്യമാണ്. അതിനാവശ്യമായ ഏജൻസികളെവച്ച്, ശാസ്ത്ര സാങ്കേതിക വിദ്യ ഉപയോഗിച്ച് അതിന്റെ മാപ്പിംഗ് നടത്താനാണ് ഉദ്ദേശിക്കുന്നത്. ആ രീതിയിൽ വരുമ്പോൾ ഇതിന്റെ അപാകതകൾ പരിഹരിക്കാൻ കഴിയും. കഴിഞ്ഞ സർക്കാരിന്റെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചതിനുശേഷമാണ് റെഗുലറൈസ് ചെയ്യാൻ അന്നത്തെ സർക്കാർ ഉദ്ദേശിച്ചത്. നിങ്ങൾ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനു മുൻപുതന്നെ 3 (എ) വകുപ്പ് കൊണ്ടുവന്ന് റെഗുലറൈസ് ചെയ്യാൻ തീരുമാനിച്ചപ്പോഴാണ് ഒരുപാട് ആളുകൾക്ക് നിലം നികത്താൻ അവസരം ലഭിച്ചത്. അത് രണ്ടും രണ്ടാണ്. ഇത് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടുകൊണ്ടാണ് 3 (എ) വകുപ്പ് പിൻവലിക്കാൻ തീരുമാനിക്കുന്നത്. ഞങ്ങൾ ഒരു കൊല്ലം കൊണ്ടുതന്നെ ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ വേണ്ടി ശക്തമായ നടപടികളുമായി മുന്നോട്ട് പോകുകയാണ്, സഭയെ തെറ്റിദ്ധരിപ്പിക്കാൻ നോക്കരുത്.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, ഇവിടെ 3 (എ) വകുപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ് ചോദിച്ചുകൊണ്ടിരിക്കുന്നത്. 3 (എ) വകുപ്പ് അനുസരിച്ച് എത്ര ഹെക്ടർ ഭൂമിയാണ് ക്രമവൽക്കരിച്ച് നൽകിയതെന്ന് വ്യക്തമാക്കാൻ കഴിയുമോ; ഏറ്റവും കൂടുതൽ ഹെക്ടർ ഭൂമി ക്രമവൽക്കരിച്ച് നൽകിയത് ഏത് ജില്ലയിലാണ്;

എത്രമാത്രം? അതുപോലെതന്നെ റീ-സർവ്വേയുമായി ബന്ധപ്പെട്ട് ഇപ്പോൾ നിരവധി പ്രശ്നങ്ങളുണ്ട്. വർഷങ്ങളായി കൈവശമിരിക്കുന്ന ഭൂമി റീസർവ്വേക്കുശേഷം കരമടച്ചുകൊണ്ടിരുന്നവർക്കുപോലും കരമടയ്ക്കാൻ കഴിയാത്ത നിലയിൽ പുറംപോക്കായി രേഖകളിൽ കാണിച്ചിട്ടുണ്ട്. ഈ വിഷയംകൂടി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, 3 (എ) വകുപ്പ് അനുസരിച്ച് റഗുലറൈസേഷനു വേണ്ടിയുള്ള 93088 അപേക്ഷകൾ ലഭിച്ചതിൽ, 56 അപേക്ഷകളിലാണ് ക്രമവൽക്കരണ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. അതിൽ ഏറ്റവും കൂടുതൽ കണ്ണൂർ ജില്ലയിലാണ്. രണ്ടെണ്ണം എറണാകുളം ജില്ലയിലാണ്. ക്രമവൽക്കരണ നടപടികൾക്ക് തുടക്കം കുറിച്ചെങ്കിലും അത് പൂർത്തീകരിച്ചിട്ടില്ല, പാതിവഴിയിൽ നിൽക്കുകയാണ്. ബഹുമാന്യനായ മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച വീടു നിർമ്മിക്കുന്നവരുടെ വിഷയങ്ങൾ ഈ പറയുന്ന നടപടിയുമായി ബന്ധപ്പെട്ടതല്ല. 3 (എ) വകുപ്പ് പിൻവലിക്കുന്നതിലൂടെ ആർ.ഡി.ഒ., ജില്ലാകളക്ടർ ഉൾപ്പെടെയുള്ളവർക്ക് നിലവിലുള്ള നിയമത്തിന്റെയും കെ.എൽ. ഓർഡറിന്റെയും അടിസ്ഥാനത്തിൽ കരഭൂമി തീരെയില്ലാത്തവർക്ക് 5 സെന്റ് ഭൂമിയിൽ വീടു വച്ചു നൽകുന്നതിനുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *422

### സ്വകാര്യ ബസുകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് നടപടി

2(*422) ശ്രീമതി സി. കെ. ആശ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ബസുകളിൽ കയറുന്ന വിദ്യാർത്ഥികളെ അധിക്ഷേപിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികൾക്ക് ബസിൽ സീറ്റ് അനുവദിക്കാതിരിക്കുക, ബസ് പുറപ്പെടുന്നതുവരെ വെയിലത്ത് നിർത്തുക, വിദ്യാർത്ഥികൾ കൂടുതലുള്ള സ്റ്റോപ്പുകളിൽ ബസ് നിർത്താതിരിക്കുക തുടങ്ങിയ പ്രവണതകൾ തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്വകാര്യ ബസുകളിൽ സ്ത്രീകൾ, വൃദ്ധജനങ്ങൾ, അംഗപരിമിതർ എന്നിവർക്ക് അനുവദിച്ചിട്ടുള്ള സീറ്റുകൾ അവർക്ക് ലഭ്യമാകുന്നോയെന്ന് പരിശോധിക്കുന്നതിന് സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ ആയത് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ,

(എ&ബി) ഉണ്ട്. വിദ്യാർത്ഥികളിൽനിന്നും അദ്ധ്യാപകരിൽനിന്നും രക്ഷകർത്താക്കളിൽനിന്നും പൊതു സമൂഹത്തിൽനിന്നും ഇത്തരത്തിലുള്ള പരാതികൾ ലഭിക്കുമ്പോൾ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാൻ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവായ പരാതികളിന്മേൽ ബസ് ഉടമസ്ഥർക്കെതിരെയും ബസ് ജീവനക്കാർക്കെതിരെയും നടപടി സ്വീകരിച്ചുവരുന്നു.

വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി എല്ലാ ജില്ലകളിലും ജില്ലാതല സ്റ്റുഡന്റ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥി പ്രതിനിധികളും വാഹന ഉടമകളും ഉദ്യോഗസ്ഥരും അടങ്ങുന്നതാണ് ഈ കമ്മിറ്റി. കമ്മിറ്റി അതാത് ജില്ലകളിലെ സാഹചര്യങ്ങൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ തിരക്കേറിയ സമയങ്ങളിൽ വിദ്യാർത്ഥികളുടെ യാത്രാസുരക്ഷയ്ക്കായി പോലീസ്, ഹോം ഗാർഡ് എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തി കഴിയാവുന്ന എല്ലാ സഹായങ്ങളും ചെയ്തു വരുന്നുണ്ട്.

(സി) സ്വകാര്യ ബസുകളിൽ സ്ത്രീകൾ, വൃദ്ധജനങ്ങൾ, അംഗപരിമിതർ എന്നിവർക്കായി നിയമാനുസൃതം സംവരണം ചെയ്തിട്ടുള്ള സീറ്റുകളെക്കുറിച്ചുള്ള വിവരങ്ങൾ ഓരോ ബസിലും പ്രദർശിപ്പിക്കാറുണ്ട്. കൂടാതെ 10-4-2013-ലെ സ.ഉ.(പി)32/2013/ഗതാ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം സ്ത്രീകൾ, വികലാംഗർ, മുതിർന്ന പൗരന്മാർ എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ അവർ ആവശ്യപ്പെടുമ്പോൾ ഒഴിഞ്ഞുകൊടുക്കാതെ മറ്റ് യാത്രക്കാർ യാത്രചെയ്യുന്നത് 1988-ലെ മോട്ടോർ വാഹന നിയമം 177-ാം വകുപ്പുപ്രകാരം 100 രൂപ പിഴയീടാക്കാവുന്ന കുറ്റമാണെന്ന് എല്ലാ സ്റ്റേജ് ക്യാരേജുകളുടെയും ഉൾവശത്ത് എല്ലാപേർക്കും വ്യക്തമായി കാണത്തക്കവിധം എഴുതി പ്രദർശിപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച പരാതികളിന്മേൽ മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിക്കാറുണ്ട്. ഇതിന്റെ ഭാഗമായി 29-7-2016-ന് ഒറ്റ ദിവസം സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധന നടത്തുകയും ഇത്തരം നിയമ ലംഘനങ്ങൾ നടത്തിയ 247 ബസുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വകാര്യ ബസുകളിൽ സ്ത്രീകൾക്കും വൃദ്ധജനങ്ങൾക്കും അംഗപരിമിതർക്കും അനുവദിച്ചിട്ടുള്ള സീറ്റുകൾ അവർക്കുതന്നെ ലഭ്യമാക്കുന്നതിന് പോലീസ് വകുപ്പിന്റെ സഹായത്തോടുകൂടിയ നടപടികളും സ്വീകരിച്ചുവരുന്നു.

ശ്രീമതി സി. കെ. ആശ : സർ, സ്വകാര്യ സ്ഥാപനങ്ങൾക്കും സ്വകാര്യ സ്കൂളുകൾക്കും നിലവിൽ ട്രാൻസ്പോർട്ടേഷൻ സൗകര്യമുണ്ട്. നമ്മുടെ സ്വകാര്യ ബസുകളിലും സർക്കാർ ബസുകളിലും ഉൾപ്പെടെയുള്ള പൊതുസംവിധാനം ഉപയോഗിക്കുന്നത് സമൂഹത്തിലെ സാധാരണക്കാരായ ജനസമൂഹമാണ്. തിരക്കുള്ള സമയങ്ങളിൽ സ്ത്രീകൾ ആയതുകൊണ്ടുതന്നെ യാത്രാക്ലേശം, ശാരീരികമായ ബുദ്ധിമുട്ടുകൾ, ആക്രമണങ്ങൾ എന്നിവ ഉണ്ടാകുന്നതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ രാവിലെയും വൈകുന്നേരവും തിരക്കുള്ള സമയങ്ങളിൽ ലേഡീസ് ഒൺലി ബസ് ഏർപ്പെടുത്തുന്നതിനുള്ള സാഹചര്യം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഇത് നടപ്പിലാക്കുന്നതിന് ശ്രമിക്കുമോ ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഇപ്പോൾ കേരളത്തിൽ ലേഡീസ് ഒൺലി സർവ്വീസുകൾ എവിടെയും ഏർപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരം പ്രത്യേക സംവിധാനങ്ങളെക്കുറിച്ച് വന്ന നിർദ്ദേശം എത്രമാത്രം പ്രായോഗികമാണെന്ന് പരിശോധിക്കുന്നതിൽ സർക്കാരിന് സന്തോഷമേയുള്ളൂ.

ശ്രീമതി സി. കെ. ആശ : സർ, നഗരത്തിൽ ഓടുന്ന പെർമിറ്റുള്ള സ്വകാര്യ ബസുകളിൽ ഭൂരിഭാഗവും ദിവസ വ്യവസ്ഥയിലോ മാസ വ്യവസ്ഥയിലോ വാടകയ്ക്കെടുത്തവയാണ്. വാടകത്തുക ഈടാക്കാൻ പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടാണ് ഇവ ഓട്ടം നടത്തുന്നത്. നിശ്ചിത കാലയളവിനുള്ളിൽ പരമാവധി വരുമാനമുണ്ടാക്കുകയാണ് ഇവരുടെ ലക്ഷ്യം. ഈ മരണപ്പാച്ചിലിനിടയിലാണ് കൂടുതൽ അപകടങ്ങളും ഉണ്ടാകുന്നത്. കൂടാതെ യാത്രക്കാർ കുറഞ്ഞ റൂട്ടുകളിലെ സർവ്വീസുകൾ ഒഴിവാക്കുന്നുമുണ്ട്. ഇതിനെതിരെ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, റോഡിൽ വാഹനങ്ങളുടെ തിരക്കുണ്ടാകുന്ന രാവിലത്തെയും വൈകുന്നേരത്തെയും സമയത്തെയാണ് പീക്ക് അവർ എന്ന് പറയുന്നത്. ആ സമയത്ത് ധാരാളം ബസുകൾ ഓടുന്നതുമൂലം അപകടങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അവർ ട്രിപ്പുകൾ മുടക്കുന്നുമുണ്ട്. ഇത് പരിഹരിക്കപ്പെടേണ്ട വിഷയമാണ്. അത് എങ്ങനെയാണ് പരിഹരിക്കാൻ കഴിയുകയെന്ന് ആലോചിക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ : സർ, കേരളം ഇന്ന് നേരിടുന്ന ഗുരുതരമായ പ്രശ്നം ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിധിയാണ്. ആ വിധിപ്രകാരം പത്തുവർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ നിരത്തിലിറക്കാൻ പാടില്ല. അത് നടപ്പിൽവരുമ്പോൾ

3,791 ഓർഡിനറി ബസുകളുള്ള കെ.എസ്.ആർ.ടി.സി.-ക്ക് 2,700 ബസുകൾ റോഡിലിറക്കാൻ കഴിയാതെവരും. മാത്രമല്ല, സ്വകാര്യ വാഹനങ്ങൾ, ഓട്ടോറിക്ഷകൾ എന്നിവയെല്ലാം പത്തുകൊല്ലം കഴിഞ്ഞാൽ കണ്ടം ചെയ്യണമെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. അതിന്റെ ഫലമായി അപകടങ്ങൾ കുറയും; പക്ഷേ യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ബദൽ സംവിധാനം കൂടിയുണ്ടാകണം. സ്വകാര്യ ബസുടമകളാണ് ഇതിന്റെ ഏറ്റവും വലിയ ഇരകളാകുന്നത്. അവർക്കുവേണ്ടി നിയമം ഭേദഗതി ചെയ്യാനോ ട്രൈബ്യൂണലിന്റെ വിധി നടപ്പിലാക്കാതിരിക്കാനോ ഉള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകരുത്. ട്രൈബ്യൂണൽ വിധി നടപ്പിലാക്കിക്കൊണ്ട് റോഡപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണങ്ങളും ഒഴിവാക്കി ഗതാഗതം വളരെ കംഫർട്ട് ആക്കുന്നതിന് പബ്ലിക് സെക്ടറെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യിൽ മാതൃകാപരമായ നടപടികൾ സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, ബഹുമാനപ്പെട്ട അംഗം വളരെ വിശാലമായ ഒരു വിഷയമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഹരിത ട്രൈബ്യൂണൽ വിധിയുമായി ബന്ധപ്പെട്ടാണ് ചോദ്യങ്ങൾ ഉന്നയിച്ചത്. ഹരിത ട്രൈബ്യൂണൽ വിധി നടപ്പിലാക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പൊതുസർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി.-യിലെയും സ്വകാര്യ മേഖലയിലെയും 6,000 ബസുകൾ ഒറ്റയടിക്ക് പിൻവലിക്കേണ്ടിവരും. അതുപോലെതന്നെ ഓട്ടോറിക്ഷ, ടാക്സി തുടങ്ങി മറ്റ് വാഹനങ്ങളും പിൻവലിക്കേണ്ടിവരും. പത്തുവർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ ഓടിക്കാൻ പാടില്ലായെന്നാണ് വിധിയിൽ പറയുന്നത്. അങ്ങനെ പിൻവലിക്കുകയെന്ന നിലപാടിനോട് പലവട്ടം വ്യക്തമാക്കപ്പെട്ടിട്ടുള്ളതുപോലെ സർക്കാരിന് വിയോജിപ്പല്ല; എന്നാൽ അങ്ങനെ ഒറ്റയടിക്ക് പിൻവലിക്കേണ്ടി വരുമ്പോൾ ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിന് നമുക്ക് പരിമിതികളുണ്ട്. ഒറ്റയടിക്ക് അത്രയും വാഹനങ്ങൾ പിൻവലിക്കാൻ ശ്രമിച്ചാൽ യാത്രക്കാരാണ് ബുദ്ധിമുട്ടുന്നത്. അതുകൊണ്ട് പടിപടിയായി ഈ മേഖലയിൽ സുഗമമായ യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഡീസൽ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന മലിനീകരണം തടയുന്നതിനും പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിച്ചു കൊണ്ടുമുള്ള ശാസ്ത്രീയമായ നടപടികളാണ് സ്വീകരിക്കേണ്ടത്. അത്തരം നടപടികൾ സ്വീകരിച്ചുകൊണ്ട് സുഗമമായ യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ തീർച്ചയായും ചെയ്യുന്നതാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u> : സർ, കേരളത്തിലെ എൺപത്തിയഞ്ച് ശതമാനത്തോളം ആളുകൾ ആശ്രയിക്കുന്നത് സ്വകാര്യ ബസുകളെയാണ്. ഇപ്പോൾ പതിനഞ്ച് ശതമാനത്തിൽ താഴെ ആൾക്കാർ മാത്രമേ കെ.എസ്.ആർ.ടി.സി.-യെ അശ്രയിക്കുന്നുള്ളൂ എന്നാണ് കണക്ക്. പെർമിറ്റുമായി ബന്ധപ്പെട്ടും ഡോറില്ലാത്ത ബസുകളിൽ യാത്രക്കാരെ കുത്തിനിറച്ച് കൊണ്ടു പോകുന്നതുമായി ബന്ധപ്പെട്ടും നിരവധി അപകടങ്ങൾ ഉണ്ടാകാറുണ്ട്. അതുപോലെ അന്തർസംസ്ഥാന മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ വാഹനങ്ങൾ ക്രമാതീതമായ ടിക്കറ്റ് നിരക്കാണ് യാത്രക്കാരിൽനിന്നും ഈടാക്കുന്നത്. റെയിൽവേ സൗകര്യങ്ങളും വിമാന സൗകര്യങ്ങളും ഇല്ലാത്ത മേഖലകളെ കേന്ദ്രീകരിച്ച് നടത്തുന്ന ദീർഘദൂര സർവ്വീസുകളുമുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് അതിൽ ഇടപെട്ടുപോകാൻ കഴിയുന്നില്ല. സാധാരണ നിരക്കിനെക്കാൾ 600 മുതൽ 800 രൂപ വരെയാണ് കൂടുതലായി യാത്രക്കാരിൽ നിന്നും വാങ്ങുന്നത്. ഇക്കാര്യത്തിൽ സ്വകാര്യ ടൂർ ഓപ്പറേറ്റർ മാരുടെയും പിന്തുണയുണ്ട്. അത്തരത്തിലുള്ള നിരവധി സംഭവങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അതുപോലെ ഇവിടത്തെ സർക്കാർ സംവിധാനങ്ങളും ഫലപ്രദമായി പ്രവർത്തിപ്പിക്കേണ്ടതായിട്ടുണ്ട്. ജില്ലകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജില്ലാതല സമിതിയെ സംബന്ധിച്ചും ബസ് യാത്രക്കാരായ സ്ത്രീകളുടെയും വികലാംഗരുടെയും സൗകര്യങ്ങളെക്കുറിച്ചും പറയുന്നുണ്ട്. എത്ര ശതമാനം ബസുകളിൽ ഇതെല്ലാം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് പരിശോധിക്കാനുള്ള സംവിധാനം ഫലപ്രദമല്ല. ഇത്തരം കുറ്റകൃത്യങ്ങൾ നേരിടാനായി ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ 'വാഹൻ സാരഥി' എന്ന സംവിധാനത്തെ കുറിച്ചും ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഏതൊക്കെ ജില്ലകളിൽ ഈ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്; അത് നടപ്പിലാക്കാൻവേണ്ടി എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്; ഏതെങ്കിലും ജില്ലകളെ പൈലറ്റായി ഏറ്റെടുത്തുകൊണ്ട് ഈ സംവിധാനം പൂർത്തിയാക്കിയിട്ടുണ്ടോ; നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ സർക്കാർ കൂടുതൽ ജാഗ്രത പുലർത്തുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, ഒന്നിലധികം ചോദ്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചിട്ടുള്ളത്. ഏറ്റവും ഒടുവിൽ ഉന്നയിച്ച ചോദ്യത്തിനുള്ള മറുപടി പറയാം. വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധിക്കാനും വേഗത ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനുമുള്ള സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുമോയെന്നാണ് അവസാനം ചോദിച്ചത്. കെ.എസ്.ആർ.ടി.സി.-യിലെ എഴുന്നൂറോളം ബസുകളിൽ ഇപ്പോൾ ജി.പി.എസ്. സംവിധാനം പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. പടിപടിയായി കെ.എസ്.ആർ.ടി.സി.-യിൽ

പ്രസ്തുത സംവിധാനം നടപ്പിലാക്കി അതിന്റെ ഗുണഫലങ്ങൾകൂടി വിലയിരുത്തിയതിനുശേഷം സ്വകാര്യ മേഖലയിൽ ഓടുന്ന ബസുടമകളോടും അത്തരം നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടും. മറ്റൊരു കാര്യം, അന്തർസംസ്ഥാന റൂട്ടുകളിൽ ഓടുന്ന സ്വകാര്യ ബസുകളെ സംബന്ധിച്ചാണ് അദ്ദേഹം ചോദ്യം ഉന്നയിച്ചത്. കർണാടകത്തിൽ നിന്നും കേരളത്തിലെ വിവിധ ജില്ലകളിലേക്ക് 64-ഓളം അന്തർസംസ്ഥാന സർവ്വീസുകളാണ് കോൺട്രാക്ട് ക്യാരേജ് അടിസ്ഥാനത്തിൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെപ്പറ്റി ഓണം, നവരാത്രി എന്നീ ഉത്സവ സീസണുകളിൽ വലിയ ആക്ഷേപങ്ങളാണുണ്ടായത്. അങ്ങനെ ആക്ഷേപമുണ്ടായ സാഹചര്യത്തിൽ അതിനെപ്പറ്റി പഠിക്കാൻ ശ്രമിച്ചപ്പോൾ എട്ട് ബസുടമസ്ഥർ മാത്രമാണ് അമിത ചാർജ് ഈടാക്കിയതെന്നാണ് മനസ്സിലായിട്ടുള്ളത്. അവരേയും കർശനമായി വിലക്കിക്കൊണ്ട് സാധാരണ യാത്രക്കാർക്ക് പ്രയാസമുണ്ടാക്കുന്ന കൊള്ളലാഭം എടുക്കരുതെന്ന നിലയിലുള്ള ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അത് വിജയിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ഏതായാലും യാത്രക്കാരെ ചൂഷണം ചെയ്യുന്ന, കൊള്ള ലാഭമെടുക്കുന്ന സ്വകാര്യ കോൺട്രാക്ട് ക്യാരേജ് ഉടമകൾക്കെതിരെ സർക്കാർ കർശന നിലപാട് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ കാലത്താണ് കേന്ദ്ര മോട്ടോർ വെഹിക്കിൾ ആക്ടിൽ മാറ്റം വരുത്തിയത്. അതിനെത്തുടർന്ന് നമ്മുടെ നാട്ടിലെ സ്വകാര്യ വാഹന ഉടമകളാണ് ഏത് റൂട്ടിലൂടെ ബസ് ഓടിക്കണമെന്ന് തീരുമാനിക്കുന്നത്. അതിനുമുമ്പ് ആർ.ടി.എ. ബോർഡാണ് ഓരോ റൂട്ടിലേക്കും ബസ് ഓടിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചിരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ ലാഭമുള്ള പ്രധാന റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിനാണ് സ്വകാര്യ ബസുടമകൾ അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങുന്നത്. ഉദാഹരണത്തിന് മലബാർ മേഖലയുമായി ബന്ധപ്പെട്ട് കണ്ണൂർ-കോഴിക്കോട് അല്ലെങ്കിൽ കണ്ണൂർ-തലശ്ശേരി തുടങ്ങിയ റൂട്ടുകളിലേക്കാണ് സർവ്വീസ് പോകുന്നത്. ഇന്ന് മദമിളകിയ ആന ഓടുന്നതുപോലെയാണ് റോഡിലൂടെ വാഹനങ്ങൾ ഓടുന്നത്. കാൽനടയാത്രക്കാർക്കും ഇരുചക്ര-ചെറുകിട വാഹനങ്ങൾക്കും റോഡിലൂടെ സഞ്ചരിക്കാൻ കഴിയാത്തത്ര വേഗതയിലാണ് ഓടുന്നത്. ആ വേഗതയ്ക്ക് ഒരു നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും അതിലെ ജീവനക്കാർക്ക് വിശ്രമിക്കാനുള്ള അവസരം നൽകിക്കൊണ്ടുമുള്ള സമയം ക്രമീകരിക്കുന്ന നിലപാടിലേക്ക് അടിയന്തരമായി സർക്കാർ പോകേണ്ടതുണ്ട്. അതിനുള്ള നടപടി എത്രയുംവേഗം സ്വീകരിക്കുമോയെന്നാണ് എന്റെ ചോദ്യം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, കെ.എസ്.ആർ.ടി.സി. നഷ്ടം സഹിച്ച് ഓടുന്നതുപോലെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ബസുടമകൾ ഒരിക്കലും ഓടാൻ തയ്യാറാകുകയില്ല. അതുകൊണ്ടുതന്നെ ലാഭകരമായി സർവ്വീസ് നടത്താൻ സാധിക്കുന്ന റൂട്ടുകളിലാണ് അവർക്ക് കൂടുതൽ താൽപ്പര്യം. അമിത വേഗത്തിൽ അശ്രദ്ധയോടുകൂടി വാഹനം ഓടിക്കുന്നത് നിയന്ത്രിക്കുന്നതിനാണ് Speed Governor എന്ന സംവിധാനം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശമനുസരിച്ച് ഘടിപ്പിച്ചത്. എന്നാൽ കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളികളുൾപ്പെടെയുള്ളവർ അതിനെതിരെ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച് രണ്ടുമൂന്ന് യോഗങ്ങൾ നടത്തിയെങ്കിലും ഇതിനെതിരായി ശക്തമായ നിലപാടാണ് തൊഴിലാളികൾ സ്വീകരിച്ചത്. കേരളംപോലുള്ള സംസ്ഥാനത്ത് റോഡിന്റെ സൗകര്യം പരിമിതമായതിനാൽ നിശ്ചയിച്ച സമയത്തിനുള്ളിൽ ബസുകൾക്ക് ഓടിയെത്താൻ സാധിക്കുന്നില്ല. മാത്രമല്ല, Speed Governor ഘടിപ്പിക്കുന്നതു കൊണ്ട് മലയോര മേഖലകളിൽ ഓടുന്ന ബസുകൾക്ക് ചില ഘട്ടങ്ങളിൽ മുകളിലേക്ക് പോകാൻ സാധിക്കാത്ത അവസ്ഥയുണ്ടാകുന്നുണ്ട്. ഇത് അപ്രായോഗികമായ നിർദ്ദേശമാണെന്നാണ് മോട്ടോർ വാഹന മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളും തൊഴിലാളി സംഘടനകളും സൂചിപ്പിച്ചത്. എന്നാൽ ഇത്തരത്തിൽ നിയമം ലംഘിച്ചുകൊണ്ട് ആളുകളെ കൊല്ലുന്നതിനുള്ള ലൈസൻസ് ഡ്രൈവർമാർക്കും ഉടമസ്ഥർക്കും നൽകുന്നതിനോട് യോജിക്കാൻ സാധിക്കില്ല. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി ഇത്തരം ലംഘനങ്ങൾ വ്യാപകമായി നടത്തുന്നുണ്ടെന്നും അപകടങ്ങൾ വർദ്ധിക്കുന്നുണ്ടെന്നും മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇക്കഴിഞ്ഞ 29-ാം തീയതി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും മിന്നൽ പരിശോധന നടത്തിയത്. ആ ഒറ്റ ദിവസം കൊണ്ടുതന്നെ 247 ബസുടമകൾക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. ബസുകളുടെ മത്സരയോട്ടം പരമാവധി അവസാനിപ്പിക്കുന്നതിനും സ്പീഡ് നിയന്ത്രിക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്ന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട അംഗങ്ങൾ ഉപചോദ്യങ്ങൾ ചോദിക്കുമ്പോൾ വളരെ ചുരുക്കി ചോദിക്കുകയും വകുപ്പുമന്ത്രിമാർ ചുരുക്കി ഉത്തരം നൽകുകയും ചെയ്താൽ കൂടുതൽ അംഗങ്ങൾക്ക് അവസരം ലഭിക്കും.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ബസ് ഡ്രൈവർമാരിൽ കുറച്ചുപേർ മാന്യമായി ഡ്രൈവ് ചെയ്യുന്നവരാണ്. എന്നാൽ മഹാഭൂരിപക്ഷം ഡ്രൈവർമാരും അമിത വേഗതയിലാണ് വാഹനം ഓടിക്കുന്നത്. മുന്നിൽപ്പോകുന്ന വാഹനത്തെ എങ്ങനെ

മറികടക്കാമെന്നും പിന്നാലെ വരുന്ന വാഹനത്തെ എങ്ങനെ കടത്തിവിടാതിരിക്കാമെന്നുമുള്ള ഗവേഷണംകൂടി വാഹനം ഓടിക്കുന്നതിനിടയിൽ നടക്കുകയാണ്. ബസുടമകളും ഇതിനുത്തരവാദികളാണ്. കാരണം വേഗത്തിൽ വാഹനം ഓടിച്ച് കൂടുതൽ കളക്ഷൻ നേടാൻ സാധിച്ചില്ലെങ്കിൽ ആ ഡ്രൈവർക്ക് ആവശ്യമായ പരിഗണന നൽകുകയില്ല. അതിനാൽ മരണക്കിണറിൽ മോട്ടോർ ബൈക്ക് ഓടിക്കുന്നവരെ പോലെയാണ് ബസ് ഓടിക്കുന്നത്. എന്റെ മണ്ഡലത്തിൽ ഇന്നലെ ഒരു കുട്ടിയെ ബസ് ഇടിച്ചുതെറിപ്പിച്ചു. ഇവിടെ ടൈം ഷെഡ്യൂൾ ഒരു പ്രധാന വിഷയമാണ്. ബസ് ഉടമയും കുറ്റവാളിയായ ബസ് ഡ്രൈവർക്കുമെതിരെ കർശന നടപടിയും അതോടൊപ്പം എല്ലാ ജില്ലകളിലും നന്നായി വണ്ടി ഓടിക്കുന്ന ഡ്രൈവർമാരെ ആദരിക്കാനുള്ള നടപടിയും സ്വീകരിക്കുന്നതിലൂടെ മാതൃകാപരമായി വണ്ടി ഓടിക്കാനുള്ള പ്രോത്സാഹനം നൽകുന്നതിന് സർക്കാർ തയ്യാറാകുമോ ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, പ്രസ്തുത വിഷയം വസ്തുതാപരമാണ്. മാതൃകാപരമായി വാഹനം ഓടിക്കുന്ന ജീവനക്കാരെയും വാഹന ഉടമകളെയും അഭിനന്ദിക്കുന്നതിലൂടെ ഇത്തരം അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രേരണയുണ്ടാകും. ഇക്കാര്യം സർക്കാർ ആലോചിക്കാം. ബസ് ഉടമസ്ഥ സംഘത്തിന്റെ ഭാരവാഹികൾ ഇക്കാര്യത്തിൽ മുൻകയ്യെടുത്തില്ലെങ്കിൽ, വകുപ്പ് കർശന നിലപാട് സ്വീകരിക്കുമെന്ന മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഈ ശ്രമം ഇനിയും തുടരുന്നതാണ്.

ശ്രീ. സി. കൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്തെ 80-85 ശതമാനം ആളുകളും സ്വകാര്യ ബസുകളെയാണ് യാത്രയ്ക്കായി ആശ്രയിക്കുന്നത്. സ്വകാര്യ ബസുകൾ കൂടുതൽ പെർമിറ്റുള്ള റൂട്ടുകളിൽ മത്സരയോട്ടം നടത്തുന്നതിന്റെ ഫലമായി സ്റ്റോപ്പുകളിൽ ബസ് നിർത്താറില്ല. ഇത് പതിവായി കണ്ടുവരുന്ന കാഴ്ചയാണ്. അതുപോലെതന്നെ പെർമിറ്റില്ലാത്ത റോഡുകളിലൂടെ റൂട്ട് മാറി ഓടിക്കുന്നുമുണ്ട്. യാതൊരു മുന്നറിയിപ്പുമില്ലാതെ സ്വകാര്യ ബസുകൾ ട്രിപ്പ് കട്ട് ചെയ്യുന്നതിന്റെ ഫലമായി സാധാരണ ജനങ്ങൾ നേരിടുന്ന യാത്രാക്ലേശം വിവരിക്കാൻ സാധിക്കുകയില്ല. ഇത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി -സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, പെർമിറ്റ് ലഭിക്കുമ്പോഴുള്ള നിബന്ധനകൾ ലംഘിച്ചുകൊണ്ട് വാഹനയുടമയും ഡ്രൈവറും നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഇത് കർശനമായി നിയന്ത്രിക്കേണ്ടതുണ്ട്. ആയതിനാൽ അതിനുതകുന്ന വിധത്തിൽ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ് : സർ, കേരളത്തിലെ ബസ് ഗ്യാരേജുകൾ വളരെ ശോചനീയാവസ്ഥയിലാണ്. യാതൊരു അടിസ്ഥാന സൗകര്യവും അവിടെയില്ല. എന്റെ നിയോജക മണ്ഡലത്തിലെ പൂവാർ ബസ് ഗ്യാരേജിൽ ബസുകൾ സ്റ്റാൻഡിൽ പാർക്ക് ചെയ്ത ശേഷം ഡ്രൈവർമാർ ഇറങ്ങി ഓടുകയാണ്. പാമ്പുകടി ഭയന്നാണ് അവർ ഓടുന്നത്. ഇരുട്ടിന്റെ ശക്തി അറിയണമെങ്കിൽ ഈ

ഗ്യാരേജുകൾ സന്ദർശിക്കണം. യാതൊരുവിധത്തിലുള്ള ലൈറ്റ് സംവിധാനമോ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻ വൃത്തിയുള്ള ടോയ്ലെറ്റുകളോ അവിടെയില്ല. വിഴിഞ്ഞം ഗ്യാരേജിൽ ജീവനക്കാർ വിശ്രമിക്കുന്ന കെട്ടിടം എപ്പോൾ വേണമെങ്കിലും നിലംപൊത്തുമെന്ന അവസ്ഥയിലാണ്. ആയതിനാൽ ഈ കെട്ടിടം നവീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? അവിടെ മനുഷ്യാവകാശ കമ്മീഷൻ വരികയാണെങ്കിൽ നമുക്കെതിരെ കേസെടുക്കും. ഈ ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ? അതുപോലെതന്നെ ഈ മണ്ഡലത്തിൽ പുതുതായി ഒരു ബസും അനുവദിക്കുന്നില്ല. അതെല്ലാം ഭരണകക്ഷി മെമ്പർമാരുടെ നിയോജക മണ്ഡലത്തിലേക്കാണ് പോകുന്നത്. ഇക്കാര്യങ്ങൾകൂടി പരിഹരിക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ മണ്ഡലവുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഞാൻ അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ അഭിനന്ദിക്കുന്നു. നമ്മൾ സ്വകാര്യ ബസുകളുടെ പ്രവർത്തനത്തെക്കുറിച്ചാണ് സംസാരിച്ചത്. കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്യാരേജുകളുടെ ശോച്യാവസ്ഥയാണ് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചത്. അക്കാര്യത്തിൽ ഞാൻ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ സഹായം ഈ വേദിയിൽവച്ച് അഭ്യർത്ഥിക്കുകയാണ്. അദ്ദേഹത്തിന്റെകൂടി സഹായത്തോടുകൂടി അവിടെ മെച്ചപ്പെട്ട ശൗചാലയങ്ങളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്താം. ഇക്കാര്യത്തിൽ സർക്കാരിന് ചെയ്യാൻ സാധിക്കുന്ന എല്ലാ സഹായവും ചെയ്യുന്നതാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u> : സർ, അങ്ങിവിടെ ഹരിത ട്രൈബ്യൂണലിന്റെ വിധിയെക്കുറിച്ച് പറഞ്ഞു. പത്ത് വർഷത്തിലധികം പഴക്കമുള്ള, ഒരു നിശ്ചിത സി.സി.-ക്ക് മുകളിലുള്ള വാഹനങ്ങൾക്കാണ് ഈ നിബന്ധന ബാധകമാകുന്നത്. ബഹുമാനപ്പെട്ട മന്ത്രി അതിന് അനുകൂലമാണെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പക്ഷേ ലൈഫ് ടൈം ടാക്സ് വാങ്ങുന്നത് പതിനഞ്ച് വർഷത്തേക്കാണ്. ഇപ്രകാരം ടാക്സ് വാങ്ങുന്ന ഒരു വാഹനം പത്ത് വർഷംകൊണ്ട് ഒഴിവാക്കണമെന്ന അഭിപ്രായത്തെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അനുകൂലിക്കുന്നുണ്ടോ ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, ഹരിത ട്രൈബ്യൂണലിന്റെ വിധി ഉൾക്കൊള്ളുന്ന ഒരു സ്പിരിറ്റുണ്ട്. ഭൂമിയും ആകാശവും വായുവും മാലിന്യ മുക്തമാകണമെന്ന ഉദാത്തമായ കാഴ്ചപ്പാടാണത്. പ്രകൃതിയും പരിസ്ഥിതിയും സംരക്ഷിക്കുക എന്നതിനോട് സൗഹൃദപരമായ നിലപാടാണ് ഗവൺമെന്റിനുള്ളത്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഈ വിധി നടപ്പിലാക്കുമ്പോൾ നേരത്തെ ലൈഫ് ടൈം ടാക്സ് എന്ന നിലയിൽ പതിനഞ്ച് വർഷത്തേക്ക് ടാക്സ് ഈടാക്കിയ വാഹനങ്ങളുടെ പ്രശ്നമുണ്ട്. ഇത്തരം പ്രശ്നങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെയും സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുത്തിയതുകൊണ്ടാണ് അത് നടപ്പിലാക്കുന്നതിനുള്ള

സാവകാശത്തിന് താൽക്കാലിക സ്റ്റേ ലഭിച്ചത്. ഇതെല്ലാം സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതാണ്. ഈ മേഖലയിൽ സൂക്ഷ്മമായ നീക്കമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. വി. ടി. ബൽറാം : സർ, സ്വകാര്യ ബസുകളിൽ സ്ത്രീകൾ, വൃദ്ധജനങ്ങൾ, അംഗപരിമിതർ എന്നിവർക്ക് അനുവദിച്ചിട്ടുള്ള സീറ്റുകൾ അവർക്ക് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഇവർ വലിയ ബുദ്ധിമുട്ടാണ് അനുഭവിക്കുന്നത്. സ്വാകര്യ ബസുകളിലും കെ.എസ്.ആർ.ടി.സി. ബസുകളിലും ഇത്തരം ജനവിഭാഗങ്ങൾക്ക് കയറുന്നതിനും ഇറങ്ങുന്നതിനുമുള്ള ആധുനിക സൗകര്യങ്ങളില്ല. മറ്റ് മെട്രോ നഗരങ്ങളിൽ ഇത്തരം ആധുനിക സംവിധാനമുള്ള ബസുകൾ പരീക്ഷണാ ടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നുണ്ട്. കേരളത്തിൽ അത്തരം സംവിധാനം പ്രാവർത്തികമാക്കാൻ സാധിക്കുമോയെന്ന കാര്യം അടിയന്തരമായി പരിശോധിക്കണം. അതോടൊപ്പം ഇവിടെയുള്ള ഏറ്റവും വലിയ പ്രശ്നം, നാൽപ്പത് കിലോമീറ്റർ ദൂരം വരെ മാത്രമേ ഇവർക്ക് യാത്രാ സൗജന്യം ലഭിക്കുന്നുള്ളൂ. 1986-ലോ മറ്റോ നടപ്പിലാക്കിയ സൗജന്യമാണിത്. അന്ന് കുറച്ചുദൂരം മാത്രമേ ആളുകൾ സഞ്ചരിച്ചിരുന്നുള്ളൂ. പക്ഷേ ജോലി സംബന്ധമായും മറ്റും കൂടുതൽ ദൂരം ഇപ്പോൾ സഞ്ചരിക്കുന്ന സാഹചര്യത്തിൽ നാൽപ്പത് കിലോമീറ്റർ എന്ന ദൂരപരിധി മാറ്റുന്നതിനും അത് നൂറ് കിലോമീറ്ററോ അല്ലെങ്കിൽ എൺപത് കിലോമീറ്ററോ ആക്കി വർദ്ധിപ്പിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഇത് രണ്ട് മേഖലകളുമായി ബന്ധപ്പെട്ട വിഷയമാണ്. അംഗപരിമിതർക്ക് നിലവിലുള്ള ബസുകളിൽ കയറുന്നതിനുള്ള പ്രയാസമാണ് അങ്ങ് ആദ്യം ഉന്നയിച്ചത്. കേരളത്തിൽ ഇപ്പോൾ ആ സൗകര്യം ലോ ഫ്ലോർ ബസുകളിൽ മാത്രമേയുള്ളൂ. മറ്റ് സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെ ബസിന്റെ സ്റ്റെപ്പുകൾ തമ്മിൽ വലിയ വ്യത്യാസമുണ്ടെങ്കിൽ അടിയിൽ മറ്റൊരു സ്റ്റെപ്പ് കൂടി സജ്ജീകരിക്കുന്ന സംവിധാനത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് പരീക്ഷണം നടത്തിയപ്പോൾ അത് റോഡിൽ ഇടിച്ച് അപകടം ഉണ്ടാകുന്നതിനുള്ള സാദ്ധ്യതയുള്ളതിനാൽ ഇത്തരം സംവിധാനം നമ്മുടെ റോഡുകൾക്ക് പ്രായോഗികമല്ല. ബസിൽ കയറിക്കഴിഞ്ഞാൽ ഡോർ അടയുന്നതോടുകൂടി സ്റ്റെപ്പും ഫ്ലോറിന് ലെവലായി മുകളിലേക്ക് കൊണ്ടുവരുന്ന ഹൈഡ്രോളിക് സംവിധാനമുള്ള ബസുകൾ നിരത്തിലിറക്കാൻ സാധിക്കുമോ എന്നതാണ് ഇവിടത്തെ വിഷയം. ക്രമേണ നമുക്ക് ആ രീതിയിലേക്ക്_മാറിയേപറ്റൂ. അക്കാര്യം ഗൗരവമായി ആലോചിക്കുന്നതാണ്. രണ്ടാമത്തേത് സൗജന്യ യാത്രയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ഇന്നലെ ഇവിടെ സൂചിപ്പിച്ചതുപോലെ ജനപ്രിയ നടപടികൾ കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികനിലകൂടി പരിശോധിച്ച് മാത്രമേ പരിഗണിക്കാൻ സാധിക്കൂ.

മി. സ്പീക്കർ: ചോദ്യം നമ്പർ *423

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ**

3 (*423) ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. പി. ഉബൈദുള്ള :

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് നിർത്തലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു പരിഹരിക്കാനായി ധനകാര്യ കമ്മീഷൻ സഹായവിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ; എങ്കിൽ അതിനുള്ള പണം വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ,

(എ&ബി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 2015-16-ലെ കേന്ദ്ര ബഡ്ജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേണിൽ മാറ്റം വരുത്തുകയും ചില കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളായ ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷൻ (ജെ.എൻ.എൻ.യു.ആർ.എം.), ചെറുതും ഇടത്തരവുമായ നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.ടി.) എന്നിവയുടെ ഒന്നാം ഘട്ടത്തിന്റെ കാലാവധി 30-3-2014-ന് അവസാനിച്ചു. ഈ പദ്ധതികളുടെ ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികളുടെ കാലാവധി 31-3-2017-ന് അവസാനിക്കുന്നതാണ്. ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷന്റെ കീഴിലുള്ള ഐ.എച്ച്.എസ്.ഡി. (Integrated Housing and Slum

Development) പദ്ധതി, രാജീവ് ആവാസ് യോജന (ആർ.എ.വൈ.), എസ്.എം.ബി.എസ്.യു.പി. (Sub Mission on Basic Services to Urban Poor) എന്നീ പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ നടപ്പിലാക്കിയിരുന്ന പിന്നോക്കമേഖലാ വികസന നിധി (ബി.ആർ.ജി.എഫ്.) പദ്ധതി 2015-16 വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 1997-98 മുതൽ നടപ്പിലാക്കിവന്ന നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയായ സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ.) 31-3-2013-ൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുണ്ട്. ആയതിനുപകരം National Urban Livelihood Mission (NULM) എന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ട്.

രാജീവ്ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ.) പദ്ധതിയിൽനിന്നും 2015-16-ൽ കേന്ദ്ര സർക്കാർ പിൻവാങ്ങുന്നതായി അറിയിച്ചിരുന്നു. എന്നാൽ 2016-17-ൽ പ്രസ്തുത പദ്ധതി രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ.) എന്ന പേരിൽ പുനരാവിഷ്കരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. പുതിയ പദ്ധതിയുടെ മാർഗ്ഗരേഖ ഇതുവരെയും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 2016-17-ൽ 2352.47 ലക്ഷം രൂപയുടെ വാർഷിക പദ്ധതി കേരളത്തിനായി അംഗീകരിക്കുകയും അത് സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടി രിക്കുകയുമാണ്. National Urban Information System (NUIS) പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായി. രണ്ടാംഘട്ടം തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. Providing Urban Amenities in Rural Areas (PURA) പദ്ധതി പൂർത്തിയായിട്ടുണ്ട്. 2005-06-ൽ യു.ഐ.ഡി.എസ്.എസ്.എം.ടി. എന്ന കേന്ദ്ര പദ്ധതി നിലവിൽ വന്നപ്പോൾ ഈ പദ്ധതി നിർത്തലായി.

(സി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന് ആവശ്യമുള്ളപക്ഷം 50:50 കേന്ദ്ര സംസ്ഥാന വിഹിതാനുപാതത്തിൽ നടപ്പിലാക്കാവുന്നതാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ ഇതിനാവശ്യമായിട്ടുള്ള ഫണ്ട് കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, കേന്ദ്ര സർക്കാർ വികസന പദ്ധതികളിൽ നിന്ന് വളരെ പുറകോട്ട് പോകുകയും വർഗ്ഗീയ അജണ്ടകൾ കൂടുതൽ തേച്ചുമിനുക്കിയെടുക്കുകയും ചെയ്യുന്ന ഒരു പശ്ചാത്തലത്തിലാണ് ഇത്തരത്തിലുള്ള

ധാരാളം പദ്ധതികൾ നിർത്തലാക്കിയിട്ടുള്ളത്. പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന് ആവശ്യമുള്ളപക്ഷം 50:50 കേന്ദ്ര-സംസ്ഥാന വിഹിതാനുപാതത്തിൽ നടപ്പിലാക്കാവുന്നതാണെന്ന് അങ്ങിവിടെ മറുപടി പറഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ ജനങ്ങൾ അനുഭവിച്ചുവന്ന ഉപകാരപ്രദമായ കേന്ദ്രാവിഷ്കൃത പദ്ധതികളായിരുന്നു ഇവ. 50 ശതമാനം കേന്ദ്ര വിഹിതം എന്ന പ്രൊപ്പോസൽ വച്ച സാഹചര്യത്തിൽ 50 ശതമാനം സംസ്ഥാനം നൽകിയാൽ മതിയാകും. അതിനാൽ നിർത്തലാക്കിയ പദ്ധതികൾ വീണ്ടും നടപ്പിലാക്കുന്നതിന് സംസ്ഥാനം മുൻകൈ എടുക്കുമോ; അതിനുള്ള എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ : സർ, പല കേന്ദ്രാവിഷ്കൃത പദ്ധതികളും നിർത്തലാക്കുകയും അതിന് ബദലായി മറ്റു ചില കേന്ദ്രാവിഷ്കൃത പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന് ജെ.എൻ.എൻ.യു.ആർ.എം.-ന് പകരമാണ് സ്മാർട്ട്സിറ്റി മിഷനും അമൃതാ പദ്ധതിയും നടപ്പിലാക്കിയത്. അതുപോലെ തന്നെ എസ്.ജെ.എസ്.ആർ.വൈ.-ക്ക് പകരമാണ് National Urban Livelihood Mission (എൻ.യു.എൽ.എം.) ആരംഭിച്ചത്. ആർ.ജി.പി.എസ്.എ.-ക്കുപകരം ആർ.ജി.എസ്.എ. (രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ) ആരംഭിച്ചു. പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശയനുസരിച്ച് കേന്ദ്ര സർക്കാർ അറിയിച്ചത് ഏതെങ്കിലും സംസ്ഥാനങ്ങൾക്ക് ഈ പദ്ധതികൾ തുടരാമെങ്കിൽ 50:50 അനുപാതത്തിൽ അത് അനുവദിക്കാമെന്നാണ്. പക്ഷേ ഇതിന് ആവശ്യമായിട്ടുള്ള പണം കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല. നീക്കിവയ്ക്കാത്തതെന്താണെന്ന് അന്വേഷിച്ചപ്പോൾ ബദലായി പല പദ്ധതികളും ആരംഭിച്ചിട്ടുള്ളതിനാലാണ് എന്ന മറുപടിയാണ് ലഭിച്ചത്. പഴയ പദ്ധതിയിലല്ല, പകരം പുതിയ പദ്ധതിയിലാണ് പ്രൊപ്പോസൽ നൽകേണ്ടതെന്നാണ് പറഞ്ഞത്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഇന്ദിരാ ആവാസ് യോജന എന്ന പദ്ധതി പ്രധാനമന്ത്രി ആവാസ് യോജന എന്നായി മാറി. പഞ്ചായത്തുകൾ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നാണ് ഐ.എ.വൈ. പ്രകാരമുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരുന്നത്. കേന്ദ്ര സർക്കാർ ഇപ്പോൾ പറയുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) ലിസ്റ്റിൽ നിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണമെന്നാണ്. എങ്ങനെയായാലും പാവപ്പെട്ട ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുക്കുന്നത്. ഇത്തരത്തിൽ ജാതി ലിസ്റ്റിൽനിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ; എന്താണ് അതുകൊണ്ടുള്ള പ്രയാസങ്ങൾ?

ഡോ. കെ. ടി. ജലീൽ : സർ, ഓരോ സംസ്ഥാനവും രാജ്യത്തെ മൊത്തത്തിൽ കണക്കിലെടുത്തുകൊണ്ട് രൂപീകരിക്കുന്ന നിയമങ്ങൾക്കനുസൃതമായിട്ട് മാത്രമേ കേന്ദ്ര പദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. SECC ലിസ്റ്റിൽ നിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണമെന്നുള്ളത് രാജ്യവ്യാപകമായിട്ട് നിർണ്ണയിച്ച മാനദണ്ഡമാണ്. ഈ മാനദണ്ഡം കേരളത്തിൽ അനുവർത്തിക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് സംസ്ഥാനം പലതവണ കേന്ദ്രത്തെ അറിയിച്ചിരുന്നു. ഓരോ സംസ്ഥാനത്തിനും അവരവരുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് നിയമത്തിൽ ഭേദഗതി വരുത്താൻ കഴിയില്ലായെന്നാണ് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന മറുപടി.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, നിർത്തലാക്കിയ കേന്ദ്ര പദ്ധതികളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴുള്ള പ്രധാന പദ്ധതികൾ ഐ.എ.വൈ. ഐ.ഡബ്ല്യു.എം.പി., പി.എം.ജി.എസ്.വൈ., എ.ആർ. ഡബ്ല്യു.എസ്.എസ്., എം.ജി.എൻ.ആർ.ഇ.ജി.എസ്. എന്നിവയാണ്. പക്ഷേ ഒന്നര വർഷം മുൻപ് യുവാക്കളെ ഉദ്ദേശിച്ച് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ സ്കിൽ ഡവലപ്മെന്റ് പദ്ധതിയാണ് പി.എം.കെ.വി.വൈ. ഇപ്പോൾ സംസ്ഥാനത്ത് പി.എം.കെ.വി.വൈ. നടപ്പിലാക്കുന്നില്ല. സംസ്ഥാനത്ത് എന്തുകൊണ്ടാണ് ആ പദ്ധതി നടപ്പിലാക്കാത്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമോ? ഒരു വർഷം ഒരു കുടുംബത്തിന് നൂറ് തൊഴിൽ ദിനങ്ങളാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. അവിദഗ്ദ്ധ തൊഴിലാളികളാണ് ഇതിന്റെ പരിധിയിൽ വരുന്നത്. പക്ഷേ ഇതിന്റെ ഫോക്കസ് ഇപ്പോൾ കുറച്ചിരിക്കുകയാണ്. സ്കിൽഡ് വർക്കേഴ്സിനാണ് ഇപ്പോൾ പ്രാമുഖ്യം നൽകുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, യുവാക്കളുടെ സ്കിൽ ഡെവലപ്മെന്റിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിക്ക് സംസ്ഥാന സർക്കാർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുന്നോട്ട് പോകുകയാണ്. രണ്ടാമതായി പറഞ്ഞ ദേശീയ തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് നമ്മുടെ സംസ്ഥാനത്തിന് 10,500 കോടി രൂപ ഇതിനകം ലഭിച്ചുകഴിഞ്ഞു. ഈ വർഷം 2,661 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 10,500 കോടി രൂപ നമ്മുടെ സംസ്ഥാനത്ത് ചെലവഴിച്ചപ്പോൾ ലക്ഷക്കണക്കിന് പാവപ്പെട്ടവരുടെ വീടുകളിലെ അടുപ്പുകളിൽ പുകയുയർന്നു എന്നുള്ളത് ഒരു വലിയ കാര്യമാണ്; പക്ഷേ ഇതിലുള്ള പരിതാപകരമായ അവസ്ഥ നമ്മുടെ സംസ്ഥാനത്ത് 20 ശതമാനംപോലും അസറ്റ് ക്രിയേഷൻ നടന്നിട്ടില്ല എന്നുള്ളതാണ്. 10,500 കോടി രൂപ കഴിഞ്ഞ അഞ്ചെട്ട് വർഷങ്ങൾക്കുള്ളിൽ ചെലവഴിച്ചിട്ട് എന്താണ് ഇവിടെ നടന്നതെന്ന് ചോദിച്ചാൽ ചൂണ്ടിക്കാണിച്ച് കൊടുക്കാൻ നമുക്ക് ഒരു പദ്ധതിയുമില്ല. അതുകൊണ്ടാണ് ദേശീയ തൊഴിലുറപ്പ്

പദ്ധതിയുടെ പ്രവൃത്തികളെ പൂർണ്ണമായും റീ-സ്ട്രക്ചർ ചെയ്യണമെന്ന് തീരുമാനിക്കുകയും പൈലറ്റ് പ്രോജക്ടിനായി 27 ബ്ലോക്കുകൾ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളത്. ഇനിമുതൽ അസറ്റ് ക്രിയേഷൻ മാത്രമായിരിക്കും ഈ പദ്ധതിയനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് നടത്താൻ പോകുന്നത്.

ശ്രീ. പി. ഉബൈദുള്ള : സർ, കേന്ദ്രാവിഷ്കൃത പദ്ധതികൾ പലതും സമയബന്ധിതമായി നടപ്പിലാക്കാൻ നമുക്ക് കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. പി.എം.ജി.എസ്.വൈ. പോലെയുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, എ.എസ്.-ഉം ടി.എസ്.-ഉം ലഭിച്ച് ടെണ്ടർ സ്റ്റേജിൽ എത്തുമ്പോൾ വളരെയധികം സമയമെടുക്കുന്നതിനാൽ ടെണ്ടറെടുക്കാൻ ആളെ കിട്ടാത്ത സ്ഥിതിയാണുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റും മറ്റും തയ്യാറാക്കേണ്ടതായി വരുന്നുണ്ട്. അങ്ങനെ നാലഞ്ച് വർഷം കഴിയുമ്പോഴാണ് പി.എം.ജി.എസ്.വൈ. പോലെയുള്ള പദ്ധതിയിൽ വരുന്ന പ്രവൃത്തികൾ ചെയ്യാൻ കഴിയുന്നത്. 1995-ൽ പഞ്ചായത്തീരാജ് ആക്ട് നിലവിൽ വന്നു. അതിനുശേഷം പത്തിരുപത് വർഷമായി പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പദ്ധതി വിഹിതം ഉൽപ്പാദനമേഖലയ്ക്ക് 40 ശതമാനം, പശ്ചാത്തല മേഖലയ്ക്ക് 30 ശതമാനം, സേവന മേഖലയ്ക്ക് 30 ശതമാനം എന്ന രീതിയിലാണ് വിനിയോഗിച്ചുവരുന്നത്. എന്നാൽ ഉൽപ്പാദാനമേഖലയ്ക്ക് 40 ശതമാനം ഫണ്ട് വിനിയോഗിച്ചിട്ടും കാര്യമായ മാറ്റമുണ്ടാക്കാൻ കഴിയാത്തതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ തവണ അത് 20 ശതമാനമാക്കി കുറച്ചതെന്നാണ് അനുഭവത്തിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത്. കാര്യമായ പുരോഗതി ഉൽപ്പാദാന മേഖലയിലുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ഈ വർഷം സർക്കാർ ഓരോ മേഖലയ്ക്കും എത്ര ശതമാനമാണ് വകയിരുത്താൻ ഉദ്ദേശിക്കുന്നത്?

ഡോ. കെ. ടി. ജലീൽ : സർ, 40 ശതമാനമാണ് മുൻപ് ഉൽപ്പാദന മേഖലയ്ക്കുവേണ്ടി നീക്കിവച്ചിരുന്നത്. ഇത്ര ശതമാനം ചെലവഴിക്കണമെന്ന് വ്യക്തമായി ഒരു നിഷ്കർഷയുമുണ്ടായില്ല. അതിന്റെ ഫലമായി കഴിഞ്ഞ അഞ്ചുവർഷം 10 ശതമാനംപോലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉൽപ്പാദന മേഖലയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തിയില്ല. ഇത് ഗുരുതരമായ പ്രശ്നങ്ങൾ കാർഷിക രംഗത്തുണ്ടാക്കിയിട്ടുണ്ട് എന്നുള്ള പരാതികളെയും ആക്ഷേപങ്ങളെയും തുടർന്നാണ് ഇപ്രാവശ്യം 30 ശതമാനം നിർബന്ധമായും ഉൽപ്പാദന മേഖലയ്ക്ക് നീക്കി വയ്ക്കണമെന്നും അതിൽ 20 ശതമാനം കാർഷിക മേഖലയ്ക്കുവേണ്ടിയും 10 ശതമാനം വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാമുകൾക്കുവേണ്ടിയും ആയിരിക്കണമെന്നും പറയുന്നത്. ഉൽപ്പാദനമേഖലയെ പൂർണ്ണമായും അവഗണിച്ചാൽ അത് സംസ്ഥാനത്തെ പ്രതികൂലമായി ഭാവിയിൽ ബാധിക്കും എന്നുള്ളതുകൊണ്ടാണ് അത്തരത്തിലുള്ള ഒരു തീരുമാനം സർക്കാർ സ്വീകരിച്ചത്.

ഡോ. എം. കെ. മുനീർ : സർ, പദ്ധതി വിഹിതത്തിൽ സംസ്ഥാന സർക്കാർ 50 ശതമാനം വയ്ക്കുകയാണെങ്കിൽ ബാക്കിയുള്ള 50 ശതമാനം കേന്ദ്രം സർക്കാർ തരാമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇങ്ങനെ വരുന്ന ഓരോ പദ്ധതിക്കും പ്രത്യേകം വിഹിതമെടുക്കണമെന്ന് പറയുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അത് താങ്ങാൻ കഴിയാത്ത അവസ്ഥയാണുള്ളത്. സംസ്ഥാന ബഡ്ജറ്റിന്റെ ആകെ അടങ്കലിന്റെ 30 ശതമാനമെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുവേണ്ടി സംസ്ഥാന വിഹിതം വർദ്ധിപ്പിക്കണമെന്നാണ് സ്റ്റേറ്റ് പ്ലാനിംഗ് കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്. ഇക്കാര്യം സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയും ഒരു ലേഖനത്തിൽ എഴുതിയിട്ടുണ്ട്. എന്നാൽ മാത്രമേ ഇത് കോമ്പൻസേറ്റ് ചെയ്തു നൽകാൻ സാധിക്കൂ. അതിനാൽ ധനകാര്യ വകുപ്പുമന്ത്രി മുൻപ് പറഞ്ഞതിൽ ഉറച്ച് നിൽക്കുന്നുണ്ടോ; അതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു വേണ്ടി 30 ശതമാനം വിഹിതം ബഡ്ജറ്റിൽനിന്ന് ലഭിക്കുന്നതിനുള്ള നടപടിയെടുക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും 60:40 എന്നുള്ളതാണ് അനുപാതം. 40 ശതമാനം സംസ്ഥാന വിഹിതം സംസ്ഥാന ബഡ്ജറ്റിൽ നിന്നുതന്നെയാണ് നൽകുന്നത്. 20 ശതമാനമാണ് പദ്ധതി വിഹിതത്തിന് മൊത്തമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നത്. മറ്റ് കാര്യങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ചശേഷം പറയുന്നതാണ്.

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തുറമുഖങ്ങളിലെ ഗതാഗതവും ചരക്കു നീക്കവും

4 (* 424) ശ്രീ. ബി. സത്യൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തുറമുഖങ്ങളിലൂടെയുള്ള ഗതാഗതവും ചരക്കുനീക്കവും വിപുലീകരിക്കുവാനായി ചെയ്ത വികസന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) അതിവേഗ യാത്രാ ബോട്ട് സർവ്വീസ് ആരംഭിക്കുവാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(സി) വിവിധ തുറമുഖങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽനിന്ന് സഹായം ലഭ്യമാക്കാൻ നടത്തിയിട്ടുള്ള ശ്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) കേരള സംസ്ഥാനത്തെ തീരദേശ വികസനം ലക്ഷ്യം വച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളാണ് ഈ പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ നേരിട്ട് വികസിപ്പിക്കുന്നത്. കൊല്ലം തുറമുഖത്ത് ഒന്നാംഘട്ട വികസനം എല്ലാംതന്നെ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. രണ്ടാംഘട്ടത്തിന്റെ ഭാഗമായി ഒരു മൾട്ടിപർപ്പസ് ബർത്തിന്റെയും ചാനലിന്റെ ആഴം 10 മീറ്ററായി വർദ്ധിപ്പിക്കുന്നതിന്റെയും പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ഇവിടെ കസ്റ്റംസ് ക്ലിയറൻസ് സംവിധാനവും സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള എല്ലാ യന്ത്രസാമഗ്രികളും സജ്ജമാക്കിയിട്ടുണ്ട്. ആഴം വർദ്ധിപ്പിക്കുന്നതിനും കസ്റ്റംസ് ക്ലിയറൻസ് സംവിധാനം സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൊടുങ്ങല്ലൂരിൽ പുതിയതായി ഒരു വാർഫ് നിർമ്മിക്കുന്നതിനും ആഴം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ പൊതു സ്വകാര്യ പങ്കാളിത്തത്തിൽ 763 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന "All Weather Port" പൊന്നാനിയിൽ സ്ഥാപിക്കുന്നതിന് മെസേഴ്സ് മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) കോവളം-കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട്-കണ്ണൂർ എന്നീ മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള വിദേശനിർമ്മിത ജലയാനങ്ങളുടെ പരിശോധനകൾ അന്തിമഘട്ടത്തിലാണ്. കൂടാതെ ഈ പദ്ധതിക്കായി കാസർഗോഡ്, ആലപ്പുഴ, വലിയതുറ, വെള്ളയിൽ എന്നീ തുറമുഖങ്ങളിൽ ഫ്ലോട്ടിംഗ് ജെട്ടികൾ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

(സി) അഴീക്കൽ തുറമുഖ വികസനം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിലേക്ക് ക്രെയിൻ വാങ്ങൽ, കൊല്ലം തുറമുഖത്തിന്റെ വികസനത്തിനായി പ്ലാന്റ് ക്വാരന്റൈൻ ക്ലിയറൻസ് ഓഫീസ്, എമിഗ്രേഷൻ ക്ലിയറൻസ് ഓഫീസ്, കസ്റ്റംസ് കോസ്റ്റ് റിക്കവറി ചാർജസ് ഒഴിവാക്കൽ എന്നിവയ്ക്കായി കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ സ്ഥാപിച്ചിട്ടുള്ള കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ പ്രവർത്തനസജ്ജമാക്കുന്നതിനും കൊല്ലത്തും കൊടുങ്ങല്ലൂരും ഓരോ ഇൻലാന്റ് കണ്ടെയ്നർ ഡിപ്പോ സ്ഥാപിക്കുന്നതിനുമുള്ള പ്രൊപ്പോസലുകളും നൽകിയിട്ടുണ്ട്.

## ഭരണം കാര്യക്ഷമമാക്കുന്നതിന് നടപടി

5 (* 425) ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണം സുതാര്യവും അഴിമതി രഹിതവും കാര്യക്ഷമവുമാക്കുന്നതിന് സർക്കാരിന് എപ്രകാരം ഇടപെടാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനകീയ പങ്കാളിത്തം സാധ്യമാക്കുന്നതിനായി എന്തു നടപടിയുണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനു വേണ്ട മാനവവിഭവവും ഫണ്ടും യഥാസമയം ഉറപ്പാക്കുമോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണം സുതാര്യവും അഴിമതിരഹിതവും കാര്യക്ഷമവുമാക്കുന്നതിനായി ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ഓഡിറ്റ് യഥാസമയം നടത്തുന്നുണ്ട്. വിവിധ പദ്ധതികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിൽ എല്ലാവിധ പണമിടപാടുകളും ഇലക്ട്രോണിക് സംവിധാനത്തിലേക്ക് മാറ്റുകയും അക്കൗണ്ടിംഗ് സാംഖ്യ, സുലേഖ തുടങ്ങിയ സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെ കൃത്യമായും സമയബന്ധിതവുമായി ചെയ്തുവരുന്നുമുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ ചർച്ച ചെയ്ത് കൈക്കൊള്ളുന്ന തീരുമാനങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുന്നതിനായി ഏർപ്പെടുത്തിയ 'സകർമ്മ' സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന ഫണ്ട് നിശ്ചിത സമയത്തിനകം ചെലവഴിക്കുന്നതിന് മുന്തിയ പരിഗണന നൽകി ആവശ്യമായ നയപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണത്തിനും നിർവ്വഹണത്തിനും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അയൽസഭ, അയൽസഭാ നിർവ്വാഹക സമിതി, വാർഡ് വികസന സമിതി എന്നിവ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇങ്ങനെ തിരഞ്ഞെടുക്കുന്ന അയൽസഭകൾ ആ പ്രദേശത്തെ നിർവ്വഹണ കമ്മിറ്റികളായി പ്രവർത്തിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണം, വിഷരഹിത പച്ചക്കറി ഉൽപ്പാദനം, ഒ.ഡി.എഫ്. പ്രഖ്യാപനം തുടങ്ങിയ ചുമതലകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുമ്പോൾ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുക സംസ്ഥാന ബഡ്ജറ്റിന്റെ Appendix-IV-ൽ ഉൾപ്പെടുത്തി ഉറപ്പാക്കുന്നുണ്ട്. പ്രസ്തുത തുക മൂന്നുതവണകളായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുകയും ചെയ്യുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ചു നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## പുരാവസ്തു വകുപ്പിന്റെ പ്രവർത്തനം

6 (* 426) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു വകുപ്പിന്റെ പ്രവർത്തനലക്ഷ്യം വിശദമാക്കുമോ;

(ബി) വിലയേറിയ ചരിത്രാവശിഷ്ടങ്ങളും പൈതൃക വസ്തുക്കളും സംരക്ഷിക്കുന്ന കാര്യത്തിൽ ഈ വകുപ്പ് കഴിഞ്ഞ പത്തു വർഷങ്ങളിൽ സ്വീകരിച്ച നടപടികൾ ചുരുക്കത്തിൽ വിശദമാക്കുമോ;

(സി) പുരാവസ്തു സംരക്ഷണ നിയമപ്രകാരം സംരക്ഷിക്കപ്പെടേണ്ട സംസ്ഥാനത്തെ ചരിത്ര ശേഷിപ്പുകളുടെ ലിസ്റ്റു പ്രകാരം ഇനിയും നോട്ടിഫൈ ചെയ്യാനുള്ളവയുടെ വിവരം വെളിപ്പെടുത്തുമോ;

(ഡി) സംരക്ഷിക്കപ്പെടേണ്ട ശേഷിപ്പുകൾ സംരക്ഷണമില്ലാതെ നശിപ്പിക്കപ്പെടുന്നത് ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും സംരക്ഷിക്കുന്നതും പുരാവസ്തുശാസ്ത്ര സംബന്ധമായ ഉദ്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതും ശിൽപ്പവേലകൾ, കൊത്തുപണികൾ അവയെപ്പോലുള്ള മറ്റ് വസ്തുക്കൾ എന്നിവ കാത്തുസൂക്ഷിക്കുന്നതും പുരാവസ്തു വകുപ്പിന്റെ പ്രവർത്തന ലക്ഷ്യങ്ങളാണ്.

(ബി) പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണത്തിനായി കാലാകാലങ്ങളായി ആവശ്യമുള്ള രാസ സംരക്ഷണ പ്രവർത്തനങ്ങളും ഘടനാ സംരക്ഷണ പ്രവർത്തനങ്ങളും വകുപ്പ് ചെയ്തുവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള പദ്ധതി പുരാവസ്തു വകുപ്പ് നടപ്പാക്കിവരുന്നു. ആദ്യഘട്ടത്തിൽ 8 ജില്ലകളിൽ സ്ഥലം കണ്ടെത്തി സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ സജ്ജീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നുണ്ട്. ഇതിനായി 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ യഥാക്രമം 14 കോടി, 7 കോടി, 5 കോടി, 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നമ്മുടെ പൈതൃകത്തിന്റെയും ചരിത്രത്തിന്റെയും ശേഷിപ്പുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഭാവിതലമുറയ്ക്ക് മനസ്സിലാകുന്ന രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടി മ്യൂസിയം സജ്ജീകരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. പത്മനാഭപുരം കൊട്ടാരത്തെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി വിവരങ്ങൾ യുനെസ്കോക്ക് ലഭ്യമാക്കുകയും യുനെസ്കോയുടെ ആവശ്യപ്രകാരം പത്മനാഭപുരം കൊട്ടാരത്തിന്റെ Digital Graphics Documentation ചെയ്യുകയും സെമിനാർ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. അന്തിമ ലിസ്റ്റിൽ പത്മനാഭപുരം കൊട്ടാരത്തെ ഉൾപ്പെടുത്തുന്നതിനാവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. യുനെസ്കോയുടെ പ്രാഥമിക പട്ടികയിൽ പത്മനാഭപുരം കൊട്ടാരത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പത്മനാഭപുരം കൊട്ടാരം, കോയിക്കൽ കൊട്ടാരം, കൃഷ്ണപുരം കൊട്ടാരം, ഹിൽ പാലസ് മ്യൂസിയം, ശക്തൻ തമ്പുരാൻ കൊട്ടാരം എന്നിവിടങ്ങളിൽ പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങളായ നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, എറണാകുളം ഹിൽപ്പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവിടങ്ങളിൽ കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പങ്കാളിത്തത്തോടെ "Setting

up, promotion and Strengthening of Regional and Local Museums" എന്ന പദ്ധതിപ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 80 ശതമാനം ചെലവ് കേന്ദ്രവും ബാക്കി സംസ്ഥാന സർക്കാരും വഹിക്കുന്നു. സംരക്ഷിത സ്മാരകങ്ങളിൽ കയ്യേറ്റം തടയുകയെന്ന ഉദ്ദേശത്തിൽ മോണുമെന്റ് അറ്റന്റർമാരെ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റവന്യൂ, പോലീസ് വകുപ്പിന്റെ സഹകരണത്തോടെ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) പുരാവസ്തു സംരക്ഷണ നിയമപ്രകാരം നോട്ടിഫൈ ചെയ്യുവാനുള്ളവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) നിലവിലുള്ള സ്മാരകങ്ങളെക്കൂടാതെ ശ്രദ്ധയിൽപ്പെടുന്ന സംരക്ഷണ യോഗ്യമായ ശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

## ജൈവകൃഷി നയം

7 (* 427) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ജൈവകൃഷി നയം പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പൂർണ്ണമായും ജൈവകൃഷി സംസ്ഥാനമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ജൈവ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിന് ഓരോ വീട്ടിലും മിനി പോളി ഹൗസുകൾ സ്ഥാപിക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്;

(ഡി) ഇതിനായി ഓരോ വീടിനും എത്ര തുക അനുവദിക്കുമെന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) 10-2-2010-ലെ സർക്കാർ ഉത്തരവ് (പി)നമ്പർ 39/2010/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചതിന്റെ ഭാഗമായി ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിന് കർഷകരെ പ്രോത്സാഹി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്പിക്കുന്നതിനായി ജി.എ.പി. സാക്ഷ്യപത്രത്തോടെയുള്ള പഴം-പച്ചക്കറികളുടെ ഉൽപ്പാദനത്തിനായി പദ്ധതി നടപ്പിലാക്കൽ ആരംഭിച്ചു. ജൈവകീടനാശിനിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്കാവശ്യമായ ജൈവവളങ്ങൾ കൃഷിയിടത്തിൽത്തന്നെ ഉൽപ്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായി ധനസഹായം നൽകുന്നതാണ്. ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ പ്രസ്തുത മേഖലയിൽ നിലിനൽക്കുന്നതിന് ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും ശക്തിപ്പെടുത്തുന്നതിന് ഇക്കോഷോപ്പുകൾ ആരംഭിച്ചു. കൂടുതൽ ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നല്ല കൃഷി മുറകൾ (ജി.എ.പി.) പാലിച്ച് ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ് ലേബലിംഗ് നടത്തി റസിഡന്റ്സ് അസോസിയേഷനുകളിൽ വിൽപ്പന നടത്തുന്നതിന് ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നു.

കേന്ദ്ര സർക്കാർ പദ്ധതിയായ പരമ്പരാഗത കൃഷിവികാസ് യോജന പദ്ധതിയിൻകീഴിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നു. കർഷക പങ്കാളിത്ത സാക്ഷ്യപത്രം അഥവാ പി.ജി.എസ്. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി എല്ലാ കൃഷിഭവനുകളും റീജിയണൽ കൗൺസിൽ ആയി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകരുടെ കൃഷി യിടങ്ങൾക്കാണ് പി.ജി.എസ്. സർട്ടിഫിക്കേഷൻ നൽകുന്നത്. പ്രസ്തുത കൃഷിയിടങ്ങളിലെ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ലോഗോയും ബ്രാൻഡും നൽകിയാണ് സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നത്. വിവിധ പദ്ധതികൾ മുഖേന ജൈവീകരോഗ നിയന്ത്രണോ പാധിയായ ട്രൈക്കോഡെർമ തുടങ്ങിയവ കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ നിർമ്മിക്കുന്നതിനും ജൈവകീടനാശിനികളുടെ നിർമ്മാണത്തിനായുള്ള ബോധവൽക്കരണവും സ്റ്റേറ്റ് ബയോകൺട്രോൾ ലാബിൽനിന്നും കർഷകർക്കാവശ്യമായ ജൈവീകരോഗ നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, ട്രൈക്കോകാർഡുകൾ, ബ്യൂവേറിയ മുതലായവ ലഭ്യമാക്കുന്നതിനും അവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന സർക്കാരിന്റെ "സേഫ് റ്റു ഈറ്റ്" എന്ന പദ്ധതിപ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന മാർക്കറ്റിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി വിവരം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടൽ

www.kerala.gov.in-ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പരിശോധനാഫലം പരസ്യപ്പെടുത്തുന്നതുവഴി ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച വിവരം ലഭിക്കും. ഇപ്രകാരമുള്ള പരിശോധനാഫലം 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ആയതിലേക്ക് 1.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2015-16-ൽ കാസർഗോഡ് ജില്ലയിൽ മാത്രമായി ജൈവകൃഷി വികസിപ്പിക്കുന്നതിനായി 161.5 ലക്ഷം രൂപയും കാസർഗോഡ് ഒഴികെയുള്ള ഇതര ജില്ലകളിൽ ജൈവകൃഷി വ്യാപനത്തിനായി 498.05 ലക്ഷം രൂപയും വിനിയോഗിച്ചു. ജൈവകീടനാശിനി, ജൈവവളങ്ങൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള നടപടിയെടുത്തുവരുന്നു. എല്ലാ പഞ്ചായത്തുകളിലും കൃഷിഭവനുകീഴിൽ ചുരുങ്ങിയത് 5 പേരടങ്ങുന്ന പരിശീലനം ലഭിച്ച കീടനിരീക്ഷണ സേനാംഗങ്ങളെ നിയോഗിക്കാൻ നടപടിയെടുത്തു വരുന്നു. 2016-17 സാമ്പത്തിക വർഷം ജൈവകൃഷി വികസനത്തിനായി 1000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിലേക്കുള്ള ജൈവകൃഷി പ്രോത്സാഹന പദ്ധതി നടപ്പിലാക്കി വരുന്നു. സമഗ്ര പച്ചക്കറി മിഷന്റെ ഭാഗമായി കേരളത്തിലെ 50000 ഹെക്ടർ പ്രദേശത്ത് ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് വിശദമായ ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(സി&ഡി) ജൈവപച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിന് ഓരോ വീട്ടിലും മിനി പോളി ഹൗസുകൾ സ്ഥാപിക്കുന്നതിനായി സ്കീം തയ്യാറാക്കുന്നതിനും ഇതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതിനും കാർഷിക വിദഗ്ദ്ധരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സാരഥി ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ്**

8 (* 428) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ഓൺലൈൻ ടിക്കറ്റ് ബുക്കിംഗിനായി 'സാരഥി' എന്ന പേരിലുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സംവിധാനം നിലവിൽ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഓൺലൈൻ ബുക്കിംഗ് സ്വകാര്യ ഏജൻസിക്ക് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) ഇപ്രകാരം ഓൺലൈൻ ബുക്കിംഗ് സ്വകാര്യ ഏജൻസിക്ക് നൽകിയതുമൂലം എത്ര രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഇ) ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ ഓൺലൈൻ ടിക്കറ്റ് ബുക്കിംഗിനായി സാരഥി എന്ന പേരിലുള്ള സംവിധാനം 18-12-2008 മുതൽ ഏർപ്പെടുത്തിയിരുന്നു. ടി സംവിധാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വ്യാപകമായ പരാതിയെ തുടർന്ന് കെ.എസ്.ആർ.ടി.സി.ക്ക് ആവശ്യമായ ഓൺലൈൻ റിസർവേഷൻ സംവിധാനം നവീകരിച്ച് നടപ്പിലാക്കുന്നതിനായി കെൽട്രോണുമായി 9-12-2014-ൽ പുതിയ കരാറിൽ ഏർപ്പെടുകയും www.ksrtconline.com എന്ന വെബ്സൈറ്റ് നടപ്പിലാക്കുകയും ചെയ്തു. പ്രസ്തുത കരാർപ്രകാരം ഓൺലൈൻ റിസർവേഷന് ആവശ്യമായ സോഫ്റ്റ്‌വെയർ നിർമ്മിച്ച് വെബ്സൈറ്റ് സജ്ജീകരിച്ച് പൂർണ്ണമായും പരിപാലിക്കുന്നതിന്റെ ചുമതല കെൽട്രോണിനാണ് നൽകിയിരിക്കുന്നത്. ഡിസംബർ 2014-ൽ പുതിയ റിസർവേഷൻ സംവിധാനം നടപ്പിലാക്കിയതു മുതൽ ടി സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. പ്രതിദിനം ശരാശരി 4500-ലധികം ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നതുവഴി ശരാശരി പ്രതിദിന വരുമാനം 16 ലക്ഷം മുതൽ 20 ലക്ഷം രൂപ വരെ ലഭിക്കുന്നുണ്ട്. എന്നാൽ 17-9-2016-ൽ ടി സംവിധാനം ഉദ്ദേശം 15.45 മണിക്ക് തകരാറിലാവുകയും 21.45 മണിയോടുകൂടി തകരാർ പരിഹരിക്കുകയുമുണ്ടായി.

(സി) കെ.എസ്.ആർ.ടി.സി.-യിലെ നിലവിലെ ഓൺലൈൻ റിസർവേഷൻ സംവിധാനത്തിന്റെ വെബ്സൈറ്റായ www.ksrtconline.com നടപ്പിലാക്കി പരിപാലിക്കുന്നതിനായി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ടി സംവിധാനം ഉപയോഗിച്ച് യാത്രക്കാർക്ക് മുൻകൂറായി ടിക്കറ്റ് ബുക്ക് ചെയ്യുന്നതിലേക്കായി കേരളത്തിനകത്തും പുറത്തുമായി 13 സ്വകാര്യ ഫ്രാഞ്ചൈസികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ഡി&ഇ) ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സ്വകാര്യ ഫ്രാഞ്ചൈസികൾക്ക് നൽകിയതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തികനഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 17-9-2016-ൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം തകരാറിലായതുമായി ബന്ധപ്പെട്ട് കോർപ്പറേഷന് 12,64,296 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായും പ്രസ്തുത നഷ്ടം അടുത്ത മാസത്തെ ബില്ലിൽനിന്നും ഈടാക്കുന്നതാണെന്നും വ്യക്തമാക്കുന്ന കത്ത് 20-9-2016-ൽ കെൽട്രോൺ മാനേജിംഗ് ഡയറക്ടർക്ക് നൽകുകയുണ്ടായി.

**വിഴിഞ്ഞം തുറമുഖം**

9 (* 429) ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. കെ. രാജൻ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ നടപടികൾ കാര്യക്ഷമമായി പുരോഗമിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വിഴിഞ്ഞം തുറമുഖത്തിനുള്ള ഭൂമിയേറ്റെടുപ്പ് പൂർത്തിയായോ; തുറമുഖ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഇപ്പോൾ എടുത്തതിനേക്കാൾ കൂടുതൽ ഭൂമി വേണ്ടിവരുമോ; വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) 2015 ഡിസംബർ 5-ന് ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണ നടപടികൾ കാര്യക്ഷമമായി പുരോഗമിക്കുന്നു. മണ്ണു പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയായി. കൂടാതെ ഭാഗികമായുള്ള dredging reclamation, 3100 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. ഇതിൽ ബ്രേക്ക് വാട്ടറിന്റെ 400 മീറ്റർ നീളത്തിലുള്ള കോർ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു.

(ബി) ഇല്ല. തുറമുഖത്തിനും അനുബന്ധ വികസനമായ മത്സ്യസംസ്കരണ പാർക്കിനുംവേണ്ടി കണക്കാക്കിയിട്ടുള്ള മൊത്തം ഭൂമി 96.89 ഹെക്ടറാണ്. ഇതിൽ 88.48 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കൽ പൂർത്തിയായിക്കഴിഞ്ഞു. ബാക്കി ഭൂമിയുടെ നോട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ റെയിൽ കണക്ടിവിറ്റിക്കുവേണ്ടി കൂടുതൽ ഭൂമി ആവശ്യമാണ്. റെയിൽ കണക്ടിവിറ്റി സംബന്ധിച്ച വിശദ പഠന റിപ്പോർട്ട് പൂർത്തിയാക്കുന്ന മുറയ്ക്ക് എത്ര ഭൂമി വേണ്ടിവരുമെന്ന് കൃത്യമായി കണക്കാക്കി നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

## പൊലിവ് പദ്ധതി

10 (* 430) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സംഘങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 'പൊലിവ്' പദ്ധതിയുടെ ലക്ഷ്യം വിശദമാക്കുമോ;

(ബി) പഞ്ചശീല കാർഷിക ആരോഗ്യ സംസ്കാരം വളർത്തുന്നതിനായി സംഘങ്ങളെ പ്രാപ്തമാക്കുന്നത് എങ്ങനെയാണ്;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംഘങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്;

(ഡി) ഉല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനായി എന്തു സഹായമാണ് നൽകുന്നത്?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും പഞ്ചശീല (ശുദ്ധജലം, മാലിന്യസംസ്കരണം, വൃത്തിയുള്ള പരിസരം, നല്ല ജീവിതശൈലി, നല്ല ആരോഗ്യം) കാർഷിക-ആരോഗ്യ സംസ്കാരം വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടും കുടുംബശ്രീ കേരളമൊട്ടാകെ 2016 ജൂൺ മാസം ആസൂത്രണം ചെയ്ത് ആരംഭിച്ച ഒരു ക്യാമ്പെയിനാണ് 'പൊലിവ്'.

(ബി) കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പഞ്ചശീല ആരോഗ്യ കാർഷിക സംസ്കാര പ്രവർത്തനങ്ങളെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകുകയും ആഴ്ചതോറുമുള്ള അയൽക്കൂട്ട യോഗങ്ങളിൽ ടി വിഷയം അജണ്ടയാക്കി അംഗങ്ങൾക്കിടയിൽ ചർച്ച നടത്തുകയും ആശയ വിനിമയത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. തുടർ പ്രവർത്തനങ്ങളായി പൊലിവ് പദ്ധതി കുടുംബശ്രീ സംഘടനാസംവിധാനത്തിലൂടെ നടത്തുന്നുണ്ട്.

(സി) നിലവിൽ സംഘകൃഷി പദ്ധതിയുടെ ഭാഗമായി 59478 സംഘകൃഷി ഗ്രൂപ്പുകൾ കുടുംബശ്രീയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ഗ്രൂപ്പുകൾക്ക് വിളവനുസരിച്ചുള്ള കാർഷിക ഇൻസെന്റീവും പലിശരഹിത വായ്പയും നൽകുന്നുണ്ട്. ഇതിനുപുറമേ കൃഷിക്കാവശ്യമായ പരിശീലനവും മറ്റ് വകുപ്പുകളുമായി സംയോജിച്ചുള്ള പരിശീലനവും ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി 97482 മാസ്റ്റർ കർഷകരെ കണ്ടെത്തുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പൊലിവ് പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച സി.ഡി.എസ്. അയൽക്കൂട്ടങ്ങൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതാണ്.

(ഡി) കുടുംബശ്രീ വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ ആഴ്ചച്ചന്തയും മാസച്ചന്തയും സംഘടിപ്പിക്കുന്നുണ്ട്. ഇതിനുപുറമേ ഉത്സവച്ചന്തകളും നടത്താറുണ്ട്.

## പാടശേഖരങ്ങളിൽ ഇരുപ്പൂകൃഷി

11 (* 431) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തരിശായി കിടന്നിരുന്ന എത്ര ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്;

(ബി) ഒരുപ്പൂ കൃഷി ചെയ്യുന്ന എത്ര ഹെക്ടർ പാടശേഖരങ്ങളിൽ ഇരുപ്പൂകൃഷിക്ക് സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇതിനായി കൃഷിവകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തരിശായി കിടന്നിരുന്ന 2567.82 ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഒരുപ്പൂകൃഷി ചെയ്യുന്ന 4965.2 ഹെക്ടർ ഇരുപ്പൂകൃഷിയാക്കുന്നതിനും ഇരുപ്പൂകൃഷി ചെയ്യുന്ന 479 ഹെക്ടർ മുപ്പൂ കൃഷി ചെയ്യുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ആദ്യഘട്ടം എന്ന നിലയിൽ 400 ഹെക്ടർ ഒരുപ്പൂകൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ ഇരുപ്പൂകൃഷി ചെയ്യുന്നതിനായി സൗകര്യം ഒരുക്കിയിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷം നെൽക്കൃഷിവികസന പദ്ധതിക്കായി 35 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും നെൽക്കൃഷിയുടെ പ്രാധാന്യവും തരിശുനിലങ്ങളിൽ നെൽക്കൃഷി പുനരുജ്ജീവിപ്പിക്കേണ്ട ആവശ്യകതയും മുൻനിർത്തി 50 കോടി രൂപ നെൽക്കൃഷി വികസനത്തിനായി പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. 2016-17-ൽ 15 കോടി രൂപയുടെ അധിക പദ്ധതി വിഹിതം വകയിരുത്തിയിരുന്നെങ്കിലും 17.7382 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസൽ ചുവടെ ചേർക്കുന്ന വിവിധ പദ്ധതികൾക്കായി കൃഷി വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

| നമ്പർ | പദ്ധതി | തുക(ലക്ഷം) |
|---|---|---|
| 1 | കരനെൽക്കൃഷി വികസനം | 348.16 |
| 2 | ആറൻമുള നെൽക്കൃഷി | 153.76 |
| 3 | മെത്രാൻ കായൽ നെൽക്കൃഷിക്ക് സജ്ജമാക്കൽ | 80.00 |
| 4 | തരിശുഭൂമിയിൽ നെൽക്കൃഷി | 925.00 |
| 5 | ഒരുപ്പൂകൃഷി ഇരുപ്പൂകൃഷി ആക്കുന്നതിനുള്ള പദ്ധതി | 230.00 |
| 6 | കഴിഞ്ഞ സാമ്പത്തിക വർഷം തുക മാറിനൽകാൻ സാധിക്കാത്ത കണ്ടിജന്റ് ബില്ലുകൾ മാറുന്നതിന് (പ്രീ ഓതറൈസേഷൻ) ആവശ്യപ്പെട്ട തുക | 36.90 |
| | ആകെ | 1773.82 |

ആയത് 2016-17-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്കായി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതിപ്രകാരം ഹെക്ടറിന് 7500 രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ നവീകരണവും ആസൂത്രണവും

12 (* 432) ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ നവീകരണവും ആസൂത്രണവും സംബന്ധിച്ച് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു മുൻനിർത്തി എന്തെല്ലാം നവീന പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്; വിവരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി. ബസുകൾ നിരത്തിലിറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അഞ്ചുവർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. കടഭാരം കുറയ്ക്കുന്നതിന് ധനകാര്യ പുനഃസംഘടന ഉണ്ടാക്കുന്നതാണ്. ബസ് സ്റ്റാൻഡുകളെ ആധുനികവൽക്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉൽപ്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മപരിപാടി തയ്യാറാക്കുന്നതാണ്. സർവ്വീസ്, ഓപ്പറേഷൻ എന്നിവ കാര്യക്ഷമമാക്കി വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം നവീകരിക്കുന്നതിനുള്ള ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുമായി പുതിയ അന്തർസംസ്ഥാന കരാറുകളിൽ ഏർപ്പെട്ട് അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതോടൊപ്പം പുതുച്ചേരി, തെലുങ്കാന, ആന്ധ്രാപ്രദേശ്, ഗോവ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലേക്ക് പുതിയ അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. ഓൺലൈൻ റിസർവേഷൻ സംവിധാനം പരിഷ്കരിച്ചതോടുകൂടി യാത്രക്കാരുടെ എണ്ണത്തിലും വരുമാനത്തിലും കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. അന്തർസംസ്ഥാന സർവ്വീസുകളിൽ തിരക്കില്ലാത്ത ദിവസങ്ങളിൽ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി നിരക്ക് കുറയ്ക്കുന്ന ഫ്ലെക്സി ചാർജ് സംവിധാനം ഏർപ്പെടുത്തിയിരിക്കുകയാണ്. ദീർഘദൂര സർവ്വീസുകൾക്ക് മൾട്ടി ആക്സിൽ/സ്കാനിയ തുടങ്ങിയ ലക്ഷ്വറി ബസുകൾ കെ.എസ്.ആർ.ടി.സി. ഇപ്പോൾ ഉപയോഗിച്ചുവരുന്നുണ്ട്. തീരെ വരുമാനം കുറവുള്ള സർവ്വീസുകൾ

പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടു വരികയാണ്. ജീവനക്കാരുടെയും തൊഴിലാളി യൂണിയനുകളുടെയും സഹകരണത്തോടെ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തി വരും ദിവസങ്ങളിൽ വരുമാനം വർദ്ധിപ്പിച്ച് നഷ്ടത്തിന്റെ തോത് കുറയ്ക്കുവാനും നവീകരിക്കുവാനും കഴിയുമെന്ന് കരുതുന്നു.

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ ഹയർ ക്ലാസ്സ് സർവ്വീസുകളുൾപ്പെടെ 750 ബസുകളിൽ ജി.പി.എസ്. ഘടിപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന 5250 ബസുകളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ടി സംവിധാനത്തോട നുബന്ധിച്ചുള്ള വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നടപ്പിലാക്കുന്നതുവഴി ഓടിക്കൊണ്ടിരിക്കുന്ന ബസുകളുടെ സ്ഥാനം ഓരോ ബസ് സ്റ്റേഷനിലും ബസ് എത്തുന്ന സമയം ബസിന്റെ വേഗത തുടങ്ങിയവ അറിയുവാൻ സാധിക്കും. കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനായി വൈഫൈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം-ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസുകളിലും കെ.യു. ആർ.ടി.സി.-യുടെ രണ്ട് ലോ-ഫ്ലോർ എ.സി. വോൾവോ ബസുകളിലും ഘടിപ്പിക്കുകയുണ്ടായി. ടി സംവിധാനം മറ്റ് പ്രധാന സൂപ്പർ ക്ലാസ്സ് സർവ്വീസുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ് (CNG)-ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിനാവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. M/s. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കെ.എസ്. ആർ.ടി.സി.-യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും കെ.യു.ആർ.ടി.സി.-യുടെ ആസ്ഥാനമായ തേവരയിലും തിരുവനന്തപുരം ആനയറയിലും കൊല്ലം, തൃശ്ശൂർ, കണ്ണൂർ തലശ്ശേരിയിലും സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്. ആർ.ടി.സി. ബസുകൾ നിരത്തിലിറക്കുന്നതിനും തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസുകൾ വീതം നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മലിനീകരണം കുറയ്ക്കുന്നതിന് ബയോ ഡീസൽ ഉപയോഗിച്ച് വാഹനം ഓടിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു.

(സി) കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി. ബസുകൾ നിരത്തിലിറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.

**ജൻ ആഹാർ പദ്ധതി**

13 (* 433) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. ജോയി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കുടുംബശ്രീയെ റെയിൽവേയുമായി സഹകരിപ്പിച്ച് 'ജൻ ആഹാർ' പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കുടുംബശ്രീ മുഖാന്തിരം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.

(i) മെട്രോ റെയിൽ, വിഴിഞ്ഞം കണ്ടെയ്നർ ടെർമിനൽ, പ്രമുഖ റെയിൽവേ സ്റ്റേഷനുകളുടെ കസ്റ്റമർ ലോഞ്ച് മാനേജ്മെന്റ്, ഭാരത് പെട്രോളിയവുമായി സഹകരിച്ച് വേസൈഡ് അമിനിറ്റി എന്നിവയിലേക്ക് തൽപ്പരരായ കുടുംബശ്രീ വനിതകളെയും കുടുംബാംഗങ്ങളെയും കണ്ടെത്തി വിവിധ മേഖലകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിന് കുടുംബശ്രീ ലക്ഷ്യമിടുന്നു.

(ii) എല്ലാ ജില്ലകളിലും വനിതകളുടെ കെട്ടിട നിർമ്മാണ ഗ്രൂപ്പുകൾ ആരംഭിക്കുകയും തുടർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും കമ്മ്യൂണിറ്റി കോൺട്രാക്ടിംഗ് ഗ്രൂപ്പുകളാക്കി ഇവരെ മാറ്റുകയും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

(iii) തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട സ്ത്രീകൾക്ക് നൈപുണ്യ പരിശീലനം നൽകി അവരെ മറ്റ് ഉപജീവന മാർഗ്ഗങ്ങളിലേക്ക് കൈപിടിച്ചുയർത്തുന്ന പദ്ധതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

(iv) ഐ.ആർ.സി.ടി.സി.-യുമായി സംയോജിച്ച് റെയിൽവേ കാറ്ററിംഗ് ഗ്രൂപ്പുകൾ, റെയിൽവേ പാർക്കിംഗ് എന്നിവ വിപുലപ്പെടുത്തി സംസ്ഥാനത്തെ പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ പ്രവർത്തന ക്ഷമമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ റെയിൽവേ ടിക്കറ്റ് കൗണ്ടറുകൾ റീജിയണൽ ഹെഡ് ക്വാർട്ടേഴ്സിലേക്കും തുടർന്ന് സാദ്ധ്യതയുള്ള സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(v) ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഓഫ് ഇന്ത്യ (BPPI) നടപ്പിലാക്കുന്ന 'ജെൻ ഔഷധി' പദ്ധതി സാദ്ധ്യത പരിഗണിച്ച് എല്ലാ സർക്കാർ ആശുപത്രികളിലും ജൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുകയും അതുവഴി അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.

(vi) ടൂറിസം കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കുടുംബശ്രീ സുവനീർ ഷോപ്പുകളും പാർക്കിംഗ് സംവിധാനം, പൊതു ശൗചാലയങ്ങൾ എന്നിവയുടെ മാനേജ്മെന്റും കുടുംബശ്രീ തൊഴിൽ സംരംഭങ്ങളായി ഏറ്റെടുത്ത് നടപ്പാക്കുന്നതിനും ഉദ്ദേശിക്കുന്നു.

(vii) പ്ലാസ്റ്റിക് നിരോധനത്തിന്റെ സാദ്ധ്യത പരിഗണിച്ച് തുണി/ പേപ്പർ ബാഗുകളുടെ ഉൽപ്പാദനം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(viii) കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് നഗരപ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ (മലപ്പുറം മാതൃകയിൽ) വിവിധ ജില്ലകളിലെ സാദ്ധ്യതകൾ ആരാഞ്ഞ് നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്നു.

(ix) വിഷവിമുക്ത പച്ചക്കറി ഉൽപ്പാദനം സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾക്കൊപ്പം എല്ലാ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും ഫ്ലാറ്റുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ച് മട്ടുപ്പാവിലും കൃഷി ആരംഭിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ സജ്ജമാക്കുന്നതിനും സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിൽ സ്ഥലം കണ്ടെത്തി കൃഷി വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ ബാലസഭാ കുട്ടികളുടെ കൂട്ടായ്മയിൽ കൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യത പരിഗണിക്കുന്നതാണ്. ജൈവ കീടനാശിനി, ജൈവ വളം, വെർമി കമ്പോസ്റ്റ് എന്നിവ കുടുംബശ്രീ അയൽക്കൂട്ടം വഴി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യത കണ്ടെത്തുന്നതിനുദ്ദേശിക്കുന്നു.

(x) നിലവിൽ കുടുംബശ്രീ പ്രോത്സാഹിപ്പിച്ചുവരുന്ന കുടുംബശ്രീ ക്യാന്റീനുകൾ, ടാക്സി സർവ്വീസ്, സാന്ത്വനം എന്നീ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച വയോജനപരിപാലനം, കുടുംബശ്രീ ക്രെഷ്, ഫിറ്റ്നെസ് സെന്റർ എന്നിവ നഗരപ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ മുഴുവൻ പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകളിലും കുടുംബശ്രീ ഹൗസ്കീപ്പിംഗ്-ക്യാന്റീൻ സംവിധാനം ഒരുക്കുന്നതിന് പി.ഡബ്ല്യൂ.ഡി.-യുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(xi) ഹോർമോൺ വിമുക്ത ബ്രോയിലർ ചിക്കൻ, മുട്ടക്കോഴി വളർത്തൽ എന്നീ പദ്ധതികളോടൊപ്പം എഗ്ഗർ നഴ്സറിയുടെ സാദ്ധ്യതകൂടി പരിശോധിച്ച് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ഇതിനായി സജ്ജമാക്കുകയും വർഷത്തിലുടനീളം ഇതിനുള്ള ഉൽപ്പാദന വിപണന സംവിധാനം ക്രമീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(xii) കുടുംബശ്രീയുടെ നേതൃത്വത്തിൽ തെരുവുനായ നിയന്ത്രണത്തിനായി ബ്ലോക്ക് തലത്തിൽ മാനേജ്മെന്റ് യൂണിറ്റ് ആരംഭിക്കുകയും മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിലും സഹകരണത്തിലും പരിശീലനം നൽകി സംരംഭ യൂണിറ്റുകൾ ആരംഭിക്കുന്നതിനുമുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) താഴെപ്പറയുന്ന ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്

(i) സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ ശുചിത്വപൂർണ്ണവും സ്വാദിഷ്ടവുമായ ഭക്ഷണം ലഭ്യമാക്കുക.

(ii) സാധാരണക്കാരായ കുടുംബശ്രീ വനിതകൾക്ക് ജീവനോപാധി കണ്ടെത്തുക.

(ഡി) റെയിൽവേയുമായി ചർച്ച നടത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ ചെങ്ങന്നൂർ സ്റ്റേഷനിൽ പ്രസ്തുത ക്യാന്റീൻ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്മാർട്ട് സിറ്റി പദ്ധതി

14 (* 434) ഡോ. എം. കെ. മുനീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളെയാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സജ്ജമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ അർഹത നേടുന്നതിന് പാലിക്കപ്പെടേണ്ട മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) സ്മാർട്ട് സിറ്റി പദ്ധതിയിൽ നഗരങ്ങളെ തിരഞ്ഞെടുക്കുന്നത് ഒരു അന്തർസംസ്ഥാന മത്സരത്തിലൂടെയാണ്. കേരളത്തിൽനിന്ന് കൊച്ചി, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ, പാലക്കാട് നഗരങ്ങൾ ഈ മത്സരത്തിൽ പങ്കെടുക്കുകയും കൊച്ചി നഗരസഭ ഒന്നാം ഘട്ടത്തിൽ തന്നെ തെരഞ്ഞെടുക്കുകയും പദ്ധതിയിൽ ഉൾപ്പെടുകയും ചെയ്തു. രണ്ടാമതായി തലസ്ഥാന നഗരങ്ങളെ ഉൾപ്പെടുത്തി മത്സരം നടത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിൻ പ്രകാരം തിരുവനന്തപുരം നഗരത്തെ പദ്ധതിയിലുൾപ്പെടുത്താനുള്ള മത്സരത്തിനായി നഗരസഭ തയ്യാറെടുത്തുവരുന്നു.

(ബി) സംസ്ഥാനതലത്തിൽ നഗരങ്ങൾ തമ്മിൽ കേന്ദ്ര നഗരവികസന മന്ത്രാലയം നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം മത്സരം നടത്തി ഒന്നാമതെത്തുന്ന നഗരം സ്മാർട്ട്സിറ്റി പദ്ധതി ലഭിക്കുന്നതിനായുള്ള പദ്ധതി നിർദ്ദേശം സമർപ്പിക്കുന്നതിന് യോഗ്യത നേടുന്നു. ഈ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ വിദഗ്ദ്ധ സമിതി പരിശോധിച്ച് യോഗ്യത നേടുന്നവർക്കാണ് പദ്ധതി അനുവദിക്കപ്പെടുന്നത്. ആദ്യഘട്ട മത്സരത്തിൽ യോഗ്യത നേടിയ കൊച്ചിക്ക് അന്തർസംസ്ഥാന മത്സരത്തിലും മികവ് തെളിയിച്ച് അഞ്ചാം സ്ഥാനത്തെത്തി പദ്ധതി നേടിയെടുക്കാനായി. ഇപ്പോൾ നടക്കുന്ന മൂന്നാംഘട്ട മത്സരത്തിൽ തലസ്ഥാന നഗരിയായ തിരുവനന്തപുരമാണ് പദ്ധതിക്കായി മത്സരിക്കുന്നത്.

(സി) സ്മാർട്ട് സിറ്റി പദ്ധതി ലഭിച്ച കൊച്ചിയിൽ പദ്ധതി നടത്തിപ്പിനായി കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ച് പദ്ധതി നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. തിരുവനന്തപുരത്ത് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി കൺസൾട്ടൻസിയെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കൃഷിഭവനുകൾ കാര്യക്ഷമമാക്കൽ

15 (* 435) ശ്രീ. എൽദോ എബ്രഹാം :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിഭവനുകൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) 'അഗ്രോ ക്ലിനിക്കുകൾ' കൊണ്ട് എന്താണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കൃഷിഭവനുകളെ കർഷകർക്ക് ആവശ്യമായ എല്ലാ സാമഗ്രികളും ലഭിക്കുന്ന 'അഗ്രോ ക്ലിനിക്കുകൾ' ആക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കൃഷി ഓഫീസർമാരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) 1. കൃഷി ഭവനുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾ സുതാര്യമായി നടപ്പിലാക്കുന്നതിനുംവേണ്ടി പഞ്ചായത്തുതല കാർഷിക വികസന സമിതികൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള പദ്ധതി സർക്കാർ പരിഗണനയിലാണ്.

2. കൃഷി ഭവന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കാർഷിക കർമ്മ സേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ, ഇക്കോ ഷോപ്പ് എന്നിവ പുതുതായി ആരംഭിക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനും കർഷകർക്ക് ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും കൃഷി ഭവനിലൂടെ ലഭ്യമാക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. അഗ്രോ സർവ്വീസ് സെന്ററുകളുടെ ഭാഗമായി ബയോ ഫാർമസി, മണ്ണ് പരിശോധനാ ലാബ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. കൃഷി ഭവനിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ സംബന്ധിച്ചും നൂതന കൃഷി രീതികൾ, ഹൈടെക് കൃഷി, മറ്റ് പുതിയ കൃഷി അറിവുകൾ തുടങ്ങിയവ ഇന്റർനെറ്റ് മുഖേനയും വിവിധ സോഷ്യൽ മീഡിയകൾ മുഖേനയും കർഷകരിൽ യഥാസമയം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. കർഷകർക്ക് കൃഷി സംബന്ധമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനായി 'കാർഷിക വിവര സങ്കേതം' എന്ന ഒരു വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

5. കൃഷി ഓഫീസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കൃഷി ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) വിളകളെ ബാധിക്കുന്ന കീടരോഗ നിർണ്ണയവും നിയന്ത്രണമാർഗ്ഗങ്ങൾ സംബന്ധിച്ച നിർദ്ദേശവും നൽകുന്നതിനുള്ള സംവിധാനമാണ് അഗ്രോ ക്ലിനിക്കുകൾ കൊണ്ട് ലക്ഷ്യമിടുന്നത്. മണ്ണിന്റെ പരിശോധനയും സന്തുലിത വളപ്രയോഗവും കൂടാതെ ജൈവ രോഗ-കീടനാശിനികളെക്കുറിച്ചും സൂക്ഷ്മാണുവളങ്ങൾ, സൂക്ഷ്മാണു-രോഗ കീടനാശിനികൾ എന്നിവയുടെ ഉപയോഗത്തെക്കുറിച്ചും കർഷകർക്ക് അവബോധം സൃഷ്ടിക്കുന്നതും അഗ്രോ ക്ലിനിക്കിന്റെ ലക്ഷ്യമാണ്.

(സി) കൃഷി ഭവനുകളിൽ കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ, രോഗകീട നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള സേവനങ്ങൾ നടത്തുന്നുണ്ട്. കർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സസ്യസംരക്ഷണം, ജൈവകൃഷി മുതലായവയ്ക്കുള്ള ശിപാർശകളും കൃഷി ഭവൻ മുഖേന നൽകിവരുന്നു. ഘട്ടംഘട്ടമായി എല്ലാ കൃഷിഭവനുകളിലും അഗ്രോ ക്ലിനിക്കിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്.

(ഡി) കൃഷി ഓഫീസർമാരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കർഷക രജിസ്ട്രേഷൻ, ഓൺലൈൻ പേമെന്റ്, എസ്.എം.എസ്., സോഷ്യൽ മീഡിയ എന്നിവ മുഖേനയുള്ള കാർഷിക വികസന വിജ്ഞാനവ്യാപനം തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവയുടെ സേവനം, കൃഷി ഭവൻ മുഖേനയുള്ള പദ്ധതികളുടെ അപേക്ഷകൾ ഓൺലൈൻ ആക്കുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷി ഓഫീസർ നിരന്തരം ഫീൽഡ് വിസിറ്റ് നടത്തുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് പഠിച്ച് പ്രശ്നപരിഹാരത്തിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## ചരിത്രസ്മാരകങ്ങളും ചരിത്രാവശിഷ്ടങ്ങളും

16 (* 436) ശ്രീ. ഒ. ആർ. കേളു :
ശ്രീ. പുരുഷൻ കടലുണ്ടി :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുരാതന ചരിത്രസ്മാരകങ്ങളും ചരിത്രാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിനും അതിന്റെ തനിമ നിലനിർത്തുന്നതിനും പുരാവസ്തു വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) പ്രസ്തുത വകുപ്പിനു കീഴിലുള്ള ജില്ലാ പൈതൃക മ്യൂസിയങ്ങൾ ഏതെല്ലാം ജില്ലകളിലാണ് പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പൈതൃക സ്മാരകങ്ങൾക്കാണ് കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ ധനസഹായം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) 1968-ലെ കേരള പ്രാചീന പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും സംരക്ഷിക്കുന്നതിനും പുരാവസ്തു ശാസ്ത്ര സംബന്ധമായ ഉദ്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും ശിൽപ്പവേലകൾ, കൊത്തുപണികൾ, അവയെപ്പോലുള്ള മറ്റ് വസ്തുക്കൾ എന്നിവ കാത്തുസൂക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പ് ചെയ്തുവരുന്നത്. ഇതിൽ പ്രധാനമായത് ഘടനാപരമായ സംരക്ഷണവും രാസസംരക്ഷണവും ഉദ്ഖനന പ്രവർത്തനവുമാണ്.

(ബി) എല്ലാ ജില്ലകളിലും പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുക എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, ഇടുക്കി, വയനാട്,പാലക്കാട്, മലപ്പുറം എന്നീ 8 ജില്ലകളിൽ ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയം ഒഴിച്ചുള്ള 7 ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങളുടെയും സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങളുടെ പണികൾ നടന്നുവരുന്നു.

(സി) പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങളായ നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, എറണാകുളം ഹിൽ പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പങ്കാളിത്തത്തോടെ "Setting up promotion and Strengthening of Regional and Local Museums" എന്ന പദ്ധതിപ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 80 ശതമാനം ചെലവ് കേന്ദ്രവും ബാക്കി സംസ്ഥാന സർക്കാരും വഹിക്കുന്നു.

## വാഹന പാർക്കിംഗ് ഏരിയകൾ

17 (T* 437) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട നഗരങ്ങളിൽ വാഹനപാർക്കിംഗിന് സ്ഥലം കണ്ടെത്തി, നിശ്ചിത ഫീസ് ഈടാക്കി പാർക്കിംഗ് ഏരിയകൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) സ്ഥലലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ മൾട്ടിലെവൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) സംസ്ഥാനത്തെ വിവിധ നഗരസഭകൾ വാഹന പാർക്കിംഗിന് സ്ഥലം കണ്ടെത്തി നിശ്ചിത ഫീസ് ഈടാക്കി പാർക്കിംഗ് ഏരിയകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടുതൽ നഗരസഭകളിൽ ഫീസ് ഈടാക്കിയുള്ള പാർക്കിംഗ് അനുവദിക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

(ബി) സ്ഥലലഭ്യത കുറഞ്ഞ നഗരപ്രദേശങ്ങളിൽ പാർക്കിംഗ് പ്ലാസ നിർമ്മിക്കുന്ന പദ്ധതിക്ക് 13-ാം പഞ്ചവത്സര പദ്ധതിയിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നിർദ്ദേശമുണ്ട്. വികസന അതോറിറ്റികൾ മുഖേന ടി പദ്ധതി നടപ്പിലാക്കുന്നുണ്ട്.

**പച്ചക്കറി ഉൽപ്പാദന വർദ്ധനവ്**

18 (* 438) ശ്രീ. കെ. ആൻസലൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറിയുല്പാദന വർദ്ധനവിന് തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഉല്പന്നങ്ങളുടെ സംഭരണ വിതരണ പ്രക്രിയയിൽ ഹോർട്ടികോർപ്പിന്റെയും മറ്റു സർക്കാർ ഏജൻസികളുടെയും ഇടപെടൽ പര്യാപ്തമല്ലാത്തതുകൊണ്ട് ഉല്പന്നങ്ങൾ കെട്ടിക്കിടന്നു നശിക്കുകയോ അല്ലെങ്കിൽ തുച്ഛമായ വിലയ്ക്ക് വിറ്റഴിക്കാൻ കർഷകർ നിർബന്ധിതരാകുന്നതോ ആയ സ്ഥിതി പച്ചക്കറി കൃഷിയെ വീണ്ടും പ്രതിസന്ധിയിലേക്കു നയിക്കുമെന്നതിനാൽ അതു പരിഹരിക്കാനായി ഇടപെടൽ ഉണ്ടാകുമോ; വിശദാംശം നൽകുമോ ;

(സി) കർഷകരുടെ താല്പര്യ സംരക്ഷണാർത്ഥം പച്ചക്കറികൾക്ക് ന്യായവില പ്രഖ്യാപിക്കുന്നതിനെക്കുറിച്ചുള്ള അഭിപ്രായം അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് ജൈവകൃഷിക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി ലഘുലേഖകളും കൈപ്പുസ്തകങ്ങളും സ്കൂളുകൾവഴിയും കൃഷിഭവനുകൾവഴിയും വിതരണം ചെയ്തു വരുന്നുണ്ട്. കൂടാതെ ഇതിനാവശ്യമായ പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പുരയിടങ്ങളിൽ പച്ചക്കറി കൃഷി

പ്രോത്സാഹിപ്പിക്കുക, അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, തിരഞ്ഞെടുത്ത വിദ്യാലയങ്ങളിലും മറ്റ് പൊതുസ്ഥാപനങ്ങളിലുമുള്ള പച്ചക്കറി കൃഷി പ്രോത്സാഹനം, പ്രോജക്റ്റ് അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി വികസനം, ജില്ലാ ക്ലസ്റ്റർ വികസനം, തരിശുനിലങ്ങളിൽ പച്ചക്കറി കൃഷി വ്യാപനം, മാധ്യമങ്ങൾ വഴിയും സന്നദ്ധ സംഘടനകൾ, സ്കൂൾ കുട്ടികൾ വഴിയുമുള്ള പച്ചക്കറി വിത്ത് വിതരണം, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾക്കുള്ള ധനസഹായം, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം, നഴ്സറികളുടെ സ്ഥാപനം, മഴമറകൾ സ്ഥാപിക്കൽ, സങ്കരവർഗ്ഗ വിളകളുടെ പരീക്ഷണത്തോട്ടങ്ങൾക്കുള്ള ധനസഹായം, സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും സേഫ്-ടു-ഈറ്റ് പ്രോജക്റ്റ് എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ സാങ്കേതിക വിദ്യാ വികസനവും വ്യാപനവും ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലും കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് ലേലം മുഖേന വിൽപ്പന നടത്താൻ അവസരമുണ്ട്. പ്രസ്തുത വിപണികളിൽനിന്ന് ലേലം മുഖേന ഹോർട്ടികോർപ്പ് കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് വാങ്ങുന്നു. ഉൽപ്പന്നങ്ങൾ കെട്ടി കിടക്കാതിരിക്കുന്നതിനായി ഓരോ മാസത്തിലും ഓരോ ആഴ്ചയിലും ഏതുതരം വിളകൾ ഏത് പ്രദേശത്ത് എത്രമാത്രം അളവിൽ കൃഷി ചെയ്യണം എന്നതിനെപ്പറ്റിയുള്ള മാർഗ്ഗരേഖയുണ്ടാക്കാൻ കേരള കാർഷിക സർവ്വകലാശാല, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സംസ്ഥാന കൃഷി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ 'ഒരു പച്ചക്കറി വിള' ആസൂത്രണ കലണ്ടർ ഹോർട്ടികോർപ്പ് തയ്യാറാക്കിവരുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 274 സ്വാശ്രയ കർഷക വിപണികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ വി.എഫ്.പി.സി.കെ. ആസ്ഥാനത്ത് മാർക്കറ്റ് ഇൻഫർമേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷപ്പെടുത്തുന്നതിനും ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും കഴിയുന്നു.

(സി) വിപണി വിലയേക്കാൾ പത്ത് ശതമാനം അധികം നൽകിയാണ് കർഷകരിൽനിന്ന് നേരിട്ട് ഉൽപ്പന്നങ്ങൾ ഹോർട്ടികോർപ്പ് ഇപ്പോൾ സംഭരിച്ചുവരുന്നത്. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനായി കർഷക പങ്കാളിത്തത്തോടെ വി.എഫ്.പി.സി.കെ. 'റിസ്ക് ഫണ്ട്' എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതി വിഹിതത്തിന്റെ 40 ശതമാനം കർഷകരും 60 ശതമാനം കേരള സർക്കാരും വഹിക്കുന്നു. ഉൽപ്പന്നങ്ങൾക്ക് വില ഇടിയുന്ന അവസരങ്ങളിൽ റിസ്ക് ഫണ്ടിൽനിന്നും അടിസ്ഥാന വില നിശ്ചയിച്ച് കർഷകർക്ക് വിലവ്യത്യാസം നൽകുന്ന പദ്ധതിയാണിത്. ഉൽപ്പന്നങ്ങളുടെ വിലയിൽ കാലാകാലങ്ങളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതുകൊണ്ട് സ്ഥിരമായി ഒരു വില പ്രഖ്യാപിക്കുന്നത് ഭാവിയിൽ ബുദ്ധിമുട്ടുണ്ടാക്കും.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

19 (* 439) ശ്രീ. എം. നൗഷാദ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര വിഹിതമായി ലഭിയ്ക്കുന്നത് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം ജോലികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഗ്രാമീണ മേഖലയിലെ പ്രധാന വരുമാന മാർഗ്ഗമെന്ന നിലയിൽ പ്രസ്തുത പദ്ധതി കാര്യക്ഷമമായും ഫലപ്രദമായും നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനം, ഭരണച്ചെലവ് എന്നിവയിലെ 100 ശതമാനം തുകയും സാധനഘടകത്തിലെ ചെലവിനത്തിൽ 75 ശതമാനം തുകയും കേന്ദ്രവിഹിതമായി ലഭിക്കുന്നുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളാണ് നിലവിൽ സംസ്ഥാനത്ത് ഏറ്റെടുക്കുന്നത്. ആയവ ചുവടെ ചേർക്കുന്നു:

വിഭാഗം എ-പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ.

വിഭാഗം ബി-സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ.

വിഭാഗം സി-ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ.

വിഭാഗം ഡി - ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ.

മേൽവിഭാഗത്തിൽ ഉൾപ്പെടുത്തിത്തന്നെ 2016-17-ലെ കേന്ദ്ര സർക്കാർ പുറത്തിറക്കിയ മാസ്റ്റർ സർക്കുലർ പ്രകാരം സവിശേഷ ശ്രദ്ധ ആവശ്യമുള്ള പ്രവൃത്തികളായ മണ്ണിര/നടേപ് (Nadep) കമ്പോസ്റ്റ് കുഴികൾ, അങ്കണവാടികളുടെ നിർമ്മാണം, വ്യക്തിഗത കക്കൂസുകളുടെ നിർമ്മാണം, ഇന്ദിര പാർപ്പിട പദ്ധതി/മറ്റ് കേന്ദ്ര സംസ്ഥാന പദ്ധതികൾ പ്രകാരമുള്ള ഭവന നിർമ്മാണം, പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന, പ്രധാനമന്ത്രി ആദർശ് ഗ്രാമ യോജന, നീർത്തട വികസനം എന്നിവയുമായുള്ള സംയോജനം എന്നിവയും ഏറ്റെടുത്തിട്ടുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമവും ഫലപ്രദവുമായ നടത്തിപ്പിനായി വിവിധ ഉത്തരവുകൾ സംസ്ഥാന സർക്കാർ നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്. 5-10-2016-ലെ 279/ഡിഡി2/2016-ാം നമ്പർ സർക്കുലർ പ്രകാരം 2017-18 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റിന്റെയും വാർഷിക കർമ്മ പദ്ധതിയുടെയും രൂപീകരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ നടപ്പുവർഷം ആവശ്യമെങ്കിൽ കൂടുതൽ തൊഴിൽ ദിനങ്ങളും സുസ്ഥിരാസ്തികളും സൃഷ്ടിക്കത്തക്കവിധത്തിലുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി അഡീഷണൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. സവിശേഷ ശ്രദ്ധ ആവശ്യമുള്ള പ്രവൃത്തികളായി മണ്ണിര/നടേപ് (Nadep) കമ്പോസ്റ്റ് കുഴികൾ, അങ്കണവാടികളുടെ നിർമ്മാണം, വ്യക്തിഗത കക്കൂസുകളുടെ നിർമ്മാണം, ഇന്ദിര പാർപ്പിട പദ്ധതി/മറ്റ് കേന്ദ്ര സംസ്ഥാന പദ്ധതികൾ പ്രകാരമുള്ള ഭവന നിർമ്മാണം, പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന, പ്രധാനമന്ത്രി ആദർശ് ഗ്രാമ യോജന, നീർത്തട വികസനം എന്നിവ ഏറ്റെടുത്തത് പദ്ധതിയുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് സഹായകരമായിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. നാശോന്മുഖമായതിന്റെ കാരണം

20 (* 440) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രതിമാസ ശമ്പളം കൃത്യമായി കൊടുക്കാൻ തക്ക വരുമാനം ഉണ്ടാകുന്നില്ലെന്ന കാര്യം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ;

(ബി) പണയപ്പെടുത്താൻ സർക്കാർ കൈമാറിയ ആസ്തികൾ പോലും ശേഷിച്ചിട്ടില്ലാത്തവിധം ഈ സ്ഥാപനം നാശോന്മുഖമായിത്തീരാനിടയാക്കിയതിന്റെ വസ്തുനിഷ്ഠമായ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ആവശ്യത്തിലേറെ ജീവനക്കാരെ നിയമിച്ചതും ട്രേഡ് യൂണിയൻ അതിപ്രസരവും അഴിമതിയും ആത്മാർത്ഥതയില്ലാത്ത ഉന്നത ഉദ്യോഗസ്ഥരും ഈ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച്, ഈ സ്ഥാപനത്തെ നിലനിർത്താൻ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും സാമൂഹ്യ പ്രതിബദ്ധതയും സാമ്പത്തിക സ്വയംപര്യാപ്തതയുമുള്ള ഒരു സ്ഥാപനമാക്കി മാറ്റുന്നതിനും സമഗ്ര പുനരുദ്ധാരണം ലക്ഷ്യമിട്ട് പഠനം നടത്തുന്നതിനുമായി കൊൽക്കത്തയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ സർക്കാർ കൺസൾട്ടന്റായി നിയോഗിച്ചിട്ടുണ്ട്.

(സി) ശ്രീ. സുശീൽ ഖന്നയുടെ പഠനറിപ്പോർട്ട് പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

**തുറമുഖങ്ങളുടെ നവീകരണം**

21 (* 441) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ നവീകരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിവരിക്കുമോ ;

(ബി) തുറമുഖങ്ങൾ വഴിയുള്ള ഗതാഗതത്തിനും ചരക്ക് നീക്കത്തിനും എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് തുറമുഖങ്ങളുടെ നവീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങൾവഴി കണ്ടെയ്നർ ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് പാസ്സഞ്ചർ ടെർമിനൽ നിർമ്മാണം, വിഴിഞ്ഞം തുറമുഖത്തിന്റെ വാർഫിന്റെ നീളം കൂട്ടൽ, ബേപ്പൂർ തുറമുഖത്തെ വാർഫിന്റെ നീളം കൂട്ടൽ, മറ്റ് വികസന പ്രവർത്തനങ്ങൾ, കൊടുങ്ങല്ലൂർ, പൊന്നാനി, അഴീക്കൽ, ആലപ്പുഴ എന്നീ തുറമുഖങ്ങളുടെ വികസനം എന്നീ കർമ്മപദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) തുറമുഖങ്ങളിലെ ചരക്ക് നീക്കത്തിന് ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ വാങ്ങിയിട്ടുണ്ട്. വാർഫിന്റെ നീളം കൂട്ടുന്ന പ്രവൃത്തിയും തുറമുഖങ്ങളുടെ നവീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ സാമ്പത്തികവർഷം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ 108 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനായി 500 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ പൊന്നാനി തുറമുഖം പി.പി.പി. മോഡലിൽ വികസിപ്പിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സാഗർമാല/ഭാരത്മാല പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

## എല്ലാ വീടുകളിലും ശൗചാലയം

22 (* 442) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ വീടുകളിലും ശൗചാലയം നിർമ്മിക്കാനുള്ള പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഗുണഭോക്താക്കളെ കണ്ടെത്താൻ സ്വീകരിച്ച മാർഗ്ഗമെന്തായിരുന്നുവെന്നും ഏത് ഏജൻസിയാണ് ഈ ഉത്തരവാദിത്തം നിർവ്വഹിച്ചതെന്നും അറിയിക്കാമോ; ഗുണഭോക്താക്കളായി എത്ര പേർ ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഒരോ യൂണിറ്റിനും കണക്കാക്കിയിരിക്കുന്ന ചെലവെത്രയെന്നും, കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന തുകയെത്രയെന്നും ബാക്കി തുക കണ്ടെത്താൻ എന്തു മാർഗ്ഗമാണ് അവലംബിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(ഡി) ഗുണഭോക്താക്കൾ സ്പോൺസർമാരെ നേരിട്ടു കണ്ടുപിടിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) ഉണ്ട്. കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും കക്കൂസ് സൗകര്യം ഉറപ്പാക്കുന്നതിനുള്ള പദ്ധതി പഞ്ചായത്തുകളും നഗരസഭകളും നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ പൂർണ്ണമായും ശൗചാലയം നിർമ്മിച്ച് 2016 നവംബർ ഒന്നിന് ഓപ്പൺ ഡെഫിക്കേഷൻ ഫ്രീയായി പ്രഖ്യാപിക്കുന്നതിനും സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ പൂർണ്ണമായും ശൗചാലയം നിർമ്മിച്ച് 2017 മാർച്ച് 31-ന് ഓപ്പൺ ഡെഫിക്കേഷൻ ഫ്രീയായി പ്രഖ്യാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ എന്നിവരെ ഉപയോഗിച്ച് സർവ്വേ നടത്തിയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. പഞ്ചായത്തിലെയും ബ്ലോക്കിലെയും ഉദ്യോഗസ്ഥർ പ്രസ്തുത സർവ്വേ ഡാറ്റാ ഫീൽഡുതല പരിശോധന നടത്തി വാലിഡേറ്റ് ചെയ്യുകയുണ്ടായി. സർവ്വേപ്രകാരം ഗ്രാമങ്ങളിൽ 175399 കുടുംബങ്ങളും നഗരപ്രദേശങ്ങളിൽ 34578 കുടുംബങ്ങളും ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തവരാണെന്ന് കണ്ടെത്തി.

(സി) വ്യക്തിഗത ഗാർഹിക ടോയ്‌ലറ്റിന്റെ യൂണിറ്റ് കോസ്റ്റ് 15,400 രൂപയാണ്. കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, ഗുണഭോക്തൃ വിഹിതം/ തദ്ദേശഭരണ സ്ഥാപന വിഹിതം എന്നിവ താഴെപ്പറയും പ്രകാരമാണ്.

| | കേന്ദ്ര വിഹിതം (60%) | സംസ്ഥാന വിഹിതം (40 %) | തദ്ദേശ വിഹിതം | ആകെ |
|---|---|---|---|---|
| ഗ്രാമം | 7200 | 4800 | 3400 | 15400 |
| നഗരം | 4000 | 2667 | 8733 | 15400 |

കേന്ദ്ര സംസ്ഥാന വിഹിതവും തദ്ദേശഭരണ സ്ഥാപന വിഹിതവും ഉൾപ്പെടെ 15,400 രൂപയാണ് യൂണിറ്റ് കോസ്റ്റ് എങ്കിലും ദുർഘട പ്രദേശങ്ങളിൽ ഇതിൽ കൂടുതൽ തുക നൽകുന്നുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള യഥാർത്ഥ തുകയാണ് നൽകുന്നത്. ഇതിനാവശ്യമായ തുക ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനും ഈ തുക സംസ്ഥാന സർക്കാർ റീഇംബേഴ്സ് ചെയ്തു നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.

(ഡി) അങ്ങനെയൊരു സാഹചര്യം ഉണ്ടായിട്ടില്ല.

## കെ.എസ്.ആർ.ടി.സി. പുനഃസംഘടിപ്പിക്കൽ

23 (* 443) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിച്ച് വിശദപഠനം നടത്താൻ കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തെ ഇതിനായി തെരഞ്ഞെടുക്കാനുള്ള പ്രത്യേക കാരണമെന്താണെന്ന് വിശദമാക്കുമോ;

(സി) ഏതൊക്കെ കാര്യങ്ങളെക്കുറിച്ച് പഠിക്കാനാണ് പ്രസ്തുത സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ-സി) കെ.എസ്.ആർ.ടി.സി.-യെ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിച്ച് വിശദപഠനം നടത്താനായി കൊൽക്കത്തയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രസ്തുത സ്ഥാപനത്തിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ 24-9-2016-ലെ സർക്കാർ ഉത്തരവ് ജി.ഒ.(Rt.)367/2016/Trans പ്രകാരം ഓപ്പറേഷൻ മാനേജ്മെന്റ്, ഫിനാൻഷ്യൽ മാനേജ്മെന്റ്, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, ഇൻവെന്ററി മാനേജ്മെന്റ് എന്നീ വിഭാഗങ്ങളിൽ കൂടുതൽ ഊന്നൽ നൽകി വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പ്രാദേശിക കാർഷിക വിപണികൾ

24 (* 444) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാദേശികമായ കാർഷിക വിപണികൾ ലേല മാർക്കറ്റുകളായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം മാർക്കറ്റുകൾക്ക് ആവശ്യമായ സഹായം നല്കാൻ തയാറാകുമോ;

(സി) ഗ്രാമീണ ചന്തകൾ പുനരുജ്ജീവിപ്പിക്കാൻ നടപടിയെടുക്കുമോ; ഇതിന് വേണ്ട നിർദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുമോ;

(ഡി) കാർഷിക കൂട്ടായ്മകളെ സംഘടിപ്പിച്ച് ഇക്കാര്യത്തിൽ പ്രോത്സാഹനം നൽകുമോ ; വിശദമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ&ബി) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ആറ് മൊത്ത വ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങളിലും കർഷകർക്ക് നേരിട്ടുതന്നെ ആവശ്യക്കാർക്ക് കാർഷികോൽപ്പന്നങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനു വേണ്ട സഹായങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ വി.എഫ്.പി.സി.കെ.-യുടെ സ്വാശ്രയ വിപണികളിലും കർഷകരുടെ ഉൽപ്പന്നങ്ങൾ ലേലം ചെയ്ത് വിൽക്കപ്പെടുന്നു.

(സി&ഡി) ഗ്രാമങ്ങളിലും നഗരങ്ങളിലും ഉടനീളം കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് വിപണനത്തിന് പ്രേരിപ്പിക്കുന്നുണ്ട്. പച്ചക്കറി കൃഷിയിൽ ബ്ലോക്കു തലത്തിലും പഞ്ചായത്തുതലത്തിലും പ്രവർത്തിച്ചുവരുന്ന ക്ലസ്റ്ററുകൾ നല്ല രീതിയിലുള്ള വിപണനം നടത്തിവരുന്നു.

**പച്ചക്കറികളിലെ കീടനാശിനി**

25 (* 445) ശ്രീ. എം. എം. മണി :
ശ്രീ. എം. സ്വരാജ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്നതും സംസ്ഥാനത്ത് ഉല്പാദിപ്പിച്ച് വിൽക്കുന്നതുമായ പച്ചക്കറികളിലെ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്താനായി ഏതു തരത്തിലുള്ള പരിശോധനകളാണ് നടന്നുവരുന്നത്;

(ബി) ഈ ആവശ്യത്തിനായി മൊബൈൽ ലാബുകൾ സജ്ജീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണം; പരിശോധന ഫലം ലഭിക്കുന്നതിനായി കാലതാമസം നേരിടുമോ;

(സി) നിരോധിത കീടനാശിനികൾ സംസ്ഥാനത്ത് വിൽക്കുകയോ ഇതര സംസ്ഥാനത്തു നിന്ന് കടത്തികൊണ്ടു വരികയോ ചെയ്യുന്നില്ല എന്ന് ഉറപ്പാക്കാൻ എന്തു സംവിധാനമാണുള്ളത്; സംസ്ഥാനത്ത് ഇത്തരം കീടനാശിനികളോ രാസവസ്തുക്കളോ ഉപയോഗിക്കുന്നവർക്കെതിരെ നടപടിയെടുക്കാറുണ്ടോ; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിച്ചുവരുന്ന കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലും ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന ലാബുകളിലും കൃഷിയിടങ്ങളിൽനിന്നും മാർക്കറ്റിൽനിന്നും ശേഖരിക്കുന്ന പച്ചക്കറികളുടെ സാമ്പിളുകൾ പരിശോധിച്ച് പരിശോധനാഫലം പരസ്യപ്പെടുത്തുന്നുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിൽ ഒരു മൊബൈൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പച്ചക്കറികളിലെ വിഷാംശം കണ്ടെത്തുന്നതിനുള്ള ഉപകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള മൊബൈൽ ലാബുകൾ സജ്ജീകരിച്ചിട്ടില്ല.

(സി) കൃഷി ഓഫീസർമാർ എല്ലാ കീടനാശിനി വിൽപ്പന കേന്ദ്രങ്ങളും പരിശോധിച്ച് നിരോധിത കീടനാശിനികളുടെ വിൽപ്പന നടത്തുന്നില്ലെന്ന് ഉറപ്പാക്കുന്നുണ്ട്. അനധികൃത വിൽപ്പന നടത്തുന്നവർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കീടനാശിനി ഡീലർമാരോ വിതരണക്കാരോ കമ്പനികളോ കർഷകർക്ക് നേരിട്ട് കീടനാശിനി വിൽക്കുന്നതും പ്രചരിപ്പിക്കുന്നതും നിരോധിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിക്കൊണ്ട് നൽകിയിട്ടുള്ള സർക്കുലർ അനുബന്ധമായി ചേർത്തിരിക്കുന്നു. *

**ഹരിതകേരളം കൺസോർഷ്യം മിഷൻ പദ്ധതി**

26 (* 446) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളപ്പിറവി ദിനത്തിൽ പ്രഖ്യാപിക്കുന്ന ഹരിത കേരളം കൺസോർഷ്യം മിഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(ബി) ഏതെല്ലാം മേഖലകൾക്കാണ് ഈ പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരുടെയെല്ലാം പങ്കാളിത്തമാണ് ഈ പദ്ധതിയുടെ നടത്തിപ്പിൽ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിന് ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനുവേണ്ടി നാല് ബൃഹത്തായ പദ്ധതികൾ അഞ്ചുവർഷംകൊണ്ട് ജനകീയ പങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ 28-9-2016-ലെ സ.ഉ. (പി)നമ്പർ 41/2016/ ആ.സാ.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാണ് ഹരിത കേരളം പദ്ധതി. സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലിന്യപ്രശ്നത്തിന് പരിഹാരം കാണുക, മാലിന്യ സംസ്കരണ പ്രവർത്തനങ്ങളോടൊപ്പം ജൈവകൃഷി വ്യാപിപ്പിക്കുക, പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിലും സ്വയംപര്യാപ്തത നേടുക, നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങൾ.

(ബി) ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മൂന്നു മേഖലകളിൽ ഊന്നൽ നൽകുന്ന ബൃഹത്തായ ഒരു പദ്ധതിയാണ് ഹരിതകേരളം പദ്ധതി. ഓരോ വീട്ടിലെയും മാലിന്യസംസ്കരണ രീതി നിലവിൽ എങ്ങനെയാണെന്ന് വിലയിരുത്തുകയും ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് ഓരോ വീട്ടിലും പ്രായോഗികമാകുക എന്ന് നിർദ്ദേശിക്കുകയും ഇതിനായി വീട്ടുകാരെ സജ്ജരാക്കുകയും ചെയ്യുക എന്നത് ഹരിതകേരളം പദ്ധതിയുടെ പ്രധാന പ്രവർത്തനമാണ്. ഇതുകൂടാതെ ചന്തകൾ, അറവുശാലകൾ, കല്യാണ മണ്ഡപങ്ങൾ എന്നിവയിലെ മാലിന്യസംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങളും ഉറപ്പാക്കും. സംസ്ഥാനത്തുള്ള കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനും നദികളുടെയും കായലുകളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും സംരക്ഷണവും ശുചീകരണവും വീടുകൾതോറുമുള്ള കൃഷിസാധ്യതയ്ക്കുപുറമേ പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിൽ സ്വയംപര്യപ്തത നേടുന്നതിനും ഊന്നൽ നൽകും.

(സി) ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, കർമ്മസേനകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദഗ്ദ്ധർ, പൊതുജനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവരുടെ പങ്കാളിത്തം പ്രയോജനപ്പെടുത്തുവാനുദ്ദേശിക്കുന്നു.

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായും സഹഅദ്ധ്യക്ഷൻ മുൻ മന്ത്രി/മുൻ എം.എൽ.എ./മുൻ എം.പി., ഉപാദ്ധ്യക്ഷൻ ധനകാര്യം, തദ്ദേശസ്വയംഭരണം, കൃഷി, ജലവിഭവം, ആരോഗ്യം, വനം മന്ത്രിമാർ, ആസൂത്രണബോർഡ് ഉപാദ്ധ്യക്ഷൻ കൂടാതെ ഉപദേഷ്ടാവായി സീനിയർ നിലവാരത്തിലുള്ള ഒരു ശാസ്ത്രജ്ഞൻ, പ്രത്യേക ക്ഷണിതാവ്, പ്രതിപക്ഷ നേതാവ്, അംഗങ്ങൾ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണം, ആരോഗ്യം, കൃഷി, ജലവിഭവം, ടൂറിസം, വിദ്യാഭ്യാസം, വനം) സംസ്ഥാനത്തെ മൂന്ന് ടാസ്ക് ഫോഴ്സുകളുടെ ചീഫ് എക്സിക്യൂട്ടീവ് എന്നിവരും ആസൂത്രണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മിഷൻ സെക്രട്ടറി ആയി പ്രവർത്തിക്കുന്നതുമായ സംസ്ഥാനതല ഹരിതകേരളം മിഷൻ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള എംപവേർഡ് കമ്മിറ്റി കർമ്മസേന പ്രവർത്തനം ഏകോപിപ്പിക്കും. കൂടാതെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ജില്ലാ മിഷനുകളും തദ്ദേശഭരണ സ്ഥാപനതല മിഷനുകളുമുണ്ടാകും.

## കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം

27 (* 447) ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽ നടപ്പിലാക്കിയിട്ടുള്ള രീതിയിൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം, ദീർഘദൂരം, ഹ്രസ്വദൂരം, സിറ്റി സർവീസ് എന്ന അടിസ്ഥാനത്തിൽ വ്യത്യസ്ത സോണുകളായി തിരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഓരോ സോണും വ്യത്യസ്ത ലാഭകേന്ദ്രങ്ങളായി പരിഗണിച്ചാൽ കെ.എസ്.ആർ.ടി.സി. മെച്ചപ്പെട്ട നിലയിലെത്തുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്രമായ പുനരുദ്ധാരണത്തെക്കുറിച്ച് പഠിക്കാൻ കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ടിയാന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## കേന്ദ്ര സർക്കാരിന്റെ കാർഷിക നയങ്ങൾ

28 (* 448) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ നയങ്ങൾ സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഏതു തരത്തിലുള്ള പ്രത്യാഘാതമാണ് ഉണ്ടാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കാർഷിക മേഖലയ്ക്ക് ബഡ്ജറ്റ് വിഹിതം കുറച്ചതും ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ താങ്ങുവില പ്രഖ്യാപിക്കാൻ തയ്യാറല്ലെന്ന നിലപാടും കർഷകരെ കടക്കെണിയിലാക്കിയിരിക്കുന്നതിനാൽ അവ തിരുത്താൻ നടപടി എടുക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) അന്താരാഷ്ട്ര വിപണിയിലെ ചാഞ്ചാട്ടങ്ങൾ വഴി കൂടുതൽ പാപ്പരാക്കപ്പെടുന്ന ദരിദ്ര കർഷകരെ സംരക്ഷിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) 2015-16 സാമ്പത്തിക വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിത അനുപാതത്തിൽ വരുത്തിയിട്ടുള്ള കുറവും ആർ.കെ.വി.വൈ. പദ്ധതിക്ക് ബഡ്ജറ്റ് വിഹിതത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വരുത്തിയിട്ടുള്ള കുറവും കാർഷിക അനുബന്ധ മേഖലകളുടെ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തടസ്സമായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വിദേശ വ്യാപാര നയങ്ങൾ കാർഷിക മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കാർഷിക വിളകളിൽ നെല്ലിനും കൊപ്രയ്ക്കുമാണ് കേന്ദ്രസർക്കാർ താങ്ങുവില പ്രഖ്യാപിക്കുന്നത്. ഉൽപ്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ നെല്ല്, കൊപ്ര, പച്ചനാളികേരം എന്നിവയ്ക്ക് നൽകുന്ന താങ്ങുവില വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്. ആർ.കെ.വി.വൈ. പദ്ധതിക്ക് കൂടുതൽ കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനുള്ള ശിപാർശയും സംസ്ഥാന സർക്കാർ മുഖേന കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) കാർഷിക മേഖലയിലെ ഉൽപ്പാദനം വർദ്ധിപ്പിച്ച് അതിലൂടെ കർഷകരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സംസ്ഥാന പദ്ധതികൾക്കായി 406.61 കോടി രൂപയും കേന്ദ്ര പദ്ധതികൾക്കായി 358.85 കോടി രൂപയും നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനുപരിയായി പദ്ധതിയിതര ഇനത്തിൽ ഉൾപ്പെടുത്തി കർഷക പെൻഷൻ, സൗജന്യ വൈദ്യുതി, ഉൽപ്പാദന ബോണസ് എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നതിന് 660.38 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ തനത് കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി അന്താരാഷ്ട്ര വിപണിയിൽ എത്തിക്കത്തക്കവിധം value addition മേഖലയെ ശക്തിപ്പെടുത്തുക വഴി കാർഷിക മേഖലയിൽ സ്വയംപര്യാപ്തതയുണ്ടാക്കുക, മൂല്യവർദ്ധിത ഉൽപ്പാദന രംഗത്തുണ്ടാകുന്ന ലാഭത്തിൽ കർഷകർക്കുകൂടി ന്യായമായ പങ്കാളിത്തം ലഭ്യമാകത്തക്ക വിധത്തിലുള്ള നയം നടപ്പാക്കുക തുടങ്ങിയ പരിപാടികൾ സർക്കാർ ആവിഷ്കരിച്ചുവരുന്നു.

## നീര പദ്ധതി

29 (* 449) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രധാന തടസ്സം കൃഷി-എക്സൈസ് വകുപ്പുകളുടെ ഏകോപനമില്ലായ്മയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) 22-6-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 111/2015/കൃഷി പ്രകാരം നീര ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം നീര ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നീര ടെക്നീഷ്യൻ പരിശീലനത്തിനും ധനസഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നീര ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ ചെറുകിട നീര ഉൽപ്പാദക യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി നാളികേര ഉൽപ്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾ, കൃഷി വകുപ്പിന് കീഴിലുള്ള ഏജൻസികൾ എന്നിവയ്ക്ക് കെട്ടിട യന്ത്രസാമഗ്രികൾക്ക് സഹായധനമായി പരമാവധി 50 ലക്ഷം രൂപ സഹായധനം അനുവദിക്കുന്നതിന് 22-3-2016-ലെ സ.ഉ. (എം.എസ്)നമ്പർ 57/2016/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. 2015-16-ൽ നാളികേര വികസന ബോർഡിനു കീഴിലുള്ള മൂന്ന് നാളികേര ഉൽപ്പാദക കമ്പനികൾക്ക് നീര ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ വീതം ആകെ 150 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 2016-17-ലെ ബഡ്ജറ്റിൽ നീര ടെക്നീഷ്യൻ പരിശീലനത്തിനായി 50 ലക്ഷം രൂപയും നീര ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായത്തിനായി 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ പടന്നക്കാട് കാർഷിക കോളേജിൽ ഒരു പൈലറ്റ് നീര യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. 197 യൂണിറ്റുകൾക്ക് എക്സൈസ് വകുപ്പ് 2016-17 വർഷത്തേക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നീരയുടെ ഗുണനിലവാരം ക്രമീകരിക്കുന്നതിന് സർട്ടിഫിക്കേഷൻ നടപടികളും ടെട്രാ പാക്കിംഗ് പോലെയുള്ള നൂതന പായ്ക്കിംഗ് രീതികളിൽ നീര ലഭ്യമാക്കുവാനും ഏകീകൃത വിപണന തന്ത്രങ്ങളിൽക്കൂടി നീരയുടെ വിപണന വിപുലീകരണത്തിനും ലക്ഷ്യമിടുന്നു.

(ബി) കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപനത്തോടെയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) 2016-17 ബഡ്ജറ്റിൽ നീര ടെക്നീഷ്യൻ പരിശീലനത്തിനായി 50 ലക്ഷം രൂപയും നീര ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നീര ടെക്നീഷ്യൻമാരുടെ ലഭ്യത ഉറപ്പാക്കുന്നതിനും കൂടുതൽ യുവാക്കൾക്ക് നീര ഉൽപ്പാദന പരിശീലനം നടത്തുന്നതിനും ഉത്തമമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് നീര ഉൽപ്പാദനം വർദ്ധിപ്പിക്കുക, നീരയിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി വിപണന സാദ്ധ്യത വിപുലീകരിക്കുക എന്നിവ ലക്ഷ്യമിടുന്നു.

**തീരദേശങ്ങളിലെ തെങ്ങുകൃഷി**

30 (* 450) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശസംരക്ഷണ നിയമപ്രകാരം കുടിയൊഴിപ്പിക്കപ്പെട്ട സ്ഥലങ്ങളിൽ തെങ്ങ് ഉൾപ്പെടെയുള്ള ഫലവൃക്ഷങ്ങൾ നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവയെ സംരക്ഷിക്കുന്നതിന് ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(സി) തെങ്ങ് കൃഷിക്ക് ഏറ്റവും അനുയോജ്യമായ പ്രസ്തുത സ്ഥലങ്ങളിൽ തെങ്ങ് നട്ട് പരിപാലിക്കുന്നതിന് കൃഷിവകുപ്പ് പദ്ധതി രൂപീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) തീരദേശ സംരക്ഷണ നിയമപ്രകാരം കുടിയൊഴിപ്പിക്കപ്പെട്ട സ്ഥലങ്ങൾ റവന്യൂ വകുപ്പിന്റെ അധീനതയിലാണ് സംരക്ഷിക്കപ്പെടുന്നത്. പ്രസ്തുത തീരദേശ ഭൂമിയിൽ തെങ്ങുകൾ ഉള്ളതായി കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തീരദേശ പ്രദേശങ്ങളിൽ വ്യാപകമായി കണ്ടുവരുന്ന തെങ്ങോലപ്പുഴുവിന്റെ ആക്രമണത്തിൽനിന്നും തെങ്ങുകളെ സംരക്ഷിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ പരാദപ്രാണി പ്രജനന കേന്ദ്രങ്ങളിൽ (പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ) നിന്നും പരാദപ്രാണികളെ ഉൽപ്പാദിപ്പിച്ച് തെങ്ങോലകളിലേക്ക് തെങ്ങോലപ്പുഴുക്കളെ നശിപ്പിക്കുന്നതിനായി വിടുന്ന പദ്ധതി സൗജന്യമായിത്തന്നെ ഇപ്പോൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

(സി) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള

30 കേര ഗ്രാമങ്ങൾ 54 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 4500 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. ടി പദ്ധതി ഗുണഭോക്തൃ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കി വരുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ
## മുണ്ടക നെൽക്കൃഷി

1 (3845) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തീരദേശങ്ങളിൽ ഓരുജലം കയറുന്ന പ്രദേശങ്ങളിലെ നീർത്തടങ്ങളിൽ മുണ്ടകനെല്ല് കൃഷി ചെയ്യുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഓരുജലത്തിൽ വളരുന്നതിന് ശേഷിയുള്ള മുണ്ടക നെൽവിത്ത് കേരളത്തിന്റെ വിത്ത് ശേഖരത്തിൽ സൂക്ഷിച്ചിട്ടുണ്ടോ; കർഷകർക്ക് ഈ വിത്ത് ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(സി) കേരളത്തിന്റെ പൈതൃക സമ്പത്തുകളിലൊന്നായ മുണ്ടക വിത്തുകൾ കർഷകർക്ക് ലഭിക്കുന്നതിനും ആയതിന്റെ കൃഷി വ്യാപിപ്പിക്കുന്നതിനും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുമോ; വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. തൃശ്ശൂർ ജില്ലയിൽ മാള, വെള്ളാങ്ങല്ലൂർ, മുല്ലശ്ശേരി ബ്ലോക്കുകളിലും കണ്ണൂരിൽ 50 ഹെക്ടർ സ്ഥലത്തും എറണാകുളം ജില്ലയിൽ കളമശ്ശേരി ബ്ലോക്കിലും തൃശ്ശൂർ ജില്ലയിൽ 230 ഏക്കർ സ്ഥലത്തും മുണ്ടകൻ കൃഷി ചെയ്യുന്നുണ്ട്.

(ബി) പൊതുവെ കർഷകർ കൈമാറ്റം വഴിയാണ് മുണ്ടക നെൽവിത്ത് സംഭരിച്ച് നെൽക്കൃഷിക്ക് ഉപയോഗിച്ചുവരുന്നത്. ഓരുജലത്തിൽ കൃഷി ചെയ്യാൻ ശേഷിയുള്ള വൈറ്റില 4, വൈറ്റില 6, വൈറ്റില 7, വൈറ്റില 8, വൈറ്റില 9, ചെട്ടിവിരിപ്പ്, ചെറുവിരിപ്പ് എന്നീ വിത്തുകൾ വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാണ്. കേരള സംസ്ഥാനത്ത് വിത്ത് വികസന അതോറിറ്റി മുഖേനയും ഓരുജലത്തിൽ കൃഷി ചെയ്യാൻ സാധിക്കുന്ന നെൽവിത്തുകൾ കർഷകരിൽനിന്നും സംഭരിച്ച് ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ട്. നെൽവിത്ത് ആവശ്യമുള്ള കർഷകർ സീഡ് അതോറിറ്റിയെ മുൻകൂട്ടി അറിയിച്ചാൽ ആവശ്യമായ വിത്ത് സംഭരിച്ച് നൽകുന്നതാണ്.

(സി) കേരളത്തിന് പൈതൃകമായി ലഭിച്ചിട്ടുള്ള എല്ലാ നെൽവിത്തുകളും സംരക്ഷിക്കുന്നതിനും കർഷകർക്ക് ലഭിക്കുന്നതിനും വിത്ത് ബാങ്ക് എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് കൃഷി വകുപ്പ് ഒരു പദ്ധതി രൂപപ്പെടുത്തി വരികയാണ്.

## വാഴ കർഷകർക്ക് നഷ്ടപരിഹാരം

2 (3846) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം കൃഷിഭവൻ പരിധിയിലുള്ള ചാത്തൻകാവ് പ്രദേശത്തെ കൃഷിക്കാരുടെ പതിനായിരത്തിലധികം വരുന്ന വാഴകൾ 2014-ലെ കാലവർഷ കെടുതിയിൽ നശിച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൃഷിക്കാർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള അപേക്ഷയിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്;

(സി) ലക്ഷങ്ങളുടെ നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിൽ കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ എപ്പോൾ നഷ്ടപരിഹാരം ലഭ്യമാക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2013 ജൂലൈ മുതൽ നഷ്ടപരിഹാരം നൽകാനുണ്ട്. അർഹമായ നഷ്ടപരിഹാരത്തുക കർഷകർക്ക് അനുവദിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഫണ്ടിന്റെ അപര്യാപ്തതമൂലം കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ കാലതാമസം ഉണ്ടാകാറുണ്ട്. 2012 മുതൽ കൃഷിനാശം സംഭവിച്ച കൃഷിക്കാർക്കുള്ള നഷ്ടപരിഹാരത്തുക നൽകിയിട്ടില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഫണ്ട് ലഭ്യമാക്കി നഷ്ട പരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇക്കോ ഷോപ്പുകൾ

3 (3847) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഷരഹിത പച്ചക്കറി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 'ഇക്കോ ഷോപ്പുകൾ' ആരംഭിച്ചിട്ടുണ്ടോ ;

(ബി) വെള്ളായണി കാർഷിക കോളേജ് ലബോറട്ടറിയിൽ നടത്തിയ കീടനാശിനി വിഷാംശ പരിശോധനയിൽ ഇക്കോ ഷോപ്പുകളിൽ നിന്നും ശേഖരിച്ച പച്ചക്കറികളിൽ വിഷാംശം കണ്ടെത്താത്തതിനെ തുടർന്ന് ഇവ വിഷരഹിതമെന്ന് വ്യക്തമാക്കുന്ന ഉൽപ്പന്ന പരിശോധനാ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോ ;

(സി) ഇക്കോ ഷോപ്പുകളുടെ ഗുണഫലം കൂടുതൽ ആളുകളിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) മാളുകളിലും ഹൈപ്പർ മാർക്കറ്റുകളിലും ജൈവപച്ചക്കറിയെന്ന പേരിൽ വിൽക്കുന്നവയിൽ പലതിലും വിഷാംശം കണ്ടെത്തിയിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) ജി.എ.പി. ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിച്ച വിഷവിമുക്തമായ പഴം-പച്ചക്കറികൾ ഇക്കോ ഷോപ്പുകൾ വഴി വിൽപ്പന നടത്തുന്നതാണ്. നിലവിലുള്ള 45 ഇക്കോ ഷോപ്പുകൾക്കുപുറമേ 15 ഇക്കോ ഷോപ്പുകൾകൂടി അധികമായി ആരംഭിക്കുന്നതാണ്. ഇക്കോ ഷോപ്പുകൾവഴി ജൈവ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് കർഷകർക്ക് ധനസഹായവും നൽകാൻ പദ്ധതിയുണ്ട്.

(ഡി) ഉണ്ട്.

(ഇ) കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും ഭക്ഷ്യ സുരക്ഷാ വകുപ്പും ജൈവ പച്ചക്കറി കടകളിൽനിന്ന് സാമ്പിൾ ശേഖരിച്ച് പരിശോധിച്ച് ഫലങ്ങൾ പരസ്യപ്പെടുത്തുന്നുണ്ട്. കൂടാതെ പച്ചക്കറികളിലെ വിഷാംശം നീക്കംചെയ്ത് ഭക്ഷ്യയോഗ്യമാക്കുന്ന മാർഗ്ഗങ്ങൾ കാർഷിക സർവ്വകലാശാല വികസിപ്പിച്ചിട്ടുണ്ട്.

**അമിതവില**

4 (3848) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. പി.ടി. തോമസ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ പഴം-പച്ചക്കറികൾക്ക് ഉപഭോക്താക്കളിൽ നിന്നും സ്വകാര്യ കച്ചവടക്കാർ അമിതവില ഈടാക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതൊഴിവാക്കുന്നതിനായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ താലൂക്കാസ്ഥാനങ്ങളിലും ജൈവ പഴം-പച്ചക്കറി വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. എന്നാൽ ന്യായവിലയ്ക്ക് ഇവ ലഭ്യമാക്കുന്നതിനായി 40 ഇക്കോ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. ഈ സാമ്പത്തികവർഷം 15 ഇക്കോ ഷോപ്പുകൾകൂടി അധികമായി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ താലൂക്കാസ്ഥാനങ്ങളിലും ജൈവ പഴം-പച്ചക്കറി വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ**

5 (3849) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പുനരുദ്ധാരണത്തിനായി 4 കോടി രൂപ സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച ഫയലിൽ 5-8-2014)-ലെ No.22856/P43S 2014-ൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത സാമ്പത്തിക സഹായം കെയ്കോയ്ക്ക് നൽകാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെയ്കോയെ പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 4 കോടി രൂപ സഹായധനം അനുവദിക്കുന്നത് സംബന്ധിച്ച് 17-7-2014-ൽ അന്നത്തെ കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തുകയും ഇതിനാവശ്യമായ നടപടി ക്രമങ്ങൾ തുടങ്ങാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. തുടർന്ന് 24-2-2016-ൽ കോർപ്പറേഷൻ ലഭ്യമാക്കിയ പ്രൊപ്പോസൽ ഇലക്ഷൻ പെരുമാറ്റച്ചട്ടം നില നിന്നിരുന്നതിനാൽ ജൂൺ 2016-നുശേഷം വീണ്ടും സമർപ്പിക്കാനായി നിർദ്ദേശിക്കുകയുണ്ടായി. ഇതനുസരിച്ച് തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ശമ്പള പരിഷ്കരണം**

6 (3850) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ ജീവനക്കാർക്ക് പ്രഖ്യാപിക്കുന്ന ഡി.എ. അതത് സമയത്ത് കെയ്കോ ജീവനക്കാർക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കെയ്കോ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് കോർപ്പറേഷനിൽനിന്നും ശമ്പള പരിഷ്കരണ ശിപാർശ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) സർക്കാർ പ്രഖ്യാപിക്കുന്ന ഡി.എ. കോർപ്പറേഷനിലെ ജീവനക്കാർക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി അതാത് സമയങ്ങളിൽ കോർപ്പറേഷന്റെ ബോർഡ് കൂടിയാണ് തീരുമാനിക്കുന്നത്.

(സി) കെയ്കോ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

**ആത്മ പദ്ധതി**

7 (3851) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് ആത്മ (Agriculture Technology Management Agency) കേരളയുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി എത്ര തുക ഏതെല്ലാം ഇനത്തിൽ ചെലവിട്ടിട്ടുണ്ടെന്ന വിവരം പദ്ധതി തിരിച്ച് ജില്ലാടി സ്ഥാനത്തിലുള്ള വാർഷിക വിവരങ്ങൾ സഹിതം അറിയിക്കാമോ;

(ബി) എത്ര തുക സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടായിരുന്നു വെന്നുള്ള വിവരം പദ്ധതി തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് ആത്മ (Agriculture Technology Management Agency) കേരളയുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവായ തുക ജില്ലാടിസ്ഥാനത്തിൽ പദ്ധതി ഘടകങ്ങൾ തിരിച്ച് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) ആത്മ പദ്ധതിക്ക് 2014-15 വരെ 90:10 എന്ന അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി പദ്ധതി തുക അനുവദിച്ചിരുന്നത്. 2015-16 മുതൽ 60:40 എന്ന രീതിയിലാണ് നടപ്പിലാക്കിവരുന്നത്. കേന്ദ്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർക്കാർ അനുവദിക്കുന്ന ഫണ്ടിനൊപ്പം സംസ്ഥാന വിഹിതമായ 40% തുകകൂടി ഉൾപ്പെടുത്തിയാണ് ഫണ്ട് അനുവദിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന ഫണ്ട് ജില്ലകൾക്ക് നൽകുമ്പോൾ കേന്ദ്ര സംസ്ഥാന ഫണ്ടുകൾ എന്ന രീതിയിൽ വേർതിരിച്ച് നൽകാറില്ല. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.* മൊത്തം ഫണ്ട് 14 ജില്ലകൾക്കും സമിതിക്കുമായി വീതിച്ച് നൽകാറാണ് പതിവ്.

## കൃഷി വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

8 (3852) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കൃഷി വകുപ്പിന് കീഴിലുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചതെന്നും ഏതൊക്കെയാണ് നഷ്ടത്തിൽ പ്രവർത്തിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും ലാഭ-നഷ്ട തുക വിശദമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കി മാറ്റുന്നതിന് ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

### ഉത്തരം

(എ&ബി) മുൻസർക്കാരിന്റെ കാലത്ത് കൃഷി വകുപ്പിന് കീഴിൽ ലാഭ-നഷ്ടങ്ങളിൽ പ്രവർത്തിച്ച വിവിധ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചും അവയുടെ സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള ലാഭ-നഷ്ടത്തുക സംബന്ധിച്ചുമുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) കൃഷി വകുപ്പിനു കീഴിലുള്ള അനുബന്ധമായി ചേർത്ത സ്ഥാപനങ്ങളുടെ സഞ്ചിതലാഭം കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഗണ്യമായി കുറഞ്ഞുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓയിൽപാം ഇൻഡ്യാ ലിമിറ്റഡിൽ വൈവിദ്ധ്യവൽക്കരണത്തിലൂടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചും ചെലവ് കുറച്ചും ഹോർട്ടികോർപ്പിൽ കൂടുതൽ ഔട്ട്ലെറ്റുകൾ സ്ഥാപിച്ചും നടത്തിപ്പ് ചെലവ് പരമാവധി കുറച്ചും കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനിൽ പുതിയതായി പണികഴിപ്പിച്ച ഗോഡൗണുകളിൽ സ്റ്റോക്ക് ലഭിക്കുന്നതിനുള്ള സമഗ്രമായ നടപടികൾ സ്വീകരിച്ചുകൊണ്ടും കേരള സ്റ്റേറ്റ് കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ചും അവ ലാഭത്തിലാക്കാൻ ലക്ഷ്യമിടുന്നു. അതുപോലെ വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനിയുടെയും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന്റെയും പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയുടെയും പ്രവർത്തനം പരിശോധിച്ച് അവ ലാഭകരമാക്കാനുള്ള മാർഗ്ഗങ്ങളും കണ്ടെത്തുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പുതിയ നിയമനിർമ്മാണം

9 (3853) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ പുതിയ നിയമങ്ങളോ, നിയമ ഭേദഗതികളോ കൊണ്ടുവരാനുള്ള നിർദ്ദേശം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിന്മേൽ കോടതി നിർദ്ദേശങ്ങളെന്തെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ അവ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇല്ല.

## ആന്വൽ ഓഡിറ്റ് റിപ്പോർട്ട്

10 (3854) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിൽ ആന്വൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ള സ്ഥാപനങ്ങളോ ഏജൻസികളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) രണ്ടു വർഷത്തിലധികമായി ആന്വൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിയ്ക്കാത്ത സ്ഥാപനങ്ങളോ ഏജൻസികളോ നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) ആന്വൽ ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം തയ്യാറാക്കി സമർപ്പിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കൃഷി വകുപ്പിന്റെ കീഴിൽവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും വാർഷിക വരവുചെലവ് കണക്ക് തയ്യാറാക്കുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ നിയോഗിക്കാറുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കണക്ക് തിട്ടപ്പെടുത്തിയ വിനിയോഗ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നപക്ഷം അത്തരം പദ്ധതികളുടെ വരവുചെലവ് കണക്കാക്കുന്നതിലേക്കും ഇത്തരത്തിൽ ഓഡിറ്റർമാരെ നിയോഗിക്കാറുണ്ട്. എന്നാൽ ചില സ്ഥാപനങ്ങൾ സമയബന്ധിതമായി വരവുചെലവ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. സമയബന്ധിതമായി വരവു ചെലവ് കണക്ക് തയ്യാറാക്കി സമർപ്പിക്കുവാൻ എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**ഹരിതം പദ്ധതി**

11 (3855) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് വിഭാവന ചെയ്തിട്ടുള്ള ഹരിതം പദ്ധതി വിജയപ്രദമാക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളുടെയും സ്ഥാപനങ്ങളുടെയും ഏകോപനവും പിന്തുണയും ഈ പദ്ധതിയുടെ വിജയത്തിന് ഉറപ്പ് വരുത്തുമോ;

(സി) ഇത്തരം നൂതന പദ്ധതികളുടെ നിർവ്വഹണം പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക പദ്ധതി വിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തരിശുഭൂമി കൃഷിയോഗ്യമാക്കി നെല്ല്, തെങ്ങ്, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, എള്ള്, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി മുതലായ കാർഷിക വിളകളുടെ വിള വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിച്ച് ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി ത്രിതല പഞ്ചായത്തുകൾ, കൃഷി വകുപ്പ്, ഹോർട്ടികൾച്ചർ മിഷൻ, ആത്മ, ആർ.കെ.വി.വൈ., പി.എം.കെ.എസ്.വൈ. സഹകരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികളെ ഫലപ്രദമായി സമന്വയിപ്പിച്ചു കൊണ്ട് നടപ്പിലാക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

(ബി) ഉറപ്പുവരുത്തും.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൽപ്പാദന മേഖലയിൽ 30% വരെ തുക ചെലവഴിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**തരിശുകിടക്കുന്ന പാടശേഖരം**

12 (3856) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ തണ്ണീർക്കായൽ പാടശേഖരം 40 വർഷമായി തരിശു കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൃശ്ശൂർ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറുടെ നിർദ്ദേശ പ്രകാരം പ്രസ്തുത പാടശേഖരം കൃഷിക്ക് അനുയോജ്യമാക്കാനായ വിധം തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാടശേഖരത്തിൽ കൃഷി ഇറക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾക്കായി സഹായം നൽകാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പമ്പ്സെറ്റ്, ബണ്ട് നിർമ്മാണം, ജല നിർഗ്ഗമന ചാലുകൾ, മോട്ടോർ തറ, പമ്പ്ഹൗസ് മുതലായ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഉൾപ്പെടുത്തി 88 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നു. മേൽ സൂചിപ്പിച്ച 88 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ഇറിഗേഷൻ ചാൽ നിർമ്മാണത്തിനായി കർഷകരുടെ ഭൂമി സറണ്ടർ ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നു. എന്നാൽ 22-9-2016-ൽ കൂടിയ കർഷകരുടെ യോഗത്തിൽ സ്ഥലം സറണ്ടർ ചെയ്യുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ച് നിലവിലുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഈ വർഷം സംസ്ഥാനത്ത് 2000 ഹെക്ടർ തരിശുനിലങ്ങളിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 30,000 രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. വരുന്ന വർഷം ചുരുങ്ങിയത് 5000 ഹെക്ടർ പ്രദേശത്തുകൂടി തരിശുനില കൃഷി പരിപാടി വ്യാപിപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**കർഷക ആത്മഹത്യ**

13 (3857) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2011-16 കാലയളവിൽ എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;ആത്മഹത്യയുടെ കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ കുടുംബങ്ങളുടെ സമാശ്വാസത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 60 കർഷകർ. പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശം, കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്, കീടരോഗബാധയാലുള്ള വിളനാശം, കാർഷിക വിലത്തകർച്ചയാൽ ലോണുകൾ തിരിച്ചടയ്ക്കാൻ സാധിക്കാതിരിക്കുക തുടങ്ങിയവ പ്രധാന കാരണങ്ങളായി പൊതുവിൽ വിലയിരുത്തപ്പെടുന്നു.

(ബി) ആത്മഹത്യയിലേക്ക് നയിച്ച കാരണവും കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതിയും അടിസ്ഥാനമാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അർഹമായ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി ദീർഘിപ്പിക്കുകയും കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിന് ഒരു ഹെൽപ് ലൈൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**കർഷക കടാശ്വാസ കമ്മീഷൻ**

14 (3858) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ മുഖേന 2011-2016 കാലയളവിൽ വയനാട് ജില്ലയിൽ എത്ര കർഷകർക്ക് ധനസഹായം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി പ്രകാരം ഇനി എത്ര അപേക്ഷകർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട് ;

(സി) ഈയിനത്തിൽ ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും കുടിശ്ശികയുണ്ടോയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സഹകരണ സ്ഥാപനങ്ങളിലെ വായ്പക്കാരായ 11775 കർഷകർക്ക് കടാശ്വാസം നൽകിയിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ 3642 വായ്പക്കാർക്ക് കടാശ്വാസം നൽകുവാൻ ബാക്കിയുണ്ട്.

(സി) കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവുകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ പരിശോധനയിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 22,34,53,635 രൂപ വയനാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ രജിസ്ട്രാറുടെ പരിശോധന നടന്നുവരുന്ന 3642 അപേക്ഷകളിൽ കൃത്യമായ കുടിശ്ശിക തുക പരിശോധന പൂർത്തിയായാൽ മാത്രമേ നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ.

**നെല്ല് വർഷാചരണം**

15 (3859) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് വർഷം ആചരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നെല്ലുൽപ്പാദന വളർച്ച ലക്ഷ്യമാക്കി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഒരു വർഷം നെല്ലിന്റെ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. "നമ്മുടെ നെല്ല് നമ്മുടെ അന്നം"എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നെൽക്കൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക് സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിച്ച അരി നൽകുക എന്ന ലക്ഷ്യത്തോടെ ഓരോ ജില്ലയിലും നെൽക്കൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ വീതം തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽക്കൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

നെൽക്കൃഷി മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധ മേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ 11-08-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2016 ചിങ്ങം 1 മുതൽ 2017 ചിങ്ങം 1 വരെ കേരളം നെൽവർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി നടത്തേണ്ട 100 പ്രവർത്തനങ്ങൾ ഉൾപ്പെട്ട കർമ്മപദ്ധതി അംഗീകരിച്ചുകൊണ്ട് 15-10-2016-ലെ സ.ഉ. (കൈ) നമ്പർ 142/2016/കൃഷി പ്രകാരം ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നെല്ലുൽപ്പാദന വളർച്ച ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ താഴെ വിവരിച്ചിട്ടുള്ള നെൽക്കൃഷി വികസന പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കി വരുന്നു.

1. <u>സുസ്ഥിര നെൽക്കൃഷി വികസനം</u> :

   ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1,500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2,700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

2. <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്</u> :

   നെൽക്കൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽക്കൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം :

പ്രത്യേക നെല്ലിനങ്ങളായ പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി എന്നിവയുടെ കൃഷി പ്രോത്സാഹനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

4. പാടശേഖരസമിതികളുടെ പ്രവർത്തനച്ചെലവിനായുള്ള പദ്ധതി :

പാടശേഖര സമിതികളുടെ സുഗമമായ പ്രവർത്തനത്തിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 125000 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

5. കരനെൽക്കൃഷി വികസനം :

സംസ്ഥാനത്ത് കരനെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600 രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

6. നെൽക്കൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ) :

നെൽ കർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1,000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ) :

നെൽക്കൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി.

8. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (എൻ.എഫ്.എസ്.എം.) :

ദേശീയ ഭക്ഷ്യ സുരക്ഷാപദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

9. ആർ. കെ. വി. വൈ. പദ്ധതി : പ്രകാരം ഹെക്ടറിന് 7500 രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

10. തരിശുനിലങ്ങളിൽ നെൽക്കൃഷി ചെയ്യുന്നതിലേയ്ക്ക് ഒരു ഹെക്ടറിന് 30,000 രൂപ നിരക്കിൽ സഹായധനം അനുവദിക്കുന്നതിനുള്ള പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

## മഴയുടെ അപര്യാപ്തത

16 (3860) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം നേരിടുന്ന മഴയുടെ അപര്യാപ്തത കാർഷിക മേഖലയെ ഏതുവിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ പ്രതിഭാസം കാർഷിക വിളകളുടെ വളർച്ചയെ ദോഷകരമായി ബാധിക്കുമെന്ന വിദഗ്ധരുടെ അഭിപ്രായം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) എങ്കിൽ കാർഷിക വിളകളെ രക്ഷിക്കാനുള്ള എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്നറിയിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) മഴക്കുറവുമൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽക്കർഷകർ മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്തുവികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്. ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെ കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക മാർഗ്ഗങ്ങളെക്കുറിച്ച് ഉപദേശം എന്നിവ നൽകുന്നുണ്ട്. ഒഴുകിപ്പോകുന്ന ജലം തടഞ്ഞ് നിർത്തുന്നതിനായി താൽക്കാലിക തടയണകളും കുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

## കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ

17 (3861) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി പുതുവൈപ്പിനിൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വല്ലാർപാടത്ത് എല്ലാവിധ സാങ്കേതിക സംവിധാനത്തോടുംകൂടി കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ ആരംഭിക്കുവാൻ ലക്ഷ്യമിട്ടെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ ആയത് ഇതുവരെയും ആരംഭിക്കുകയുണ്ടായില്ല.

## ജൈവ കൃഷി

18 (3862) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉപഭോക്താക്കൾക്ക് ജൈവകൃഷി ഉൽപ്പന്നങ്ങളെ തിരിച്ചറിഞ്ഞ് ഉറപ്പു വരുത്തുന്നതിനും, കൃത്രിമം തടയുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

നല്ല കൃഷിമുറകൾ പാലിച്ച് വിഷവിമുക്തമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിന് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകിവരുന്നു. ഇത്തരം ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ പ്രത്യേക ലോഗോയിലും ലേബലോടുംകൂടി വിപണിയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഇക്കോ ഷോപ്പുകൾ വഴിയും ഉപഭോക്താക്കൾക്ക് വിഷവിമുക്തമായ ഉൽപ്പന്നങ്ങൾ ലഭിക്കുന്നതാണ്. നല്ല കൃഷിമുറകൾ പാലിച്ച് ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് കൃഷി ഓഫീസർ സാക്ഷ്യപത്രം നൽകുന്നതാണ്. ഇത്തരം ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിച്ചതും ഇക്കോ ഷോപ്പുകളിൽനിന്നും വാങ്ങുന്നതും ജൈവ ഉൽപ്പന്നങ്ങളായിരിക്കും. കൂടാതെ കേരള വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കർഷകർ ഉൽപാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും നേരിട്ട് ശേഖരിച്ച് "തളിർ" എന്ന ബ്രാൻഡിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ബ്രാൻഡഡ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പച്ചക്കറി ഉൽപ്പാദനം

19 (3863) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ഓണക്കാലത്തെ ഉത്പാദനം അടിസ്ഥാനമാക്കിയ കണക്ക് പ്രകാരം ആലപ്പുഴ ജില്ലയിൽ ഏറ്റവുമധികം പച്ചക്കറി ഉത്പാദിപ്പിച്ച നിയോജക മണ്ഡലം, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകൾ എന്നിവ ഏതൊക്കെയെന്ന് അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

കഴിഞ്ഞ ഓണക്കാലത്ത് ആലപ്പുഴ ജില്ലയിൽ മാവേലിക്കര നിയോജക മണ്ഡലത്തിലാണ് കൂടുതൽ പച്ചക്കറി ഉൽപ്പാദിപ്പിക്കപ്പെട്ടത്. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ള ഗ്രാമ പഞ്ചായത്തുകളിലാണ് ജില്ലയിൽ ഏറ്റവും കൂടുതൽ പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചത്.

പഞ്ചായത്തുകൾ :

1. പാലമേൽ
2. വള്ളികുന്നം
3. തഴക്കര
4. ചെറിയനാട്
5. കഞ്ഞിക്കുഴി
6. ചേർത്തല തെക്ക്
7. മണ്ണഞ്ചേരി
8. വെൺമണി

ഈ പഞ്ചായത്തുകളിലെ പച്ചക്കറികൾക്ക് നല്ലവില ലഭ്യമാക്കാനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾ മുന്നിട്ടിറങ്ങി മാർക്കറ്റിംഗ് സംവിധാനം ഒരുക്കുകയും 'ഓണസമൃദ്ധി' പരിപാടിപ്രകാരം ജില്ലയിൽ നടത്തിയ 98 വിപണികളിൽക്കൂടിയും മേൽ പഞ്ചായത്തുകളിൽ ഉൽപ്പാദിപ്പിച്ച പച്ചക്കറികൾ വിപണനം നടത്തുകയുണ്ടായി. കർഷകർക്ക് ന്യായവില ഉറപ്പാക്കാനും സാധാരണ ജനങ്ങൾക്ക് ഗുണമേന്മയുള്ള നാടൻ പച്ചക്കറികൾ ലഭ്യമാക്കാനും കൃഷിവകുപ്പിന് 'ഓണസമൃദ്ധി' പദ്ധതിയിലൂടെ സാധിച്ചു.

**വെർജിൻ വെളിച്ചെണ്ണ**

20 (3864) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കേരഫെഡിന്റെ പുരോഗതിക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) കേരഫെഡ് വഴി പച്ചത്തേങ്ങയിൽനിന്ന് വെർജിൻ വെളിച്ചെണ്ണ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(സി) വെർജിൻ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കാനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇവ സ്ഥാപിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കേരഫെഡിനെ കേരള നാളികേര വികസന കോർപ്പറേഷനിൽ ലയിപ്പിച്ചുകൊണ്ട് മുൻസർക്കാർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്യുകയും കേരഫെഡിൽ പുതിയ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തു. കേരഫെഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ പുരോഗതി കൈവരിക്കുന്നതിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചുവരികയാണ്. കേരഫെഡിന്റെ പ്രവർത്തനത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ക്രമക്കേടുകൾ നടന്നതായി കൃഷി വകുപ്പിലെ വിജിലൻസ് വിംഗ് കണ്ടെത്തിയതിനെത്തുടർന്ന് ആയത് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയെക്കൊണ്ട് അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ കേരഫെഡിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും മാർക്കറ്റിംഗ് ശക്തിപ്പെടുത്താനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) വെർജിൻ വെളിച്ചെണ്ണ അടക്കമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി പുതിയ പ്രോസ്സസിംഗ് യൂണിറ്റ് അടക്കമുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നു.

**നാളികേര സംഭരണ കേന്ദ്രങ്ങൾ**

21 (3865) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേര കർഷകർ നേരിടുന്ന വിലത്തകർച്ചയെ പ്രതിരോധിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ സർക്കാർ നാളികേര സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ നാളികേര സംഭരണ കേന്ദ്രങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) നാളികേരത്തിനുണ്ടായ വിലയിടിവിൽനിന്നും കേരകർഷകരെ രക്ഷിക്കാൻ കൃഷി ഭവനുകൾവഴി താങ്ങുവില നൽകി കർഷകരിൽനിന്നും നേരിട്ട് നാളികേരം സംഭരിക്കുന്ന പദ്ധതി കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പാക്കുന്നുണ്ട്.

(ബി) 1. ഒറ്റപ്പാലം

2. ലക്കിടി പേരൂർ

3. ശ്രീകൃഷ്ണപുരം

4. തച്ചനാട്ടുകര

(സി) കൂടുതൽ പഞ്ചായത്തുകളിൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**നാളികേര സംഭരണം**

22 (3866) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ വിലക്കുറവുമൂലം കേര കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളികേരം സംഭരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. നാളികേരത്തിനുണ്ടായ വിലയിടിവിൽനിന്നും കേര കർഷകരെ രക്ഷിക്കുവാൻ കൃഷിഭവനുകൾവഴി താങ്ങുവില നൽകി കർഷകരിൽനിന്നും നേരിട്ട് നാളികേരം സംഭരിക്കുന്ന പദ്ധതി കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പാക്കിവരുന്നു. ഇപ്പോൾ 388 കൃഷിഭവനുകൾ വഴിയാണ് സംഭരണം നടക്കുന്നത്. കൂടുതൽ കൃഷിഭവനുകൾവഴി നാളികേരം സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സംസ്ഥാന ഫാമിംഗ് കോർപ്പറേഷനിലെ അഴിമതി

23 (3867) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന ഫാമിംഗ് കോർപ്പറേഷനിൽ വ്യാപകമായി അഴിമതി നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന ഫാമിംഗ് കോർപ്പറേഷനിൽ അഴിമതി നടന്നിട്ടുണ്ട് എന്ന് ചൂണ്ടിക്കാട്ടി പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) അപ്രകാരം പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ ഇതിന്മേൽ തുടർ നടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ;എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ഡി) സംസ്ഥാന ഫാമിംഗ് കോർപ്പറേഷനിലെ അഴിമതിയുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിലോ അല്ലാതെയോ എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന ഫാമിംഗ് കോർപ്പറേഷനിൽ വ്യാപകമായി അഴിമതി നടന്നിട്ടുള്ളതായി ചൂണ്ടിക്കാണിച്ച് ബഹുമാനപ്പെട്ട പത്തനാപുരം എം.എൽ.എ.-യുടെ പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെയും ബഹുമാനപ്പെട്ട എം.എൽ.എ. സമർപ്പിച്ച പരാതിയുടെയും അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിലെ മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിംഗിനെക്കൊണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടാപ്പിംഗ് സൂപ്പർവൈസർ തസ്തികയിലേക്കുള്ള നിയമനവും സുതാര്യവും പിഴവില്ലാത്തതുമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശവും വിജിലൻസ് വിംഗിന്റെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതുവരെ പ്രസ്തുത തസ്തികയിലെ സ്ഥാനക്കയറ്റം വഴിയുള്ള നിയമനം മരവിപ്പിക്കുന്നതിനും എം.ഡി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാനേജർ (ഓപ്പറേഷൻസ്) തസ്തികയിൽ നിയമനം നൽകണമെന്നുള്ള 23-6-2016-ലെ ഡബ്ല്യു.പി.(സി) 20018/16 നമ്പർ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത ഡബ്ല്യു.എ.നം.1663/16 റിട്ട് അപ്പീലിലെ 31-8-2016-ലെ ഇടക്കാല ഉത്തരവിൽ 23-6-2016-ലെ സിംഗിൾ ജഡ്ജിന്റെ ഉത്തരവ് നടപ്പാക്കുന്നത് സ്റ്റേ ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാന ഫാമിംഗ് കോർപ്പറേഷനിൽ നടന്നുവെന്നാരോപിക്കുന്ന അഴിമതിയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 6-10-2016-ൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ സ്പെഷ്യൽ വിജിലൻസ് സെല്ലിലെ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ ആസ്ഥാന മന്ദിരത്തിൽ പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്. അന്തിമ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

## വിഷാംശം കലർന്ന പഴം, പച്ചക്കറികൾ

24 (3868) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷാംശം കലർന്ന പഴം പച്ചക്കറികളുടെ ഉല്പാദനവും വില്പനയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവയുടെ ഉല്പാദനവും വിതരണവും തടയുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ സംവിധാനങ്ങൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതരസംസ്ഥാനങ്ങളിൽനിന്ന് ഇത്തരം പച്ചക്കറികളുടെ സംസ്ഥാനത്തേക്കുള്ള കടന്നുവരവും വില്പനയും തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ ; നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പഴം-പച്ചക്കറികളുടെ സാമ്പിളുകൾ ചെക്ക്പോസ്റ്റുകളിൽ നിന്നുൾപ്പെടെ ശേഖരിച്ച് കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലും ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിലുള്ള ലാബുകളിലും പരിശോധിച്ച് റിപ്പോർട്ട് പരസ്യപ്പെടുത്തുന്നുണ്ട്. അമിതമായ കീടനാശിനി പ്രയോഗത്തിനെതിരെ അയൽ സംസ്ഥാനങ്ങളിലെ കർഷകരിൽ ബോധവൽക്കരണം നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ജൈവകൃഷിയുടെ വ്യാപനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് വിഷവിമുക്തമായ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനത്തെ കർഷകർക്ക് ധനസഹായവും നൽകുന്നുണ്ട്. കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്.

## വിഷരഹിത പച്ചക്കറി കൃഷി

25 (3869) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി കൃഷിയുടെ വ്യാപനത്തിനായി ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ മൊത്തം ആവശ്യത്തിന്റെ എത്ര ശതമാനം പച്ചക്കറിയാണ് ഇപ്പോൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്;

(സി) ദിനംപ്രതി ശരാശരി എത്ര ടൺ പച്ചക്കറികളാണ് ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജൈവകൃഷി നയത്തിന്റെ ഭാഗമായി ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപനം നടത്തിവരുന്നു. 14-ഓളം മാരക രാസ കീടനാശിനികൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലൂടെ ജൈവകൃഷി വ്യാപനത്തിനായി നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ടുള്ള ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം മുൻനിർത്തി എല്ലാ ജില്ലകളിലും ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ജൈവസന്ദേശ കൃഷിയാത്രകൾ നടത്തുകയും വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയും ജൈവകൃഷിയുടെ പരിശീലനത്തിനായി ഓർഗാനിക് ഫാം സ്കൂൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോ ഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്. ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ് ഉൾപ്പെടെ വിൽപ്പന നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലങ്ങൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നു. കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിന് ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്. പഴം-പച്ചക്കറികളിലെ വിഷാംശ പരിശോധനയ്ക്കായി വെള്ളായണി കാർഷിക കോളേജിൽ സ്ഥാപിച്ചിട്ടുള്ള അന്താരാഷ്ട്ര നിലവാരമുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിലെ പരിശോധനാഫലങ്ങൾ പരസ്യപ്പെടുത്താറുണ്ട്. ഇതിനുപുറമേ കേന്ദ്ര പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജനയിൽ കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും ഏർപ്പെടുത്തുന്നുണ്ട്.

(ബി&സി) സംസ്ഥാനത്ത് ഒരു വർഷത്തേക്ക് ആവശ്യമുള്ള 20 ലക്ഷം ടൺ പച്ചക്കറികളുടെ 31.4% (6.28 ലക്ഷം ടൺ) ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ബാക്കി ആവശ്യമുള്ള 13.72 ലക്ഷം ടൺ പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുമെന്ന് കണക്കാക്കപ്പെടുന്നു.

## സബ്സിഡി നിരക്കിൽ കുമ്മായം

26 (3870) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ നിലങ്ങളിൽ കൃഷി ആരംഭിക്കാൻ പോകുന്ന സന്ദർഭത്തിൽ കൃഷി ഭൂമിയിലെ അമ്ലരസം കുറയ്ക്കുന്നതിന് കുമ്മായം അനിവാര്യമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പകുതി വിലയ്ക്ക് ലഭിച്ചു കൊണ്ടിരുന്ന കുമ്മായം ഇത്തവണ ലഭിക്കുന്നതിനാവശ്യമായ സ്കീം-പേപ്പർ കൃഷി ഭവനുകളിൽ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കർഷകർക്ക് സബ്സിഡി നിരക്കിൽ കുമ്മായം അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. 50% സബ്സിഡി നിരക്കിൽ അടിയന്തരമായി കുമ്മായം യഥാസമയംതന്നെ കർഷകർക്ക് ലഭ്യമാക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## നീരയുടെ നിർമ്മാണവും വിപണനവും

27 (3871) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരയുടേയും നീരയിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണവും വിപണനവും ലക്ഷ്യമിട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര നീര പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നീര ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; 200 ml നീര പാക്കറ്റ് 180 ml ആയി കുറച്ചിട്ടും വില കുറയ്ക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൽനിന്ന് നീരയുടെയും തെങ്ങിൻ പൂങ്കുലയിൽനിന്ന് കേര ചക്കരയുടെയും ഉൽപ്പാദനം സംബന്ധിച്ച ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട്

നീലേശ്വരം കേന്ദ്രമാക്കി ആരംഭിച്ചിട്ടുണ്ട്. നീര പൈലറ്റ് പ്രോജക്ടിന്റെ ചെലവുകൾക്കായി 130 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിരുന്നു. നീരയുടെ വിപണന ചുമതല നാളികേര വികസന കോർപ്പറേഷന് നൽകിക്കൊണ്ട് ചെലവുകൾക്കായി 180 ലക്ഷം രൂപ അനുവദിച്ചിരുന്നു. കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തിരുവനന്തപുരത്ത് ആറ്റിങ്ങൽ, എറണാകുളത്ത് ഇടപ്പള്ളി എന്നിവിടങ്ങളിൽ സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ നീര വിൽപ്പനശാലകൾ ആരംഭിച്ചിട്ടുണ്ട്. നീര ഉൽപ്പാദക യൂണിറ്റുകൾ സ്ഥാപിക്കുന്ന നാളികേര ഉൽപ്പാദക സൊസൈറ്റികൾ/ ഫെഡറേഷനുകൾ/കൃഷി വകുപ്പിനുകീഴിലുള്ള ഏജൻസികൾ എന്നിവയ്ക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് സഹായധനമായി പരമാവധി 50 ലക്ഷം രൂപ അനുവദിക്കുന്നതാണ്. നീര ടെക്നീഷ്യൻമാർക്ക് പരിശീലനത്തിനായി 10,000 രൂപ അനുവദിക്കുന്നതാണ്. 2016-17-ലെ ബഡ്ജറ്റിൽ നീര ടെക്നീഷ്യൻ പരിശീലനത്തിനായി 50 ലക്ഷം രൂപയും നീര ഉൽപ്പാദക യൂണിറ്റ് സ്ഥാപിക്കുന്നതിനായി 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന നീര (കേരാമൃതം), മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കേരചക്കര, കേര ജാം, കേര സിപ്പ് അപ് എന്നിവ പടന്നക്കാട് കാർഷിക കോളേജിലും പീലിക്കോട്, നീലേശ്വരം ഗവേഷണ കേന്ദ്രങ്ങളിലും മണ്ണുത്തിയിലെ കാർഷിക വിവര വ്യാപന കേന്ദ്രങ്ങളിലും വിൽപ്പന നടത്തിവരുന്നു. കൂടാതെ കേരള കാർഷിക സർവ്വകലാശാല നൽകിവരുന്ന നീര കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനിലെ ഏലത്തൂർ, എറണാകുളം, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിലും വിൽപ്പന നടത്തുന്നു.

(ബി) നാളികേര വികസന ബോർഡിനുകീഴിലുള്ള നാളികേര ഉൽപ്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾ/നാളികേര വികസന കോർപ്പറേഷൻ എന്നിവയിലൂടെ നീര ഉൽപ്പാദനം നടത്തുന്നുണ്ട്. 2015-16-ൽ കൈപ്പുഴ നാളികേര ഉൽപ്പാദക കമ്പനി, കുറ്റ്യാടി ഫാർമേഴ്സ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി എന്നിവയ്ക്ക് നീര ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. ഇവ കൂടാതെ നാളികേര വികസന ബോർഡിനു കീഴിലുള്ള തിരു-കൊച്ചി, വടകര, പാലക്കാട്, കൊടുങ്ങല്ലൂർ, കോഴിക്കോട് എന്നീ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾ, നീര സംസ്കരണത്തിനായുള്ള സംവിധാനങ്ങൾ പൂർത്തീകരിച്ച് ഉൽപ്പാദനം തുടങ്ങിയിട്ടുണ്ട്. കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ കോഴിക്കോട് ഏലത്തൂരിൽ പ്രതിദിനം 300 ലിറ്റർ നീര ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം ആരംഭിച്ചിട്ടില്ല. കാർഷിക സർവ്വകലാശാല പടന്നക്കാട് കോളേജിൽ ഒരു പൈലറ്റ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നീര ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. കാസർഗോഡുള്ള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന നീരയാണ് കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ വിൽപ്പന നടത്തിവരുന്നത്. കാർഷിക സർവ്വകലാശാല 2016 ഏപ്രിൽ 15 മുതൽ 200 ml നീരയുടെ വില 30 രൂപയിൽനിന്നും 35 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ തിരുവനന്തപുരം സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീനിൽക്കൂടി വിൽപ്പന നടത്തുന്ന നീര 30 രൂപയ്ക്ക് ഒരു ബോട്ടിൽ ലഭിക്കത്തക്ക രീതിയിൽ 30 രൂപയ്ക്ക് ആനുപാതികമായി 180 ml ആയി കുറവ് ചെയ്യുകയുണ്ടായി. 5 രൂപ നാണയം വെൻഡിംഗ് മെഷീനിൽ നിക്ഷേപിക്കാൻ സാധിക്കാത്തതുകൊണ്ടാണ് ഇപ്രകാരം ചെയ്തത്.

**കൃഷി വകുപ്പ് ആരംഭിച്ച പദ്ധതികൾ**

28 (3872) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് ആരംഭിച്ച പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016-17 വർഷത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**കാർഷിക കടാശ്വാസ കമ്മീഷൻ**

29 (3873) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് കമ്മീഷൻ മുഖേന നടപ്പിലാക്കി വരുന്നത്;

(ബി) ഭാവിയിൽ ഒരു കർഷകൻപോലും ആത്മഹത്യ ചെയ്യാതിരിക്കുന്നതിനായി കമ്മീഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. കാർഷിക മേഖലയിലുണ്ടായ സാമ്പത്തിക തകർച്ച കാരണം കടക്കെണിയിലായ കർഷകർക്ക് 18-1-2007-നുമുമ്പായി സഹകരണ സംഘം/ ബാങ്കുകളിൽനിന്നും എടുക്കുന്ന വായ്പയ്ക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കടാശ്വാസം നൽകിവരുന്നു. കാർഷിക പ്രതിസന്ധി ബാധിച്ച വയനാട് ജില്ലയിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ചുവരുന്നു. കടക്കെണിയിലായ കർഷകരുടെ കാര്യത്തിൽ കമ്മീഷൻ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാദ്ധ്യമായ ഇടപെടൽ നടത്തുകയും ജപ്തി നടപടികൾക്ക് സ്റ്റേ അനുവദിക്കുകയും തുടർന്ന് അർഹരായവർക്ക് കടാശ്വാസം അനുവദിക്കുകയും ചെയ്യുന്നു.

(ബി) കർഷകർക്ക് ആശ്വാസം നൽകുന്നതിലേക്കായി കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21 മുതൽ 3 വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്.

**കാർഷിക മേഖലയിൽ ചെറുകിട വ്യവസായം**

30 (3874) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയിൽ ചെറുകിട വ്യവസായം ആരംഭിക്കുന്നതിന് സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണ്. മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

അനുബന്ധമായി ചേർക്കുന്നു.*

**കൃഷി ഓഫീസുകളിലെ ഒഴിവുകൾ**

31 (3875) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ എത്ര ഓഫീസുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ നിലവിൽ ഒഴിവുകൾ ഉണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്താനുള്ള നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ 6 കൃഷി ഭവനുകളും 1 കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസും ഉൾപ്പെടെ 7 ഓഫീസുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത ഓഫീസുകളിൽ കൃഷി ഓഫീസർമാരുടെ 6 തസ്തികയും കൃഷി അസിസ്റ്റന്റുമാരുടെ 18 തസ്തികയും നിലവിലുണ്ട്.

(സി) നിലവിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ ഇല്ല. കൃഷി അസിസ്റ്റന്റിന്റെ ഒരു ഒഴിവുണ്ട്. ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**വിഷലിപ്ത പച്ചക്കറികൾ**

32 (3876) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽനിന്ന് വരുന്ന പച്ചക്കറികൾ വിഷവിമുക്തമാണ് എന്നുറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അയൽ സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പച്ചക്കറികൾ, പരിശോധനയിൽ വിഷലിപ്തമാണ് എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, അവ തിരിച്ചയയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) അയൽ സംസ്ഥാനങ്ങളിലെ കർഷകർക്കിടയിൽ അമിതമായ കീടനാശിനി പ്രയോഗം തടയുന്നതിന് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലും ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിലുള്ള കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലെ ലാബുകളിലും ചെക്ക്പോസ്റ്റുകൾ, മൊത്ത ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽനിന്നും ശേഖരിക്കുന്ന പഴം-പച്ചക്കറികളുടെ സാമ്പിളുകൾ പരിശോധിച്ച് പരിശോധനാഫലം പരസ്യപ്പെടുത്തുന്നുണ്ട്.

(ബി) ചിലയിനം പച്ചക്കറികളിൽ വിഷാംശമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) വിഷാംശമുള്ള പച്ചക്കറികളിൽ ഫുഡ് സേഫ്റ്റി നിയമം നിഷ്കർഷിക്കുന്ന പരിധിക്ക് മുകളിൽ കീടനാശിനികളുടെ അംശം കണ്ടെത്തുകയാണെങ്കിൽ അത്തരം പച്ചക്കറികൾ വിതരണം ചെയ്യുന്നവർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് പ്രകാരം നിയമ നടപടികൾ കൈക്കൊള്ളുന്നതാണ്.

## കാർഷിക കർമ്മസേനകൾ

33 (3877) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് കാർഷിക മേഖലയിൽ എത്ര കാർഷിക കർമ്മസേനകൾ പ്രവർത്തിച്ചുവന്നിട്ടുണ്ട് എന്നുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) കൃഷി ഭവനുകൾ വഴിയാണോ ഇവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട തുക ചെലവഴിച്ചിട്ടുള്ളത്;

(സി) എന്തെല്ലാം പ്രവർത്തനങ്ങൾ കാർഷിക കർമ്മസേനയെ ഉപയോഗപ്പെടുത്തി കാർഷിക മേഖലയിൽ നടത്തിയിട്ടുണ്ടെന്നുള്ള വിവരം വിശദമാക്കുമോ;

(ഡി) കാർഷിക കർമ്മസേനയുടെ പ്രവർത്തനത്തിനായി എത്ര തുക ഏതെല്ലാമിനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് വാർഷികാടിസ്ഥാനത്തിൽ കൃഷിഭവനുകളുടെ വിവരം സഹിതം ലഭ്യമാക്കുമോ?

### ഉത്തരം

(എ) 200 കാർഷിക കർമ്മസേനകൾ മുൻസർക്കാരിന്റെ കാലത്ത് രൂപീകരിച്ചുവെങ്കിലും ഇവയിൽ 100 കർമ്മസേനകൾക്ക് മാത്രമാണ് പ്രവർത്തിക്കാനാവശ്യമായ യന്ത്രോപകരണങ്ങൾ ആർ.കെ.വി.വൈ. പദ്ധതിവഴി നൽകിയത്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | - 12 |
| കൊല്ലം | - 4 |
| പത്തനംതിട്ട | - 8 |
| ആലപ്പുഴ | - 6 |
| കോട്ടയം | - 4 |
| ഇടുക്കി | - 6 |
| എറണാകുളം | - 8 |
| തൃശ്ശൂർ | - 6 |
| പാലക്കാട് | - 6 |
| മലപ്പുറം | - 6 |
| കോഴിക്കോട് | - 6 |
| വയനാട് | - 5 |
| കണ്ണൂർ | - 18 |
| കാസർഗോഡ് | - 5 |
| ആകെ | - 100 |

(ബി) കൃഷിഭവൻ വഴിയും കൃഷി വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വഴിയുമാണ് കാർഷിക കർമ്മസേനകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട തുക ചെലവഴിച്ചിട്ടുള്ളത്.

(സി) കാർഷിക കർമ്മസേനകൾക്ക് നൽകിയിട്ടുള്ള പരിശീലനവും യന്ത്രോപകരണങ്ങളും ഉപയോഗപ്പെടുത്തി ഓരോ പഞ്ചായത്തിലേയും കാർഷിക മേഖലയിൽ ആവശ്യമായ വിവിധ കാർഷിക പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലമൊരുക്കൽ, വിത്ത് വിതയ്ക്കൽ, കളനിയന്ത്രണം, വിളവെടുപ്പ്, ഗ്രോ ബാഗ് തയ്യാറാക്കി നൽകൽ, തടംതുറക്കൽ, തേങ്ങ, അടയ്ക്ക എന്നിവ വിളവെടുക്കൽ, പാഴ്മരം മുറിക്കുന്നത്, തരിശുനിലം കൃഷിയോഗ്യമാക്കൽ, കീടരോഗ നിയന്ത്രണം തുടങ്ങി കാർഷിക മേഖലയിലെ എല്ലാ പ്രവർത്തനങ്ങളും കാർഷിക കർമ്മസേനകൾ നടത്തിവരുന്നു. ചില പഞ്ചായത്തുകളിൽ ഇക്കോ ഷോപ്പുകൾ, പച്ചക്കറി ചന്ത, എഗ്ഗ് അമിനോ ആസിഡ് ഉൽപ്പാദനം തുടങ്ങിയ നൂതനമായ പ്രവർത്തനങ്ങളും ചെയ്തുവരുന്നു.

(ഡി) 2014-15 വർഷത്തിൽ രജിസ്ട്രേഷൻ ചെലവുകൾക്ക് ഒരു കർമ്മസേനയ്ക്ക് 45,000 രൂപ പ്രകാരം 200 കർമ്മസേനകൾക്ക് 90 ലക്ഷം രൂപ അനുവദിച്ചു. യന്ത്രോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്ക് 10 ലക്ഷം രൂപ വീതം 100 കർമ്മ സേനകൾക്കായി 10 കോടി രൂപ അനുവദിച്ചു. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ബനാന നഴ്സറി**

34 (3878) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പെരിങ്ങമല ബനാന നഴ്സറി, ജില്ലാ കൃഷിത്തോട്ടം എന്നീ ഫാമുകളിൽ എത്ര തൊഴിലാളികളാണ് ഇപ്പോൾ ജോലി ചെയ്യുന്നത്; വിശദമാക്കുമോ;

(ബി) കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള ശമ്പള പരിഷ്കരണം ഇവർക്ക് നൽകിയിട്ടുണ്ടോ;

(സി) ശമ്പള പരിഷ്കരണം സംബന്ധിച്ച് എന്തെങ്കിലും പരാതി നിലവിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പെരിങ്ങമല ജില്ലാ കൃഷിത്തോട്ടത്തിൽ 195 തൊഴിലാളികൾ ജോലി ചെയ്യുന്നു. പെരിങ്ങമല ബനാന നഴ്സറിയിൽ 61 സ്ഥിരം തൊഴിലാളികളും 36 കാഷ്വൽ തൊഴിലാളികളും ഉൾപ്പെടെ 97 തൊഴിലാളികൾ നിലവിലുണ്ട്.

(ബി) നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ശമ്പളം പരിഷ്കരിക്കണമെന്നാവശ്യപ്പെട്ട് തൊഴിലാളി യൂണിയനുകൾ കൃഷി വകുപ്പ് ഡയറക്ടർക്ക് നിവേദനം നൽകിയിട്ടുണ്ട്. ഫാം തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൃഷി വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി 12 അംഗ ശമ്പള പരിഷ്കരണ സമിതി രൂപീകരിച്ചുകൊണ്ട് 22-8-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 125/2016/കൃഷി പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പൊക്കാളി കൃഷി വികസനം**

35 (3879) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> :
<u>പ്രൊഫ. കെ. യു. അരുണൻ</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊക്കാളി കൃഷി വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തരിശായി കിടക്കുന്ന പൊക്കാളി പാടശേഖരങ്ങളിൽ നെൽകൃഷി നടത്താൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പൊക്കാളി കൃഷി വികസന ഏജൻസിയുടെ കീഴിൽ എത്ര ഹെക്ടർ പാടശേഖരങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഏജൻസിയുടെ 2011 - 2016 കാലയളവിലെ പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പൊക്കാളി കൃഷി വികസിപ്പിക്കുന്നതിനായി 'പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം' പദ്ധതിപ്രകാരം ഒരു ഹെക്ടറിന് 10,000 രൂപ (പതിനായിരം രൂപ) ധനസഹായം നൽകിവരുന്നു. പൊക്കാളി നില വികസന ഏജൻസിയുടെ ഫണ്ടുപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സഹായം നൽകിവരുന്നു. കൂടാതെ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പുറംബണ്ട്, ഡ്രൈയിംഗ് യാർഡ്, പെട്ടിയും പറയും വൈദ്യുതീകരണം എന്നിവ നടപ്പാക്കുന്നുണ്ട്. പൊക്കാളി കൃഷിക്കായി ജനകീയാസൂത്രണ പദ്ധതി മുഖാന്തിരം നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. ഇതിനുപുറമേ ഉൽപ്പാദന ബോണസ്സായി ഹെക്ടറിന് 1000 രൂപയും നൽകിവരുന്നു.

(ബി) തരിശുനിലങ്ങളിൽ നെൽക്കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 30,000 രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ആനുകൂല്യം തരിശായിക്കിടക്കുന്ന പൊക്കാളി നിലങ്ങൾക്കും നൽകുന്നതാണ്.

(സി) പൊക്കാളി കൃഷി വികസന ഏജൻസിയുടെ കീഴിൽ 4055 ഹെക്ടർ പാടശേഖരങ്ങൾ നിലവിലുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

| നമ്പർ | ബ്ലോക്കിന്റെ പേര് | പാടശേഖരങ്ങളുടെ വിസ്തീർണ്ണം (ഹെ.) |
|---|---|---|
| 1. | നെടുമ്പാശ്ശേരി | 25 |
| 2. | പറവൂർ | 695 |
| 3. | ആലുവ | 246 |
| 4. | കളമശ്ശേരി | 597 |
| 5. | തൃപ്പൂണിത്തുറ | 318 |
| 6. | മുളന്തുരുത്തി | 100 |
| 7. | വൈറ്റില | 1158 |
| 8. | ഞാറയ്ക്കൽ | 916 |
| | ആകെ | 4055 |

(ഡി) പൊക്കാളി നില വികസന ഏജൻസികളുടെ ഫണ്ടുപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സഹായം, ഡ്രൈയിംഗ് യാർഡ്, പെട്ടി, പറ എന്നിവയ്ക്ക് ധനസഹായം, വെള്ളം കയറ്റിയിറക്കുന്നതിനുള്ള ഇുമ്പ് നിർമ്മിച്ചു നൽകൽ, പാടശേഖരങ്ങളിൽ വൈദ്യുതീകരണത്തിന് ധനസഹായം മുതലായ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ പാടശേഖരങ്ങൾക്ക് ജൈവ സർട്ടിഫിക്കേഷൻ നേടിക്കൊടുക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**തരിശിട്ട നെൽപ്പാടങ്ങളിൽ നെൽകൃഷി**

36 (3880) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ തരിശിട്ട നെൽപ്പാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഏക്കർ സ്ഥലത്താണ് നെൽകൃഷി പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജില്ലയിൽ ആകെ 229.925 ഏക്കർ സ്ഥലത്ത് നെൽക്കൃഷി പുനരാരംഭിച്ചിട്ടുണ്ട്. 880.175 ഏക്കർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**പരമ്പരാഗത വിത്തിനങ്ങൾ**

37 (3881) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാനും കൃഷി ലാഭകരമാക്കാനുമായി അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ വികസിപ്പിച്ച് വ്യാപനം ചെയ്യുമ്പോൾ പരമ്പരാഗത വിത്തിനങ്ങൾ അന്യംനിന്ന് പോകുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയെ സംരക്ഷിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി ചെയ്യുന്നുണ്ടെന്ന കണക്ക് വ്യക്തമാക്കുമോ; കരനെൽകൃഷി ചെയ്യുന്ന കർഷകർക്ക് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) എല്ലാ പഞ്ചായത്തുകളിലും മണ്ണ് പരിശോധനാ സംവിധാനം ഏർപ്പെടുത്തുമോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ വ്യാപകമായി കൃഷിക്ക് ഉപയോഗിക്കുന്നതുമൂലം പരമ്പരാഗത വിത്തിനങ്ങളുടെ കൃഷി കുറയുകയും ഉൽപ്പാദന ക്ഷമത കുറഞ്ഞ നാടൻ നെല്ലിനങ്ങളുടെ വിത്തിനങ്ങൾ അന്യംനിന്നു പോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒഴിവാക്കുന്നതിനും പരമ്പരാഗത നെല്ലിനങ്ങളായ ജീരകശാല, ഗന്ധകശാല, ഞവര, പൊക്കാളി ഇനങ്ങൾ, രക്തശാലി മുതലായവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2016-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുന്നതിനായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സവിശേഷതകളുള്ളതും കേരളത്തിന്റെ കാലാവസ്ഥയ്ക്ക് യോജിച്ചതുമായ പരമ്പരാഗത വിത്തിനങ്ങൾ വിത്ത് ബാങ്കിലൂടെ സംരക്ഷിക്കുന്നതിനും ഇവ വ്യാപകമായി പ്രചരിപ്പിക്കുവാനുമുള്ള ഒരു പദ്ധതിക്ക് കൃഷി വകുപ്പ് രൂപം നൽകിവരികയാണ്.

(ബി) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2663.196 ഹെക്ടർ സ്ഥലത്ത് കരനെൽക്കൃഷി ചെയ്തിട്ടുണ്ട്. കരനെൽക്കൃഷി ചെയ്യുന്ന കർഷകർക്ക് ഒരു ഹെക്ടറിന് 13,600 രൂപ ധനസഹായമായി നൽകുന്നുണ്ട്. ഇതിലേക്കായി 348.16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) മണ്ണുപര്യവേക്ഷണ സംരക്ഷണ വകുപ്പിൻകീഴിൽ തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ മാത്രമാണ് മണ്ണ് പരിശോധനശാലകൾ നിലവിലുള്ളത്. അതതു ജില്ലകളിലെയും സമീപ ജില്ലകളിലെയും പഞ്ചായത്തുകളിൽനിന്നും ശേഖരിക്കുന്ന മണ്ണ് സാമ്പിളുകളും കർഷകർ നേരിട്ടു കൊണ്ടുവരുന്ന സാമ്പിളുകളും ഈ ലാബുകളിൽ പരിശോധിച്ച് പരിശോധനാഫലങ്ങളും പരിപാലന മുറകളും സോയിൽ ഹെൽത്ത് കാർഡുകൾ വഴി കർഷകർക്ക് നൽകിവരുന്നു. മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലബോറട്ടറിയുടെ സേവനം എല്ലാ പഞ്ചായത്തിലും ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്.

**പച്ചക്കറി ശേഖരണം**

38 (3882) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണക്കാലത്ത് ചിലയിടങ്ങളിൽ കർഷകർക്ക് മുൻകൂർ പണം നൽകി കാർഷിക ഉൽപ്പന്നങ്ങൾ കൃഷിയിടങ്ങളിൽനിന്ന് നേരിട്ട് ശേഖരിച്ചതു പോലെ ഉത്സവ സീസണുകൾ അല്ലാത്തപ്പോഴും പച്ചക്കറി ശേഖരിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്സവ സീസണുകളിലും അല്ലാത്തപ്പോഴും സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്ത വ്യാപാര വിപണികൾ, കൃഷിഭവനുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർക്ക് ന്യായവില നൽകി പരമാവധി ഉൽപ്പന്നങ്ങൾ ഇടത്തട്ടുകാരെ ഒഴിവാക്കി ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ചുവരുന്നു. വിപണനത്തിന് അനുയോജ്യമായ വിളവ് എവിടെ ഉണ്ടെന്ന് അറിയിപ്പ് ലഭിച്ചാലും അവിടെനിന്നും പച്ചക്കറികൾ ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ചുവരുന്നു. വരും നാളുകളിൽ സംഭരണം നടത്തുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും വില 5 ദിവസത്തിനുള്ളിൽ കർഷകർക്ക് നൽകുവാൻ ഹോർട്ടികോർപ്പ് ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുവാൻ നടപടിയെടുത്തിട്ടുണ്ട്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആസ്ഥാനത്ത് മാർക്കറ്റ് ഇൻഫർമേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് 14 ജില്ലകളിൽ നടന്നു വരുന്ന പച്ചക്കറി കൃഷിയെ സംബന്ധിച്ചും ഓരോ വിളകൾ എത്രയൊക്കെ ഏരിയായിൽ ഏതൊക്കെ പ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കുന്നുവെന്നും ഇവയുടെ ഡിമാന്റും മാർക്കറ്റും ലഭ്യമാക്കാനിടയുള്ള വിലയും സംബന്ധിച്ച് വിശദമായ പഠനം നടത്തി 52 ആഴ്ചകളിലെയും കണക്കുകൾ തയ്യാറാക്കുന്നു. Crop mapping-ഉം Marketing schedule-ഉം തയ്യാറാക്കി വ്യക്തമായ മാർക്കറ്റിംഗ് പദ്ധതി രൂപപ്പെടുത്തിവരികയാണ്.

## പരമ്പരാഗത നെൽവിത്തിനങ്ങൾ

39 (3883) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പരമ്പരാഗത നെൽവിത്തിനങ്ങളായ ഞവര, ഗന്ധകശാല, ജീരകശാല, പൊക്കാളി തുടങ്ങിയവ തിരികെ കൊണ്ടുവരുന്നതിനും ഇവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ;

(ബി) അമൂല്യമായ കിഴങ്ങുവർഗ്ഗങ്ങൾ, നാടൻ പച്ചക്കറികൾ, ഇലവർഗ്ഗങ്ങൾ എന്നിവയുടെ വിത്തിനങ്ങൾ വിത്ത് ബാങ്കിൽ സംരക്ഷിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) അന്യം നിന്നുപോകുന്ന വിത്തിനങ്ങൾ സംരക്ഷിച്ചു സൂക്ഷിക്കുന്നവരെയും കർഷക ക്ലബുകളെയും പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ എന്തെങ്കിലും സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പരമ്പരാഗത നെൽവിത്തിനങ്ങളായ ഞവര, ഗന്ധകശാല, ജീരകശാല, പൊക്കാളി തുടങ്ങിയവ തിരികെ കൊണ്ടുവരുന്നതിനും ഇവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനുമായി "പ്രത്യേക നെല്ലിനങ്ങളുടെ വികസനം" എന്ന പദ്ധതി പ്രകാരം ഒരു ഹെക്ടറിന് 10,000 രൂപ ധനസഹായം നൽകി (1500 ഹെക്ടറിൽ) പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ആയതിനായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രധാനമായും ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലാണ് നടപ്പിലാക്കി വരുന്നത്. ഞവര, ഗന്ധകശാല, ജീരകശാല, പൊക്കാളി നെൽവിത്തുകൾക്ക് കൃഷിക്കാരുടെ സഹായത്തോടെ കേരള കാർഷിക സർവ്വകലാശാല കേന്ദ്ര സർക്കാരിന്റെ 'ജി.ഐ. രജിസ്ട്രേഷൻ' എടുത്തുനൽകിയിട്ടുണ്ട്. കൂടാതെ പരമ്പരാഗത വിത്തിനങ്ങളുടെ ഒരു ശേഖരം ഉണ്ടാക്കുന്നതിന് (വിത്ത് ബാങ്ക്) നടപടി ആരംഭിച്ചുകഴിഞ്ഞു.

(ബി) കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായതും സവിശേഷതകൾ ഉള്ളതുമായ നിരവധി നാടൻ നെല്ലിനങ്ങളുണ്ട്. ഇവയുടെ ജനിതകശേഖരം കാത്തുസൂക്ഷിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി വിത്ത് ബാങ്ക് എന്ന ആശയം പ്രാവർത്തികമാക്കാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. 2016-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന് 3 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. അമൂല്യമായ കിഴങ്ങുവർഗ്ഗങ്ങൾ, നാടൻ പച്ചക്കറികൾ, ഇലവർഗ്ഗങ്ങൾ എന്നിവ വിത്തുബാങ്കിലൂടെ സംരക്ഷിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനായുള്ള പദ്ധതിനിർദ്ദേശം കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(സി) ഗവൺമെന്റ് എല്ലാവിധ പിന്തുണയും നൽകുന്നതാണ്.

## റൈസ് അഗ്രോ പാർക്ക്

40 (3884) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരമുള്ള റൈസ് അഗ്രോ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പാർക്ക് വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) തഴക്കരയിലെ ജില്ലാ കൃഷിത്തോട്ടത്തിന്റെ ആകെ വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ; നിലവിൽ എത്ര സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ; ഇവിടെ പൂർണ്ണമായി കൃഷി ചെയ്യാതിരിക്കുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലയിൽ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കുവേണ്ടിയുള്ള അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിന് 2016-17 പുതുക്കിയ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) തഴക്കരയിലെ ജില്ലാ കൃഷിത്തോട്ടത്തിന്റെ ആകെ വിസ്തീർണ്ണം 34.72 ഹെക്ടറാണ്. നിലവിൽ 30.12 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു. തൊഴിലാളികളുടെ ദൗർലഭ്യം, യന്ത്രസാമഗ്രികളുടെ കുറവ്, ഉൽപ്പാദന ക്ഷമമല്ലാത്തതും കാലപ്പഴക്കം ചെന്നതുമായ മാതൃവൃക്ഷങ്ങളുള്ള തോട്ടത്തിലെ വൻവൃക്ഷങ്ങൾ നീക്കം ചെയ്യാത്തത് എന്നീ കാരണങ്ങൾകൊണ്ടാണ് ഇവിടെ പൂർണ്ണമായും കൃഷി ചെയ്യുവാൻ സാധിക്കാത്തത്.

## ഹോർട്ടികൾച്ചർ മിഷൻ നടത്തിയ പ്രവർത്തനങ്ങൾ

41 (3885) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ അട്ടപ്പാടി ആദിവാസിമേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നുള്ള വിവരം വാർഷികാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) അനുബന്ധ പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടായിരുന്നുവെന്നും ആയതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള ഇനം തിരിച്ചുള്ള വിവരം ഊര് തിരിച്ച് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള അട്ടപ്പാടി ആദിവാസി മേഖല ഉൾപ്പെടുന്ന അഗളി, പുതൂർ, ഷോളയൂർ കൃഷിഭവൻ പരിധിയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) അട്ടപ്പാടി ആദിവാസി മേഖലയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ ഊര് തിരിച്ച് നടത്തിയിട്ടില്ല.

**കാർഷിക പ്രവർത്തനങ്ങൾ**

42 (3886) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അട്ടപ്പാടി മേഖലയിൽ എന്തെല്ലാം കാർഷിക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുമോ;

(ബി) കാർഷിക പദ്ധതികൾക്കായി എത്ര തുക ചെലവിട്ടുവെന്ന വിവരം പദ്ധതി തിരിച്ച്, വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ഓരോ പദ്ധതിക്കും ചെലവിട്ട തുകയുടെ വിവരം ഇനം തിരിച്ച് അറിയിക്കുമോ;

(ഡി) മേൽ പദ്ധതികൾക്കായി എത്ര തുക സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുണ്ടായിരുന്നുവെന്ന് പദ്ധതി തിരിച്ച് വെളിപ്പെടുത്താമോ ;

(ഇ) പ്രസ്തുത കാർഷിക പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) അഡീഷണൽ ട്രൈബൽ സബ് പ്ലാൻ (എ.ടി.എസ്.പി.) എന്ന പദ്ധതിയും അതിനുകീഴിൽ വൈദ്യുത കമ്പിവേലി നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ, കൃഷി എന്നീ സ്കീമുകളും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെയും കൃഷി വകുപ്പിന്റെയും മറ്റു പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അട്ടപ്പാടി പാക്കേജ് പദ്ധതിയും നടപ്പാക്കി.

(ബി) അഡീഷണൽ ട്രൈബൽ സബ്പ്ലാൻ 2014-15-ൽ 38,98,325 രൂപ ചെലവഴിച്ചു. അട്ടപ്പാടി പാക്കേജ് (എ.ടി.പി.)-ൽ 2013-14-ൽ 1,10,87,193 രൂപയും 2014-15-ൽ 1,80,02,850 രൂപയും കൃഷി വകുപ്പിന്റെ മറ്റു പദ്ധതികളിലായി 4,13,46,137 രൂപയും ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന ക്ഷേമ വകുപ്പിൻ കീഴിൽ 2013-14-ൽ 100 ലക്ഷം രൂപയുടെ പദ്ധതി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കുകയും ചെയ്തു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) അഡീഷണൽ ട്രൈബൽ സബ് പ്ലാനിന് കീഴിലുള്ള "കൃഷി" പദ്ധതിക്കായി 40,35,325 രൂപ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി 1,63,57,590 രൂപ, വൈദ്യുതി കമ്പിവേലി നിർമ്മാണത്തിനായി 2,11,08,675 രൂപ, അട്ടപ്പാടി പാക്കേജ് പദ്ധതിക്കായി 3,08,00,000 രൂപ, കൃഷി വകുപ്പിന്റെ പദ്ധതികൾക്കായി 4,13,75,637 രൂപ, പട്ടികവർഗ്ഗ വികസന ക്ഷേമ വകുപ്പിൻ കീഴിൽ 100 ലക്ഷം രൂപയുടെ പദ്ധതി മുതലായവ സംസ്ഥാന സർക്കാരിന്റെ വിഹിതവും ബയോഗ്യാസ് പദ്ധതിക്കായുള്ള 30,500 രൂപ, ആർ.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള 62 ലക്ഷം രൂപ എന്നിവ കേന്ദ്രസർക്കാരിന്റെ വിഹിതവുമാണ്.

(ഇ) ഉണ്ട്. ഹ്രസ്വകാല വിളകൾ ലക്ഷ്യം നേടുകയും ദീർഘകാല വിളകളുടെ കാര്യത്തിൽ ഭാവിയിൽ ഫലപ്രാപ്തി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

## വിഷലിപ്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും

43 (3887) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലേക്ക് കർണ്ണാടകത്തിൽനിന്നും മറ്റും വ്യാപകമായി കൊണ്ടുവരുന്ന വിഷലിപ്തമായ പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും വില്പന തടയാനും ഇവ പരിശോധിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ പരിശോധിച്ച് തിരിച്ചയയ്ക്കാനും നിരോധിക്കാനും നടപടികളുണ്ടാകുമോ?

### ഉത്തരം

(എ) അയൽ സംസ്ഥാനങ്ങളിൽ കീടനാശിനി പ്രയോഗം പരമാവധി ഒഴിവാക്കുന്നതിലേക്കായി തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ കേരളത്തോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലെ കർഷകർക്ക് പ്രാദേശിക ഭാഷയിൽ ക്ലാസ്സുകൾ നൽകുന്നതുൾപ്പെടെ കർഷകർക്കിടയിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. കാസർഗോഡ് ജില്ലയിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ കോഴിക്കോട് റീജിയണൽ ലാബിലേക്കും പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിംഗ് ലാബിലേക്കും പരിശോധനയ്ക്കായി നൽകിവരുന്നുണ്ട്. നിരോധിച്ച കീടനാശിനികളുടെ പ്രദർശനം, വിൽപ്പന, ഉപയോഗം എന്നിവ തടയുന്നതിന് നടപടികൾ എടുത്തുവരുന്നു. നിയന്ത്രിത കീടനാശിനികളുടെ ഉപയോഗം അത്യാവശ്യ ഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കീടനാശിനി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് മാധ്യമങ്ങൾ മുഖേന കർഷകരെ ബോധവൽക്കരിക്കുകയും നല്ല കൃഷി മുറകൾ പ്രചരിപ്പിക്കുകയും സംസ്ഥാനതല ക്യാമ്പെയിനുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിജിലൻസ് കമ്മിറ്റികൾ, വിജിലൻസ് സ്ക്വാഡ് എന്നിവ മുഖേന ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കീടനാശിനിയുടെ വരവ് നിയന്ത്രിക്കുന്നുണ്ട്. മായം ചേർത്ത പഴം, പച്ചക്കറി എന്നിവയുടെ വിപണനം തടയുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) പരിശോധന നടത്തിയതിൽ അനുവദനീയ പരിധിക്കുമുകളിൽ വിഷാംശം കലർന്ന പഴം-പച്ചക്കറികൾ കണ്ടെത്തിയിട്ടില്ല.

**തരിശായ നെൽവയലുകൾ**

44 (3888) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലെ ഓണാട്ടുകര പ്രദേശത്ത് നെൽവയലുകൾ തരിശായിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഭൂമികൾ കണ്ടെത്തി കൃഷി വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ഓണാട്ടുകര പ്രദേശത്ത് ഇരുപ്പൂ (വിരിപ്പ്, മുണ്ടകൻ), മുപ്പൂ (വിരിപ്പ്, മുണ്ടകൻ, എള്ള്/പയർ) നിലങ്ങൾ ഭൂരിഭാഗവും തരിശായി കിടക്കുകയാണ്. നിലം നികത്തുന്നതുമൂലം പാടശേഖരങ്ങളുടെ സ്വാഭാവികമായ നീരൊഴുക്ക് തടസ്സപ്പെട്ടതും വർദ്ധിച്ച കൃഷിച്ചെലവും ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നതുമാണ് കർഷകർ തരിശിടുന്നതിന് കാരണമായത്. ഓണാട്ടുകര പ്രദേശത്ത് നെൽക്കൃഷി വീണ്ടെടുക്കണമെങ്കിൽ വൻതോതിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. കൃഷി ചെയ്യാൻ സൗകര്യമുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിലേക്കായി കൃഷി വകുപ്പിന്റേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പാടശേഖര സമിതികൾ, കർഷക ഗ്രൂപ്പുകൾ, സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ പങ്കാളിത്തത്തോടെയുള്ള പദ്ധതിയാണ് വിഭാവന ചെയ്യുന്നത്.

## കപ്പത്തോട്

45 (3889) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി - കോടശ്ശേരി പരിയാരം പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോട് കുളവാഴകൾ നീക്കി, കെട്ടി സംരക്ഷിക്കുന്നതിനായി കെ.എൽ.ഡി.സി. മുഖേന സർപ്പിച്ചിട്ടുള്ള പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ അനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിലെ 'കപ്പത്തോട് സംരക്ഷിക്കുന്നതിനായി 2016-17-ലെ നബാർഡിന്റെ ധനസഹായത്തോടെയുള്ള RIDF tranche XXII-ൽ ഉൾപ്പെടുത്താനായി കെ.എൽ.ഡി.സി. മുഖേന സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ടിൽ ചില അപാകതകൾ കണ്ടെത്തിയതിനെത്തുടർന്ന് ആയവ പരിഹരിച്ച് തിരികെ സമർപ്പിക്കാൻ വേണ്ട നിർദ്ദേശം കെ.എൽ.ഡി.സി.-ക്ക് നൽകുന്നതാണ്. ഇത് ലഭ്യമാകുന്നമുറയ്ക്ക് പദ്ധതിക്കുള്ള അനുമതി നൽകി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ഹോർട്ടികോർപ്പിന്റെ വിൽപ്പന കേന്ദ്രങ്ങൾ

46 (3890) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഹോർട്ടികോർപ്പിന്റെ എത്ര വില്പന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ പ്രതിമാസ വരുമാനം വെളിപ്പെടുത്തുമോ;

(സി) നിയോജക മണ്ഡലത്തിൽപ്പെടുന്ന പഞ്ചായത്തുകളിൽ ഹോർട്ടികോർപ്പിന്റെ വില്പന കേന്ദ്രങ്ങൾ ഇല്ലാത്തിടങ്ങളിൽ അവ തുടങ്ങാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ കൊട്ടാരക്കര മാർക്കറ്റ് ജംഗ്ഷൻ, കൊട്ടാരക്കര ബസ് സ്റ്റാൻഡ്, മൈലം, ഗാന്ധിമുക്ക്, സദാനന്ദപുരം, കിഴക്കേതെരുവ്, നെല്ലിക്കുന്നം, നീലേശ്വരം, ഓടനാവട്ടം എന്നിവിടങ്ങളിലായി ഹോർട്ടികോർപ്പിന്റെ 9 വിൽപ്പനകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത കേന്ദ്രങ്ങളിലെ പ്രതിമാസമുള്ള ശരാശരി വരുമാനം ചുവടെച്ചേർക്കുന്നു.

| | | |
|---|---|---|
| കൊട്ടാരക്കര | - | 5,55,000.00 |
| കൊട്ടാരക്കര ബസ് സ്റ്റാൻഡ് | - | 37,000.00 |
| മൈലം | - | 5,500.00 |
| ഗാന്ധിമുക്ക് | - | 21,409.00 |
| സദാനന്ദപുരം | - | 2,564.00 |
| കിഴക്കേതെരുവ് | - | 9,500.00 |
| നെല്ലിക്കുന്നം | - | 10,600.00 |
| നീലേശ്വരം | - | 9,800.00 |
| ഓടനാവട്ടം | - | 25,500.00 |

(സി) നിയോജക മണ്ഡലത്തിൽപ്പെടുന്ന പഞ്ചായത്തുകളിൽ ഹോർട്ടികോർപ്പിന്റെ വിൽപ്പനകേന്ദ്രങ്ങൾ ഇല്ലാത്തിടത്ത് കാർഷിക ഉൽപ്പന്നങ്ങളുടെ ലഭ്യതയനുസരിച്ച് അവ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**രാസവളം ലഭ്യമാക്കൽ**

47 (3891) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജൈവകൃഷിയുടെ വ്യാപനത്തിന്റെ ഭാഗമായി ചില പഞ്ചായത്തുകളിൽ അവലംബിക്കുന്ന നയങ്ങളുടെ ഫലമായി രാസവളങ്ങൾ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെങ്ങ്, റബ്ബർ, നെല്ല് തുടങ്ങിയ വിളകൾക്ക് രാസവളങ്ങൾ അത്യാവശ്യമാണെന്നിരിക്കെ ആവശ്യമായ രാസവളങ്ങൾ കർഷകർക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 2015-16 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ വിറ്റഴിക്കപ്പെട്ട രാസവളങ്ങളുടെ അളവ് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) 2015-16 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ വിറ്റഴിക്കപ്പെട്ട രാസവളങ്ങളുടെ അളവ് താഴെപ്പറയും പ്രകാരമാണ്.

1. യൂറിയ 1,52,916 മെട്രിക് ടൺ
2. ഡൈ അമോണിയം ഫോസ്ഫേറ്റ് (ഡി.എ.പി.) 25,716 മെട്രിക് ടൺ
3. സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ് 1,133 മെട്രിക് ടൺ
4. അമോണിയം സൾഫേറ്റ് 3,762 മെട്രിക് ടൺ
5. മ്യൂറേറ്റ് ഓഫ് പൊട്ടാഷ് 1,02,459 മെട്രിക് ടൺ
6. കോംപ്ലക്സ് രാസവളങ്ങൾ 1,33,759 മെട്രിക് ടൺ
7. റോക്ക് ഫോസ്ഫേറ്റ് 14,508 മെട്രിക് ടൺ

## ഹോർട്ടികോർപ്പിന്റെ വിൽപ്പന കേന്ദ്രങ്ങൾ

48 (3892) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഹോർട്ടികോർപ്പിന്റെ വില്പന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിയോജക മണ്ഡലത്തിലെ പ്രധാന പഞ്ചായത്തുകളിലെങ്കിലും ഹോർട്ടികോർപ്പിന്റെ വിപണനകേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലേക്കും ഹോർട്ടി കോർപ്പിന്റെ വിപണന കേന്ദ്രങ്ങൾ വ്യാപിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ

49 (3893) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അട്ടപ്പാടി ആദിവാസി മേഖലയിൽ വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി എത്ര തുക ഏതെല്ലാമിനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന വിവരം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഓരോ പദ്ധതിക്കുമായി എത്ര തുക സർക്കാർ/കേന്ദ്രസർക്കാർ വകയിരുത്തി അനുവദിച്ചിട്ടുണ്ടായിരുന്നുവെന്നുള്ള വിവരം ഇനം തിരിച്ച് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 2013-14 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന ക്ഷേമ വകുപ്പ് 100 ലക്ഷം രൂപ അനുവദിക്കുകയും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു.

| പ്രവർത്തനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| സ്വാശ്രയ സംഘങ്ങളുടെ രൂപീകരണം (8 എണ്ണം) | ₹ 50,000 |
| പരിശീലനങ്ങൾ (5 എണ്ണം) | ₹ 40,000 |
| പന്തൽ പച്ചക്കറി കൃഷി (10 ഏക്കർ) | ₹ 6,50,000 |
| പച്ചക്കറി കൃഷി (40 ഏക്കർ) | ₹ 18,00,000 |
| നിലവിലുള്ള വാഴക്കൃഷിക്കുള്ള സഹായം (10 ഏക്കർ) | ₹ 2,00,000 |
| പുതിയ വാഴക്കൃഷിക്കുള്ള പ്രോത്സാഹനം (50 ഏക്കർ) | ₹ 35,00,000 |
| മാർക്കറ്റ് സപ്പോർട്ട് കളക്ഷൻ സെന്റർ (2 എണ്ണം) | ₹ 5,00,000 |
| മാർക്കറ്റ് ഇന്റർവെൻഷൻ (5000 മെട്രിക് ടൺ) | ₹ 12,25,000 |
| സമിതിക്ക് വാഹനം | ₹ 7,50,000 |
| ഫെയർ പ്രൈസ് സപ്പോർട്ട് | ₹ 5,00,000 |
| ഫെസിലിറ്റേഷൻ | ₹ 3,60,000 |
| സാങ്കേതിക സഹായം | ₹ 4,25,000 |

2014-15 സാമ്പത്തിക വർഷം RKVY പദ്ധതിയിൽ 62 ലക്ഷം രൂപ അനുവദിക്കുകയും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു.

| പ്രവർത്തനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| പന്തൽ പച്ചക്കറി കൃഷി (50 ഏക്കർ) | ₹ 10,00,000 |
| പച്ചക്കറി കൃഷി (200 ഏക്കർ) | ₹ 32,00,000 |
| വാഴക്കൃഷി | ₹ 20,00,000 |

(സി) മേൽ പരാമർശിച്ച പദ്ധതികളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ 100 ലക്ഷം രൂപയുടെ പദ്ധതി പൂർണ്ണമായും സംസ്ഥാന സർക്കാർ വിഹിതവും 62 ലക്ഷം രൂപയുടെ RKVY പദ്ധതി പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെയും വിഹിതമാണ്.

**നബാർഡിന്റെ പ്രൊപ്പോസലുകൾ**

50 (3894) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡ്, ആർ.ഐ.ഡി.എഫ് XXI-ൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കാൻ സമർപ്പിക്കപ്പെട്ട പദ്ധതി പ്രൊപ്പോസലുകൾ ഏതെല്ലാം ; ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

നബാർഡ് ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കാൻ സമർപ്പിക്കപ്പെട്ട പദ്ധതി പ്രൊപ്പോസലുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നെല്ലുൽപ്പാദനം**

51 (3895) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിൽ എത്ര ടൺ നെല്ല് ഉത്പാദിപ്പിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് നിലവിൽ 549275 ടൺ നെല്ല് ഉൽപ്പാദിപ്പിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള നെല്ലുൽപ്പാദനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| നമ്പർ | ജില്ല | ഉൽപ്പാദനം (ടൺ) |
|---|---|---|
| 1. | തിരുവനന്തപുരം | 5453 |
| 2. | കൊല്ലം | 3351 |
| 3. | പത്തനംതിട്ട | 8396 |
| 4. | ആലപ്പുഴ | 89335 |
| 5. | കോട്ടയം | 49506 |
| 6. | ഇടുക്കി | 2198 |
| 7. | എറണാകുളം | 12652 |
| 8. | തൃശ്ശൂർ | 78886 |
| 9. | പാലക്കാട് | 228459 |
| 10. | മലപ്പുറം | 23649 |
| 11. | കോഴിക്കോട് | 3608 |
| 12. | വയനാട് | 23704 |
| 13. | കണ്ണൂർ | 11518 |
| 14. | കാസർഗോഡ് | 8560 |
| | ആകെ | 549275 |

## നിരോധിത കീടനാശിനി

52 (3896) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നിരോധിത കീടനാശിനി ഉപയോഗത്തിനെതിരെ കൃഷി വകുപ്പ് സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) കൃഷി വകുപ്പിന്റെ അനുമതിയില്ലാതെ നിയന്ത്രിത ഉപയോഗത്തിനുള്ള കീടനാശിനികൾ വിറ്റഴിക്കുന്ന കീടനാശിനി കമ്പനികൾക്കും വിതരണക്കാർക്കുമെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുട്ടനാട്ടിൽ നിരോധിത കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായി തടയുന്നതിന് ശക്തമായ നടപടികളുടെ ഭാഗമായി കൃഷി ഓഫീസർമാർ രണ്ടാഴ്ചയിലൊരിക്കൽ എല്ലാ കീടനാശിനി വിതരണ വിൽപ്പന കേന്ദ്രങ്ങളും നിർബന്ധമായി പരിശോധിച്ച് നിരോധിത കീടനാശിനികളുടെ വിതരണവും വിൽപ്പനയും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്. നിയമം ലംഘിക്കുന്നവർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. കീടനാശിനി ഉൽപ്പാദകരും വിതരണക്കാരും കർഷകർക്കും കർഷക സംഘങ്ങൾക്കും നേരിട്ട് കീടനാശിനികൾ വിൽപ്പന നടത്തുന്നതും നിരോധിച്ചിട്ടുണ്ട്. രാസവസ്തുക്കൾ പരമാവധി കുറച്ചും കാര്യക്ഷമമായി ഉപയോഗിച്ചുമുള്ള നല്ല കാർഷികമുറകൾ, സംയോജിത കീടരോഗ നിയന്ത്രണം, ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയും നടപ്പാക്കിവരുന്നു.

(ബി) നിയന്ത്രിത കീടനാശിനികൾ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിൽപ്പനക്കാർ വിതരണം നടത്താവൂ എന്നും ആയതിന്റെ രജിസ്റ്റർ ഡിപ്പോകളിൽ സൂക്ഷിക്കണം എന്നുമുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന വിൽപ്പനക്കാർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് പ്രകാരം നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന**

53 (3897) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന (PMKSY) സംസ്ഥാനത്തിന് ലഭ്യമായതിന് ശേഷം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജനയ്ക്കുവേണ്ടി ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്ര സർക്കാർ എത്ര തുക നൽകി ; പ്ലാനുകൾ തയ്യാറാക്കുന്നതിനായി എത്ര തുക വിനിയോഗിച്ചു; വിശദമാക്കാമോ ;

(സി) പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജനയ്ക്ക് വേണ്ടി ജില്ലാ ഇറിഗേഷൻ പ്ലാനുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ, വരുന്ന അഞ്ച് വർഷത്തേക്ക് സംസ്ഥാനത്ത് നടപ്പിലാക്കേണ്ട പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിക്കാത്തതിന് എന്തെങ്കിലും കാരണമുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന വിഹിതമായി എത്ര തുകയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയത്; ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെങ്കിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഫണ്ട് കേരളത്തിന് ലഭിക്കാതെ പോകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പണം കണ്ടെത്താൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് State Level Sanctioning Committee (SLSC), Inter Departmental Working Group (IDWC), District Level Implementation Committee (DLIC) എന്നിവ രൂപീകരിച്ചു. എല്ലാ ജില്ലകളിലും ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജനയ്ക്കുവേണ്ടി ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്ര സർക്കാർ 140 ലക്ഷം രൂപ നൽകി. സാങ്കേതിക കാരണങ്ങളാൽ ജില്ലാതല പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു ജില്ലയ്ക്ക് 5 ലക്ഷം രൂപ വീതം ആകെ 70 ലക്ഷം രൂപയാണ് ഇപ്പോൾ ജില്ലകൾക്ക് നൽകിയിട്ടുള്ളത്. ജില്ലാതല പ്ലാനുകൾ പൂർത്തീകരിച്ചശേഷം മാത്രമേ ധനവിനിയോഗത്തിന്റെ കണക്ക് കൃത്യമായി പറയാൻ കഴിയൂ. (ആയത് വിനിയോഗിച്ചുവരുന്നു.)

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചും ജില്ലാ കൃഷി ഓഫീസർമാരുടെ യോഗം വിളിച്ചുകൂട്ടിയും ജില്ലാ ഇറിഗേഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തികൾ ത്വരിതപ്പെടുത്തിവരുന്നു. ഇത് പൂർത്തീകരിക്കുന്നമുറയ്ക്ക് കേന്ദ്ര സർക്കാരിന്റെ PMKSY വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതാണ്.

(ഡി) PMKSY മാർഗ്ഗരേഖപ്രകാരം ഓരോ പദ്ധതിയും കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതില്ല. എന്നാൽ കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥർകൂടി അടങ്ങുന്നതും സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനുമായ സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്. ജില്ലാതല ജലസേചന പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ അതാതു വർഷത്തെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വാർഷിക പ്ലാനുകളും പ്രോജക്ടുകളും തയ്യാറാക്കി എസ്.എൽ.എസ്.സി.-യുടെ അംഗീകാരം തേടേണ്ടതാണ്.

(ഇ) PMKSY-കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഗ്രാമവികസന വകുപ്പ്, ചെറുകിട ജലസേചന വകുപ്പ് എന്നീ മൂന്ന് വകുപ്പുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ബഡ്ജറ്റിൽ ആത്മ ഒഴികെയുള്ള 60% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 305 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന് ഇത് പര്യാപ്തമാണ്. ഗ്രാമവികസന വകുപ്പിന് 75 കോടി രൂപയും ചെറുകിട ജലസേചന വകുപ്പിന് 60 കോടി രൂപയും PMKSY പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ടിന് ആനുപാതികമായി പദ്ധതികൾ നടപ്പിലാക്കാൻ ഈ തുക പര്യാപ്തമാണ്.

**കീടനാശിനികൾ തളിച്ച പച്ചക്കറി**

54 (3898) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പലയിടങ്ങളിലും ജൈവ പച്ചക്കറി എന്ന പേരിൽ കീടനാശിനി ഉപയോഗിച്ച പച്ചക്കറികൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇരട്ടി വിലയ്ക്ക് പച്ചക്കറി വിൽക്കുന്നതിനും മറ്റുമായി നടത്തുന്ന ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഇത്തരത്തിലുള്ള പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിന് മൊബൈൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തുമോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി കൂടുതൽ ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചുകൊണ്ട് ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മൊബൈൽ ലാബുകളിൽ പച്ചക്കറികളുടെ വിഷാംശം കണ്ടെത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് സാങ്കേതിക പരിമിതികളുണ്ട്. ഭാവിയിൽ ഇക്കാര്യം ആലോചിക്കുന്നതാണ്.

**തസ്തികകളും സ്ഥലംമാറ്റവും**

55 (3899) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ എത്ര എ.ഡി.എ. ഓഫീസുകൾ ഉണ്ട്; ഈ ഓഫീസുകളിൽ നിന്ന് പ്രതിവർഷം എത്ര രൂപ വീതം കർഷകർക്ക് നേരിട്ടും അല്ലാതെയും അനുവദിക്കാറുണ്ട്;

(ബി) പ്രസ്തുത ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് ഓരോ ജൂനിയർ സൂപ്രണ്ട്, ക്ലാർക്ക് തസ്തികകൾ കൂടുതലായി സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) കർഷക പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ; നിലവിൽ അനർഹർ കർഷക പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്ന ഉദ്യോഗസ്ഥർ പാലക്കാട്, കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ ജോലിചെയ്യാൻ വിസമ്മതിക്കുന്നതും രാഷ്ട്രീയ/ഉദ്യോഗസ്ഥ സ്വാധീനം ഉപയോഗിച്ച് തെക്കൻ ജില്ലകളിലേക്ക് സ്ഥലംമാറ്റം വാങ്ങി പോകുന്നതും തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) കൃഷി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നീ ഉയർന്ന തസ്തികകളിലെ ജീവനക്കാർ സ്വന്തം ജില്ലയ്ക്ക് വെളിയിലും മലബാർ മേഖലയിലും കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി ജോലി ചെയ്യണമെന്ന നിബന്ധന, കാർഷികവൃത്തിക്ക് മുൻതൂക്കം കൊടുക്കുന്ന ജില്ലകളിലെ ഉദ്യോഗസ്ഥക്ഷാമം പരിഹരിക്കാൻ പര്യാപ്തമാകുമെന്ന് കരുതുന്നുണ്ടോ ; ഈ വിഷയത്തിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നും കൃഷി വകുപ്പിൽ ഒരു സ്ഥലംമാറ്റ നയം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 152 കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളാണുള്ളത്. പ്രതിവർഷം ടി ഓഫീസുകളിൽനിന്നും കർഷകർക്ക് നേരിട്ടും അല്ലാതെയും അനുവദിക്കുന്ന തുകകളെപ്പറ്റിയുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിൽ കൂടുതൽ തസ്തികകൾ അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(സി) കർഷക പെൻഷൻ ലിസ്റ്റിൽ ധാരാളം അനർഹരായവർ ഉൾപ്പെട്ടിട്ടുണ്ടെന്ന് ധന വകുപ്പ് കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 60 വയസ്സ് പൂർത്തീകരിച്ച, 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ള ചെറുകിട-നാമമാത്ര കർഷകർക്കാണ് കർഷക പെൻഷൻ അനുവദിക്കുന്നത്. നിലവിലുള്ള മാനദണ്ഡങ്ങൾപ്രകാരം അർഹതയുള്ളവരെയാണ് പെൻഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ അനർഹർ കർഷക പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാനും, നിലവിലുള്ള മാനദണ്ഡത്തിന്റെ അപാകതകൾ പരിശോധിക്കുവാനുമുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) സ്ഥലംമാറ്റം സംബന്ധിച്ച് നിലവിലുള്ള പൊതു മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ സ്ഥലംമാറ്റം നടന്നുവരുന്നത്. ഇത് കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി അടുത്ത വർഷം മുതൽ സ്ഥലംമാറ്റം ഓൺലൈനായി നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഇ) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഒരു സ്ഥലംമാറ്റ നയം കൊണ്ടുവരുന്നത് സംബന്ധിച്ച നിർദ്ദേശം പരിശോധിക്കുന്നതാണ്

## ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ്

56 (3900) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം കുട്ടനാട്ടിലെ പരിസ്ഥിതി സംരക്ഷണത്തിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## ഉത്തരം

(എ) കുട്ടനാട് പോലെയുള്ള തീരദേശ കാർഷിക മേഖലകളിൽ ആഗോള താപനം, കാലാവസ്ഥാ വ്യതിയാനം, ഓരുകയറ്റം എന്നിവമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനും അത് നേരിടുന്നതിനുള്ള അതിജീവന കൃഷി മാതൃകകൾ ആവിഷ്കരിക്കുന്നതിനും ലക്ഷ്യമിട്ട് 2015 സെപ്റ്റംബർ മാസത്തിൽ ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് IRTCBSF (അന്തർദ്ദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം) കുട്ടനാട്ടിൽ പ്രവർത്തനം ആരംഭിച്ചു. കാലാവസ്ഥാ മാറ്റത്തിന്റെ പശ്ചാത്തലത്തിൽ, തീരദേശ കാർഷിക മേഖലകൾക്ക് അനുയോജ്യമായ വിവിധ സംയോജിത കാർഷിക മാതൃകകൾ രൂപപ്പെടുത്തുക, ഫ്ലോട്ടിംഗ് അഗ്രികൾച്ചർ, തുറസ്സായ ജലാശയങ്ങളിലും മറ്റും ജലകളകൾ വിനിയോഗിച്ചുള്ള കൃഷി, പരിസ്ഥിതി പര്യവേഷണ പഠനങ്ങൾ തുടങ്ങിയ പദ്ധതികൾ കർഷക പങ്കാളിത്തത്തോടെ ടി സ്ഥാപനം നിലവിൽ ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) കുട്ടനാട്ടിലെ പരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് പരിസ്ഥിതിക്ക് അനുയോജ്യമായ സംയോജിത കാർഷിക പദ്ധതികൾ, ഫ്ലോട്ടിംഗ് അഗ്രികൾച്ചർ, ജലകളകൾ ഉപയോഗിച്ചുള്ള കൃഷി, പരിസ്ഥിതി പര്യവേഷണ പഠനങ്ങൾ എന്നിവ പ്രസ്തുത സെന്ററിലൂടെ നടപ്പിലാക്കി വരുന്നു.

## ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ

57 (3901) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (1985) കൃഷി വകുപ്പ് കർശനമായി നടപ്പിലാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് കർശനമായി നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ;

(സി) ഒരേ തരത്തിലുള്ള രാസവളങ്ങൾക്ക് വിവിധ കമ്പനികൾ വ്യത്യസ്ത വിലകൾ ഈടാക്കുന്നത് നിയന്ത്രിക്കാനും ഏറെക്കുറെ ഒരേ വിലയിൽ വിതരണം നടത്താനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഫെർട്ടിലൈസർ (കൺട്രോൾ) ഓർഡർ 1985-കൃഷി വകുപ്പ് കർശനമായി നടപ്പിലാക്കുന്നുണ്ട്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേന്ദ്രസർക്കാർ 2010-11 സാമ്പത്തിക വർഷം മുതൽ ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി (എൻ.ബി.എസ്.) നയമാണ് സ്വീകരിച്ചുവരുന്നത്. പ്രസ്തുത നയപ്രകാരം രാസവളങ്ങളുടെ വില നിർണ്ണയിക്കാനുള്ള അധികാരം രാസവള കമ്പനികളിൽ നിക്ഷിപ്തമാണ്. ഫോസ്ഫറസ്, പൊട്ടാഷ് വളങ്ങളുടെ വില കമ്പനികൾ നിശ്ചയിക്കുന്നുവെങ്കിലും അവ ഉൽപ്പാദനച്ചെലവിനെക്കാൾ കുറഞ്ഞ വിൽപ്പന വിലയിൽ വിൽക്കപ്പെടുന്നതിനുവേണ്ടി കമ്പനികൾക്ക് സബ്സിഡി നൽകുന്ന സ്കീം നിലവിലുണ്ട്.

**പച്ചത്തേങ്ങയുടെ വർദ്ധിപ്പിച്ച വില**

58 (3902) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പച്ചത്തേങ്ങയുടെ വില കിലോയ്ക്ക് 27 രൂപയായി വർദ്ധിപ്പിച്ച നിരക്ക് കേര കർഷകർക്ക് നൽകിത്തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള തുക കർഷകർക്ക് നല്കുവാൻ കൃഷിഭവനുകൾക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

ഇല്ല. പച്ചത്തേങ്ങയുടെ വില കിലോയ്ക്ക് 27 രൂപയായി വർദ്ധിപ്പിക്കുന്നതാണെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൃഷിനാശത്തിന് നഷ്ടപരിഹാരം**

59 (3903) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ലെ കാലവർഷക്കെടുതിയിൽ കൃഷി നശിച്ച മരങ്ങാട്ടുപള്ളി, കുറിച്ചിത്താനം വില്ലേജുകളിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) എത്ര കർഷകർക്കാണ് നഷ്ടപരിഹാരം കണക്കാക്കിയിട്ടുള്ളതെന്നും അത് ആർക്കൊക്കെയാണെന്നും വെളിപ്പെടുത്തുമോ ; ഇവരിൽ ആർക്കെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; എത്ര അപേക്ഷകൾ ഇതുസംബന്ധിച്ച് മരങ്ങാട്ടുപള്ളി കൃഷിഭവനിൽ ലഭിച്ചിട്ടുണ്ട് എന്നറിയിക്കാമോ ;

(സി) കാലവർഷക്കെടുതിമൂലമുള്ള കൃഷി നാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി മരങ്ങാട്ടുപള്ളി കൃഷി ഭവനിൽ അപേക്ഷ നൽകിയിരുന്ന ശ്രീ. ജോർജ് ജോസ്, വല്യമ്യാലിൽ, മണ്ണക്കനാട് പി.ഒ., കോട്ടയം എന്നയാളിന്റെ അപേക്ഷയിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) ശ്രീ. ജോർജ് ജോസിന് നഷ്ടപരിഹാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; ഈ അപേക്ഷകന്റെ അപേക്ഷയിൽ കൃഷി വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) മരങ്ങാട്ടുപള്ളി കൃഷിഭവനിൽ ലഭിച്ച 167 അപേക്ഷകളിൻമേൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകരുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(സി&ഡി) ശ്രീ. ജോർജ് ജോസിന്റെ അപേക്ഷ പരിശോധിച്ച് നഷ്ട പരിഹാരം തിട്ടപ്പെടുത്തി തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നെൽകൃഷിക്കുള്ള സബ്സിഡി**

60 (3904) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിന്റെ വിത്തു വാങ്ങി കൃഷിയിറക്കുന്നവർക്ക് മാത്രം സബ്സിഡി നൽകിയാൽ മതിയെന്ന കൃഷി വകുപ്പിന്റെ ഉത്തരവ് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവിൽ എന്തു മാറ്റമാണ് പുതുതായി വരുത്തിയിട്ടുള്ളത്;

(സി) സർക്കാർ വകുപ്പുകളിലൂടെ ലഭിക്കുന്ന വിത്തുകൾ ചിലത് സംഭരണ ശാലകളിൽ കെട്ടിക്കിടക്കുന്നവ ആയതിനാൽ പലപ്പോഴും മുളയ്ക്കാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒരു ഹെക്ടർ ഭൂമിയിലെ കൃഷിക്ക് എത്ര രൂപയാണ് സബ്സിഡി ; സബ്സിഡി ലഭിക്കുന്ന കൃഷിഭൂമിയുടെ പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) പ്രാചീന നെൽവിത്തുകൾ കൃഷി ചെയ്യുന്നതിന് എന്തെങ്കിലും പ്രത്യേക സഹായം കൃഷി വകുപ്പ് നൽകുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) ഇല്ല. കൃഷി ഡയറക്ടറുടെ 3-9-2016-ലെ പുനഃപരിഷ്കരിച്ച സർക്കുലർ പ്രകാരം നെൽക്കൃഷിക്കാവശ്യമായ വിത്ത് നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് സീഡ് ഡവലപ്പ്മെന്റ് അതോറിറ്റി, കർണാടക സീഡ് കോർപ്പറേഷൻ, സർക്കാർ ഫാമുകൾ എന്നിവിടങ്ങളിൽനിന്നും വാങ്ങാവുന്നതിന് പുറമെ കർഷകർ സ്വന്തമായി ശേഖരിച്ചിട്ടുള്ള നെൽ വിത്തുകൾക്കും സബ്സിഡി നൽകുന്നതാണ്.

(സി) അങ്കുരണ ശേഷി പരിശോധനാലാബുകളിൽ പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷമാണ് കൃഷി വകുപ്പ് കർഷകർക്ക് വിത്ത് നൽകിവരുന്നത്. വിത്തുകളുടെ അങ്കുരണശേഷി കുറഞ്ഞതായി കണ്ടാൽ പകരം നല്ല വിത്ത് സൗജന്യമായി നൽകുന്നുണ്ട്.

(ഡി) സുസ്ഥിര നെൽക്കൃഷി വികസന പദ്ധതിപ്രകാരം ഹെക്ടറിന് 1,500 രൂപ, പ്രത്യേക നെല്ലിനങ്ങളുടെ വികസന പദ്ധതിയിൽ 10,000 രൂപ, ആർ.കെ.വി.വൈ. തരിശുനില നെൽകൃഷി പദ്ധതിയിൽ 7,500 രൂപ എന്നീ കണക്കിനാണ് സബ്സിഡി നൽകിവരുന്നത്. 2 ഹെക്ടർ വരെ കൃഷി ഭൂമിയുള്ള കർഷകർക്ക് മാത്രമേ, നിലവിലെ നിയമമനുസരിച്ച് സബ്സിഡിക്കർഹതയുള്ളൂ. ഉൽപ്പാദനച്ചെലവുകൾക്കായി ഹെക്ടറിന് 6,000 രൂപ തോതിൽ ത്രിതല പഞ്ചായത്ത് നൽകുന്നുണ്ട്.

(ഇ) പരമ്പരാഗത നെൽവിത്തുകൾ കൃഷി ചെയ്യുന്നതിനും ആയതിന്റെ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുമായി പ്രത്യേക നെല്ലിനങ്ങളുടെ വികസനം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ആയതിനായി ഒരു ഹെക്ടറിന് 10,000 രൂപ ധനസഹായം നൽകി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിനുപുറമേ നെല്ലിന്റെ വർഷമായി ഈ വരുന്ന ഒരു വർഷം ആചരിക്കുകയാണ്. ഈ പരിപാടിയുടെ ഭാഗമായി പരമ്പരാഗതമായതും പ്രാചീനമായി ഉപയോഗിച്ചുവരുന്നതുമായ നെല്ലിനങ്ങൾ കൃഷി ചെയ്യുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതാണ്.

**കൃഷിനാശം**

61 (3905) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 ജൂൺ-ജൂലൈ മാസത്തിലുണ്ടായ കാലവർഷക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ ഉണ്ടായ കൃഷി നാശത്തിന്റെ കണക്ക് വില്ലേജ് തിരിച്ച് വെളിപ്പെടുത്തുമോ; ആയതിന് നഷ്ടപരിഹാര തുക വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു. നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നഷ്ടപരിഹാരം

62 (3906) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ മഴ കുറവായതുമൂലം നെൽകൃഷിക്ക് ഉണക്ക് ബാധിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

നഷ്ടപരിഹാര ഇനത്തിൽ 13,69,250 (പതിമൂന്ന് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി അൻപത്) രൂപയുടെ ക്ലെയിമുകൾ ലഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തുക ലഭ്യമാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി

63 (3907) ശ്രീ. ആർ. രാജേഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനായി "ഹൈടെക് അഗ്രികൾച്ചർ പദ്ധതി" കൃഷി വകുപ്പ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. കൃഷിഭൂമിയുടെ വിസ്തൃതി ഓരോ വർഷവും കുറഞ്ഞുവരുന്ന കേരളം പോലുള്ള സംസ്ഥാനത്ത് കൃഷി ചെയ്യുന്ന സ്ഥലത്തുനിന്നും പരമാവധി ഉൽപ്പാദനം (ഉൽപ്പാദന ക്ഷമതാ വർദ്ധനവ്) ലഭിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന് സഹായിക്കുന്ന പോളീഹൗസ് കൃഷിയിൽ പോളീഹൗസ് നിർമ്മിക്കുന്നതിന് ആകെ ചെലവിന്റെ 75% സർക്കാർ ധനസഹായം നൽകുന്നു. പച്ചക്കറി വിളകൾ, പുഷ്പകൃഷി എന്നിവയാണ് പ്രധാനമായും പോളീഹൗസിൽ കൃഷി ചെയ്യുന്നത്. ഇതേ പദ്ധതിയിൽ ഉൾപ്പെടുത്തി ജലസേചനത്തിലെ ആധുനിക രീതികളായ വിവിധ തരത്തിലുള്ള ഡ്രിപ്പ്, സ്പ്രിംഗ്ളർ തുടങ്ങിയ ജലസേചനരീതികൾ

സ്ഥാപിക്കുന്നതിനും അധിക സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ പച്ചക്കറി കൃഷിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക് കൃഷിരീതികളായ മഴമറ (റെയിൻ ഷെൽട്ടർ), ഫെർട്ടിഗേഷൻ എന്നീ നൂതന കാർഷിക രീതികൾക്ക് ധനസഹായം നൽകിവരുന്നു. ഉൽപ്പാദനക്ഷമതാ വർദ്ധനവും തദ്വാര വിപണി ലക്ഷ്യമാക്കിയുള്ള കൃഷിയും പ്രസ്തുത കൃഷിരീതികൾ അവലംബിക്കുന്നതിലൂടെ സാദ്ധ്യമാകുന്നു. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2016-17 സാമ്പത്തിക വർഷത്തിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി മൂല്യം കൂടിയ പച്ചക്കറികൾ, ഓർക്കിഡ്, ആന്തൂറിയം, കാർണേഷൻ, ജെർബറ, റോസ്, ലില്ലി എന്നിവ കൃഷി ചെയ്യുന്നതിനും നടീൽ വസ്തുക്കളുടെ ചെലവിനും ധനസഹായം നൽകുന്നു.

(ബി) 2016-17 വാർഷിക ബഡ്ജറ്റിൽ പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | ഹൈടെക് അഗ്രികൾച്ചർ | 290 |
| 2 | പച്ചക്കറി വികസന പദ്ധതി | |
| | (a) മഴമറ നിർമ്മാണം | 590 |
| | (b) കണിക ജലസേചനവും ഫെർട്ടിഗേഷനും | 400 |

2016-17 സാമ്പത്തിക വർഷത്തിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

2 ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിന് 15 ലക്ഷം രൂപയും നാച്ചുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചർ പോളീഹൗസുകൾ 8.75 ഹെക്ടറിൽ സ്ഥാപിക്കുന്നതിന് 493.56 ലക്ഷം രൂപയും തണൽ വല 7 ഹെക്ടറിൽ സ്ഥാപിക്കുന്നതിന് 253.8 ലക്ഷം രൂപയും 15 ഹെക്ടർ പോളീഹൗസുകളിൽ മൂല്യം കൂടിയ പച്ചക്കറികൾ, ഓർക്കിഡ്, ആന്തൂറിയം, കാർണേഷൻ, ജർബറ, റോസ്, ലില്ലി എന്നിവ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കളുടെ വിലയും ഉൽപ്പാദന ചെലവിനുമായി 170.8 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച

64 (3908) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) വിലത്തകർച്ചമൂലം റബ്ബർ, തെങ്ങ് കർഷകർ നേരിടുന്ന കടുത്ത പ്രതിസന്ധികൾ പരിഹരിക്കുന്നതിനും സംഭരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില കർഷകർക്ക് ലഭിക്കുന്നതിന് കൃഷി വകുപ്പുമുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നെല്ലിന് ന്യായവില ഉറപ്പു വരുത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കി. ഗ്രാമിന് 21.50 രൂപ നിരക്കിൽ നെല്ലു സംഭരണവും നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിന് കേരഫെഡിന്റെ സഹകരണത്തോടെ കൃഷി ഭവനുകളിലൂടെ കിലോയ്ക്ക് 25 രൂപ നിരക്കിൽ പച്ച നാളികേര സംഭരണ പദ്ധതിയും നടപ്പിലാക്കിവരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ ഇത് 27 രൂപയാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമേ റബ്ബർ വിലയിടിവിന് പരിഹാരമായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. നെല്ലിന് ന്യായമായ വില ഉറപ്പു വരുത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലേയും കർഷകരിൽ നിന്ന് നെല്ല് സംഭരിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ലു സംഭരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സംസ്ഥാനത്ത് നെല്ലു സംഭരണം നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില, ഉൽപാദനച്ചെലവുമായി താരതമ്യ പെടുത്തുമ്പോൾ കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതു കൊണ്ട് സംസ്ഥാന സർക്കാർ ഉയർന്ന സംഭരണവില നൽകിയാണ് നെല്ല് സംഭരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ താങ്ങുവില കിലോയ്ക്ക് 14.70 രൂപയാണ്. സംസ്ഥാന സർക്കാർ നിലവിൽ കിലോഗ്രാമിന് 21.50 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി ധനവകുപ്പും റബ്ബർ ബോർഡും സംയുക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. കിലോയ്ക്ക് 150 രൂപയാണ് ഇപ്പോൾ റബ്ബറിന്റെ താങ്ങുവിലയായി കണക്കാക്കുന്നത്.

**മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ**

65 (3909) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണു സംരക്ഷണത്തിന്റെ ഭാഗമായി കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ തിരുവമ്പാടി മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) പുതിയതായി നിർദ്ദേശിച്ച പ്രവൃത്തികൾ എതൊക്കെയാണെന്നും അവയുടെ നിലവിലുള്ള സ്ഥിതിയെന്താണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പ് മുഖേന കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ തിരുവമ്പാടി മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ആനയോട്, ഓടവളവ്, ആനയാംകുന്ന്, പാറത്തോട് എന്നീ നീർത്തട പദ്ധതികളിലായി വിവിധ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ആനയോട് പദ്ധതി :

19-3-2012-ലെ GO(Rt) No.631/2012/AD സർക്കാർ ഉത്തരവുപ്രകാരം ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 17-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ആനയോട് പദ്ധതിക്ക് ഭരണാനുമതി നൽകി. 1-11-2012-ൽ ആരംഭിച്ച 60 ലക്ഷം രൂപ അടങ്കലായുള്ള ആനയോട് നീർത്തട പദ്ധതിയിൽ നാളിതുവരെ 56.176 ലക്ഷം രൂപ ചെലവഴിച്ച് കല്ലുകയ്യാല നിർമ്മാണം, മഴക്കുഴികൾ, പുല്ലുവച്ചു പിടിപ്പിക്കൽ, തടയണ നിർമ്മാണം എന്നീ പ്രവർത്തനങ്ങളിലൂടെ 268 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

ഓടവളവ് പദ്ധതി :

19-3-2012-ലെ GO(Rt) No.631/2012/AD സർക്കാർ ഉത്തരവു പ്രകാരം ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 17-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഓടവളവ് പദ്ധതിക്ക് ഭരണാനുമതി നൽകി. 1-11-2012-ൽ പ്രവർത്തനം ആരംഭിച്ച ഓടവളവ് പദ്ധതിക്കായി അനുവദിച്ച 54 ലക്ഷം രൂപയിൽ നാളിതുവരെ 51.398 ലക്ഷം രൂപ ചെലവഴിച്ച് കല്ലുകയ്യാല, തടയണ, കുളങ്ങൾ, പാർശ്വഭിത്തി, ഗാബിയോൺ പാർശ്വഭിത്തി, കർഷകർക്കായുള്ള പരിശീലനം എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളിലൂടെ 221 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

ആനയാംകുന്ന് പാറത്തോട് പദ്ധതി :

31-10-2013-ലെ GO(Rt) No.1895/2013/AD സർക്കാർ ഉത്തരവുപ്രകാരം ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ആനയാംകുന്ന് പദ്ധതിക്ക് ഭരണാനുമതി നൽകി. 29-01-2014-ന് ആരംഭിച്ച 100 ലക്ഷം രൂപ അടങ്കലായുള്ള പദ്ധതിയിൽ 67.698 ലക്ഷം രൂപ ചെലവഴിച്ച് കല്ലുകയ്യാല, മരങ്ങൾ വച്ചു പിടിപ്പിക്കൽ, ടെറസിംഗ്, മഴക്കുഴികൾ, തടയണകൾ (കരിങ്കല്ല്, കാട്ടുകല്ല്, ഗാബിയോൺ), കുളങ്ങൾ, പാർശ്വഭിത്തി, നീരുറവ സംഭരണി, ക്രോസ് ചെക്ക്, കർഷകർക്കായുള്ള പരിശീലനം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ 252 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തിരുവമ്പാടി മണ്ഡലത്തിലെ കൂട്ടക്കര നീർത്തട പദ്ധതി സെക്ടറൽ അലോക്കേഷൻ പരിമിതിമൂലം നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 22-ാം ഘട്ടത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

**ഗ്യാപ്പ് പദ്ധതി**

66 (3910) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ ഗ്യാപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്ന സംവിധാനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ Good Agriculture Practice (GAP) പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി പരിശോധിക്കുന്നതിന് എല്ലാ അത്യാധുനിക സൗകര്യങ്ങളും അക്രഡിറ്റേഷനുമുള്ള സർക്കാർതലത്തിലെ ഒരു ലബോറട്ടറി കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലുണ്ട്. കോട്ടയം (കുമരകം), തൃശ്ശൂർ (വെള്ളാനിക്കര), കാസർഗോഡ് (പടന്നക്കാട്) ജില്ലകളിലെ കാർഷിക ഗവേഷണ കേന്ദ്രങ്ങളിലും 3 പുതിയ വിഷാംശ പരിശോധനാ ലാബോറട്ടറികൾ പ്രവർത്തനം ആരംഭിച്ച് സേവനങ്ങളും സൗകര്യങ്ങളും വ്യാപിപ്പിച്ചിട്ടുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷാവകുപ്പിന്റെ കീഴിൽ കോഴിക്കോട്, എറണാകുളം തിരുവനന്തപുരം എന്നീ ജില്ലകളിൽ പച്ചക്കറികളിലെ വിഷാംശങ്ങൾ പരിശോധിക്കുന്നതിന് സംവിധാനം നിലവിലുണ്ട്. എല്ലാ ജില്ലകളിലേക്കും ലബോറട്ടറിയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## കാർഷിക പോളിടെക്നിക്

67 (3911) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിൽ അനുവദിച്ച കാർഷിക പോളിടെക്നിക്കിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ;

(ബി) ഏതെല്ലാം കോഴ്സുകളാണ് ഇവിടെ ആരംഭിക്കാൻ തീരുമാനിച്ചിരുന്നത്;

(സി) ഇവിടെ കോഴ്സുകൾ ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 21-1-2016-ലെ സ.ഉ.(സാധ)നമ്പർ55/2016/കൃഷി പ്രകാരം കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഹരിപ്പാട്, കുത്തുപറമ്പ്, മേല്കാവ്, കടുത്തുരുത്തി എന്നിവിടങ്ങളിൽ കാർഷിക പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഇതിനുവേണ്ട ഫണ്ട് അനുവദിക്കുകയോ സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിൽ വ്യക്തമായ തീരുമാനമെടുത്ത് സർക്കാരിനെ അറിയിക്കുകയോ ചെയ്തിട്ടില്ല. വിശദമായ പദ്ധതി റിപ്പോർട്ട് നൽകുവാൻ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിരുന്നു എങ്കിലും ആയത് സർക്കാരിൽ ഇതേ വരെ ലഭ്യമായിട്ടില്ല.

(ബി) ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചറൽ സയൻസ് (DASc) കോഴ്സാണ് ഇവിടെ ആരംഭിക്കുവാൻ ആലോചിച്ചിരുന്നത്.

(സി) സാമ്പത്തികാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് കേരള കാർഷിക സർവ്വകലാശാലയിൽനിന്നും വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് സർക്കാർ നയപരമായ തീരുമാനം എടുത്താൽ മാത്രമെ തുടർ നടപടികൾ എടുക്കുവാൻ സാധിക്കുകയുള്ളൂ.

## കാർഷിക സർവ്വകലാശാല

68 (3912) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിൽ അനദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ ;

(സി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം മുൻസർക്കാരിന്റെ കാലത്ത് നൽകിയിരുന്നോ ;

(ഡി) എങ്കിൽ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാർഷിക സർവ്വകലാശാലയിൽ അനദ്ധ്യാപക വിഭാഗത്തിൽ 891 ഒഴിവുകൾ നിലവിലുണ്ട്

(ബി) നിലവിൽ 26 അനദ്ധ്യാപക തസ്തികകളിലായി 314 ഒഴിവുകൾ സർവ്വകലാശാല പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല വിഭജിച്ച് വെറ്ററിനറി ഫിഷറീസ് സർവ്വകലാശാലകൾ രൂപീകരിക്കപ്പെട്ടപ്പോൾ സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിലേതുൾപ്പെടെയുള്ള തസ്തികകൾ പുതിയ സർവ്വകലാശാലകളിലേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. ടി നടപടിക്രമങ്ങൾ പൂർത്തിയായശേഷം ജോലിഭാരം വിലയിരുത്തിയ ബാക്കി തസ്തികകളിലെ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 18-12-2010-ലെ സ.ഉ.(എംഎസ്.) നമ്പർ 399/10/ ഉ.വി.വ. പ്രകാരം കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 'ബി' പിരിവിന്റെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

**അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുകൾ**

69 (3913) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളിൽ വിവിധ വിഷയത്തിൽ എത്ര അസിസ്റ്റന്റ് പ്രൊഫസർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട് ;

(ബി) കാർഷിക സർവ്വകലാശാല നിലവിൽ വന്നതിനുശേഷം ഇതുവരെ എത്ര തവണ അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട് ; ഇതിൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള സംവരണതത്വ പ്രകാരം വിവിധ വിഷയങ്ങളിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; ഓരോന്നും പ്രത്യേകം വ്യക്തമാക്കുമോ ;

(സി) അസിസ്റ്റന്റ് പ്രൊഫസർമാരുടെ വിവിധ വിഷയങ്ങളിലായി പട്ടികജാതിക്കാർക്കുള്ള എൻ.സി.എ. ഒഴിവുകൾ, സ്പെഷ്യൽ റിക്രൂട്ട്മെന്റായി നോട്ടിഫിക്കേഷൻ ഇറക്കേണ്ട ഒഴിവുകൾ എന്നിവ എത്ര എണ്ണമുണ്ട്; ഇവ ഓരോന്നും പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ വിവിധ വിഷയങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന അസിസ്റ്റന്റ് പ്രൊഫസർമാരുടെ തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കേരള കാർഷിക സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കുന്നതിനായി ഇതുവരെ 17 തവണ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഇതിൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള സംവരണതത്വപ്രകാരം വിവിധ വിഷയങ്ങളിൽ 21 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. നടത്തിയ നിയമനങ്ങളുടെ എണ്ണം ഡിസിപ്ലിൻ തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) അസിസ്റ്റന്റ് പ്രൊഫസർമാരുടെ വിവിധ വിഷയങ്ങളിലായി പട്ടിക ജാതിക്കാർക്കുള്ള എൻ.സി.എ. ഒഴിവുകൾ 9 എണ്ണവും സ്പെഷ്യൽ റിക്രൂട്ട്മെന്റായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ട ഒഴിവുകൾ 10 എണ്ണവും നിലവിലുണ്ട്. ഇവ ഡിസിപ്ലിൻ തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.* അസിസ്റ്റന്റ് പ്രൊഫസർമാരുടെ പട്ടികജാതിക്കാർക്കുള്ള മേൽപ്പറഞ്ഞ 10 ഒഴിവുകൾ നികത്തുന്നതിനായി 3-3-2016-ലെ ഉത്തരവുപ്രകാരം സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി സർവ്വകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 3-3-2016-ലെ ജി.എ./കെ1/34376/2012 വിജ്ഞാപന പ്രകാരം പ്ലാന്റ് പതോളജി ഡിസിപ്ലിനിൽ 1 എസ്‌സി./എൻ.സി.എ. ഒഴിവുകൂടി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

**നെടുമങ്ങാട് ഗോഡൗൺ**

70 (3914) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ നെടുമങ്ങാട് നിർമ്മിക്കുന്ന ഗോഡൗണിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഗോഡൗണിന്റെ സംഭരണശേഷി, നിർമ്മാണ ചെലവ് എന്നിവ വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ കീഴിലുള്ള നെടുമങ്ങാട് ഗോഡൗണിന്റെ പണി പൂർത്തിയാക്കി അതിൽ സ്റ്റോക്ക് സൂക്ഷിക്കാൻ ആരംഭിച്ചിട്ടുണ്ട്. ഗോഡൗണിനോടനുബന്ധിച്ച റോഡിന്റെയും ലേബർഷെഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

(ബി) 1100 മെട്രിക് ടൺ സംഭരണ ശേഷിയുള്ള ഗോഡൗണിന്റെ നിർമ്മാണച്ചെലവ് 109 ലക്ഷം രൂപയാണ്.

**ഭൂഗർഭ ജലം**

71 (3915) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫ്ലാറ്റുകൾക്കും കെട്ടിട സമുച്ചയങ്ങൾക്കും ഭൂഗർഭ ജലം ഉപയോഗിക്കുന്നതിന് നിയന്ത്രണങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

ഉത്തരം

ഉണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2011-ലെ അദ്ധ്യായം 14, ചട്ടം 93 (എ) അനുസരിച്ച് കുഴൽക്കിണർവഴി ഭൂഗർഭ ജലം ഉപയോഗിക്കുന്നതിന് അതാത് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. സംസ്ഥാനത്ത് ഭൂജലത്തിന്റെ സംരക്ഷണത്തിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി കേരള സംസ്ഥാന ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002 നിലവിലുണ്ട്. സംസ്ഥാനത്ത് ഫ്ലാറ്റ് നിർമ്മാണം, വാണിജ്യ വ്യവസായ പദ്ധതികൾ എന്നിവയ്ക്ക് ഭൂജലവികസനം നടപ്പിലാക്കുമ്പോൾ ഭൂജല അതോറിറ്റിയുടെ ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമായി ജില്ലാതല ഇവാല്വേഷൻ കമ്മിറ്റിയുടെ അനുമതി നിർബന്ധമായും വാങ്ങേണ്ടതാകുന്നു. പ്രസ്തുത പദ്ധതികൾക്ക് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകൂടി വാങ്ങേണ്ടതാണ്.

**ആസ്തി വികസന ഫണ്ട്**

72 (3916) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ 2014-2015, 2015-2016 വർഷത്തിൽ എം.എൽ.എ.-യുടെ മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും നിലവിൽ ഇതിന്റെ പുരോഗതി എന്തെന്നും വിശദമാക്കാമോ ?

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൊഴിൽ നികുതി

73 (3917) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ 2016-17 ലെ ആദ്യ അർദ്ധപാദ തൊഴിൽ നികുതിയായി എത്ര രൂപയാണ് ലഭിച്ചത്;

(ബി) എല്ലാ സ്ഥാപനങ്ങളും എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി അടച്ചു എന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഓരോ സ്ഥാപനങ്ങളുടെ പേരും നികുതിദായകരുടെ എണ്ണവും, ഓരോ സ്ഥാപനങ്ങളിൽ നിന്നും അടച്ച തുകയും സംബന്ധിച്ച വിശദാംശം നൽകാമോ?

### ഉത്തരം

(എ) 2016 ഒന്നാം അർദ്ധ വർഷത്തിൽ തിരുവനന്തപുരം നഗരസഭയിൽ തൊഴിൽ നികുതിയിനത്തിൽ ലഭിച്ച തുക - ₹ 16,82,36,549 (പതിനാറ് കോടി എൺപത്തിരണ്ട് ലക്ഷത്തി മുപ്പത്താറായിരത്തി അഞ്ഞൂറ്റി നാൽപ്പത്തൊമ്പത് രൂപ മാത്രം)

(ബി) തിരുവനന്തപുരം നഗരസഭയിൽനിന്നും എല്ലാ സ്ഥാപന മേധാവികൾക്കും അതാത് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും അതാത് കാലഘട്ടത്തിൽ നിശ്ചയിച്ചിട്ടുള്ള പ്രകാരം തൊഴിൽ നികുതി അടയ്ക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതും ആയത് ചെക്ക് മുഖേനയും നേരിട്ട് ക്യാഷ് ആയും അടച്ചിട്ടുള്ളതുമാണ്.

(സി) വിവരംശേഖരിച്ചുവരുന്നു.

## പദ്ധതികളുടെ പൂർത്തീകരണം

74 (3918) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആയതിന്റെ അംഗീകാരം നേടിയെടുക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാനും സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നൽകാൻ വൈകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഈ സമിതികൾ ആഴ്ചയിൽ ഒരിക്കൽ കൂടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് സമയബന്ധിതമായി ഡി.പി.സി. അംഗീകാരം നേടുന്നതിന്റെ പുരോഗതി രണ്ടാഴ്ചയിലൊരിക്കൽ കൂടുന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട വകുപ്പ് തലവന്മാരും പദ്ധതി അംഗീകാര പുരോഗതി വിലയിരുത്തുകയും അംഗീകാരം ലഭിക്കുന്നതിലുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സമയബന്ധിതമായി ഡി.പി.സി. വിളിച്ചുകൂട്ടി പദ്ധതി അംഗീകാരം നൽകുന്നതിന് ബന്ധപ്പെട്ട കളക്ടർമാർക്ക് സർക്കാർ നേരിട്ട് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആഴ്ചയിൽ ഒരിക്കൽ കൂടുന്നതിന് നിർദ്ദേശം നൽകുന്ന കാര്യം പരിഗണനയിലില്ല.

**പാരിപ്പള്ളി പഞ്ചായത്ത്**

75 (3919) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലുവാതുക്കൽ പഞ്ചായത്ത് വിഭജിച്ച് പാരിപ്പള്ളി പഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ;

(ബി) പാരിപ്പള്ളി പഞ്ചായത്ത് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസ്സങ്ങൾ വ്യക്തമാക്കുമോ ;

(സി) പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതു സംബന്ധിച്ച നിലപാട് വിശദമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 4(2) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല. ആയതിനാൽ അടുത്ത തദ്ദേശഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിനു മുന്നോടിയായി മാത്രമേ പുതിയ പഞ്ചായത്ത് രൂപീകരണം നടത്താൻ സാധിക്കുകയുള്ളൂ.

## മാർക്കറ്റ് നിർമ്മാണം

76 (3920) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി നഗരസഭയുടെ പരിധിയിൽ വരുന്ന കൊല്ലം മാർക്കറ്റ് നിർമ്മാണത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഫയൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

കൊയിലാണ്ടി നഗരസഭയുടെ പരിധിയിൽ വരുന്ന കൊല്ലം മാർക്കറ്റ് നിർമ്മാണത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 1,60,00,000 രൂപ അനുവദിക്കണമെന്ന നഗരസഭയുടെ ആവശ്യം പരിശോധിച്ചുവരികയാണ്.

## ബോധവൽക്കരണ പരിപാടികൾ

77 (3921) <u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരോധിക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുമോയെന്ന വ്യക്തമാക്കാമോ ;

(ബി) പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകൾ മുഖേന തുണി, പേപ്പർ എന്നിവയിൽ ബാഗുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമോയെന്ന വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബാഗുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്-2016-ലെ നിർദ്ദേശാനുസരണം സംസ്ഥാനത്ത് പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് 24-9-2016-ലെ 576/ഡിസി1/16/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി തുണി, പേപ്പർ തുടങ്ങിയ പ്രകൃതിസൗഹൃദ വസ്തുക്കളുപയോഗിച്ച് വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) പ്ലാസ്റ്റിക് മാലിന്യം പരിമിതപ്പെടുത്തുന്നതിനായി Reduce-Reuse-Recycle എന്ന സന്ദേശം ജനങ്ങളിലെത്തിക്കുന്നതിന് വിവിധ മാധ്യമങ്ങളിലൂടെ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. കൂടാതെ പ്രകൃതിസൗഹൃദ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായും പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം പരിമിതപ്പെടുത്തുന്നതിനായും ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിച്ചുവരുന്നുണ്ട്. സർക്കാർ ആഭിമുഖ്യത്തിൽ നടത്തുന്ന കലോത്സവങ്ങളിലും മേളകളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും പരിമിതപ്പെടുത്തുന്നതിനുമുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

**പൂർത്തീകരിക്കാത്ത വീടുകൾ**

78 (3922) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.വൈ. പദ്ധതി പ്രകാരം എത്ര വീടുകൾ ഫണ്ടിന്റെ അപര്യാപ്തതമൂലം പൂർത്തീകരിക്കാതെ അവശേഷിക്കുന്നുണ്ട്; വ്യക്തമാക്കാമോ ;

(ബി) ഇവയിൽ എത്രയെണ്ണം 5 വർഷത്തിൽ കൂടുതലായി നിർമ്മാണത്തിലിരിക്കുന്നവയാണ് ;

(സി) പൂർത്തീകരിക്കാത്ത ഐ.എ.വൈ. വീടുകളുടെ എണ്ണം ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ ;

(ഡി) ഇവ പൂർത്തിയാക്കുന്നതിന് സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തി എന്തെങ്കിലും കർമ്മ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 37644 വീടുകൾ പൂർത്തികരിക്കാതെ അവശേഷിക്കുന്നുണ്ട്.

(ബി) 2704 വീടുകൾ.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ബ്ലോക്ക് തലത്തിൽ സന്നദ്ധ സംഘടനകൾ/ക്ലബ്ബുകൾ/ബാങ്കുകൾ എന്നിവയുടെ ധനസഹായം സ്വീകരിച്ചുകൊണ്ട് പൂർത്തീകരിക്കുന്നതിന് പ്രാദേശിക തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഇ.എം.എസ്. ഭവനപദ്ധതി**

79 (3923) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എം. എം. മണി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം കേരളത്തിൽ ചില ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി മാറ്റിയതിനുശേഷം ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പാക്കിയിരുന്ന ഇ.എം.എസ്. ഭവന പദ്ധതിയുടെ പൂർത്തീകരണത്തിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ ഭവന പദ്ധതി നടപ്പാക്കാൻ ഏതെങ്കിലും ഉദ്യോഗസ്ഥന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല നൽകിയിട്ടുണ്ടോ ;

(സി) നേരത്തേ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വി.ഇ.ഒ. എന്നിവരുടെ പേരിലുണ്ടായിരുന്ന ഇ.എം.എസ്. ഭവന പദ്ധതിയുടെ ജോയിന്റ് അക്കൗണ്ട് പുതിയ മുനിസിപ്പാലിറ്റികളിൽ ആരുടെ പേരിലേക്കാണ് മാറ്റിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇ.എം.എസ്. ഭവനപദ്ധതിയിൽ വീടുപണി പൂർത്തീകരിച്ചവർക്ക് നൽകേണ്ട തുക അനുവദിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പന്തളം, കൊടുവള്ളി, പയ്യോളി നഗരസഭകളിൽ തടസ്സങ്ങളുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭവനപദ്ധതി പൂർത്തിയാകാത്ത നഗരസഭകളിൽ വി.ഇ.ഒ.-യ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല നൽകിയിട്ടുണ്ട്.

(സി) പുതിയതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ പദ്ധതി പൂർത്തിയാകാത്തവയിൽ അക്കൗണ്ട് വി.ഇ.ഒ., ചെയർമാൻ എന്നിവരുടെ പേർക്ക് മാറ്റിയിട്ടുണ്ട്.

(ഡി) വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി തുടരുന്ന നഗരസഭകളിൽ പഞ്ചായത്ത് ആയിരുന്നപ്പോഴുള്ള സംവിധാനം തുടരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർവ്വീസ് ആനുകൂല്യങ്ങൾ

80 (3924) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ 1996 മുതൽ കാണാതായ ജി. രത്തന്റെ സർവ്വീസ് ആനുകൂല്യങ്ങൾ മാതാവ് ജി. ആനന്ദവല്ലിക്ക് നാളിതുവരെ ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് അന്വേഷണം സംബന്ധിച്ച വിവരങ്ങളുൾപ്പെടെയുള്ള റിപ്പോർട്ട് നൽകുന്നതിന് പഞ്ചായത്ത് വകുപ്പ് ഡയറക്ടർ കാലതാമസം വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) രത്തന്റെ മാതാവിന് നീതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) അത്തരത്തിലൊരു ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരുന്ന ജി. രത്തനെ 1996 മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതിനെ തുടർന്ന് 9-7-1996-ലെ ഡി5-19253/1996 നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന് ടി വിഷയത്തിൽ കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 18-4-2006-ലെ ഡി5-19253/1996 നമ്പർ നടപടിക്രമം പ്രകാരം 7-6-1996 തീയതി പ്രാബല്യത്തിൽ ടിയാനെ സർവ്വീസിൽനിന്നും നീക്കം ചെയ്ത് ഉത്തരവായിരുന്നു. ഈ ഉത്തരവിനെതിരെ ശ്രീമതി ജി. ആനന്ദവല്ലി സർക്കാർ മുമ്പാകെ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടറുടെ വിശദമായ റിപ്പോർട്ടും ശ്രീ. രത്തന്റെ സേവനാനുകൂല്യങ്ങൾ ശ്രീമതി ആനന്ദവല്ലിക്ക് നൽകാൻ ചട്ടപ്രകാരം വ്യവസ്ഥയില്ലെന്ന തരത്തിൽ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിന്റെ തീർപ്പു ഫയലും ലഭ്യമാക്കി ചട്ടപ്രകാരം പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗഡുക്കൾ നൽകുന്നതിലെ കാലതാമസം**

81 (3925) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് മുഖേന 2015-16-ലെ ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണ ധനസഹായത്തിന് അർഹരായ കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ കണ്ണോറ വീട്ടിൽ കെ. ശ്രീമതിക്ക് ആദ്യ ഗഡുവായ 17,500 രൂപ മാത്രമേ നൽകിയിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോളിയോ ബാധിച്ച് തളർന്ന് കിടക്കുന്ന ഭർത്താവും പ്രായമായ രണ്ട് സ്ത്രീകളും അടങ്ങിയ കുടുംബം ഭവനനിർമ്മാണത്തിന്റെ ബാക്കി ഗഡുക്കൾ ലഭിക്കാത്തതിനാൽ കടക്കെണിയിലായതായ പരാതി പരിശോധിച്ചിട്ടുണ്ടോ;

(സി) സാങ്കേതികപ്രശ്നങ്ങൾ ഉന്നയിച്ച് ബാക്കി തുക ലഭ്യമാക്കുന്നത് താമസിപ്പിക്കുന്ന നടപടി തിരുത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ;

(ഡി) ഈ കുടുംബത്തിന് അർഹതപ്പെട്ട ബാക്കി തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി&ഡി) ഇന്ദിര ആവാസ് യോജന ഭവന പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാതെ വീട് നിർമ്മിച്ചതിനാൽ ടിയാന് ആനുകൂല്യം നൽകുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പൊതു ശൗചാലയങ്ങൾ**

82 (3926) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ ഒരിടത്തും പൊതുജനങ്ങൾക്ക് സൗജന്യമായി ശൗചാലയങ്ങൾ നിർമ്മിച്ചു നൽകാത്തതിന്റെ കാരണം അറിയിക്കുമോ;

(ബി) ജനങ്ങളിൽനിന്ന് നിരക്ക് ഈടാക്കിയുള്ള ശൗചാലയങ്ങൾ മാത്രമേ നിർമ്മിക്കൂ എന്ന നിലപാട് സർക്കാരിനുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം അറിയിക്കുമോ ;

(സി) നഗരങ്ങളിൽ വസിക്കുന്നവർക്ക് പുറമേ കച്ചവട സ്ഥാപനങ്ങൾ നടത്തുന്നവരിൽ നിന്നുവരെ കരം ഈടാക്കുന്ന നഗരസഭകൾ സൗജന്യമായി ഇത്തരം സംവിധാനം ഒരുക്കാതിരിക്കുന്നതിനുള്ള കാരണം അറിയിക്കുമോ?

ഉത്തരം

(എ) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 320, 321 എന്നിവ പ്രകാരം പൊതുശൗചാലയങ്ങൾ ഏർപ്പെടുത്തുക എന്നത് നഗരസഭകളുടെ ഉത്തരവാദിത്വമാണ്. അക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് ബന്ധപ്പെട്ട നഗരസഭാ കൗൺസിലുകളാണ്.

(ബി) ഇല്ല.

(സി) ഇക്കാര്യം ബന്ധപ്പെട്ട നഗരസഭകളുടെ അധികാരപരിധിയിൽ പെടുന്നതാണ്.

**നബാർഡ് സഹായം**

83 (3927) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറം 16-ാം മൈൽ കവുങ്ങ-ചീറക്കുഴി-പറമ്പോട്ടുകുന്ന്- തോട്ടറ റോഡ് നവീകരണത്തിന് നബാർഡിൽനിന്നും എത്ര തുക അനുവദിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നാളിതുവരെ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) നബാർഡ് ആർ.ഐ.ഡി.എഫ്-XXI-ൽ ഉൾപ്പെടുത്തി ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി തുക 124 ലക്ഷവും ആർ.ഐ.ഡി.എഫ് വിഹിതം 99.20 ലക്ഷം രൂപയുമാണ്. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**എൻ.ആർ.എൽ.എം പദ്ധതി**

84 (3928) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എൽ.എം. പദ്ധതിയുടെ നടത്തിപ്പ് ചുമതല കുടുംബശ്രീ മിഷന് ലഭിച്ചിട്ട് എത്ര കാലമായി ;

(ബി) പ്രസ്തുത പദ്ധതി ഫണ്ട് ഉപയോഗിച്ച് എത്ര വനിതകൾക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട് ;

(സി) പരിശീലന നടത്തിപ്പിനായി കണ്ടെത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; പ്രസ്തുത സ്ഥാപനങ്ങളുമായുള്ള കരാർ നിലനിൽക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷമാണ് എൻ.ആർ.എൽ.എം. പദ്ധതിയുടെ നടത്തിപ്പ് ചുമതല കുടുംബശ്രീ മിഷന് ലഭിച്ചത്.

(ബി) എൻ.ആർ.എൽ.എം.-ന്റെ കീഴിലെ ഡി.ഡി.യു.ജി.കെ.വൈ. പദ്ധതി ഫണ്ട് ഉപയോഗിച്ച് സെപ്റ്റംബർ 2016 വരെ 6869 സ്ത്രീകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(സി) 34 സ്ഥാപനങ്ങളിൽ നിലവിൽ ഈ പദ്ധതി പ്രകാരം പരിശീലനം സംഘടിപ്പിച്ചുവരുന്നു. എല്ലാ സ്ഥാപനങ്ങളുമായും 3 വർഷത്തേക്ക് കരാർ നിലവിലുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പൂർണ്ണ വിവരം അനുബന്ധമായി ചേർക്കുന്നു.*

**വനിതാ സ്വയംതൊഴിൽ പരിശീലന പരിപാടി**

85 (3929) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ മിഷൻ വഴി ആവിഷ്കരിച്ചിട്ടുള്ള വനിതാ സ്വയം തൊഴിൽ പരിശീലന പരിപാടിയിൽ വ്യക്തിഗത തൊഴിൽ പരിശീലനത്തിനുള്ള പദ്ധതികളില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വനിതകൾക്കായുള്ള ഗ്രൂപ്പ് സ്വയം തൊഴിൽ പരിശീലന പരിപാടിക്കൊപ്പം വ്യക്തിഗത തൊഴിൽ പരിശീലനത്തിനുള്ള പരിപാടികൾ കൂടി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. വനിതാ സ്വയം തൊഴിൽ പരിശീലന പദ്ധതികളുടെ ഭാഗമായി കുടുംബശ്രീ വഴി വ്യക്തിഗത സംരംഭങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ

86(3930) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യവും, കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിൽ ജനന മരണ രജിസ്ട്രേഷൻ, വിവിധതരം ക്ഷേമ പെൻഷനുകൾ, വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് മറ്റ് നികുതികളും ലൈസൻസുകളും തുടങ്ങിയ സേവനങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ആധാർ വിവരങ്ങളുമായി ഒത്തുനോക്കി വ്യാജ ഗുണഭോക്താക്കളെ തിരിച്ചറിയാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് എല്ലാ സേവനങ്ങളും ഓൺലൈൻവഴി ലഭ്യമാക്കുന്നതിനുവേണ്ടി ഇൻഫർമേഷൻ കേരള മിഷൻ മുഖേന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ/ഐ.ടി. മിഷൻ/ഐ.കെ.എം. എന്നിവ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് പദ്ധതികൾ കൂടുതൽ സുതാര്യവും കാര്യക്ഷമമായും വേഗത്തിലും നടപ്പിലാക്കുന്നതിന് സാധിക്കുന്നു.

## നിർമ്മാണം പൂർത്തിയാകാത്ത ഭവനങ്ങൾ

87 (3931) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഇന്ദിര ആവാസ് യോജന പ്രകാരം അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയാകാത്ത ഭവനങ്ങളുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുന്നതിനായി ഗുണഭോക്താക്കളുടെ യോഗം വിളിച്ച് ചേർക്കുന്നതിനും സർക്കാർ നൽകുന്ന ധനസഹായത്തിൽ മാത്രം ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത ദരിദ്രരിൽ ദരിദ്രരായ/രോഗികളായ ഗുണഭോക്താക്കളെ സഹായിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കി ഭവന നിർമ്മാണം പൂർത്തിയാക്കാനും ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കർഷക തൊഴിലാളി പെൻഷൻ**

88 (T*3933) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 23-6-2016-ൽ പുറപ്പെടുവിച്ച 99/2016/MS നമ്പർ ഉത്തരവ് ഇതുവരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്തിയിട്ടില്ലെന്നും കർഷക തൊഴിലാളി പെൻഷൻ കൈപ്പറ്റുന്നവർക്ക് ലഭിക്കേണ്ട വാർദ്ധക്യകാല പെൻഷൻ അപേക്ഷ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കുന്നില്ല എന്ന വിവരവും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നവർക്കും വാർദ്ധക്യകാല പെൻഷൻ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) സർക്കാർ ഉത്തരവുകൾ യഥാസമയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്താനുള്ള നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ദിനംപ്രതി പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ എൽ.എസ്.ജി.ഡി. വെബ്സൈറ്റിൽ ലഭ്യമാണ്. ഇത്രയധികം ഉത്തരവുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നത് അപ്രായോഗികമാണ്. എങ്കിലും സാധാരണ ജനവിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്നത് സംബന്ധിച്ച ഉത്തരവുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം

89 (3934) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ:

(ബി) പുതുക്കിയ ശമ്പള പരിഷ്കരണ ഉത്തരവ്വ പ്രകാരം നഗരസഭകളിലെ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് നൽകിയിട്ടുണ്ടോ; ഏതെല്ലാം നഗരസഭകൾ പുതുക്കിയ ശമ്പളം നൽകി; ഇനി എത്ര നഗരസഭകൾ ശമ്പളം പരിഷ്കരിച്ച് നൽകാനുണ്ട്; വ്യക്തമാക്കാമോ;

(സി) കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ എത്രയും വേഗം പരിഷ്കരിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സർക്കാരിന്റെ 20-1-2016-ലെ സ.ഉ (പി)നമ്പർ07/2016/ധന, 17-8-2016-ലെ സ.ഉ (എം.എസ്.) 118/2016/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ട്. (പകർപ്പ് യഥാക്രമം അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു)*

(ബി) ഉണ്ട്. പുതുക്കിയ ശമ്പളപരിഷ്കരണ ഉത്തരവ്വപ്രകാരം ശമ്പളം പരിഷ്കരിച്ച് നൽകിയ നഗരസഭകളുടെ പേരുവിവരം അനുബന്ധം* ആയി ഉള്ളടക്കം ചെയ്യുന്നു. ഇനി 18 നഗരസഭകൾ ശമ്പളം പരിഷ്കരിച്ച് നൽകാനുണ്ട്.

(സി) സർക്കാരിന്റെ 26-9-2011-ലെ സ.ഉ (പി) നമ്പർ 405/2011/ധന ഉത്തരവ് പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ**

90 (3935) ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. എം. നൗഷാദ് :

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി വെബ് അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) കൂടുതൽ പ്രവർത്തനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനായി വികസിപ്പിച്ച സോഫ്റ്റ്‌വെയറുകൾ സംയോജിപ്പിക്കുന്നതിനായി ഡൊമെയിൻ സപ്പോർട്ട് ടീമുകൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിൽ ജനന മരണ രജിസ്ട്രേഷൻ, വിവിധതരം ക്ഷേമ പെൻഷനുകൾ, വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് മറ്റ് നികുതികളും ലൈസൻസുകളും തുടങ്ങിയ സേവനങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ആധാർ വിവരങ്ങളുമായി ഒത്തുനോക്കി വ്യാജ ഗുണഭോക്താക്കളെ തിരിച്ചറിയാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനുവേണ്ടി ഇൻഫർമേഷൻ കേരള മിഷൻ മുഖേന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ/ഐ.ടി.മിഷൻ/ഐ.കെ.എം. എന്നിവ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് പദ്ധതികൾ കൂടുതൽ സുതാര്യവും കാര്യക്ഷമമായും വേഗത്തിലും നടപ്പിലാക്കുന്നതിന് സാധിക്കുന്നു.

(ബി) ജനങ്ങളുടെ പരാതികൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനും അത് പരിഹരിക്കാനുമായി എൻ.ഐ.സി. മുഖേനയും ഐ.ടി. മിഷന്റെ സഹകരണത്തോടും കൂടി ഒരു വെബ് അധിഷ്ഠിത സംവിധാനത്തിന്റെ നിർമ്മാണം നടന്നുവരുന്നു.

(സി) പഞ്ചായത്ത് ഡയറക്ടറേറ്റിൽ സോഫ്റ്റ്‌വെയർ സംയോജിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഡൊമെയിൻ സപ്പോർട്ട് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇൻഫർമേഷൻ കേരള മിഷനിൽ ടി പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് മുഴുവൻ സമയസേവനം നൽകാൻ വകുപ്പിൽനിന്നും 3 ജീവനക്കാരെ നിയോഗിക്കുന്നതാണ്.

**ലോകബാങ്ക് സഹായം**

91 (3936) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസനത്തിനായി ലോക ബാങ്ക് സഹായം ലഭ്യമാകുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുക ലഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഇതുവരെ എത്ര പഞ്ചായത്തുകൾക്ക് ലോക ബാങ്ക് സഹായം ലഭ്യമായിട്ടുണ്ടെന്നും, അവ ഏതൊക്കെ പഞ്ചായത്തുകളാണെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസനത്തിനായി ലോകബാങ്ക് സഹായം ലഭിക്കുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം പെർഫോമൻസ് ഗ്രാന്റായി 440.52 കോടി രൂപയും തെരഞ്ഞെടുക്കപ്പെട്ട പിന്നോക്കാവസ്ഥയിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 120 കോടി രൂപയും നൽകുന്നു.

(ബി) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പെർഫോമൻസ് ഗ്രാന്റ് ലഭ്യമാക്കുന്നതിന് വാർഷിക പൊതു വിലയിരുത്തലിൽ യോഗ്യത നേടേണ്ടതാണ്. തദ്ദേശമിത്രം (കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്)-ന്റെ ഭാഗമായി നടത്തുന്ന ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വാർഷിക പ്രവർത്തന വിലയിരുത്തൽ (Annual Performance Assessment) പെർഫോമൻസ് ഗ്രാന്റിന് അർഹത നേടാൻ താഴെ പറയുന്ന വ്യവസ്ഥകളിൽ യോഗ്യത നേടേണ്ടതാണ്.

1. ആസൂത്രണവും ബഡ്ജറ്റ് തയ്യാറാക്കലും

2. പദ്ധതി നിർവ്വഹണവും സേവന പ്രദാനവും

3. അക്കൗണ്ടിംഗ്, റിപ്പോർട്ടിംഗ്, ഓഡിറ്റിംഗ്.

4. സുതാര്യതയും അക്കൗണ്ടബിലിറ്റിയും. എല്ലാ അനിവാര്യ അവശ്യ വ്യവസ്ഥകളിലും യോഗ്യത നേടുകയും ആവശ്യമായ സ്കോർ ലഭിക്കുകയും ചെയ്ത തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് വാർഷിക പ്രവർത്തന വിലയിരുത്തൽ യോഗ്യത നേടുന്നത്.

(സി) 2011-12 വർഷം മുതൽ വിവിധ വർഷങ്ങളിലായി കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പെർഫോമൻസ് ഗ്രാന്റ് ലഭ്യമാക്കിയിട്ടുണ്ട്.

**അറവുശാലകൾ**

92 (3937) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരസഭയുടെ കീഴിൽ എത്ര അറവുശാലകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പശ്ചിമ കൊച്ചിയിൽ അറവുമാടുകളെ കശാപ്പു ചെയ്യുന്നത് ഇപ്പോൾ എവിടെയാണ് ;

(സി) മട്ടാഞ്ചേരി മരക്കടവിൽ പ്രവർത്തിക്കുന്ന അറവുശാല അടച്ചുപൂട്ടിയിട്ട് എത്ര നാളായി ;

(ഡി) പ്രസ്തുത അറവുശാല പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) അറവുശാലയുടെ ഭൂമിയിൽ ഏതെങ്കിലും വിധത്തിലുള്ള കയ്യേറ്റം നടന്നിട്ടുണ്ടോ; എങ്കിൽ കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഒരു അറവുശാല (കലൂരിൽ).

(ബി) കലൂരിൽ പ്രവർത്തിക്കുന്ന അറവുശാലയിൽ.

(സി) 6-7-2007 മുതൽ ഈ അറവുശാല അടച്ചിട്ടിരിക്കുകയാണ്.

(ഡി) ഉണ്ട്.

(ഇ) കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തെരുവുനായ്ക്കളുടെ നിയന്ത്രണം

93 (3938) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ എത്ര പേർക്കാണ് തെരുവ് നായ്ക്കളുടെ കടിയേറ്റത്; തെരുവ് നായ്ക്കളുടെ കടിയേറ്റ് മരണം സംഭവിച്ചവർ എത്ര;

(ബി) തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; സ്വീകരിച്ച നടപടികൾ മൂലം തെരുവ് നായ്ക്കളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ;

(സി) തെരുവ് നായ്ക്കളെ കൊല്ലുന്നതിൽനിന്ന് വിലക്കുന്ന ഏതെങ്കിലും നിയമങ്ങളോ, കോടതി/സർക്കാർ ഉത്തരവുകളോ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഉത്തരവുകൾ, നിയമങ്ങൾ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കഴിഞ്ഞ 3 മാസത്തിനുള്ളിൽ 1935 പേർക്ക് തെരുവനായ്ക്കളുടെ കടിയേൽക്കുകയും 3 പേർക്ക് മരണം സംഭവിക്കുകയും ചെയ്തിട്ടുള്ളതായി വിവരം ലഭ്യമായിട്ടുണ്ട്. നഗരപ്രദേശത്ത് നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) തെരുവുനായ്ക്കളെ കൊല്ലുന്നതിന് നിലവിൽ വ്യവസ്ഥയില്ല. എന്നാൽ തെരുവുനായ്ക്കളുടെ വർദ്ധനവ് നിയന്ത്രിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 1960-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ ആക്ടിലെ 11(3)-ാം വകുപ്പ് പ്രകാരം പേവിഷബാധയേറ്റ നായ്ക്കളെ മാത്രമേ നശിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. അനിമൽ ബർത്ത് കൺട്രോൾ റൂൾ 2001-ലെ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്തതുമായ നായ്ക്കളെ മാത്രമേ ദയാവധത്തിലൂടെ ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ SLP 691/2009-ന്മേലുള്ള വിധിന്യായപ്രകാരവും മേൽ നിയമങ്ങൾ പാലിച്ചുള്ള നടപടി സ്വീകരിക്കാനാണ് നിർദ്ദേശം ഉണ്ടായിട്ടുള്ളത്.

## ഓൺലൈൻ നികുതി

94 (3939) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നികുതി ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുണ്ടോ ;

(ബി) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കാൻ കഴിയുന്ന സാഹചര്യത്തിൽ നികുതികൾ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം നടപ്പിൽ വരുത്തുമോ ?

<u>ഉത്തരം</u>

(എ) ഏതാനും തദ്ദേശഭരണ സ്ഥാപനങ്ങളിലുണ്ട്.

(ബി) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നികുതികൾ ഓൺലൈനായി അടയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഹെവി ഡ്യൂട്ടി വാഹനങ്ങൾ

95 (3940) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനുകളിലുമായി എത്ര ഹെവി ഡ്യൂട്ടി വാഹനങ്ങൾ (എച്ച്.ഡി.വി.) അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ;

(ബി) ഇതിനായി എത്ര ഹെവി ഡ്യൂട്ടി ഡ്രൈവർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) ഹെവി ഡ്യൂട്ടി ഡ്രൈവർ തസ്തികകൾ അനുവദിക്കാത്ത സ്ഥാപനങ്ങളിലെ വാഹനങ്ങൾ ഓടിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഹെവി ഡ്യൂട്ടി ഡ്രൈവർ തസ്തിക അനുവദിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആയത് അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം | - | 73 |
| | കൊല്ലം | - | 17 |
| | പത്തനംതിട്ട | - | 4 |
| | ആലപ്പുഴ | - | 7 |
| | കോട്ടയം | - | 4 |
| | ഇടുക്കി | - | 2 |

| | | | |
|---|---|---|---|
| | എറണാകുളം | - | 46 |
| | തൃശ്ശൂർ | - | 15 |
| | പാലക്കാട് | - | 8 |
| | മലപ്പുറം | - | 5 |
| | കോഴിക്കോട് | - | 29 |
| | വയനാട് | - | 2 |
| | കണ്ണൂർ | - | 9 |
| | കാസർഗോഡ് | - | 4 |
| (ബി) | തിരുവനന്തപുരം | - | 23 |
| | കൊല്ലം | - | 2 |
| | പത്തനംതിട്ട | - | ഇല്ല |
| | ആലപ്പുഴ | - | 5 |
| | കോട്ടയം | - | 9 |
| | ഇടുക്കി | - | ഇല്ല |
| | എറണാകുളം | - | 27 |
| | തൃശ്ശൂർ | - | 7 |
| | പാലക്കാട് | - | 5 |
| | മലപ്പുറം | - | 1 |
| | കോഴിക്കോട് | - | 13 |
| | വയനാട് | - | 1 |
| | കണ്ണൂർ | - | 7 |
| | കാസർഗോഡ് | - | 2 |

(സി) ദിവസവേതന വ്യവസ്ഥയിലും വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിലും.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## റോഡ് നിർമ്മാണത്തിന് ഭരണാനുമതി

96 (3941) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ എടത്വാ പഞ്ചായത്തിൽ 2015-16-ലെ ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തിയതും പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളതുമായ 5-ാം വാർഡിലെ ആശാരിപ്പറമ്പിൽ പടി മുതൽ ചക്കാലയ്ക്കൽ പടി വരെയുള്ള റോഡ് ടാർ ചെയ്യുന്നതു സംബന്ധിച്ച എസ്റ്റിമേറ്റിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 145.00 മീറ്റർ നീളത്തിലും 3.00 മീറ്റർ വീതിയിലും 20 സെന്റീമീറ്റർ കനത്തിൽ ക്വാറി മക്ക് നിറച്ച് അതിനുമുകളിൽ 2 നിര മെറ്റൽ ചെയ്ത് ടാർ ചെയ്യുന്നതിനായി സമർപ്പിച്ച 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. 19-2-15-ലെ സ.ഉ(പി)നമ്പർ90/15/ഫിൻ ഉത്തരവിൻപ്രകാരം ഒരു സാമ്പത്തിക വർഷം അനുവദനീയമായ 25 ലക്ഷം രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള പ്രവൃത്തികളുടെ എണ്ണത്തിൽ (5 പ്രവൃത്തികൾ) കവിഞ്ഞ പ്രവൃത്തികൾക്ക് ഇതിനകം അനുമതി നൽകിയിട്ടുള്ളതിനാൽ പ്രസ്തുത പ്രവൃത്തി പരിഗണിക്കാൻ കഴിയുകയില്ല.

## തൊഴിൽരഹിത വേതനം

97 (3942) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 സെപ്തംബർ 30-ലെ കണക്കു പ്രകാരം കേരളത്തിൽ തൊഴിൽ രഹിത വേതനം വാങ്ങുന്നവരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ;

(ബി) തൊഴിൽരഹിത വേതനം പരിഷ്കരിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) അനർഹരായ നിരവധി പേർ തൊഴിൽരഹിത വേതനം കൈപ്പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് തടയുന്നതിന് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2016 സെപ്തംബർ 30-ലെ കണക്കുപ്രകാരം കേരളത്തിൽ തൊഴിൽരഹിത വേതനം വാങ്ങുന്നവരുടെ ആകെ എണ്ണം 2,03,703 ആണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ക്ലീൻ കേരള സ്ഥാപനത്തിലെ ജീവനക്കാർ**

98 (3943) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കേരള എന്ന സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ട് ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഏതെല്ലാം തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനത്തിന് എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഡി) ക്ലീൻ കേരളയുടെ ഭാഗമായി എത്ര പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്;

ഉത്തരം

(എ) പതിനാല് ജീവനക്കാർ.

(ബി) മാനേജിംഗ് ഡയറക്ടർ - 1, ജനറൽ മാനേജർ - 1, പ്രോജക്ട് മാനേജർ - 1, അസിസ്റ്റന്റ് മാനേജർ - 6, അക്കൗണ്ടന്റ് - 1, പ്ലാന്റ്/സെയിൽസ് സൂപ്പർവൈസർ (ദിവസ വേതനം) - 3, ക്ലറിക്കൽ അസിസ്റ്റന്റ് (ദിവസ വേതനം) - 1.

(സി) 2014-15 വർഷത്തിലെ ഓഡിറ്റഡ് കണക്കുകൾ പ്രകാരം 85,26,045.01 രൂപ ചെലവഴിക്കുകയുണ്ടായി.

(ഡി) 6 പദ്ധതികൾ.

**ഇന്ദിരാ ആവാസ് യോജന**

99 (3944) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇന്ദിരാ ആവാസ് യോജന പദ്ധതിയിലുൾപ്പെടുത്തി ഇക്കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര വീടുകൾ നൽകിയിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഗുണഭോക്താക്കൾക്ക് വീടിനുള്ള മുഴുവൻ വിഹിതവും അനുവദിച്ചിട്ടില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുടിശ്ശിക വരാനുണ്ടായ കാരണം വ്യക്തമാക്കാമോ; എത്ര കോടി രൂപയാണ് ഈ ഇനത്തിൽ കുടിശ്ശികയായിട്ടുള്ളത്; കുടിശ്ശിക തുകയും വർഷവും തിരിച്ച് ഇത് ഏതു വർഷം മുതലുള്ളതാണെന്ന് വ്യക്തമാക്കാമോ?

(ഡി) ഈ കുടിശ്ശിക തുക നൽകുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇനിയും ഈ ഇനത്തിൽ എത്ര കോടി രൂപയാണ് നൽകാനുള്ളത്; ഇത് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്.

(സി&ഡി) ഇന്ദിര ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് 2011-ൽ കേരള സർക്കാർ വർദ്ധിപ്പിച്ചതുമൂലമുണ്ടായ ത്രിതല പഞ്ചായത്തുകളുടെ ബാദ്ധ്യത പരിഹരിക്കുന്നതിന് സർക്കാർ അധിക ധനസഹായമായി ഓരോ വീടിനും 79,000 രൂപ 50,000 രൂപ ക്രമത്തിൽ അധിക വിഹിതം നൽകുന്നതിന് ഉത്തരവായിരുന്നു. ടി തുക നൽകുന്നതിന് കുടിശ്ശിക ഉണ്ടായിരുന്നു. ഇപ്രകാരമുള്ള തുക നൽകുന്നതിന് സംസ്ഥാന സർക്കാർ 500 കോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും ഇതിൽ 400 കോടി രൂപ 2015-16 വർഷം അനുവദിക്കുകയും ടി തുക ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതുമാണ്. ടി ഇനത്തിൽ ഇനി നൽകാനുള്ള തുക 169.29 കോടി രൂപയാണ്. ടി തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഭവനശ്രീ വായ്പാ പദ്ധതി**

100 (3945) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനശ്രീ വായ്പാ പദ്ധതി പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ മുഖേന വായ്പയെടുത്തവരുടെ ഭവന വായ്പ കുടിശ്ശിക എഴുതി തള്ളിയതിന്റെ പശ്ചാത്തലത്തിൽ, ഇൻഡ്യൻ ബാങ്ക് മുഖേന വായ്പയെടുത്ത എത്ര പേർക്ക് പ്രമാണങ്ങൾ തിരിച്ചുനൽകിയിട്ടുണ്ട്; ഇനി 16 പേരുടെ പ്രമാണങ്ങൾകൂടി തിരിച്ചു കൊടുക്കാനുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി പ്രമാണങ്ങൾ തിരിച്ചുകിട്ടാതെ വിഷമിക്കുന്ന ഇവരുടെ പ്രമാണങ്ങൾ തിരിച്ചുനൽകുന്നതിന് സത്വരനടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) തുറവൂർ ഗ്രാമപഞ്ചായത്തിൽ ഇൻഡ്യൻ ബാങ്ക് മുഖേന ഭവനശ്രീ വായ്പ ലഭ്യമാക്കിയിട്ടില്ല. ബാങ്ക് ഓഫ് ഇൻഡ്യയിൽനിന്നാണ് ഭവനശ്രീ വായ്പകൾ എടുത്തിരിക്കുന്നത്. 144 പേർക്ക് പ്രമാണങ്ങൾ തിരികെ നൽകിയിട്ടുണ്ട്. ഇനി 18 പേർക്ക് പ്രമാണങ്ങൾ തിരികെ നൽകാനുണ്ട്.

(ബി) വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**സാമൂഹ്യ ക്ഷേമപെൻഷൻ**

101 (T*3946) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം കാര്യക്ഷമമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സർവ്വീസ് പെൻഷനെന്ന പോലെ ക്ഷേമ പെൻഷനുകളും അതാതു മാസം ആദ്യ ആഴ്ചയിൽത്തന്നെ വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ടായിട്ടുണ്ട്. 2015 ഏപ്രിൽ മാസം മുതൽ ഡി.ബി.ടി. സംവിധാനത്തിലൂടെ അതത് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് വിതരണം ചെയ്തതിന് ശേഷമുള്ള മാസങ്ങളിലെ പെൻഷൻ കുടിശ്ശികയായി. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകാല പ്രാബല്യത്തിൽ പെൻഷനുകൾ അനുവദിച്ചതിനാലും കുടിശ്ശിക ഉണ്ടായിട്ടുണ്ട്.

(സി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## തൊഴിൽ നികുതി

102 (3947) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഒടുക്കുന്ന പരമാവധി തൊഴിൽ നികുതിയെത്രയാണ്; പരമാവധി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള സ്ലാബ് എത്രയെന്ന വ്യക്തമാക്കുമോ;

(ബി) വൻകിട സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഒടുക്കുന്ന പരമാവധി അർദ്ധ വാർഷിക തൊഴിൽ നികുതി 1250 രൂപയാണ്. തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള സ്ലാബ് ചുവടെ ചേർക്കുന്നു :

| സ്ലാബ് | അർദ്ധ വാർഷിക വരുമാനം | പരമാവധിഅർദ്ധ വാർഷിക നികുതി |
|---|---|---|
| I | 12,000 മുതൽ 17,999 വരെ | 120 |
| II | 18,000 മുതൽ 29,999 വരെ | 180 |
| III | 30,000 മുതൽ 44,999 വരെ | 300 |
| IV | 45,000 മുതൽ 59,999 വരെ | 450 |
| V | 60,000 മുതൽ 74,999 വരെ | 600 |
| VI | 75,000 മുതൽ 99,999 വരെ | 750 |
| VII | 1,00,000 മുതൽ 1,24,999 വരെ | 1000 |
| VIII | 1,25,000 മുതൽ | 1250 |

(ബി) പ്രൊഫഷൻ ടാക്സിന്റെ ഉപരിപരിധി ഭരണഘടനയിൽ നിജപ്പെടുത്തിയിട്ടുള്ളതാണ്. ആയതിനാൽ തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടന ഭേദഗതി ആവശ്യമായി വരും.

**കരുവൻതിരുത്തി ഡ്രെയിനേജ്**

103 (3948) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഫറോക്ക് കരുവൻതിരുത്തി റോഡിൽ ഡ്രെയിനേജ് നിർമ്മാണം പൂർത്തീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതാണ്.

**കശാപ്പു മൃഗങ്ങളുടെ ആരോഗ്യ സ്ഥിതി**

104 (3949) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. കെ. എം. ഷാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനുള്ളിൽ മാംസത്തിനുവേണ്ടി കശാപ്പുചെയ്യുന്ന മൃഗങ്ങളുടെ ആരോഗ്യ സ്ഥിതി പരിശോധിച്ച്, മാംസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്തവും അതിനായി സ്വീകരിച്ചു വരുന്ന നടപടികളും വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിനു പുറത്തുനിന്ന് കൊണ്ടുവരുന്ന മാംസത്തിന്റെ ശുദ്ധിയും, ഗുണനിലവാരവും പരിശോധിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(സി) ആരോഗ്യകരമായ കശാപ്പുശാലകൾ സ്ഥാപിച്ചു പരിപാലിക്കേണ്ട ഉത്തരവാദിത്തം പാലിക്കുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്രത്തോളം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 455 പ്രകാരം ആഹാരസാധനമായി വിൽക്കുന്നതിന് കശാപ്പ് ചെയ്ത് തയ്യാറാക്കിയ ഇറച്ചി, കശാപ്പ് നടത്തിയ സ്ഥലത്തുവച്ചുതന്നെ നിർണ്ണയിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് വിധേയമാക്കാതെ വിൽപ്പന നടത്താൻ പാടില്ലാത്തതാകുന്നു എന്ന് വ്യവസ്ഥയുണ്ട്. കൂടാതെ മേൽ ആവശ്യത്തിനായി സർക്കാർ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പ് ശാലകളും ഇറച്ചി കടകളും) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അറവുശാലയിൽ എത്തിക്കുന്ന മൃഗങ്ങളുടെ ഗുണനിലവാരം വെറ്ററിനറി ഡോക്ടർ ഉറപ്പുവരുത്തിയതിനു ശേഷം മാത്രമാണ് അതിനെ അറവിനായി ഉപയോഗിക്കുന്നത്. ഇത്തരം നിർദ്ദേശങ്ങൾ പാലിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) ചെക്ക് പോസ്റ്റുകളിൽ മാംസത്തിനായി കൊണ്ടുവരുന്ന ഉരുക്കളുടെ പരിശോധന മൃഗസംരക്ഷണവകുപ്പ് നടത്തുന്നുണ്ട്. പരാതികൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാംസത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് അവയുടെ ശുദ്ധിയും ഗുണനിലവാരവും ഉറപ്പു വരുത്തുന്നതിനുവേണ്ടി വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ലാബുകളിൽ അയച്ച് പരിശോധിക്കുന്നതിനോടൊപ്പം ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും സാമ്പിൾ അയച്ച് പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ജനങ്ങൾക്ക് ശുചിത്വമുള്ള മാംസം ലഭിക്കുന്നതിനുവേണ്ടി ആരോഗ്യകരമായ രീതിയിൽ അറവുശാലകൾ നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം പഞ്ചായത്തുകൾക്ക് 5 കോടി രൂപയും നഗരസഭകൾക്ക് 10 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ ശുചിത്വമിഷനിൽ നിന്ന് 18 ഗ്രാമ പഞ്ചായത്തുകൾക്കും 24 നഗരസഭകൾക്കും ആധുനിക അറവുശാല നിർമ്മാണത്തിനായി സാങ്കേതിക അംഗീകാരം നൽകിയിട്ടുണ്ട്. ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള ഒരു ഗ്രാമ പഞ്ചായത്തിലെങ്കിലും ആധുനിക അറവുശാല നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ അറവുശാല നിർമ്മാണം നടത്തുന്ന പദ്ധതിക്ക് മുൻഗണന നൽകുന്നു.

**ഗ്രാമീണ പദ്ധതികൾ**

105 (3950) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഗ്രാമീണ പദ്ധതികളുടെ വികാസത്തിനായി അടുത്തകാലത്ത് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതൊക്കെ പദ്ധതികൾക്കായി ഈ തുക വിനിയോഗിക്കുവാനുദ്ദേശിയ്ക്കുന്നു ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി)

| ക്രമ നമ്പർ | കേന്ദ്രാവിഷ്കൃത പദ്ധതി | 2016-17 വർഷത്തിൽ ലഭിച്ച കേന്ദ്ര സഹായം (ലക്ഷത്തിൽ) |
|---|---|---|
| 1 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 123350.32 |
| 2 | പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന | 8997.50 |
| 3 | പ്രധാൻമന്ത്രി കൃഷി സിഞ്ചായിയോജന | 1137.00 |
| 4 | ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ | 265.02 |
| 5 | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ് | 74.04 |
| 6 | നാഷണൽ റർബൻ മിഷൻ | 200.00 |
| 7 | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) | 9825.35 |
| | ആകെ | 143849.23 |

**ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ**

106(3951) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പഞ്ചായത്തുകളെ "ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ" ആയി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ശൗചാലയം ഇല്ലാത്ത വീടുകളിൽ അത് നിർമ്മിക്കുന്നതിനായി സർക്കാർ ഫണ്ടിനത്തിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 18-10-2016 വരെ 938 ഗ്രാമപഞ്ചായത്തുകൾ സ്വയം ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് ആവശ്യമായത്രയും തുക പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽനിന്നും വകയിരുത്തി ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആനുപാതിക സംസ്ഥാന വിഹിതം സഹിതം പഞ്ചായത്തുകൾക്ക് റിലീസ് ചെയ്യുന്നതാണ്. നിലവിൽ 100 കോടി രൂപ (കേന്ദ്രവിഹിതം 60 കോടി രൂപ, സംസ്ഥാന വിഹിതം 40 കോടി രൂപ) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**വെളിയിട വിസർജ്ജനമുക്ത പദ്ധതി**

107 (3952) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെളിയിട വിസർജ്ജനമുക്ത സംസ്ഥാന പദ്ധതി പ്രകാരം കേരളത്തിൽ എത്ര ശൗചാലയങ്ങൾ പണിയുവാനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദ വിവരം നൽകുമോ;

(സി) ഇതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ?

ഉത്തരം

(എ) വെളിയിട വിസർജ്ജന മുക്ത സംസ്ഥാന പദ്ധതി പ്രകാരം കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിൽ 175399 ശൗചാലയങ്ങളും നഗരപ്രദേശങ്ങളിൽ 34578 ശൗചാലയങ്ങളും പണിയാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

(ബി) 2016 നവംബർ 1-ന് ഗ്രാമപ്രദേശങ്ങളിലും 2017 മാർച്ച് 31-ന് നഗര പ്രദേശങ്ങളിലും പദ്ധതി പൂർത്തീകരിച്ച് ഒ.ഡി.എഫ്. പ്രഖ്യാപനം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) 1. വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ വിഹിതമടക്കം (സ്വച്ഛ് ഭാരത് മിഷൻ) ആകെ 15400 രൂപയാണ് യൂണിറ്റ്കോസ്റ്റ്. ഗ്രാമപ്രദേശങ്ങളിൽ ടോയ്‌ലറ്റ് പണിയുന്നതിനുള്ള കേന്ദ്ര സഹായം ലഭ്യമാകുന്നതിന് കാലതാമസം വന്ന സാഹചര്യത്തിൽ എല്ലാ കുടുംബങ്ങൾക്കും ശൗചാലയ സൗകര്യം ഉറപ്പാക്കുന്നതിനുള്ള ധനം ഗ്രാമ പഞ്ചായത്തുകൾ തങ്ങളുടെ പ്ളാൻ ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ വകയിരുത്തി വ്യക്തിഗത ഗാർഹിക ശൗചാലയം പണിയുന്നതിനുള്ള സർക്കാർ ഉത്തരവുകൾ നൽകിയ തിന്റെ അടിസ്ഥാനത്തിൽ എല്ലാപഞ്ചായത്തുകളും പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കുക.

2. ദുർഘട ഗ്രാമ പ്രദേശങ്ങളിൽ പണിയേണ്ടുന്ന 39120 ടോയ്‌ലറ്റുകൾക്ക് അധികം ആവശ്യമായി വരുന്ന 99 കോടി രൂപ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക സഹായമായി അനുവദിച്ചുകൊണ്ടും അതിൻ പ്രകാരം പ്രോജക്ട് തയ്യാറാക്കാൻ അനുമതിയും പ്രോജക്ട് നടപ്പിലാക്കലും.

3. ജലനിധി പ്രോജക്ട് പ്രദേശമായ 115 ഗ്രാമ പഞ്ചായത്തുകളിൽ ജലനിധി മുഖേന ഗാർഹിക ശൗചാലയ നിർമ്മാണ പ്രോജക്ട് നിർവ്വഹണം.

4. ഉപേക്ഷിക്കപ്പെട്ട സ്വകാര്യ എസ്റ്റേറ്റ് ലയങ്ങളിൽ ഗാർഹിക ശൗചാലയങ്ങളും സാനിട്ടറി കോംപ്ളക്സും പണിയുന്നതിനുള്ള നടപടി.

5. സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ടിൽനിന്ന് ബുദ്ധിമുട്ടേറിയ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് അധിക തുക കണ്ടെത്തൽ.

6. കുടുംബശ്രീ, കൊമേഴ്സ്യൽ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖേന ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കൽ.

7. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സേവനവും റിസോഴ്സ് പേഴ്സൺമാരുടെ സേവനവും കമ്മ്യൂണിറ്റി മൊബിലൈസേഷൻ പ്രവർത്തനങ്ങളും.

8. World Bank, UNICEF എന്നീ സ്ഥാപനങ്ങളുടെ പിന്തുണയോടുകൂടി റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം.

9. പ്രാദേശികമായി അനുയോജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ചെലവ് പരിമിതപ്പെടുത്തിയ നിർമ്മാണ സാങ്കേതിക രീതികളിൽ COSTFORD-ന്റെ നേതൃത്വത്തിൽ മേസൺ പരിശീലനങ്ങൾ.

10. ജല ദൗർലഭ്യ പ്രദേശങ്ങളിൽ ഇക്കോസാൻ ടോയ്‌ലറ്റുകൾ.

11. മാധ്യമങ്ങളിൽ പരമാവധി പ്രചാരണം കിട്ടുന്നതിനും കക്കൂസ് നിർമ്മിക്കുന്നതിന് ജനങ്ങളെ പ്രചോദിപ്പിക്കുന്നതിനും പ്രവർത്തനം.

12. MSW വിദ്യാർത്ഥികൾ, എഞ്ചിനീയറിംഗ് കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീം വോളന്റിയേഴ്സ് എന്നിവരുടെ സേവനവും ബോധവൽക്കരണവും കക്കൂസ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തൽ.

13. തീരപ്രദേശത്തും മലയോര പ്രദേശങ്ങളിലും പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ യോഗം വിളിച്ചുചേർത്ത് ആ പ്രദേശങ്ങളിലെ കക്കൂസ് നിർമ്മാണത്തിന് അവരുടെ സഹകരണം ഉറപ്പാക്കൽ.

14. മുഖ്യമന്ത്രി, വകുപ്പുമന്ത്രി തലങ്ങളിൽ സംസ്ഥാനത്തെ പുരോഗതി നിരന്തരം അവലോകനം; ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് 14 മന്ത്രിമാരെ ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക; മന്ത്രിമാരെ സഹായിക്കുന്നതിന് അതാത് വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്ക് ചുമതല.

15. ചീഫ് സെക്രട്ടറിയും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ജില്ലാ കളക്ടർമാരുമായുള്ള പ്രതിവാര വീഡിയോ കോൺഫറൻസ് സംഘടിപ്പിച്ച് പുരോഗതി അവലോകന നടപടി.

16. ശുചിത്വ മിഷൻ തലത്തിലും സർക്കാർ തലത്തിലും ദൈനം ദിനമുള്ള പുരോഗതി വിലയിരുത്തലും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നു.

### വാടക കുടിശ്ശിക

108 (3953) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ പെരുമണ്ണ ഇ.എം.എസ്. ഹയർ സെക്കണ്ടറി സ്കൂൾ അനുവദിച്ചപ്പോൾ സ്കൂളിനാവശ്യമായ സൗകര്യങ്ങൾ പഞ്ചായത്ത് ഒരുക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നോ ;

(ബി) പെരുമണ്ണ ഗ്രാമപഞ്ചായത്ത് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകുകയും താൽക്കാലിക കെട്ടിടം വാടകയ്ക്ക് എടുത്തുനൽകുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെട്ടിട ഉടമ, വാടക കുടിശ്ശികയ്ക്ക് കേസ് ഫയൽ ചെയ്തതനുസരിച്ച് പഞ്ചായത്ത് സ്വത്തുക്കൾ ജപ്തി ചെയ്യാൻ ഉത്തരവായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) കോടതിവിധി നടപ്പാക്കാനുള്ള പഞ്ചായത്തിന്റെ തീരുമാനം അംഗീ കരിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഇ) വാടക കുടിശ്ശിക കൊടുക്കാത്തതുമൂലം പലിശയിനത്തിൽ പഞ്ചായത്തി നുണ്ടായ നഷ്ടം, ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്ന് വസൂലാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ടായിരുന്നു.

(ബി) ഉണ്ട്.

(സി-ഇ) ഇല്ല. കേസ് മുൻസിഫ് സെക്കന്റ് (പി) കോടതിയുടെ പരിഗണനയിലാണ് (ഇ.പി. നമ്പർ 118/2016).

**പൊതുശ്മശാനം കയ്യേറ്റം**

109 (3954) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് മുനിസിപ്പാലിറ്റി വക പൊതു ശ്മശാനം കൈയ്യേറിയതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്.

(ബി) കയ്യേറ്റവുമായി ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിനായി സർവ്വകക്ഷി യോഗം വിളിക്കുകയും പോലീസ് സംരക്ഷണത്തോടെ കയ്യേറ്റം ഒഴിപ്പിക്കാൻ സർവ്വകക്ഷി യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## കുഴൽക്കിണർ നിർമ്മാണം

110 (3955) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക - ഗാർഹിക ആവശ്യങ്ങൾക്കായി കുഴൽക്കിണർ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിബന്ധനയോ, വിലക്കോ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ചട്ട പ്രകാരമാണ്; വിശദാംശം ലഭ്യമാക്കാമോ ;

(ബി) കാർഷിക-ഗാർഹിക ആവശ്യത്തിന് കുഴൽക്കിണർ കുഴിക്കുന്നതിന് ഭൂജല വകുപ്പിന്റെ അനുമതി വാങ്ങണമെന്നുള്ള നിർദ്ദേശം പഞ്ചായത്ത് വകുപ്പിന് സർക്കാർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) കാർഷിക-ഗാർഹിക ആവശ്യങ്ങൾക്കായി കുഴൽക്കിണർ കുഴിച്ചവർക്ക് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് പമ്പ് ഹൗസിന് നമ്പർ നൽകണമെങ്കിൽ ഭൂജല വകുപ്പിന്റെ എൻ.ഒ.സി. ഹാജരാക്കണമെന്ന നിർദ്ദേശം തദ്ദേശ സ്വയം ഭരണ വകുപ്പിന് സർക്കാർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

(ഡി) ഭൂജല വകുപ്പിന്റെ അനുവാദം ഇല്ലാതെ കാർഷിക ഗാർഹിക ആവശ്യങ്ങൾക്കായി കുഴൽക്കിണർ കുഴിച്ചവരുടെ കാര്യത്തിൽ പമ്പ് ഹൗസിന് നമ്പർ ഇട്ട് കിട്ടുന്നതിന് ഗുണഭോക്താക്കൾ ആരെയാണ് സമീപിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ ;

(ഇ) കുടിവെള്ളത്തിനും കാർഷിക ആവശ്യങ്ങൾക്കും വായ്പ എടുത്ത് കിണർ കുഴിച്ചവർക്ക് മാസങ്ങളോളം നിസാര കാരണം പറഞ്ഞ് കുടിവെള്ളം നിഷേധിക്കുന്നവർക്കെതിരെ എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ&സി) 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 93(എ) പ്രകാരം കുഴൽക്കിണർ നിർമ്മിക്കുന്നതിന് പെർമിറ്റ് ലഭിക്കുന്നതിനായി ഭൂഗർഭ ജല വകുപ്പിൽനിന്നും അനുമതി വാങ്ങി ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചശേഷം നമ്പറിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയെ സമീപിക്കാവുന്നതാണ്.

(ഇ) പരാതികൾ ലഭിക്കുന്ന സംഗതികളിൽ ആയതിന്റെ സ്വഭാവമനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## മാലിന്യ നിർമ്മാർജ്ജനം

111 (3956) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം നഗരസഭയിലെ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കായംകുളം നഗരസഭയിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ച് മാലിന്യങ്ങൾ തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

ഉണ്ട്. കായംകുളം നഗരസഭയിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ അനുവദിച്ചിട്ടുള്ള 2 കോടി 40 ലക്ഷം രൂപ ഉപയോഗിച്ച് പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ പ്രദേശവാസികൾ കോടതിയെ സമീപിച്ചതുമൂലം ഉണ്ടായ കാലതാമസം പരിഹരിച്ച് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാലിന്യങ്ങൾ ശാസ്ത്രീയമായി തരംതിരിച്ച് സംസ്കരിക്കുന്നതിന് മുൻകാലങ്ങളിൽ നടപ്പാക്കിയിട്ടുള്ള ഗാർഹിക ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ തുടർച്ചയായി നഗരസഭ നടപ്പുവർഷവും തുക വകയിരുത്തിയിട്ടുള്ളതാണ്. കൂടാതെ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ 10 തുമ്പൂർമൂഴി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നടപ്പുവർഷം തുക വകയിരുത്തിയിട്ടുണ്ട്.

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

112 (3957) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണ ചുമതലകളിൽനിന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ ഒഴിവാക്കിയിട്ടുണ്ടോ;എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ചുമതലകളെല്ലാം അസിസ്റ്റന്റ് സെക്രട്ടറിമാർക്കു കൈമാറിയിട്ടുണ്ടോ; എങ്കിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ എവിടെ പുനർവിന്യസിക്കാനാണുദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്തെ പഞ്ചായത്തുകളുടെയും വി.ഇ.ഒ.-മാരുടെയും എണ്ണം വ്യക്തമാക്കാമോ ?

### ഉത്തരം

(എ & ബി) ഇല്ല.

| | | |
|---|---|---|
| (സി) ജില്ലാ പഞ്ചായത്തുകൾ | - | 14 |
| ബ്ലോക്ക് പഞ്ചായത്തുകൾ | - | 152 |
| ഗ്രാമ പഞ്ചായത്തുകൾ | - | 941 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ എണ്ണം | - | 2048 |

**കാർഷിക പഞ്ചായത്തുകൾ**

113 (3958) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പൊൽപ്പുള്ളി, പെരുവമ്പ്, നല്ലേപ്പിള്ളി, എരുത്തിയാമ്പതി, വടകരപ്പതി, പട്ടഞ്ചേരി, പെരുമാട്ടി എന്നീ പഞ്ചായത്തുകൾ 100 ശതമാനം കാർഷിക പഞ്ചായത്തായതിനാൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നൂറ് ശതമാനം കൃഷിയെ മാത്രം ആശ്രയിക്കുന്ന പഞ്ചായത്തുകൾക്ക് വികസനത്തിന് പ്രത്യേക ഫണ്ട് നീക്കി വെയ്ക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനെക്കുറിച്ച് പഠിക്കാൻ സംസ്ഥാന പ്ലാനിംഗ് ബോർഡ് നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മേൽ പഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് കണ്ടെത്താൻ KIIFB-യിൽ പ്രത്യേക പ്രൊവിഷൻ ഉണ്ടാക്കാൻ ആലോചിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാന ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച ശിപാർശകൾ പ്രകാരമാണ് വികസനഫണ്ട് അനുവദിക്കുന്നത്. ആയതിനാൽ നൂറ് ശതമാനം കൃഷിയെ മാത്രം ആശ്രയിക്കുന്ന പഞ്ചായത്തുകൾക്ക് വികസനത്തിന് പ്രത്യേക ഫണ്ട് നീക്കി വയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇപ്പോൾ ആലോചിച്ചിട്ടില്ല.

## സെക്രട്ടറിമാരുടെ ഒഴിവുകൾ

114 (3959) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഗ്രാമവികസന വകുപ്പിൽ എത്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ നിലവിലുണ്ട്; വിശദാംശം നൽകുമോ; ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊബേഷൻ കാലയളവ് എത്രയാണെന്നറിയിക്കാമോ;

(സി) 2011 ജൂൺ മുതൽ 2016 ഏപ്രിൽ മാസം വരെ എത്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ട്; ഇവരിൽ ഓരോരുത്തരും എത്ര കാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികയിൽ സേവനം പൂർത്തിയാക്കിയതിനുശേഷമാണ് അവരുടെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 5 ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തുടർച്ചയായ 3 വർഷങ്ങൾക്കുള്ളിൽ 2 വർഷമാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പ്രൊബേഷൻ കാലയളവ്.

(സി) 2011 ജൂൺ മുതൽ 2016 ഏപ്രിൽ മാസം വരെ 94 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ട്. തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷമാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പ്രൊബേഷൻ കാലയളവ്.

## ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തൽ

115 (3960) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതു കിണറുകൾ ഉൾപ്പെടെയുള്ള ആസ്തികൾ അന്യാധീനപ്പെട്ട് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആസ്തികൾ കണ്ടെത്തി പഞ്ചായത്ത് അധീനതയിലാക്കി ആസ്തി റജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആസ്തികൾ കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നല്കുന്നതാണ്.

**ചെയർപേഴ്സന്റെ ഓണറേറിയവും അക്കൗണ്ടന്റുമാരുടെ ശമ്പളവും**

116 (3961) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സന്റെ ഓണറേറിയം, സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ ശമ്പളം എന്നിവയിൽ കുടിശ്ശികയുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ ഏത് ഫണ്ടിൽനിന്നാണ് ഇവർക്ക് ഹോണറേറിയവും ശമ്പളവും നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കുടുംബശ്രീക്ക് ലഭ്യമായ ഫണ്ടിന്റെ അപര്യാപ്തത കാരണം കുടിശ്ശികയുണ്ടായിരുന്നു. 2016 സെപ്തംബർ മാസത്തിൽ ഫണ്ട് ലഭിച്ചതിനെത്തുടർന്ന് കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെട്ടിടത്തിന് സ്റ്റോപ്പ് മെമ്മോ**

117 (3962) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന് സ്റ്റോപ്പ് മെമ്മോ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സ്റ്റോപ്പ് മെമ്മോ നൽകുന്നതിന് സ്വീകരിച്ച കാരണവും മാനദണ്ഡവും വിശദമാക്കുമോ ;

(സി) പ്രസ്തുത ഡിപ്പോയിൽ മുൻ എം.എൽ.എ.-യുടെ നിർദ്ദേശാനുസരണം ഫണ്ട് അനുവദിച്ച് (എസ്.ഡി.എഫ്) കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭ നൽകിയ അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത അനുമതിക്ക് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നഗരസഭാ പരിധിയിൽ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ, പുനർ നിർമ്മിക്കുകയോ, കൂട്ടിച്ചേർക്കുകയോ, വിപുലീകരിക്കുകയോ ചെയ്യുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (കെ.എം.ബി.ആർ. 99) അദ്ധ്യായം 2 ചട്ടം 4 പ്രകാരം നിയമാനുസൃത അനുമതി വാങ്ങിയിരിക്കേണ്ടതാണ്. ഇത്തരത്തിൽ നിർമ്മാണാനുമതി ആവശ്യമില്ലാത്ത സർക്കാർ വകുപ്പുകളിൽ (കെ.എം.ബി.ആർ. 99 ചട്ടം 9) കെ.എസ്.ആർ.ടി.സി. ഉൾപ്പെട്ടിട്ടില്ലാത്തതിനാലും മാവേലിക്കര കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന മാവേലിക്കര വില്ലേജ് റീസർവ്വേ ബ്ലോക്ക് 66-ൽ 47, 49, 51, 52, 53, 54, 65, 67 എന്നിവയിലുള്ള 61.21 ആർസ് വസ്തു മാവേലിക്കര വില്ലേജ് ബി.ടി.ആർ. പ്രകാരം മാവേലിക്കര മുനിസിപ്പാലിറ്റി വകയാണ്. ആയത് മാവേലിക്കര തഹസീൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം മാവേലിക്കര മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള വസ്തുവിൽ കെ.എസ്.ആർ.ടി.സി.ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭാ കൗൺസിലിന്റെ അനുമതി ആവശ്യമാണ്. ബി.ടി.ആർ. പ്രകാരം നഗരസഭയുടെ പേരിലുള്ള വസ്തു കെ.എസ്.ആർ.ടി.സി.യുടെ പേരിൽ വിട്ടുകൊടുക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ അനുമതിയും ആവശ്യമാണ്. ആയതിനാലാണ് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളത്.

(സി&ഡി) ബാധമല്ല.

**കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

118 (3963) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ മുഖേന ഇപ്പോൾ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) ആശ്രയ പദ്ധതി വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. ലഘു സമ്പാദ്യ വായ്പ :

നാളിതുവരെ ലഘു സമ്പാദ്യ ഇനത്തിൽ 3,139 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. നിലവിൽ 12,094 കോടി രൂപ ആന്തരിക വായ്പയായി അയൽക്കൂട്ടങ്ങൾ ഉപയോഗിക്കുന്നു. ലിങ്കേജ് വായ്പാ ഇനത്തിൽ 4,462 കോടി രൂപയും അയൽക്കൂട്ടങ്ങൾക്ക് ലഭ്യമായിട്ടുണ്ട്.

2. സൂക്ഷ്മ സംരംഭങ്ങളും കൺസോർഷ്യവും :

നിലവിൽ വിവിധ മേഖലകളിലായി 31,000 സൂക്ഷ്മ സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ സംരംഭങ്ങൾക്ക് ആവശ്യമായ പരിശീലനവും സാങ്കേതിക സഹായവും വിവിധ സബ്സിഡികളും വിപണന സഹായവും നൽകിവരുന്നു. 248 ന്യൂട്രിമിക്സ് യൂണിറ്റുകൾ, 180 സാന്ത്വനം ഹെൽത്ത് കെയർ യൂണിറ്റുകൾ, 800 കഫേ കുടുംബശ്രീ യൂണിറ്റുകൾ, 5 പ്രൊഡ്യൂസർ കമ്പനികൾ തുടങ്ങിയവ കൺസോർഷ്യങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

3. കൃഷിയും മൃഗസംരക്ഷണവും :

നിലവിൽ സംഘകൃഷി ഗ്രൂപ്പുകളിലൂടെ വനിതകൾ സംഘകൃഷിയോടൊപ്പം പാട്ടക്കൃഷികൂടി ചെയ്തുവരുന്നു. കുടുംബശ്രീ സംസ്ഥാന മിഷനിൽനിന്നും പലിശ ഇളവും കൃഷി ചെയ്യുന്നതിനുള്ള ഇൻസെന്റീവും നൽകുന്നുണ്ട്. ആട് ഗ്രാമം, ക്ഷീര സാഗരം, പോത്ത്കുട്ടി, കോഴി വളർത്തൽ തുടങ്ങിയ മൃഗസംരക്ഷണ മേഖലകളിൽ കുടുംബശ്രീയുടെ സംരംഭക ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

4. സാമൂഹിക വികസന പ്രവർത്തനങ്ങളും പട്ടിക വർഗ്ഗ മേഖലയിലെ പ്രവർത്തനങ്ങളും :

ആശ്രയ പദ്ധതിയിലൂടെ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നു. ബഡ്സ് സ്കൂളുകൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവ കുടുംബശ്രീയുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നു. 6 മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾ അംഗങ്ങളായ ബാലസഭകളുമുണ്ട്. പ്രത്യേക അയൽക്കൂട്ടങ്ങൾ മുഖേന ആദിവാസി കുടുംബങ്ങളും കുടുംബശ്രീ സംഘടനയിൽ പ്രവർത്തിക്കുന്നു. അട്ടപ്പാടിയുടെ സമഗ്ര വികസനത്തിനു വേണ്ടിയുള്ള പദ്ധതിയും കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നു.

5. ജെൻഡർ (സ്ത്രീ പദവി സ്വയംപഠനവും സ്ത്രീ ശാക്തീകരണവും) :

കുടുംബശ്രീ അംഗങ്ങൾക്ക് സ്ത്രീ പദവി സ്വയംപഠനവും സ്ത്രീ ശാക്തീകരണവുംവഴി നടപ്പിലാക്കുന്നു. അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുന്ന സ്ത്രീകൾക്ക് താൽക്കാലിക അഭയം നൽകുന്ന സ്നേഹിത

ജെൻഡർ ഹെൽപ്പ് ഡെസ്ക് 6 ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. സ്ത്രീകളിൽ ക്യാൻസർ വരുന്നത് തടയുന്നതിനുവേണ്ടിയുള്ള പൈലറ്റ് സർവ്വേ പത്തനംതിട്ട ജില്ലയിൽ നടത്തിയിട്ടുണ്ട്. കുടുംബശ്രീയുടെ സ്ത്രീ ശാക്തീകരണ പദ്ധതികൾവഴി അംഗങ്ങൾക്ക് അറിവും ബോധ വൽക്കരണവും വിദ്യാഭ്യാസവും നൽകി അവരെ ശക്തരാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. നഗര ഭവന പദ്ധതികൾ :

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.)-യുടെ സംസ്ഥാന നിർവ്വഹണ ഏജൻസി കുടുംബശ്രീയാണ്.

7. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.), ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം.) :

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന, ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി എന്നിവ കുടുംബശ്രീ മുഖേനയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

8. നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻ.ആർ.ഒ.) :

കേരളത്തിൽ കുടുംബശ്രീയിൽ പ്രവർത്തിക്കുന്ന മുതിർന്ന 120 പ്രവർത്തകരാണ് മാസ്റ്റർ പരിശീലകരായി വിവിധ സംസ്ഥാനങ്ങളിലെ അയൽക്കൂട്ടങ്ങൾക്ക് പരിശീലനം നൽകുന്നത്.

(ബി) ആശ്രയ 'അഗതി പുനരധിവാസ പദ്ധതി'യുടെ ഒന്നാംഘട്ട പദ്ധതി കേരളത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കിവരുന്നു. 768 തദ്ദേശഭരണ സ്ഥാപനങ്ങളിൽ രണ്ടാംഘട്ട പദ്ധതി ആരംഭിച്ച് നടപ്പിലാക്കി വരുന്നു. ഒന്നാംഘട്ട പദ്ധതി പൂർത്തിയാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിൽ തുടരുന്ന ഗുണഭോക്താക്കൾക്കായി തുടർ സേവന പദ്ധതി തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയിൽ ഇനിയും ഉൾപ്പെടാത്ത ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതും അനർഹരെ ഒഴിവാക്കുന്നതും ഉൾപ്പടെയുള്ള ഭേദഗതികൾ വരുത്തിയ പുതുക്കിയ മാർഗ്ഗരേഖ തയ്യാറാക്കിവരുന്നു. 'അഗതി രഹിത കേരളം' എന്ന ആശയം ആശ്രയ പദ്ധതിയുടെ വിപുലീകരണത്തോടെ 2017-ൽ നടപ്പിലാക്കുന്നതാണ്.

**ഭവനരഹിതരായ ജനറൽ വിഭാഗക്കാർ**

119 (3964) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ ജാതി സെൻസസ് അനുസരിച്ച് കേന്ദ്രഗവൺമെന്റ് നിർദ്ദേശപ്രകാരം പി.എം.എ.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും ഗ്രാമപഞ്ചായത്തുകളിലെ 2014-15 വരെയുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുമായ ജനറൽ വിഭാഗത്തിൽ പെടുന്ന ഭവനരഹിതരായവർക്ക് വീടുകൾ ലഭിക്കാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാഹചര്യത്തിൽ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ജനറൽ വിഭാഗത്തിൽപ്പെട്ടതുമായവരെ സഹായിക്കുവാൻ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമോ ;

(സി) തുലാവർഷകാലത്തിനു മുമ്പായി പ്രസ്തുത വിഭാഗത്തിൽപ്പെടുന്നവരെ സഹായിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പൊതുവിഭാഗത്തിൽ വീടുകൾ അനുവദിക്കാത്തതിനാൽ 10,000 വീടുകൾ ഈ വർഷം പൊതു വിഭാഗത്തിന് അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ**

120 (3965) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്ത് ഓഫീസുകളിൽനിന്ന് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സേവനങ്ങൾ ഓൺലൈൻ സേവനങ്ങളാക്കി മാറ്റുന്നതിന് സമയബന്ധിത നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽനിന്നും പൊതുജനങ്ങൾക്ക് കൃത്യതയുള്ള സേവനം വേഗത്തിൽ നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഫീസുകളെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഗ്രാമപഞ്ചായത്തുകളുടെ ഓഫീസ് കംപ്യൂട്ടർവൽക്കരിക്കുന്നതിനും സേവനങ്ങൾ ഓൺ ലൈൻ മുഖേന ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഗ്രാമപഞ്ചായത്തുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ മുഴുവൻ ഓൺലൈൻ സംവിധാനത്തിലൂടെ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. നിലവിൽ ജനന-മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴിയാണ് നൽകുന്നത്. ഓൺലൈൻ മുഖേന വസ്തു നികുതി ഒടുക്കുന്നതിനും കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷ സമർപ്പിക്കുന്നതിനുമുള്ള സൗകര്യം ഏതാനും ഗ്രാമപഞ്ചായത്തുകളിൽ നിലവിലുണ്ട്.

**വാഹനങ്ങളില്ലാത്ത ഗ്രാമപഞ്ചായത്തുകൾ**

121 (3966) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വാഹനങ്ങളില്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട് ;

(ബി) ഈ ഗ്രാമപഞ്ചായത്തുകളുടെ പേര് വിവരം ലഭ്യമാക്കുമോ ;

(സി) കഴിഞ്ഞ വർഷം എത്ര ഗ്രാമപഞ്ചായത്തുകൾ പുതിയ വാഹനം വാങ്ങിയിട്ടുണ്ട് ; ഇതിനായി എത്ര രൂപ മൊത്തം ചെലവഴിച്ചു ;

(ഡി) ഗ്രാമപഞ്ചായത്തിൽ വാഹനങ്ങളുടെ ഉപയോഗത്തിന് അതത് ഗ്രാമപഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) 2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വാഹനങ്ങളുടെ ഇന്ധനത്തിന് ചെലവായ തുക ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## കുടുംബശ്രീ പ്രവർത്തനങ്ങൾ

122 (3967) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ മേഖലകൾക്കാണ് കുടുംബശ്രീ ഊന്നൽ നല്കുന്നതെന്ന് അറിയിക്കുമോ; സംസ്ഥാനത്ത് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ;

(ബി) ഏതൊക്കെ പുതിയ മേഖലകളിലേക്കാണ് കുടുംബശ്രീ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) കുടുംബശ്രീ പ്രവർത്തനങ്ങളിൽ ഏതെങ്കിലും വിദേശരാജ്യങ്ങൾ താല്പര്യം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. ലഘു സമ്പാദ്യ വായ്പ :

   നാളിതുവരെ ലഘു സമ്പാദ്യ ഇനത്തിൽ 3,139 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. നിലവിൽ 12,094 കോടി രൂപ ആന്തരിക വായ്പയായി അയൽക്കൂട്ടങ്ങൾ ഉപയോഗിക്കുന്നു. ലിങ്കേജ് വായ്പാ ഇനത്തിൽ 4,462 കോടി രൂപയും അയൽക്കൂട്ടങ്ങൾക്ക് ലഭ്യമായിട്ടുണ്ട്.

2. സൂക്ഷ്മ സംരംഭങ്ങളും കൺസോർഷ്യവും :

   നിലവിൽ വിവിധ മേഖലകളിലായി 31,000 സൂക്ഷ്മ സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ സംരംഭങ്ങൾക്ക് ആവശ്യമായ പരിശീലനവും സാങ്കേതിക സഹായവും വിവിധ സബ്സിഡികളും വിപണന സഹായവും നൽകിവരുന്നു. 248 ന്യൂട്രിമിക്സ് യൂണിറ്റുകൾ, 180 സാന്ത്വനം ഹെൽത്ത് കെയർ യൂണിറ്റുകൾ, 800 കഫേ കുടുംബശ്രീ യൂണിറ്റുകൾ, 5 പ്രൊഡ്യൂസർ കമ്പനികൾ തുടങ്ങിയവ കൺസോർഷ്യങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

3. കൃഷിയും മൃഗസംരക്ഷണവും :

നിലവിൽ സംഘകൃഷി ഗ്രൂപ്പുകളിലൂടെ വനിതകൾ പാട്ടകൃഷി ഉൾപ്പെടെ സംഘകൃഷി ചെയ്തുവരുന്നു. കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും പലിശ ഇളവും കൃഷി ചെയ്യുന്നതിനുള്ള ഇൻസെന്റീവും നൽകുന്നുണ്ട്.

4. സാമൂഹിക വികസന പ്രവർത്തനങ്ങളും പട്ടിക വർഗ്ഗ മേഖലയിലെ പ്രവർത്തനങ്ങളും :

ആശ്രയ പദ്ധതിയിലൂടെ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നു. ബഡ്സ് സ്കൂളുകൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവ കുടുംബശ്രീയുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നു. 6 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾ അംഗങ്ങളായ ബാലസഭകളുമുണ്ട്. പ്രത്യേക അയൽക്കൂട്ടങ്ങൾ മുഖേന ആദിവാസി കുടുംബങ്ങളും കുടുംബശ്രീ സംഘടനയിൽ പ്രവർത്തിക്കുന്നു. അട്ടപ്പാടിയുടെ സമഗ്ര വികസനത്തിനു വേണ്ടിയുള്ള പദ്ധതിയും കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നു.

5. ജെൻഡർ (സ്ത്രീ പദവി സ്വയംപഠനവും സ്ത്രീ ശാക്തീകരണവും) :

കുടുംബശ്രീ അംഗങ്ങൾക്ക് സ്ത്രീ പദവി സ്വയംപഠനവും ശാക്തീകരണവും വഴി നടപ്പിലാക്കുന്നു. അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുന്ന സ്ത്രീകൾക്ക് താൽക്കാലിക അഭയം നൽകുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് 6 ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. സ്ത്രീകളിൽ ക്യാൻസർ വരുന്നത് തടയുന്നതിനു വേണ്ടിയുള്ള പൈലറ്റ് സർവ്വേ പത്തനംതിട്ട ജില്ലയിൽ നടത്തിയിട്ടുണ്ട്. കുടുംബശ്രീയുടെ സ്ത്രീ ശാക്തീകരണ പദ്ധതികൾ വഴി അംഗങ്ങൾക്ക് അറിവും ബോധവൽക്കരണവും വിദ്യാഭ്യാസവും നൽകി അവരെ ശക്തരാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. നഗര ഭവന പദ്ധതികൾ :

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.)യുടെ സംസ്ഥാന നിർവ്വഹണ ഏജൻസി കുടുംബശ്രീയാണ്.

7. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.ജി. കെ.വൈ.), ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം.) :

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന, ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം.) എന്നീ പദ്ധതികൾ കുടുംബശ്രീ മുഖേനയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

8. <u>നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻ.ആർ.ഒ.)</u> :

കേരളത്തിൽ കുടുംബശ്രീയിൽ പ്രവർത്തിക്കുന്ന മുതിർന്ന 120 പ്രവർത്തകരാണ് മാസ്റ്റർ പരിശീലകരായി വിവിധ സംസ്ഥാനങ്ങളിലെ അയൽക്കൂട്ടങ്ങൾക്ക് പരിശീലനം നൽകുന്നത്. സംസ്ഥാനത്ത് കുടുംബശ്രീയുടെ എല്ലാവിധ പ്രവർത്തനങ്ങളും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) 1. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നൂതന പദ്ധതികളുടെ സാദ്ധ്യത മനസ്സിലാക്കി മെട്രോ റെയിൽ, വിഴിഞ്ഞം കണ്ടെയ്നർ ടെർമിനൽ എന്നിവയിലേക്ക് തൽപ്പരരായ കുടുംബശ്രീ വനിതകളെയും കുടുംബാംഗങ്ങളെയും കണ്ടെത്തി വിവിധ മേഖലകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിന് കുടുംബശ്രീ ലക്ഷ്യമിടുന്നു.

2. എറണാകുളം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച കെട്ടിട നിർമ്മാണ ഗ്രൂപ്പിന്റെ മാതൃകയിൽ എല്ലാ ജില്ലകളിലും വനിതകളുടെ കെട്ടിട നിർമ്മാണ ഗ്രൂപ്പുകൾ ആരംഭിക്കുകയും തുടർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും കമ്മ്യൂണിറ്റി കോൺട്രാക്ടിംഗ് ഗ്രൂപ്പുകളാക്കി ഇവരെ മാറ്റുകയും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

3. തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട സ്ത്രീകൾക്ക് നൈപുണ്യ പരിശീലനം നൽകി അവരെ മറ്റു ഉപജീവന മാർഗ്ഗങ്ങളിലേക്ക് കൈപിടിച്ചുയർത്തുന്ന പദ്ധതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

4. ഐ.ആർ.സി.റ്റി.സി.-യുമായി യോജിച്ച് റെയിൽവേ കാറ്ററിംഗ് ഗ്രൂപ്പുകൾ, റെയിൽവേ പാർക്കിംഗ് എന്നിവ വിപുലപ്പെടുത്തി സംസ്ഥാനത്തെ പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ പ്രവർത്തന ക്ഷമമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ റെയിൽവേ ടിക്കറ്റ് കൗണ്ടറുകൾ എറണാകുളം മാതൃകയിൽ റീജിയണൽ ഹെഡ് കോട്ടേഴ്സിലേക്കും തുടർന്ന് സാദ്ധ്യതയുള്ള സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

5. ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർറ്റേക്കിംഗ് ഓഫ് ഇന്ത്യ (BPPI) നടപ്പിലാക്കുന്ന 'ജെൻ ഔഷധി' പദ്ധതിയുടെ സാദ്ധ്യത പരിഗണിച്ച് എല്ലാ സർക്കാർ/താലൂക്ക് ആശുപത്രികളിലും ജെൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുകയും അതുവഴി അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.

6. ടൂറിസം കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കുടുംബശ്രീ സുവനീർ ഷോപ്പുകളും പാർക്കിംഗ് സംവിധാനം, പൊതു ശൗചാലയങ്ങൾ എന്നിവയുടെ മാനേജ്മെന്റും കുടുംബശ്രീ തൊഴിൽ സംരംഭങ്ങളായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു.

7. പ്ലാസ്റ്റിക് നിരോധനത്തിന്റെ സാദ്ധ്യത പരിഗണിച്ച് തുണി/പേപ്പർ ബാഗുകളുടെ ഉൽപ്പാദനം കുടുംബശ്രീ അയൽ കൂട്ടങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുദ്ദേശിക്കുന്നു.

8. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് നഗര പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ (മലപ്പുറം മാതൃകയിൽ) വിവിധ ജില്ലകളിലെ സാദ്ധ്യതകൾ ആരാഞ്ഞ് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

9. വിഷവിമുക്ത പച്ചക്കറി ഉൽപ്പാദനം സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾക്കൊപ്പം എല്ലാ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും ഫ്ളാറ്റുകൾ, റെസിഡൻസ് അസോസിയേഷൻ എന്നിവയുമായി സഹകരിച്ച് മട്ടുപ്പാവിലും കൃഷി ആരംഭിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ സജ്ജമാക്കുന്നതിനും സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ സ്ഥലം കണ്ടെത്തി കൃഷി വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ ബാലസഭാ കുട്ടികളുടെ കൂട്ടായ്മയിൽ കൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യത പരിഗണിക്കുന്നതാണ്. ജൈവ കീടനാശിനി, ജൈവ വളം, വെർമി കംപോസ്റ്റ് എന്നിവ കുടുംബശ്രീ അയൽക്കൂട്ടം വഴി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യത കണ്ടെത്തും.

10. നിലവിൽ കുടുംബശ്രീ പ്രോത്സാഹിപ്പിച്ചുവരുന്ന കുടുംബശ്രീ ക്യാന്റീനുകൾ, ടാക്സി സർവ്വീസ്, സാന്ത്വനം എന്നീ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച വയോജന പരിപാലനം കുടുംബശ്രീ ക്രെഷ്, ഫിറ്റ്നസ്സ് സെന്റർ എന്നിവ നഗര പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ മുഴവൻ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസുകളിലും കുടുംബശ്രീ ഹൗസ്കീപ്പിംഗ്-ക്യാന്റീൻ സംവിധാനം ഒരുക്കുന്നതിന് പി.ഡബ്ല്യു.ഡി.-യുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നു.

11. മൃഗസംരക്ഷണ മേഖലയിൽ ഹോർമോൺ വിമുക്ത ബ്രോയിലർ ചിക്കൻ, മുട്ടക്കോഴി വളർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

12. കുടുംബശ്രീയുടെ നേതൃത്വത്തിൽ തെരുവുനായ നിയന്ത്രണത്തിനായി ബ്ലോക്ക് തലത്തിൽ മാനേജ്മെന്റ് യൂണിറ്റ് ആരംഭിക്കുകയും മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിലും സഹകരണത്തിലും പരിശീലനം നൽകി സംരംഭ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ദക്ഷിണാഫ്രിക്ക, എത്യോപ്യ എന്നീ വിദേശ രാജ്യങ്ങൾ കുടുംബശ്രീ പ്രവർത്തനങ്ങളിൽ താൽപ്പര്യം അറിയിച്ചിട്ടുണ്ട്.

## വകുപ്പുകളുടെ സംയോജനം

123 (3968) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്ത്, ഗ്രാമവികസന, നഗരവികസന വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് എന്ന പേരിൽ ഒറ്റ വകുപ്പായി മാറ്റുന്നതിന് സർക്കാർ നടപടികളാരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇങ്ങനെ ഒറ്റ വകുപ്പാക്കി മാറ്റുമ്പോൾ ഈ വകുപ്പുകളിൽ ഇപ്പോഴുള്ള ജീവനക്കാർക്ക് തങ്ങളുടെ സീനിയോറിറ്റിയും പ്രൊമോഷനൾപ്പെടെയുള്ള മറ്റ് സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. ഇതിനുള്ള കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പൊതു സർവ്വീസ് നിലവിൽ വരുമ്പോൾ വിവിധ വിഭാഗം ജീവനക്കാർക്ക് ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രായോഗിക പ്രശ്നങ്ങൾ, ഓരോ വിഭാഗത്തേയും എങ്ങനെ ബാധിക്കും തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് സർവ്വീസ് സംഘടനാ പ്രതിനിധികളുമായി കൂടിയാലോചിച്ച് കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## മാലിന്യം വലിച്ചെറിയുന്നതിനെതിരെ നടപടി

124 (3969) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിലും വഴിയോരങ്ങളിലും പൊതുസ്ഥലങ്ങളിലും അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നവർക്ക് പിഴയും ശിക്ഷയും നൽകുന്നതിന് എന്തെങ്കിലും നിയമം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഏത് വകുപ്പ് ഉദ്യോഗസ്ഥനാണ് നടപടി സ്വീകരിക്കേണ്ടതെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് 2015 ജനുവരി മുതൽ 2015 ഡിസംബർ 31 വരെയുള്ള കാലയളവിൽ അലക്ഷ്യമായി മാലിന്യം വലിച്ചെറിഞ്ഞ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 340-ാം വകുപ്പ് പ്രകാരം ഇത്തരത്തിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ തൽസമയം തന്നെ 250 രൂപയിൽ കവിയാത്ത പിഴശിക്ഷ ചുമത്താനും ടി ആക്ടിന്റെ പട്ടിക നാല് പ്രകാരം ടി കുറ്റത്തിന്, കുറ്റ സ്ഥാപനത്തിന്മേൽ 2,000 രൂപവരെ പിഴ ചുമത്തുന്നതിനും വ്യവസ്ഥയുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 എസ്- "മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജല സ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെ നിരോധനം" -പ്രകാരം ഇപ്രകാരമുള്ള കുറ്റം കോഗ്നൈസിബിളും ജാമ്യമില്ലാത്തതുമായിരിക്കുകയും ഈ കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിനുമേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തി അയ്യായിരം രൂപയിൽ കവിയാതെയുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 219 (യു) പ്രകാരം മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ പൊതു സ്ഥലത്തിലൂടെയോ പൊതുനിരത്തിലൂടെയോ കടത്തിക്കൊണ്ട് പോകുന്നതോ മാലിന്യം നിക്ഷേപിച്ച ശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായും സംശയിക്കാവുന്ന വാഹനത്തെ പഞ്ചായത്ത് സെക്രട്ടറിക്കോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ പിടിച്ചെടുക്കേണ്ടതും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിനുശേഷം ആധികാരികതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കാവുന്നതും വാഹനം കണ്ടുകെട്ടുന്ന സംഗതിയിൽ അത് ലേലം ചെയ്യുകയും തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുകയും ചെയ്യാവുന്നതാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**പുറമ്പോക്ക് ഭൂമിയിലെ താമസക്കാർ**

125 (3970) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന നിരവധി ആളുകൾക്ക് വീട്ട് നമ്പർ കിട്ടാത്തതു കൊണ്ട്, റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിഹാര നടപടി സ്വീകരിക്കുമോ ?

(ബി) ഇത്തരം വീടുകൾക്ക് വൈദ്യുതി കണക്ഷനും റേഷൻ കാർഡും ലഭിക്കുന്നതിനു വേണ്ടി താൽക്കാലികമായ വീട്ട് നമ്പർ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 4-8-2012-ലെ സ.ഉ.(എം.എസ്) നമ്പർ 211/2012/തസ്വഭവ ഉത്തരവുപ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത് രാജ് ആക്ട് 235 (എഎ), 235(ഡബ്ല്യൂ), കേരള മുനിസിപ്പൽ ആക്ട് 242, 406 എന്നീ വകുപ്പുകൾ അനുസരിച്ചുള്ള നടപടിക്രമങ്ങൾക്ക് വിധേയമായി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകാൻ അതാത് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 9-12-2015-ലെ സ.ഉ.(എം.എസ്) നമ്പർ 351/2015/ തസ്വഭവ ഉത്തരവുപ്രകാരം പ്രസ്തുത ആനുകൂല്യം 4-6-2012-നുശേഷം നിർമ്മാണം പൂർത്തിയാക്കിയ 100 ച. മീ. വരെയുള്ള വാസഗൃഹങ്ങൾക്കുകൂടി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉത്തരവായിട്ടുണ്ട്.

(ബി) 4-8-2012-ലെ സ.ഉ.(എം.എസ്) നമ്പർ 211/2012/തസ്വഭവ, 9-12-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 351/2015/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് 235 (എഎ), 235(ഡബ്ല്യൂ), കേരള മുനിസിപ്പൽ ആക്ട് 242, 406 എന്നീ വകുപ്പുകൾ അനുസരിച്ചുള്ള നടപടി ക്രമങ്ങൾക്ക് വിധേയമായി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകാൻ പഞ്ചായത്ത്/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി അധികൃതർക്ക് അധികാരം നൽകി ഉത്തരവായിട്ടുണ്ട്. അപ്രകാരമുള്ള നടപടികൾ ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർക്ക് സ്വീകരിക്കാവുന്നതാണ്.

## തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള ഓഫീസുകൾ

126 (3971) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഏതൊക്കെ ഓഫീസുകളാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ ഓഫീസുകളിൽ നിലവിൽ എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും ഇതിൽ എത്ര സ്ഥിര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) തസ്തിക സൃഷ്ടിക്കപ്പെടാതെ താല്ക്കാലിക/ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര പേരുണ്ടെന്നും ഇതിൽ വർഷങ്ങളായി ജോലി ചെയ്യുന്ന എത്ര പേരുണ്ടെന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) റിട്ടയർ ചെയ്തിട്ടും താല്ക്കാലിക/ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സ്ഥിരം ഒഴിവുകളിൽ വർഷങ്ങളായി താല്ക്കാലികമായി ജോലി ചെയ്തുവരുന്ന എത്ര പേരുണ്ടെന്നും ഏതൊക്കെ തസ്തികകയിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ബി)

| വകുപ്പ് | സൃഷ്ടിക്കപ്പെട്ട തസ്തികകൾ | നിയമനം നടത്തിയിട്ടുള്ള തസ്തികകൾ |
|---|---|---|
| പഞ്ചായത്ത് വകുപ്പ് | 593 | 590 |
| നഗരകാര്യ വകുപ്പ് | 133 | 128 |
| ഗ്രാമവികസന വകുപ്പ് | 176 | 166 |
| ചീഫ് എഞ്ചിനീയറുടെ ഓഫീസ് | 173 | 122 |
| ചീഫ് ടൗൺ പ്ലാനറുടെ ഓഫീസ് | 18 | 14 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി)

| വകുപ്പ് | താൽക്കാലിക/ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ | വർഷങ്ങളായി ജോലി ചെയ്യുന്നവർ |
|---|---|---|
| പഞ്ചായത്ത് വകുപ്പ് | 236 | അനുബന്ധം ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.* |
| നഗരകാര്യ വകുപ്പ് | 7 | ഡ്രൈവർ - 4 ഡാറ്റാ എൻട്രി ഓപ്പറേറ്റർ - 2 എൽ.ഡി.സി./ബി.സി.-1 |
| ഗ്രാമവികസന വകുപ്പ് | അനുബന്ധം ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.* | |
| ചീഫ്എഞ്ചിനീയറുടെ ഓഫീസ് | ഇല്ല | |
| ചീഫ് ടൗൺ പ്ലാനറുടെ ഓഫീസ് | പാർട്ട് ടൈം സ്വീപ്പർ തസ്തിക ഇല്ലാത്തതിനാൽ 1 കാഷ്വൽ സ്വീപ്പർ 2-7-2016 മുതൽ ജോലി ചെയ്തുവരുന്നു. | |

(ഡി)

| വകുപ്പ് | എണ്ണം |
|---|---|
| പഞ്ചായത്ത് വകുപ്പ് | ഇല്ല |
| നഗരകാര്യ വകുപ്പ് | 1 |
| ഗ്രാമവികസന വകുപ്പ് | ഇല്ല |
| ചീഫ് എഞ്ചിനീയറുടെ ഓഫീസ് | 1 |
| ചീഫ് ടൗൺ പ്ലാനറുടെ ഓഫീസ് | ഇല്ല |

(ഇ)

| വകുപ്പ് | എണ്ണം |
|---|---|
| പഞ്ചായത്ത് വകുപ്പ് | പാർട്ട് ടൈം സ്വീപ്പർ - 2 വാച്ച്മാൻ - 1 |
| നഗരകാര്യ വകുപ്പ് | എൽ.ഡി.സി./ബി.സി. - 2 |
| ഗ്രാമവികസന വകുപ്പ് | ഇല്ല |
| ചീഫ് എഞ്ചിനീയറുടെ ഓഫീസ് | ഇല്ല |
| ചീഫ് ടൗൺ പ്ലാനറുടെ ഓഫീസ് | ഇല്ല |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആന്റീറാബീസ് വാക്സിൻ

127 (3972) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നായ്ക്കളുടെ കടിയേറ്റവർക്ക് സർക്കാർ ആശുപത്രികളിൽ വാക്സിനുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

തെരുവുനായ്ക്കളുടെ കടിയേറ്റവർക്കുള്ള ആന്റീറാബീസ് വാക്സിൻ സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ലഭ്യമാണ്. ഗുരുതരമായി പരിക്കേറ്റവർക്കുള്ള ആന്റീ റാബീസ് സിറം എല്ലാ താലൂക്ക്/ജനറൽ/ജില്ലാ ആശുപത്രികളിലും ലഭ്യമാണ്.

## മുച്ചക്രവാഹന വിതരണം

128 (3973) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം വിതരണം ചെയ്യുന്നതിന് ഡ്രൈവിംഗ് ലൈസൻസ് നിർബന്ധമാക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) സ്വന്തമായി മുച്ചക്രവാഹനമുള്ളവർക്ക് മാത്രമേ ഡ്രൈവിംഗ് ലൈസൻസ് നൽകുകയുള്ളുവെന്ന മോട്ടോർ വാഹന വകുപ്പിന്റെ നിബന്ധന തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വാഹനം വിതരണം ചെയ്യുന്നതിന് മുമ്പ് തന്നെ ലൈസൻസ് നിർബന്ധമാക്കുന്നത് ഈ പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനും പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രത്യേകം രൂപകൽപ്പന ചെയ്ത ട്രൈസൈക്കിളുകൾ വാങ്ങി നൽകുന്നതിന് 11-1-2016-ലെ സ.ഉ. (എംഎസ്.) 4/2016/തസ്വഭവ നമ്പർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വാഹനം നൽകുന്നതിന് ഡ്രൈവിംഗ് ലൈസൻസ് നിർബന്ധമാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

(ബി) ഉണ്ട്.

(സി) നിലവിൽ വാഹനം നൽകുന്നതിന് മുൻകൂർ ലൈസൻസ് വേണമെന്ന നിബന്ധനയില്ല.

## പ്ലാസ്റ്റിക് മാലിന്യങ്ങൾ

129 (3974) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വർദ്ധിച്ചു വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനും സംസ്കരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

<u>ഉത്തരം</u>

2013-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ടിൽ പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും നിയന്ത്രണവും പ്ലാസ്റ്റിക് മാലിന്യം കൈകാര്യം ചെയ്യലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് പുതിയ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ-2016, 2016 മാർച്ച് 18-ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലനം സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തെ അടിസ്ഥാനപ്പെടുത്തി പ്ലാസ്റ്റിക് മാലിന്യ പരിപാലനം, നിയന്ത്രണം, മോണിറ്ററിംഗ്, പരിശീലനം, വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾക്കുവേണ്ട തുടർനടപടികളും സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. 15-2-2016-ലെ 82200/ഡി.സി.1/2014 സർക്കുലർ പ്രകാരം സർക്കാർ എല്ലാ തദ്ദേശഭരണ സ്ഥാപന തലത്തിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് റോഡ് ടാറിങ്ങിന് പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 30-6-2016-ലെ സ.ഉ. (സാധാ)നം. 2037/2016/തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. മുഖേന 100 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പത്ത് ശതമാനം വരുന്ന ടാറിംഗ് പ്രവൃത്തികൾക്കും ഷ്രെഡ്ഡു ചെയ്ത പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നു. 22-5-2015-ലെ സർക്കുലർ നമ്പർ 19254/ഡിസി1/2015/തസ്വഭവ പ്രകാരം സർക്കാർ ഗ്രാമ പ്രദേശങ്ങളിലെ അജൈവ മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടികളും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി പ്രവർത്തിപ്പിക്കേണ്ട ആവശ്യകതയും വ്യക്തമാക്കിയിട്ടുണ്ട്.

മാലിന്യം പരിമിതപ്പെടുത്തുന്നതിനായി Reduce-Reuse-Recycle എന്ന സന്ദേശം ജനങ്ങളിലെത്തിക്കുന്നതിന് വിവിധ മാധ്യമങ്ങളിലൂടെ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. കൂടാതെ 24-9-2016-ലെ 576/ഡിസി1/16/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് ചില കർശന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മുൻപറഞ്ഞ കാര്യങ്ങളിൽ നടപടികൾ പ്രധാനമായും മുനിസിപ്പൽ കോർപ്പറേഷനുകൾ, നഗരസഭകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവവഴി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്.

**ക്ഷേമ പെൻഷൻ വിതരണം**

130 (3975) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹികക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കെല്ലാം പെൻഷൻ വിതരണം നടത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനി ഏകദേശം എത്ര ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകാനുണ്ടെന്ന് അറിയിക്കുമോ;

(സി) പെൻഷൻ വിതരണം യഥാസമയം നടത്താൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പെൻഷൻ വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ യഥാസമയം പൂർത്തിയാക്കാൻ കഴിയാത്തത് എന്തുകൊണ്ട്?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും പെൻഷൻ വിതരണം നടത്തുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി & സി) ബാധകമല്ല.

(ഡി) പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് കുടുംബശ്രീ പ്രവർത്തകർ മുഖേന സർവ്വേ നടത്തിയിട്ടുണ്ട്. പ്രസ്തുത സർവ്വേ പൂർത്തിയായിട്ടുണ്ട്.

## സാമൂഹ്യക്ഷേമ പെൻഷനുകൾ

131 (T*3976) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യക്ഷേമ പെൻഷനുകൾ നൽകുന്നതിനായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാർ അധികാരം ഒഴിയുമ്പോൾ ഓരോ ക്ഷേമ പെൻഷനുകളിലും എത്ര മാസത്തെ കുടിശ്ശിക ഉണ്ടായിരുന്നു ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന അനുവദിക്കുന്ന സാമൂഹ്യ ക്ഷേമ പെൻഷനുകൾ നൽകുന്നതിനായി 2741.48 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | വിതരണം ചെയ്ത തുക (കോടി രൂപ) |
|---|---|
| തിരുവനന്തപുരം | 267.41 |
| കൊല്ലം | 232.68 |
| പത്തനംതിട്ട | 100.15 |
| ആലപ്പുഴ | 201.24 |
| കോട്ടയം | 137.05 |
| ഇടുക്കി | 84.2 |
| എറണാകുളം | 238.3 |
| തൃശ്ശൂർ | 272.24 |
| പാലക്കാട് | 256.70 |
| മലപ്പുറം | 291.40 |
| കോഴിക്കോട് | 254.56 |
| വയനാട് | 62.62 |
| കണ്ണൂർ | 239.13 |
| കാസർഗോഡ് | 103.8 |

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) കഴിഞ്ഞ സർക്കാർ അധികാരം ഒഴിയുമ്പോൾ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വ്യത്യസ്ത കാലയളവിലെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു. പൊതുവിൽ ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളിലും 2014 ഒക്ടോബർ മുതൽ 2015 ജനുവരി വരെ കുടിശ്ശികയുണ്ടായിരുന്നു.

### മുനിസിപ്പൽ ജീവനക്കാരുടെ വിന്യാസം

132 (3977) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ ഇപ്പോഴും പഞ്ചായത്ത് വകുപ്പിന് കീഴിലുള്ള ജീവനക്കാരാണ് ജോലി ചെയ്യുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുനിസിപ്പൽ ജീവനക്കാരുടെ വിന്യാസം നടത്തുന്നതിൽ നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നഗരസഭാ ജീവനക്കാരുടെ വിന്യാസം നടത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

### ജനകീയാസൂത്രണം രണ്ടാംഘട്ടം

133 (3978) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനകീയാസൂത്രണം രണ്ടാംഘട്ടം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് നടപ്പാക്കുന്നതിന് ഏതെല്ലാം മേഖലകളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു;

(സി) ഇതിനായി പദ്ധതികൾക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നീർത്തടാധിഷ്ഠിത പ്രകൃതി വിഭവ പരിപാലനം, സമ്പൂർണ്ണ ശുചിത്വം ജൈവ പച്ചക്കറി തുടങ്ങിയ മേഖലകൾ.

(സി) ജനീയാസൂത്രണം രണ്ടാംഘട്ടം നടപ്പാക്കുന്നതിന്റെ പ്രാഥമിക ചർച്ചകൾ നടന്നുവരികയാണ്.

**അനധികൃത നിർമ്മിതികൾ**

134 (3979) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനനഗരിയിലെ പത്മനാഭസ്വാമിക്ഷേത്ര കോമ്പൗണ്ടിൽനിന്നും നൂറുമീറ്റർ വരെ വരുന്ന പരിധിയിലുള്ള അനധികൃത നിർമ്മിതികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) ഈ പരിധിക്കുള്ളിൽ ഗോഡൗണുകൾക്കും കച്ചവട സ്ഥാപനങ്ങൾക്കും തിരുവനന്തപുരം കോർപ്പറേഷൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണെന്ന വിശദവിവരം നൽകാമോ;

(സി) ഇത്തരം സ്ഥാപനങ്ങൾ അനധികൃതമായി ഈ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ക്ഷേത്ര സുരക്ഷയെ കരുതി ഇക്കാര്യത്തിൽ സംയുക്ത പരിശോധന നടത്താൻ ഒരു ടീമിനെ നിയോഗിക്കുമോ?

ഉത്തരം

(എ) ഉണ്ട്. രാജധാനി ഗ്രൂപ്പുകാരുടെ സ്ഥലം കയ്യേറ്റവും അനധികൃത നിർമ്മാണവും പാത്രക്കുളവും സമീപസ്ഥലങ്ങളും കയ്യേറിയുള്ള അനധികൃത നിർമ്മാണവും, ആറ്റുകാൽ ഷോപ്പിംഗ് കോംപ്ലക്സിലെ അനധികൃത നിർമ്മിതിയുടെ സ്ഥലം കയ്യേറ്റവും, കരിമ്പനാൽ ആർക്കേഡ്, ലൂസിയ ഹോട്ടൽ എന്നിവയുടെ കയ്യേറ്റവും ദോഷകരമായ പ്രവർത്തനങ്ങളും, പൈതൃക മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ ട്രഷറി കെട്ടിട നിർമ്മാണം, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് വകുപ്പിലെ അനധികൃത ബഹുനില കെട്ടിട നിർമ്മാണം, അറ്റ്ലസ് ജ്വവലറി ബഹുനില കെട്ടിടം, രാമചന്ദ്രൻ ടെക്സ്റ്റൈൽസ് കെട്ടിടങ്ങൾക്ക് മുകളിലായി അനുബന്ധമായി നടത്തിയിട്ടുള്ള നിർമ്മാണം, ഗവൺമെന്റ് ഹോമിയോ കോളേജ് വളപ്പിലെ അനധികൃത നിർമ്മാണം, പഴവങ്ങാടി മുതൽ അട്ടക്കുളങ്ങര വരെയുള്ള അനധികൃത നിർമ്മാണം, വാസുദേവ വിലാസം, മഹാചിപ്സ് എന്നിവയുടെ മുകളിൽ നടത്തിയിരിക്കുന്ന നിർമ്മാണം, കിഴക്കേക്കോട്ട മെയിൻ ഗേറ്റുവഴി പ്രവേശിക്കുന്നതിന് ഇടതുഭാഗത്തായി പ്രവർത്തിക്കുന്ന ബങ്കുകടകൾ, സൗഭാഗ്യ ബിൽഡിംഗിന് മുകളിലുള്ള മൊബൈൽ ടവർ എന്നീ അനധികൃത നിർമ്മാണങ്ങൾക്കെതിരെ പ്രൊവിഷണൽ ഓർഡർ നൽകുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ഉദ്ദേശം 100 മീറ്റർ ചുറ്റളവിൽ പ്രവർത്തിക്കുന്ന 5 ഗോഡൗണുകൾക്കും 330 കച്ചവട സ്ഥാപനങ്ങൾക്കും കച്ചവട ലൈസൻസ് നൽകിയിട്ടുള്ളതാണ് (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അനധികൃത നിർമ്മിതികൾ കണ്ടെത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നേതൃത്വത്തിൽ വിജിലൻസ് വിംഗ് പ്രവർത്തിക്കുന്നുണ്ട്.

## പാർക്കിംഗ് സൗകര്യം

135 (T*3980) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ഏതൊക്കെ റോഡുകളാണ് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി മാതൃകാ റോഡുകളാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പാർക്കിംഗ് ഫീസിനത്തിൽ സെപ്റ്റംബർ മുപ്പത് വരെ എത്ര തുക പിരിഞ്ഞ് കിട്ടിയിട്ടുണ്ട്; ഓരോ തരം വാഹനങ്ങളുടെ പാർക്കിംഗ് ഫീസും അനുവദിക്കപ്പെട്ട സമയവും വിശദമാക്കുമോ;

(സി) ഏതൊക്കെ വാഹനങ്ങളെയാണ് പാർക്കിംഗ് ഫീസ് നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് ;

(ഡി) സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പാർക്ക് ചെയ്യുന്നതിൽ ഏറെയും ഇത്തരം വാഹനങ്ങളാകുമ്പോൾ വരുമാനത്തിൽ ഉണ്ടാകുന്ന ഭീമമായ നഷ്ടം നികത്തുന്നത് ഏത് വിധത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## അക്രമകാരികളായ നായ്ക്കൾ

136 (3981) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തെരുവുനായ്ക്കൾ ഉണ്ടാകും എന്നാണ് കണക്കാക്കിട്ടുള്ളത്; ഇവയുടെ ആൺ-പെൺ തിരിച്ച കണക്ക് ലഭ്യമാണോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) അക്രമകാരികളായ നായ്ക്കളെ വന്ധ്യീകരിക്കുന്നതിനായിട്ടുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(സി) അക്രമകാരികളായ നായ്ക്കളെ പ്രത്യേക ഷെൽട്ടറുകളിൽ പാർപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച ഏതെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം എന്താണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2,68,944 തെരുവുനായ്ക്കളുള്ളതായി മൃഗസംരക്ഷണ വകുപ്പിന്റെ 2012-ലെ സെൻസസ് വ്യക്തമാക്കുന്നു. എന്നാൽ നിലവിൽ തെരുവു നായ്ക്കളുടെ എണ്ണം 3,00,332 ആയി വർദ്ധിപ്പിട്ടുള്ളതായി മൃഗസംരക്ഷണ വകുപ്പിൽ നിന്ന് ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നു. തെരുവുനായ്ക്കളുടെ ആൺ-പെൺ തിരിച്ച കണക്ക് ലഭ്യമായിട്ടില്ല.

(ബി) തെരുവുനായ ശല്യം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങളിലെ ചട്ടം 4 അനുശാസിക്കുംപ്രകാരമുള്ള ഗ്രാമപഞ്ചായത്തുതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.
2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/തനതുഫണ്ട് ഉപയോഗിച്ച് ആവിഷ്കരിക്കുക.
3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.
4. പരിചയസമ്പന്നരായ പട്ടിപിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.
5. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൻ വകുപ്പുകളുടെ ലംഘനമായതിനാൽ അത്തരം പ്രവർത്തികൾ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

6. മൃഗസംരക്ഷണ സംഘാടകർ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുക.

7. 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിന് മതിയായ പരസ്യം നൽകി നടപടി ഉറപ്പുവരുത്തുക.

   ഇതുസംബന്ധിച്ച് നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

(സി) സർക്കാരിന്റെ 27-8-2016-ലെ 45151/ആർ.സി.3/2014/ എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ പ്രകാരം തെരുവുനായ്ക്കളുടെ ആക്രമണം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് താൽപ്പര്യമുള്ള മൃഗക്ഷേമ സംഘടനകളുടെ സഹകരണത്തോടെ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിനു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിലേക്കായി അവയെ വന്ധ്യംകരിക്കുന്നതിന് പാലക്കാട് ജില്ലാ പഞ്ചായത്ത് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് മാതൃകയാക്കി സംസ്ഥാനതലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ആയതു പ്രകാരം 834 തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി രൂപീകരിക്കുകയും 88,86,354 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള പുരോഗതി എല്ലാ ആഴ്ചയിലും വിലയിരുത്തുന്നുണ്ട്.

## കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നത്

137 (3982) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതു സംബന്ധിച്ച് ധാരാളം പരാതികൾ ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാടക നിയന്ത്രണ നിയമത്തിന്റെ വ്യവസ്ഥകൾ തെറ്റിച്ച് മുനിസിപ്പൽ സെക്രട്ടറിമാരും ഉദ്യാഗസ്ഥരും ക്രമവിരുദ്ധമായി നടത്തുന്ന ഇടപാടുകൾ ഗൗരവമായി കാണുമോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കരാർ വയ്ക്കാത്ത കടമുറിക്ക് വാടക നൽകണമെന്ന നഗരസഭാ സെക്രട്ടറിയുടെ അഭിപ്രായത്തോട് സർക്കാർ യോജിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച് വന്ന പരാതി (786918/16/MLSGD) പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധമായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗൗരവമായി കാണുന്നുണ്ട്. വാടക നിയന്ത്രണ നിയമത്തിന്റെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് നഗരസഭാ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇതുസംബന്ധിച്ച് വന്ന പരാതി (786918/16/എം.ത.സ്വ.ഭ.വ.) നഗരകാര്യ ഡയറക്ടർ പരിശോധിക്കുകയും ടി അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ആലപ്പുഴ നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**ഭവനനിർമ്മാണ പദ്ധതികൾക്ക് തുക ലഭ്യമാക്കൽ**

138 (3983) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവനപദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് എത്രയാണെന്നും, ഇതിന്റെ മുൻകാലപ്രാബല്യം എന്ന് മുതലാണെന്നും വ്യക്തമാക്കുമോ;

(ബി) എം.എൻ. ലക്ഷം വീട് ഗുണഭോക്താക്കൾക്കും ഈ മുൻകാലപ്രാബല്യം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) ഇ.എം.എസ്. ഭവനപദ്ധതിയിൽ മേൽക്കൂരവരെ പൂർത്തിയാക്കിയവർക്ക് അവസാനഗഡു നൽകുവാനുള്ള ഉത്തരവ് എം.എൻ. ലക്ഷം വീട് ഗുണഭോക്താക്കൾക്കും ബാധകമാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എം.എൻ. ലക്ഷം വീട് ഗുണഭോക്താക്കൾക്കു കൂടി ആയത് ബാധകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽനിന്നും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് യൂണിറ്റ് കോസ്റ്റ് ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 2,00,000 (രണ്ടു ലക്ഷം) രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2,50,000 (രണ്ടു ലക്ഷത്തി അൻപതിനായിരം) രൂപയായും വർദ്ധിപ്പിച്ച് 15-9-2011 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്.

(ബി) ഇല്ല; ഇപ്പോൾ പരിഗണനയിലില്ല.

(സി) 2016-17 വാർഷിക പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖപ്രകാരം മേൽക്കൂര നിർമ്മിച്ച് മുഴുവൻ നിർമ്മാണവും പൂർത്തിയാക്കിയാൽ അവസാന ഗഡു തുക അനുവദിക്കാവുന്നതാണെന്നുള്ള വ്യവസ്ഥ ഇ.എം.എസ്. ഭവനപദ്ധതി ഗുണഭോക്താക്കൾക്കു പുറമേ എം.എൻ. ലക്ഷം വീട് ഭവനപദ്ധതി ഗുണഭോക്താക്കൾക്കും ബാധകമാക്കിയിട്ടുണ്ട്.

(ഡി) ബാധകമല്ല.

**ശൗചാലയങ്ങളുടെ കുറവ്**

139 (3984) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരപരിധിയിൽ പൊതു ശൗചാലയങ്ങളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കരുനാഗപ്പള്ളി നഗരത്തിൽ സ്ത്രീ സൗഹൃദ ശൗചാലയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) വിവിധ ആവശ്യങ്ങൾക്കായി കരുനാഗപ്പള്ളിയിൽ എത്തുന്നവർക്ക് ഉപകാരപ്രദമായ രീതിയിൽ ഹൈടെക് ശൗചാലയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്ത്രീ സൗഹൃദ ശൗചാലയങ്ങൾ സ്ഥാപിക്കുന്നതിന് നഗരസഭ ശ്രമം ആരംഭിച്ചിട്ടുണ്ട്.

(സി) കരുനാഗപ്പള്ളി നഗരസഭ പരിധിയിൽ ഹൈടെക് ടോയ്‌ലെറ്റ് വിഭാഗത്തിൽ ഇ-ടോയ്‌ലെറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പുതിയ ഹൈടെക് ശൗചാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

## പ്രോജക്ടുകൾ സമർപ്പിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ

140 (3985) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; ഓരോ സ്ഥാപനത്തിലും ഉള്ള തസ്തികകളുടെ എണ്ണവും തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണെങ്കിൽ എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) വാർഷിക പദ്ധതികൾക്ക് അംഗീകാരം നേടാനുള്ള സമയപരിധി അവസാനിച്ചപ്പോൾ പ്രോജക്ടുകൾ സമർപ്പിക്കാത്ത എത്ര തദ്ദേശഭരണ സ്ഥാപനങ്ങൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(സി) പ്രോജക്ടുകൾ സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണ്;

(ഡി) പല തദ്ദേശഭരണസ്ഥാപനങ്ങളിലും ആവശ്യത്തിനു ഉദ്യോഗസ്ഥരില്ലാത്തതാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നത് വൈകാൻ ഇടയാക്കിയതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള പ്രതിവിധികളാണുദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും 87 മുനിസിപ്പാലിറ്റികളും 6 കോർപ്പറേഷനുകളുമുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു.* തസ്തികകളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും തിരുവനന്തപുരം ഒഴികെയുള്ള മറ്റ് 13 ജില്ലാ പഞ്ചായത്തുകളും നിശ്ചിത സമയപരിധിക്കുള്ളിൽ പദ്ധതി സമർപ്പിക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ പദ്ധതിക്ക് അംഗീകാരം ലഭിക്കാത്ത 5 കോർപ്പറേഷനുകളും 18 മുനിസിപ്പാലിറ്റികളുമുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 9-9-2016-നുശേഷം 30-9-2016-നുമ്പായി വാർഷിക പദ്ധതി ഡി.പി.സി.-ക്ക് അംഗീകാരത്തിന് സമർപ്പിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും 5% തുകയും 30-9-2016-നുശേഷം പദ്ധതി സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്നും 10% തുകയും കുറവു ചെയ്യുന്നതിന് 7-9-2016-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ട്.

(ഡി) ജീവനക്കാരുടെ കുറവ് ഒരു പരിധിവരെ പദ്ധതികൾ തയ്യാറാക്കുന്നത് വൈകാൻ കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വികസനത്തിന് ആവിഷ്കരിച്ച പദ്ധതികൾ**

141 (3986) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളുടെയും, ഗ്രാമപഞ്ചായത്തുകളുടെയും പശ്ചാത്തല സൗകര്യ വികസനത്തിന് ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ നഗരസഭകളായ പയ്യോളി, കൊയിലാണ്ടി എന്നിവയുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികൾ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പശ്ചാത്തലമേഖലാ വികസനത്തിന് വാർഷിക പദ്ധതിയിൽ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നുണ്ട്. ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടുപയോഗിച്ച് ഗ്രാമപഞ്ചായത്തുകൾക്കു തന്നെ പശ്ചാത്തല സൗകര്യ വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

(ബി) കൊയിലാണ്ടി നഗരസഭയിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പയ്യോളി നഗരസഭയിൽ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ്* ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കുന്ന നടപടി

142 (3987) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള മുനിസിപ്പാലിറ്റികളുടെ എണ്ണമെത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി മുനിസിപ്പാലിറ്റികളാക്കാനുദ്ദേശിക്കുന്ന പഞ്ചായത്തുകൾ ഏതൊക്കെയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനം ചെയ്യുന്നതിന് പ്രധാന മാനദണ്ഡങ്ങളായി സാധാരണ നിലയിൽ പരിഗണിക്കുന്നത് ആ പ്രദേശത്തെ ജനസംഖ്യ, ജനസാന്ദ്രത, വരുമാനം, കാർഷികേതര പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ നിരക്ക് എന്നിവയാണ്. കൂടാതെ 27-11-2014-ലെ സ.ഉ.(സാധാ) നമ്പർ 3113/2014/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു പ്രദേശത്തെ വികസന സാദ്ധ്യതകൾ, പുതിയ തുറമുഖം, റയിൽവേ, എയർപോർട്ട് എന്നീ പദ്ധതികൾ, ഇൻഡസ്ട്രിയൽ ഏരിയ, ഐ.ടി. ഹബ് തുടങ്ങിയവ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ്, നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ, നിലവിലുള്ളതും ഭാവിയിൽ പ്രതീക്ഷിക്കാവുന്നതുമായ വരുമാന സ്രോതസ്സുകൾ, സാറ്റലൈറ്റ് ടൗണായി വികസിപ്പിക്കാൻ സാദ്ധ്യതയുള്ള പ്രദേശം, ശാസ്ത്രീയമായ വികസന സാദ്ധ്യതകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവയുടെ സാന്നിദ്ധ്യം, പ്രദേശങ്ങൾ തമ്മിലുള്ള കണക്ടിവിറ്റി, നഗരത്തിൽ നിന്നും നേരിട്ടല്ലാതെ കിടക്കുന്ന പ്രദേശങ്ങൾ, നഗരസഭയാക്കി മാറ്റിയാൽ കേന്ദ്രസർക്കാരിൽ നിന്നും എ.ഡി.ബി. പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം കിട്ടുന്നതിനുള്ള സാദ്ധ്യതകൾ എന്നിവകൂടി മാനദണ്ഡങ്ങളായി കണക്കാക്കുന്നുണ്ട്.

(ബി) 87 മുനിസിപ്പാലിറ്റികൾ.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

143 (3988) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് ഗവൺമെന്റ് കമ്മറ്റിയെ നിയോഗിച്ചിരുന്നുവോ; ഉണ്ടെങ്കിൽ കമ്മറ്റിയിലെ അംഗങ്ങൾ ആരൊക്കെയായിരുന്നു; ഈ കാര്യത്തിൽ ഗവൺമെന്റ് എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

ഇൻഫർമേഷൻ കേരള മിഷൻ എന്ന സ്ഥാപനത്തിന്റെ ഘടനയും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും ജീവനക്കാരെ ഏറ്റെടുക്കുന്നതും സംബന്ധിച്ച് പഠിക്കുന്നതിനായി 13-10-2015-ലെ സ.ഉ.(സാധാ) നമ്പർ 3116/ 2015/തസ്വഭവ നമ്പർ ഉത്തരവുപ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ശ്രീ. എസ്. ദിവാകരൻ പിള്ള ചെയർമാനും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. സി. പി. സുരേഷ് കുമാർ കൺവീനറും നാഷണൽ സെന്റർ ഫോർ എർത്ത് സയൻസസ് സ്റ്റഡീസിലെ സയന്റിസ്റ്റും ഇൻഫർമേഷൻ കേരള മിഷൻ മുൻ എക്സിക്യൂട്ടീവ് ഡയറക്ടറുമായ ശ്രീ. എം. ഷംസുദ്ദീൻ മെമ്പറുമായി ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ഇപ്പോൾ ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്.

## കോമൺ സർവ്വീസായി സംയോജിപ്പിക്കുന്ന നടപടി

144 (3989) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ തസ്തികകളെ കോമൺ സർവ്വീസായി സംയോജിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത് പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത്; വിവരിക്കുമോ ;

(സി) തദ്ദേശസ്വയംഭരണ വകുപ്പിലെ ഇപ്പോഴുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന് എന്തെല്ലാം മാറ്റങ്ങളാണ് ഇതനുസരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ തസ്തികകളെ കോമൺ സർവ്വീസായി സംയോജിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. ഇതിനുള്ള കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. പൊതു സർവ്വീസ് നിലവിൽ വരുമ്പോൾ വിവിധ വിഭാഗം ജീവനക്കാർക്കുണ്ടാകാൻ സാദ്ധ്യതയുള്ള പ്രായോഗിക പ്രശ്നങ്ങൾ ഓരോ വിഭാഗത്തേയും എങ്ങനെ ബാധിക്കും തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് സർവ്വീസ് സംഘടനാ പ്രതിനിധികളുമായി കൂടിയാലോചിച്ച് കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**ഉദ്യോഗസ്ഥ അഴിമതി**

145 (3990) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ അഴിമതി അറിയിക്കുവാൻ ജനങ്ങൾക്ക് എന്തെങ്കിലും സംവിധാനം ഒരുക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിൽ അനാവശ്യമായ കാലതാമസം വരുത്തി അഴിമതിക്ക് കളമൊരുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം അഴിമതികൾ അവസാനിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ അഴിമതി സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് സർക്കാർ/ സ്ഥാപനമേധാവി/ വകുപ്പുമേധാവി/വിജിലൻസ് എന്നിവരെ അറിയിക്കാവുന്നതാണ്. കൂടാതെ വിവരാവകാശ നിയമപ്രകാരവും വിവരം ശേഖരിക്കാവുന്നതാണ്.

(ബി) ഉണ്ട്.

(സി) ഇത്തരം അഴിമതികൾ അവസാനിപ്പിക്കുവാൻവേണ്ടി അനാവശ്യമായി കാലതാമസം വരുത്തുന്ന ഫയലുകൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ

മാസവും മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറും ചീഫ് എഞ്ചിനീയറും റിവ്യൂ മീറ്റിംഗ് നടത്തി നടപടി സ്വീകരിക്കുന്നുണ്ട്. സർക്കാർ തലത്തിൽ ഫയൽ അദാലത്ത് നടത്തി കാലതാമസം വരുത്തുന്ന ഫയലുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചു വരുന്നു. കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ നിലവിൽ ഓൺലൈൻ മുഖാന്തരമാണ് സ്വീകരിച്ചുവരുന്നത്. ഓൺലൈൻ സംവിധാനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ഓഫീസുകളിലെ അഴിമതി

146 (3991) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിൽ അഴിമതിയുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിപത്ത് ഇല്ലായ്മ ചെയ്യാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പൊതുജനങ്ങൾക്ക് പരാതികളും അഴിമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഇപ്പോഴുള്ള മാർഗ്ഗങ്ങളും സംവിധാനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഈ സംവിധാനങ്ങൾക്ക് കൂടുതൽ പ്രായോഗികത വരുത്താൻ നടപടികൾ സ്വീകരിക്കുമോ;

(സി) സർട്ടിഫിക്കറ്റുകൾക്കും മറ്റാവശ്യങ്ങൾക്കുമായി ജനങ്ങൾ അകാരണമായി പലവട്ടം ഓഫീസുകൾ കയറിയിറങ്ങേണ്ട സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ എന്നും പ്രതിവിധികൾ എന്തൊക്കെ യാണെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിന് സേവനാവകാശ നിയമം നിലവിലുണ്ട്. സേവനം യഥാസമയം ലഭിക്കാത്തത് സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ, പൊതുജനങ്ങൾക്ക് അഴിമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരാനും തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങളിൽ അതൃപ്തി ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുംവേണ്ടിയുള്ള Online Public Grievance Redressal Module സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സേവനം യഥാസമയം ലഭിക്കാത്തത് സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നുണ്ട്.

**പൊതു സർവ്വീസ്**

147 (3992) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചത് നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇവയോടനുബന്ധിച്ച് എത്ര പോസ്റ്റുകൾ നിലവിൽ വന്നു; ഇവയുടെ പ്രൊമോഷൻ പോസ്റ്റുകൾ നികത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) പുതുതായി രൂപീകരിച്ച നഗരസഭകളിൽ ഇപ്പോൾ ജോലിചെയ്യുന്ന പഞ്ചായത്ത് ജീവനക്കാരെ അവരവരുടെ മാതൃവകുപ്പുകളിൽ തിരികെ അയയ്ക്കുമോ; ഇതുസംബന്ധിച്ച് ഉണ്ടായിരിക്കുന്ന അവ്യക്തത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നഗരസഭാ ജീവനക്കാരെ പുതുതായി രൂപീകൃതമായ നഗരസഭകളിൽ എന്നേക്കു വിന്യസിക്കും എന്നറിയിക്കാമോ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ പൊതു സർവ്വീസ് എന്ന ആശയം അംഗീകരിച്ചിട്ടുണ്ടോ; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ; ഇതു സംബന്ധിച്ചുണ്ടായിട്ടുള്ള കാലതാമസം എന്തെന്ന് അറിയിക്കാമോ; പൊതുസർവ്വീസ് എന്നേക്ക് നിലവിൽ വരും എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇവയോടനുബന്ധിച്ച് 1317 പോസ്റ്റുകൾ നിലവിൽ വന്നു. എല്ലാ തസ്തികകളുടെയും പ്രൊമോഷൻ പോസ്റ്റുകൾ നികത്തിയിട്ടില്ല. സൃഷ്ടിച്ച തസ്തികകൾ നടപ്പിൽ വരുത്തുന്നതിനും പ്രൊമോഷൻ പോസ്റ്റുകൾ നികത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. പൊതു സർവ്വീസ് നിലവിൽ വരുമ്പോൾ വിവിധ വിഭാഗം ജീവനക്കാർക്ക് ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രായോഗിക പ്രശ്നങ്ങൾ, ഓരോ വിഭാഗത്തേയും എങ്ങനെ ബാധിക്കും തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് സർവ്വീസ് സംഘടനാ പ്രതിനിധികളുമായി കൂടിയാലോചിച്ച് അനോമലി പരമാവധി ഒഴിവാക്കിക്കൊണ്ടുള്ള കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചു.

## പെർഫോമൻസ് ഓഡിറ്റ്

148 (3993) ശ്രീ. പി. ഉണ്ണി :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും സേവനങ്ങളും ചുമതലകളും സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ പെർഫോർമൻസ് ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെ ഏതെല്ലാം ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏതെല്ലാം വർഷങ്ങളിലെ പെർഫോർമൻസ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ കേരള പഞ്ചായത്ത് രാജ് ആക്ടിൻപ്രകാരമോ അതുപ്രകാരമുള്ള ചട്ടങ്ങളിലെയോ ബൈലകളിലെയോ റഗുലേഷനുകളിലെയോ വ്യവസ്ഥകളനുസരിച്ച് നിക്ഷിപ്തമാക്കിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് പ്രസിഡന്റോ സെക്രട്ടറിയോ നൽകിയ നോട്ടീസിനോ പാസ്സാക്കിയ ഉത്തരവിനോ എടുത്ത നടപടിക്കോ എതിരെ പഞ്ചായത്തിൽ അപ്പീൽ നൽകാവുന്നതാണെന്ന് (235 ഐ, ജെ, എൻ, ഡബ്ല്യു, എക്സ് എന്നീ വകുപ്പുകളൊഴികെ) കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 276-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഒരു പബ്ലിക് സെർവന്റിന്റെയോ ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെയോ അഴിമതിയോ ദുർഭരണമോ ആരോപിച്ചുള്ള പരാതികൾ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജി പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാനിൽ സമർപ്പിക്കാവുന്നതാണ്.

(ബി) സർക്കാരിന്റെ 8-6-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 188/2015/ തസ്വഭവ പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) പഞ്ചായത്ത് വകുപ്പിൽ നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കഴിഞ്ഞ ഒരു വർഷമായി പെർഫോമൻസ് ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റും പ്രവർത്തിക്കുന്നതിന് പ്രത്യേകം ഓഫീസ് സംവിധാനവും ഇന്റർനെറ്റ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. കേരള വികസന പദ്ധതിയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായി വിവിധ മേഖലകളിലുള്ള മുനിസിപ്പാലിറ്റികളുടെ പ്രവർത്തനങ്ങളുടെ പുരോഗതി മൂന്ന് മേഖലാ ജോയിന്റ് ഡയറക്ടർമാർ (കൊല്ലം, കൊച്ചി, കോഴിക്കോട്) പ്രതിമാസ അവലോകനം നടത്തുകയും 6 മാസത്തിലൊരിക്കൽ പെർഫോമൻസ് ഓഡിറ്റിന് വിധേയമാക്കുകയും ചെയ്യുന്നു. പ്രസ്തുത ഘട്ടത്തിൽ നഗരസഭകളിലെ ഏതെങ്കിലും പ്രവർത്തനത്തെപ്പറ്റിയോ പദ്ധതിയെപ്പറ്റിയോ ആക്ഷേപമുള്ളവർക്ക് ഓഡിറ്റ് വിഭാഗത്തിന് മുമ്പാകെ നേരിട്ട് ഹാജരായി പരാതികൾക്ക് പരിഹാരം കാണുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

മുനിസിപ്പൽ കോർപ്പറേഷനുകളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിനായി സർക്കാർ നേരിട്ട് മൂന്ന് റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ടി ഓഫീസർമാരുടെ നേതൃത്വത്തിലാണ് കോർപ്പറേഷനുകളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നത്. പെർഫോമൻസ് ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വിളിച്ചുചേർക്കുകയും വ്യക്തമായ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സമയാസമയങ്ങളിൽ പെർഫോമൻസ് ഓഡിറ്റ് ഉദ്യോഗസ്ഥർക്ക് കിലയിൽ (KILA-Kerala Institute of Local Administration) വച്ച് പരിശീലനം നൽകുന്നുണ്ട്.

(സി) പഞ്ചായത്ത് വകുപ്പിലെ 941 ഗ്രാമ പഞ്ചായത്തുകളിലും 2016 ആഗസ്റ്റ് മാസം വരെയുള്ള പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പൂർത്തിയാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലും സമയബന്ധിതമായി ഓഡിറ്റ് നടത്തുന്നുണ്ട്.

## നിയമാനുസരണമല്ലാതെ പ്രവർത്തിക്കുന്ന കെട്ടിടം

149 (3994) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ചെറായി പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ നിയമാനുസരണമല്ലാതെ പണിതിട്ടുള്ള ഒരു കെട്ടിടം പൊളിക്കുന്നതിനു വേണ്ടി 'ടി 'പഞ്ചായത്തിൽ നിന്നും B 11092/15 KPBR 2011CRZ എന്ന നമ്പറിൽ ഉത്തരവ് ഇറക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എങ്കിൽ ഈ കെട്ടിടം പൊളിച്ചുമാറ്റിയിട്ടുണ്ടോ; ഇല്ലെങ്കിൽ പൊളിച്ചു മാറ്റാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ അരൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മലബാർ പാലസ് എന്ന ഹോട്ടലിന്റെ പ്രവർത്തനം നിർത്തിവയ്ക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല. ബഹുമാനപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന്റെ 26-7-2016-ലെ ഉത്തരവ് നമ്പർ 1038/2015 പ്രകാരം ബി 11092/2015 നമ്പർ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ ഉത്തരവുപ്രകാരം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ വിഷയത്തിൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. അത് ലഭ്യമാക്കിയശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

**സർട്ടിഫിക്കറ്റുകൾ മലയാളത്തിൽ**

150 (3995) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും അനുവദിക്കുന്ന വിവിധ തരം സർട്ടിഫിക്കറ്റുകൾ നിലവിൽ ഇംഗ്ലീഷിലും മലയാളത്തിലും നല്കുന്നുണ്ട് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർട്ടിഫിക്കറ്റുകളെല്ലാം മലയാളത്തിൽ നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകളിൽനിന്നും നഗരസഭകളിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ മലയാളത്തിൽ നൽകുന്നതിന് ബന്ധപ്പെട്ട തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**നിലത്തെഴുത്താശാൻമാരുടെ ഗ്രാന്റ് തുക**

151 (3996) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് നിലത്തെഴുത്താശാൻമാർക്ക് പ്രതിമാസം ഗ്രാന്റായി നൽകി വരുന്ന 500 രൂപ 1000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**ഹെൽത്ത് ഇൻസ്പെക്ടർ**

152 (3997) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക്, കേരള സർക്കാർ നേരിട്ട് നടത്തുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് കഴിഞ്ഞവരെ പി.എസ്.സി പരിഗണിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ തെരഞ്ഞെടുപ്പിൽ കേരള സർക്കാർ നേരിട്ട് നടത്തുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയുള്ളവരെ ഉൾപ്പെടുത്താൻ പി.എസ്.സി. ഉത്തരവായിട്ടുണ്ട്.

## വി.ഇ.ഒ.-മാരുടെ ഒഴിവുകൾ

153 (3998) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ എത്ര ഒഴിവുകൾ ഇടുക്കി ജില്ലയിൽ നിലവിലുണ്ട്;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഈ ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; നാളിതുവരെ എത്ര പേർക്ക് നിയമനം നൽകുകയുണ്ടായി എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ട്രെയിനിംഗ് പിരീയഡ് ഡ്യൂട്ടിയായി പരിഗണിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ മറ്റു വകുപ്പുകളിലെ വിവിധ തസ്തികകളിൽ നിന്നും വിടുതൽ വാങ്ങി വി.ഇ.ഒ. ആയി നിയമിക്കപ്പെടുന്നവർക്ക് ട്രെയിനിംഗ് പീരിയഡിൽ എന്തെങ്കിലും ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നുണ്ടോ; ഇവരുടെ ട്രെയിനിംഗ് പീരിയഡ് ഡ്യൂട്ടിയായി പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 53 (അൻപത്തി മൂന്ന്).

(ബി) നിലവിലുണ്ട്. 7-7-2016. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് അഡ്വൈസ് മെമ്മോ അയയ്ക്കാത്തതിനാൽ നിയമനം നൽകിയിട്ടില്ല.

(സി) 25-5-2016 മുതൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പരിശീലനം ഡ്യൂട്ടിയായി പരിഗണിക്കുന്നുണ്ട്.

(ഡി) 25-5-2016-ന് മുമ്പ് നിയമിക്കപ്പെട്ട വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പ്രീ-സർവ്വീസ് ട്രെയിനിംഗ്

154 (3999) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ.-മാരുടെ പ്രീ-സർവ്വീസ് ട്രെയിനിംഗ് എന്നുമുതലാണ് ഇൻ സർവ്വീസ് ആക്കിയിട്ടുള്ളതെന്നും അതിൻപ്രകാരം സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് നിയമനം ലഭിച്ച വി.ഇ.ഒ.-മാർക്ക് ഈ ആനുകൂല്യം അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ആനുകൂല്യം ഇവർക്കുകൂടി ബാധകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 28-9-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 137/2016/ത.സ്വ.ഭ.വ പ്രകാരം ഗ്രാമവികസന വകുപ്പിൽ പുതിയതായി നിയമിക്കപ്പെടുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ 6 മാസത്തെ പ്രീ സർവ്വീസ് ട്രെയിനിംഗ് 25-5-2016 മുതൽ പ്രാബല്യത്തിൽ 3 മാസത്തെ ഇൻ സർവ്വീസ് ട്രെയിനിംഗ് ആക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സ്പെഷ്യൽ റൂളിൽ ഇപ്രകാരം ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഉത്തരവിന് 25-5-2016 മുതലാണ് പ്രാബല്യമുള്ളത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വികസന പരിശീലന കേന്ദ്രങ്ങൾ**

155 (4000) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന പരിശീലന കേന്ദ്രങ്ങളിലെ തസ്തികകൾക്കായി സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകൾക്കാണ് സ്പെഷ്യൽ റൂൾ ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്പെഷ്യൽ റൂൾ പ്രകാരം എത്ര എക്സ്റ്റെൻഷൻ എഡ്യുക്കേഷൻ ലക്ചറർ ഗ്രേഡ് II തസ്തികകൾ ഉണ്ടെന്നും ഇവയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ ഉണ്ടെങ്കിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ചുവടെ പറയുന്ന തസ്തികകൾക്ക് സ്പെഷ്യൽ റൂൾ നിലവിലുണ്ട്.

| | | | |
|---|---|---|---|
| 1. | ലക്ചറർ ഗ്രേഡ്-I | - | അനിമൽ ഹസ്ബന്ററി |
| 2. | ലക്ചറർ ഗ്രേഡ്-I | - | കോ-ഓപ്പറേഷൻ |
| 3. | ലക്ചറർ ഗ്രേഡ്-I | - | റൂറൽ എഞ്ചിനീയറിംഗ് |
| 4. | ലക്ചറർ ഗ്രേഡ്-I | – | റൂറൽ ഇൻഡസ്ട്രീസ് |
| 5. | ലക്ചറർ ഗ്രേഡ്-II | – | ഹോം സയൻസ് |
| 6. | ലക്ചറർ ഗ്രേഡ്-II | - | അഗ്രികൾച്ചർ |
| 7. | ലക്ചറർ ഗ്രേഡ്-II | - | റൂറൽ ഇക്കണോമിക്സ് |
| 8. | ലക്ചറർ ഗ്രേഡ്-II | – | സോഷ്യൽ എഡ്യൂക്കേഷൻ |
| 9. | ലക്ചറർ ഗ്രേഡ്-II | – | എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ |

(ബി) 3 തസ്തികകളുണ്ട്. 3 ഒഴിവുകൾ നിലവിലുണ്ട്.

(സി) 3 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതി**

156 (4001) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡത്തിലെ അപാകതകൾമൂലം 100 തൊഴിൽദിനങ്ങൾ പോലും ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അപാകത മറികടക്കാനും 100 തൊഴിൽദിനങ്ങളെങ്കിലും ഉറപ്പാക്കാനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിൽ ശരാശരി എത്ര തൊഴിൽ ദിനങ്ങളാണ് ഈ വിഭാഗത്തിൽ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 5-10-2016-ലെ 279/ഡി.ഡി2/16/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം 2017-18 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റിന്റെയും വാർഷിക കർമ്മ പദ്ധതിയുടെയും രൂപീകരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ നടപ്പുവർഷം ആവശ്യമെങ്കിൽ കൂടുതൽ തൊഴിൽ ദിനങ്ങളും സുസ്ഥിര ആസ്തികളും സൃഷ്ടിക്കത്തക്ക വിധത്തിലുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി അഡീഷണൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഒരു കുടുംബത്തിന് ശരാശരി 49 തൊഴിൽ ദിനങ്ങളാണ് 2015-16 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ലഭ്യമായിട്ടുള്ളത്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

157 (4002) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അവിദഗ്ദ്ധ തൊഴിലാളികൾക്ക് പ്രതിദിനം എത്ര രൂപയാണ് വേതനമായി നൽകുന്നത്; ഇപ്പോൾ നൽകിവരുന്ന തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ വേതന വർദ്ധനവിന് ഏത് തീയതി മുതൽ മുൻകാല പ്രാബല്യം നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള പ്രതിദിന വേതനം 240 രൂപയാണ്. തൊഴിലാളികളുടെ പ്രതിദിന വേതനം കേന്ദ്ര സർക്കാരാണ് ഓരോ വർഷവും ഓരോ സംസ്ഥാനത്തിനും വർദ്ധനവ് വരുത്തി പ്രസിദ്ധീകരിക്കുന്നത്. ഇപ്പോൾ നൽകിവരുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

## ചേരി നിർമ്മാർജ്ജനം

158 (4003) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേരി നിർമ്മാർജ്ജനത്തിന് കർമ്മപരിപാടി രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സമയബന്ധിതമായി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ചേരി നിർമ്മാർജ്ജനത്തിനായി പ്രത്യേക കർമ്മപരിപാടി രൂപപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ചേരി പ്രദേശങ്ങളുടെ സ്ഥിതി വിവര പഠനത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. രണ്ട് ഘട്ടങ്ങളായി നടത്താനിരിക്കുന്ന ഈ പഠനത്തിന്റെ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട പ്രാഥമിക വിവരശേഖരണം ജില്ലാ നഗരാസൂത്രണ കാര്യാലയങ്ങൾവഴി നടത്തിവരികയാണ്.

## ജില്ലാ ആസൂത്രണ കമ്മിറ്റികൾ

159 (4004) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർത്തലാക്കിയ ജില്ലാ ആസൂത്രണ കമ്മിറ്റികൾ വീണ്ടും ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനാഗ്രഹിക്കുന്നത്; വിവരിക്കുമോ;

(സി) എന്തെല്ലാം അധികാരങ്ങളാണ് ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ ആസൂത്രണ സമിതികളിലേക്കുള്ള തിരഞ്ഞെടുപ്പ് പൂർത്തിയായിട്ടുണ്ട്.

(സി) കേരള മുനിസിപ്പൽ ആക്ട്, 1994, ചട്ടം 53 (അനുബന്ധമായി ചേർത്തിട്ടുണ്ട്.*)-ൽ പ്രതിപാദിച്ചിട്ടുള്ള അധികാരങ്ങൾ നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഫ്ലാറ്റ് സമുച്ചയങ്ങൾ

160 (4005) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ വൻകിട ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മിതി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫ്ലാറ്റുകളുടെ പരമാവധി ഉയരം സംബന്ധിച്ച് നിയമം പ്രാബല്യത്തിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ആവശ്യമായ ശുദ്ധജലവിതരണ ശൃംഖല, ഡ്രെയിനേജ് സംവിധാനം, വൈദ്യുതി വിതരണ സംവിധാനം, ഗതാഗത സൗകര്യം എന്നിവ കാര്യക്ഷമമായിട്ടില്ലാത്ത മേഖലകളിലെ വൻകിട ഫ്ലാറ്റുകൾ തദ്ദേശവാസികളുടെ പരിമിത അടിസ്ഥാന സൗകര്യങ്ങൾക്കുപോലും ഹാനികരമാവുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഫ്ലാറ്റു നിർമ്മാണ വ്യവസ്ഥകൾ പരിഷ്കരിക്കാനും, കർശനമാക്കാനും ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ പരമാവധി ഉയരം സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ (ചട്ടം 32) പ്രതിപാദിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*)

(സി) ശുദ്ധജല വിതരണ ശൃംഖല, ഡ്രെയിനേജ് സംവിധാനം, വൈദ്യുതി വിതരണ സംവിധാനം എന്നിവ ശാസ്ത്രീയമായി കണക്കിലെടുത്തല്ല വൻകിട ഫ്ലാറ്റുകൾക്ക് അനുമതി നൽകുന്നത്. എന്നാൽ അപ്രൂവ് ചെയ്ത ചില മാസ്റ്റർ പ്ലാനുകളിൽ ഇത് സംബന്ധിച്ച വിശദമായി അനാലിസിസ് ചെയ്തിട്ടുണ്ട്. എന്നാൽ അക്സസിനെ സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 33-ൽ പ്രതിപാദിച്ചിട്ടുണ്ട്. ഫ്ലാറ്റ് നിർമ്മാണ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതും, കർശനമാക്കുന്നതും സംബന്ധിച്ച് പരിശോധിച്ച് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആറ്റുകാൽ ടൗൺഷിപ്പ്

161 (4006) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ ബഡ്ജറ്റിൽ ആറ്റുകാൽ ടൗൺഷിപ്പിന് വകയിരുത്തിയിട്ടുള്ള തുക എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) ടൗൺഷിപ്പിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയുണ്ടായോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) മണക്കാട്-ചിറമുക്ക്, മണക്കാട്-കൊഞ്ചിറവിള, ചിറമുക്ക് - അമ്പലത്തറ റോഡ് വൈഡനിംഗിന് ടിഡ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ; അതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതു വരെയായി;

(ഡി) ആറ്റുകാൽ ടൗൺഷിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വെറും പ്രഖ്യാപനം മാത്രമായി മാറാതിരിക്കുന്നതിന് ടിഡ സമർപ്പിച്ച മേൽപ്പറഞ്ഞ റോഡ് വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട വർക്കിന് പ്രസ്തുത ബഡ്ജറ്റ് തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആറ്റുകാൽ വികസന പദ്ധതിക്കുള്ള ധനസഹായമായി 2016-17 വർഷത്തെ ബഡ്ജറ്റിൽ "2217-01-800-95-(പദ്ധതി)" എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും ആറ്റുകാൽ മാസ്റ്റർ പ്ലാനിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 100 കോടി രൂപ നീക്കി വയ്ക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. സിഡ്കോയെ ആറ്റുകാൽ വികസന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്നു. സിഡ്കോ ഫൈനൽ കരട് മാസ്റ്റർ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്.

(സി) ടിഡ ഭരണാനുമതിക്കായി സമർപ്പിച്ച ഡി.പി.ആർ. സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## ന്യൂനപക്ഷക്ഷേമ കോർപ്പറേഷൻ

162 (4007) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) പ്രസ്തുത കോർപ്പറേഷൻ മുഖേന എന്തെല്ലാം ധനസഹായമാണ് വിതരണം ചെയ്തു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട നിർദ്ധനരുടെയും വിധവകളുടെയും ചികിത്സ, പെൺമക്കളുടെ വിവാഹം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ ആവശ്യങ്ങൾക്കായി എന്തെല്ലാം ധനസഹായം അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ന്യൂനപക്ഷ ക്ഷേമത്തിനായുള്ള പ്രധാനമന്ത്രിയുടെ 15 ഇന പരിപാടികളുടെ സംസ്ഥാനതല മീറ്റിംഗിൽ ന്യൂനപക്ഷ ക്ഷേമ ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്.

(ബി) സ്വയംതൊഴിൽ വായ്പ, ബിസിനസ്സ് ഡവലപ്മെന്റ്, പാരന്റ് പ്ലസ് വിദ്യാഭ്യാസ വായ്പ, പ്രവാസി വായ്പ, വിസ ലോൺ, ഗൾഫ് റിട്ടേണേഴ്സ് ലോൺ, മദ്രസ അദ്ധ്യാപക ഭവന വായ്പ എന്നിവ ന്യൂനപക്ഷ ക്ഷേമ കോർപ്പറേഷൻ മുഖേന വിതരണം ചെയ്തുവരുന്നു.

(സി) നിർദ്ധനരുടെയും വിധവകളുടെയും ചികിത്സ, പെൺമക്കളുടെ വിവാഹം എന്നിവയ്ക്ക് ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ മുഖേന നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല. എന്നാൽ ന്യൂനപക്ഷ വിഭാഗത്തിലെ അർഹരായ അപേക്ഷകർക്ക് വിദ്യാഭ്യാസ വായ്പയും സ്വയം തൊഴിൽ വായ്പയും നൽകുന്ന പദ്ധതി കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

## കേരള വഖഫ് ബോർഡ്

163 (4008) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വഖഫ് ബോർഡിലെ അംഗങ്ങൾ ആരെല്ലാമാണ്; അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; നിലവിലുള്ള അംഗങ്ങൾ ഏതെല്ലാം വിഭാഗങ്ങളെ പ്രതിനിധീകരിച്ചാണ് തെരഞ്ഞെടുക്കപ്പെട്ടത്; വിശദമാക്കുമോ;

(ബി) കേന്ദ്ര നിയമമനുസരിച്ച് കേരള വഖഫ് ബോർഡിൽ ഷിയാ വിഭാഗത്തിന്റെ പ്രതിനിധി വേണമെന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ ഇപ്പോൾ ആരാണ് പ്രസ്തുത വിഭാഗത്തെ പ്രതിനിധീകരിക്കുന്നത് ;

(സി) ഷിയാ വിഭാഗത്തിന് നിലവിൽ പ്രതിനിധി ഇല്ലെങ്കിൽ ആയത് ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള വഖഫ് ബോർഡിലെ അംഗങ്ങൾ, അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, നിലവിലുള്ള അംഗങ്ങൾ ഏതെല്ലാം വിഭാഗങ്ങളെയാണ് പ്രതിനിധീകരിക്കുന്നത് എന്നീ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഉണ്ട്. നിലവിലുള്ള ബോർഡിൽ ഷിയ പ്രതിനിധിയില്ല.

(സി) നിയമ വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## വഖഫ് ബോർഡിന്റെ ആനുകൂല്യങ്ങൾ

164 (4009) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വഖഫ് ബോർഡ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ ലഭ്യമാക്കുന്നത് ; വിവരിക്കുമോ ;

(ബി) പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതി മുഖേന മദ്രസ്സ/പള്ളി ജീവനക്കാർക്കുള്ള പ്രതിമാസ ധനസഹായം, വിവാഹം, ചികിത്സ എന്നിവയ്ക്കുള്ള ധനസഹായം, അനാഥാലയങ്ങളിൽ താമസിച്ച് പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവ നൽകിവരുന്നു. മാനസിക വൈകല്യമുള്ള 212 വ്യക്തികൾക്ക് പ്രതിമാസം 1,000 രൂപ വീതം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതുമായ സമർത്ഥരായ വിദ്യാർത്ഥികൾക്ക് കേരള സ്റ്റേറ്റ് വഖഫ് ബോർഡ് പലിശ രഹിത വിദ്യാഭ്യാസ വായ്പ നൽകിവരുന്നുണ്ട്.

(ബി) പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

**ഹജ്ജ് കമ്മിറ്റിക്ക് ഗ്രാന്റ്**

165 (4010) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹജ്ജ് കമ്മിററി മുഖേന പോകുന്ന ഹാജിമാർക്ക് എന്തെങ്കിലും തുക സൗജന്യമായി നേരിട്ട് നൽകുന്നുണ്ടോ;

(ബി) കേന്ദ്രസർക്കാർ സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് ഏതെങ്കിലും ഗ്രാന്റ് നൽകുന്നുണ്ടോ;

(സി) ഹജ്ജിന് സബ്സിഡി എന്ന നിലയിൽ ഹാജിമാർക്ക് നേരിട്ട് ഏതെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഇല്ല.

**തീരദേശ കപ്പൽ ഗതാഗതം**

166 (T*4011) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തുറമുഖങ്ങളെ ബന്ധിപ്പിച്ചാണ് ഈ സൗകര്യം ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ടൂറിസം വികസനത്തിന് തീരദേശ കപ്പൽ സർവ്വീസ് ഉപയോഗപ്പെടുത്താൻ ഉദ്ദേശമുണ്ടോ ;

(സി) എങ്കിൽ കാസർഗോഡിനെയും തെക്കേയറ്റത്തെ പൂവാറിനെയും ബന്ധപ്പെടുത്തി കപ്പൽ സർവ്വീസ് ആരംഭിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള സംസ്ഥാനത്തെ തീരദേശ വികസനം ലക്ഷ്യം വച്ചുകൊണ്ടാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, അഴീക്കൽ, പൊന്നാനി, ബേപ്പൂർ എന്നീ തുറമുഖങ്ങളെ കടൽ മാർഗ്ഗം ബന്ധിപ്പിച്ച് തീരദേശ കപ്പൽ ഗതാഗതം നടപ്പിലാക്കാനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

(ബി) ടൂറിസം വികസനത്തിന് തീരദേശ യാത്രാകപ്പൽ സർവ്വീസ് ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

(സി) കൊച്ചി-കോഴിക്കോട്-കണ്ണൂർ മേഖലയിൽ തുടങ്ങുന്ന യാത്രാ കപ്പൽ സർവ്വീസ് പടിപടിയായി കേരള തീരത്ത് കാസർഗോഡ് മുതൽ വിഴിഞ്ഞം വരെ വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

**മൈനർ തുറമുഖങ്ങൾ**

167 (4012) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ഗതാഗതം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മൈനർ തുറമുഖങ്ങൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ;

(ബി) സംസ്ഥാനത്ത് അത്തരം തുറമുഖങ്ങൾ നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ ഇത്തരമൊരു തുറമുഖം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) തിരുവനന്തപുരം ജില്ലയിൽ നിലവിൽ വിഴിഞ്ഞത്ത് ഒരു ചെറുകിട തുറമുഖം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. ടി സാഹചര്യത്തിൽ മേൽ തുറമുഖത്തുനിന്നും വളരെ അടുത്ത പ്രദേശമായ പൊഴിയൂരിൽ ഇനി ഒരു തുറമുഖം നിർമ്മിക്കുന്നത് ഉചിതമാണെന്ന് കരുതുന്നില്ല.

## വിഴിഞ്ഞം തുറമുഖ പദ്ധതി

168 (4013) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളച്ചൽ തുറമുഖത്തിന് കേന്ദ്രാനുമതി നൽകിയ സാഹചര്യത്തിൽ വിഴിഞ്ഞം പദ്ധതിയെക്കുറിച്ചുള്ള കേരളത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചതിനു നൽകിയ വിശദീകരണം എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ വിഴിഞ്ഞം പദ്ധതിക്ക് അനുകൂലമായ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ ?

ഉത്തരം

(എ) വിഴിഞ്ഞം തീരത്തുനിന്ന് കേവലം 30 കിലോമീറ്റർ ദൂരത്തിൽ മറ്റൊരു ട്രാൻസ്ഷിപ്മെന്റ് തുറമുഖം സ്ഥാപിക്കുന്നതിൽ സംസ്ഥാനത്തിനുള്ള ആശങ്കകൾ ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് അയയ്ക്കുകയും കൂടാതെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിൽ കണ്ട് സംസ്ഥാനത്തിന്റെ ആശങ്ക അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് സംസ്ഥാനത്തിന് ആശങ്ക വേണ്ടെന്നും വിഴിഞ്ഞത്തിന് ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

(ബി) ഇനയവുമായി താരതമ്യം ചെയ്യുമ്പോൾ വിഴിഞ്ഞത്തിന്റെ മത്സരക്ഷമത ഉറപ്പുവരുത്താൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൺസഷൻ കരാർ അനുശാസിക്കുന്ന എല്ലാ നടപടികളും സർക്കാരും സർക്കാരിന്റെ നിർവ്വഹണ ഏജൻസിയായ വിഴിഞ്ഞം തുറമുഖ കമ്പനിയും കൈക്കൊള്ളുന്നുണ്ട്. കൺസഷണർക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള സഹായം ഉറപ്പാക്കുന്നതിനും കൺസഷണറുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടിയുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു Empowered Committee-യും ഒരു Project Implementation Committee-യും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

## യാത്രായാനങ്ങളുടെ സർവ്വീസ്

169 (4014) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തീരക്കടൽ വഴി യാത്രായാനങ്ങളുടെ സർവ്വീസ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആരുടെയെല്ലാം സഹകരണമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് തുറമുഖ വകുപ്പ് ഇതിനു വേണ്ടി ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തീരദേശ യാത്രാ കപ്പൽ സർവ്വീസിന്റെ ഭാഗമായി വിഴിഞ്ഞം-കൊച്ചി, കൊച്ചി-കോഴിക്കോട് മേഖലകളിൽ അതിവേഗ യാത്രാ കപ്പൽ സർവ്വീസ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടം കൊച്ചി-കോഴിക്കോട് മേഖലയിലാണ് ആരംഭിക്കുന്നത്. പദ്ധതി നടത്തിപ്പിനായി മെസ്സേഴ്സ് സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്വകാര്യ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട്-കണ്ണൂർ എന്നീ മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ നടത്താൻ ഉദ്ദേശിച്ചുള്ള പദ്ധതി പ്രവാർത്തികമാക്കുന്നത് അന്തിമ ഘട്ടത്തിലാണ്.

(ബി) മെസ്സേഴ്സ്. സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്വകാര്യ സ്ഥാപനം കൊച്ചിൻ തുറമുഖ ട്രസ്റ്റുമായും സഹകരിച്ചുകൊണ്ടാണ് സംസ്ഥാന തുറമുഖ വകുപ്പിന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിൽ വരുത്തുന്നത്.

(സി) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാവും മേൽപ്പറഞ്ഞ സർവ്വീസ് ആരംഭിക്കുന്നത്. കൊച്ചി തുറമുഖത്തെ അടിസ്ഥാന സൗകര്യങ്ങൾ തുറമുഖ ട്രസ്റ്റ് ഒരുക്കുന്നതാണ്. സ്വകാര്യ പങ്കാളികൾ മുഖാന്തരം നടപ്പാക്കുന്ന പദ്ധതിയിൽ ആവശ്യമായ സാഹചര്യം ഒരുക്കുന്നത് സർക്കാർ മുഖേനയാണ്. ഇതിൽ കൊച്ചി-കോഴിക്കോട്-കണ്ണൂർ മേഖലയിൽ സർവ്വീസ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള വിദേശ നിർമ്മിത ജലയാനങ്ങളുടെ പരിശോധനകൾ അന്തിമഘട്ടത്തിലാണ്.

## അതിവേഗ യാത്രാ ബോട്ട്

170 (4015) ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പ് അതിവേഗയാത്രാ ബോട്ട് സർവ്വീസ് നടത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബോട്ട് സർവ്വീസിനുള്ള സവിശേഷതകൾ എന്തൊക്കെയാണ്; വിവരിക്കുമോ;

(ഡി) ബോട്ട് സർവ്വീസിന് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുന്നത്?

### ഉത്തരം

(എ) തീരദേശ കപ്പൽ സർവ്വീസിന്റെ ഭാഗമായി വിഴിഞ്ഞം-കൊച്ചി, കൊച്ചി-കോഴിക്കോട് മേഖലകളിൽ അതിവേഗ യാത്രാ കപ്പൽ സർവ്വീസ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യഘട്ടം കൊച്ചി-കോഴിക്കോട് മേഖലയിലാണ് ആരംഭിക്കുന്നത്. പദ്ധതി നടത്തിപ്പിനായി M/s. Safe Boat Pvt Ltd, Kochi എന്ന സ്വകാര്യ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട്-കണ്ണൂർ എന്നീ മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് നടത്താൻ ഉദ്ദേശിച്ചുള്ള പദ്ധതി പ്രവാർത്തികമാക്കുന്നത് അന്തിമഘട്ടത്തിലാണ്.

(ബി) M/s. Safe Boat Pvt. Ltd, Kochi എന്ന സ്വകാര്യ സ്ഥാപനവുമായി ചേർന്നും കൊച്ചിൻ തുറമുഖ ട്രസ്റ്റുമായി ചേർന്നുമാണ് തുറമുഖ വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പിൽ വരുത്തുന്നത്.

(സി) മേൽപ്പറഞ്ഞ സർവ്വീസ് നടത്തുന്നതിനാവശ്യമായ റഷ്യൻ നിർമ്മിതമായ രണ്ട് കപ്പലുകൾ ഗ്രീസിൽനിന്നും ഇറക്കുമതി ചെയ്തിട്ടുണ്ട്. 130 പേർക്ക് യാത്ര ചെയ്യാവുന്ന ഈ കപ്പൽ പൂർണ്ണമായും Air Condition ചെയ്തതും അത്യാധുനിക സുരക്ഷാ സംവിധാനങ്ങൾ ഉള്ളതുമാണ്. തീരത്തു നിന്ന് 12 നോട്ടിക്കൽ മൈലിനുള്ളിൽ 30 നോട്ടിക്കൽ മൈൽ വേഗത്തിൽ സഞ്ചരിക്കാവുന്ന ഈ അതിവേഗ യാത്രാകപ്പലിൽ ആധുനിക വിനോദ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാവും സർവ്വീസ് ആരംഭിക്കുന്നത്. കൊച്ചിൻ തുറമുഖത്തെ അടിസ്ഥാന സൗകര്യങ്ങൾ തുറമുഖ ട്രസ്റ്റ് ഒരുക്കുന്നതാണ്.

## തുറമുഖങ്ങളുടെ വികസനം

171 (T*4016) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനായി കൊല്ലം, വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ എന്നിവിടങ്ങളിലെ ചെറുതുറമുഖങ്ങളെ വികസിപ്പിക്കുന്നതിനുള്ള പുതിയ ഉദ്യമങ്ങൾ സ്വീകരിക്കുമെന്ന് 24-6-2016-ലെ നിയമസഭയിലെ പ്രസംഗത്തിൽ ഗവർണർ പ്രസ്താവിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതുപ്രകാരം നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

### ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് കണ്ടെയ്നർ/പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, ലക്ഷദ്വീപ് ഭരണകൂടത്തിന് മാത്രമായി ബർത്ത് നിർമ്മാണം, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടങ്ങളിലാണ്.

## തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

172 (4017) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) തുറമുഖങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനുള്ള പണലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിഴിഞ്ഞം, ബേപ്പൂർ എന്നീ തുറമുഖങ്ങളിലേക്കായി 2000 കുതിരശക്തിയുള്ള 2 ടഗ്ഗുകൾ വാങ്ങുന്നതിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിൽ വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. അഴീക്കൽ തുറമുഖത്തേക്ക് വാങ്ങിയ ഡ്രഡ്ജർ ഉപയോഗപ്പെടുത്തി ഡ്രഡ്ജിംഗ് ചെയ്ത് തുറമുഖ ചാനലുകളിലെ ആഴം വർദ്ധിപ്പിക്കുന്നതിനായി 1500 മീറ്റർ നീളമുള്ള എച്ച്.ഡി.പി.ഇ. പൈപ്പ് ലൈനുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് പാസ്സഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്ത് ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടങ്ങളിലാണ്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിച്ചത്. 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി 381 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. 736 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ വികസനം നടത്താൻ ഉദ്ദേശിക്കുന്നു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ 108 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനായി 500 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ പൊന്നാനി, നാട്ടകം എന്നീ തുറമുഖങ്ങൾ പി.പി.പി. മോഡലിൽ വികസിപ്പിക്കുന്നു. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീം, കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട്

ബോർഡിന്റെ ധനസഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകളും നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ തുറമുഖ വികസന പദ്ധതിയായ സാഗർമാല / ഭാരത് മാലാ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

**ഹാർബർ നിർമ്മാണം**

173 (4018) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യുവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കുന്നപ്പുഴ ഹാർബർ നിർമ്മാണത്തിന്റെ പഠനത്തിനായി 50 ലക്ഷം രൂപ അനുവദിച്ചിരുന്നോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പഠനറിപ്പോർട്ടിലെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ എന്ത് തുടർനടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി മാതൃകാ പഠനം നടത്തുന്നതിനായി പൂനെ ആസ്ഥാനമായുള്ള CWPRS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. Littoral drift, shoreline changes എന്നിവയുടെയും wave tranquility-യുടെയും പഠനം നടത്തുന്നതിനാണ് പൂനെയിലെ CWPRS-നെ ഏൽപ്പിച്ചിരുന്നത്. ഇവയിൽ littoral drift, shoreline changes എന്നിവ സംബന്ധിച്ച പഠന റിപ്പോർട്ട് ലഭിച്ചു. Wave tranquility സംബന്ധിച്ച പഠന റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്.

(സി) CWPRS-ൽനിന്നും മാതൃകാപഠനം പൂർത്തിയാക്കി പഠന റിപ്പോർട്ട് ലഭ്യമാക്കിയശേഷം പരിസ്ഥിതി പഠനം നടത്തേണ്ടതുണ്ട്. പരിസ്ഥിതി പഠന റിപ്പോർട്ട്, CRZ സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ ലഭിച്ചതിനുശേഷം CRZ/പരിസ്ഥിതി ക്ലിയറൻസിന് വിധേയമായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

**കെ.പി.പി. നമ്പ്യാർ സ്മാരകം**

174 (T*4019) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ഒരു കോടി രൂപ അനുവദിച്ച കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി. നമ്പ്യാരുടെ പേരിൽ സ്മാരക മ്യൂസിയം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

കെ.പി.പി. നമ്പ്യാരുടെ പേരിൽ സ്മാരക മ്യൂസിയം ആരംഭിക്കുന്നതിന് പദ്ധതി നിർദ്ദേശങ്ങൾ സാംസ്കാരിക വകുപ്പിൽ ലഭിച്ചിട്ടില്ല. എന്നാൽ ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് വ്യവസായ വകുപ്പിൽ പദ്ധതി ആവിഷ്കരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

**മ്യൂസിയം മൃഗശാലാ വകുപ്പിന്റെ പദ്ധതികൾ**

175 (4020) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. കെ. ശശി :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മ്യൂസിയം മൃഗശാലാ വകുപ്പ് 2016-17 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിനു കീഴിലുള്ള പഠന ഗവേഷണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കാഴ്ചബംഗ്ലാവുകളുടെ ആധുനികവൽക്കരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) 2016-17 വർഷത്തിൽ മ്യൂസിയം മൃഗശാലാ വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കണ്ണൂർ ജില്ലയിലെ കടന്നപ്പിള്ളി പാണപ്പുഴ പഞ്ചായത്തിൽ പുതിയ തെയ്യം മ്യൂസിയം സ്ഥാപിക്കൽ.
2. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ കുങ്കിച്ചിറയിൽ പുതിയ ഹെറിറ്റേജ് ട്രൈബൽ മ്യൂസിയം സ്ഥാപിക്കൽ.
3. മൃഗശാലയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി മൃഗങ്ങൾക്ക് തനത് ആവാസവ്യവസ്ഥ സൃഷ്ടിച്ചുകൊണ്ട് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരം മൃഗശാലയിലെ ഇന്ത്യൻ കാട്ടുപോത്തുകളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധന നിർമ്മാണം.
4. ആധുനികവൽക്കരണത്തിന്റെ ഭാഗമായി വിദേശ പക്ഷികളെ പാർപ്പിക്കുന്ന കൂടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.
5. ഹിമാലയൻ കരടികളെ പാർപ്പിക്കുന്ന കൂടുകളിൽ നിരീക്ഷണം ഏർപ്പെടുത്തുന്നതിനും പരിശോധനകൾക്കുമായി സ്ക്യൂസ് കേജുകൾ (squeeze cage) നിർമ്മിക്കുക.
6. തിരുവനന്തപുരം മൃഗശാലയിൽ ലഭ്യമല്ലാത്ത മൃഗങ്ങളെ ഇന്ത്യയിലെ മറ്റ് മൃഗശാലകളിൽനിന്നും വിദേശരാജ്യങ്ങളിൽ നിന്നും കൊണ്ടുവരുന്നതിനു വേണ്ട നടപടി സ്വീകരിക്കുക.
7. ആധുനികവൽക്കരണത്തിന്റെ ഭാഗമായി മൃഗശാല അക്വേറിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുക.

(ബി) മ്യൂസിയം മൃഗശാല വകുപ്പിൽ ചരിത്രഗവേഷണ പഠനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി കൺസർവേഷൻ ലാബ് സൗകര്യം നൽകിവരുന്നു.

(സി) 1. തിരുവനന്തപുരം മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറേറ്റിലെ നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ ആധുനികവൽക്കരണം.

2. തിരുവനന്തപുരം മ്യൂസിയം മൃഗശാലാ വകുപ്പ് ഡയറക്ടറേറ്റിലെ ടിക്കറ്റ് കൗണ്ടർ, ക്ലോക്ക് റൂം, ഇൻഫർമേഷൻ കൗണ്ടർ എന്നിവയുടെ വിപുലീകരണവും, ആധുനികവൽക്കരണവും.

3. തൃശ്ശൂർ സ്റ്റേറ്റ് മ്യൂസിയം മൃഗശാലയിൽ പൊതുജനങ്ങളുടെ ഉപയോഗത്തിനായി ഒരു ഫുഡ് കോർട്ട്.
4. തിരുവനന്തപുരം നേപ്പിയർ മ്യൂസിയത്തിന്റെ സംരക്ഷണവും ആധുനികവൽക്കരണവും.

## ചരിത്ര മ്യൂസിയം

176 (T* 4021) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് പുതുതായി അനുവദിച്ച ചരിത്ര മ്യൂസിയം യാഥാർത്ഥ്യമാക്കാനായി നാളിതുവരെ ഈ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) മലപ്പുറത്തിന്റെ ചരിത്ര-സാംസ്കാരിക പശ്ചാത്തലം കണക്കിലെടുത്ത് പ്രസ്തുത പദ്ധതി എത്രയും വേഗം നടപ്പാക്കുമോ?

ഉത്തരം

(എ&ബി) പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടിയിൽ (ഹജ്ജൂർ കച്ചേരി) ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾക്കായി 4 കോടി രൂപയുടെ ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. മ്യൂസിയം ആരംഭിക്കുന്നതിന് മുന്നോടിയായി അവിടെ പ്രവർത്തിക്കുന്ന താലൂക്ക് ഓഫീസ് ഒഴിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് കത്തയച്ചിട്ടുണ്ട്. താലൂക്ക് ഓഫീസ് മാറുന്ന മുറയ്ക്ക് മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ ആംരംഭിക്കുന്നതാണ്.

## പുരാവസ്തു മ്യൂസിയം

177 (4022) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം പുരാവസ്തു മ്യൂസിയം സൗകര്യപ്രദമായ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടേക്കാണ് മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എന്തൊക്കെ ആധുനിക പുരാരേഖ സംരക്ഷണ നടപടികളാണ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ&ബി) എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം പുരാവസ്തു വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ടി മ്യൂസിയം മാറ്റി സ്ഥാപിക്കുന്നതിന് നിലവിൽ പദ്ധതികളില്ല.

(സി) കൊച്ചിയുമായി ബന്ധപ്പെട്ട ചരിത്രരേഖകൾ, ഫ്യൂമിഗേഷൻ, ഡീ-അസിഡിഫിക്കേഷൻ (അമ്ലത്വ ലഘൂകരണം), മെന്റിംഗ്, ടിഷ്യൂ റിപ്പയറിംഗ്, ഗാർഡിംഗ്, ബൈന്റിംഗ് എന്നീ ശാസ്ത്രീയ സംരക്ഷണ നടപടികൾക്ക് വിധേയമാക്കുകയും അവയുടെ ഡിജിറ്റൈസേഷൻ നടപ്പിലാക്കുകയും ചെയ്തതിനുശേഷം ആവശ്യാനുസരണം എറണാകുളം പുരാവസ്തു മ്യൂസിയത്തിലേക്ക് കൈമാറുവാനുമാണ് ലക്ഷ്യമിടുന്നത്.

## കോയിക്കൽ കൊട്ടാരത്തിന്റെ നവീകരണം

178 (4023) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കൊല്ലമ്പുഴ കോയിക്കൽ കൊട്ടാരം നവീകരിക്കുന്നതിന് നിലവിലെ സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ എന്നും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് പദ്ധതിയിലുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) രാജാരവിവർമ്മയുടെ ജന്മംകൊണ്ട് പ്രസിദ്ധമായ കിളിമാനൂർ കൊട്ടാരത്തിന്റെ ശോച്യാവസ്ഥക്ക് പരിഹാരം കാണാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ കൊല്ലമ്പുഴ കോയിക്കൽ കൊട്ടാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ലാത്തതിനാൽ സംരക്ഷണ നവീകരണ പ്രവൃത്തികൾക്ക് സാംസ്കാരികകാര്യ വകുപ്പിൽനിന്ന് തുക അനുവദിച്ചിട്ടില്ല.

(ബി) കിളിമാനൂർ കൊട്ടാരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കൊട്ടാര സമുച്ചയത്തിലെ സ്റ്റുഡിയോ ബ്ലോക്ക്, പുത്തൻമാളിക മറ്റ് അനുബന്ധ കെട്ടിടങ്ങൾ എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സമഗ്രമായ സംരക്ഷിത പ്രവൃത്തികൾക്കായി ഈ സാമ്പത്തികവർഷം 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## സ്കൂൾ വാഹനങ്ങളുടെ പരിശോധന

179 (4024) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ കർശന നടപടികൾ സ്വീകരിക്കണമെന്ന സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവ് നടപ്പാക്കാൻ മോട്ടോർ വാഹന വകുപ്പ് ക്രിയാത്മക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) ഫിറ്റ്നസ്സില്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കയറ്റി നിർബാധം സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വാഹനപരിശോധന കർശനമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) വാടകയ്ക്കെടുത്ത് സ്കൂൾ സർവ്വീസ് നടത്തുന്ന വാഹനങ്ങളിലും നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സംവിധാനം ഏർപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷയുമായി ബന്ധപ്പെട്ട് എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ.-മാരും സ്കൂൾ സമയങ്ങളിൽ പ്രത്യേകം പരിശോധനാ സംഘങ്ങളെ നിയോഗിച്ച് പരിശോധനയും നിരീക്ഷണവും നടത്തുന്നതിലേക്കായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. അമിതമായി കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്ന സ്കൂൾ വാഹനങ്ങൾക്കെതിരെയും ഓട്ടോറിക്ഷാ മുതലായ ഇതര വാഹനങ്ങൾക്കെതിരെയും കർശന നടപടി എടുക്കുക.
2. ഇ.ഐ.ബി. വാഹനങ്ങൾ (Educational Institution Bus) ഓടിക്കുന്ന ഡ്രൈവർമാർ നിർദ്ദിഷ്ട യോഗ്യതയും പരിചയവും ഉള്ളവരാണെന്ന് ഉറപ്പ് വരുത്തുക.
3. സ്വകാര്യ വാഹനങ്ങൾ ഇ.ഐ.ബി. ആയി ഉപയോഗിക്കുന്നില്ലായെന്ന് സ്കൂൾ പരിസരത്തു തന്നെ പരിശോധന നടത്തി ഉറപ്പുവരുത്തുക.
4. ഇ.ഐ.ബി. വാഹനങ്ങളിൽ certificate of fitness test-നു ശേഷവും ആവശ്യമായ അഗ്നിശമന ഉപകരണം, സ്പീഡ് ഗവേർണർ, എമർജൻസി എക്സിറ്റ് എന്നിവയുണ്ടോയെന്ന് ഉറപ്പുവരുത്തുക.

5. ഇ.ഐ.ബി. വാഹനങ്ങളിൽ നിർബന്ധമായും ഡോർ അറ്റൻഡന്റ് ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ഇവർ കുട്ടികളെ റോഡ് മുറിച്ച് കടക്കുന്നതിന് സഹായിക്കണമെന്നും നിർദ്ദേശം നൽകുക.

6. ഇ.ഐ.ബി. വാഹനങ്ങളുടെ പിറകിലും വശങ്ങളിലും സ്കൂളിലെ ഫോൺ നമ്പർ, ചൈൽഡ് ലൈൻ നമ്പർ (1098) വാഹനത്തിനുള്ളിൽ കുട്ടികളുടെ ലിസ്റ്റും അവരുടെ രക്ഷകർത്താക്കളുടെ ഫോൺ നമ്പർ അടങ്ങിയ ലിസ്റ്റും ഉണ്ടെന്ന് ഉറപ്പ് വരുത്തുക.

7. സ്റ്റേജ് ക്യാരേജുകളിൽ സ്കൂൾ കുട്ടികളെ കയറ്റുന്നതിന് വിമുഖത കാണിക്കുന്ന സ്വകാര്യ ബസ് ഉടമകൾ, ജീവനക്കാർ എന്നിവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

8. എല്ലാ സ്കൂളുകളിലും ഒരു അദ്ധ്യാപകനെ (കഴിയുന്നതും എസ്.പി.സി./എൻ.സി.സി./എൻ.എസ്.എസ്. ചുമതലയുള്ളവർ) ട്രാഫിക് നോഡൽ ഓഫീസറായി നിയമിക്കേണ്ടതാണ്.

9. എല്ലാ ഓാഫീസുകളുടെയും കീഴിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങൾ നിരന്തരമായി നിരീക്ഷിക്കുന്നതിനും അപ്പപ്പോൾ പരിഹാരം നേടുന്നതിനും വിവിധ ഏജൻസികളുടെ (പോലീസ്, എഡ്യൂക്കേഷൻ മുതലായവ) സഹായം തേടുന്നതിനുമായി ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറെ നിയോഗിക്കേണ്ടതാണ്. ഈ ഉദ്യോഗസ്ഥന്റെ ഫോൺ നമ്പർ എല്ലാ സ്കൂൾ അധികാരികൾക്കും ട്രാഫിക് നോഡൽ ഓഫീസർക്കും നൽകേണ്ടതാണ്.പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകിവരുന്നുമുണ്ട്.

(സി) ഇല്ല.

(ഡി) വാഹന പരിശോധന കർശനമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഇത്തരം വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുവാൻ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ലോ ഫ്ലോർ ബസുകളുടെ അറ്റകുറ്റപ്പണികൾ

180 (4025) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. വി. ജോയി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ജൻറം പദ്ധതി പ്രകാരം ലോ ഫ്ളോർ ബസുകൾ വാങ്ങിയതിൽ വൻ തോതിലുള്ള അഴിമതി നടന്നെന്ന ആരോപണങ്ങളെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ, എങ്കിൽ അതിന്റെ വിശദവിവരം അറിയിക്കുമോ;

(ബി) ഈ ബസുകളുടെ അറ്റകുറ്റപ്പണികൾക്കായി ഏത് ഏജൻസിയെയാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും അതിന്റെ കരാർ വ്യവസ്ഥകളും വിശദമാക്കുമോ;

(സി) ഈ ഏജൻസി പണികൾ യഥാസമയം തീർക്കാത്തതുകൊണ്ട് സർവ്വീസ് നടത്താൻ കഴിയാതെ എത്ര ലോ ഫ്ളോർ ബസുകൾ കട്ടപ്പുറത്തിരിക്കുന്നെന്ന് അറിയിക്കുമോ; അറ്റകുറ്റപ്പണികൾക്കായി ഈ ഏജൻസി വളരെ ഉയർന്ന നിരക്കാണ് ഈടാക്കുന്നതെന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിച്ചതിൽ കെ.എസ്.ആർ.ടി.സി. കേരളാ ഗവൺമെന്റിന്റെ e-procurement സംവിധാനത്തിലൂടെ എല്ലാ ടെണ്ടർ നടപടിക്രമങ്ങളും പാലിച്ചാണ് ജൻറം പദ്ധതിയിലുള്ള ലോ ഫ്ലോർ ബസുകൾ വാങ്ങിയതെന്ന് കാണുന്നു. ഈ ദർഘാസിൽ യോഗ്യത നേടിയ വാഹന നിർമ്മാതാക്കളിൽനിന്നും ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത കമ്പനികളിൽ നിന്നുമാത്രമാണ് ബസുകൾ വാങ്ങിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ബസുകൾ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നുവെന്ന വാർത്ത ശരിയല്ല.

(ബി) എ.സി. വോൾവോ ലോ ഫ്ലോർ ബസുകളുടെ പരിപാലനം വോൾവോ കമ്പനിയുടെ അംഗീകൃത ഡീലറായ M/s. Vista Driveline Motors-ൽനിന്നും നിയോഗിക്കപ്പെട്ട വിദഗ്ദ്ധരായ സൂപ്പർവൈസർമാരുടെ മേൽനോട്ടത്തിൽ കെ.എസ്. ആർ.ടി.സി.-യുടെ മെക്കാനിക്കുകളാണ് നിർവ്വഹിച്ചുവരുന്നത്. സങ്കീർണമായ റിപ്പയറുകൾ പ്രസ്തുത സ്ഥാപനത്തിന്റെ ആലപ്പുഴ ജില്ലയിലുള്ള വർക്ക്ഷോപ്പിലാണ് നിർവഹിക്കുന്നത്. നോൺ എ.സി. ബസുകളുടെ പരിപാലനം കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകളിലും വർക്ക്ഷോപ്പിലുമായി ചെയ്തുവരുന്നു.

(സി) ആകെ 190 എ.സി. വോൾവോ ലോ ഫ്ലോർ ബസുകളിൽ 17-10-2016-ലെ കണക്കനുസരിച്ച് 45 എണ്ണം വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിട്ടിട്ടുണ്ട്. സ്പെയർ പാർട്സ് നൽകിയ ഇനത്തിലും അറ്റകുറ്റപ്പണികൾ നടത്തിയ ഇനത്തിലും M/s. Vista Driveline Motors എന്ന സ്ഥാപനത്തിനുള്ള കുടിശ്ശിക യഥാസമയം കൊടുത്തുതീർക്കാതെ അധികരിക്കുമ്പോൾ അറ്റകുറ്റ പണികൾ യഥാസമയം നടത്തുന്നതിനും സ്പെയർ പാർട്സ് നൽകുന്നതിനും വിമുഖത കാണിക്കാറുണ്ട്. വാഹന നിർമ്മാതാക്കളായ വോൾവോ അംഗീകരിച്ച പ്രകാരമുള്ള നിരക്കുകൾ മാത്രമാണ് M/s. Vista Driveline Motors അറ്റകുറ്റപ്പണികൾക്കായി ഈടാക്കുന്നത്.

## വാർഷിക പെൻഷൻ ബാദ്ധ്യത

181 (4026) ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വാർഷിക പെൻഷൻ ബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പെൻഷൻ ബാദ്ധ്യത വഹിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ വിഹിതം നൽകുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2016-17-ലെ വാർഷിക പെൻഷൻ ബാദ്ധ്യത 675 കോടി രൂപയാകുന്നു.

(ബി) ഇപ്പോഴത്തെ പ്രതിമാസ പെൻഷൻ ബാദ്ധ്യതയുടെ പകുതിയായ 27.5 കോടി രൂപ സർക്കാർ വിഹിതമായി എല്ലാ മാസവും കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചുനൽകുന്നുണ്ട്. ഇപ്രകാരം തുക അനുവദിക്കുന്നത് കെ.എസ്.ആർ.ടി.സി. 27.5 കോടി രൂപ എല്ലാ മാസവും ട്രഷറിയിൽ നിക്ഷേപിക്കുന്ന മുറയ്ക്കാണ്.

(സി) 214.40 കോടി രൂപ.

(ഡി) നിലവിൽ പെൻഷൻ ബാദ്ധ്യതയുടെ പകുതി സർക്കാരിൽനിന്നും കെ.എസ്.ആർ.ടി.സി.-ക്ക് നൽകിവരുന്നു.

**പ്രതിദിന നഷ്ടം**

182 (4027) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

2012-13-ലെ C &AG ആഡിറ്റ് ചെയ്ത കണക്കനുസരിച്ച് പ്രതിദിന നഷ്ടം 1.41 കോടി രൂപ ആണ്. 2015-16- ലെ താൽക്കാലിക കണക്കനുസരിച്ച് പ്രതിദിന നഷ്ടം 1.70 കോടി രൂപയാണ്.

**കെ.യു.ആർ.ടി.സി. സർവ്വീസുകൾ**

183 (4028) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.യു.ആർ.ടി.സി.-യുടെ കീഴിൽ എത്ര സർവ്വീസുകൾ ഇപ്പോൾ ഉണ്ട്; ഏതെല്ലാം;

(ബി) തിരുവനന്തപുരത്ത് നിന്ന് കോഴിക്കോട്ടേക്ക് ലോഫ്ലോർ സർവ്വീസുകൾ നടപ്പിലാക്കുമോ;

(സി) ലോഫ്ലോർ സർവ്വീസുകളുടെ ഫെയർ സ്റ്റേജ് സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കെ.യു.ആർ.ടി.സി.-യുടെ കീഴിൽ 615 സർവ്വീസുകളാണ് നിലവിലുള്ളത്. 176 എ.സി. സർവ്വീസുകളും 439 നോൺ എ.സി. സർവ്വീസുകളും. ഇവ തിരുവനന്തപുരം, എറണാകുളം ജില്ലകളിലും മറ്റ് ജില്ലകളെ അഞ്ച് ക്ലസ്റ്ററുകളായി തിരിച്ച് അവിടങ്ങളിലുമായി സർവ്വീസ് നടത്തുന്നു.

(ബി) തിരുവനന്തപുരത്തുനിന്ന് കോഴിക്കോട്ടേക്ക് ലോ ഫ്ലോർ സർവ്വീസുകൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഫെയർ സ്റ്റേജുകൾ തന്നെയാണ് ലോ ഫ്ലോർ സർവ്വീസുകളുടെയും ഫെയർസ്റ്റേജ്.

**കെ.എസ്.ആർ.ടി.സി.-യെ നവീകരിക്കൽ**

184 (4029) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യെ നവീകരിക്കുന്നതിനും പെൻഷൻ മുടങ്ങാതെ നൽകുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങളിലേക്ക് സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ ഓൺലൈൻ ബുക്കിംഗ് തടസ്സപ്പെട്ടതുമൂലം ഓണം സീസണിൽ ഉണ്ടായ നഷ്ടം എത്രയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു രക്ഷാ പാക്കേജ് തയ്യാറാക്കി വരികയാണെന്ന് പ്രസ്താവിച്ചിരുന്നു. ടി രക്ഷാ പാക്കേജ് പരിശോധിച്ചുവരുന്നു. കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്ക് 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അഞ്ചുവർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവൽക്കരിക്കുകയും വരുമാന ദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മപരിപാടി തയ്യാറാക്കുന്നതാണ്. പെൻഷൻ ബാദ്ധ്യതയുടെ പകുതി അതായത് പ്രതിമാസം 20 കോടി രൂപ സർക്കാർ നൽകിവന്നിരുന്നത് 27.5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യെ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. വരുമാനക്കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സിസ്റ്റം പരിഷ്കരിച്ച് മാൻപവർ യൂട്ടിലൈസേഷൻ കൂട്ടുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയ അന്തർസംസ്ഥാന കരാറുകളിൽ എത്തിച്ചേരുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി തിരക്കില്ലാത്ത ദിവസങ്ങളിൽ യഥാർത്ഥ നിരക്കിൽ നിന്നും 15 ശതമാനം ഇളവ് ഇപ്പോൾ അനുവദിച്ചുവരുന്നുണ്ട്. അതോടൊപ്പം റെയിൽവേ മാതൃകയിൽ തൽക്കാൽ സംവിധാനവും കഴിഞ്ഞ ഓണക്കാലം മുതൽ കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസുകളിൽ ജി.പി.എസ്./വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനുവേണ്ടി വൈഫൈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം-ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസുകളിലും കെ.യു.ആർ.ടി.സി.-യുടെ രണ്ട് ലോ ഫ്ലോർ എ.സി. വോൾവോ ബസുകളിലും ഘടിപ്പിക്കുകയുണ്ടായി. ടി സംവിധാനം മറ്റ് പ്രധാന സൂപ്പർ ക്ലാസ്സ് സർവ്വീസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വാണിജ്യ സാദ്ധ്യതയുള്ള തിരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഓൺലൈൻ ബുക്കിംഗ് സംവിധാനം 17-9-2016-ൽ ഉദ്ദേശം 15.45-ന് തകരാറിലാവുകയും 21.45-ഓടുകൂടി തകരാർ പരിഹരിക്കുകയുമുണ്ടായി. ഓൺലൈൻ റിസർവേഷൻ സംവിധാനം തകരാറിലായതുമായി ബന്ധപ്പെട്ടുള്ള വരുമാനനഷ്ടം കൃത്യമായി കണക്കാക്കുന്നത് പ്രയോഗികമല്ല. എന്നിരുന്നാലും കെ.എസ്.ആർ.ടി.സി.-ക്ക് പ്രസ്തുത ദിവസം ഉദ്ദേശം 12,64,296 രൂപ നഷ്ടം സംഭവിച്ചിട്ടുള്ളതായും പ്രസ്തുത നഷ്ടം അടുത്തമാസത്തെ ബില്ലിൽനിന്നും ഈടാക്കുന്നതാണെന്നും വ്യക്തമാക്കുന്ന കത്ത് ഓൺലൈൻ റിസർവേഷന് ആവശ്യമായ സോഫ്റ്റ്‌വെയർ നിർമ്മിച്ച് വെബ്സൈറ്റ് സജ്ജീകരിച്ച് പൂർണ്ണമായും പരിപാലിക്കുന്നതിന് ചുമതലപ്പെടുത്തിയ കെൽട്രോണിന് നൽകുകയുണ്ടായി.

## ബസ് സ്റ്റാൻഡുകളിൽ പ്രവർത്തിക്കുന്ന കാന്റീനുകൾ

185 (4030) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിൽ പ്രവർത്തിക്കുന്ന കാന്റീനുകളിൽ നൽകുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കാന്റീനുകളിൽ അമിതവില ഈടാക്കുന്നതായും ഗുണനിലവാരം ഇല്ലാത്ത ഭക്ഷണം നൽകുന്നതായും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ മുഴുവൻ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലും കാന്റീൻ നടത്തുന്നതിനുള്ള അവകാശം ഇന്ത്യൻ കോഫീ ഹൗസിന്റെ നിലവാരം പുലർത്തുന്ന സ്ഥാപനങ്ങൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഓരോ യൂണിറ്റിലെയും കാന്റീനുകളിൽ നൽകുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം അതാത് യൂണിറ്റധികാരികൾ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. കൂടാതെ സർക്കാർ വകുപ്പുകളുടെ പരിശോധനയും നടക്കാറുണ്ട്.

(ബി) ഇല്ല.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ബസ് സ്റ്റേഷനുകളിൽ സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ കോഫീ ഹൗസിന്റെ ഔട്ട്ലെറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം അങ്കമാലി എന്നിവിടങ്ങളിൽ ഇന്ത്യൻ കോഫീഹൗസിന്റെ ഔട്ട്ലെറ്റുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

## സി.എൻ.ജി ബസുകൾ

186 (4031) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നത് ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ;

(ബി) സി.എൻ.ജി. ബസ്സിലേക്ക് മാറുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള നഷ്ടം കുറച്ചുകൊണ്ടുവരാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് ശ്രീ ചിത്തിര തിരുന്നാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഒരു പ്രാഥമിക പഠനം നടത്തി പ്രസന്റേഷൻ സമർപ്പിച്ചിട്ടുണ്ട്. തുടർപഠനം നടന്നുവരുന്നു. എന്നാൽ ഇതിനായി കെ.എസ്.ആർ.ടി.സി പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) സി.എൻ.ജി. ബസിലേക്ക് മാറുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ ചെലവ് കുറയ്ക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ സി.എൻ.ജി ലഭ്യമായി വാഹനങ്ങൾ ഓടിച്ചതിനുശേഷമേ ഒരു താരതമ്യപഠനം നടത്താൻ കഴിയൂ.

**കെ.എസ്.ആർ.ടി.സി. വാങ്ങിയ ഷാസികൾ**

187 (4032) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. വാങ്ങിയ ഷാസികൾ എത്രയെന്നും അവ ഉപയോഗിച്ച് എത്ര ബോഡി നിർമ്മിച്ച് നിരത്തിലിറക്കാനായി എന്നും അറിയിക്കുമോ;

(ബി) ബോഡി നിർമ്മിച്ച് നിരത്തിലിറക്കാൻ സാദ്ധ്യമാകുന്നതിലും അധികം ഷാസികൾ വാങ്ങിയതുകാരണം സ്ഥാപനത്തിനുണ്ടായ സാമ്പത്തിക ബാദ്ധ്യതയെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇങ്ങനെ ആവശ്യത്തിലധികം ഷാസികൾ വാങ്ങിയതിനു കാരണമെന്തെന്ന് വിശദമായ അന്വേഷണം നടത്തുമോ;

(സി) നവംബർ മുതൽ നിർബന്ധമാക്കുന്ന 'ഭാരത് സ്റ്റേജ് 4' മാനദണ്ഡം കാരണം ബോഡി നിർമ്മിക്കാൻ സാധിക്കാതെ ഇട്ടിരിക്കുന്ന ഷാസികൾ ഉപയോഗ ശൂന്യമാകാതിരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. 2500 ഷാസികൾ വാങ്ങിയിട്ടുണ്ട്. ടി ഷാസികളിൽ 14-10-2016 വരെ 2163 ഷാസികളിൽ ബോഡി നിർമ്മാണം പൂർത്തിയാക്കി നിരത്തിലിറക്കിയിട്ടുണ്ട്. ബാക്കിയുള്ള ഷാസികളിൽ ബോഡി നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) ബോഡി നിർമ്മിച്ച് നിരത്തിലിറക്കാൻ സാദ്ധ്യമാകുന്നതിലും അധികം ഷാസികൾ വാങ്ങിയിട്ടില്ല. മുൻ കാലങ്ങളിൽ വർഷംതോറും 1000 ഷാസികൾ എന്ന കണക്കിലാണ് വാങ്ങിയിരുന്നത്.

(സി) 2016 മാർച്ച് 31-നുമുമ്പായി വാഹന നിർമ്മാതാക്കൾ നിർമ്മിച്ച ഷാസികൾക്ക് ഇത് ബാധകമല്ല.

## ഓപ്പറേറ്റിംഗ് സ്റ്റേഷൻ

188 (4033) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ് : :
ശ്രീ. സി. എഫ്. തോമസ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സ്റ്റേഷൻ പദവിയുള്ള എത്ര സ്റ്റേഷനുകളുണ്ട്;

(ബി) പ്രവർത്തനം മെച്ചപ്പെടുത്താൻ പുതിയ ഓപ്പറേറ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ, ആയത് സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ ഓപ്പറേറ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത് എവിടെയൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ആകെയുള്ള 93 യൂണിറ്റുകളിൽ 19 എണ്ണം ഓപ്പറേറ്റിംഗ് സെന്ററുകളായാണ് പ്രവർത്തിച്ചുവരുന്നത്.

(ബി&സി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ യാതൊരു വിധത്തിലുമുള്ള പുതിയ ബാദ്ധ്യതയും ഏറ്റെടുക്കുവാൻ നിർവ്വാഹ മില്ലാത്തതിനാൽ പുതിയ ഓപ്പറേറ്റിംഗ് സെന്ററുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഒരു ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഇവയെല്ലാം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തോ നഗരസഭയോ ഒരുക്കിത്തന്നാലും തുടർ പ്രവർത്തന ചെലവുകൾക്ക് പ്രതിവർഷം ശരാശരി 50 ലക്ഷം രൂപയെങ്കിലും വേണ്ടി വരുമെന്നാണ് കെ.എസ്.ആർ.ടി.സി. കണക്കാക്കിയിരിക്കുന്നത്.

## കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം

189 (4034) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം മാസം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി എടുത്ത വായ്പകളുടെ വിവരങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

| | | | |
|---|---|---|---|
| (എ) | ജൂൺ | - | 85 കോടി രൂപ |
| | ജൂലൈ | - | 89 കോടി രൂപ |
| | ആഗസ്റ്റ് | - | 89 കോടി രൂപ |
| | സെപ്റ്റംബർ | - | 100.27 കോടി രൂപ |

(ബി)

| മാസം | സ്ഥാപനം | തുക (രൂപയിൽ) |
|---|---|---|
| 5/2016 | SBT | 50 കോടി |
| 6/2016 | KTDFC | 70 കോടി |
| 7/2016 | SBT | 70 കോടി |
| 8/2016 | (a) DCB, Ernakulam<br>(b) DCB, Palakkad | (a) 50 കോടി<br>(b)50 കോടി |
| 9/2016 | (a) KTDFC<br>(b)SBT | (a)50 കോടി<br>(b)70 കോടി |

**സബ് ഡിപ്പോ**

190 (4035) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് ഒരു സബ് ഡിപ്പോ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) മലപ്പുറം ജില്ലയുടെ ഉൾനാടൻ സ്ഥലങ്ങളിലേക്ക് പോകുന്ന യാത്രക്കാർക്കും, പാലക്കാട്, വയനാട് ജില്ലകളിലേക്കുള്ള യാത്രക്കാർക്കും ഉപകാരപ്രദമായ ഒരു പോയിന്റ് എന്ന നിലയിൽ പ്രസ്തുത സ്ഥലത്ത് ഒരു ഡിപ്പോ തുടങ്ങുവാൻ നയപരമായി തീരുമാനിക്കുമോ;

(സി) നിലവിൽ മലപ്പുറം, കോഴിക്കോട്, പാലക്കാട് ജില്ലകളിലെ ഡിപ്പോകളുടെയും സബ് ഡിപ്പോകളുടെയും കണക്ക് ലഭ്യമാക്കുമോ?

## ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പുതിയ സബ് ഡിപ്പോ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

(സി) പാലക്കാട് ജില്ലയിൽ ഒരു ഡിപ്പോയും ഒരു സബ് ഡിപ്പോയും രണ്ട് ഓപ്പറേറ്റിംഗ് സെന്ററും മലപ്പുറം ജില്ലയിൽ നാല് സബ് ഡിപ്പോകളും കോഴിക്കോട് ജില്ലയിൽ ഒരു ഡിപ്പോയും രണ്ട് സബ് ഡിപ്പോയും രണ്ട് ഓപ്പറേറ്റിംഗ് സെന്ററുകളും നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം

191 (4036) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; പഠന റിപ്പോർട്ട് പരിഗണനയിലുണ്ടോ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം എന്തൊക്കെ പരിഷ്കാരങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളത് ;

(സി) പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ലെങ്കിൽ ഒരു വിദഗ്ദ്ധ സമിതിയെ കൊണ്ട് പഠനം നടത്തുമോ; വ്യക്തമാക്കാമോ;

## ഉത്തരം

(എ&ബി) ഉണ്ട്. 2003-ൽ ഒരു ഉന്നതാധികാര സമിതിയെ കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തെപ്പറ്റി അന്വേഷിക്കാൻ ചുമതലപ്പെടുത്തുകയും അതനുസരിച്ച് പ്രസ്തുത സമിതി വിശദമായി പഠനം നടത്തുകയും 32 നിർദ്ദേശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും അതിൻപ്രകാരമുള്ള മിക്ക നിർദ്ദേശങ്ങളും അംഗീകരിക്കുകയും ചെയ്തു. ടി സമിതിയുടെ 28 നർദ്ദേശങ്ങൾ നടപ്പിലാക്കാൻ വിശദമായ പഠനത്തിനായി CRISIL എന്ന ഏജൻസിയെ നിയോഗിച്ചു. 2006-ൽ ശ്രീ. സുശീൽ ഖന്ന എന്ന സാമ്പത്തിക വിദഗ്ദ്ധനെകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്ന് കരകയറ്റാനുള്ള പഠനം നടത്തിയിരുന്നു. 2008-ൽ അന്നത്തെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ശ്രീ. ടി. പി. സെൻകുമാർ കെ.എസ്.ആർ.ടി.സി.-യെ നിലനിർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും പ്രസ്തുത നിർദ്ദേശങ്ങൾക്ക് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അംഗീകാരം നൽകുകയും ക്യാബിനറ്റ് സബ് കമ്മിറ്റിയെ നിയോഗിച്ച് ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കാൻ തീരുമാനിക്കുകയും ചെയ്തു. 11

നിർദ്ദേശങ്ങളോടുകൂടിയ പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകുകയും അതിൽ മിക്ക നിർദ്ദേശങ്ങളും കോർപ്പറേഷൻ നടപ്പിലാക്കുകയും ചെയ്തു. M/s. Varma & Varma എന്ന സ്ഥാപനത്തെ നിയോഗിച്ച് കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾ നടത്തുകയും അതിന്റെ ഭാഗമായി 2014-ൽ ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും ആയതിൽ പ്രധാന നിർദ്ദേശങ്ങളിലൊന്നായ കൂടുതൽ പലിശ നിരക്കിലും കുറഞ്ഞ കാലയളവിലുള്ളതുമായ കെ.ടി.ഡി.എഫ്.സി.-യിൽ നിന്നുള്ള 1300 കോടി രൂപയുടെ വായ്പ 9 വാണിജ്യ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും കൂടിയ കാലയളവിലുമുള്ള വായ്പയാക്കി മാറ്റുകയും ചെയ്തു. കൂടാതെ പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി സർക്കാർ യാത്രാ ടിക്കറ്റിന്മേൽ സെസ് ഏർപ്പെടുത്തുകയും 20 കോടി രൂപ സർക്കാർ വായ്പയായി പ്രതിമാസം കെ.എസ്.ആർ.ടി.സി.-ക്ക് നൽകിവരികയും ചെയ്തിരുന്നു. (നിലവിൽ ഈ തുക 27.5 കോടി രൂപയാണ്)

(സി) ഇപ്പോൾ കൊൽക്കത്തയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്ന കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള വിശദമായ പഠനം നടത്തിവരുന്നു.

**കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികസ്ഥിതി**

192 (4037) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സെപ്തംബർ മാസത്തെ ശമ്പളം വൈകാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) സ്ഥാപനത്തിന്റെ പ്രതിമാസ വരുമാന കമ്മി എത്രയാണെന്ന് അറിയിക്കുമോ; വരുമാന കമ്മി നികത്താനായി പരിഗണനയിലുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ടിക്കറ്റേതര വരുമാനത്തിന്റെ കണക്ക് ലഭ്യമാണോ;

(സി) ശമ്പളം, പെൻഷൻ, പലിശ, ഇന്ധന ചെലവ്, മറ്റു ദൈനംദിന ചെലവുകൾ എന്നിവ പ്രതിമാസം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കുമോ;

(ഡി) ബാങ്കുകൾ ഈടാക്കുന്നതിലും അധികം നിരക്ക് കെ.റ്റി.ഡി.എഫ്.സി. ഈടാക്കുന്നത് കോർപ്പറേഷനുണ്ടാക്കുന്ന അധിക ബാധ്യത പരിഹരിക്കാൻ സർക്കാർ തലത്തിൽ നടപടി സാധ്യമാണോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം ഏകദേശം 100 കോടി രൂപയാണ്. ദൈനംദിനം ലഭിക്കുന്ന വരുമാനത്തിന്റെ ക്കുടുതലും നാളിതുവരെ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിനും ഡീസൽ വാങ്ങുന്നതിനുമാണ് ചെലവഴിക്കുന്നത്. ശമ്പളവും പെൻഷനും വിതരണം നടത്തണമെങ്കിൽ എല്ലാ മാസവും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ തരപ്പെടുത്തിയാൽ മാത്രമേ സാധിക്കുന്നുള്ളൂ. അതുപോലെ സെപ്റ്റംബർ മാസത്തെ ശമ്പളത്തിനുവേണ്ടിയുള്ള വായ്പ അനുവദിച്ചു കിട്ടുന്നതിനുവേണ്ടി വന്ന താമസമാണ് പ്രസ്തുത മാസത്തെ ശമ്പളം വൈകാനിടയായ സാഹചര്യം.

(ബി) പ്രതിമാസ വരുമാന കമ്മി ഏകദേശം 100 കോടി രൂപയാണ്. വരുമാന കമ്മി നികത്താനായി പരിഗണനയിലുള്ള മാർഗ്ഗങ്ങൾ താഴെ പ്പറയുന്നവയാണ്.

1. വരുമാനം കുറഞ്ഞ ബസ് സർവ്വീസുകൾ പുനഃക്രമീകരിച്ച് ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

2. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന സി.എൻ.ജി ബസുകൾ നിരത്തിലിറക്കി ഇന്ധനച്ചെലവ് കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞുവരുന്നു.

3. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാനുതകുമാറ് ബസ് സ്റ്റേഷനുകളിൽ കൂടുതൽ വാണിജ്യസ്ഥാപനങ്ങൾ വാടക അടിസ്ഥാനത്തിൽ ലേലം ചെയ്തു കൊടുക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. ടിക്കറ്റിതര വരുമാനമായി ശരാശരി 1.5 കോടി രൂപ ലഭിക്കുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റ് വരുമാനത്തിനു പുറമേ ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, കാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും കെ.എസ്.ആർ.ടി.സി. ബസുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയതുവഴിയും കോഫീ വെൻഡിംഗ് മെഷീൻ, എ.ടി.എം എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവ്വീസ് നടത്തിയും ടിക്കറ്റിതര വരുമാനം ലഭിച്ചുവരികയാണ്.

(സി) സെപ്റ്റംബർ 2016-ലെ ചെലവുവിവരം ചുവടെ ചേർക്കുന്നു :

| | | തുക (കോടി രൂപയിൽ) |
|---|---|---|
| ശമ്പളവും ആനുകൂല്യങ്ങളും | - | 85.75 |
| പെൻഷൻ | - | 55.00 |
| ഡീസൽ, ഓയിൽ തുടങ്ങിയവ | - | 75.00 |

| | | |
|---|---|---|
| പെൻഷൻ ആനുകൂല്യങ്ങൾ | - | 12.00 |
| വായ്പാ തിരിച്ചടവ് | | |
| (മുതൽ, പലിശ ചേർത്ത്) | - | 49.22 |
| മറ്റ് ചെലവുകൾ | - | 15.00 |
| ആകെ | - | 291.97 |

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്രമായ പുനരുദ്ധാരണം സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ചിരിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കൊൽക്കത്തയിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

**പെൻഷൻ വിതരണം**

193 (4038) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് എത്ര തവണ യഥാസമയം പെൻഷൻ വിതരണം ചെയ്യാൻ കഴിയാതിരുന്നിട്ടുണ്ട്;

(ബി) അടിക്കടി പെൻഷൻ വിതരണം മുടങ്ങുന്നതുമൂലം ഇവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഈ സാഹചര്യം ഒഴിവാക്കുന്നതിന് മുൻകൂർ നടപടി സ്വീകരിക്കാത്തതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ പ്രതിമാസ പെൻഷൻ എല്ലാ മാസവും പതിനഞ്ചാം തീയതിക്കുള്ളിലാണ് വിതരണം ചെയ്തുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 സെപ്റ്റംബറിൽ മാത്രമാണ് ഇപ്രകാരം പെൻഷൻ വിതരണം നടത്താൻ കഴിഞ്ഞത്. ബാക്കിയുള്ള 3 മാസങ്ങളിൽ (ജൂൺ, ജൂലൈ, ആഗസ്റ്റ്) യഥാസമയം വിതരണം നടത്താനായിട്ടില്ല. പെൻഷൻ വിതരണ തീയതികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ജൂൺ | - | 16-6-2016 |
| ജൂലൈ | - | 21-7-2016 |
| ആഗസ്റ്റ് | - | 23-8-2016 |
| സെപ്റ്റംബർ | - | 9-9-2016 |

(ബി) ഗൗരവമായി കാണുന്നുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ചെലവും തമ്മിൽ അന്തരമുണ്ട്. ഇത് പെൻഷൻ കൃത്യമായി നൽകുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. എങ്കിലും ഓരോ മാസവും വേണ്ടിവരുന്ന തുകയുടെ പകുതി സർക്കാരിൽനിന്നും ലഭ്യമാക്കിക്കൊണ്ട് അതാതുമാസംതന്നെ പെൻഷൻ നൽകാൻ കഴിയുന്നുണ്ട്. ഈ താമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**എ.ഒ.-മാരും ഹയർ ഡിവിഷൻ ആഫീസർമാരും**

194 (4040) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ചീഫ് ആഫീസ് ഒഴികെ യൂണിറ്റുകളിൽ ജോലി ചെയ്യുന്ന അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാരുടെ (എ.ഒ) ആകെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ ;

(ബി) ഇപ്രകാരം എ.ഒ.-മാരെ യൂണിറ്റുകളിൽ നിയമിക്കുന്നത് യൂണിറ്റുകളിലെ ഏത് മാനദണ്ഡം പരിഗണിച്ചാണെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിലെ ഹയർ ഡിവിഷൻ ആഫീസർ തസ്തിക സ്ഥിരം ജിവനക്കാരുടെ ഒരു ശതമാനമായി വർദ്ധിപ്പിച്ചത് ഏത് ശമ്പള പരിഷ്കരണ കരാർ പ്രകാരമാണ്; ഇത് ഏതൊക്കെ കാറ്റഗറിയിൽ നടപ്പിലാക്കിയിട്ടുണ്ട് ; മിനിസ്റ്റീരിയൽ വിഭാഗത്തിൽ നടപ്പാക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(ഡി) കോർപ്പറേഷനിലെ മെക്കാനിക്കൽ/ഓപ്പറേഷൻ വിഭാഗം കാറ്റഗറിയിലെ ഹയർ ഡിവിഷൻ തസ്തികകളുടെ എണ്ണം പരിശോധിച്ചാൽ ഏറ്റവും കുറവ് മിനിസ്റ്റീരിയൽ വിഭാഗത്തിനാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇരുപത് (20)

(ബി) ഭരണസൗകര്യാർത്ഥം എ. ഒ. തസ്തിക അനിവാര്യമായിട്ടുള്ള യൂണിറ്റുകളിലാണ് എ.ഒ.-മാരെ നിയമിച്ചിരിക്കുന്നത്.

(സി) കെ.എസ്.ആർ.ടി.സി.-യിലെ ഹയർ ഡിവിഷൻ ആഫീസർ തസ്തികയിൽ സ്ഥിരം ജീവനക്കാരുടെ എണ്ണം ഒരു ശതമാനമായി വർദ്ധിപ്പിക്കാൻ സർക്കാർ ഉത്തരവുണ്ടായിട്ടില്ലാത്തിനാൽ ശമ്പള പരിഷ്കരണ കരാർ പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ ഒരു വിഭാഗത്തിലും നിയമനം നടത്തിയിട്ടില്ല.

(ഡി) സർക്കാർ അംഗീകരിച്ചിട്ടുള്ള ഹയർ ഡിവിഷൻ മിനിസ്റ്റീരിയൽ വിഭാഗത്തിലെ എല്ലാ തസ്തികയിലും ആളെ നിയമിച്ചിട്ടുള്ളതാണ്. ആയതിനാൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ മാത്രമായി ജീവനക്കാരുടെ എണ്ണത്തിൽ കുറവുള്ളതായി കാണുന്നില്ല.

## സിവിൽ വർക്കുകളുടെ റേറ്റ്

195 (4041) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. 5/2013 മുതൽ എന്തെല്ലാം സിവിൽ വർക്കുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ;

(ബി) സാധാരണയായി നിലവിലുള്ള ഗവൺമെന്റ് റേറ്റിനെക്കാളും കുറച്ചിട്ടാണോ ഈ വർക്കുകൾക്ക് റേറ്റ് നൽകിയിരുന്നതെന്ന് വിശദമാക്കുമോ ;

(സി) ഗവൺമെന്റ് റേറ്റിനെക്കാളും കുറഞ്ഞ റേറ്റിൽ സിവിൽ വർക്കുകൾ നടത്തിയതിൽ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര തുക ലാഭിക്കാനായി എന്നറിയിക്കാമോ ;

(ഡി) ലാഭം ഉണ്ടായിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും തുക നഷ്ടമായിട്ടുണ്ടെങ്കിൽ അതിനുത്തരവാദികൾ ആരെല്ലാമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2013 മേയ് മാസം മുതൽ ഇതുവരെ കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിലുള്ള ഗ്യാരേജിന്റെയും വർക്ക്ഷോപ്പുകളുടെയും നിർമ്മാണ പ്രവർത്തനങ്ങളും അതിനോടനുബന്ധിച്ചുള്ള അറ്റകുറ്റപ്പണികളും നിർവഹിച്ചിട്ടുണ്ട്. കൂടാതെ MLA, MP ഫണ്ട് ഉപയോഗിച്ച് പുതിയ ബസ് സ്റ്റേഷന്റെയും യാത്രക്കാർക്കുള്ള വിശ്രമ സങ്കേതത്തിന്റെയും നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പലിശരഹിത നിക്ഷേപം സ്വീകരിച്ച് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണവും നടത്തിവരുന്നു.

(ബി) നിലിവലുള്ള സർക്കാർ നിരക്കിൽനിന്നും കുറഞ്ഞ തുകയ്ക്കാണ് 70% പ്രവൃത്തികളും നൽകിവരുന്നത്. 20% പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിലും ബാക്കിയുള്ളവ കൂടുതൽ നിരക്കിലും രേഖപ്പെടുത്തിയാണ് നടത്തിവരുന്നത്.

(സി&ഡി) സർക്കാർ നിരക്കിൽ നിന്നും കുറഞ്ഞ റേറ്റിൽ ഈ കാലയളവിൽ സിവിൽ വർക്കുകൾ ചെയ്തതിൽ ഏകദേശം 5 കോടി രൂപ ലാഭിക്കാനായിട്ടുണ്ട്.

## പാഴ്‌വസ്തു വിൽപ്പന

196 (4042) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 മേയ് മുതൽ എത്ര തവണ പാഴ്‌വസ്തുക്കൾ പുറത്തേക്ക് വിൽപ്പന നടത്തിയിരുന്നുവെന്നതിന്റെ കണക്ക് കെ.എസ്.ആർ,ടി.സി. ഡിപ്പോ തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇപ്പോൾ വിൽപ്പനയ്ക്കായി ഉദ്ദേശം എന്ത് തുകയ്ക്കുള്ള പാഴ്‌വസ്തുക്കൾ കെട്ടിക്കിടക്കുന്നുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2013 മേയ് മുതൽ 31-03-2016 വരെ 142 തവണ കെ.എസ്.ആർ.ടി.സി.-യുടെ പാഴ്‌വസ്തുക്കൾ പുറത്തേക്ക് വിൽപ്പന നടത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ M/s. MSTC (Metal Scrap Trading Corporation Limited) e-auction മുഖേന വർക്കുഷോപ്പുവഴിയാണ് വിൽപ്പന നടത്തുന്നത്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ അഞ്ച് വർക്ക്ഷോപ്പുകളിലായി ഇപ്രകാരം മതിപ്പുവില കണക്കാക്കിയതിൽ ഉദ്ദേശം 80 ലക്ഷം രൂപയുടെ പാഴ്‌വസ്തുക്കളുണ്ട്. ഇവയുടെ ലേല നടപടികൾ പുരോഗമിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യുടെ ബാദ്ധ്യത

197 (4043) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ 2016 മാർച്ച് വരെയുള്ള ആകെ ബാധ്യത എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ബാങ്കുകൾക്കും ഇതര ധനകാര്യ സ്ഥാപനങ്ങൾക്കും കൊടുത്തു തീർക്കുവാനുള്ള ലോൺ തുക എത്രയെന്ന് വിശദമാക്കുമോ ;

(സി) ജപ്തി ഉൾപ്പെടെയുള്ള നടപടികൾ നേരിടുന്ന ലോൺ ഏതെല്ലാമെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2016 മാർച്ച് 31 വരെയുള്ള കെ.എസ്.ആർ.ടി.സി.-യുടെ ആകെ ബാദ്ധ്യത 3144.35 കോടി രൂപയാണ്. ഇതിൽ സർക്കാരിന്റെ വായ്പത്തുകയിൽ 1090.75 കോടി രൂപ 20-8-2015-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 46/15/ഗതാഗതം പ്രകാരം സർക്കാർ ഓഹരിയാക്കുകയും ശേഷിച്ച തുകയായ 548.11 കോടി രൂപ മേൽ സൂചിപ്പിച്ച ബാദ്ധ്യത തുകയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

(ബി) 31-3-2016- ലെ കണക്കുപ്രകാരമുള്ളത് താഴെപ്പറയുന്നു.

| Sl No | Name of Banks | Balance Amount as on 31-3-2016 (₹ In Crores) |
|---|---|---|
| 1 | Government loan (excluding converted amount of ₹ 1090.75 crore as equity) | 548.11 |
| 2 | Consortium Banks | 1298.99 |
| 3 | HUDCO | 400.87 |
| 4 | Palakkad DCB | 193.42 |
| 5 | Ernakulam DCB | 114.38 |
| 6 | KSPIFC | 47.35 |
| 7 | LIC | 98.26 |
| 8 | KTDFC | 435.63 |
| 9 | KSTT 133,TVPM | 7.34 |

(സി) നിലവിൽ ഒരു ലോണിലും ജപ്തി ഉൾപ്പെടെയുള്ള നടപടികൾ നേരിടുന്നില്ല.

**ശമ്പളം നൽകാനാവാത്ത സാഹചര്യം**

198 (4044) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ കെ.എസ്.ആർ.ടി.സി.-ക്ക് അതിലെ തൊഴിലാളികൾക്ക് ശമ്പളം നൽകാനാവാത്ത രീതിയിൽ ഗുരുതരമായ സാമ്പത്തികത്തകർച്ച പൊടുന്നനെ ഉണ്ടാകാനിടയായ സാഹചര്യത്തിന്റെ സത്യാവസ്ഥ അന്വേഷിച്ചിരുന്നോ ;

(ബി) എങ്കിൽ ഇത്തരം ഒരു സാഹചര്യം ബോധപൂർവ്വം വരുത്തി വച്ചതിന് കാരണക്കാരായവർ ആരൊക്കെയെന്ന് പരിശോധിക്കുമോ; ഉത്തരവാദികളായ വർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) അന്വേഷിച്ചിരുന്നു. ശമ്പളം നൽകാനാവാത്ത അവസ്ഥ പൊടുന്നനെ ഉണ്ടായതല്ല. കഴിഞ്ഞ കുറേ വർഷങ്ങളായി വരുമാനവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത തരത്തിലുള്ള അന്തരമുണ്ട്. അതോടൊപ്പം, പെൻഷൻ ബാദ്ധ്യതയും ക്ഷാമബത്ത/ക്ഷാമാശ്വാസ ചെലവും വർദ്ധിച്ചതിനാലും മിനിമം ചാർജ് കുറച്ചതിനാലും അപ്രകാരം ചാർജ് കുറച്ചപ്പോഴുള്ളതിനേക്കാൾ ഡീസൽ വിലയിൽ വർദ്ധനവ് വന്നതിനാലും പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ സൗജന്യ യാത്ര അനുവദിച്ചതിനാലും ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭിക്കുവാനുള്ള കാലതാമസമുണ്ടായതിനാലും ശമ്പളം, പെൻഷൻ എന്നിവ നൽകുന്നതിൽ കുറച്ച് കാലതാമസം ഉണ്ടായിട്ടുണ്ട്.

(ബി) ഇത്തരം ഒരു സാഹചര്യം ആരും ബോധപൂർവ്വം വരുത്തിവച്ചതല്ല. പിരിവ് (എ)-യിൽ സൂചിപ്പിച്ച വിഷയങ്ങൾ ഇപ്പോഴത്തെ ഗുരുതരമായ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്.

**സമഗ്ര രക്ഷാപാക്കേജ്**

199 (4045) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് സമഗ്ര രക്ഷാപാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറച്ചുകൊണ്ടുവരാനും ശമ്പളം, പെൻഷൻ എന്നിവയ്ക്ക് തുക കണ്ടെത്താനും എന്തെല്ലാം കാര്യങ്ങളാണ് രക്ഷാ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിവരിക്കുമോ;

(ഡി) ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ഈ സർക്കാരിന്റെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു രക്ഷാപാക്കേജ് തയ്യാറാക്കി വരികയാണെന്ന് പ്രസ്താവിച്ചിരുന്നു. ടി രക്ഷാപാക്കേജ് പരിശോധിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സർക്കാർ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ കൺസൾട്ടന്റായി നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. അദ്ദേഹത്തിന്റെ പഠന റിപ്പോർട്ട് ലഭ്യമായശേഷം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**വാടകയിനത്തിൽ ലഭിക്കുന്ന തുക**

200 (4046) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്. ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽനിന്നും വാടകയിനത്തിൽ പ്രതിവർഷം ലഭിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യ്ക്ക് ടിക്കറ്റ് കളക്ഷൻ കൂടാതെ മറ്റ് ഏതെല്ലാം രീതിയിൽ വരുമാനം ലഭിക്കാറുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽനിന്നും വാടകയിനത്തിൽ പ്രതിവർഷം 7,67,54,154 (ഏഴ് കോടി അറുപത്തി ഏഴ് ലക്ഷത്തി അൻപത്തി നാലായിരത്തി ഒരുന്നൂറ്റി അൻപത്തി നാല് രൂപ) ലഭിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റ് വരുമാനത്തിനുപുറമേ ബസ് സ്റ്റേഷനുകളിലെ കാന്റീൻ, സ്റ്റാളുകൾ, ഷോപ്പിംഗ് കോംപ്ലക്സിന്റെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും ബസുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകുന്നതു വഴിയും കോഫീ വെൻഡിംഗ് മെഷീൻ, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവ്വീസ് നടത്തിയും ടിക്കറ്റിതര വരുമാനം ലഭിക്കുന്നുണ്ട്.

**സി.എൻ.ജി. ഇന്ധനം**

201 (4047) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എൻ.ജി. ഇന്ധനം ഉപയോഗിച്ചുള്ള വാഹനങ്ങൾ ഓടിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കേണ്ടത്എന്ന് വ്യക്തമാക്കുമോ ;

(ബി) സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിവരിക്കുമോ;

(സി) ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സി.എൻ.ജി. ഇന്ധനം ഉപയോഗിച്ചുള്ള വാഹനങ്ങൾ ഓടിക്കുന്നതിന് പ്രധാനമായും സി.എൻ.ജി. ലഭ്യമായിട്ടുള്ള ഫ്യൂവലിംഗ് സ്റ്റേഷനുകൾ ആവശ്യമാണ്. ഇതുകൂടാതെ നിലവിലുള്ള വാഹനങ്ങൾ സി.എൻ.ജി. വാഹനമാക്കി മാറ്റുന്നതിനാവശ്യമായ കൺവേർഷൻ കിറ്റുകൾ ലഭ്യമാക്കേണ്ടതായുണ്ട്.

(ബി) കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നീ നഗരങ്ങളുടെ പരിധിയിൽ സിറ്റി ബസുകൾ, ഓട്ടോറിക്ഷകൾ, മോട്ടോർ ക്യാബുകൾ എന്നീ വാഹനങ്ങളിൽ സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഇന്ധനക്കമ്പനികളുമായി നടത്തിയ ചർച്ചയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഒരു വർഷത്തിനുള്ളിൽ ഏറ്റവും കുറഞ്ഞത് 5 ഫ്യൂവലിംഗ് സ്റ്റേഷനുകൾ വീതമെങ്കിലും സ്ഥാപിക്കാമെന്ന് കമ്പനികൾ ഉറപ്പുനൽകുകയുണ്ടായി.

(സി) ഉണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഒരു വർഷത്തിനുള്ളിൽ ഏറ്റവും കുറഞ്ഞത് 5 ഫ്യൂവലിംഗ് സ്റ്റേഷനുകൾ വീതമെങ്കിലും സ്ഥാപിക്കാം എന്ന് കമ്പനികൾ ഉറപ്പുനൽകിയിട്ടുണ്ട്.

## സി.എൻ.ജി. വാഹനങ്ങൾ

202 (4048) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.എൻ.ജി. ഇന്ധനമാക്കി പ്രവർത്തിക്കുന്ന വാഹനങ്ങൾ നിരത്തിലിറക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വാഹനങ്ങൾ സി.എൻ.ജി. ഇന്ധനമാക്കി പ്രവർത്തിക്കുന്നതുകൊണ്ട് എന്തെല്ലാം പ്രയോജനങ്ങളാണ് ഉള്ളത് എന്ന് വെളിപ്പെടുത്താമോ ;

(സി) വാഹനങ്ങൾ സി.എൻ.ജി. ഇന്ധനമാക്കി പ്രവർത്തിക്കുന്നതിന് നിലവിലുള്ള ഏതെല്ലാം ചട്ടങ്ങളിലാണ് ഭേദഗതി വരുത്തേണ്ടത്; ഇതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്ക് 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(ബി) സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നതുകൊണ്ട് പല ഉപയോഗങ്ങളുണ്ട്. സി.എൻ.ജി.-യിലെ കാർബണിന്റെ അളവ് വളരെ കുറവാണ്. ആയതിനാൽ അന്തരീക്ഷ മലിനീകരണം വളരെ കുറവായിരിക്കും. സി.എൻ.ജി. ഉപയോഗിക്കുമ്പോൾ മറ്റ് ഇന്ധനങ്ങളേക്കാൾ എമിഷൻ ലെവൽ വളരെ കുറവായിരിക്കും. പഠനങ്ങൾ തെളിയിക്കുന്നത് സി.എൻ.ജി.-യുടെ ഗ്രീൻ ഹൗസ് ഗ്യാസ് എമിഷൻ പെട്രോളിയം, ഡീസൽ തുടങ്ങിയ ഇന്ധനങ്ങളുടെ ഗ്യാസ് എമിഷനേക്കാൾ കുറവാണെന്നാണ്. ഇതുകൂടാതെ സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുകയാണെങ്കിൽ വാഹനം തീപിടിക്കാനുള്ള സാദ്ധ്യതയും വളരെ കുറവായിരിക്കും. കൂടാതെ മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് സി.എൻ.ജി.-ക്ക് 150 ശതമാനം ഇന്ധനക്ഷമത കൂടുതലാണ്. മാത്രമല്ല, മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് സി.എൻ.ജി.-യുടെ വില വളരെ കുറവാണ്. സി.എൻ.ജി.യിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രാരംഭ ചെലവുകൾ വളരെ കൂടുതലാണെങ്കിലും രണ്ട് വർഷം കൊണ്ടുതന്നെ മുതൽമുടക്ക് തിരികെ പിടിക്കുവാൻ സാധിക്കും.

(സി) 1988-ലെ കേരള മോട്ടോർ വാഹന ചട്ടം 252-ൽ മാറ്റം വരുത്തേണ്ടതായുണ്ട്. ആയതിന് നടപടികളൊന്നും തന്നെ ഇതുവരെ സ്വീകരിച്ചിട്ടില്ല.

## സി.എൻ.ജി. അധിഷ്ഠിത ബസ്സുകൾ

203 (4049) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എൻ.ജി. അധിഷ്ഠിത ബസ്സുകൾ എന്നത്തേക്ക് നിരത്തിലിറക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(ബി) പദ്ധതി ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സി.എൻ.ജി. വാഹനങ്ങളിൽ നിറയ്ക്കുന്നതിനാവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. 2017 ജനവരിയോടെ കെ.എസ്.ആർ.ടി.സി.-യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും കെ.യു.ആർ.ടി.സി.-യുടെ ആസ്ഥാനമായ തേവരയിലും 2017 ജൂണിൽ തിരുവനന്തപുരം ആനയറയിലും 2018 ഫെബ്രുവരിയിൽ കൊല്ലത്തും 2017 ആഗസ്റ്റിൽ കണ്ണൂരിലും 2018 മാർച്ചിൽ തൃശ്ശൂരിലും സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ M/s ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ തുടങ്ങിക്കഴിഞ്ഞു.

(ബി) 300 (മുന്നൂറ്) കോടി രൂപ.

## റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബിൽ

204 (4050) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബിൽ സംബന്ധിച്ച വിഷയം ചർച്ച ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചർച്ച ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിനും പൊതുജനങ്ങൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന രീതിയിലുള്ള പ്രൊവിഷനുകൾക്കെതിരെ ഒബ്ജക്ഷൻ ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ, കേന്ദ്രസർക്കാർ റോഡ് സേഫ്റ്റി ബില്ലിനുപകരം മോട്ടോർ വാഹന നിയമ (ഭേദഗതി) ബില്ലാണ് അവതരിപ്പിച്ചിട്ടുള്ളത്. പ്രസ്തുത ബില്ലിലെ ജനദ്രോഹപരമായേക്കാവുന്ന ഭേദഗതികൾക്കെതിരെ ഒബ്ജക്ഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) റോഡ് സേഫ്റ്റി ബിൽ പാർലമെന്റ് നിയമമാക്കാത്തതിനാൽ ആയത് സംസ്ഥാനത്ത് നടപ്പാക്കേണ്ട ആവശ്യം വരുന്നില്ല. ഇതിനുപകരമുള്ള മോട്ടോർ വാഹന (ഭേദഗതി) ബില്ലിന്റെ കരടാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആയത് നിലവിൽ വരികയാണെങ്കിൽ സംസ്ഥാനത്തും ഇത് നടപ്പിലാക്കേണ്ടതായും നിലവിലുള്ള കേരള മോട്ടോർ വാഹന ചട്ടത്തിൽ അനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതായും വരും.

**റോഡ് സുരക്ഷ**

205 (4051) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷയ്ക്കും വാഹനാപകടങ്ങൾ ഇല്ലാതാക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ?

ഉത്തരം

(എ) വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിന്റെ ഭാഗമായി സ്റ്റേജ് ക്യാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന പരിശോധനകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങളുടെ പശ്ചാത്തലത്തിൽ റോഡ് സുരക്ഷിതത്വത്തിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയും പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ അനുബന്ധ വകുപ്പുകളും നാറ്റ്പാക്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളുംവഴി നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികളെ സംബന്ധിച്ച് ചുവടെ വിവരിക്കുന്നു.

1. ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളുടെ സാദ്ധ്യത ഉപയോഗിച്ച് റോഡ് സുരക്ഷയെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2. റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാദ്ധ്യമാകുന്ന എല്ലാ സിനിമാ തീയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുന്നതിനായി പോലീസ് (ട്രാഫിക്) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

3. വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച 'റോഡ് റെഗുലേഷൻസ്' എന്ന ലീഫ്ലെറ്റുകൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തുവരുന്നു.

4. സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷാ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

5. റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധമുണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂൾ/കോളേജുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

<u>റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റ്</u> :

ബോധവൽക്കരണ പരിപാടികൾ കൂടാതെ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ നിരന്തരമായി വാഹന പരിശോധന നടത്തുന്നുണ്ട്. ട്രാഫിക് നിയമം തെറ്റിക്കൽ, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിത വേഗത മുതലായവ കണ്ടെത്തി

കുറ്റക്കാരെ ശിക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി പോലീസ്-മോട്ടോർ വാഹന വകുപ്പുകൾ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നിരീക്ഷണ ക്യാമറകൾ, ആൽക്കോമീറ്ററുകൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ മുതലായവ വാങ്ങിയിട്ടുണ്ട്. കൂടാതെ അപകട സാദ്ധ്യത കൂടുതലുള്ള ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തുകയും അത് പരിഹരിക്കുവാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പുവഴി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അപകടകാരണങ്ങൾ പരിശോധിച്ച് അവ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ആക്സിഡന്റ് റിവ്യൂ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് സമീപം ഉണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കാൻ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം സ്കൂൾ സേഫ് സോൺ നിർമ്മിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. എല്ലാ ജില്ലകളിലും ട്രാഫിക് ട്രെയിനിംഗ് പാർക്ക് നിർമ്മിക്കുവാനും ഹൈവേയിലേക്ക് ചെറിയ വഴികൾ പ്രവേശിക്കുന്ന സ്ഥലത്ത് "നിൽക്കു നോക്കു നിങ്ങു" എന്ന സൈൻബോർഡ് സ്ഥാപിക്കുവാനും ആരോഗ്യ വകുപ്പുവഴി ട്രോമാ കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തുവാനും പൊതുമരാമത്ത് വകുപ്പുവഴി ക്രാഷ് ബാരിയറുകൾ നിർമ്മിക്കുവാനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ട്രോമാ കെയർ യൂണിറ്റുകൾ താലൂക്കുതലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് കൈക്കൊണ്ടുവരുന്നു.

(ബി) എൻഫോഴ്സ്മെന്റ് വിഭാഗത്തെ അത്യാധുനിക ഉപകരണങ്ങളായ ഇന്റർസെപ്റ്ററുകൾ, റഡാറുകൾ എന്നിവയുടെ സഹായത്തോടെ ശക്തിപ്പെടുത്തുന്നുണ്ട്. അപകട സാന്ദ്രത കൂടിയ മേഖലകൾ കണ്ടെത്താനും നടപടികൾ കൈക്കൊള്ളുന്നതിനുമായി പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടുകൂടി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അപകടകാരികളായ ചരക്കുകൾ വഹിച്ചുകൊണ്ടു പോകുന്ന വാഹനങ്ങളിലും സംസ്ഥാനത്തെ ബസ്സുകളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ സി-ഡാക്കുമായി ചേർന്ന് നടത്തിവരുന്നു. ദീർഘ കാലാടിസ്ഥാനത്തിൽ എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കേരളത്തിലെ റോഡുകളിൽ വാഹനാപകടങ്ങൾ പരമാവധി കുറച്ച് മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കുന്നതിനും അപകടകരമായ ഡ്രൈവിംഗ് നിയന്ത്രിക്കുന്നതിനുമായി സംസ്ഥാന സർക്കാരും കേരള പോലീസുമായി ചേർന്ന് ശുഭയാത്ര എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

**വാഹന പരിശോധനയും പിഴ ഈടാക്കലും**

206 (4052) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന പരിശോധനയിൽ 2014-15 വർഷം സർക്കാരിനു ലഭിച്ച വരുമാനവും 2015-16 വർഷത്തിൽ ലഭിച്ച വരുമാനവും വ്യക്തമാക്കുമോ;

(ബി) ഈ രണ്ടു വർഷവും ടിപ്പർ ലോറികൾ പരിശോധിച്ചതിന്റെ എണ്ണം വെളിപ്പെടുത്തുമോ ; എണ്ണത്തിലുള്ള വ്യത്യാസവും ആയതിന്റെ കാരണവും വിശദമാക്കുമോ;

(സി) 2014-15 വർഷത്തെ അപേക്ഷിച്ച് 2015-16 വർഷത്തിൽ റോഡപകടങ്ങൾ വർദ്ധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര ശതമാനം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാഹന പരിശോധനയിൽ 2014-15 വർഷം 40,12,72,631 രൂപയും 2015-16 വർഷം 49, 57,41,483 രൂപയും ലഭിച്ചു.

(ബി) 2014-15-ൽ 30668 ടിപ്പർ ലോറികൾ പരിശോധിച്ചു. 2015-16-ൽ 31817 ടിപ്പർ ലോറികൾ പരിശോധിച്ചു. 1149 ടിപ്പർ ലോറികൾ 2015-16-ൽ അധികം പരിശോധിച്ചു. ഓഫീസുതല പരിശോധനകൾ വർദ്ധിപ്പിച്ചതും വാഹനങ്ങളുടെ വർദ്ധനവും ഇതിന് കാരണമാണ്.

(സി) 2014-15-ൽ 37237 വാഹനാപകടങ്ങളും 2015-16-ൽ 39133 വാഹനാപകടങ്ങളും സംസ്ഥാനത്തുണ്ടായി. 1896 അപകടങ്ങൾ വർദ്ധിച്ചു.

(ഡി) ഏകദേശം 5 ശതമാനം വർദ്ധനവ്.

**വാഹന പരിശോധനയും പരാതികളും**

207 (4053) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന പരിശോധനയുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ;

(ബി) റോഡിൽ വാഹനങ്ങൾ പരിശോധിക്കുമ്പോൾ ജീവനക്കാർ പാലിച്ചിരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വാഹന പരിശോധനയിൽ ഗതാഗത വകുപ്പിനും പോലീസ് വകുപ്പിനും പ്രത്യേകം മാനദണ്ഡങ്ങൾ ഉണ്ടോ; വിശദമാക്കുമോ ;

(ഡി) വാഹന പരിശോധനയുടെ പേരിൽ അപകടങ്ങളും കയ്യേറ്റങ്ങളും ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യാത്രാവേളയിൽ പരിശോധനകൾമൂലം സമയനഷ്ടം ഉണ്ടാകുന്നതായും തന്മൂലം അസൗകര്യം നേരിടുന്നതായും പരാതി ലഭിച്ചിട്ടുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിന്റെ 30-9-2010-ലെ 8/2010 നമ്പർ സർക്കുലറിലെ നിബന്ധനകൾ പ്രകാരമാണ് വാഹന പരിശോധന നടത്തുന്നത്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 213, കേരള മോട്ടോർ വാഹന ചട്ടങ്ങൾ 1 (i), 1 (m), 405 എന്നീ വകുപ്പുകൾ പ്രകാരം പോലീസും മോട്ടോർ വാഹന വകുപ്പും സമാന മാനദണ്ഡങ്ങൾ അനുസരിച്ചാണ് വാഹന പരിശോധനകൾ നടത്തുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. കൊല്ലം ജില്ലയിലെ കമ്പക്കോട് എന്ന സ്ഥലത്ത് 23-9-2015-ന് വാഹന പരിശോധനയ്ക്കിടെ ബൈക്ക് യാത്രക്കാരെ ഡിപ്പാർട്ടുമെന്റ് വാഹനത്തിന്റെ ഡ്രൈവർ തടഞ്ഞുനിർത്താൻ ശ്രമിക്കുന്നതിനിടെ ബൈക്ക് സഹയാത്രികയായ ബാലികയുടെ ശരീരത്തിൽ ചൂരൽ കൊണ്ടടിച്ചു എന്ന ആരോപണത്തിൽ ടി ഡ്രൈവറെ സസ്പെൻഡ് ചെയ്യുകയും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ടിയാനെതിരെയുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി നൽകിയ കുറ്റപത്രത്തിന്റെയും കുറ്റാരോപണ പത്രികയുടെ അടിസ്ഥാനത്തിലുള്ള വിശദീകരണത്തിന്റെയും കൊല്ലം ആർ.ടി.ഒ.യുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ടിയാനെ കുറ്റവിമുക്തനാക്കി ഫയൽ തീർപ്പാക്കിയിട്ടുള്ളതാണ്.

2. കുന്നത്തൂർ സബ് ആർ.ടി. ഓഫീസിലെ എ.എം.വി.ഐ.മാരിൽ നിന്നും വാഹന പരിശോധനാവേളയിൽ ശ്രീ. എം. മുഹമ്മദ് ബഷീറിനും കുടുംബാംഗങ്ങൾക്കും മാനസിക പീഡനവും നിയമവിരുദ്ധ നടപടികളും ഉണ്ടായതായാണ് പരാതി. കൂടാതെ പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് വിജിലൻസിൽനിന്നും ലഭ്യമായ സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെയുള്ള വകുപ്പുതല നടപടികൾ പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആർ.ടി. ഓഫീസുകൾ

208 (4054) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ആർ.ടി. ഓഫീസുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ എത്ര ഓഫീസുകൾ ഉണ്ട്; ജില്ലയിലെ ഓരോ ഓഫിസിന്റെയും ജോലി ഭാരവും ഏരിയയും കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ജില്ലയിലെ പ്രധാന സ്ഥലമായ കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് ഒരു ആർ.ടി. ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 18 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും 55 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | ആർ. ടി. ഓഫീസ് | സബ്ആർ.ടി.ഓഫീസ് |
|---|---|---|
| തിരുവനന്തപുരം | 3 | 4 |
| കൊല്ലം | 1 | 4 |
| പത്തനംതിട്ട | 1 | 4 |
| ആലപ്പുഴ | 1 | 5 |
| കോട്ടയം | 1 | 5 |
| ഇടുക്കി | 1 | 4 |
| എറണാകുളം | 2 | 7 |
| തൃശ്ശൂർ | 1 | 5 |
| പാലക്കാട് | 1 | 5 |
| മലപ്പുറം | 1 | 5 |
| കോഴിക്കോട് | 2 | 2 |
| വയനാട് | 1 | 2 |
| കണ്ണൂർ | 1 | 2 |
| കാസർഗോഡ് | 1 | 1 |

(ബി) മലപ്പുറം ജില്ലയിൽ 6 ഓഫീസുകളുണ്ട്. ഓരോ ഓഫീസിന്റെയും ജോലിഭാരവും ഏരിയയും കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സേവനങ്ങൾക്ക് ഫീസ്**

209 (4055) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.ടി. ഓഫീസുകളിൽനിന്നും നൽകുന്ന സേവനങ്ങൾക്ക് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സേവനങ്ങൾക്ക് എത്ര തുക വീതമാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഓഫീസുകളുടെ നിർമ്മാണം**

210 (4056) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം താലൂക്കുകളിലാണ് സബ് ആർ.ടി. ഓഫീസുകൾ നിലവിലില്ലാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം താലൂക്കുകളിൽ സബ് ഓഫീസുകൾ സ്ഥാപിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ സബ് ആർ.ടി. ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മഞ്ചേശ്വരം, വെള്ളരിക്കുണ്ട്, ഇരിട്ടി, കൊണ്ടോട്ടി, കോന്നി, പത്തനാപുരം, വർക്കല, കാട്ടാക്കട എന്നീ താലൂക്കുകളിൽ സബ് ആർ.ടി. ഓഫീസുകൾ ഇല്ല.

(ബി&സി) പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലോ ഫ്ളോർ എ.സി. ബസുകൾ

211 (4057) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൻറം ലോ ഫ്ലോർ എ.സി. ബസുകൾ എത്രയെണ്ണം ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അതിൽ നിരത്തിൽ ഓടുന്നവ എത്ര; ഓടാത്തവ ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ ;

(സി) ടി ബസുകളുടെ മെയിന്റനൻസ് സംബന്ധമായി കാലതാമസം വരുന്ന സാഹചര്യങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ ;

(ഡി) ടി ബസ്സുകളുടെ സീറ്റുകളുടെ നിർമ്മാണത്തിലും വിന്യാസത്തിലും ഉള്ള അശാസ്ത്രീയത കാരണം യാത്രയ്ക്ക് അസൗകര്യമുള്ളതായി പരാതിയുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) ആയത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചോ;ഇല്ലെങ്കിൽ സ്വീകരിക്കുമോ?

### ഉത്തരം

(എ) കെ.യു.ആർ.ടി.സി.-യുടെ കീഴിൽ 190 ജൻറം ലോ ഫ്ളോർ എ.സി. ബസുകളാണുള്ളത്.

(ബി) 14-10-2016-ലെ കണക്കുപ്രകാരം 148 ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്. ക്രൂവിന്റെ അപര്യാപ്തതമൂലം 6 ബസുകളും വിവിധ അറ്റകുറ്റ പണികൾക്കായി 36 ബസുകളും ഡോക്ക് ചെയ്യപ്പെട്ടതിനാൽ ആകെ 42 ബസുകൾ സർവ്വീസുകൾ നടത്താൽ സാധിച്ചിട്ടില്ല.

(സി) മേജർ ആക്സിഡന്റ് പോലുള്ള വ്യാപ്തിയേറിയ അറ്റകുറ്റപ്പണികൾ ആവശ്യമായ സാഹചര്യമൊഴിച്ച് കാലതാമസം വരാറില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ജൻറം പദ്ധതിപ്രകാരം ലഭ്യമായിട്ടുള്ള ലോ ഫ്ളോർ എ.സി. വോൾവോ ബസുകളുടെ സീറ്റുകളുടെ നിർമ്മാണവും വിന്യാസവും കേന്ദ്ര സർക്കാരിന്റെ MoUD അംഗീകരിച്ച Urban bus specification പ്രകാരമാണ് നിർവ്വഹിച്ചിരിക്കുന്നത്. ഒന്നാംഘട്ടത്തിൽ ലഭ്യമായിട്ടുള്ള ബസുകൾക്ക് ഹെഡ് റെസ്റ്റുകൾ ഉണ്ടായിരുന്നില്ല. എന്നാൽ രണ്ടാംഘട്ടത്തിൽ ലഭ്യമായ ബസുകളിൽ MoUD Bus Specification-ൽ മാറ്റം വരുത്തി ഹെഡ് റെസ്റ്റുകളുള്ള സീറ്റുകളാണ് ഘടിപ്പിച്ചിട്ടുള്ളത്.

## റോഡപകട നിയന്ത്രണം

212 (4058) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർശന റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന് റഡാറുകൾ, വേഗതയളക്കുന്ന ഉപകരണങ്ങൾ, വീഡിയോ ക്യാമറകൾ, ജി.പി.എസ്./ ജി.ഐ.എസ്. എന്നിവ സജ്ജമാക്കിയിട്ടുള്ള അപകടനിയന്ത്രണ സംവിധാനങ്ങളുടെ ഉപയോഗം ഊർജ്ജിതമാക്കുമോ;

(ബി) യാത്രാവാഹനങ്ങൾ സുരക്ഷ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും ഇൻഷ്വറൻസ് പരിരക്ഷയും അന്തരീക്ഷ മലിനീകരണമില്ലായ്മയും ഉറപ്പാക്കുന്നുണ്ടെന്നും പരിശോധിക്കുന്നതിന് നടപടി കൈക്കൊള്ളുമോ;

(സി) സംസ്ഥാന-ദേശീയ പാതകളുടെ 10 കിലോമീറ്റർ ചുറ്റളവിലെങ്കിലും അപകടങ്ങൾ കൈകാര്യം ചെയ്യാനുതകുന്ന ട്രോമാ കെയർ യൂണിറ്റ് സൗകര്യം ഉറപ്പാക്കാൻ മോട്ടോർ വാഹന വകുപ്പ് മുൻകൈ എടുക്കുമോ ; വിശദീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന് വാഹന പരിശോധനയ്ക്കായി അത്യാധുനിക സംവിധാനമുള്ള സ്പീഡ് റഡാറുകളും ഇന്റർസെപ്റ്ററുകളും ഉപയോഗിക്കുന്നുണ്ട്. കേരളത്തിൽ ഓടുന്ന അപകടകരമായ വസ്തുക്കൾ വഹിച്ചുകൊണ്ടുള്ള ചരക്കു വാഹനങ്ങൾ, ബസുകൾ എന്നിവയിൽ ജി.പി.എസ്. സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനായുള്ള പ്രാരംഭ നടപടികൾ സിഡാക്കുമായി ചേർന്നു നടത്തിവരുന്നു. ചേർത്തല മുതൽ മണ്ണുത്തി വരെ ക്യാമറ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥലങ്ങളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) വാഹന പരിശോധനകളിൽ വാഹനങ്ങൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നും ഇൻഷ്വറൻസ്, പുക സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് വിധേയമാക്കാറുമുണ്ട്.

(സി) ട്രോമാ കെയർ യൂണിറ്റ് സംവിധാനം നിലവിൽ മോട്ടോർ വാഹന വകുപ്പിന്റെ പരിഗണനയിലില്ല. ഇക്കാര്യത്തിൽ നടപടിയെടുക്കേണ്ടത് ആരോഗ്യ വകുപ്പാണ്.

## ഓർഡിനറി ബസുകൾ

213 (4059) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കായംകുളം - ഹരിപ്പാട് ദേശീയപാതയിൽ പൊതുജനങ്ങളുടെ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി.-യുടെ കൂടുതൽ ഓർഡിനറി ബസ്സുകൾ സർവ്വീസ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യാത്രാക്ലേശം ശ്രദ്ധയിൽപ്പെടുന്നപക്ഷം പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ടി റൂട്ടിൽ കൂടുതൽ ഓർഡിനറി ട്രിപ്പുകൾ നടത്തുവാൻവേണ്ട നിർദ്ദേശം നൽകുന്നതാണ്.

## ഷോപ്പിംഗ് കോംപ്ലക്സ്

214 (4060) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പണിത ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണത്തിന്റെ അടങ്കൽ ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഷോപ്പിംഗ് കോംപ്ലക്സിൽ ഓരോ നിലകളിലായി എത്ര മുറികളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര മുറികളാണ് വാടകയ്ക്ക് നൽകിയിരിക്കുന്നതെന്നും ഓരോ മുറിയ്ക്കും വാടക ഇനത്തിൽ എത്ര തുകയാണ് നിശ്ചയിച്ചിരിക്കുന്നതെന്നും മുറി തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ഡി) കോംപ്ലക്സ് പണിത വകയിൽ കെ.എസ്.ആർ.ടി.സി. എത്ര തുകയാണ് കെ.ടി.ഡി.എഫ്.സി.-ക്ക് ഇപ്പോൾ നൽകാനുള്ളത് വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ ഇനത്തിൽ കെ.ടി.ഡി.എഫ്.സി.-ക്ക് കുടിശ്ശിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ കോംപ്ലക്സിൽ മുറികൾ ഒഴിഞ്ഞുകിടക്കാനുള്ള കാരണം വ്യക്തമാക്കുമോ; മുറികൾ ഒഴിഞ്ഞുകിടക്കുന്നതിലൂടെ എത്ര രൂപയുടെ നഷ്ടമാണ് കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം ബാദ്ധ്യതയായി വരുന്നതെന്നും വ്യക്തമാക്കുമോ;

(ജി) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് ബി.ഒ.ടി. അടിസ്ഥാനത്തിൽ പണി കഴിപ്പിച്ചതാണോ; ടി ഷോപ്പിംഗ് കോംപ്ലക്സ് എത്ര സ്ക്വയർ ഫീറ്റിലാണ് നിർമ്മാണം നടത്തിയത് ; ഇതിൽ എത്ര സ്ക്വയർ ഫീറ്റാണ് നിലവിൽ വാടകയ്ക്ക് നൽകിയിരിക്കുന്നത്; വാടക കുടിശ്ശിക നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ

ഉത്തരം

(എ) അടങ്കൽ ചെലവ് 36.81 കോടി രൂപയാണ്.

(ബി) ഓരോ നിലകളിൽ വാടകയ്ക്ക് നൽകാവുന്ന സ്ഥലങ്ങളുടെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു. ടെണ്ടർ അനുവദിക്കുന്ന മുറയ്ക്കാണ് മുറികളായി തിരിക്കുന്നത്.

| | | |
|---|---|---|
| തറനില | - | 9757.24 ചതുരശ്ര അടി |
| ഒന്നാം നില | - | 12738.08 ചതുരശ്ര അടി |
| രണ്ടാം നില | - | 19833.59 ചതുരശ്ര അടി |
| മൂന്നാം നില | - | 19833.59 ചതുരശ്ര അടി |
| നാലാം നില | - | 19833.59 ചതുരശ്ര അടി |
| അഞ്ചാം നില | - | 22015 ചതുരശ്ര അടി |

(സി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) അങ്കമാലി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് പ്രോജക്ട് കോസ്റ്റിനത്തിൽ 36.81 കോടി രൂപ കെ.ടി.ഡി.എഫ്.സി. ചെലവാക്കിയിട്ടുണ്ട്. ടി തുക 2008 മുതൽ വിവിധ കാലയളവുകളിൽ ചെലവഴിക്കേണ്ടിവന്നിട്ടുണ്ട്. ആകയാൽ അപ്രകാരം ചെലവഴിച്ച തുകകളുടെ നാളിതുവരെയുള്ള പലിശത്തുക കണക്കാക്കുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റിനെ ഏൽപ്പിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) അങ്കമാലി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നടത്തിപ്പിൽനിന്നും ലഭിക്കുന്ന വരുമാനത്തിൽനിന്നും ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഇനത്തിൽ കെ.ടി.ഡി.എഫ്.സി.-ക്ക് ചെലവാകുന്ന തുക കിഴിച്ചതിനുശേഷം ലാഭവിഹിതത്തിന്റെ 50 ശതമാനം തുക കെ.എസ്.ആർ.ടി. സി.-ക്ക് നൽകിയതിനു ശേഷമുള്ള ബാക്കി 50 ശതമാനം തുക കെ.ടി.ഡി.എഫ്.സി. പ്രോജക്ട് കോസ്റ്റ് ഇനത്തിലേക്ക് വകക്കൊള്ളിച്ച്, ലഭിക്കുവാനുള്ള തുക പലിശ സഹിതം ലഭിച്ച് കഴിയുമ്പോൾ കോംപ്ലക്സ് കൈമാറണം എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. നാളിതുവരെ ലഭിച്ച തുക കിഴിച്ച് ബാക്കിയുള്ള കുടിശ്ശിക തുക പലിശ ഉൾപ്പെടെ കണക്കാക്കുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റിനെ ഏൽപ്പിച്ചിരിക്കുകയാണ്.

(എഫ്) പല പ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും വളരെ കുറച്ച് സ്ഥലം മാത്രമാണ് ടെണ്ടർ വഴി അലോട്ട് ചെയ്യുവാൻ കഴിഞ്ഞത്. കൂടാതെ നേരിട്ടും മാർക്കറ്റിംഗ് ഏജൻസി വഴിയും സ്ഥലങ്ങൾ വാടകയ്ക്ക് നൽകാൻ ശ്രമിച്ചുവെങ്കിലും ഉദ്ദേശിച്ച ഫലമുണ്ടായില്ല. ആകയാൽ ഇപ്പോൾ അടിസ്ഥാന വാടക നിരക്കും സെക്യൂരിറ്റി ഡെപ്പോസിറ്റ് നിരക്കും കുറച്ചുകൊണ്ട് പുതിയ ഇ-ടെണ്ടർ ക്ഷണിച്ചിട്ടുള്ളതാണ്. ഓരോ മുറിക്കും വ്യത്യസ്ത വാടക നിശ്ചയിക്കേണ്ടി വരുന്നതിനാൽ ബാദ്ധ്യതയുടെ കണക്ക് തയ്യാറാക്കാനാവില്ല.

(ജി) ടി കോംപ്ലക്സ് കെ.ടി.ഡി.എഫ്.സി. ബി.ഒ.ടി. അടിസ്ഥാനത്തിലാണ് നിർമ്മിച്ചിട്ടുള്ളത്. ഇതിന്റെ ആകെ വിസ്തീർണ്ണം 176508.86 ചതുരശ്ര അടിയാണ്. അതിൽ ആകെയുള്ള വാണിജ്യ സ്ഥലത്തിന്റെ വിസ്തീർണ്ണം 104011.09 ചതുരശ്ര അടിയാണ്. അതിൽ നാളിതുവരെ വാടകയ്ക്ക് നൽകിയ സ്ഥലങ്ങളുടെ ആകെ വിസ്തീർണ്ണം 32199.66 ചതുരശ്ര അടിയാണ്. നിലവിൽ വാടക കുടിശ്ശികയായി രണ്ട് വാടകക്കാരിൽനിന്നും 16,42,776 രൂപ ലഭിക്കുവാനുണ്ട്. ജി 3, 4, 7, 8, 9, 10 എന്നിവയിൽനിന്നും 15-07-2016 വരെ 14,94,950 രൂപയും ജി 29-ൽനിന്നും 1,47,826 രൂപയും കുടിശ്ശികയുണ്ട്. ഈ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജീവനക്കാരുടെ എണ്ണം**

215 (4061) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തലശ്ശേരി ഡിപ്പോയിൽനിന്നും നിലവിൽ എത്ര ബസ്സ് സർവ്വീസ് നടത്തുന്നുണ്ട്;

(ബി) കെ.എസ്.ആർ.ടി.സി. തലശ്ശേരി ഡിപ്പോയിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) നിലവിൽ തലശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എത്ര ഡ്രൈവർ, കണ്ടക്ടർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്എന്നറിയിക്കാമോ ;

(ഡി) ഈ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ;

(ഇ) ഈ തസ്തികകളിലേയ്ക്കുള്ള നിയമനം സമയബന്ധിതമായി പൂർത്തിയാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. തലശ്ശേരി ഡിപ്പോയിൽ നിലവിൽ ആർ.ടി.സി.-യുടെ 5 ഡേക്ക് ഓവർ സർവ്വീസ് ഉൾപ്പെടെ 56 ഷെഡ്യൂളുകളും കെ.യു.ആർ.ടി.സി.-യുടെ 3 ഷെഡ്യൂളുകളുമുണ്ട്. ഇതിൽ കെ.എസ്.ആർ.ടി.സി. ശരാശരി 52 ഷെഡ്യൂളുകളും കെ.യു.ആർ.ടി.സി.-യുടെ 3 ഷെഡ്യൂളുകളും സ്ഥിരമായി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

| | | |
|---|---|---|
| (ബി)സൂപ്രണ്ട് | - | 2 |
| ജൂനിയർ അസിസ്റ്റന്റ് | - | 9 (സ്ഥിരം-3, എംപാനൽ- 6) |
| അസിസ്റ്റന്റ് | - | 2 |
| അസിസ്റ്റന്റ് സർജന്റ് | - | 2 |
| ഗാർഡ് | - | 2 |
| സ്വീപ്പർ കം സ്കാവഞ്ചർ | - | 1 |
| ഇൻസ്പെക്ടർ | - | 4 |
| സ്റ്റേഷൻ മാസ്റ്റർ | - | 3 |
| കണ്ടക്ടർ | - | 146 (സ്ഥിരം- 98, എംപാനൽ- 48) |
| വെഹിക്കിൾ സൂപ്പർവൈസർ | - | 2 |
| ഡ്രൈവർ | - | 160 (സ്ഥിരം - 151, എംപാനൽ-9) |
| എ.ഡി.ഇ | - | 1 |
| ചാർജ്മാൻ | - | 1 |
| ടയർ ഇൻസ്പെക്ടർ | - | 1 |
| മെക്കാനിക് | - | 41 (സ്ഥിരം - 36, എംപാനൽ -5) |
| ബ്ലാക്ക്സ്മിത്ത് | - | 5 |
| അപ്ഹോൾസ്റ്റർ | - | 1 |
| പെയിന്റർ | - | 2 (സ്ഥിരം - 1, എംപാനൽ - 1) |
| ഗ്യാരേജ് മസ്ദൂർ | - | 1 (എംപാനൽ) |
| അസിസ്റ്റന്റ് സ്റ്റോർ കീപ്പർ | - | 1 |
| സ്റ്റോർ അസിസ്റ്റന്റ് | - | 1 |

(സി) തലശ്ശേരി ഡിപ്പോയിൽ നിലവിൽ സർവ്വീസ് നടത്തുന്ന ഷെഡ്യൂളുകൾക്ക് ആനുപാതികമായി എണ്ണം കണക്കാക്കുമ്പോൾ ഡ്രൈവർമാരുടെ ഒഴിവുകൾ നിലവിലില്ല. കണ്ടക്ടർമാരുടെ 5 ഒഴിവുകളുണ്ട്.

(ഡി) ഇല്ല.

(ഇ) പൂർത്തിയാക്കുന്നതാണ്.

## ജോയിന്റ് ആർ.ടി. ഓഫീസ്

216 (4062) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്കിൽ ജോയിന്റ് ആർ.ടി. ഓഫീസ് ഇല്ലാത്തതിനാൽ വാഹന ഉടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) വർക്കല നിയോജക മണ്ഡലത്തിൽ ഒരു ജോയിന്റ് ആർ.ടി. ഓഫീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ചടയമംഗലത്തെ യാത്രാക്ലേശം

217 (4063) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയുടെ കിഴക്കൻ മലയോര കാർഷിക മേഖലയായ ചടയമംഗലം നിയോജക മണ്ഡലത്തിലേക്ക് വിവിധ ഡിപ്പോകളിൽനിന്നും കെ.എസ്.ആർ.ടി.സി. നടത്തിക്കൊണ്ടിരുന്ന സർവ്വീസുകൾ നിലച്ചതുമൂലം വന്നിട്ടുള്ള യാത്രാക്ലേശം സംബന്ധിച്ച പരാതികളും നിവേദനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നിവേദനങ്ങളിലും പരാതികളിന്മേലും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള കിളിമാനൂർ - സംഭ്രമം-കടയ്ക്കൽ, കിളിമാനൂർ-മന്ദിരംകുന്ന് - കടയ്ക്കൽ സർവ്വീസുകൾ പുനരാരംഭിച്ച് കൃത്യതയോടെ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള ചില ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് ചണ്ണപ്പേട്ട, കടയ്ക്കൽ മണലുവട്ടം, മാങ്കോട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വീസുകൾ നടത്തുന്നുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് ബസുകളുടെ ലഭ്യതക്കുറവുണ്ട്. പുതിയ ബസുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് ടി പരാതികൾക്ക് പരിഹാരം കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ടി സർവ്വീസുകളൊന്നുംതന്നെ റദ്ദ് ചെയ്തിട്ടില്ല. ബസിന്റെ ലഭ്യതക്കുറവുമൂലം ചില ദിനങ്ങളിൽ ടി സർവ്വീസുകൾ അയയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. ടി സർവ്വീസുകൾ കൃത്യമായി ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## ബസ് സർവ്വീസ്

218 (4064) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി വിദ്യാർത്ഥികളടക്കം യാത്ര ചെയ്യുന്ന മംഗലാപുരത്തേക്ക് കോതമംഗലം ഡിപ്പോയിൽനിന്നും ഒരു പുതിയ ബസ് സർവീസ് അനുവദിക്കുവാൻ നടപടി എടുക്കുമോ;

(ബി) ഈ റൂട്ടിലേക്ക് ഒരു സൂപ്പർക്ലാസ്സ് ബസ് അനുവദിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കർണ്ണാടക സംസ്ഥാനവുമായി നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ ഇത്തരത്തിലുള്ള ഒരു സർവ്വീസിന് ധാരണ ഇല്ലാത്തതിനാൽ ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

## കെ.എസ്.ആർ.ടി.സി. ഡിപ്പോ

219(4065) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെയും ഷോപ്പിംഗ് കോംപ്ലക്സിന്റെയും നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെയും ഷോപ്പിംഗ് കോംപ്ലക്സിന്റെയും സ്ട്രക്ച്ചറൽ വർക്കുകൾ പൂർത്തിയാക്കിക്കഴിഞ്ഞു.

(ബി) പലിശരഹിത മൂലധന നിക്ഷേപം സമാഹരിച്ചാണ് പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നത്. ഇവ ലഭിക്കുന്നതനുസരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

**ബസ് സ്റ്റാൻഡ് നവീകരണം**

220 (4066) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നവീകരിച്ച് അവിടെ അന്തർ സംസ്ഥാന ബസ് സർവ്വീസുകളുടെ ഓപ്പറേറ്റിംഗ് ഹബ്ബാക്കി മാറ്റാനും അങ്കമാലി, കോഴിക്കോട് എന്നിവിടങ്ങളിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നവീകരിച്ച മാതൃകയിൽ നിർമ്മിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

(ബി) അതിനാവശ്യമായ ഫണ്ട് അടുത്ത വർഷത്തെ ബഡ്ജറ്റിൽ വകയിരുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ പദ്ധതികളൊന്നുംതന്നെ ഉദ്ദേശിച്ചിട്ടില്ല. വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ വരുമാന ലഭ്യത ഉറപ്പുവരുത്തിയാണ് കോംപ്ലക്സുകൾ പണിതുവരുന്നത്.

**ഇ-ബുക്കിംഗ് സൗകര്യം**

221 (4067) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അതിരപ്പിള്ളി ടൂറിസ്റ്റ് മേഖലയടക്കമുള്ള ഗതാഗത പ്രാധാന്യമുള്ള ചാലക്കുടി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഇ-മെയിൽ വഴി ടിക്കറ്റ് ബുക്ക് ചെയ്യുന്നതിന് നിലവിൽ ഓപ്ഷൻ ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത സൗകര്യം ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഓൺലൈൻ റിസർവേഷൻ സംവിധാനം നിലവിലുള്ള സർവ്വീസുകളിൽ യാത്രക്കാർക്ക് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ ചാലക്കുടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പ്രസ്തുത സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

**കെ.എസ്.ആർ.ടി.സി. ഗ്യാരേജ്**

222 (4068) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഗ്യാരേജിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഗ്യാരേജിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ബിൽഡിംഗ് നമ്പർ കിട്ടാത്തതുകാരണം ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമായിട്ടില്ല. നമ്പർ കിട്ടുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**യാത്രാക്ലേശം**

223 (4069) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് കസബ-ചേരൻകൈ കടപ്പുറം ഭാഗങ്ങളിലെ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ കാസർകോട് ടൗണിൽനിന്ന് പ്രസ്തുത ഭാഗങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) വീതി കുറഞ്ഞ റോഡും ഇടുങ്ങിയ പാലവും ഈ ഭാഗങ്ങളിലേക്ക് ബസ് സർവ്വീസ് നടത്താൻ മുമ്പ് തടസ്സമായിരുന്നു എങ്കിലും ഇപ്പോൾ ഈ തടസ്സം നീങ്ങിക്കിട്ടിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ താമസംവിനാ ഈ ഭാഗത്തേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പ്രഖ്യാപിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഷോർട്ട് വീൽ ബസ് ഉപയോഗിച്ച് മാത്രമേ ടി റൂട്ടിൽ സർവ്വീസ് നടത്താൻ കഴിയുകയുള്ളൂ. കോർപ്പറേഷന് നിലവിൽ ഷോർട്ട് വീൽ ബെയ്സ്ഡ് ബസിന്റെ ലഭ്യതക്കുറവുണ്ട്. ഷോർട്ട് വീൽ ബെയ്സ്ഡ് ബസിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി ആവശ്യം പരിശോധിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാധാരണ ബസുപയോഗിച്ച് ടി റൂട്ടിൽ സർവ്വീസ് നടത്താൻ കഴിയില്ല എന്നതിനാൽ ഷോർട്ട് വീൽ ബെയ്സ്ഡ് ബസിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി ആവശ്യം പരിശോധിക്കുന്നതാണ്.

**മിന്നൽ പണിമുടക്കുകൾ**

224 (4070) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്സുകളുടെ മിന്നൽ പണിമുടക്ക് സാധാരണ യാത്രക്കാർക്കുണ്ടാക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രഖ്യാപിതവും അനവസരത്തിലുമുള്ള ഇത്തരം മിന്നൽ പണിമുടക്കുകൾ രോഗികൾ, സ്ത്രീകൾ, കുട്ടികൾ, വിദ്യാർത്ഥികൾ, സമൂഹത്തിന്റെ അടിത്തട്ടിലുള്ളവർ എന്നിവർക്കുണ്ടാക്കുന്ന പ്രയാസങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം മിന്നൽ പണിമുടക്കുകൾ നിയമ വിരുദ്ധമല്ലേയെന്ന് വിശദമാക്കുമോ;

(ഡി) പെർമിറ്റ് വ്യവസ്ഥകൾ പ്രകാരം മുൻകൂർ നോട്ടീസ് നൽകാതെ ബസ് തൊഴിലാളികൾ സമരം ചെയ്യാൻ പാടുണ്ടോയെന്ന് വിശദമാക്കുമോ;

(ഇ) എങ്കിൽ ഇത്തരം മിന്നൽ ബസ് പണിമുടക്കുകൾ തടയാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈകൊള്ളുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഇ) ഉണ്ട്. നിയമവിരുദ്ധമായ ഇത്തരം മിന്നൽ പണിമുടക്കുകൾ അപ്രതീക്ഷിതമായി ഉണ്ടാകുന്നതുമൂലം പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി സമയബന്ധിതമായി സർവ്വീസ് പുനരാരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിക്കാറുണ്ട്. അവശ്യഘട്ടങ്ങളിൽ പോലീസ് സഹായവും ഉപയോഗപ്പെടുത്താറുണ്ട്. കേരള മോട്ടോർ വാഹനചട്ടം 215 പ്രകാരം ഒരു ബസ് അതിനനുവദിച്ചിട്ടുള്ള സമയക്രമത്തിൽ ഓടിക്കാൻ ഏതെങ്കിലും

സാഹചര്യത്തിൽ കഴിയുകയില്ലെങ്കിൽ ആ വിവരം പെർമിറ്റ് നൽകിയിട്ടുള്ള അതോറിറ്റിയെ അറിയിക്കാൻ പെർമിറ്റ് ഉടമ ബാദ്ധ്യസ്ഥനാണ്. കേരള മോട്ടോർ വാഹന ചട്ടം 152 പ്രകാരം പെർമിറ്റ് ഉടമ പെർമിറ്റ് നൽകിയ അതോറിറ്റിയെ തന്റെ വാഹനം സർവ്വീസ് നടത്തുന്നില്ലെന്ന കാര്യം അറിയിച്ച് മുൻകൂർ അനുമതി നേടിയിരിക്കേണ്ടതാണ്. എന്നാൽ പെർമിറ്റ് വ്യവസ്ഥകളിൽ ബസ് തൊഴിലാളികളുടെ സമരം സംബന്ധിച്ച് പരാമർശമൊന്നുമില്ല. മിന്നൽ ബസ് പണിമുടക്കുകൾ തടയുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**പുതിയ സർവ്വീസ്**

225 (4071) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ഡിപ്പോയിലേക്ക് രണ്ട് പുതിയ സർവ്വീസ് (മാവേലിക്കര-തേക്കടി, മാവേലിക്കര-കണ്ണൂർ സർവ്വീസ്) നടത്തുന്നതിലേക്കായി എം.എൽ.എ. മാനേജിങ് ഡയറക്ടർക്ക് നൽകിയ കത്ത് പരിഗണിക്കുമോ; ഈ സർവ്വീസ് നടത്തുന്നതിലേക്കായി അടിയന്തരമായി രണ്ട് ബസുകൾ അനുവദിച്ച് നൽകുമോ ?

<u>ഉത്തരം</u>

മാവേലിക്കര യൂണിറ്റിൽനിന്നും മാവേലിക്കര-തേക്കടി, മാവേലിക്കര-കണ്ണൂർ സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം വിശദമായി പരിശോധിച്ചു. പുതിയ ബസുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് ടി ആവശ്യം പരിശോധിക്കുന്നതാണ്.

**ചാത്തന്നൂർ ഡിപ്പോ**

226 (4072) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന പ്രാദേശിക ഉൾനാടൻ സർവ്വീസുകളിൽ എത്രയെണ്ണം മുൻസർക്കാരിന്റെ അവസാന 3 മാസക്കാലയളവിൽ സർവ്വീസ് നിർത്തി എന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ അവസാന 3 മാസങ്ങളിൽ ടി ഡിപ്പോയിൽനിന്നും സർവ്വീസ് അവസാനിപ്പിച്ച സ്റ്റേ ബസ്സുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ;

(സി) ടി ഡിപ്പോയിൽ അനുമതി ലഭിച്ചിട്ടുള്ള 62 സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻസർക്കാരിന്റെ അവസാന മൂന്ന് മാസങ്ങളിൽ ചാത്തന്നൂർ ഡിപ്പോയിൽ നിന്നും 06.45 ഉളിയനാട് എന്ന പ്രാദേശിക ഉൾനാടൻ സർവ്വീസ് മാത്രമേ താൽക്കാലികമായി റദ്ദ് ചെയ്തിരുന്നുള്ളൂ. കഴിഞ്ഞ ഒരു വർഷമായി ബസുകളുടെ ലഭ്യതക്കുറവുമൂലം വരുമാനം കുറഞ്ഞ താഴെപ്പറയുന്ന പ്രാദേശിക ഉൾനാടൻ സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

1. 06.30 കുറുമണ്ഡൽ
2. 07.10 പള്ളിക്കൽ (പാരിപ്പള്ളി, നെട്ടയം വഴി)
3. 07.45 പരവൂർ-വർക്കല-തിരുവനന്തപുരം
4. 07.40 കൊട്ടിയം (അവസാന ട്രിപ്പ് 20.40 കൊട്ടിയം പരവൂർ, 21.20 പരവൂർ - ചാത്തന്നൂർ ട്രിപ്പുകൾ)
5. 07.20 ഓയൂർ-പുനലൂർ (ഇത്തിക്കര വഴി)
6. 07.20 വെളിയം
7. 07.15 ആറ്റിങ്ങൽ (16.00 കൊല്ലം-കിളിമാനൂർ, 18.20 കിളിമാനൂർ-കൊല്ലം ട്രിപ്പുകൾ)

(ബി) മുൻസർക്കാരിന്റെ അവസാന മൂന്ന് മാസങ്ങളിൽ ചാത്തന്നൂർ ഡിപ്പോയിൽ നിന്നും സ്റ്റേ സർവ്വീസുകൾ ഒന്നുംതന്നെ റദ്ദ് ചെയ്തിട്ടില്ല. എന്നാൽ കഴിഞ്ഞ ഒരു വർഷത്തിലേറെയായി ബസുകളുടെ ലഭ്യതക്കുറവുമൂലം വരുമാനം കുറഞ്ഞ ചുവടെ പറയുന്ന സ്റ്റേ സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

1. 13.15 കൊട്ടിയം (ഭൂതക്കുളം സ്റ്റേ)
2. 12.45 കൊട്ടിയം (ആറ്റിങ്ങൽ സ്റ്റേ)
3. 14.35 കൊടിമൂട്ടിൽ-തിരൂർ (തിരൂർ സ്റ്റേ)
4. 12.00 കൊട്ടിയം- പാങ്ങോട് (പാങ്ങോട് സ്റ്റേ)

(സി) ടി ഡിപ്പോയിൽ 3 ജൻറം സർവ്വീസുകൾ ഉൾപ്പെടെയുള്ള 56 ഷെഡ്യൂളുകളിൽ 45 ആർ.ടി.സി. സർവ്വീസുകളും 3 ജൻറം സർവ്വീസുകളും കൃത്യമായി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ബസുകളുടെ ലഭ്യതക്കുറവാണ് ബാക്കി ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ കഴിയാതിരിക്കുന്നതിന്റെ കാരണം. പുതിയ ബസുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് ഡിപ്പോയിലെ മുഴുവൻ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കരുനാഗപ്പള്ളി ഡിപ്പോ

227 (4073) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിദിനം ആറു ലക്ഷം രൂപയിലധികം വരുമാനമുള്ള കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ വർക്ക് ഷോപ്പിന്റെ ഭിത്തി തകർച്ചയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) ഇതിന്റെ മേൽക്കൂര താങ്ങിനിർത്തുന്ന ഭിത്തിയുടെ ബലക്ഷയം പരിഗണിച്ച് അടിയന്തരമായി ഗ്യാരേജിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഗ്യാരേജും പരിസരവും ശുചീകരിച്ച് കൂട്ടിയിട്ടിരിക്കുന്ന ഇരുമ്പു കമ്പികൾ മുതലായ ആക്രിസാധനങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്.

## കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം

228 (T*4074) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയിൽ പലപ്പോഴും കാൽനടയാത്രക്കാർക്ക് ജീവൻ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാൽനടയാത്രക്കാരുടെ സുരക്ഷിതത്വത്തിന് കർമ്മപദ്ധതി തയ്യാറാക്കുമോ;

(ബി) ദേശീയപാതയിൽ ഡിവൈഡർ ഇല്ലാത്ത സ്ഥലങ്ങളിൽ ട്രാഫിക് വാർഡൻമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ തുക റോഡ് സേഫ്റ്റി അതോറിറ്റി വഴി കണ്ടെത്തുമോ; റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം വിശദമാക്കുമോ;

(സി) കുറ്റിപ്പുറത്തിനും കോട്ടയ്ക്കലിനും ഇടയിൽ ഇത്തരത്തിൽ നടന്ന അപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദേശീയപാതയിൽ പ്രധാനസ്ഥലങ്ങളിൽ ജനങ്ങൾക്ക് കുറുകെ കടക്കാൻ ആവശ്യമായ സഹായംചെയ്യുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി റോഡ് മുറിച്ച് കടക്കുന്നതിന് തിരക്കേറിയ ജംഗ്ഷനുകളിൽ ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ എല്ലാ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) റോഡ് സുരക്ഷാ അതോറിറ്റി നേരിട്ട് പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കുന്നില്ല. അതോറിറ്റിയിലെ അനുബന്ധ വകുപ്പുകളായ പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളും മറ്റു സ്ഥാപനങ്ങളായ നാറ്റ്പാക്, കെൽട്രോൺ കൂടാതെ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ എന്നിവർ റോഡ് സുരക്ഷ സംബന്ധിച്ച് തയ്യാറാക്കി സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൽ അതോറിറ്റി മീറ്റിംഗിൽ പരിശോധിച്ച് അംഗീകരിക്കുന്ന പദ്ധതികൾക്ക് ഫണ്ട് നൽകുക മാത്രമാണ് ചെയ്യുന്നത്. പദ്ധതി നടപ്പാക്കുന്നത് അതാത് വകുപ്പുകളും സ്ഥാപനങ്ങളുമാണ്.

(സി) കുറ്റിപ്പുറം ജംഗ്ഷനിലെ കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചു കടക്കുന്നതിനുള്ള ബുദ്ധിമുട്ട് കെൽട്രോണിന്റെ സഹായത്തോടെ പരിഹരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. സ്റ്റോപ്പ്

229 (4075) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുനിന്നും കൊല്ലം ഭാഗത്തേക്ക് പോകുന്ന കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ബസുകൾ ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ മാത്രം നിർത്തുന്നതും യാത്രക്കാരെ ആറ്റിങ്ങലിലെ പ്രധാന കേന്ദ്രമായ കച്ചേരിനടയിൽ പോലും ഇറക്കുകയോ കയറ്റുകയോ ചെയ്യാത്തതും ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ബസുകൾക്ക് ആറ്റിങ്ങൽ പട്ടണത്തിന്റെ വലിപ്പം ഉൾക്കൊണ്ട് കച്ചേരിനടയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വടക്കോട്ടു പോകുന്ന സൂപ്പർ ക്ലാസ്സ് സർവ്വീസുകൾ ആറ്റിങ്ങൽ കച്ചേരിനടയിൽ നിർത്തുന്നത് പ്രായോഗികമല്ലാത്തതിനാൽ സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല.

**നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

230 (4076) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തിലോടുന്ന സർവ്വീസുകൾ ഏതെല്ലാമെന്ന് ഡിപ്പോതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഷെഡ്യൂളുകൾ ശാസ്ത്രീയമായി പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നഷ്ടത്തിലോടുന്ന സർവ്വീസുകൾ പരിശോധിക്കുവാനും നഷ്ടം പരിഹരിക്കുവാനും നടപടി സ്വീകരിക്കുമോ?

(ഡി) നഷ്ടത്തിലോടുന്ന സർവ്വീസുകളുടെ ഡിപ്പോ തിരിച്ച് സർവ്വീസ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശരാശരി 10,000 രൂപയെങ്കിലും പ്രതിദിനം വരുമാനം ലഭ്യമല്ലെങ്കിൽ ടി സർവ്വീസുകൾ തീർത്തും നഷ്ടത്തിലാണ്. അങ്ങനെയുള്ള 3012 ഷെഡ്യൂളുകൾ കെ.എസ്.ആർ.ടി.സി.-യിലുണ്ട്. ഡിപ്പോ തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

(ബി&സി) തീരെ വരുമാനക്കുറവുള്ള ഷെഡ്യൂളുകൾ യാത്രക്കാർക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

(ഡി) ശേഖരിച്ചുവരുന്നു.

**മീറ്റർ ബില്ലിംഗ്**

231 (4077) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന എല്ലാ ഓട്ടോറിക്ഷകളിലും മീറ്റർ ബില്ലിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ പല ജില്ലകളിലും ഓട്ടോറിക്ഷകളിൽ മീറ്റർ ബില്ലിംഗ് സംവിധാനം ഇപ്പോഴുമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വാടകയുടെ കാര്യത്തിൽ റിക്ഷാ ഡ്രൈവർമാരും യാത്രക്കാരും തമ്മിൽ പലപ്പോഴും ഉണ്ടാകുന്ന വാക്കുതർക്കങ്ങൾ ഒഴിവാക്കാൻ മീറ്റർ ബില്ലിംഗ് സംവിധാനം സഹായകരമാണെന്നിരിക്കെ, എല്ലാ ജില്ലകളിലും ഈ സംവിധാനം ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) മീറ്റർ ബില്ലിംഗ് സംവിധാനം ഉള്ള ജില്ലകളും ഇല്ലാത്ത ജില്ലകളും ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതുവരെ മീറ്റർ ബില്ലിംഗ് സംവിധാനം ഇല്ലാത്ത ജില്ലകളിൽ ബില്ലിംഗ് ഏർപ്പെടുത്താനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ; തടസ്സങ്ങളുണ്ടെങ്കിൽ അവ നീക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തൊക്കെയെന്ന് അറിയിക്കുമോ :

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ഓട്ടോറിക്ഷകളിൽ ഫെയർ മീറ്റർ മാത്രമാണ് നിർബന്ധമാക്കിയിട്ടുള്ളത്. മീറ്റർ ബില്ലിംഗ് നിർബന്ധമാക്കിയിട്ടില്ല.

(സി) മീറ്റർ ബില്ലിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) സംസ്ഥാനത്തെ ഒരു ജില്ലയിലും മീറ്റർ ബില്ലിംഗ് നിർബന്ധമാക്കിയിട്ടില്ല.

(ഇ) ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**ഓവർലാപ്പിംഗ് പരിധി**

232 (4078) <u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻപ്രദേശങ്ങളിൽനിന്ന് ദേശസാൽകൃത റൂട്ടിൽ പ്രവേശിക്കുന്ന പ്രൈവറ്റ് ബസുകളുടെ ഓവർലാപ്പിംഗ് പരിധി നിലവിൽ എത്രയാണ്;

(ബി) ഇതുസംബന്ധിച്ച് നിലവിലുള്ള നിബന്ധന ഏത് ഉത്തരവ് പ്രകാരമാണ്;

(സി) കെ.എസ്.ആർ.ടി.സി. സർവീസിന് വിദൂരസാധ്യതപോലുമില്ലാത്ത റൂട്ടുകളിൽ സർവീസ് നടത്തുന്ന പ്രൈവറ്റ് ബസുകളുടെ പെർമിറ്റ് അനുവദിക്കുമ്പോൾ നിലവിലുള്ള ഓവർലാപ്പിംഗ് പരിധി തടസമാകാറുണ്ടോ;

(ഡി) പൊതുജന ഉപകാരാർത്ഥം നിലവിലുള്ള ഓവർലാപ്പിംഗ് പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കുമോ ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി .സർവീസ് ഏർപ്പെടുത്തുമോ എന്നറിയിക്കാമോ?

## ഉത്തരം

(എ&ബി) കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന റൂട്ട് ദേശസാൽക്കരണ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് സ്വകാര്യ ബസുകൾക്ക് ഓവർ ലാപ്പിംഗ് ദൂരപരിധി നിശ്ചയിച്ചിരിക്കുന്നത്. ഉദാഹരണമായി 14-7-2009-ലെ സ.ഉ. (പി) നമ്പർ 42/2009/ഗതാ നമ്പർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ 31 റൂട്ടുകൾ ദേശസാൽക്കരിക്കുകയുണ്ടായി. ടി ഉത്തരവിൽ 5 കിലോമീറ്റർ ദൂരമോ റൂട്ട് ദൈർഘ്യത്തിന്റെ 5 ശതമാനം വരെയോ ഏതാണോ കുറവ് അത്രയും ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്.

പൊന്നാനി - ചേളാരി റൂട്ട് ദേശസാൽക്കരണം സംബന്ധിച്ച 8-12-2015-ലെ സ.ഉ. (പി) നമ്പർ 79/2015/ഗതാ നമ്പർ ഉത്തരവുപ്രകാരം 4 ഭാഗങ്ങളിലായി പരമാവധി 10 കിലോമീറ്റർ വരെയും കാസർഗോഡ്-തലപ്പാടി റൂട്ട് ദേശസാൽക്കരണം സംബന്ധിച്ച സ.ഉ. (പി) 1/2016/ഗതാ നമ്പർ ഉത്തരവുപ്രകാരം രണ്ടു ഭാഗങ്ങളിലായി പരമാവധി 6 കിലോമീറ്റർ വരെയും ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല. കെ.എസ്.ആർ.ടി.സി.ക്കു മാത്രം സർവ്വീസ് നടത്തുന്നതിന് അനുമതിയുള്ള ദേശസാൽകൃത റൂട്ടുകളിൽ ഓവർലാപ്പിംഗ് പരിധി അനുവദിച്ചിട്ടുള്ളത് സ്വകാര്യ ബസുകൾക്ക് ടി റൂട്ടുകളിലൂടെ പെർമിറ്റുകൾ കരസ്ഥമാക്കുന്നതിനു വേണ്ടിയാണ്. അല്ലാത്തപക്ഷം നിലവിലുള്ള സ്വകാര്യ ബസ് സർവ്വീസുകൾക്കുപോലും ദേശസാൽകൃത റൂട്ടുകളിലൂടെ പെർമിറ്റ് ലഭിക്കാൻ സാദ്ധ്യതയില്ലാതെ ടി സർവ്വീസുകൾ നിർത്തിവയ്ക്കേണ്ട അവസ്ഥ സംജാതമാകുമായിരുന്നു.

(ഡി) ദേശസാൽകൃത റൂട്ടുകളിലെ ഓവർലാപ്പിംഗ് ദൂരപരിധി വർദ്ധിപ്പിക്കേണ്ട ആവശ്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ദേശസാൽകൃത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തി വരികയാണ്. ബസിന്റെയും ജീവനക്കാരുടെയും ലഭ്യത അനുസരിച്ച് കൂടുതൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## മിനിസ്റ്റീരിയൽ ജീവനക്കാർ

233 (4079) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് എ.എം.വി.ഐ. ആയി പ്രൊമോഷൻ നൽകാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്രപേർക്ക് എ.എം.വി.ഐ. ആയി പ്രൊമോഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മിനിസ്റ്റീരിയൽ സ്റ്റാഫിന് എ.എം.വി.ഐ. ആയി പ്രൊമോഷൻ നല്കാൻ വേണ്ടുന്ന യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) മിനിസ്റ്റീരിയൽ ജോലിയിൽ ഇരിക്കെ എ.എം.വി.ഐ. ആയി പ്രൊമോഷൻ ലഭിക്കുന്നതിന് വേണ്ടുന്ന യോഗ്യത നേടുന്നതിനുവേണ്ടി ആരൊക്കെ പഠനാവധി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിൽ നേടിയിട്ടുള്ള യോഗ്യതകൾ ഉണ്ടെങ്കിൽ ആയത് എ.എം.വി.ഐ. പ്രൊമോഷന് ആവശ്യമായ സർട്ടിഫിക്കറ്റ് ആണോയെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 58 പേർ.

(സി) 7-4-2008-ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം ജി. ഒ. (പി) നമ്പർ 16/2008/ട്രാൻ പ്രകാരം മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് താഴെപ്പറയുന്ന യോഗ്യതകൾ നിഷ്കർഷിക്കുന്നു.

1. എസ്. എസ്. എൽ. സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

2. 1. സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നൽകുന്ന മൂന്ന് വർഷ ആട്ടോമൊബൈൽ എഞ്ചിനിയറിംഗ് അഥവാ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ; അല്ലെങ്കിൽ

   2 (1)ഖണ്ഡികയിൽ പറയുംപ്രകാരമുള്ള കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത യോഗ്യത.

3. മുകളിൽ പറയുംപ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത നേടിയതിനു ശേഷം ഒരു സർക്കാർ അംഗീകൃത വർക്ക്ഷോപ്പിൽ നിന്നുമുള്ള ഒരു വർഷത്തെ ഫുൾടൈം വർക്ക്ഷോപ്പ് പ്രവൃത്തി പരിചയം.

4. മോട്ടോർ സൈക്കിൾ, ഹെവി ഗുഡ്സ് വെഹിക്കിൾ, ഹെവി പാസ്സഞ്ചർ വെഹിക്കിൾ എന്നിവ ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ്.

5. ശാരീരിക യോഗ്യത- പുരുഷന്മാർക്ക് 165 സെ. മീ. സ്ത്രീകൾക്ക് 152 സെ. മീ. ഉയരം, 5 സെ. മീ. വികാസത്തോടുകൂടി 81 സെ.മീ (നെഞ്ചളവ് സ്ത്രീകൾക്ക് ബാധകമല്ല), നേർ കാഴ്ച യോഗ്യത.

6. അക്കൗണ്ട് ടെസ്റ്റ് (ലോവർ)-ഉം മോട്ടോർ വാഹന നിയമവും ജയിച്ചിരിക്കണം.

7. മോട്ടോർ വാഹന വകുപ്പിലെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ 3 വർഷത്തെ പ്രവർത്തി പരിചയം.

(ഡി) മിനിസ്റ്റീരിയൽ ജോലിയിൽ ഇരിക്കെ എ.എം.വി.ഐ. ആയി പ്രൊമോഷൻ ലഭിക്കുന്നതിന് വേണ്ടുന്ന യോഗ്യത നേടുന്നതിനായി ക്ലാർക്കുമാരായ ശ്രീ. ഷിനു. പി. എ., ശ്രീ. ബൈജു. എൽ., ശ്രീ. ഉല്ലാസ് ഡി. ചരലേൽ, ശ്രീ. അനൂപ്. എസ്. പി., ശ്രീ. വിപിൻലാൽ. വി. ഐ., ശ്രീ. മനോജ്, ശ്രീ. ബെറിൽ എ. ഇസഡ്., ശ്രീ. സോണി സോളമൻ, ശ്രീ. ശ്രീറാം, ശ്രീ. മെർവിൻ ജോൺ, ശ്രീ. മധു. കെ. സി. എന്നിവരും അറ്റന്ററായ ശ്രീ. മുരളീധരനും കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി ഷീബയും പഠനാവധി എടുത്തിട്ടുണ്ട്.

(ഇ) എ.എം.വി.ഐ. പ്രൊമോഷന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ പരിശോധിക്കാറുണ്ട്. ജീവനക്കാർ ഹാജരാക്കുന്ന സാങ്കേതിക വിദ്യാഭ്യാസ സർട്ടിഫിക്കറ്റിന്റെയും വർക്ക്ഷോപ്പ് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെയും ആധികാരികതയും പരിശോധിക്കാറുണ്ട്.

**റോഡപകടങ്ങൾക്ക് നഷ്ടപരിഹാരം**

234 (4080) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ പരിക്കേൽക്കുകയോ, മരണം സംഭവിക്കുകയോ ചെയ്യുന്ന വാഹന ഉടമകൾക്കെല്ലാം വ്യക്തിഗത ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സ്വന്തം ജീവന് പരിരക്ഷ ഉറപ്പില്ലാത്ത ഇൻഷ്വറൻസ് പോളിസി ഉപയോഗിക്കുന്നതിലൂടെ അപകടങ്ങൾ സംഭവിച്ചാലും ഉടമയ്ക്കോ, ബന്ധുവിനോ നഷ്ട പരിഹാരം ലഭിക്കാത്ത സാഹചര്യം സൃഷ്ടിക്കപ്പെടുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോ;

(സി) റോഡിൽ സംഭവിക്കുന്ന മോട്ടോർ വാഹന അപകടങ്ങളുടെ നഷ്ട പരിഹാര ബാദ്ധ്യത ഏറ്റെടുക്കുകയോ, ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുകയോ ചെയ്യാൻ സർക്കാർ ബാദ്ധ്യസ്ഥമാണെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഇതു പ്രകാരമുള്ള മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ഇൻഷ്വറൻസ് സംബന്ധിച്ച കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് വാഹനങ്ങളിൽ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നത്. വാഹന പരിശോധനാ സമയങ്ങളിൽ വാഹനങ്ങളുടെ ഇൻഷ്വറൻസ് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

**ടിപ്പർ ലോറികളുടെ മരണപ്പാച്ചിൽ**

235 (4081) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിപ്പർലോറികളുടെ മരണപ്പാച്ചിൽമൂലം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരന്തരം റോഡ് അപകടങ്ങൾ ഉണ്ടാകുന്ന കാര്യങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അശ്രദ്ധയോടെയും അനിയന്ത്രിതമായും ഓടിക്കുന്ന ഇത്തരം വാഹനങ്ങളും മത്സ്യം കയറ്റി അയയ്ക്കുന്ന ലോറികളും ഉണ്ടാക്കുന്ന അപകടങ്ങൾ നിത്യേന സംഭവിച്ചിട്ടും ശക്തമായ നടപടികൾ ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇത്തരക്കാർക്കെതിരെ ശക്തമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. അപകടത്തിന് കാരണക്കാരാകുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയും പിഴ ഈടാക്കുകയും വാഹനങ്ങളുടെ പെർമിറ്റ് ഉൾപ്പെടെയുള്ളവ റദ്ദ് ചെയ്യുകയും ചെയ്യുന്നുണ്ട്.

**ജീവനക്കാരുടെ കുറവ്**

236 (4082) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.ടി. ഓഫീസുകളിലും സബ് ആർ.ടി. ഓഫീസുകളിലും ആവശ്യത്തിന് ജീവനക്കാർ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പലപ്പോഴും വാഹനങ്ങൾ പരിശോധിക്കേണ്ട ഇത്തരം ജീവനക്കാരുടെ കുറവ് ഗതാഗത വകുപ്പിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടെന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിലവിലെ ജീവനക്കാർക്ക് പുറമേ എത്ര പേർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മോട്ടോർ വാഹന വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഗതാഗത കമ്മീഷണർ ശിപാർശ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ വിവിധ തസ്തികകൾ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്.

(സി) ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ ഒരു മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നുണ്ട്.

**പെർമനന്റ് രജിസ്ട്രേഷൻ**

237 (4083) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങൾ വാങ്ങുന്ന അവസരത്തിൽ തന്നെ പെർമനന്റ് രജിസ്ട്രേഷൻ നൽകാത്തത് എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(ബി) താൽക്കാലിക രജിസ്ട്രേഷൻ നടത്തിയതിനുശേഷം പിന്നീട് സ്ഥിരം രജിസ്ട്രേഷൻ നടത്തുന്നതിലൂടെ വാഹന ഉടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേക്കായി വാഹനം വാങ്ങുന്ന അവസരത്തിൽ തന്നെ പെർമനന്റ് രജിസ്ട്രേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വാഹന ഉടമകളിൽനിന്നും വാഹനം രജിസ്റ്റർ ചെയ്യാനുള്ള ചെലവ് എന്ന പേരിൽ വാഹന ഡീലർമാർ ഹാൻഡ്‌ലിംഗ് ചാർജിനത്തിൽ അനധികൃതമായി അമിത തുക ഈടാക്കുന്നുവെന്നുള്ള പരാതികൾ അവസാനിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ എല്ലാ വാഹനങ്ങൾക്കും ടെമ്പററി രജിസ്ട്രേഷൻ നിർബന്ധമാക്കുകയും വാഹന വിൽപ്പനക്കാർക്ക് ഓൺലൈനായി ടെമ്പററി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സംവിധാനം 1-4-2016 മുതൽ ഏർപ്പെടുത്തുകയും ചെയ്തു. ഇതുവഴി ഇടനിലക്കാരെ ഒഴിവാക്കുന്നതിനും ഹാൻഡ്‌ലിംഗ് ചാർജായി ഈടാക്കിവന്നിരുന്ന അമിതതുക ഒഴിവാക്കുന്നതിനും വാഹന ഉടമയ്ക്ക് വാഹനം നേരിട്ട് രജിസ്റ്റർ ചെയ്യുന്നതിനുമുള്ള അവസരം ലഭ്യമാകുകയും ഉണ്ടായിട്ടുണ്ട്.

(സി) പെർമനന്റ് രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികളെക്കുറിച്ച് പരിശോധിച്ചുവരികയാണ്.

**വാഹനങ്ങളും സുരക്ഷയും**

238 (T *4084) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസുകൾ, ഔദ്യോഗിക സ്കൂൾ വാഹനങ്ങൾ എന്നിവയല്ലാതെ പ്രൈവറ്റ് വാഹനങ്ങളിലും, ഓട്ടോറിക്ഷ മുതലായ വാഹനങ്ങളിലും സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സുരക്ഷാ മുന്നറിയിപ്പുകൾ/മാനദണ്ഡങ്ങളാണ് ഇത്തരം വാഹനങ്ങൾക്ക് നിർബന്ധമാക്കിയിട്ടുള്ളത്;

(സി) ഇത്തരം വാഹനങ്ങൾ ഇടയ്ക്കിടയ്ക്ക് പരിശോധിച്ച് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇത്തരത്തിലുള്ള വാഹനങ്ങളുടെയും, അതിൽ യാത്ര ചെയ്യുന്ന കുട്ടികളുടെയും വിവരങ്ങൾ അതത് പോലീസ് സ്റ്റേഷനുകളിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അനുമതി നൽകിയിട്ടില്ല.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാമാനദണ്ഡങ്ങൾ ഇത്തരം വാഹനങ്ങൾക്കും ബാധകമാണ്.

(സി) ഇത്തരം വാഹനങ്ങളും സ്കൂൾ വാഹനങ്ങളുടെ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. ഇത്തരം സ്വകാര്യ വാഹനങ്ങളുടെ കണക്ക് മോട്ടോർ വാഹന വകുപ്പ് ശേഖരിച്ച് വച്ചിട്ടില്ല. പ്രസ്തുത വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**അനധികൃത ടാക്സി**

239 (4085) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈവറ്റ് വാഹനങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ളവ ടാക്സി സർവീസുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം കൂടിയ തോതിൽ റോഡുനികുതിയും ഇൻഷ്വറൻസും അടച്ച് നടത്തുന്ന ടാക്സികളുടെ പ്രവർത്തനം നഷ്ടത്തിലാകുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(സി) സർക്കാരിന് ലഭിക്കേണ്ട വരുമാനത്തിൽ ഭീമമായ കുറവ് വരുന്നത് പരിഹരിക്കാൻ അനധികൃത ടാക്സികളുടെ നിരോധനം സാധ്യമാക്കുമോ;

(ഡി) ഇതിനായി ശക്തമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രൈവറ്റ് വാഹനങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾക്ക് ടാക്സി സർവ്വീസ് നടത്തുന്നതിന് അനുവാദമില്ല. അത്തരത്തിൽ അനധികൃത ടാക്സി സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരം വാഹനം കണ്ടെത്തിയാൽ ആ വാഹനത്തിന്റെ ഉടമയ്ക്കെതിരെ 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 192 (എ) പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുകയും തുടർന്ന് പെർമിറ്റ് എടുപ്പിക്കുകയും ചെയ്തു വരുന്നു.

(ഡി) അനധികൃത ടാക്സി സർവ്വീസ് കണ്ടെത്തുന്നതിനായി എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ പരിശോധന ശക്തമാക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

## ആർ.ടി. ഓഫീസിലെ ഉദ്യോഗസ്ഥർ

240 (4086) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സബ് ആർ.ടി ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഒരു സബ് ആർ.ടി ഓഫീസിൽ വേണ്ട മോട്ടോർ വെഹിക്കിൾ ഓഫീസർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഓഫീസർ, മറ്റ് മിനിസ്റ്റീരിയൽ ജീവനക്കാർ എന്നിവരുടെ സ്റ്റാഫ് ഫിക്സേഷൻ വ്യക്തമാക്കുമോ;

(സി) എറണാകുളം ആർ.ടി ഓഫീസിലുള്ള എം.വി.ഐ. എ.എം.വി.ഐ ഉദ്യോഗസ്ഥരുടെ എണ്ണം എത്ര?

ഉത്തരം

(എ) കേരളത്തിൽ 55 സബ് ആർ.ടി. ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 2012-ൽ മോട്ടോർ വാഹന വകുപ്പിൽ അവസാനമായി പുതിയ സബ് ആർ.ടി. ഓഫീസുകൾ തുടങ്ങിയപ്പോൾ അനുവദിച്ച ജീവനക്കാരുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ | 1 |
| മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ | 2 |
| അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ | 3 |
| ജൂനിയർ സൂപ്രണ്ട് | 1 |
| ഹെഡ് അക്കൗണ്ടന്റ് | 1 |
| ക്ലാർക്ക് | 6 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| അറ്റൻഡർ | 1 |
| ഡ്രൈവർ | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |

എന്നാൽ ഇത്രയും ജീവനക്കാർ ഇല്ലാത്ത ഓഫീസുകളുമുണ്ട്.

(സി) എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ 19 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും 19 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുമുണ്ട്.

## ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള സ്ഥലം

241 (4087) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് കെട്ടിട നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഓഫീസിനു കീഴിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള സ്ഥല പരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാണക്കാട് വില്ലേജിലെ ഇൻകെൽ എഡ്യൂസിറ്റിയിൽ പ്രസ്തുത ആവശ്യത്തിനുള്ള സ്ഥലം വിട്ടുകൊടുക്കുന്നതിന് ഇൻകെൽ അധികൃതർ സർക്കാരിനെ സമ്മതം അറിയിച്ചിട്ടുണ്ടോ;

(ഡി) മോട്ടോർ വാഹന വകുപ്പിന് സ്വന്തമായി സ്ഥലമില്ലാത്ത സാഹചര്യത്തിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുവാൻ ആവശ്യമായ ഭൂമി ഏറ്റെടുക്കുമോ?

### ഉത്തരം

(എ) മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം മോട്ടോർ വാഹന വകുപ്പ് പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ഒരേക്കർ സ്ഥലത്തിന് 71 ലക്ഷം രൂപയും സർവ്വീസ് ചാർജ്ജുമാണ് ഇൻകെൽ ആവശ്യപ്പെടുന്നത്. ആയത് മോട്ടോർ വാഹന വകുപ്പ് പരിശോധിച്ചു വരുന്നു.

(ഡി) സർക്കാർ ഭൂമി ഏറ്റെടുക്കുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. ഇതിലേക്കാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് ഇക്കഴിഞ്ഞ കളക്ടേഴ്സ് കോൺഫറൻസിൽ എല്ലാ കളക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

## ഡ്രൈവിംഗ് ലൈസൻസ്

242 (4088) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമസവും മേൽവിലാസവും മാറുമ്പോൾ ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനും, ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും ഉള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന വിശദമാക്കുമോ ;

(ബി) ഡ്രൈവിംഗ് ലൈസൻസിൽ മേൽവിലാസം മാറ്റുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുമോ; നിലവിൽ താമസിക്കുന്ന വിലാസത്തിൽ ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനും ഡ്യൂപ്ലിക്കേറ്റ് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) മേൽവിലാസം മാറ്റുന്നതിനും ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനും ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് ലഭിക്കുന്നതിനും പുതിയ മേൽവിലാസം ഏത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ അധികാര പരിധിയിലാണോ വരുന്നത് പ്രസ്തുത ഓഫീസിലാണ് അപേക്ഷിക്കേണ്ടത്. അപേക്ഷയോടൊപ്പം പുതിയ മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കേണ്ടതാണ്. മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖയായി ഇലക്ഷൻ ഐഡന്റിറ്റി കാർഡ്, പാസ്പോർട്ട്, ആധാർ കാർഡ് എന്നിവയിലേതെങ്കിലും സമർപ്പിക്കാവുന്നതാണ്.

(ബി) ഡ്രൈവിംഗ് ലൈസൻസിൽ മേൽവിലാസം മാറ്റുന്നതിനുള്ള നടപടി ക്രമങ്ങളിൽ യാതൊരു ബുദ്ധിമുട്ടും നിലവിലില്ല. മുൻപ് ഡ്രൈവിംഗ് ലൈസൻസിൽ മേൽവിലാസം മാറ്റുന്ന സമയത്ത് പഴയ ഓഫീസിൽനിന്നും ഡ്രൈവിംഗ് ലൈസൻസ് പർട്ടിക്കുലേഴ്സ് ആവശ്യപ്പെടാറുണ്ടായിരുന്നു. നിലവിൽ സാധാരണ സാഹചര്യങ്ങളിൽ പർട്ടിക്കുലേഴ്സ് സമർപ്പിക്കേണ്ട ആവശ്യം വരുന്നില്ല. കൂടാതെ അപേക്ഷ ഓൺലൈൻ വഴി സമർപ്പിക്കാവുന്നതാണ്. മേൽവിലാസം മാറുന്ന സമയത്ത് പുതിയ മേൽവിലാസം ഡ്രൈവിംഗ് ലൈസൻസ്, ആർ.സി. ബുക്ക് എന്നിവയിൽ രേഖപ്പെടുത്തുക എന്നുള്ളത് നിയമപരമായ കാര്യമാണ്. ഓരോ ഓഫീസിനും അധികാരപരിധി നിർണ്ണയിച്ചിട്ടുള്ളതിനാൽ പുതിയ മേൽവിലാസത്തിൽ ലൈസൻസ് പഴയ ഓഫീസിൽനിന്നും പുതുക്കി നൽകുവാൻ സാദ്ധ്യമല്ല.

**വാഹനങ്ങളുടെ റീ-രജിസ്ട്രേഷൻ**

243 (4089) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15 വർഷം കഴിഞ്ഞ വാഹനങ്ങൾക്ക് റീ-രജിസ്ട്രേഷൻ അനുവദിക്കുന്നുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് ഹരിത ട്രൈബ്യൂണൽ വിധിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-5-2016-ലെ 137/2016 (എസ്. ഇസഡ്) എന്ന അപേക്ഷയിലെ ഇടക്കാല ഉത്തരവിലൂടെ ബഹുമാനപ്പെട്ട ഹരിത ട്രൈബ്യൂണൽ 10 വർഷം കഴിഞ്ഞ ഡീസൽ വാഹനങ്ങൾക്ക് തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ നഗരങ്ങളിൽ നിരോധനം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഹരിത ട്രൈബ്യൂണലിന്റെ പ്രസ്തുത ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 27-5-2016-ലെ WP (C) No. 18756/2016-V-ലെ ഇടക്കാല ഉത്തരവിലൂടെ സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) നിലവിൽ ബഹുമാനപ്പെട്ട ഹരിത ട്രൈബ്യൂണലിന്റെ വിധി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ മറ്റ് നടപടികളൊന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

**ഗതാഗതക്കുരുക്ക്**

244 (T* 4090) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഗതാഗതക്കുരുക്ക് രൂക്ഷമായിട്ടുള്ള സ്ഥലങ്ങൾ ജില്ല തിരിച്ച് അറിയിക്കുമോ;

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ശാസ്ത്രീയമായും സമയബന്ധിതമായും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) മോട്ടോർ വാഹന വകുപ്പ് ഇതുസംബന്ധിച്ചുള്ള പഠനം നടത്തിയിട്ടില്ല. നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മീറ്റർ ബില്ലിംഗ് സംവിധാനം

245 (4091) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓട്ടോറിക്ഷകളിൽ മീറ്റർ ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ബില്ലിംഗ് മെഷീനുകളുടെ അഭാവം പരിഹരിക്കാൻ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു;

(ബി) ഓട്ടോറിക്ഷകൾ ഓടിക്കുന്ന ഡ്രൈവർക്ക് കൃത്യമായ കൂലി ലഭിക്കുന്നതിനും ഇത് വാടകയ്ക്കെടുക്കുന്ന യാത്രക്കാരുമായി ഉണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനും മീറ്റർ ബില്ലിംഗ് സംവിധാനത്തിനാവുമെന്നതിനാൽ പ്രസ്തുത സംവിധാനം ആദ്യപടിയായി നഗരങ്ങളിലെങ്കിലും ഏർപ്പെടുത്തുന്നതിന് ഗൗരവമായി ആലോചിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഓട്ടോറിക്ഷകളിൽ മീറ്റർ ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**അമിത ശബ്ദത്തോടെയുള്ള ഹോണുകൾ**

246 (4092) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിതശബ്ദത്തോടെയുള്ള ഹോണുകൾ ഉപയോഗിച്ച് വാഹനം ഓടിക്കുന്ന എത്ര കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പരിശോധനാഫലമായി ഇതിൽ എത്ര സർക്കാർ/പൊതുമേഖലാ/ സ്വകാര്യ വാഹനങ്ങൾ പിഴ ഒടുക്കേണ്ടി വന്നിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 5581 കേസുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) 4709 സ്വകാര്യ വാഹനങ്ങളിൽനിന്നും പിഴ ഈടാക്കിയിട്ടുണ്ട്. 872 സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്കെതിരെ നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ആയിറ്റി ജലഗതാഗത വകുപ്പ്**

247 (T* 4093) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ആയിറ്റി ജലഗതാഗത വകുപ്പിന് കീഴിൽ ആകെ എത്ര ജീവനക്കാരുടെ തസ്തിക അനുവദിച്ചിട്ടുണ്ടെന്നും എത്ര ബോട്ടുകൾ നിലവിൽ സർവ്വീസ് നടത്തുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഇവിടെ കേടായ എത്ര ബോട്ടുകൾ ഉണ്ടെന്നും ഇവ എപ്പോൾ റിപ്പയർ ചെയ്ത് ഓടിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(സി) ജലഗതാഗത വകുപ്പ് കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ&ബി) ജലഗതാഗത വകുപ്പിന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനായി 17-3-1990-ലെ സർക്കാർ ഉത്തരവ് നമ്പർ 23/90/PW&T പ്രകാരം താഴെപ്പറയുംപ്രകാരം ജീവനക്കാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തികയുടെ പേര് | അനുവദിച്ചിട്ടുള്ള എണ്ണം |
|---|---|---|
| 1 | സീനിയർ സൂപ്രണ്ട് | 1 |
| 2 | എൽ.ഡി. ക്ലാർക്ക് | 2 |
| 3 | എൽ. ഡി. കാഷ്യർ | 2 |
| 4 | പ്യൂൺ | 3 |
| 5 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 6 | സ്റ്റേഷൻമാസ്റ്റർ ഗ്രേഡ്-II | 3 |
| 7 | ബോട്ട് മാസ്റ്റർ | 6 |
| 8 | ചെക്കർ | 3 |
| 9 | സ്രാങ്ക് | 6 |
| 10 | ഡ്രൈവർ | 6 |
| 11 | ലാസ്കർ ഗ്രേഡ് II | 12 |
| 12 | മെക്കാനിക് | 2 |
| 13 | ഇലക്ട്രീഷ്യൻ | 1 |
| 14 | പമ്പ് ഓപ്പറേറ്റർ | 3 |

സർവ്വീസ് നടത്തിവന്നിരുന്ന രണ്ട് ബോട്ടുകളിൽ ഒരെണ്ണം കേടായതിനാൽ നിലവിൽ ഒരു ബോട്ടാണ് സർവ്വീസ് നടത്തുന്നത്. കേടായ ബോട്ടിന്റെ അറ്റകുറ്റപ്പണി പൂർത്തിയാക്കിയിട്ടുണ്ട്. തുറമുഖ വകുപ്പിന്റെ സർവ്വേ സർട്ടിഫിക്കറ്റ് ലഭിച്ചാലുടനെ സർവ്വീസ് പുനരാരംഭിക്കാവുന്നതാണ്. കൂടാതെ മൂന്ന് ബോട്ടുകൾ അറ്റകുറ്റപ്പണികൾക്കായി സ്വകാര്യ കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മൂന്നു മാസത്തിനുള്ളിൽ റിപ്പയർ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വകുപ്പിന്റെ പ്രവർത്തനമേഖല വ്യാപിപ്പിക്കുന്നതിനും സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി കാലപ്പഴക്കംചെന്ന ബോട്ടുകൾ മാറ്റി ആധുനിക ബോട്ടുകൾ സർവ്വീസുകളിൽ ഉൾപ്പെടുത്തുകയും സ്വന്തമായി ആലപ്പുഴയിൽ യാർഡ് സൗകര്യം ഏർപ്പെടുത്തുകയുംവഴി കൂടുതൽ ബോട്ടുകൾ ഒരേസമയം റിപ്പയർ ചെയ്തു. ടൂറിസം രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി നിലവിലെ കൊല്ലം-ആലപ്പുഴ, ആലപ്പുഴ-കൊല്ലം, സീ കുട്ടനാട് എന്നീ സർവ്വീസുകൾക്ക് പുറമേയായി വൈക്കം-എറണാകുളം, ആലപ്പുഴ-കുമരകം-കോട്ടയം എന്നിങ്ങനെ രണ്ട് പുതിയ അതിവേഗ സർവ്വീസുകൾ ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ സർവ്വീസ് നടത്തിവരുന്ന റൂട്ടുകൾക്ക് പുറമേ പുതിയ റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും ശ്രദ്ധിക്കുന്നു. ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ വകുപ്പിനുവേണ്ടി സ്വന്തമായി 4 ബോട്ടുകൾ ഒരേസമയം അറ്റകുറ്റപ്പണികൾ നടത്താവുന്ന ഡ്രൈഡോക്കും 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ്പ് വേയും നിർമ്മിക്കുകയും ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ ഊർജ്ജിതമായി നടത്തിവരികയുമാണ്. ബോട്ടുകളിൽ സുരക്ഷാ ഉപകരണങ്ങൾ സജ്ജമാക്കിയിട്ടുള്ളതും പാസ്സഞ്ചർ കപ്പാസിറ്റിക്ക് അനുസൃതമായി ലൈഫ് ജാക്കറ്റുകൾ യാത്രക്കാർക്കായി ക്രമീകരിച്ചിട്ടുള്ളതുമാണ്. സുരക്ഷ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി റെസ്ക്യൂ ബോട്ടുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലഗതാഗത രംഗത്ത് നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

(നക്ഷത്ര ചിഹ്നമിടാത്ത 3932, 4039 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### വ്യാജ ലോട്ടറി

മി. സ്പീക്കർ: സംസ്ഥാനത്ത് പ്രത്യേകിച്ച് വടക്കൻ ജില്ലകളിൽ എഴുത്ത് ലോട്ടറി എന്നറിയപ്പെടുന്ന വ്യാജ ലോട്ടറി സമാന്തരമായി വൻസംവിധാനങ്ങളോടെ പ്രവർത്തിക്കുന്നതുമൂലം കേരള ലോട്ടറിയുടെ നിലനിൽപ്പിനെ ബാധിക്കുകയും സാധാരണക്കാർ ചൂതാട്ടത്തിന് സമാനമായ ഈ ലോട്ടറിയെടുത്ത് സാമ്പത്തികമായി തകരുകയും കേരളത്തിലേക്ക് ഇതരസംസ്ഥാന ലോട്ടറി മാഫിയയ്ക്ക് കടന്നുവരാൻ അവസരമൊരുങ്ങുകയും ചെയ്യുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വളരെ ഗൗരവമായ വിഷയമാണ് ബഹുമാനപ്പെട്ട അംഗങ്ങൾ അടിയന്തര പ്രമേയത്തിലൂടെ ഉന്നയിച്ചിട്ടുള്ളത്. ഈ വിഷയത്തിന്റെ ഗൗരവത്തെക്കുറിച്ച് സർക്കാരിനും പൂർണ്ണബോദ്ധ്യമുണ്ട്. ഇതൊരു ലോട്ടറിയല്ല, അനധികൃത ബെറ്റിംഗാണ്. അതാണ് എഴുത്ത് ലോട്ടറിയെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ എല്ലാ ദിവസവും ലോട്ടറി നറുക്കെടുപ്പ് നടത്തുന്നുണ്ട്. ഒന്നാം സമ്മാനം കിട്ടുന്ന നമ്പറിന്റെ അവസാനത്തെ നമ്പർ ഏതാണെന്ന് ഊഹിച്ച് ബെറ്റ് വയ്ക്കുകയാണ് ചെയ്യുന്നത്. ചില സ്ഥലങ്ങളിൽ രണ്ടക്കങ്ങളും മറ്റുചില സ്ഥലങ്ങളിൽ മൂന്നക്കങ്ങളുമായിരിക്കും ബെറ്റ് വയ്ക്കുന്നത്. ഇങ്ങനെ ബെറ്റ് വയ്ക്കുന്നത് ഒരുതരം അഡിക്ട് ഉണ്ടാക്കുന്നതാണ്. അതുകൊണ്ടാണ് സംസ്ഥാന സർക്കാർ ലോട്ടറി നിയമത്തിൽ ഇത് നിരോധിച്ചിട്ടുള്ളത്. കേരള ലോട്ടറി നാലക്കത്തിനുതാഴെയുള്ളതിന് സമ്മാനം നൽകുന്നില്ല. ഇത് കേരളത്തിൽ വളരെ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഇതിന് സാമാന്യം ദീർഘമായ ചരിത്രമുണ്ട്. കേരളത്തിൽ അന്യസംസ്ഥാന ലോട്ടറി കച്ചവടക്കാർ ലോട്ടറി നടത്തിക്കൊണ്ടിരുന്നപ്പോൾ അവർ ഒരക്ക നമ്പറിന് സമ്മാനം നൽകുമായിരുന്നു. ഇപ്പോഴത് നിരോധിച്ചതിന്റെ ഫലമായി അവർ ഇതിനെ ഒരു മാർഗ്ഗമായി കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2011-ൽ 30, 2012-ൽ 46, 2013-ൽ 75, 2014-ൽ 90, 2015-ൽ 196, 2016 പത്താം മാസം വരെ 155 എന്നിങ്ങനെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് കൂടുതൽ വ്യാപകമാകുന്നുവെന്നുള്ളതാണ്

കേസിന്റെ എണ്ണത്തിലുള്ള വർദ്ധനവ് ചൂണ്ടിക്കാണിക്കുന്നത്. ഇത് മിക്കവാറും വടക്കൻ ജില്ലകളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെടുത്ത 544 കേസുകളിൽ മലപ്പുറം ജില്ലയിൽ മാത്രമായി 291 കേസുകളുണ്ട്. കോഴിക്കോട് 62, കണ്ണൂർ 125, കാസർഗോഡ് 27 എന്നിങ്ങനെയാണ് കേസുകളുള്ളത്. ഈ പാറ്റേൺ തന്നെയാണ് ഇപ്പോഴും കാണാൻ സാധിക്കുന്നത്. ഈ കേസുകളുടെ സ്വഭാവം പരിശോധിച്ചപ്പോൾ 592 കേസുകളിൽ 216 എണ്ണം ഓൺലൈൻ ലോട്ടറികളാണ്. അതായത് മറ്റ് സംസ്ഥാനങ്ങൾ നടത്തുന്ന ലോട്ടറികൾ അനധികൃതമായി ഓൺലൈനായി വയ്ക്കുന്ന സംഭവങ്ങളാണ്. ഒറ്റയക്കം 220-ഉം മൂന്നക്കം 70-ഉം മറ്റുള്ളവ 86-ഉമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനെ എങ്ങനെ തടയാമെന്നതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കുകയും ചില തീരുമാനങ്ങളെടുക്കുകയുമുണ്ടായി. ഇതുസംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥർ, വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി എട്ടാം മാസത്തിൽ യോഗം ചേരുകയുണ്ടായി. ആ യോഗത്തിലെടുത്ത തീരുമാനങ്ങൾ ഞാൻ വായിക്കാം.

(i) ആലപ്പുഴ ജില്ലയിൽ ഒറ്റയക്കം, രണ്ടക്കം, മൂന്നക്കം ടൈപ്പ് അനധികൃത ലോട്ടറിയുമായി ബന്ധപ്പെട്ട് ചില കേസുകൾ എടുത്തിട്ടുണ്ട്; എല്ലാ ജില്ലകളിലും അത്തരം സംഭവങ്ങളുണ്ടോ എന്നന്വേഷിച്ച് കേസുകളെടുക്കണം. ഇതിനായി എസ്.പി. (ഇന്റലിജൻസ്) മെസ്സേജ് അയയ്ക്കണം.

(ii) കേസുകളെടുക്കുമ്പോൾ ഗെയിമിംഗ് ആക്റ്റിനോടൊപ്പംതന്നെ ഐ.പി.സി. വകുപ്പുകളുംകൂടി ഉൾപ്പെടുത്താനുള്ള നിയമപരമായ സാദ്ധ്യത പരിശോധിക്കാൻ റെയിഞ്ച് ഐ.ജി.-മാരോട് നിർദ്ദേശിക്കണം.

(iii) സംസ്ഥാനത്തെ ചില സ്ഥലങ്ങളിൽ വ്യാജലോട്ടറി ടിക്കറ്റുകൾ ചിലപ്പോൾ വിൽക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്; ഇക്കാര്യത്തിൽ എല്ലാ ജില്ലകളിലും പോലീസ് ജാഗ്രത പുലർത്തണം; ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ ഇക്കാര്യം ഗൗരവമായെടുക്കണം.

(iv) ഓൺലൈൻ ലോട്ടറികളെ സംബന്ധിച്ച് ജില്ലകളിൽ പോലീസ് സൈബർ സെൽ മോണിറ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. ഇപ്പോൾ അത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന വിവരം ലോട്ടറി വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചുവെങ്കിലും ഇക്കാര്യത്തിലുള്ള ജാഗ്രത തുടരേണ്ടതാണ്.

(v) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഡിസ്ട്രിക് ലെവൽ ലോട്ടറി മോണിറ്ററിംഗ് സെൽ യോഗം കൂടുന്നതായി കാണുന്നില്ല. യോഗം കൂടണമെന്ന് കാണിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ഡയറക്ഷൻ നൽകാവുന്നതാണ്.'

ഈ മീറ്റിംഗിനെത്തുടർന്നാണ് 66 കേസുകൾ പല ഘട്ടങ്ങളിലായി എടുത്തിട്ടുള്ളത്. പക്ഷേ ഈ കേസുകൾക്കൊക്കെ പരസ്പരബന്ധമുണ്ടോ? അങ്ങനെ ഉണ്ടാകണമെന്നില്ല, ആർക്കുവേണമെങ്കിലും എവിടെ വേണമെങ്കിലും ഈ ബെറ്റ് നടത്താവുന്നതാണ്. പലപ്പോഴും സമ്മാന തുകയുടെ വലിപ്പവും അത് വളരെ പെട്ടെന്ന് നൽകുന്ന രീതിയുമെല്ലാം കാണുമ്പോൾ ഇതിന്റെ പിന്നിൽ സംഘടിതമായ ശ്രമമുണ്ടോ എന്ന സംശയം വർദ്ധിച്ചുവരുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സമഗ്ര പരിശോധന നടത്തുന്നതിനുവേണ്ടി ഒരു ദൗത്യസംഘത്തെ നിയോഗിച്ചിട്ടുണ്ട്. ഐ.ജി. ബൽറാം കുമാർ ഉപാധ്യായ തലവനായി രണ്ട് എസ്.പി.-മാർ, രണ്ട് ഡിവൈ.എസ്.പി.മാർ, സൈബർ സെല്ലിലെ പോലീസ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഒരു ഉന്നതതല ദൗത്യസംഘത്തെയാണ് നിയോഗിച്ചിട്ടുള്ളത്. ഇവർ ഇക്കാര്യങ്ങൾ സമഗ്രമായി പരിശോധിച്ച് കാര്യങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് സർക്കാർ കർക്കശമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നുള്ള എന്ത് നിർദ്ദേശവും കണക്കിലെടുത്തുകൊണ്ട് നടപടി സ്വീകരിക്കാൻ സർക്കാർ എപ്പോഴും സന്നദ്ധമായിരിക്കും.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ വിഷയത്തെ സംബന്ധിച്ച് വളരെ ഗൗരവതരമായാണ് പ്രതികരിച്ചത് എന്നത് സന്തോഷകരമായൊരു കാര്യമാണ്. ഇതുസംബന്ധിച്ച് ഒരന്വേഷണ സമിതിയെ രൂപീകരിച്ചതായുള്ള വാർത്ത ഇന്നലെ രാത്രി ഞാൻ കാണുകയുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി വളരെ ആക്ടീവാണ്. കാരണം രണ്ടുദിവസമായി ഇതുസംബന്ധിച്ച രേഖകൾ ഞാൻ ലോട്ടറി ഓഫീസിലും മറ്റും അന്വേഷിക്കുകയായിരുന്നു. എന്തോ ഇതുസംബന്ധിച്ച് വരാനുണ്ട് എന്നതുകൊണ്ട് ഇന്നലെ ഒരു അന്വേഷണ കമ്മീഷനെ അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഒറ്റ നമ്പർ ലോട്ടറിയെക്കുറിച്ചും ഓൺലൈൻ ലോട്ടറിയെക്കുറിച്ചുമൊക്കെ അന്വേഷിക്കുന്നതിനു വേണ്ടിയാണ് അന്വേഷണ സമിതി രൂപീകരിച്ചിരിക്കുന്നത്. പക്ഷേ നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ച് വടക്കൻ ജില്ലകളായ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ എഴുത്ത് ലോട്ടറി

എന്നറിയപ്പെടുന്ന മൂന്നക്ക നമ്പർ ലോട്ടറി സംഘടിതമായ സംവിധാനത്തോടുകൂടി, സംസ്ഥാന ലോട്ടറിക്ക് സമാന്തരമായിട്ടുള്ള ഒരു വലിയ സംവിധാനത്തോടുകൂടി നിലവിൽ വന്നിരിക്കുകയാണ്. 2011 മുതൽ ഒറ്റനമ്പർ ലോട്ടറിയുടെയും ബെറ്റിംഗ് സംവിധാനത്തിന്റെയുമെല്ലാം ഒറ്റപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നതായി അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഇതരസംസ്ഥാന ലോട്ടറി മാഫിയയുടെ പ്രവർത്തനങ്ങൾ കേരളത്തിൽ അവസാനിച്ചതിനുശേഷം മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തി ഇടുക്കി, പാലക്കാട്, തിരുവനന്തപുരം പോലുള്ള ചില ബോർഡർ ജില്ലകളിലാണ് ഇത്തരം ലോട്ടറികൾ കൂടുതലായി കണ്ടുവരുന്നത്. ഇപ്പോൾ ഈ എഴുത്ത് ലോട്ടറി സംഘടിതമായ ഒരു സംവിധാനമായാണ് വന്നിരിക്കുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, ഏഴ് ദിവസവും കേരള സംസ്ഥാന ലോട്ടറിക്ക് നറുക്കെടുപ്പുണ്ട്. ഓരോ ദിവസവും നടക്കുന്ന നറുക്കെടുപ്പിൽ ഒന്നാം സമ്മാനത്തിന് അർഹമാകുന്ന ടിക്കറ്റ് നമ്പറിന്റെ അവസാന മൂന്നക്കത്തിനാണ് ഇവർ സമ്മാനം നൽകുന്നത്. ഇതനുസരിച്ച് എല്ലാ ദിവസവും വ്യാജലോട്ടറികളും സമ്മാനങ്ങളും നൽകുകയാണ്. നേരത്തെ പറഞ്ഞതുപോലെ, ഇതിന് അഡിക്റ്റായി തുടങ്ങിയ ആളുകൾ ഏജന്റിനോട് ചോദിക്കുമ്പോൾ അയാൾ ഒരു ചെറിയ പേപ്പറിൽ നമ്മൾ ആവശ്യപ്പെടുന്ന മൂന്നക്ക നമ്പർ എഴുതിത്തരികയും അതിന് പണം വാങ്ങിക്കുകയുമാണ് ചെയ്യുന്നത്. ഉദാഹരണമായി, പത്ത് രൂപയുടെള്ള ടിക്കറ്റാണ് എടുക്കുന്നതെങ്കിൽ അതിന് സമ്മാനമടിച്ചാൽ, അതായത് സംസ്ഥാന ലോട്ടറിയുടെ ഒന്നാം സമ്മാനത്തിന്റെ നമ്പറിന്റെ അവസാനത്തെ മൂന്നക്ക നമ്പർ ഇയാൾ പറഞ്ഞ നമ്പരാണെങ്കിൽ ഇയാൾക്ക് അയ്യായിരം രൂപ സമ്മാനം നൽകും. അൻപത് രൂപയ്ക്ക് അഞ്ച് ടിക്കറ്റെടുത്താൽ 25,000 രൂപയാണ് സമ്മാനം കൊടുക്കുന്നത്. നമ്പർ ലഭിച്ച ഉടനെ മൊബൈൽ ഫോണിൽ അവരുടെ സോഫ്റ്റ്‌വെയർ സിസ്റ്റത്തിലേക്ക് ഏജന്റ് നമ്പർ വിളിച്ചുപറയും. എല്ലാ ഏജന്റുമാരും ഉച്ചയാകുമ്പോൾ അതുവരെ കളക്ട് ചെയ്ത പണം പ്രത്യേക ബാങ്ക് അക്കൗണ്ടിലേക്ക് അടയ്ക്കും. സമ്മാനം ലഭിച്ചാൽ ഒരു മണിക്കൂറിനകം സമ്മാനത്തുക ഏജന്റിന്റെ അക്കൗണ്ടിലേക്കെത്തും. ഇതിന് പ്രത്യേക സോഫ്റ്റ്‌വെയർ, ബാങ്ക് അക്കൗണ്ടുകൾ, മൊബൈൽ നമ്പറുകൾ തുടങ്ങി ഏറ്റവും താഴെത്തട്ടിൽവരെ deploy ചെയ്തിരിക്കുന്ന വിപുലമായ സംവിധാനമാണുള്ളത്. ഈ വ്യാജ ലോട്ടറിയിൽ ഗ്യാരന്റി, എ.ബി.സി., ബോക്സ് എന്നിങ്ങനെ പല വിഭാഗങ്ങളുണ്ട്. ചില മേഖലകളിൽ സമ്മാനഘടനയിലും മാറ്റങ്ങളുണ്ട്. കേരള ലോട്ടറിയുടെ ഏജൻസികൾപോലും പേരിനുമാത്രം കേരള ലോട്ടറിയുടെ ടിക്കറ്റുകൾ മുന്നിൽ പ്രദർശിപ്പിച്ചതിനുശേഷം അകത്ത് വ്യാജലോട്ടറികളാണ് വയ്ക്കുന്നത്. പല ലോട്ടറി ഏജൻസികളും കേരള ലോട്ടറിയെക്കാൾ കൂടുതൽ വിൽക്കുന്നത് വ്യാജ

ലോട്ടറികളാണ്. ഇതര സംസ്ഥാനക്കാരടക്കമുള്ള പതിവുകാർ എഴുത്ത് ലോട്ടറി വാങ്ങാനാണെത്തുന്നത്. സമ്മാനം ലഭിച്ചാൽ ഏജന്റുമാർക്ക് 10 ശതമാനം കമ്മീഷനുണ്ട്. കേരള ലോട്ടറിയെക്കാൾ എഴുത്ത് ലോട്ടറി വിൽക്കുന്നതിനാണ് ഏജന്റുമാർക്ക് താൽപ്പര്യം. മുകളിലുള്ള ആളുകൾ ഒരിക്കലും ഈ ചിത്രത്തിൽ വരുന്നില്ല. ദിവസവും ഉച്ചയ്ക്ക് ഏജന്റുമാരാണ് ഇത് നൽകുന്നത്. നഗരങ്ങളിൽ ലോട്ടറിക്കടകൾ കേന്ദ്രീകരിച്ചും ഗ്രാമങ്ങളിൽ ചെറുകിട ഏജന്റുമാരുമാണ് ഇത് വിൽക്കുന്നത്.

ന്യൂസ് 18 ചാനൽ നാല് ദിവസം നാല് ജില്ലകളിലായി നടത്തിയ sting operation-ൽ ഞെട്ടിക്കുന്ന ചില വിവരങ്ങളാണ് പുറത്തുവന്നത്. കേരള ലോട്ടറിയുടെ എല്ലാ ദിവസവും നടക്കുന്ന നറുക്കെടുപ്പുഫലം നമ്മുടെ വെബ്സൈറ്റിൽ വരുന്നതിനു മുമ്പുതന്നെ ഈ ഏജന്റുമാർക്ക് ലഭിക്കുകയാണ്. അവർ അപ്പോൾത്തന്നെ സമ്മാനാർഹമായ നമ്പർ ഡിക്ലയർ ചെയ്യുകയാണ് ചെയ്യുന്നത്. അത്രയും പ്രബലമായ സംവിധാനമാണ് അവർക്കുള്ളത്. ലോട്ടറി ഓഫീസിനെപ്പോലും സംശയിക്കേണ്ട സ്ഥിതിയിലേക്ക് കാര്യങ്ങൾ പോകുകയാണ്. ഇത് സംഘടിതമായ പ്രവർത്തിയാണോ എന്നറിയില്ല. പക്ഷേ ഔദ്യോഗിക വെബ്സൈറ്റിൽ ഒന്നാം സമ്മാനം ലഭിച്ച നമ്പർ വരുന്നതിനുമുമ്പുതന്നെ ഈ ഏജന്റുമാർക്ക് വിവരങ്ങൾ ലഭിക്കുകയാണ്. വ്യാജലോട്ടറിയുടെ ഏജന്റുമാർ പ്രചരിപ്പിക്കുന്നത് കേരള ലോട്ടറിയുടെ നറുക്കെടുപ്പിനെ പോലും അവർ സ്വാധീനിക്കുമെന്നാണ്. അതിൽ വലിയ യാഥാർത്ഥ്യമുണ്ടെന്ന് ഞാൻ കരുതുന്നില്ല. സുതാര്യമായ സംവിധാനമാണ് കേരള ലോട്ടറിയുടെ നറുക്കെടുപ്പിലുള്ളത്. എഴുത്ത് ലോട്ടറിയുടെ വിശ്വാസ്യതയ്ക്കു വേണ്ടിയായിരിക്കാം കേരള ലോട്ടറിയുടെ നറുക്കെടുപ്പിനെപ്പോലും സ്വാധീനിക്കുമെന്നുള്ള പ്രചരണം അവർ നടത്തുന്നത്. പഴയ ഇതര സംസ്ഥാന ലോട്ടറി മാഫിയയുടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന സാന്റിയാഗോ മാർട്ടിനും അദ്ദേഹവുമായി ബന്ധമുണ്ടായിരുന്ന കണ്ണൂരിലെ ഒരു പ്രമുഖ ലോട്ടറി ഏജൻസിയുമാണ് സംഘടിതമായ ഈ സംവിധാനത്തിനു പുറകിലെന്ന് ഈ ഏജന്റുമാർ sting operation-ൽ പറയുന്നു. മാത്രമല്ല കഴിഞ്ഞ മൂന്നുനാല് മാസങ്ങളായി സാന്റിയാഗോ മാർട്ടിന്റെ സാന്നിദ്ധ്യം കേരളത്തിൽ പല സ്ഥലത്തും ഉണ്ടായിട്ടുമുണ്ട്. അത് വളരെ ഗൗരവതരമായി അന്വേഷിക്കേണ്ട കാര്യമാണ്. ഇതര സംസ്ഥാന ലോട്ടറി കേരളത്തിലുണ്ടായിരുന്ന കാലത്ത് കേരള ലോട്ടറി തകർച്ചയിലായിരുന്നു. 2010-11-ൽ കേരള ലോട്ടറിയുടെ ഒരു വർഷത്തെ ടേൺ ഓവർ 571 കോടി രൂപ മാത്രമായിരുന്നു. കേരളത്തിൽ നിന്ന് ഇതര

സംസ്ഥാന ലോട്ടറി മാഫിയയെ കെട്ടുകെട്ടിച്ചതിനുശേഷം ഓരോ വർഷവും ടേൺ ഓവർ കൂടിക്കൂടി വന്നു. യു.ഡി.എഫ്. സർക്കാർ അധികാരമേറ്റെടുത്തപ്പോൾ 571 കോടി രൂപയുണ്ടായിരുന്ന ലോട്ടറിയുടെ ടേൺ ഓവർ 2015-16-ൽ അധികാരമൊഴിയുമ്പോൾ 6318 കോടി രൂപയായി വർദ്ധിച്ചു. 65 ലക്ഷത്തോളം ടിക്കറ്റുകൾ വിൽക്കുകയും 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. വ്യാജലോട്ടറിയും എഴുത്തുലോട്ടറിയും കേരളത്തിൽ വളർന്നുവരാനിടയാകുന്ന സാഹചര്യംകൂടി നമ്മൾ പരിശോധിക്കണം. ഇപ്പോൾ 90 ലക്ഷത്തോളം ടിക്കറ്റുകൾ അച്ചടിക്കുന്നുണ്ട്. എന്നാൽ ആളുകളെ ആകർഷിക്കുന്ന രീതിയിൽ സമ്മാനഘടനയിൽ കാര്യമായ ഒരു മാറ്റവും വന്നിട്ടില്ല. 90 ലക്ഷം ലോട്ടറി ഒരു ദിവസം അച്ചടിച്ച് വിൽക്കുമ്പോൾ ലോട്ടറിയെടുക്കുന്ന ആളുകളെ ആകർഷിക്കുന്നതിനുവേണ്ടി പ്രൈസ് സ്ട്രക്ചറിൽ അടിസ്ഥാനപരമായ മാറ്റം എല്ലാ സർക്കാരുകളും ഓഫർ ചെയ്തിട്ടുള്ളതാണെങ്കിലും ഇതുവരെ അതിൽ മാറ്റം വരുത്തിയിട്ടില്ല. ഇപ്പോൾ നറുക്കെടുപ്പ് രീതിയെക്കുറിച്ചും ഏജന്റുമാർ വ്യാപകമായി ആക്ഷേപം ഉന്നയിക്കുന്നുണ്ട്. അവസാനത്തെ നാലക്കം വരുന്ന ടിക്കറ്റുകളുടെ സീരിയൽ 10 എണ്ണത്തിൽ കൂടുതൽ പാടില്ലെന്നാണ് പറയുന്നത്. പക്ഷേ സംസ്ഥാന ലോട്ടറി അവസാന നാലക്കം വരുന്ന നമ്പറുകൾ 150 എണ്ണത്തോളം വിൽക്കുന്നുണ്ട്. അത് നിയമവിരുദ്ധമായാണ് ചെയ്യുന്നത്. അക്കാര്യം ഗൗരവമായി പരിശോധിക്കണം. സർക്കാരിൽനിന്നും വൻകിട ഏജൻസികളിൽനിന്നും എല്ലാ ലോട്ടറികളും വിറ്റുപോകുന്നുണ്ട്. 100 ടിക്കറ്റുകൾ വിൽക്കുന്ന ചെറുകിട ഏജന്റുമാർ മിക്കവാറും ഡിഫറന്റ്ലി ഏബിൾഡായിട്ടുള്ളവരായിരിക്കും. ലോട്ടറി വിൽപ്പന അവരുടെ ഉപജീവനമാർഗ്ഗവുമായിരിക്കും. 100 ടിക്കറ്റ് വിൽക്കുമ്പോൾ ഒരു ദിവസം അവർക്ക് ലഭിക്കുന്നത് 600-650 രൂപയാണ്. ഇപ്പോൾ വടക്കൻ ജില്ലകളിൽ ഇങ്ങനെ ടിക്കറ്റ് വിൽപ്പന നടത്തുന്നവർക്ക് 30-40 ടിക്കറ്റുകൾ ഒരു ദിവസം ബാക്കിവരുന്നു. അടുത്ത ദിവസമെങ്കിലും വിറ്റുപോകുമെന്ന് കരുതി ഇവർ വീണ്ടും വീണ്ടും വാങ്ങുന്നു. ലോട്ടറി ഓഫീസിലെ കണക്ക് നോക്കുമ്പോൾ 90 ലക്ഷത്തോളം ടിക്കറ്റുകൾ എല്ലാ ദിവസവും വിറ്റുപോകുന്നുണ്ട്. പക്ഷേ സംസ്ഥാന ലോട്ടറി നെറ്റ്‌വർക്കിലെ ഏറ്റവും അവസാന കണ്ണിയായ സാധാരണ ഏജന്റിന്റെ വിൽപ്പനയിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. നമ്മൾ ഇവിടെയിരുന്ന് കണക്കുകൾ പരിശോധിച്ചാൽ സംസ്ഥാന ലോട്ടറിയെ വ്യാജ ലോട്ടറികൾ ബാധിച്ചിട്ടില്ല എന്നേ പറയാൻ സാധിക്കുകയുള്ളൂ. എന്റെ അഭിപ്രായത്തിൽ വ്യാജ ലോട്ടറി സംസ്ഥാന ലോട്ടറിയുടെ വിൽപ്പനയെ, പ്രത്യേകിച്ച് വടക്കൻ

ജില്ലകളിൽ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. താഴെത്തട്ടിലുള്ള സാധാരണക്കാരനായ ഏജന്റാണ് അതിന്റെ ബുദ്ധിമുട്ടുകൾ അറിയുന്നത്. കുറച്ചുനാൾ കഴിയുമ്പോൾ അയാൾ സംസ്ഥാന ലോട്ടറി എടുക്കാതെവരികയും അത് അപകടകരമായ ഘട്ടത്തിലേക്ക് എത്തുകയും ചെയ്യും. അങ്ങ് ഇതിൽ വളരെ പോസിറ്റീവായ നിലപാടാണ് സ്വീകരിക്കുന്നതെന്ന് എനിക്കറിയാം. നമ്മൾ ശ്രദ്ധിക്കേണ്ടത്, കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽനിന്ന് കെട്ടുകെട്ടിപ്പോയ ഇതര സംസ്ഥാന ലോട്ടറി മാഫിയ, നാല് വർഷം കൊണ്ട് 80,000 കോടി രൂപ കേരളത്തിൽനിന്ന് ലൂട്ട് ചെയ്ത് കൊണ്ടുപോയി എന്നാണ് മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ കേന്ദ്രത്തിന് കത്തെഴുതിയത്, ആ അന്യസംസ്ഥാന ലോട്ടറി മാഫിയ കേരളത്തിലേക്ക് കടന്നുവരാൻവേണ്ടിയുള്ള പല ശ്രമങ്ങളും നടത്തി; ഇപ്പോഴും അവർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സാന്റിയാഗോ മാർട്ടിനും ഇതര സംസ്ഥാന ലോട്ടറി മാഫിയയ്ക്കും കേരളത്തിലേക്ക് ചുവപ്പ് പരവതാനി വിരിച്ചുകൊടുക്കാൻ കാത്തുനിൽക്കുന്ന കുറെ ആളുകൾ ഇവിടെയുണ്ട്. അങ്ങ് വളരെയധികം ശ്രദ്ധിക്കണം. അങ്ങയുടെ പാർട്ടിയിൽപ്പെട്ട പ്രധാനപ്പെട്ട നേതാക്കൾക്ക് സാന്റിയാഗോ മാർട്ടിനുമായി ബന്ധമുണ്ട് എന്ന് ഞങ്ങൾ തെളിയിച്ചതാണ്. .......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഇപ്പോഴും അവരിൽ പലരും.....(ബഹളം)..... മന്ത്രിയല്ലേ മറുപടി പറയേണ്ടത്.

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ, അവിടെ ഇരിക്കണം. ശ്രീ. വി. ഡി. സതീശൻ, അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. വി. ഡി. സതീശൻ: സർ, എന്നാൽ പേര് പറയട്ടെ.

മി. സ്പീക്കർ: മറ്റാരെങ്കിലും കമന്റ് പറഞ്ഞുകൊണ്ട് അങ്ങ് ഒന്നും പറയേണ്ട. അങ്ങ് എന്താണോ പറയാൻ ഉദ്ദേശിച്ചത് അത് പറഞ്ഞാൽ മതി.

ശ്രീ. വി. ഡി. സതീശൻ: സർ, പേര് പറയണം എന്നുപറഞ്ഞുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്. ഞാൻ പേര് പറയുന്നില്ല. കോഴി കട്ടവനുണ്ടോയെന്ന് ചോദിക്കുമ്പോൾ കോഴി കട്ടവൻ തലയിൽ സ്വയം തപ്പിനോക്കേണ്ട ഒരാവശ്യവും ഇല്ല. ......(ബഹളം).....

മി. സ്പീക്കർ: അങ്ങ് ഭംഗിയായി വിഷയം അവതരിപ്പിച്ചിട്ട് അവസാനം പ്രശ്നമുണ്ടാക്കേണ്ട. അങ്ങ് കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. വേറെ ആളുകൾ കുഴപ്പം ചെയ്തതുകൊണ്ട് ഒരിക്കൽ അങ്ങയുടെ കൈ പൊള്ളിയതാണ്. ആ ആളുകൾ ഇപ്പോഴും ഇവരുമായി ബന്ധപ്പെടുന്നുണ്ട്. ഇവർക്കു വേണ്ടി എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. അതുകൊണ്ട് വളരെ ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ ഇവിടെ പറഞ്ഞ കാര്യങ്ങളോട്, അവസാനം പറഞ്ഞ ഏതാനും വാചകങ്ങൾ ഒഴികെ, സർക്കാരിന് വിയോജിപ്പില്ല. അവസാനം ശ്രീ. വി. ഡി. സതീശൻ രാഷ്ട്രീയ വിമർശനം നടത്താൻ തീരുമാനിച്ചതാണ്. ഇന്ത്യൻ ലോട്ടറി മാഫിയയുടെ Kingpin എന്നു പറയുന്നത് അസമിലെ ഒരു കോൺഗ്രസ്സ് നേതാവും ദീർഘകാല എം.പി.-യുമായിരുന്ന ആളാണെന്ന് എനിക്കും വേണമെങ്കിൽ പറയാം. ഇതൊക്കെ നമ്മൾ പല പ്രാവശ്യം പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ഇതൊക്ക ആവർത്തിച്ചിട്ട് കാര്യമില്ല. ഒരു പുതിയ കാര്യം ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചത് ഗൗരവമുള്ളതുതന്നെയാണ്. ......(ബഹളം).....

<u>മി. സ്പീക്കർ:</u> ഏതായാലും നിങ്ങൾ അച്ചടക്കത്തോടെ തന്നെയാണല്ലോ ഇരിക്കുന്നത്. ......(ബഹളം)............. യെസ്...... യെസ്........ അങ്ങയുടെ പുറകിലെ സീറ്റിൽനിന്നും ശബ്ദം കേൾക്കുന്നു. ..........നല്ല അച്ചടക്കമുള്ള കുട്ടികളാണ്, പക്ഷേ സ്വന്തം ബഞ്ചിനെതിരെ വരുമ്പോൾ അച്ചടക്കം ഇല്ലാതാകും.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, നറുക്കെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നം ഇവിടെ ഉന്നയിക്കുകയുണ്ടായി. നറുക്കെടുത്ത് വെബ്സൈറ്റിൽ വരുന്നതിനു മുമ്പുതന്നെ കേന്ദ്രങ്ങളിൽ സമ്മാനാർഹമായ നമ്പർ ലഭിക്കും. എഴുതിക്കൊടുക്കുമ്പോൾ ആ നമ്പർ ഒഴിച്ച് ബാക്കിയുള്ളവ നൽകുകയോ, ഇഷ്ടമുള്ളവർക്ക് ആ നമ്പർ നൽകുകയോ ചെയ്യാം. അങ്ങനെ ചെയ്യുമ്പോൾ ബെറ്റ് വയ്പിന്റെ വിശ്വാസം കൂട്ടുകയും ചെയ്യും. നറുക്കെടുപ്പ് നടത്താൻ ഓഫീസിന്റെ ആവശ്യമില്ല; ഹാളിൽ വച്ചാണ് നറുക്കെടുക്കുന്നത്. നറുക്കെടുപ്പ് സമയം ജനലിനുപുറത്ത് ഫോണും പിടിച്ച് വലിയൊരു സംഘം ആളുകളുണ്ടാകും. അവർ അപ്പപ്പോൾ ഫോണിൽ വിവരം നൽകുകയാണ്. നറുക്കെടുപ്പ് ലൈവ് ടെലികാസ്റ്റ് നടത്തുമ്പോൾ എല്ലാവർക്കും അപ്പോൾത്തന്നെ അറിയാൻ കഴിയും. വെബ്സൈറ്റിലിടാൻ മരു മണിക്കൂർ താമസം വരുന്ന കാര്യവുമില്ല. രണ്ടാമതായി, 600-ഓളം കേസുകളെടുത്തുവെങ്കിലും അതിൽ കൺവിക്ഷനായിട്ടുള്ളത് 24 കേസുകൾ മാത്രമാണ്. ബാക്കിയുള്ളവ

അന്നുമുതൽ ഇന്നുവരെ പെൻഡിംഗ് ഇൻവെസ്റ്റിഗേഷനായി നിലനിൽക്കുകയാണ്. ഒരുപക്ഷേ, കേസുകൾ തെളിയിക്കുന്നതിന് പ്രയാസങ്ങളുണ്ടാകും. ഇങ്ങനെയുള്ള കേസുകളിൽപ്പെടുന്നവർ കേരള ലോട്ടറിയുടെ ഏജന്റുമാരാണെങ്കിൽ അവരുടെ ഏജൻസി ഓട്ടോമാറ്റിക്കലി സസ്പെൻഡ് ചെയ്യുമെന്ന കർശന നിലപാട് സ്വീകരിക്കാം. പേര് മാറ്റലും വേറൊരാളിന്റെ പേരിൽ വരണമെന്നുമുള്ള പ്രശ്നങ്ങളുമൊക്കെയുണ്ട്.

സാധാരണക്കാരായ ലോട്ടറി വിൽപ്പനക്കാർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പറയുകയുണ്ടായി. കൂടുതൽ ലോട്ടറികൾ മുൻകൂട്ടി വാങ്ങുന്നത് സംബന്ധിച്ച് പറഞ്ഞു. ലോട്ടറി ഓഫീസിൽ പോയി വാങ്ങുകയെന്നുപറയുന്നത് ഒരു ദിവസത്തെ ജോലിയാണ്. കുറച്ചുവീതം വാങ്ങാമെന്നു കരുതിയാൽ അത്രയും ദിവസം ഓഫീസുകളിൽപ്പോയി ക്യൂ നിൽക്കണം. അതുകൊണ്ട് ഓഫീസുകളുടെ എണ്ണം കൂട്ടുകയെന്നുള്ളതാണ് മാർഗ്ഗം. 14 ഓഫീസുകൾകൂടി തുറന്നാൽ ഓഫീസുകളിലെ തിരക്ക് ഒഴിവാക്കുന്നതിനും ചെറുകിട വിൽപ്പനക്കാർക്ക് ലോട്ടറി വാങ്ങുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിനും കഴിയുമെങ്കിലും ആവശ്യത്തിനാകുമെന്ന് ഞാൻ പറയുന്നില്ല. ഇപ്പോഴുള്ള സമ്മാനഘടന നോക്കുമ്പോൾ എണ്ണം കൂടിയിട്ടുണ്ടെങ്കിലും 40 ശതമാനം തുക സമ്മാനത്തിനായി നീക്കിവച്ചിരിക്കുകയാണ്; തുകയിൽ കുറവില്ല. പക്ഷേ, എല്ലാ സമ്മാനവും വലിയൊരു സമ്മാനത്തിൽ പോയി കേന്ദ്രീകരിക്കുകയാണ്. ചെറിയ സമ്മാനങ്ങൾ വേണ്ടത്രയില്ല. സമ്മാനഘടന പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താം; ഇക്കാര്യത്തിൽ പൂർണ്ണ ജാഗ്രതയുണ്ട്. ഇതിനെക്കാൾ വലിയ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിക്കാൻ കഴിയില്ല. പ്രതിപക്ഷം പറഞ്ഞ ഗൗരവമെല്ലാം സർക്കാർ ഉൾക്കൊള്ളുന്നുണ്ട്. ഇക്കാര്യത്തിൽ മാധ്യമങ്ങളും നല്ല പങ്ക് വഹിച്ചിട്ടുണ്ട്. നിങ്ങൾ പറഞ്ഞ ചാനലുകൾ മാത്രമല്ല, മറ്റ് പല ചാനലുകളും കഴിഞ്ഞ രണ്ടാഴ്ചയായി ഈ വിഷയം റിപ്പോർട്ട് ചെയ്യുന്നുണ്ട്. തെളിവുകൾ കണ്ടുകഴിഞ്ഞപ്പോൾ വിചാരിച്ചതിലും അപ്പുറത്താണ് പ്രശ്നങ്ങളെന്ന് മനസ്സിലാക്കിയാണ് ഇത്തരത്തിലൊരു ഉന്നതതല സംഘത്തെ അന്വേഷണത്തിന് നിയോഗിച്ചത്. സർക്കാർ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്. ഇതുസംബന്ധിച്ച് ഇരുഭാഗത്തുനിന്നും സംസാരിക്കേണ്ട ആവശ്യമില്ല. ഏതുകാര്യം ചൂണ്ടിക്കാണിച്ചാലും തുറന്ന മനസ്സോടെ പരിശോധിക്കാൻ സർക്കാർ തയ്യാറാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പ്രശസ്ത എഴുത്തുകാരനായ സി. ജെ. തോമസിന്റെ "അവൻ വീണ്ടും വരുന്നു" എന്നൊരു നാടകമുണ്ട്. യുദ്ധത്തിൽ മരിച്ചുപോയ ഒരാൾ പിന്നീട് തിരിച്ചുവരുന്നതാണ് ആ നാടകത്തിന്റെ കഥ. നമ്മളെല്ലാവരും കരുതിയത് സാന്റിയാഗോ മാർട്ടിൻ ഇനി തിരിച്ചു വരില്ലെന്നാണ്. എന്തുകൊണ്ടാണ് അങ്ങയുടെ ഭരണകാലത്തുമാത്രം സാന്റിയാഗോ മാർട്ടിൻ കേരളത്തിൽ റാകിപ്പറക്കാൻ ശ്രമിക്കുന്നതെന്ന് അങ്ങ് ചിന്തിക്കണം. ഞാൻ അങ്ങയുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നില്ല. എന്ത് മറിമായമാണ് ഇവിടെ നടക്കുന്നത്? നേരത്തെ സാന്റിയാഗോ മാർട്ടിനും ലോട്ടറി തട്ടിപ്പുകാരുമാണ് വന്നത്. ഇപ്പോൾ സാന്റിയാഗോ മാർട്ടിന്റെ അപരന്മാരുടെ തേരോട്ടമാണ് കേരളത്തിൽ നടക്കുന്നത്. ശ്രീ. വി. ഡി. സതീശൻ ഇവിടെ വ്യക്തമായി കാര്യങ്ങൾ പറയുകയുണ്ടായി. എഴുത്തുലോട്ടറിയെന്നു പറയുന്നത് ഒറ്റനമ്പർ ലോട്ടറിയുടെ പുതിയ അവതാരമാണ്. മുൻകാലങ്ങളിൽ സിക്കിം, ഭൂട്ടാൻ ലോട്ടറികളുടെ മറവിലാണ് തട്ടിപ്പ് നടത്തിയിരുന്നതെങ്കിൽ ഇപ്പോഴത് കേരള ലോട്ടറിയുടെ മറവിൽ നടന്നു കൊണ്ടിരിക്കുന്നുവെന്നുള്ളത് വളരെ ഗൗരവമായ കാര്യമാണ്. പുതിയ തട്ടിപ്പിന്റെ പേര് എഴുത്തുലോട്ടറിയെന്നാണ്. തുണ്ട് കടലാസിൽ ലോട്ടറി ടിക്കറ്റിന്റെ അവസാനത്തെ മൂന്ന് അക്കങ്ങൾ ഊഹിച്ചെഴുതുന്ന ചൂതാട്ടമാണിത്. ആ മൂന്ന് അക്കങ്ങളിൽപ്പെട്ട ടിക്കറ്റുകൾക്ക് സമ്മാനമടിച്ചാൽ ഊഹിച്ചെഴുതുന്ന തുണ്ട് കടലാസുകൾക്കും സമ്മാനം ലഭിക്കും. ക്രിക്കറ്റിലെ വാതുവയ്പിന്റെ ചെറിയ രൂപമാണിത്. ക്രിക്കറ്റിൽ നടക്കുന്നത് ലക്ഷക്കണക്കിനും കോടിക്കണക്കിനും രൂപയുടെ മറിമായമാണെങ്കിൽ ഇവിടെ ചെറിയ തുകകളിലൂടെ വൻതുകകൾ ദിവസവും തട്ടിയെടുക്കുകയാണ് ചെയ്യുന്നത്. കംപ്യൂട്ടറുകളും ഫോണുകളും ഓഫീസുകളും മറ്റ് സംവിധാനങ്ങളും ഉപയോഗിച്ചാണ് ഇതെല്ലാം നടത്തിക്കൊണ്ടിരിക്കുന്നത്. പുതിയ സോഫ്റ്റ്‌വെയർപോലും ഇതിനായി വികസിപ്പിച്ചെടുത്തിരിക്കുന്നുവെന്നുള്ളത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. കാസർഗോഡ്, മലപ്പുറം, കണ്ണൂർ, വയനാട്, പാലക്കാട് ജില്ലകളിലാണ് ഇന്ന് എഴുത്തുലോട്ടറി വ്യാപകമായിട്ടുള്ളതെങ്കിലും തെക്കൻ ജില്ലകളിലേക്കും വ്യാപിക്കുന്നുവെന്നുള്ളതാണ് സത്യം. ന്യൂസ്-18 എന്ന ചാനലാണ് ഇതിന്റെ വിശദാംശങ്ങൾ പുറത്തുവിട്ടത്. ഇന്നലെ ഏഷ്യാനെറ്റ് ന്യൂസ് ചാനലും ഈ വിഷയം പുറത്തുകൊണ്ടുവരികയുണ്ടായി. ഇവരുടെ പരിശോധനകളിലൂടെയും സ്റ്റിംഗ് ഓപ്പറേഷനിലൂടെയും പുറത്തുകൊണ്ടു വന്ന വിവരങ്ങൾ അനുസരിച്ചാണെങ്കിൽ വ്യാപകമായ ഒരു മാഫിയ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുകയാണ്. ശ്രീ. ഫിലിപ് ജോസഫിന്റെ നേതൃത്വത്തിലുള്ള ഐ.എൻ.ടി.യു.സി.-യും ശ്രീ. എം. വി. ജയരാജന്റെ നേതൃത്വത്തിലുള്ള സി.ഐ.ടി.യു.-വുമാണ് ഈ മേഖലയിലെ രണ്ട് സംഘടനകൾ. ഈ രണ്ട് സംഘടനകളും ഇതിനെതിരായി ശക്തമായി മുന്നോട്ടുവന്നിട്ടുണ്ട്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം ശ്രീ. വി. ഡി. സതീശൻ ഇവിടെ പറയുകയുണ്ടായി. സാന്റിയാഗോ മാർട്ടിനുമായി ബന്ധമുള്ള ആളുകൾക്ക് നേരിട്ട്

കച്ചവടം നടത്താൻ കഴിയാത്തതുകൊണ്ട് അവരാണ് ഇതിന്റെ പിന്നിലുള്ളതെന്നാണ് വ്യാപകമായ പരാതി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിനെ വളരെ ഗൗരവമായി കാണാൻ തയ്യാറാകുന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ലോട്ടറി രാജാവായ സാന്റിയാഗോ മാർട്ടിന്റെ ബിനാമികളും അനുയായികളും എഴുത്തു ലോട്ടറിയുടെ പുറകിൽ വളരെ ശാസ്ത്രീയമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നിയമത്തിന്റെ കരങ്ങൾ സാന്റിയാഗോ മാർട്ടിനിലേക്ക് എത്താതെ വളരെ ബുദ്ധിപരമായിട്ടാണ് ഇത്തവണ നീക്കങ്ങൾ നടത്തുന്നത്. പേരുപറയുന്നത് ശരിയല്ല, കണ്ണൂർ ജില്ലയിലെ ഒരു ലോട്ടറി ഏജന്റാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതെന്നാണ് മനസ്സിലാകുന്നത്. പാവപ്പെട്ട തൊഴിലാളികളും സാധാരണക്കാരുമാണ് എഴുത്തു ലോട്ടറിയിൽ കുരുങ്ങിക്കൊണ്ടിരിക്കുന്നത്. തിരുവനന്തപുരത്തുവച്ച് കേരള സർക്കാർ ലോട്ടറി നറുക്കെടുപ്പ് നടത്തുമ്പോൾ ഇവർ ഫോണിലൂടെ അറിയിച്ച് എഴുത്തുലോട്ടറി നടത്തുന്നുവെന്നാണ് അറിയുന്നത്. ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന കേസുകളെല്ലാം പെറ്റിയടിച്ച് വിടുന്നതുകൊണ്ട് മാത്രമാകുന്നില്ല.*** നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തണമെങ്കിൽ അക്കാര്യംകൂടി അങ്ങ് ആലോചിക്കണം. ലോട്ടറി ആക്ടിൽ ചില അമെന്റ്മെന്റുകൾ വേണ്ടിവരുമെന്ന് പറയുന്നുണ്ടെങ്കിലും എനിക്കതിനെ കുറിച്ചറിയില്ല; അക്കാര്യം പരിശോധിക്കേണ്ട കാര്യമാണ്. അന്വേഷണം വളരെ വിപുലമായി നടത്തുകയും ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന കറുത്ത കരങ്ങളെ നിയമത്തിന്റെ മുന്നിൽക്കൊണ്ടുവരികയും ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വളരെ ഗൗരവമായി ഈ സംഭവത്തെ കാണുകയും ഇന്നലെത്തന്നെ അന്വേഷണ സംഘത്തെ നിയോഗിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നല്ല നിലയിൽ മുന്നോട്ടുപോകട്ടേയെന്ന് ഞാൻ ആശംസിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ വാക്കൗട്ട് നടത്തുന്നില്ലെന്ന് അറിയിക്കുകയാണ്.

10.00 AM]

## III ക്രമപ്രശ്നം

സഭാസമ്മേളന വേളയിൽ മന്ത്രിമാർ പൊതുപരിപാടികളിൽ പങ്കെടുക്കുന്നത് സംബന്ധിച്ച്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ,......

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങ് തന്ന കത്തിന് ഞാൻ അവസരം തരാം. അങ്ങ് തന്ന കത്തിന്റെ വിശദാംശങ്ങൾ അന്വേഷിക്കാൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

*** ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭ്യർത്ഥനപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

<u>പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, ഈ കാര്യത്തിൽ നിരവധി സ്പീക്കർമാർ റൂളിംഗ് നൽകിയിട്ടുണ്ട്. സഭാസമ്മേളനം നടന്നു കൊണ്ടിരിക്കുമ്പോൾ ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ നിയോജക മണ്ഡലത്തിൽ ഒരു മന്ത്രി പൊതുപരിപാടിയിൽ പങ്കെടുക്കുന്നത് എം.എൽ.എ.-ക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. സഭാസമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു മന്ത്രി എം.എൽ.എ.യെ അറിയിക്കാതെ അങ്ങനെയൊരു പരിപാടിയിൽ പങ്കെടുക്കുന്നത് ശരിയല്ല. അതൊന്ന് ഉന്നയിക്കാൻ അങ്ങ് അവസരം നൽകണം.

<u>മി. സ്പീക്കർ</u>: അങ്ങ് ഉന്നയിച്ചത് വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. ഇക്കാര്യം ശ്രീ. എൻ. എ. നെല്ലിക്കുന്ന് എനിക്ക് ഇന്നലെ എഴുതിത്തന്നിരുന്നു. അക്കാര്യത്തിൽ ഞാൻ വിശദീകരണം തേടിയിട്ടുണ്ട്. വിശദീകരണം ലഭിച്ചതിനുശേഷം സഭയെ അറിയിക്കുന്നതാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, എന്റെ മണ്ഡലമായ വൈറ്റിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും പങ്കെടുത്ത ഫ്ലൈ ഓവർ ഉദ്ഘാടനമുണ്ടായിരുന്നു. അവിടെ ഞാനൊരു ആശംസാ പ്രാസംഗികൻ മാത്രമായിരുന്നു. അത് അങ്ങ് കൊടുത്ത റൂളിംഗിന് കടകവിരുദ്ധവുമായിരുന്നു.

<u>മി. സ്പീക്കർ:</u> പ്രോട്ടോകോൾ ലംഘനം ഉണ്ടെങ്കിൽ അങ്ങ് എഴുതിത്തന്നാൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട സാമാജികരുടെ പ്രോട്ടോകോൾ ലംഘനവുമായി ബന്ധപ്പെട്ട പരാതികൾ ചെയറിന് ലഭിച്ചാൽ അവ പരിശോധിക്കുകയും ആവശ്യമായ വിശദീകരണം തേടുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അതിൽ ചർച്ചയില്ല. ഇക്കാര്യം പൊതുവായി എടുത്ത് റൂളിംഗ് നൽകുന്നതാണ്.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : സർ, ഇതുപോലൊരു വിഷയം സംബന്ധിച്ച് ഞാൻ ഒരുമാസം മുമ്പ് അങ്ങേക്ക് കത്ത് തന്നിരുന്നതാണ്....(ബഹളം)....

<u>മി. സ്പീക്കർ</u>: നിങ്ങൾ എഴുതിത്തന്നാൽ അപ്പോൾത്തന്നെ മറുപടി പറയാൻ കഴിയുമോ; ചെയർ എപ്പോഴാണ് റൂളിംഗ് തരേണ്ടതെന്ന് നിങ്ങൾ നിർദ്ദേശിച്ചാൽ പറ്റുമോ? ഞാൻ അതിന്റെ വിശദീകരണം തേടിയിട്ടുണ്ടെന്ന് പറഞ്ഞല്ലോ. വിശദീകരണം ലഭിച്ചശേഷം തീരുമാനിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു മാസം മുമ്പ് പെരുമ്പാവൂർ എം.എൽ.എ. ശ്രീ. എൽദോസ് കുന്നപ്പിള്ളി അങ്ങേക്ക് ഒരു കത്ത് തന്നിരുന്നു. ഇപ്പോൾ ശ്രീ. എൻ. എ. നെല്ലിക്കുന്നിനും ഇങ്ങനെയൊരു അനുഭവമുണ്ടായിരിക്കുന്നു. ശ്രീ. പി. ടി. തോമസ് ഇപ്പോൾ ഒരു കാര്യം ഉന്നയിച്ചു. മുൻകാല സ്പീക്കർമാർ ഇതുസംബന്ധിച്ച് റൂളിംഗ് നൽകിയിട്ടുണ്ട്. അങ്ങ് ഈ രണ്ട് കത്തുകളും പരിശോധിച്ചതിനുശേഷം തിങ്കളാഴ്ച ഇതുസംബന്ധിച്ച റൂളിംഗ് നൽകണമെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: തീർച്ചയായും റൂളിംഗ് നൽകുന്നതാണ്.

## IV ശ്രദ്ധ ക്ഷണിക്കൽ

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

### (1) ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന്റെ പിന്നോക്കാവസ്ഥ

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, രാജ്യത്തെ മൈക്രോ-മൈനോരിറ്റി വിഭാഗമാണ് ആംഗ്ലോ ഇന്ത്യൻ വംശജർ. സാമുദായികമായും ഭാഷാപരമായും സൂക്ഷ്മ ന്യൂനപക്ഷമായ ആംഗ്ലോ ഇന്ത്യൻ സമൂഹം ഇന്ന് നിരവധി പ്രശ്നങ്ങൾ നേരിടുകയാണ്. യൂറോപ്യൻ വംശജർക്ക് ഇന്ത്യയിലെ സ്ത്രീകളിലുണ്ടായ വംശപരമ്പരയാണ് ആംഗ്ലോ ഇന്ത്യക്കാർ. ഇവർ പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച്, ഇംഗ്ലീഷ് വംശജരുടെ പിൻമുറക്കാരാണ്. 1498-ൽ വാസ്കോ ഡ ഗാമ കേരളത്തിൽ വന്നതുമുതലാണ് പുതിയ ഈ സങ്കര വർഗ്ഗത്തിന്റെ ഉദയം. ഒരർത്ഥത്തിൽ പ്രശസ്ത പത്രപ്രവർത്തകനായ ഖുശ്‌വന്ത് സിംഗ് പറഞ്ഞിട്ടുള്ളത് 'യൂറോപ്യൻ ലൈംഗീകാഭാസത്തിന്റെ വെറും സ്മാരകശിലകളാണ് ആംഗ്ലോ ഇന്ത്യൻ സമൂഹം' എന്നാണ്. ഇവർ ഭാഷാ ന്യൂനപക്ഷമാണ്. ഭരണഘടനയിലെ ന്യൂനപക്ഷങ്ങൾക്കുള്ള അവകാശങ്ങൾക്ക് അർഹരുമാണ്. കേരളത്തിലെ ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന്റെ അംഗസംഖ്യ ഇന്ന് കുറഞ്ഞുവരികയാണ്. ശരിയായ കണക്കുകളെടുത്താൽ 80000 വരുന്ന ജനസംഖ്യയാണ് ഇന്ന് കേരളത്തിൽ ആംഗ്ലോ ഇന്ത്യൻ സമൂഹത്തിനുള്ളത്. നമ്മുടെ രാജ്യത്ത് ജനസംഖ്യ കുറഞ്ഞുവരുന്ന ജനവിഭാഗങ്ങളിൽപ്പെട്ട പാഴ്സികൾ, ജൈനർ എന്നീ വിഭാഗത്തോടൊപ്പം ചേർക്കാവുന്നവരാണ് ആംഗ്ലോ ഇന്ത്യൻ സമൂഹവും. ഇന്ന് കേരളത്തിലെ ആംഗ്ലോ ഇന്ത്യൻ സമൂഹം നിരവധിയായ പ്രതിസന്ധികളെയും പ്രശ്നങ്ങളെയും നേരിട്ടുകൊണ്ടിരിക്കുകയാണ്. ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന്റെ ഭാഷയും സംസ്കാരവും ഇന്ന് നഷ്ടമായികൊണ്ടിരിക്കുകയാണ്. ബ്രിട്ടീഷുകാരുടെ കാലത്ത് ആംഗ്ലോ ഇന്ത്യൻ വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ പല മുൻഗണനകളുമുണ്ടായിരുന്നു. റെയിൽവേ, കമ്പിത്തപാൽ, മിലിട്ടറി

തുടങ്ങിയ മേഖലകളിൽ പ്രത്യേകമായിത്തന്നെ അവർക്ക് ജോലി ലഭിച്ചിരുന്നു. കേരളത്തിൽ പ്രധാനമായും പോർച്ചുഗീസ് വംശജരുടെ പിൻമുറക്കാരാണുള്ളത്. ഭൂരിപക്ഷം ആംഗ്ലോ ഇന്ത്യൻ വംശജരും പോർച്ചുഗീസ് പിൻതുടർച്ച അവകാശ പ്പെടുന്നവരാണ്. കൂടാതെ, ഇംഗ്ലീഷ്, ഫ്രഞ്ച് വംശജരും കേരളത്തിലുണ്ട്. വിദ്യാഭ്യാസപരവും ഉദ്യോഗ സംബന്ധവുമായ ആനുകൂല്യങ്ങൾക്കുവേണ്ടി ആംഗ്ലോ ഇന്ത്യൻ സമുദായത്തെ ഭരണഘടനാപ്രകാരമുള്ള ഒരു പിന്നോക്ക സമുദായമായി ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഇന്ന് കേരളത്തിൽ ആംഗ്ലോ ഇന്ത്യൻ സമൂഹം താമസിക്കുന്നത് തിരുവനന്തപുരം, കൊല്ലം-തങ്കശ്ശേരി, കായംകുളം, മാവേലിക്കര, ക്ലാപ്പന, പുറക്കാട്, ആലപ്പുഴ, ഇടക്കൊച്ചി, പള്ളുരുത്തി, സൗദി നസ്രത്ത്, ചെറിയ കടവ്, ഫോർട്ട് കൊച്ചി, തേവര, പെരുമാനൂർ, എറണാകുളം, ചാക്യാത്ത്, പച്ചാളം, വടുതല, ബോൾഗാട്ടി, മുളവുകാട്, കടമക്കുടി, വരാപ്പുഴ, കണ്ടനാട്, ഇളങ്കുന്നപ്പുഴ, പള്ളിപ്പുറം, കാട്ടുകുറ്റി, പടിയൂർ, കോഴിക്കോട്, കണ്ണൂർ, മൂന്നാറിന്റെ കുറച്ചു ഭാഗം എന്നിവിടങ്ങളിലാണ്. വിദ്യാഭ്യാസം, തൊഴിൽ, പാർപ്പിടം തുടങ്ങിയ മേഖലകളിൽ ഏറെ പിന്നോക്കാവസ്ഥയിലാണ് ആംഗ്ലോ ഇന്ത്യൻ സമൂഹം. നെട്ടൂർ കമ്മീഷനും കുമാരപിള്ള കമ്മീഷനും സംവരണത്തെ സംബന്ധിച്ച് റിപ്പോർട്ടുകൾ സമർപ്പിച്ചപ്പോൾ ഈ സമൂഹം പൂർണ്ണമായും തഴയപ്പെടുകയായിരുന്നു. ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന്റെ താഴെപ്പറയുന്ന ആവശ്യങ്ങൾ പ്രത്യേകമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കാൻവേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ കൊണ്ടുവന്നിട്ടുള്ളത്.

ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്കും മെഡിക്കൽ പി.ജി. കോഴ്സുകൾക്കും ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് സംവരണം അനുവദിച്ചിട്ടില്ല. ഇതുസംബന്ധിച്ച് 2016 ഫെബ്രുവരി മാസം 24-ാം തീയതി ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽത്തന്നെ യോഗം ചേർന്നു; അതിന്റെ മിനിട്ട്സ് ലഭ്യമാണ്. പക്ഷെ അതുസംബന്ധിച്ചുള്ള തീരുമാനം ഇതുവരെ നടപ്പാക്കിയിട്ടില്ല. ആംഗ്ലോ ഇന്ത്യൻ മാനേജ്മെന്റ് നടത്തുന്ന ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യണം. 1996-2001-ൽ വരെ കേരളത്തിലുണ്ടായിരുന്ന സഖാവ് ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള സർക്കാർ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ മൂന്ന് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയുണ്ടായി. ഒരു യു.പി. സ്കൂൾ ഹൈസ്കൂളായും രണ്ട് എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളായും അപ്ഗ്രേഡ് ചെയ്തു. 2011 മുതൽ 2016 വരെ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ ഏറ്റവും

പ്രധാനപ്പെട്ട വിദ്യാലയമായ സി.സി.പി.എൽ.എം. സ്കൂളിന് ഹയർ സെക്കണ്ടറി അനുവദിക്കുകയും ആ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. എന്നാൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിലെ മറ്റ് വിദ്യാലയങ്ങളെല്ലാം ശോചനീയാവസ്ഥയിലാണ്. അതുകൊണ്ട് ലൊറേറ്റ ആംഗ്ലോ ഇന്ത്യൻ സ്കൂൾ, സൗദി ഹയർ സെക്കണ്ടറി സ്കൂളാക്കി അപ്ഗ്രേഡ് ചെയ്യണം. അതുപോലെ തന്നെ 100 കൊല്ലത്തെ ചരിത്രമുള്ളതും ആംഗ്ലോ ഇന്ത്യൻ കോഡ് പ്രകാരം പ്രവർത്തിക്കുന്നതുമായ ഫോർട്ട് കൊച്ചിയിലെ സെന്റ് മേരീസ് ഹൈസ്കൂളിന് ഹയർ സെക്കണ്ടറി വിഭാഗം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. പടിയൂരുള്ള ആംഗ്ലോ ഇന്ത്യൻ യു.പി. സ്കൂൾ ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യണം. ഇളങ്കുന്നപ്പുഴയിലുള്ള ആംഗ്ലോ ഇന്ത്യൻ സ്കൂളും ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ആംഗ്ലോ ഇന്ത്യൻ സമൂഹം വിദ്യാഭ്യാസപരമായി ഏറെ പിന്നിലാണ്. പലരും പത്താം സ്റ്റാൻഡേർഡിലേക്ക് എത്തുന്നതുതന്നെ വളരെ അപൂർവ്വമാണ്. അതുകൊണ്ട് അവർക്ക് പ്രോത്സാഹനം നൽകാൻ കഴിയണം. എയ്ഡഡ് വിദ്യാലയങ്ങളിലും സർക്കാർ വിദ്യാലയങ്ങളിലും ഒന്നാം ക്ലാസ്സുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിക്കുന്ന ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ഒരു ചെറിയ ലംപ്സംഗ്രാന്റ് നൽകാൻ കഴിയണം. ആയിരത്തിൽ താഴെ കുട്ടികൾ മാത്രമേ ഉണ്ടാകുകയുള്ളൂ. അവർക്ക് പഠിക്കാനുള്ള പ്രോത്സാഹനമായി ലംപ്സംഗ്രാന്റ് നൽകാൻ തയ്യാറാകണം. 2000-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. ശിവദാസമേനോൻ അക്കാര്യം പറഞ്ഞിരുന്നതാണ്. എന്നാൽ പിന്നീട് ആ നടപടികളുമായി മുന്നോട്ടുപോയിട്ടില്ല. ആംഗ്ലോ ഇന്ത്യൻ സമൂഹത്തിനൊരു സാംസ്കാരികത്തനിമയുണ്ട്; അതൊരു സവിശേഷതയാണ്. ഇന്നിപ്പോൾ അത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവരുടെ വിവാഹം, വിവാഹാഘോഷ പരിപാടികൾ, വസ്ത്രധാരണ രീതികൾ അതുപോലെതന്നെ ഭാഷ ഇവയെല്ലാം സംരക്ഷിക്കാൻ കഴിയണം. ആംഗ്ലോ ഇന്ത്യൻ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ അവർക്ക് മാതൃഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് പൂർണ്ണമായി പഠിക്കാൻ കഴിയണം. മലയാളഭാഷ പഠിക്കാൻ സാധിക്കാതെ വന്നതിനെത്തുടർന്ന് പലരും പരീക്ഷകളിൽ തോറ്റുപോകുന്നുണ്ട്. അതുകൊണ്ട് ആംഗ്ലോ ഇന്ത്യൻ വിദ്യാലയങ്ങളിൽ സ്പെഷ്യൽ ഇംഗ്ലീഷ് എന്ന നിലയ്ക്ക് ഇംഗ്ലീഷ് പൂർണ്ണമായും പഠിക്കാനുള്ള സർക്കാർ ഉത്തരവുണ്ടാകണം. ഇപ്പോൾ ഓരോ വർഷവും അത്തരത്തിൽ അനുമതി വാങ്ങുന്ന സ്ഥിതിയാണ് നിലവിലുള്ളത്. അതിനൊരു പരിഹാരമുണ്ടാക്കേണ്ടതുണ്ട്. ആംഗ്ലോ ഇന്ത്യൻ കമ്മ്യൂണിറ്റിയുടെ സാംസ്കാരികത്തനിമ നിലനിർത്താൻ കഴിയുന്ന പ്രത്യേക കേന്ദ്രം സ്ഥാപിക്കണം. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

എം.എൽ.എ. ആയിരുന്ന സന്ദർഭത്തിൽ അതുസംബന്ധിച്ച് ഒരു നീക്കം നടത്തുകയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അന്ന് ആംഗ്ലോ ഇന്ത്യൻ സമുദായത്തിനുവേണ്ടി കൊച്ചിയിലൊരു കൾച്ചറൽ സെന്റർ അനുവദിക്കുകയും ചെയ്തതാണ്. പക്ഷേ, അത് പ്രാവർത്തികമായില്ല. അതുകൊണ്ട് സർക്കാർതന്നെ ഒരു കൾച്ചറൽ സെന്റർ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും അത് ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന് കൈമാറുകയും ചെയ്യണം. ആംഗ്ലോ ഇന്ത്യൻ കമ്മ്യൂണിറ്റി ഭവനരഹിതരാണ്. ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന തീർത്തും ദരിദ്രരായിട്ടുള്ളവർക്ക് ഒരുതുണ്ട് ഭൂമിപോലുമില്ല. വളരെ കാലങ്ങൾക്കുമുമ്പ് പെരുമ്പാവൂർ വെങ്ങോലയിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിനുവേണ്ടി പ്രത്യേകമായി ഒരു കോളനി സ്ഥാപിച്ചിരുന്നു. പച്ചാളം ചാക്യാത്ത് അത്തരമൊരു കോളനിയുണ്ട്. ഭവനരഹിതരായിട്ടുള്ളവർക്ക് അത്തരം സൗകര്യമൊരുക്കാൻ തയ്യാറാകണം. അതുപോലതന്നെ ആംഗ്ലോ ഇന്ത്യൻ കമ്മ്യൂണിറ്റിക്ക് ഒരു കോളേജില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ നിയന്ത്രണത്തിൽ കോളേജുണ്ട്. അതുപോലെ ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ടവർക്ക് പ്രത്യകമായി ഒരു എയ്ഡഡ് കോളേജ് സർക്കാർ അനുവദിച്ചുതരണമെന്ന് ആവശ്യപ്പെടുകയാണ്. കേരളത്തിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട സർക്കാർ ജോലിക്കാരുടെ എണ്ണം 200-ൽ താഴെ മാത്രമാണ്. പ്രത്യേക പരിഗണനയും സംവരണത്തിന്റെ ആനുകൂല്യവും അവർക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി ആ വിഭാഗത്തിലെ അർഹതപ്പെട്ടവർക്ക് സർക്കാർ ജോലി നൽകാൻ തയ്യാറാകണം. പ്രത്യേക പരിഗണന അർഹിക്കുന്ന, ഒരർത്ഥത്തിൽ വംശനാശം നേരിട്ടുകൊണ്ടിരിക്കുന്ന ഈ ജനവിഭാഗത്തോട് പ്രത്യേകമായി കരുണ കാണിക്കാൻ ആവശ്യമായ തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സാമുദായികമായും ഭാഷാപരമായും സൂക്ഷ്മ ന്യൂനപക്ഷമായ ആംഗ്ലോ ഇന്ത്യൻ സമൂഹം നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അതാണ് ബഹുമാനപ്പെട്ട ജോൺ ഫെർണാണ്ടസ് ഇവിടെ സൂചിപ്പിച്ചത്. വിദ്യാഭ്യാസം, തൊഴിൽ, പാർപ്പിടം തുടങ്ങി വിവിധ മേഖലകളിലാണ് ഈ വിഭാഗം പ്രശ്നങ്ങൾ നേരിടുന്നത്. വിദ്യാഭ്യാസപരവും ഉദ്യോഗസംബന്ധവുമായ ആനുകൂല്യങ്ങൾക്ക് പിന്നോക്ക സമുദായമെന്ന പരിഗണനയാണിപ്പോൾ ഈ വിഭാഗത്തിനുള്ളത്. പിന്നോക്ക സമുദായ വികസന വകുപ്പ് നടപ്പിലാക്കുന്ന തൊഴിൽ സംബന്ധമായ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് വിദ്യാർത്ഥികൾക്കുവേണ്ടി നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ

ഇതര പിന്നോക്ക വിഭാഗങ്ങളോടൊപ്പം ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിനും ആനുകൂല്യങ്ങൾ നൽകിവരുന്നു. ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന്റെ സാംസ്കാരിക തനിമ സംരക്ഷിച്ച് നിലനിർത്തുന്നതിനും വിദ്യാഭ്യാസം, തൊഴിൽ, പാർപ്പിടം തുടങ്ങിയ മേഖലയിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് ഇവരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ഇതാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ആംഗ്ലോ ഇന്ത്യൻ സമുദായത്തിലെ പെൺകുട്ടികൾക്ക് കിട്ടുന്ന ഒരു ചെറിയ സ്കോളർഷിപ്പ് മാത്രമണ് ലംപ്സംഗ്രാന്റ്. ഞാൻ ഉദ്ദേശിച്ചത് അതല്ല. കുടുംബി സമുദായത്തിൽപ്പെട്ടവർക്കൊക്കെ കിട്ടുന്നതുപോലെ എല്ലാ മാസവും ചെറിയ രീതിയിലുള്ള ലംപ്സംഗ്രാന്റ് ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിച്ചാൽ  വളരെ ആശ്വാസമായിരിക്കും. അത്തരത്തിൽ ആയിരത്തിൽ താഴെ കുട്ടികൾ മാത്രമേ ഉണ്ടാകുകയുള്ളൂ. അതിനുള്ളൊരു തീരുമാനംകൂടി ഉണ്ടാകണം. അങ്ങ് യോഗം വിളിക്കുമെന്നുപറഞ്ഞു. ബന്ധപ്പെട്ടവരെയെല്ലാം ഉൾപ്പെടുത്തി ഒരു യോഗം വിളിക്കാനുള്ള തീരുമാനമെടുത്താൽ ഇത്തരത്തിലുള്ള ചർച്ച ആ യോഗത്തിൽ നടത്താം.

ശ്രീ. എ. കെ. ബാലൻ: സർ, യഥാർത്ഥത്തിൽ ഇതിന് മറുപടി പറയേണ്ടിയിരുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയായിരുന്നു. എന്തായാലും ഈ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. ഇപ്പോൾ ഈ വിഭാഗം ഒ.ബി.സി. പട്ടികയിലാണുള്ളത്. Backward Community Development Corporation-ന്റെ എല്ലാ ആനുകൂല്യവും ഇവർക്ക് ലഭിക്കുന്നുണ്ട്. ഈ വർഷത്തെ കാര്യങ്ങൾ ഡിമാന്റിന്റെ ഭാഗമായി പറയാം. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഒട്ടേറ നൂതന പദ്ധതികൾ ആവിഷ്കരിക്കുകയാണ്. ഇതിൽ സ്വയംതൊഴിൽ, വിദ്യാഭ്യാസം, മൈക്രോ ഫിനാൻസ്, വിവാഹ ധനസഹായം, സുവർണ്ണശ്രീ, പ്രവർത്തനമൂലധന വായ്പ തുടങ്ങിയ പദ്ധതികൾക്ക് 400 കോടി രൂപയാണ് കോർപ്പറേഷൻവഴി വിതരണം നടത്താനുദ്ദേശിക്കുന്നത്. അതിന്റെ ആനുകൂല്യം ഇവർക്കും ലഭിക്കും. പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ഇപ്പോൾ ഒരു ശതമാനം സംവരണമുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങൾക്ക് ആംഗ്ലോ ഇന്ത്യൻ, ലാറ്റിൻ കാത്തലിക് എന്നീ രണ്ട് വിഭാഗത്തിനുംകൂടി നാല് ശതമാനം സംവരണമുണ്ട്. ഇവിടെ പറഞ്ഞ ലംപ്സംഗ്രാന്റുമായി ബന്ധപ്പെട്ട പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. ഉടനെതന്നെ സമഗ്രമായൊരു യോഗം വിളിക്കുന്നുണ്ട്. ആ യോഗത്തിന്റെ തീരുമാനമായതിനുശേഷം ഈ കാര്യത്തെ സംബന്ധിച്ച് പരിശോധിക്കാം.

## (2) കുടിവെള്ള ദൗർലഭ്യം

ശ്രീ. എൽദോസ് കുന്നപ്പിള്ളി : സർ, 'മഴയുടെ അമ്മയ്ക്കെന്നും കുറ്റമാണ്. മഴ പെയ്താലും കുറ്റം, മഴ പെയ്തില്ലെങ്കിലും കുറ്റം.' ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ബുധനാഴ്ച ഈ സഭയിൽ പറഞ്ഞ ഒരു പഴഞ്ചൊല്ലാണിത്. ഞാൻ ഇതിന്റെ മറുപുറമൊന്ന് പരിശോധിച്ചപ്പോൾ എന്തുകൊണ്ടാണ് മഴയുടെ അമ്മയ്ക്ക് ഈ കുറ്റമുണ്ടാകുന്നതെന്ന് ചിന്തിക്കുകയുണ്ടായി. മഴ ആവശ്യമുള്ളപ്പോൾ പെയ്യുകയുമില്ല, ആവശ്യമില്ലാത്തപ്പോൾ തോരുകയുമില്ല എന്നുള്ളതുകൊണ്ടാണ് ഈ കുറ്റമുണ്ടാകുന്നത് എന്നെനിക്ക് തോന്നിപ്പോയിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ അങ്ങനെയാണെന്നല്ല ഞാൻ പറഞ്ഞതിനർത്ഥം. എന്റെ പ്രമേയം മഴയും എന്റെ ദുഃഖം ജലവുമാണ്. ഇപ്പോഴുണ്ടായിട്ടുള്ള കുടിവെള്ളക്ഷാമവും ഭാവിയിലുണ്ടാകാൻ പോകുന്ന വരൾച്ചയും ചൂണ്ടിക്കാട്ടാനും സർക്കാർ ഇടപെടൽ ഉണ്ടാകാനും വേണ്ടിയാണ് ഞാൻ ഈ വിഷയത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നത്. 1798-ൽ പ്രശസ്ത ഇംഗ്ലീഷ് കവി സാമുവൽ ടെയ്ലർ കോളറിഡ്ജ് തന്റെ പ്രശസ്തമായ 'The Rime of the Ancient Mariner' എന്ന കവിതയിൽ കുറിച്ചത് "Water, water everywhere nor any drop to drink...' എന്നാണ്. 'വെള്ളം വെള്ളം സർവ്വത്ര തുള്ളി കുടിക്കാൻ ഇല്ലത്രേ'. ദീർഘനാളത്തെ കപ്പൽ യാത്രയ്ക്കു ശേഷം തിരിച്ചെത്തിയ ഒരു നാവികന്റെ അനുഭവവുമായി ബന്ധപ്പെട്ടാണിത് പറഞ്ഞിരിക്കുന്നത്. അതിന്റെ ഇതിവൃത്തത്തിലേക്ക് ഞാൻ കടക്കുന്നില്ല. Water man of India എന്നറിയപ്പെടുന്ന ശ്രീ. രാജേന്ദ്ര സിംഗ് 2015-ൽ 'Nobel Prize for water' എന്നറിയപ്പെടുന്ന Stockholm Water Prize നേടിയ പ്രശസ്തനായ വ്യക്തിയാണ്. അദ്ദേഹം പറഞ്ഞിട്ടുള്ളത് '...the Third World War is at our gate and it will be about water if we don't do something about this crisis' എന്നാണ്. ഇപ്പോഴുണ്ടായിട്ടുള്ള കുടിവെള്ളക്ഷാമം സർക്കാർ അടിയന്തരമായി പരിഹരിച്ചില്ലെങ്കിൽ വലിയ ആഭ്യന്തര യുദ്ധം ഉണ്ടാകുമെന്ന കാര്യം പറയേണ്ടതില്ല. കുടിവെള്ളം ഇല്ലാതെവരുമ്പോൾ തീവ്രവാദവും കുടുംബത്തിൽ കലഹവും ഉണ്ടാകാനുള്ള സാദ്ധ്യത തള്ളിക്കളയരുതെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. നമ്മുടെ കേരളം എത്ര സുന്ദരമാണ്. പരശുരാമൻ മഴു എറിഞ്ഞ് നേടിയതാണ് കേരളം. മഹാബലി ചക്രവർത്തി വാണിരുന്ന നാടാണ് കേരളം. ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം. ഇവിടെ 44 നദികളുണ്ട്. മൂന്ന് നദികൾ കിഴക്കോട്ടും 41 നദികൾ പടിഞ്ഞാറോട്ടും ഒഴുകുന്നു. ഇവിടെ ധാരാളം മഴ ലഭിക്കുന്നുണ്ട്. പക്ഷേ കുടിവെള്ളം എവിടെ? യഥാർത്ഥത്തിൽ ഭസ്മാസുരന് വരം ലഭിച്ചതുപോലെയായി എന്ന

പറയാതെവയ്യ. വരം ലഭിച്ച ഭസ്മാസുരൻ ഒരാളുടെ ശിരസിൽ കൈ തൊട്ടു കഴിഞ്ഞാൽ അയാൾ ചാമ്പലായിപ്പോകുമെന്ന് മനസ്സിലാക്കിയപ്പോൾ വരം നൽകിയ ശിവ ഭഗവാന്റെ തലയിൽ കൈ തൊടാൻ ആഗ്രഹിച്ചു. എന്നാൽ ശിവൻ ഓടിച്ചെന്ന് അഭയം പ്രാപിച്ചത് മഹാവിഷ്ണുവിന്റെയടുത്താണ്. മഹാവിഷ്ണു ഉടൻ തന്നെ സ്ത്രീ വേഷത്തിൽ മോഹിനിയായി അവതാരമെടുക്കുകയും തന്റെയൊപ്പം നൃത്തം ചവിട്ടണമെന്നുപറഞ്ഞ് ഭസ്മാസുരനെക്കൊണ്ട് നൃത്തം ആടിച്ച് ഒടുവിൽ ഭസ്മാസുരൻ സ്വന്തം തലയിൽ കൈ തൊട്ടപ്പോൾ അദ്ദേഹം ചാമ്പലായിപ്പോയി എന്നു പറയുന്നതുപോലെ എല്ലാമുണ്ടെങ്കിലും കേരളത്തിന് അത് വിനിയോഗിക്കാൻ കഴിയുന്നില്ലെന്ന് ചൂണ്ടിക്കാണിക്കാൻവേണ്ടി ഞാനിത് പറഞ്ഞുവെന്നേയുള്ളൂ.

ഈ നിയമസഭയുടെ കാലാവധി അവസാനിക്കുന്നത് 2021-ലാണ്. 2020 ആകുമ്പോഴേക്കും കേരളത്തിൽ ശ്രദ്ധേയമായ കുടിവെള്ളക്ഷാമമുണ്ടാകുമെന്നും ഒരു തുള്ളി കുടിവെള്ളംപോലും കിട്ടാനില്ലാത്ത സ്ഥിതിയുണ്ടാകുമെന്നുമാണ് ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി പഠനകേന്ദ്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 2020-ഓടുകൂടി കുടിവെള്ളമുണ്ടാകില്ലെന്ന് പറയുമ്പോൾ 'the end of the Pinarayi Government' ആരംഭിക്കുന്നത് ഈ കുടിവെള്ളക്ഷാമത്തിൽ നിന്നുണ്ടാകുന്ന രൂക്ഷമായ ആഭ്യന്തര കലാപത്തിൽ നിന്നായിരിക്കും എന്നുള്ളത് ഞാൻ സൂചിപ്പിക്കട്ടെ. ഈ സ്ഥിതിയിൽ മുന്നോട്ടുപോയിക്കഴിഞ്ഞാൽ കേരളത്തിന്റെ അവസ്ഥയെന്തായിരിക്കും? കേരളത്തിൽ പെയ്യുന്ന മഴയുടെ അളവ് ഓരോ വർഷവും 2.4 മില്ലിമീറ്ററോളം കുറഞ്ഞുവരികയാണ്. ഭൂമിയുടെ 70 ശതമാനത്തോളം ഉപ്പുരസമുള്ള സമുദ്രങ്ങളാണ്. ശുദ്ധജലം 2.5 ശതമാനം മാത്രമേയുള്ളൂ. മഞ്ഞുപാളികളായും മറ്റും ഒരു ശതമാനത്തോളം പ്രദേശം മാത്രമാണുള്ളത്. രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ടാകുന്ന ഈ അവസ്ഥയുള്ളപ്പോൾത്തന്നെ നമ്മുടെ നദികളുടെ അവസ്ഥയെന്താണ്? ഞാൻ മൂവാറ്റുപുഴ ആറിന്റെ തീരത്ത് ജനിച്ചുവളർന്നയാളാണ്. എന്റെ ചെറുപ്പത്തിൽ ഞാൻ മൂവാറ്റുപുഴയാർ നീന്തിക്കടന്നിട്ടുണ്ട്. ഇന്ന് മൂവാറ്റുപുഴയാറ്റിലിറങ്ങിയാൽ ശരീരം ചൊറിയും; കാരണം വേസ്റ്റ് ഡമ്പ് ചെയ്യുന്ന ഒരു പ്രദേശമായി അത് മാറിയിരിക്കുകയാണ്. മനുഷ്യന്റെയും മൃഗങ്ങളുടെയും വിസർജ്യമായാലും അറവു മാലിന്യമായാലും പുഴകളിൽ കൊണ്ടിടുന്നവരെ നമുക്ക് മനുഷ്യനെന്ന് വിളിക്കാൻ കഴിയുമോ; പുഴകളെ നശിപ്പിക്കുന്നവരെ മനുഷ്യനായി കാണാൻ സാധിക്കുമോ? കടിക്കുമെങ്കിലും അതിനെക്കാൾ എത്രയോ നല്ലതാണ് തെരുവു പട്ടികൾ എന്നെനിക്ക് തോന്നിപ്പോയിട്ടുണ്ട്. ദീർഘമായി പറഞ്ഞുപോകണമെന്നുണ്ടെങ്കിലും സമയത്തിന്റെ പരിമിതിയുള്ളതുകൊണ്ട് ഞാനതിലേക്ക് പോകുന്നില്ല. എറണാകുളം

ജില്ലയിൽ ശ്രീ. എം. സ്വരാജിന്റെ മണ്ഡലമായ തൃപ്പൂണിത്തുറയിൽ കോണോത്തുപ്പുഴ എന്നൊരു പുഴയുണ്ട്; വേമ്പനാട്ട് കായലിനെയും കൊച്ചി കായലിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പുഴയായിരുന്നു. ഒരു കാലത്ത് വള്ളങ്ങളിൽ ആളുകൾ ചരക്കുകൾ കൊണ്ടുപോയിരുന്ന പുഴയായിരുന്നുവെങ്കിൽ ഇന്ന് ആ പുഴ കാണാൻ പോലുമില്ലാത്ത അവസ്ഥയാണ്. തൃക്കാക്കര, കുന്നത്തുനാട് പ്രദേശങ്ങളിൽ കടമ്പ്രയാർ എന്നൊരു പുഴയുണ്ട്. ലോകത്തിലെ ഏറ്റവും മലിനപ്പെട്ട ഒരു നദിയായി അത് മാറി കൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയിൽ മുന്നോട്ടുപോയാൽ നമുക്ക് ശുദ്ധമായ കുടിവെള്ളം എവിടെ നിന്ന് ലഭിക്കും?

ഒരു കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കാം. ഞാൻ പെരുമ്പാവൂരിൽ നിന്നുള്ള നിയമസഭാംഗമാണ്. പെരിയാറിന്റെ തീരത്താണ് ഇപ്പോൾ താമസിക്കുന്നത്. പെരിയാറിന്റെ അവസ്ഥയെക്കുറിച്ച് പറയുന്നില്ല. പക്ഷേ നമുക്കറിയാം, പെരിയാർ വാലി ഇറിഗേഷൻ കനാലിലൂടെ വെള്ളം വരുന്നതു കൊണ്ടാണ് ഒരു പരിധിവരെയെങ്കിലും പെരുമ്പാവൂർ പ്രദേശത്തുള്ളവർക്കും സമീപ നിയോജക മണ്ഡലത്തിലുള്ളവർക്കും കുടിക്കുവാനും കൃഷിക്കും മറ്റാവശ്യങ്ങൾക്കുമുള്ള വെള്ളം ലഭിക്കുന്നത്. പക്ഷേ ഭൂതത്താൻകെട്ടിൽ ഡാം സ്ട്രെങ്ത്തൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട് അവിടെനിന്ന് പെരിയാർ വാലി കനാലിലൂടെ വെള്ളം വിടുന്നില്ലെന്നുള്ളതുകൊണ്ട് രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ടാകുന്നു. അതുകൊണ്ട് ആ കാര്യത്തിൽ അടിയന്തരമായി ശ്രദ്ധ പതിപ്പിക്കണം. ജനങ്ങൾക്കാവശ്യമുള്ള കുടിവെള്ളം എത്തിച്ചുകൊടുക്കുവാൻ വേണ്ടിയുള്ള ശക്തമായ നടപടികളുണ്ടാകണം. കഴിഞ്ഞ ദിവസം ഇതുമായി ബന്ധപ്പെട്ട ചർച്ചകളുണ്ടായെങ്കിലും വെറുതെ പറഞ്ഞു പോകുന്നുവെന്നല്ലാതെ നടപടികളുണ്ടാകുന്നില്ലെന്നുള്ളതുകൊണ്ടാണ് സർക്കാരിന്റെ ശ്രദ്ധയിൽ ഒരിക്കൽകൂടി കൊണ്ടുവരുന്നത്. ഏതായാലും കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുന്ന ഈ സാഹചര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിച്ച കൊണ്ട് ഞാൻ നിർത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. ഇപ്പോഴുള്ള കുടിവെള്ളപ്രശ്നം പിണറായി സർക്കാരിന്റെ അവസാനത്തിന് നാന്ദി കുറിക്കുക എന്ന പരാമർശം തീർത്തും അനുചിതമായിപ്പോയി എന്നാണ് എനിക്ക് തോന്നുന്നത്. നാട് നേരിടുന്ന ഗൗരവമായ ഒരു പ്രശ്നത്തെ കൈകാര്യം ചെയ്യാൻ നമ്മളൊരുമിച്ചുനിന്ന് പോരാട്ടം നടത്തേണ്ട സ്ഥാനത്ത്, നിയമസഭയിൽ ഇത്തരമൊരു വിഷയമുന്നയിക്കുമ്പോൾ അതിൽ വില കുറഞ്ഞ രാഷ്ട്രീയം വേണമായിരുന്നോ

എന്ന സംശയം എനിക്കുണ്ട്. ക്ഷീരമുള്ളോരകിടിൻചുവട്ടിലും ചോര കാണുന്ന സമീപനമല്ല ഇക്കാര്യത്തിലുണ്ടാകേണ്ടത്. വെള്ളം കണ്ടെത്താനുള്ള ആത്മാർത്ഥമായ പരിശ്രമമാണ് വേണ്ടത്. ആഗോളതാപനവും തന്മൂലമുള്ള കാലാവസ്ഥാ വ്യതിയാനവും അനവസരങ്ങളിലെ അൽപ്പവൃഷ്ടിക്കും അതിവൃഷ്ടിക്കും ഇപ്പോൾ കാരണമാകുന്നുണ്ട്. കേരള സംസ്ഥാനത്ത് ഇടയ്ക്കിടെയുണ്ടാകുന്ന അൽപ്പവൃഷ്ടിയും അതിവൃഷ്ടിയും മേൽപ്പറഞ്ഞ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രതിഫലനമായി കാണാൻ സാധിക്കുന്നതാണ്. തെക്ക പടിഞ്ഞാറൻ മൺസൂണും വടക്കു കിഴക്കൻ മൺസൂണുമായി 3000 മില്ലിമീറ്റർ മഴയാണ് നമുക്ക് ലഭിച്ചുവന്നിരുന്നത്. എന്നാൽ ഇപ്പോൾ നമ്മുടെ മുമ്പിലുള്ള കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. കഴിഞ്ഞ വർഷത്തെ ശരാശരി മഴ സെപ്റ്റംബർ 30 വരെ 2046 മില്ലിമീറ്റർ ആയിരുന്നുവെങ്കിൽ ഈ വർഷം സെപ്റ്റംബർ 30 വരെ പെയ്ത മഴ 1377 മില്ലീമീറ്റർ മാത്രമാണ്. Indian Meteorology Department-ന്റെ കണക്കുപ്രകാരം 32.7 ശതമാനം കുറവാണ് തെക്ക പടിഞ്ഞാറൻ കാലവർഷത്തിൽ വന്നിരിക്കുന്നത്. മഴയുടെ കുറവുമൂലം ജലസേചന വകുപ്പിന്റെ സംഭരണികളിൽ ശേഖരിക്കപ്പെട്ടിരിക്കുന്ന ജലത്തിന്റെ അളവിലും വലിയ കുറവ് കാണുന്നുണ്ട്. 22.5 ശതമാനത്തോളം കുറവ് വരുന്നുണ്ട്. ധനാഭ്യർത്ഥന ചർച്ചയുടെ മറുപടിയിൽ ഞാൻ അക്കാര്യം പറഞ്ഞതാണ്. വൈദ്യുതി ബോർഡിന്റെ ജലസംഭരണികളിലും ഗണ്യമായ കുറവുണ്ടാകുന്ന ഞെട്ടിക്കുന്ന ഒരു പശ്ചാത്തലത്തിലാണ് നാം ഇപ്പോൾ എത്തിനിൽക്കുന്നത്. ഈ വിഷയത്തിൽ ഞെട്ടലോടുകൂടി നിൽക്കാനല്ല സർക്കാർ ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് വരാൻ പോകുന്ന വരൾച്ചയെ നേരിടാനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-ാം തീയതി യോഗം ചേർന്ന് ഇക്കാര്യത്തിൽ ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. പല വകുപ്പുകൾ ചേർന്നുള്ള ഏകോപിച്ച പ്രവർത്തനമാണ് ഇക്കാര്യത്തിൽ ആവശ്യമായി വരുന്നത്. അതിൽ ജലവിഭവ വകുപ്പ് അതിന്റേതായ പങ്ക് വഹിക്കും. മറ്റ് വകുപ്പുകളുടെ പങ്കാളിത്തവും ആ പ്രവർത്തനങ്ങളിലുണ്ടാകും. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സുകളിൽ ജലലഭ്യതയില്ലെങ്കിൽ കുടിവെള്ള പദ്ധതികൾ പ്രവർത്തനരഹിതമായി മാറും. അതുകൊണ്ട് അവിടെ ജലത്തിന്റെ ലഭ്യത ഉറപ്പാക്കാൻവേണ്ടി സ്രോതസ്സുകളിൽ തടയണ നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. സ്വാഭാവികമായുണ്ടാകുന്ന ഒരു പ്രയാസം കൃത്യസമയത്ത് തുലാവർഷം ലഭിക്കുന്നില്ലെന്നുള്ളതാണ്. ഇപ്പോൾ തുലാവർഷം ആരംഭിച്ചാൽ ആ തടയണ ഒലിച്ചുപോയേക്കാം. എന്നാൽ രണ്ടാമത് വീണ്ടും നിർമ്മിക്കേണ്ടിവരും.

ഇരട്ടി ചെലവാകുന്നെങ്കിൽപ്പോലും വാട്ടർ അതോറിറ്റിയുടെ സ്രോതസ്സുകളിൽ ജലത്തിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്താൻവേണ്ടി തടയണ നിർമ്മാണം നേരത്തെ ആരംഭിക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം ഇൻടേക് വെല്ലിലേക്ക് നീർച്ചാലുകൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്താനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഊർജ്ജ വകുപ്പുമായി സഹകരിച്ചുകൊണ്ട് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. അടിക്കടിയുള്ള ചോർച്ചമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കാനുള്ള അടിയന്തര നടപടികളിലേക്ക് നീങ്ങിയാൽ കൂടുതൽ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലമെത്തിക്കാൻ കഴിയും. വാട്ടർ അതോറിറ്റിയുടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താൻ നടപടിയാരംഭിച്ചിട്ടുണ്ട്. കൊടുംവരൾച്ചയുണ്ടായാൽ ടാങ്കറുകളിലൂടെയുള്ള ജലവിതരണം ഒഴിവാക്കി ഓരോ പ്രദേശത്തും കിയോസ്കുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. കേടുവന്ന പമ്പ് സെറ്റുകൾ അറ്റകുറ്റപ്പണി നടത്താൻ നടപടിയായിട്ടുണ്ട്. കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതാണ്. ആവശ്യമാകുന്നപക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിനാവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പാക്കി ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ഈ ഘട്ടത്തിൽ ലക്ഷ്യമിടുന്നുണ്ട്. ജലനിധിയുടെ പദ്ധതികൾ ഈ ഘട്ടത്തിൽ കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. അതോടൊപ്പംതന്നെ നദികളിലെയും തോടുകളിലെയും നീരൊഴുക്ക് പുനഃസ്ഥാപിക്കാൻ വാട്ടർ അതോറിറ്റിയുടേതല്ലാത്ത പ്രവർത്തനങ്ങൾ; കാലവർഷ സമയത്ത് ലഭിച്ചേക്കാവുന്ന മഴ പരമാവധി തടഞ്ഞുനിർത്തി കൃഷിക്കും മറ്റാവശ്യങ്ങൾക്കും ജലം ലഭ്യമാക്കൽ; ഭൂഗർഭ ജലശോഷണം തടഞ്ഞ് ഭൂഗർഭ ജലവിതാനം നിലനിർത്തൽ; കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുള്ള തടയണകൾ, വി.സി.ബി., ആർ.സി.ബി.കൾ എന്നിവയുടെ നിർമ്മാണം; കുളങ്ങളുടെ നവീകരണമടക്കമുള്ള പദ്ധതികൾ എന്നിവ ഏറ്റെടുക്കുന്നതാണ്. കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി 'ഹരിത കേരളം' പദ്ധതിയിലുൾപ്പെടുത്തി ഓരോ കുളത്തിന്റെയും ജലസേചന സംബന്ധമായ പ്രാധാന്യവും ആവശ്യകതയും കണക്കിലെടുത്ത്, ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം പതിനായിരം കുളങ്ങൾ നവീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങൾ നടത്താനും തീരുമാനിച്ചിട്ടുണ്ട്.

ഒക്ടോബർ മാസം 13-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളും ജലനിധിയും ചേർന്ന് ജല ദുരുപയോഗം തടയാൻ വ്യാപകമായ പ്രചരണം നടത്തുന്നതിന് തീരുമാനിച്ചു. ജല ദുരുപയോഗം ഇല്ലാതാക്കുക, പുനരുപയോഗത്തിന് ഊന്നൽ നൽകുക, ജലം പാഴാക്കാതിരിക്കുക, തുലാവർഷത്തിൽ ലഭിച്ചേക്കാവുന്ന മഴ പൂർണ്ണമായും ഭൂമിയിൽ ആഴ്ന്നിറങ്ങത്തക്കവിധം എല്ലാ ഭൂവുടമകളെക്കൊണ്ടും ഭൂമി കിളച്ചിളക്കിയിടുക, കരിയിലയിട്ട് ബാഷ്പീകരണം തടയുക തുടങ്ങിയ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. രണ്ടാമത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഊർജ്ജിതമായി നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും കനാലുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലെ ഫണ്ടിൽനിന്നും നടത്താൻ ആലോചനയുണ്ട്. സർക്കാർ സ്ഥാപനങ്ങളിലും കാര്യാലയങ്ങളിലും മഴവെള്ള സംഭരണികൾ അടിയന്തരമായി ക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ദുരന്തനിവാരണ അതോറിറ്റിയുടെ സഹായത്തോടുകൂടി തൃശ്ശൂരിൽ നടപ്പിലാക്കിവരുന്ന മഴപ്പൊലിമ പദ്ധതി കേരളത്തിലാകമാനം വ്യാപകമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 'വെള്ളം ഉപയോഗിക്കുന്നതിന് ഒരു മുൻഗണനാക്രമം' എന്ന സന്ദേശം ജനങ്ങളിൽ എത്തിക്കാനായി ആലോചിച്ചിട്ടുണ്ട്. കുടിവെള്ളം, ഗാർഹിക ഉപഭോഗം, വളർത്തുമൃഗങ്ങൾ, വന്യജീവികൾ, കൃഷി, വ്യവസായം എന്ന രീതിയിലുള്ള മുൻഗണനാക്രമം 2017 മേയ് മാസം വരെ കർശനമായി പാലിക്കുക; വരൾച്ചയെ കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാനുള്ള നടപടി സ്വീകരിക്കുക; കൂടുതൽ ജലസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നത് പ്രോത്സാഹിപ്പിക്കുക തുടങ്ങിയ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അണക്കെട്ടുകളിലെ ജല ഉപയോഗം കാര്യക്ഷമമാക്കാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വൈദ്യുതി, ജലവിഭവം, ജലസേചനം എന്നീ വകുപ്പുകളുടെ ചീഫ് എഞ്ചിനീയർമാർ ഉൾപ്പെടുന്ന കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത ലഘൂകരണ ആസൂത്രണ രേഖയിൽ പ്രതിപാദിച്ചിട്ടുള്ള ശുദ്ധജല കിയോസ്കുകൾ സംസ്ഥാനത്തെ എല്ലാ വാർഡുകളിലും ആവശ്യമായി വരികയാണെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് അത് സ്ഥാപിക്കുന്നതിനും ആവശ്യമായ ജലം ജല അതോറിറ്റി–ഇതിലൂടെ എത്തിച്ചുകൊടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മറ്റ് പല തീരുമാനങ്ങളുമുണ്ട്. എല്ലാ കാര്യത്തിലേക്കും ഞാൻ കടക്കുന്നില്ല. മഴക്കുഴികൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ-മണ്ണ് സംരക്ഷണ വകുപ്പുകളുമായി ചേർന്ന് ആവശ്യമായ നടപടിയെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അണക്കെട്ടുകളിൽ വേനൽക്കാലത്ത് ജലം സംഭരിച്ച് സൂക്ഷിക്കുന്നതിനും നിലവിലെ ഉപഭോഗത്തിനായി

മറ്റ് സ്രോതസ്സുകളിൽനിന്ന് വൈദ്യുതി വാങ്ങുന്നതിനും കെ.എസ്.ഇ.ബി. ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. വരൾച്ചാബാധിതമായി പ്രഖ്യാപിക്കുന്ന കാര്യം കഴിഞ്ഞ ദിവസം ചർച്ച ചെയ്തതാണ്. ഇടവപ്പാതി മഴ വളരെയധികം കുറഞ്ഞിരിക്കുന്നുവെന്ന കാര്യംകൂടി കണക്കിലെടുത്തുകൊണ്ടും തുലാമഴ പ്രതീക്ഷിച്ച തോതിൽ എത്തുന്നില്ലായെന്നത് കണക്കിലെടുത്തുകൊണ്ടും ഇത്തരത്തിൽ കാര്യങ്ങൾ തുടരുകയാണെങ്കിൽ ഏറ്റവും രൂക്ഷമായി, കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു വരൾച്ച 2017-ൽ സംജാതമായേക്കാമെന്ന ആശങ്കയിൽ, കരുതലിൽ എല്ലാവരും സഹകരിച്ച് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നാട്ടിലെ ജനങ്ങളെ മുഴുവൻ സംഘടിപ്പിച്ചുകൊണ്ട് ലഭ്യമായ ജലം ഏറ്റവും സൂക്ഷ്മമമായി കൃത്യതയോടുകൂടി വിനിയോഗിക്കാൻ തക്കവണ്ണമുള്ള നടപടികൾ സ്വീകരിക്കണം. എല്ലാവരുടെയും പിന്തുണ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അദ്ധ്യക്ഷനായി അതിനുള്ള യോഗം ചേർന്ന് നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u>: സർ, ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി പഠന കേന്ദ്രം പറയുന്ന റിപ്പോർട്ടനുസരിച്ചാണ് 2020-ഓടുകൂടി ശുദ്ധമായ കുടിവെള്ളം ലഭ്യമല്ലാത്ത അവസ്ഥ കേരളത്തിലുണ്ടാകുമെന്ന് പറയുന്നത്. ഒരു സർക്കാരിന്റെ കാലാവധി അഞ്ചുവർഷമാണെന്നുള്ളതുകൊണ്ടാണ് അവസാന നാളാകുമ്പോഴേക്കും കുടിവെള്ളത്തിനുവേണ്ടിയുള്ള ആഭ്യന്തര യുദ്ധമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് പറഞ്ഞത്. അത് രാഷ്ട്രീയമായി പറഞ്ഞ ഒന്നായി കരുതരുതെന്നാണ് അഭ്യർത്ഥന. കൂടാതെ നെൽപ്പാടങ്ങൾ നികത്തി കരയാക്കുമ്പോൾ നാലുലക്ഷത്തി എഴുപതിനായിരം ലിറ്റർ ജലം സംഭരിക്കുന്ന ജല സംഭരണിയാണ് ഇല്ലാതാകുന്നത്. അതുകൊണ്ടു തന്നെ ഏത് സദുദ്ദേശത്തിനായാലും ദേവാലയം, വിദ്യാലയം, അനാഥാലയം എന്നിവ പണിയാനാണെങ്കിലും ഒരു നെൽപ്പാടംപോലും നികത്തരുതെന്ന രീതിയിലുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. മറ്റൊരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. വീടുകളുടെ മുറ്റം ടൈൽ വിരിച്ച് മനോഹരമാക്കുമ്പോൾ ഒരുതുള്ളി വെള്ളംപോലും ഭൂമിയിൽ താഴാതെ ഒഴുകിപ്പോകുന്ന സാഹചര്യം ഉണ്ടാകുമെന്നുള്ളതുകൊണ്ട് ആ രീതിയിലുള്ള ഒരു നിയമനിർമ്മാണംകൂടി നടത്താൻ സർക്കാരിന് കഴിയുമോ; നിലവിൽ ടൈൽ വിരിച്ചിട്ടുള്ള വീടുകളിലുള്ളവർ ഈ കാര്യം മനസ്സിലാക്കി അവ പൊളിച്ചുമാറ്റാനും മറ്റു രീതിയിലുള്ള നടപടിയുണ്ടാക്കാനും ഗവൺമെന്റ് ശ്രദ്ധിക്കുമോ?

<u>ശ്രീ. മാത്യു ടി തോമസ്</u>: സർ, നെൽപ്പാടങ്ങളടക്കം ജലം സൂക്ഷിച്ച് നിർത്താൻ കഴിയുന്ന എല്ലാ സംവിധാനങ്ങളും നിലനിർത്തണമെന്നതുതന്നെയാണ് സർക്കാരിന്റെ നിലപാട്. അതുകൊണ്ടുതന്നെ കൃഷി വകുപ്പ് എവിടെയൊക്കെ

നെൽപ്പാടങ്ങൾ നികത്തപ്പെട്ടിട്ടുണ്ടോ അവിടെയൊക്കെ പുനഃസ്ഥാപിക്കാനുള്ള നടപടികളിലേക്ക് നീങ്ങുകയാണ്. ആറന്മുളയിൽ നികത്തപ്പെട്ട നെൽപ്പാടങ്ങളിൽ വീണ്ടും കൃഷിയിറക്കാനുള്ള നടപടി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. കൃഷി വകുപ്പ് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ട് നെൽപ്പാടങ്ങൾ സംരക്ഷിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. ജലത്തിന്റെ മൂല്യം നമ്മൾ തിരിച്ചറിയണം. കഴിഞ്ഞ നാളുകളിൽ ജലത്തിന്റെ ദൗർലഭ്യം നമുക്ക് അനുഭവപ്പെട്ടിരുന്നില്ലെന്ന യാഥാർത്ഥ്യത്തിൽ അതിന്റെ ഗൗരവം കേരള സമൂഹം ഇപ്പോൾ തിരിച്ചറിയാൻ തുടങ്ങിയിരിക്കുകയാണ്. ജലദൗർലഭ്യം നേരിടുന്ന ഈ അവസരത്തിൽ ഭൂമിയിൽ ജലത്തിന്റെ സാന്നിദ്ധ്യം നിലനിർത്താനായി, ജലം ഒഴുകി നഷ്ടപ്പെട്ടുപോകാതെ പരമാവധി ഭൂമിയിൽ ആഴ്ന്നിറങ്ങത്തക്കവണ്ണമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ഒരു ജല സംഭോഷണത്തിന്റെ സംസ്കാരംതന്നെ വളർത്തിയെടുക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## V സബ്മിഷൻ

### (1) മുഞ്ഞരോഗ ബാധയും ഇലപ്പുള്ളി രോഗവും

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കുട്ടനാടൻ പാടശേഖരങ്ങളിലെ മുഞ്ഞ, ഇലപ്പുള്ളി, വരി രോഗബാധയാണ് ഞാൻ സബ്മിഷനായി അവതരിപ്പിക്കുന്നത്. കുട്ടനാട് നമ്മുടെ നെല്ലറയാണ്. കുട്ടനാടൻ പാടശേഖരങ്ങളിൽ ആശങ്കയുടെ കരിനിഴൽ വീഴ്ത്തിക്കൊണ്ട് നെൽക്കൃഷിയെ ബാധിക്കുന്ന മുഞ്ഞ രോഗവും, ഇലപ്പുള്ളി രോഗവും വ്യാപകമായിരിക്കുകയാണ്. 35 പടശേഖരങ്ങളിലായി 10,000 ഹെക്ടറുകളിലാണ് മുഞ്ഞ ബാധയും ഇലപ്പുള്ളിരോഗവും വ്യാപിച്ചത്. പത്തുകോടി രൂപയുടെ നഷ്ടം ഇതുമൂലം ഉണ്ടായിട്ടുണ്ടെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മുഞ്ഞയും ഇലപ്പുള്ളി രോഗവും കൂടാതെ നെല്ലിനുണ്ടാകുന്ന വരി രോഗവും കുട്ടനാട്ടിൽ വ്യാപകമായി കാണപ്പെടുന്നുണ്ട്. കരിനില മേഖല എന്റെയും ശ്രീ. ജി. സുധാകരന്റെയും നിയോജക മണ്ഡലങ്ങളായ ഹരിപ്പാട്, അമ്പലപ്പുഴ പ്രദേശങ്ങളിലാണുള്ളത്. ഇവിടെ അസിഡിറ്റി വ്യാപകമാകുന്നതുകൊണ്ടാണ് കരിനില മേഖലയിൽ കൃഷിക്ക് പ്രശ്നമുണ്ടാകുന്നത്. എല്ലാ വർഷവും കക്കയിട്ട് അമ്ലം കുറച്ചാണ് കൃഷി ചെയ്യുന്നത്. അസിഡിറ്റി കൂടുതലുള്ള കരിനില മേഖലയിൽ മഴ നന്നായി ലഭിക്കാത്തതുകൊണ്ടാണ് ഇലപ്പുള്ളി രോഗം വ്യാപകമാകുന്നത്. ചൂട് കൂടുമ്പോൾ നെല്ലിന്റെ ഇല കരിഞ്ഞുണങ്ങുന്ന അവസ്ഥയാണ് ഇലപ്പുള്ളി രോഗം. അതുപോലെ നെല്ലിന് കരിവുണ്ടാകുന്ന വരിയെന്ന രോഗവും കുട്ടനാടൻ പാടശേഖരങ്ങളിൽ വലിയ തോതിലുള്ള നാശം വിതച്ചിരിക്കുകയാണ്. ഇന്നലെ കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഇതിനെക്കുറിച്ച് ചർച്ച ചെയ്യാൻ

ആലപ്പുഴയിൽ യോഗം ചേർന്നതായി അറിഞ്ഞു. മുഞ്ഞ, ഇലപ്പുള്ളി രോഗംമൂലം കൃഷി നശിച്ച കർഷകർക്ക് ഹെക്ടറിന് 30,000 രൂപ വീതം സഹായം നൽകുമെന്ന് പറഞ്ഞതായിട്ടാണ് പത്രവാർത്തകളിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചത്. ഈ തുക കുറഞ്ഞുപോയെന്ന് കർഷകർക്ക് അഭിപ്രായമുണ്ട്. ഏക്കറിന് 25,000 മുതൽ 50,000 രൂപ വീതമെങ്കിലും കർഷകർക്ക് നൽകിയാൽ മാത്രമേ ഈ പ്രതിസന്ധിയെ അതിജീവിക്കാൻ സാധിക്കുകയുള്ളൂ. കാരണം, ഒരേക്കർ കൃഷി ചെയ്യാൻ കുറഞ്ഞത് 30,000 രൂപയെങ്കിലും കർഷകർക്ക് ചെലവാകും. പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ലഭിച്ചിരിക്കുന്ന റിപ്പോർട്ടിൽ ഏക്കറിന് ഏകദേശം 35,000 രൂപ വീതമെങ്കിലും നൽകണമെന്നാണ് സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. കൃത്യസമയത്ത് മണ്ണ് പരിശോധന നടക്കുന്നില്ല എന്നതാണ് ഈ രോഗം വ്യാപിക്കാനുള്ള പ്രധാന കാരണമായി കർഷകർ പറയുന്നത്. അതോടൊപ്പം ഗുണമേന്മയും രോഗപ്രതിരോധ ശേഷിയുമുള്ള നെൽ വിത്തുകൾ കൂടുതൽ നൽകാൻ കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിലുള്ള മങ്കൊമ്പിലെ നെല്ല് പര്യവേഷണ കേന്ദ്രത്തിന് കഴിയുന്നില്ല. ഇപ്പോൾ നാഷണൽ സീഡ്സ് കോർപ്പറേഷൻ, കർണ്ണാടക സീഡ്സ് കോർപ്പറേഷൻ എന്നിവർ നൽകുന്ന വിത്താണ് കുട്ടനാട്ടിലെ കർഷകർ ഉപയോഗിക്കുന്നത്. ആ വിത്തിന് പ്രതിരോധശേഷി താരതമ്യേന കുറവാണെന്നാണ് കർഷകർ പറയുന്നത്. പ്രതിരോധശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് വിതരണം ചെയ്യാൻ സർവ്വകലാശാല നടപടി സ്വീകരിക്കണം. അതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. രോഗം ബാധിച്ച പാടശേഖരങ്ങളിലെ നെല്ല് സംഭരിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനോ സ്വകാര്യ മില്ലുകളോ തയ്യാറാകില്ലെന്നുള്ളതാണ് കർഷകർ നേരിടുന്ന മറ്റൊരു പ്രശ്നം. ഇത്തരത്തിലുള്ള നെല്ല് കാലിത്തീറ്റയ്ക്ക് മാത്രമേ ഉപയോഗിക്കാൻ കഴിയൂ. ഇതുമൂലം കൃഷി ചെയ്യുന്ന കർഷകർ പട്ടിണിയിലും ബുദ്ധിമുട്ടിലുമായി മാറുകയാണ്. കുട്ടനാട്ടിലെ ജലാശയങ്ങളിലെ ജല മലിനീകരണം ഭയാനകമായ നിലയിൽ വർദ്ധിക്കുകയാണ്. മനുഷ്യ വിസർജ്ജ്യങ്ങൾ വെള്ളത്തിൽ കലരുന്നതും പോളയും പായലും ചീയുന്നതും ജല മലിനീകരണം സൃഷ്ടിക്കുന്നുണ്ട്. ജലവിഭവ-കൃഷി വകുപ്പുകൾ തമ്മിലുള്ള ശീതസമരം അവസാനിപ്പിച്ചാൽ മാത്രമേ കുട്ടനാടൻ ജലാശയങ്ങളിലെ മലിനീകരണം തടയുന്നതിനും വൃത്തിയാക്കുന്നതിനും കഴിയുകയുള്ളൂ. 140 കോടി രൂപയാണ് കുട്ടനാടൻ പാക്കേജിൽ ജലാശയങ്ങളുടെ ശുചീകരണത്തിനായി നീക്കിവച്ചിരിക്കുന്നത്. എന്നാൽ ഈ രണ്ട് വകുപ്പുകളുടെ ഏകോപനമില്ലായ്മമൂലം ഇത് നടക്കുന്നില്ല. ക്യാൻസർ രോഗം ഏറ്റവും കൂടുതലുള്ളത് കുട്ടനാട്ടിലെ കൈനകരി, നീലംപേരൂർ പഞ്ചായത്തുകളിലാണെന്നാണ്

റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. മലിനീകരണം ആവാസ വ്യവസ്ഥയെ മുഴുവൻ ബാധിക്കുമ്പോൾ കാർഷിക മേഖലയ്ക്കും അതിൽനിന്നും രക്ഷപ്പെടാൻ കഴിയില്ല. കുട്ടനാട്ടിലെ കാർഷിക പ്രതിസന്ധിക്ക് ജല മലിനീകരണവും ഒരു കാരണമാണ്. മുഞ്ഞബാധ ഉൾപ്പെടെയുള്ള രോഗങ്ങൾ തടയുന്നതിന് കാർഷിക സർവ്വകലാശാലയ്ക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും. രോഗ പ്രതിരോധശേഷിയുള്ള വിത്തുകൾ വികസിപ്പിക്കാൻ കൃത്യമായും മണ്ണ് പരിശോധന നടത്തുക, രാസവളങ്ങൾ ഉപയോഗിച്ച് പ്രകൃതിദത്തമായ പ്രതിരോധശേഷി ഇല്ലാതാക്കുന്നത് തടയുക എന്നിവയ്ക്കെല്ലാം കൃഷി വകുപ്പ് പഠനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മുഞ്ഞ ബാധയുണ്ടായ സ്ഥലങ്ങൾ സന്ദർശിച്ചിരുന്നു. അതിനു ശേഷം ഞാനും അവിടെ പോയിരുന്നു. കർഷകർ വളരെയധികം ആശങ്കയിലാണ്. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ആനുകൂല്യം പര്യാപ്തമല്ല. പ്രിൻസിപ്പൽ കൃഷി ഓഫീസർ നിർദ്ദേശിച്ചിരിക്കുന്ന തുകയെങ്കിലും അതായത് കർഷകർക്ക് കുറഞ്ഞത് ഏക്കറിന് 35,000-നും 50,000-നും ഇടയ്ക്കുള്ള തുക സഹായധനമായി നൽകണം. കരിനില കർഷകർക്കും അപ്പർ കുട്ടനാടൻ മേഖലയിലെ കർഷകർക്കും ഈ സഹായം ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, നോട്ടീസിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കുപുറമെ പല കാര്യങ്ങളും ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. കുട്ടനാട് പ്രദേശത്തുണ്ടായിരിക്കുന്ന ഈ രോഗം വളരെ ഗൗരവമായാണ് ഗവൺമെന്റ് കാണുന്നത്. കൃഷി വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട അങ്ങും അവിടത്തെ എം.എൽ.എ.-മാരും എല്ലാം ഈ പ്രദേശങ്ങൾ സന്ദർശിക്കുകയുണ്ടായി. ഇതിന്റെ നടപടിക്രമങ്ങൾ പഠിക്കാൻ വേണ്ടി മങ്കൊമ്പിലെ ഗവേഷണ കേന്ദ്രത്തെ നിയോഗിക്കുകയും അതിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിക്കുകയും ചെയ്തു. ഞാൻ അതിന്റെ വിശദാംശം വായിക്കാം.

ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശത്ത് രണ്ടാം കൃഷിയിറക്കിയ 10066 (പതിനായിരത്തി അറുപത്താറ്) ഹെക്ടറിൽ മുഞ്ഞയുടെ ആക്രമണംമൂലം 2430 ഹെക്ടർ പ്രദേശത്തെ നെൽക്കൃഷി ഭീഷണിയിലാണ്. ഇതിൽ 250 ഹെക്ടർ പ്രദേശത്തെ നെൽക്കൃഷി പൂർണ്ണമായും 115 ഹെക്ടർ പ്രദേശത്തെ നെൽക്കൃഷിയിൽ 50 ശതമാനത്തിലധികവും നശിച്ചുപോയിട്ടുണ്ട്. ഇതിനുപുറമെ പുറക്കാട് കരിനില മേഖലകളിൽ ആകെ കൃഷിയിറക്കിയ 2450 ഹെക്ടർ പാടശേഖരത്തിൽ ഇലപ്പുള്ളി രോഗംമൂലം 450 ഹെക്ടർ സ്ഥലത്തെ നെൽക്കൃഷി പൂർണ്ണമായും നശിച്ചു പോകുകയുണ്ടായി. കൊയ്ത്തിന് ഒരു മാസം ബാക്കിനിൽക്കെയാണ് രൂക്ഷമായ

അമ്ലത്വവും ചൂടിന്റെ ആധിക്യവും മഴയുടെ കുറവുംമൂലം നെൽച്ചെടിക്ക് വ്യാപകമായി ഇലപ്പുള്ളിരോഗം പടർന്നുപിടിച്ചിട്ടുള്ളത്. ഇലപ്പുള്ളി രോഗംമൂലം കരിനില മേഖലയിൽ ഇനിയും നാശനഷ്ടം കൂടാനാണ് സാദ്ധ്യത. കുട്ടനാട്ടിൽ രണ്ടാം കൃഷിയിൽ വരിനെല്ലിന്റെ ആധിക്യംമൂലം മൂവായിരത്തോളം ഹെക്ടർ പ്രദേശത്തെ ഉൽപ്പാദനത്തിൽ ഗണ്യമായ കുറവുണ്ടാകും. ഏകദേശം 70 ഹെക്ടർ സ്ഥലത്ത് 50 ശതമാനം മുതൽ 100 ശതമാനം വരെ വിളനഷ്ടം രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്ത നെൽപ്പാടത്ത് കൃഷിനാശം സംഭിവിച്ചാൽ കൃഷിക്കാർക്ക് ഹെക്ടറിന് 12,500 രൂപ മാത്രമേ ലഭിക്കുകയുള്ളൂ. ഈ തുക തികച്ചും അപര്യാപ്തമാണ്. മുൻകാലങ്ങളിൽ ഇത്തരം നാശനഷ്ടമുണ്ടാകുന്ന അവസരങ്ങളിൽ മേൽപ്പറഞ്ഞ തുകമാത്രമാണ് നൽകിയിരുന്നത്. എന്നാൽ കൃഷിനാശം സംഭവിച്ച പാടശേഖരങ്ങളിൽ കൃഷി വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും പ്രതിപക്ഷ നേതാവും സ്ഥലം എം.എൽ.എ.-മാരുമടക്കം മറ്റ് ജനപ്രതിനിധികളും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും നേരിട്ട് സന്ദർശനം നടത്തുകയുണ്ടായി. ഇതിനുപുറമേ കാർഷിക സർവ്വകലാശാലയിലെ മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ ഈ പ്രദേശത്ത് നടത്തിയ പഠന റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയുണ്ടായി. കുട്ടനാട് പാടശേഖരങ്ങളിലെ കൃഷിക്കാരുടെ ദുരവസ്ഥ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സംസ്ഥാന സർക്കാരിന്റെ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ലഭ്യമാകുന്ന നഷ്ടപരിഹാരത്തുകയായ 12,500 രൂപയ്ക്കുപുറമേ 17,500 രൂപകൂടി അധികം നൽകി ഹെക്ടറിന് മൊത്തം 30,000 രൂപ വീതം നഷ്ട പരിഹാരം നൽകാൻ സർക്കാർ തീരുമാനമെടുത്ത് നടപടി സ്വീകരിച്ചുവരികയാണ്. പ്രസ്തുത തുകയിൽ നഷ്ടം സംഭവിച്ച കൃഷിക്കാർക്ക് 15,000 രൂപ ഉടനെ നൽകുന്നതായിരിക്കും. നഷ്ടം സംഭവിച്ചതിന്റെ സ്ഥിതിവിവരക്കണക്ക് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുക നൽകുന്നതായിരിക്കും. കൃഷി വകുപ്പ് ഉദ്യോഗസ്ഥരും പാടശേഖര സമിതികളും സംയുക്തമായി വിശദമായ വിവരശേഖരണം അതിവേഗം നടത്തി കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തുക അപര്യാപ്തമാണെന്ന് പറഞ്ഞതിനോട് എനിക്ക് വിയോജിപ്പുണ്ട്. ഇതുപോല നഷ്ടം സംഭവിച്ച കൃഷിക്കാർക്ക്, പ്രത്യേകിച്ച് നെൽക്കൃഷിക്കാർക്ക് ഇത്രയും വലിയ തുക ഇന്നുവരെ കേരളത്തിലെ ഒരു സർക്കാരും നൽകിയിട്ടില്ല. ആദ്യമായിട്ടാണ് ഒരു ഗവൺമെന്റ് ഇൻഷ്വറൻസിന് പുറമേ 17,500 രൂപ അധികമായി നൽകുന്നത്. 4,500 രൂപയിൽക്കൂടുതൽ ഒരിക്കലും നൽകിയിട്ടില്ല. ഇതുപോലെ നഷ്ടമുണ്ടായ സമയത്ത് മുമ്പ് നൽകിയതിന്റെ നാലിരട്ടിയിലധികം രൂപയാണ് ഇപ്പോൾ നൽകിയിരിക്കുന്നത്. ഇലപ്പുള്ളി രോഗം ബാധിച്ച സ്ഥലത്തെ നെല്ല് എടുക്കാൻ കഴിയില്ലെന്ന് അങ്ങ് സൂചിപ്പിച്ചത് ശരിയാണ്.

അത് കന്നുകാലിത്തീറ്റയ്ക്കു വേണ്ടി മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. മുൻകാലങ്ങളിലും ഇതുപോല പ്രശ്നം വന്നപ്പോൾ കാലിത്തീറ്റയ്ക്കുവേണ്ടി ഉപയോഗിച്ച ചരിത്രമുണ്ട്. ആ രീതിയിൽ കാലിത്തീറ്റയ്ക്കുവേണ്ടി എടുക്കുന്നതിനെ സംബന്ധിച്ച് റിപ്പോർട്ട് ചോദിച്ചിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

അങ്ങ് സൂചിപ്പിച്ചതുപോലെ ജലവിഭവ-കൃഷി വകുപ്പുകൾ തമ്മിൽ ശീതസമരമൊന്നും നിലവിലില്ല. ഒരു കോ-ഓർഡിനേഷനില്ലാത്തതാണ് കുട്ടനാട് പാക്കേജ് പരാജയപ്പെടാൻ കാരണം. സർക്കാർ അക്കാര്യം വളരെ ഗൗരവമായി കാണുകയും ജലവിഭവ വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും മന്ത്രിമാർ സംയുക്തമായി ആലോചിച്ച് രണ്ട് വകുപ്പുകളുടെയും ഏകോപനം സംബന്ധിച്ച കാര്യത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. കൃഷിക്കുവേണ്ടിയാണ് ജലവിഭവ വകുപ്പ് എന്ന നിലയിലുള്ള ഒരു സമീപനമാണ് അവിടെയുണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി തന്നെ ഇടപെട്ട് നല്ല രീതിയിലുള്ള ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ അവിടെ ഒരു കോ-ഓർഡിനേഷൻ നിലനിൽക്കുന്നില്ലെന്ന് സർക്കാരിന് പറയാൻ കഴിയില്ല.

മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ വളരെ നല്ല പ്രവർത്തനമാണ് നടന്നുകൊണ്ടിരിക്കുന്നത്. അത് ഈ നാല് മാസംകൊണ്ട് ആരംഭിച്ചതല്ല. അതിനുമുമ്പേതന്നെ നല്ലതുപോലെ ഗവേഷണം നടക്കുന്ന ഒരു സ്ഥാപനമാണത്. ഇവിടെ ലഭിച്ചുകൊണ്ടിരിക്കുന്ന നെൽവിത്ത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണെന്ന് ഇവിടെ പറഞ്ഞു. അത് എൻ.എസ്.സി.-യുടെ (നാഷണൽ സീഡ് കോർപ്പറേഷൻ) വിത്താണ്. ഇവിടത്തെ കൃഷിക്കാർക്ക് കൂടുതൽ താൽപ്പര്യവും ആ വിത്തിനോടാണ്. അത് നമുക്ക് ലഭ്യമാകുന്നുണ്ട്. സ്റ്റേറ്റ് സീഡ് അതോറിറ്റിയും ഏറ്റവും മികച്ച തരത്തിലുള്ള വിത്താണ് നൽകിക്കൊണ്ടിരിക്കുന്നത്. ആ വിത്തിനെ സംബന്ധിച്ച് യാതൊരു പരാതിയും ഇതുവരെ രേഖാമൂലം സർക്കാരിന് ലഭിച്ചിട്ടില്ല. വിത്തിന്റെ ഗുണമേന്മയെ സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ ആ പരാതി പരിഹരിച്ചുകൊണ്ട് ഗവേഷണ സ്ഥാപനമായ കേരള കാർഷിക സർവ്വകലാശാലതന്നെ കൂടുതൽ മികച്ച പ്രതിരോധശേഷിയുള്ള വിത്ത് ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികളെടുക്കണമെന്ന് അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജ്യോതി, ഉമ ഉൾപ്പെടെയുള്ള നെൽവിത്തുകൾക്ക് ഗുണമേന്മ കുറഞ്ഞുവരുന്നതായി കൃഷിക്കാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. നെന്മണി എന്നൊരു പുതിയ വിത്ത് കൃഷിക്കാർ ഇപ്പോൾ ധാരാളമായി ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. അതിന് കൂടുതൽ പ്രതിരോധശേഷിയുണ്ടെന്ന് കൃഷിക്കാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ നടപടി ഈ സർക്കാർ സ്വീകരിക്കുകയാണ്.

കുട്ടനാടൻ പ്രദേശത്തെ കൃഷിക്കാർ നേരിട്ടുകൊണ്ടിരിക്കുന്ന ഈ ഗുരുതരമായ പ്രശ്നത്തിൽ സർക്കാരും കൃഷിവകുപ്പും വ്യക്തമായ രീതിയിലുള്ള സഹായ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. അവിടെ ഇന്നലെ ഞാൻ വിളിച്ചുകൂട്ടിയ യോഗം ഇതുമായി ബന്ധപ്പെട്ടുള്ളതല്ല, അവിടത്തെ പുഞ്ചക്കൃഷിയുമായി ബന്ധപ്പെട്ട മുന്നൊരുക്കത്തിന്റെ ഭാഗമായി വിത്ത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ലഭ്യമാകുമെന്ന് ഉറപ്പുവരുത്താനുള്ള മീറ്റിംഗായിരുന്നു അത്. ആ മീറ്റിംഗിലും ഇക്കാര്യം ഗൗരവമായി ചർച്ച നടത്തി. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

## (2) കുടിവെള്ള പദ്ധതികൾ

ശ്രീമതി പി. അയിഷാ പോറ്റി: സർ, എന്റെ മണ്ഡലത്തിൽക്കൂടി ഉൾപ്പെട്ട കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മീനാട് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മെയിൻ പൈപ്പും ജലം ശേഖരിക്കുന്ന ടാങ്കും എന്റെ മണ്ഡലത്തിൽപ്പെട്ട ഉമ്മന്നൂർ പഞ്ചായത്തിലാണ്. ഈ പൈപ്പ് കടന്നുപോകുന്ന ഉമ്മന്നൂർ-വെളിയം പഞ്ചായത്തുകൾ കഠിനമായ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളാണ്. ഈ പദ്ധതിയിലൂടെ വെള്ളം സ്റ്റോർ ചെയ്യുകയും കഴിഞ്ഞ വേനൽക്കാലത്ത് ഇവിടെയുള്ള ടാങ്കിൽനിന്നും ചുറ്റുവട്ടത്തുള്ള എല്ലാ പഞ്ചായത്തുകളിലെയും ടാങ്കുകളിൽ വെള്ളം വിതരണം ചെയ്തുകൊണ്ടുമിരുന്ന ഒരു സംവിധാനം കൂടിയാണത്. ഈ പൈപ്പുകളോടനുബന്ധിച്ച് വിതരണ പൈപ്പുകൾ സ്ഥാപിച്ചുകൊണ്ട് ആവശ്യക്കാർക്ക് വെള്ളം എത്തിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. ഇങ്ങനെ വിതരണ പൈപ്പുകൾ സ്ഥാപിച്ചാൽ വെളിയം-ഉമ്മന്നൂർ പഞ്ചായത്തുകളിലെ മുഴുവൻ കുടിവെള്ള പ്രശ്നവും പരിഹരിക്കാൻ സാധിക്കും. അത് വേഗത്തിൽ പരിഹരിക്കണമെന്നുള്ളതാണ് ഒരു കാര്യം.

രണ്ടാമത്, എന്റെ മണ്ഡലത്തിലെ മൈലം പഞ്ചായത്തിൽ 85 ശതമാനം പണിയും പൂർത്തിയാക്കിയിട്ട് ഉപേക്ഷിച്ചുകളഞ്ഞ പദ്ധതിയാണ് അന്തമൺ കുടിവെള്ള പദ്ധതി. വാട്ടർ അതോറിറ്റിവഴിയാണ് അത് ചെയ്തത്. ഇത്തരത്തിലുള്ള ഉപേക്ഷകൾ പദ്ധതികളെത്തന്നെ ഇല്ലാതാക്കുകയും പൊതുപണം ദുർവിനിയോഗം ചെയ്യുന്ന സ്ഥിതിയിലേക്ക് എത്തിക്കുകയും ചെയ്യും. ആയതിനാൽ ഈ പദ്ധതി പൂർത്തീകരിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

കുളക്കട പഞ്ചായത്തിൽ വാട്ടർ അതോറിറ്റിവഴി ഒരു വലിയ കിണർ കുഴിച്ചിട്ടുണ്ട്. അവിടെയിപ്പോൾ മദ്യക്കുപ്പികൾ കൊണ്ടിടുകയും കാട് മൂടിക്കിടക്കുകയും ചെയ്യുന്ന ഒരു സ്ഥിതിയാണുള്ളത്. അത് ഉപയോഗയോഗ്യമാക്കാനുള്ള പല ഇടപെടലുകൾ നടത്തിയിട്ടും നടന്നിട്ടില്ല. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

ഏറ്റവും വലിയൊരു പ്രശ്നമാണ് മൈലം-തലവൂർ കുടിവെള്ള പദ്ധതി. വടക്കേക്കര, പട്ടാഴി, മൈലം, തലവൂർ എന്നീ നാല് പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കാനുള്ള ബൃഹത്തായ പദ്ധതിയാണിത്. മൈലം പഞ്ചായത്തിൽ അതിന് ടാങ്ക് നിർമ്മിച്ചിട്ടുണ്ട്. അതിന്റെ വിതരണ പൈപ്പുകളും മൈലം പഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളിൽക്കൂടി പൈപ്പിടാൻ കഴിയാത്ത ഒരവസ്ഥ സങ്കുചിതമായ ഒരു ചിന്താഗതിയിലൂടെ രൂപപ്പെട്ടിട്ടുണ്ട്. ഇതൊരു പൊതുവായ പദ്ധതിയാണ്. പൊതുജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ചാണ് ഇത് ചെയ്യുന്നത്. അതുകൊണ്ട് അത്തരത്തിലുള്ള നടപടികളിൽനിന്നും പിന്മാറി ഈ പദ്ധതി വേഗത്തിലാക്കാനുള്ള ഇടപെടൽ നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത് .

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, മീനാട് ജപ്പാൻ കുടിവെള്ള പദ്ധതിയിലൂടെ കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും 93 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാല, വിവിധ പഞ്ചായത്തുകളിലായി 25.02 ദശലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള 14 ജല സംഭരണികൾ, 80 കിലോമീറ്റർ ദൈർഘ്യമുള്ള ട്രാൻസ്മിഷൻ പൈപ്പ് ലൈനുകൾ എന്നിവയും വിതരണ ശൃംഖല ഭാഗികമായും പൂർത്തിയാക്കിയിട്ടുണ്ട്. 963 കിലോമീറ്ററാണ് വിതരണ ശൃംഖല. അതിൽ 817 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. 238 കിലോമീറ്റർ പൈപ്പ് ലൈനിൽക്കൂടി ജലവിതരണം നടത്തിവരുന്നു. ഇതിനോടകം 20567 വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഇനിയും 146 കിലോമീറ്റർ പൈപ്പ് ലൈൻകൂടി പുതിയതായി സ്ഥാപിക്കാനുണ്ട്. നേരത്തെ സ്ഥാപിച്ചിരുന്ന ബാക്കി ലൈനുകൾ ചാർജ് ചെയ്യുന്നതിനും കമ്മീഷൻ ചെയ്യുന്നതിനുമായി കെ.എസ്.ടി.പി., പി.ഡബ്ല്യൂ.ഡി. തുടങ്ങിയ വകുപ്പുകളുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് ശേഷിക്കുന്ന പണി പൂർത്തിയാക്കി ജലവിതരണം നടത്താൻ നടപടി സ്വീകരിക്കുന്നതാണ്.

മൈലം പഞ്ചായത്തിലെ അന്തമൺ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം, പമ്പ് ഹൗസിലേക്കുള്ള വൈദ്യുതീകരണം, പൈപ്പുകളുടെ കൂട്ടിയോജിപ്പിക്കൽ എന്നീ പ്രവൃത്തികൾ നടത്തേണ്ടതായിട്ടുണ്ട്. ഈ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. നിലവിലുള്ള പൈപ്പുകൾ ഉപയോഗയോഗ്യമാണോ

എന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. നിലവിൽ മൈലം പഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള രാജീവ് ഗാന്ധി കുടിവെള്ള പദ്ധതികൾ മുടങ്ങിക്കിടക്കാതെ മുന്നോട്ടുപോകുന്നുമുണ്ട്. ചില പഞ്ചായത്തുകളിലൂടെ ലൈൻ ഇടുന്നതിന് പഞ്ചായത്തിലെ ജനങ്ങളും ജനപ്രതിനിധികളും ചില തർക്കങ്ങൾ ഉന്നയിക്കുന്നുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വരൾച്ചാ സമയത്ത് കുടിവെള്ള വിതരണം സുഗമമാക്കുന്നതിന് പൈപ്പ് ലൈനുകൾക്കും പമ്പ് സെറ്റുകൾക്കും വരുന്ന അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കും. വാൽവുകൾ നിയന്ത്രിച്ച് എല്ലാ മേഖലകളിലും കുടിവെള്ളം ലഭ്യമാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നപക്ഷം ടാങ്കർ ലോറികളിൽ കുടിവെള്ളം കിയോസ്കുകളെത്തിച്ച് നൽകുന്നതിനുമുള്ള നിർദ്ദേശം നൽകുന്നതാണ്.

### (3) പെരിയാർ വാലി കനാൽ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, എറണാകുളം ജില്ലയെ വരൾച്ച ബാധിത ജില്ലയായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഞാൻ ഇവിടെ ഉന്നയിക്കുന്ന സബ്മിഷൻ എന്റെ നിയോജക മണ്ഡലത്തിൽ മാത്രമല്ല, എറണാകുളം ജില്ലയിലെ അങ്കമാലി, പിറവം, കോതമംഗലം, മൂവാറ്റുപുഴ, പെരുമ്പാവൂർ, ആലുവ, കുന്നത്തുനാട് എന്നീ ഏഴ് നിയോജക മണ്ഡലങ്ങളെക്കൂടി ബാധിക്കുന്ന അതിരൂക്ഷമായ ഒരു പ്രശ്നമാണ്. ഇപ്പോൾ കുന്നത്തുനാട് താലൂക്കിലും പരിസരപ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ടായിരിക്കുകയാണ്. കുടിവെള്ളത്തിനും കൃഷിക്കും ഇവിടെയുള്ള പ്രദേശവാസികൾ പെരിയാർ വാലി കനാലിനെയാണ് ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. പെരിയാർ വാലി കനാലിൽ വെള്ളം തുറന്നുവിടാത്തതുമൂലം കൃഷിക്കും കുടിവെള്ളത്തിനുമായി ആ പ്രദേശത്തെ ജനങ്ങൾ നെട്ടോട്ടമോടുകയാണ്. കർഷകരെ രക്ഷിക്കാനും ചെറുകിട കുടിവെള്ള പദ്ധതികളൊക്കെ പ്രവർത്തിപ്പിക്കാനും പെരിയാർ വാലി കനാൽ തുറന്നുവിടണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കഴിഞ്ഞ ദിവസം ഡി.ഡി.സി. മീറ്റിംഗിലും മറ്റും ഈ പ്രശ്നം ഉന്നയിച്ചപ്പോൾ പെരിയാർ വാലി കനാലുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഭൂതത്താൻകെട്ടിലെ ഷട്ടറിന്റെ അറ്റകുറ്റപ്പണി നടക്കുന്നുവെന്നുള്ള കാരണമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നാൽ ഷട്ടറിന്റെ പണി പൂർത്തിയാകാൻ വളരെ കാലതാമസമുണ്ടാകും. ഇപ്പോൾ കിട്ടിയ റിപ്പോർട്ട് അനുസരിച്ച് ഭൂതത്താൻകെട്ട് ഷട്ടറിന്റെ പണി ജനുവരി മാസത്തിൽ പൂർത്തിയാകും. ജനുവരി മാസത്തിനുമുമ്പ് പെരിയാർ വാലി കനാൽ തുറന്നില്ലെങ്കിൽ ഈ പ്രദേശങ്ങളെല്ലാം മരുഭൂമിയായി മാറുമെന്നും കൂടാതെ രൂക്ഷമായ കുടിവെള്ളക്ഷാമം

അഭിമുഖീകരിക്കേണ്ടിവരുമെന്നുമുള്ള കാര്യംകൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഭൂതത്താൻകെട്ടിലെ ഷട്ടറിന്റെ അറ്റകുറ്റപ്പണി താൽക്കാലികമായി നിർത്തിവച്ച് പെരിയാർ വാലി കനാൽ തുറന്നുവിട്ട് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, പെരിയാർ വാലി ജലസേചന പദ്ധതിയുടെ കനാലുകളിലൂടെയുള്ള ജലവിതരണം സാധാരണ നവംബർ മാസം ആദ്യവാരമാണ് ആരംഭിക്കാറുള്ളത്. ലോകബാങ്കിന്റെ സഹായത്തോടെ ഈ വർഷംതന്നെ ഭൂതത്താൻകെട്ട് ബാരേജിന്റെ തൂണുകളുടെയും ഷട്ടറിന്റെയും അടിയന്തര അറ്റകുറ്റപ്പണികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ജലവിതരണത്തിനായി ബാരേജിൽ വെള്ളം സംഭരിച്ചാൽ ഈ പണികൾ തുടരാൻ കഴിയുകയില്ല. ലോകബാങ്കിന്റെ സഹായത്തോടെയുള്ള പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. അതുകൊണ്ട് കനാലുകളിലൂടെയുള്ള ജലവിതരണം ഈ വർഷം ഡിസംബർ മാസം അവസാനവാരത്തോടെ തുടങ്ങാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഈ വർഷം തുലാവർഷം പ്രതീക്ഷിച്ചത്ര രീതിയിൽ ലഭിക്കാത്തതുമൂലമുള്ള ജലക്ഷാമം കണക്കിലെടുത്ത് ഒക്ടോബർ മാസം 28-ാം തീയതി മുതൽ ബാരേജിൽ ജലം ശേഖരിച്ച് നവംബർ ആദ്യവാരത്തോടുകൂടി കനാലിലൂടെ തുറന്നുവിടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## (4) കരിമ്പ് കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, ചെങ്ങന്നൂർ താലൂക്കിലെ കരിമ്പ് കൃഷിക്കാരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മറയൂർ ശർക്കര പോലെതന്നെ പ്രസിദ്ധമായതും ഡിമാന്റുള്ളതുമാണ് ചെങ്ങന്നൂരിൽ ഉൽപ്പാദിപ്പിക്കുന്ന ശർക്കര. ഒരു കാലത്ത് മദ്ധ്യ തിരുവിതാംകൂറിലെ പ്രശസ്തമായ കരിമ്പ് കൃഷി കേന്ദ്രങ്ങളായിരുന്നു ചെങ്ങന്നൂർ, മാവേലിക്കര, പന്തളം, തിരുവല്ല തുടങ്ങിയ പ്രദേശങ്ങൾ. അവിടെ രണ്ട് ഷുഗർ ഫാക്ടറികൾ പ്രവർത്തിച്ചിരുന്നു. അവ പന്തളത്തുള്ള മന്നം ഷുഗർ മില്ലും ട്രാവൻകൂർ ഷുഗർ മില്ലുമായിരുന്നു. അവിടെ അസംസ്കൃത കരിമ്പ് ലഭിച്ചിരുന്നു. ഇന്ന് അതെല്ലാം നാമാവശേഷമായി. എന്നാൽ ചെങ്ങന്നൂരിൽ തിരുവൻവണ്ടൂർ-പാണ്ടനാട് പ്രദേശത്ത് ഇപ്പോഴും കരിമ്പ് കൃഷി ചെയ്യുന്നുണ്ട്. അവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നാളിതുവരെ ലഭിച്ചിട്ടില്ല. കൃഷി ഡിപ്പാർട്ടുമെന്റിന്റെ വെബ്സൈറ്റിൽപോലും അവിടെ കരിമ്പ് കൃഷി നടത്തുന്നതായി അറിയില്ല. അതുകൊണ്ട് കൃഷിക്കാർ കുറെക്കാലമായി സർക്കാരിന്റെ സഹായം വേണമെന്നുള്ള ആവശ്യം ഉന്നയിക്കുന്നുണ്ട്. എന്നാൽ അവരുടെ ആവശ്യം ഇതേവരെ പരിഗണിച്ചിട്ടില്ല. മദ്ധ്യതിരുവിതാംകൂറിലെ

ക്ഷേത്രങ്ങളിലേക്കായാലും ഉത്സവങ്ങൾക്കായാലും ശർക്കര ആവശ്യമാണ്. തിരുവൻവണ്ടൂർ-പാണ്ടനാട് പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന ശർക്കരയുമായി ബന്ധപ്പെട്ട് ഒട്ടേറെ കൃഷിക്കാർ കരിമ്പ് കൃഷി ചെയ്യുന്നുണ്ട്. എന്നാൽ അവർക്ക് യാതൊരു സഹായവും ലഭിക്കാത്ത സ്ഥിതിക്ക് കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തി ആവശ്യമായ സഹായം ചെയ്ത് ആ കൃഷിക്കാരെ സഹായിക്കണം. പരമ്പരാഗത കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന ഒരു നയം ഈ സർക്കാർ സ്വീകരിക്കുന്നുണ്ട്. വളരെ പ്രശംസാർഹമായ രീതിയിൽ ആ പ്രവർത്തനം നടക്കുന്നതിനെ അനുമോദിക്കുന്നതോടൊപ്പം പാരമ്പര്യ കൃഷി നടത്തുന്ന കൃഷിക്കാരെ നിലനിർത്തുന്നതിനും അവരെ സഹായിക്കുന്നതിനും ആവശ്യമായ നടപടികൂടി സ്വീകരിക്കണമെന്ന വിനയപൂർവ്വമായ അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കരിമ്പ് കൃഷിക്കാർ ബഹുമാന്യനായ എം.എൽ.എ.-യോടൊപ്പം എന്നെ വന്ന് കാണുകയും ഓഫീസിൽ ശർക്കര കൊണ്ടുവരികയും ചെയ്തതാണ്. അവിടെ ഉൽപ്പാദിപ്പിക്കുന്ന ശർക്കര എനിക്ക് വളരെ ഇഷ്ടമുള്ളതാണ്. കേരളത്തിൽ ഒരുകാലത്ത് പാലക്കാട്, മറയൂർ, ഇടുക്കി, ചെങ്ങന്നൂർ എന്നീ പ്രദേശങ്ങളിൽ കരിമ്പ് കൃഷി വ്യാപകമായുണ്ടായിരുന്നു. കൂടാതെ നിരവധി ഷുഗർ മില്ലുകളുമുണ്ടായിരുന്നു. കാലക്രമേണ കരിമ്പ് കൃഷി നാമാവശേഷമാകുകയും ചില പ്രദേശങ്ങളിൽ മാത്രം നില നിൽക്കുകയും ചെയ്യുകയാണ്. കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽപ്പോലും കരിമ്പ് കൃഷി ഇല്ലാത്ത സ്ഥിതിവിശേഷമുണ്ടായി എന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ ഈ സർക്കാർ കരിമ്പ് കൃഷിയെ തിരിച്ചുകൊണ്ടുവരാനും കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളിലും ഉൾപ്പെടുത്താനും വേണ്ടിയുള്ള തീരുമാനമെടുത്ത കാര്യം ഞാൻ അറിയിക്കുകയാണ്. കേരളത്തിൽ 2210.298 ഹെക്ടർ പ്രദേശത്താണ് കരിമ്പ് കൃഷി ചെയ്തുവരുന്നത്. ഇടുക്കി ജില്ലയിൽ 1660 ഹെക്ടറിലും ആലപ്പുഴ ജില്ലയിൽ 45 ഹെക്ടറിലുമാണ് കരിമ്പ് കൃഷി ചെയ്തുവരുന്നത്. ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ പ്രദേശങ്ങളിലെ കരിമ്പ് കർഷകർ നേരിടുന്ന വിവിധതരം പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാനായി തൃശ്ശൂരിലെ ഉന്നത ഉദ്യോഗസ്ഥരോടൊപ്പം സ്ഥലം സന്ദർശിക്കുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന മറയൂർ ശർക്കര മൂല്യവർദ്ധിത ഉൽപ്പന്നമാക്കി ബ്രാൻഡ് ചെയ്ത് വിപണിയിലെത്തിച്ച് കരിമ്പ് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്ന നടപടി സ്വീകരിച്ചുവരികയുമാണ്. കർഷകർ രാസവളങ്ങൾ ഉപയോഗിക്കാതെ പരമ്പരാഗത രീതിയിൽ നിർമ്മിക്കുന്ന ഉന്നത ഗുണനിലവാരമുള്ള

മറയൂർ ശർക്കര എന്ന പേരിൽ വ്യാജ ശർക്കര മാർക്കറ്റിൽ വരുന്നത് മറയൂരിലെ കർഷകർക്ക് വലിയ ഭീഷണിയായിത്തീരുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ മറയൂരിലെ കാലാവസ്ഥയിലും മണ്ണിലും വളരുന്ന കരിമ്പിൽനിന്നും പതിറ്റാണ്ടുകളായി പരമ്പരാഗത രീതിയിൽ ഉൽപ്പാദിപ്പിക്കുന്ന മറയൂർ ശർക്കരയ്ക്ക് Geographic Index നേടിക്കൊടുക്കാനുള്ള നടപടികൾ നടന്നുവരികയാണ്. ഇതുകൂടാതെ പാലക്കാട്, പന്തളം, ചെങ്ങന്നൂർ തുടങ്ങിയ പ്രദേശങ്ങളിലെ കരിമ്പ് കൃഷി പ്രോത്സാഹിപ്പിക്കാനും കൃഷിക്കാരെ സഹായിക്കാനുമുള്ള പദ്ധതിക്ക് കൃഷി വകുപ്പ് രൂപം നൽകി കൊണ്ടിരിക്കുകയാണ്. കരിമ്പ് കൃഷി വ്യാപനത്തിനായി ഇടുക്കി ജില്ലയിലെ പ്രോജക്ടുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായ RKVY പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. നിലവിൽ കരിമ്പ് കൃഷിക്കായുള്ള പ്രോജക്ടുകളൊന്നും ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ലഭ്യമായിട്ടുണ്ടായിരുന്നില്ല. പ്രോജക്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇടുക്കി ജില്ലയിലെന്നപോലെ RKVY പദ്ധതിയിൽ ഉൾപ്പെടുത്തി കരിമ്പ് കർഷകർക്ക് ആനുകൂല്യം നൽകുന്ന കാര്യം സർക്കാർ തീരുമാനിക്കുന്നതാണ്. സംസ്ഥാന കൃഷി വകുപ്പിന്റെ വെബ്സൈറ്റായ www.agriculture.gov.in എന്ന ഹോം പേജിൽനിന്നും കരിമ്പ് കൃഷിയെപ്പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമാകുന്നതിനുള്ള ലിങ്ക് നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്.

### (5) ജീവനക്കാരുടെ അഭാവം

ശ്രീ. കാരാട്ട് റസാഖ്: സർ, 2009 ഒക്ടോബർ മാസം 5-ാം തീയതിയാണ് കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് ആരംഭിച്ചത്. ഈ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിൽ 32 എയ്ഡഡ് സ്കൂളുകളും 18 സർക്കാർ സ്കൂളുകളുമടക്കം 50 സ്കൂളുകളുണ്ട്. ഹൈസ്കൂളിലെ ഉച്ചഭക്ഷണം, ടെക്സ്റ്റ് ബുക്കുകൾ, കലാകായിക മത്സരങ്ങൾ എന്നിവ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസാണ് കൈകാര്യം ചെയ്യുന്നത്. സമീപമുള്ള എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും സീനിയർ സൂപ്രണ്ട് തസ്തികകൾ നിലനിൽക്കുകയാണ്. എന്നാൽ കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സീനിയർ സൂപ്രണ്ട്, ക്ലാർക്ക് എന്നീ തസ്തികകൾ കാലങ്ങളായി ഒഴിഞ്ഞുകിടക്കുന്നതിനാൽ ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ താളം തെറ്റിയിരിക്കുകയാണ്. കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ യഥാസമയം ശമ്പളം നൽകുവാനോ മറ്റു പ്രവർത്തനങ്ങൾ നടത്തുവാനോ സാധിക്കാത്ത ഒരു സാഹചര്യമാണ് കാണപ്പെടുന്നത്. ആയതിനാൽ കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ച് അടിയന്തരമായി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കി മുന്നോട്ടുപോകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

11.00 AM]

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന സ്കൂളുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഓഫീസുകളിലെ തസ്തികകൾ സർക്കാർ അനുവദിച്ചു നൽകിയിട്ടുള്ളത്. അതനുസരിച്ച് താഴെപ്പറയുന്ന തസ്തികകൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഉണ്ടായിരിക്കുന്നതാണ്:

| | | |
|---|---|---|
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ | - | ഒന്ന് |
| സീനിയർ സൂപ്രണ്ട് | - | ഒന്ന് |
| ക്ലാർക്കുമാർ | - | അഞ്ച് |
| ഓഫീസ് അറ്റൻഡന്റ് | - | ഒന്ന് |
| ഫുൾ ടൈം മീനിയൽ | - | ഒന്ന് |
| ടൈപ്പിസ്റ്റ് | - | ഒന്ന്. |

പുതിയതായി തസ്തിക സൃഷ്ടിക്കാതെ, പുനർവിന്യാസത്തിലൂടെ തസ്തികകൾ നികത്തപ്പെടണമെന്ന വ്യവസ്ഥയോടെ കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് സൃഷ്ടിച്ച് സർക്കാർ ഉത്തരവായി. പുനർ വിന്യാസത്തിലൂടെ കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഈ ഓഫീസ് പ്രവർത്തനം ആരംഭിച്ചു.

| | | |
|---|---|---|
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ | - | ഒന്ന് |
| ഹെഡ് ക്ലാർക്ക് | - | ഒന്ന് |
| ക്ലാർക്കുമാർ | - | നാല്, |
| ഓഫീസ് അറ്റൻഡന്റ് | - | ഒന്ന്, |
| ടൈപ്പിസ്റ്റ് | - | ഒന്ന്. |

മേൽപ്പറഞ്ഞ തസ്തികകളിൽ നിലവിൽ ജീവനക്കാർ സേവനം അനുഷ്ഠിച്ചു വരുന്നു. സർക്കാർ 4-5-2015-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉച്ചഭക്ഷണ പദ്ധതിയുടെ മാനേജ്മെന്റ്, മോണിറ്ററിംഗ്, ഇവാല്യുവേഷൻ എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ജൂനിയർ സൂപ്രണ്ടിന് സമാനമായ ഒരു നൂൺമീൽ ഓഫീസർ തസ്തിക അനുവദിച്ചിരുന്നു. ഉപജില്ലാ വിദ്യാഭ്യസ ഓഫീസുകളിലെ നിലവിലുള്ള ഒരു ക്ലാർക്കിന്റെ തസ്തിക അപ്ഗ്രേഡ് ചെയ്താണ് നൂൺമീൽ ഓഫീസർ തസ്തിക സൃഷ്ടിച്ചത്. അതനുസരിച്ച് കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഒരു ക്ലാർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് ഒരു നൂൺമീൽ ഓഫീസർ തസ്തിക അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് മീഞ്ചന്ത ഹയർ സെക്കണ്ടറി സ്കൂളിലെ ഹെഡ് ക്ലാർക്ക് തസ്തിക തൽക്കാലമായി പുനർവിന്യസിച്ച് കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഹെഡ് ക്ലാർക്ക് തസ്തിക അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇപ്പോൾ ഈ ഓഫീസിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കൂടാതെ ഒരു ജൂനിയർ സൂപ്രണ്ട്, ഒരു ഹെഡ് ക്ലാർക്ക്, മൂന്ന് ക്ലാർക്കുമാർ, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ നിലവിലുണ്ട്. ഇതുകൂടാതെ കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഒരു സീനിയർ സൂപ്രണ്ട് തസ്തികകൂടി സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരളനിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2990-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരളനിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 1437, 1527, 1528, 2951, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2365, 2388 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## VII റിപ്പോർട്ട് സമർപ്പണം

### 1. കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് മുഖ്യമന്ത്രിക്കുവേണ്ടി സമർപ്പിക്കുന്നു.

### 2. സബ്ജക്ട് കമ്മിറ്റി I-ന്റെ ആനുകാലിക റിപ്പോർട്ടും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടും

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയ നിർണ്ണയസമിതി I-ന്റെ 1-4-2015 മുതൽ 31-3-2016 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VIII റിപ്പോർട്ട് പരിഗണന

### കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## IX അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

### (2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

### (i) 2016-ലെ കേരള അൺ-എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2016-ലെ കേരള അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 12-9-2011-ലെ 155/2011/തൊഴിൽ ഉത്തരവുപ്രകാരം സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തൊഴിൽ മേഖലയിൽ അദ്ധ്യാപകേതരവൃത്തിയിൽ ജോലി ചെയ്യുന്നവരുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. മേൽവിഭാഗത്തിന്റെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർക്ക് മിനിമം വേതനം അനുവദിക്കുന്നതു സംബന്ധിച്ച കരട് ബിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്. ഇന്നലെ ചേർന്ന ക്യാബിനറ്റ് യോഗം അൺഎയിഡഡ് മേഖലയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഒരു പ്രത്യേക ബിൽ വിദ്യാഭ്യാസ വകുപ്പ് അവതരിപ്പിച്ച് പാസ്സാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ

നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ 2016-ലെ കേരള അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ ബില്ലിന് പ്രസക്തിയില്ല. ആയത് നിരാകരിക്കാവുന്നതാണ്.

മി. സ്പീക്കർ: ബിൽ അവതരണത്തിലും പ്രസംഗത്തിലും സമയ പരിധിയില്ലെങ്കിലും നിയന്ത്രിച്ച് സംസാരിച്ചാൽ കഴിയുമെങ്കിൽ അഞ്ച് ബില്ലുകളും എടുക്കാൻ ശ്രമിക്കാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബില്ലിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നതിനു മുൻപായി, ഈ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് അല്ലെങ്കിൽ ഇതേ രൂപത്തിലുള്ള ഒരു ബിൽ സർക്കാരിന്റെ ഭാഗത്തുനിന്നും അവതരിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞത്. ഒരു മെമ്പർ അവതരിപ്പിച്ച ബിൽ എന്ന നിലയ്ക്ക് ചില പോരായ്മകളുണ്ടാകാം. ഒരു പ്രൈവറ്റ് ബിൽ ഉൾക്കൊണ്ടുകൊണ്ട് ട്രഷറി ബഞ്ചിൽ നിന്നോ സർക്കാരിൽ നിന്നോ ഒരു ബിൽ കൊണ്ടുവരുന്നുവെന്ന് പറയുന്നതിൽ നാണക്കേടിന്റെയോ അപമാനത്തിന്റെയോ പ്രശ്നമില്ല. പാർലമെന്ററി പ്രാക്ടീസിൽ ഇത് അംഗീകരിക്കാവുന്ന ഒരു സംഗതിയാണ്. ബഹുമാനപ്പെട്ട ചെയർ ഇതുമായി ബന്ധപ്പെട്ട് ഒരു ബിൽ ഡ്രാഫ്റ്റ് ചെയ്തിരുന്നു. അത് വായിച്ചുനോക്കി അതിലെ ചില പ്രൊവിഷനുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടും ഉൾക്കൊണ്ടുമാണ് ഈ ബിൽ തയ്യാറാക്കിയിരിക്കുന്നത്. കഴിഞ്ഞ നിയമസഭയിലാണ് ഇങ്ങനെയൊരു ബില്ലിന്റെ ഡ്രാഫ്റ്റിംഗ് നടന്നതെങ്കിലും അവതരിപ്പിക്കാൻ അവസരമുണ്ടായില്ല. കഴിഞ്ഞ നിയമസഭയിൽ ഇതുമായി ബന്ധപ്പെട്ട് ധാരാളം ചർച്ചകൾ നടന്നിട്ടുണ്ട്. അന്നത്തെ തൊഴിൽ വകുപ്പുമന്ത്രിയും ഈ വിഷയത്തിൽ കുറെ നിയമപ്രശ്നങ്ങൾ പറഞ്ഞിരുന്നു. ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കാൻ പോകുന്നുവെന്നും മറ്റും സൂചിപ്പിച്ചു. പക്ഷേ അതുണ്ടായില്ല. ആമുഖമായി എന്റെയൊരു അപേക്ഷ ഇങ്ങനെയൊരു ബിൽ വരുമ്പോൾ നമ്മൾ അങ്ങനെയൊന്നും കാണേണ്ടതില്ലെന്നാണ്. ഒരു പ്രൈവറ്റ് മെമ്പർ കൊണ്ടുവരുന്ന ബിൽ അതിന്റെ അപാകതകൾ പരിഹരിച്ചുകൊണ്ട് എന്തുകൊണ്ട് പൊതു നിയമമാക്കി മാറ്റുന്നതിന് വേണ്ടിയുള്ള പരിശ്രമം ഉണ്ടായിക്കൂടാ? അതൊരു അക്കാഡമിക് ഇന്ററസ്റ്റിൽ കാണണമെന്ന് ആമുഖമായി ഞാൻ സൂചിപ്പിക്കുകയാണ്.

ഈ ബില്ലിന്റെ പ്രസക്തി സർക്കാരിനുതന്നെ ബോദ്ധ്യമാണെന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നും വ്യക്തമാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ അൺഎയിഡഡ് മേഖല ഒരു പ്രബലമായ ഘടകമാണ്. ഇതൊരു യാഥാർത്ഥ്യമാണ്.

നമുക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഇത് അംഗീകരിച്ചേ മതിയാകൂ. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏകദേശം മൂന്നിലൊന്ന് അൺഎയിഡഡ് മേഖലയാണെന്നുള്ളതൊരു യാഥാർത്ഥ്യമാണ്. ആയിരത്തിൽപ്പരം അൺ എയിഡഡ് വിദ്യാലയങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ സി.ബി.എസ്.ഇ. ഐ.സി.എസ്.ഇ. ഇതൊക്കെയുണ്ട്. അതുപോലെ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ പ്രസ്തുത സ്ഥാപനങ്ങളിൽ പഠിക്കുന്നുമുണ്ട്. ഇതൊക്കെ യാഥാർത്ഥ്യമാണ്. മോണ്ടിസോറി മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ ഇതിലുണ്ട്. ലക്ഷത്തിൽപ്പരം അദ്ധ്യാപകരും പതിനായിരക്കണക്കിന് അനദ്ധ്യാപകരും ഈ രംഗത്ത് ജോലി ചെയ്യുന്നുണ്ട്. ബസ്, കാന്റീൻ എന്നിവയുൾപ്പെടെയുള്ളവയിലെ ജീവനക്കാരെ ക്ലാസ്സ് ഫോർ ജീവനക്കാരായി കണക്കാക്കിയിട്ടുണ്ട്. ഈ മേഖലയിലെ അദ്ധ്യാപകരും ജീവനക്കാരും തീർത്തും അരക്ഷിതാവസ്ഥയിലാണ്. ഒരു തൊഴിൽ സമൂഹത്തിന് ലഭിക്കേണ്ട യാതൊരു സുരക്ഷയും അവർക്ക് കിട്ടുന്നില്ല. തൊഴിൽ സുരക്ഷയില്ല എന്നുള്ളത് ഈ മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നമാണ്. എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാം. ഇതിലുള്ള ഒരു പ്രത്യേകത നിയമന ഉത്തരവുമില്ല, പിരിച്ചുവിടൽ ലെറ്ററുമില്ല എന്നുള്ളതാണ്. There is no appointment order hence there is no termination letter. പലപ്പോഴും അങ്ങനെയാണ്; എന്നെ പിരിച്ചുവിട്ടതിന് ഒരു പേപ്പർ തരൂ എന്നു ചോദിച്ചാൽ നിങ്ങളെ നിയമിച്ചതിന് കടലാസില്ലല്ലോ പിന്നല്ലേ പിരിച്ചു വിടുന്നതിന് കടലാസ് എന്നാണ്; എവിടേയും രേഖയുണ്ടാവില്ലെന്നുള്ളതാണ് അവസ്ഥ. നല്ല വിദ്യാഭ്യാസ യോഗ്യതയുള്ള അദ്ധ്യാപകരാണ്; പക്ഷേ ഒരു തൊഴിൽ സുരക്ഷയും അവർക്കില്ല. തുച്ഛമായ വേതനമാണ് ഇവർക്ക് ലഭിക്കുന്നത്. ജോലി അദ്ധ്യാപനമാണ്; പക്ഷേ പലരുടേയും വേതനം സ്വകാര്യമായി ചോദിച്ചാൽ അയ്യായിരം രൂപയിൽ താഴെയാണ്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., സ്റ്റേറ്റ് സിലബസ്, സർക്കാർ അംഗീകൃതം, സർക്കാർ അനംഗീകൃതം എന്നീ മേഖലകളിലായി ഇത് വ്യാപിച്ചുകിടക്കുകയാണ്. പതിനായിരക്കണക്കിന് അദ്ധ്യാപകരുടെ സ്ഥിതിയാണിത്. വളരെ തുച്ഛമായ വേതനമാണവർക്ക് ലഭിക്കുന്നത്. പതിനാറ് വർഷമായി കാസർഗോഡ് ജില്ലയിൽ ജോലി ചെയ്യുന്ന ഒരു ടീച്ചറുടെ കഥ പത്രത്തിൽ വന്നിരുന്നു. 4,200 രൂപയാണ് അവർക്ക് ശമ്പളം. കോഴിക്കോട് ഹയർ സെക്കണ്ടറിയിൽ പ്രവർത്തിക്കുന്ന 24 വർഷം സർവ്വീസുള്ള ഒരു ടീച്ചറുടെ വേതനം 13,000 രൂപയാണ്. കേരളത്തിന്റെ മറ്റുമേഖലകളിൽ, ഒരു കടയിൽ വിൽപ്പനയ്ക്ക് നിൽക്കുന്ന പെൺകുട്ടിക്കുപോലും, അത് മോശമാണെന്നല്ല ഞാൻ പറയുന്നത്, കൃത്യമായ വിദ്യാഭ്യാസയോഗ്യത ഒന്നുമില്ലാതെയുള്ള ഒരു ജോലിക്കുപോലും ഇന്ന് വേതനമായി പതിനായിര കണക്കിന് രൂപ കിട്ടുകയാണ്. ആ സ്ഥിതിയിലാണ് ഇവിടെ ഇങ്ങനെയൊരു സമൂഹമുണ്ട് എന്നുള്ളത് നാം കാണേണ്ടത്. ഇത് വളരെ അപമാനകരമായ ഒരു സ്ഥിതിയാണ്. അവർക്ക് ബോണസ്സ്, പി.എഫ്., പ്രസവാവധി തുടങ്ങി

മറ്റാനുകൂല്യങ്ങളൊന്നുമില്ല. പെൻഷനില്ലെന്ന് മുൻവിദ്യാഭ്യാസ വകുപ്പുമന്ത്രി ചൂണ്ടിക്കാണിക്കുന്നു. അവധിയിൽ പോയാൽ തിരിച്ചുവരേണ്ട കാര്യമില്ല. തിരിച്ചുവരുമ്പോൾ ജോലി ഉണ്ടാകണമെന്നില്ല. എന്തെങ്കിലും അസുഖംകാരണം കുറച്ചുദിവസം പോകാതിരുന്നാൽ അപ്പോഴേക്കും വേറെ ആളെ നിയമിച്ചിരിക്കും. ഒരു തൊഴിൽ സുരക്ഷയുമില്ലാത്ത മേഖലയാണിത്. എനിക്ക് വ്യക്തിപരമായി അറിയാവുന്ന ആളുകൾക്ക് ഈ അവസ്ഥയുണ്ട്. ബിരുദവും ബിരാദനന്തര ബിരുദവും സെറ്റും നെറ്റും എംഫിലും ഒക്കെയുള്ളവരുടെ കാര്യമാണിത്; പി.എച്ച്.ഡി. യുള്ളവരുമുണ്ടെന്ന് ശ്രീ. റ്റി. വി. ഇബ്രാഹിം ചൂണ്ടിക്കാണിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, അൺഎയിഡഡ് മേഖലയിലെ അദ്ധ്യാപകരുടെ ദുരിതമാണല്ലോ പറഞ്ഞുകൊണ്ടിരിക്കുന്നത്. അത് ഏറ്റവും നന്നായി ബോദ്ധ്യമുള്ള ആളാണ് ബഹുമാനപ്പെട്ട സ്പീക്കർ. അദ്ദേഹം സ്പീക്കറായി ചുമതല ഏറ്റെടുക്കുന്നതു വരെ അദ്ധ്യാപക സംഘടനയുടെ സംസ്ഥാന പ്രസിഡന്റായിരുന്നു. അതുകൊണ്ടു തന്നെ ബഹുമാനപ്പെട്ട സ്പീക്കറുടെ പിന്തുണ അങ്ങയുടെ വാദഗതിക്കുണ്ടായാൽ അത് ഈ സഭയുടെ ആകെ പിന്തുണയായി പരിഗണിച്ച് ചർച്ച അവസാനിപ്പിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ആ പറഞ്ഞത് ശരിയായില്ല. ബഹുമാനപ്പെട്ട സ്പീക്കറുടെ പിന്തുണയുണ്ട്.

ശ്രീ. എ. എൻ. ഷംസീർ: സർ, ശ്രീ. എൻ. ഷംസുദ്ദീൻ കൊണ്ടുവന്ന സ്വകാര്യബില്ലുമായി ബന്ധപ്പെട്ട് ഇതേ വിഷയം സബ്മിഷനായി ഞാനും ഈ സഭയ്ക്കകത്ത് ഉന്നയിച്ചതാണ്. യഥാർത്ഥത്തിൽ കേരളത്തിന്റെ പൊതുസമൂഹം വളരെ ഗൗരവമായി എടുക്കേണ്ട വിഷയമാണിത്. ഇവിടെ ശ്രീ. എ. പ്രദീപ് കുമാർ സൂചിപ്പിച്ചതുപോലെ ഈ വിഷയം ബഹുമാനപ്പെട്ട ചെയറിന് വളരെയധികം ബോദ്ധ്യമുള്ള ഒരു കാര്യവുമാണ്. ക്വാളിഫൈഡായ അദ്ധ്യാപകരാണ് ഈ മേഖലയിലുള്ളത്. ഹൈലി ക്വാളിഫൈഡായ എന്നു മാത്രമല്ല, നാളിതുവരെ മികച്ച രീതിയിൽ ഉന്നത വിജയം കരസ്ഥമാക്കിയവർ, ഉന്നത സർവ്വകലാശാലയിൽ നിന്നും ബിരുദാനന്തരബിരുദം കരസ്ഥമാക്കിയവർ ഒക്കെ ഈ ഒരു വിഭാഗത്തെ സൈഡ് ലൈൻ ചെയ്യുകയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ ബോണസ്സില്ല; മാനേജ്മെന്റിന്റെ താൽപ്പര്യങ്ങൾക്ക് വഴങ്ങണം. മാനേജ്മെന്റ് പറയുന്നതുപോലെ പ്രവർത്തിച്ചില്ലെങ്കിൽ പലപ്പോഴും ക്രൂരമായ രീതിയിൽ പീഡിപ്പിക്കുന്ന രീതി പോലുമുണ്ട്. അതുകൊണ്ടുതന്നെ അദ്ദേഹം സമർപ്പിച്ച ഈ ബില്ല് കേരളത്തിന്റെ പൊതുസമൂഹവുമായി ബന്ധപ്പെട്ട വിഷയമാണ്. അത് ചെയർ ഗൗരവമായി

കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: സർക്കാർ നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നുണ്ടെന്നും ഇന്നലെ ക്യാബിനറ്റ് അതുസംബന്ധിച്ച് തീരുമാനിച്ചുവെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വളരെ സന്തോഷകരമായ കാര്യമാണ്. യഥാർത്ഥത്തിൽ ഇവർ 1957-ന് മുമ്പുള്ള അദ്ധ്യാപക സമൂഹത്തിന്റെ അവസ്ഥ അനുഭവിക്കുന്നവരാണ്. കേരളത്തിലെ അദ്ധ്യാപക കഥകളിൽ പ്രസിദ്ധമായ ഒരു കഥയാണ് കാരൂരിന്റെ 'പൊതിച്ചോറ്'. വിശന്നുപൊരിഞ്ഞ ഒരദ്ധ്യാപകൻ കുട്ടികൾ കാണാതെ അവരുടെ ഉച്ചഭക്ഷണപ്പൊതിയിൽനിന്നും ഭക്ഷണം മോഷ്ടിച്ചുകഴിച്ചതിനെ സംബന്ധിച്ചുള്ള ഒരു ദുരന്താനുഭവത്തിന്റെ സൂചനയായിരുന്നു ആ കഥ. ഏതാണ്ട് അതേ അവസ്ഥയാണ് ഇന്ന് അൺഎയിഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കുള്ളത്. സവർണ്ണ വിദ്യാർത്ഥികളും അവർണ്ണ അദ്ധ്യാപകരുമെന്ന് പറയാവുന്ന ആ സമൂഹത്തിന് നേരെ കണ്ണടയ്ക്കുകയാണ് നമ്മൾ ഇതുവരെ ചെയ്തത്. ഈ വിഷയം ഗൗരവത്തോടുകൂടി സഭയിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അഭിനന്ദിക്കുന്നു. സർക്കാർ അത് ഗൗരവമായി എടുക്കുമെന്ന് പറഞ്ഞത് വളരെ സന്തോഷകരമായ കാര്യമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ മേഖലയിൽ ഒരു നിയമനിർമ്മാണത്തിന്റെ അഭാവമുണ്ട്. ഇവിടെ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയാണ് ഇതിന് മറുപടി പറഞ്ഞത്. ഇവിടെയുള്ള ഒരു പ്രശ്നം വർക്ക്മെൻ അഥവാ തൊഴിലാളി എന്നുള്ള നിർവചനത്തിൽ അൺഎയിഡഡ് മേഖലയിലെ അദ്ധ്യാപകർ ഉൾപ്പെടുമോ ഇല്ലയോ എന്നുള്ളതാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഒരു ഇടപെടലിൽ അങ്ങനെയല്ലെന്നുള്ള വിധിയുണ്ടായിട്ടുള്ളതായാണ് ഞാൻ മനസ്സിലാക്കുന്നത്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടും മിനിമം വേജസ് ആക്ടും ഈ രാജ്യത്തെ ഒരു തൊഴിലാളിക്ക് ചോദ്യം ചെയ്യാവുന്ന സംഗതിയാണ്. മിനിമം വേജസ് കിട്ടിയില്ലെങ്കിൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് എന്ന നിലയിൽ ഇവ രണ്ടും ചോദ്യം ചെയ്യാനുള്ള ലീഗൽ ഫോറങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അവ ഈ മേഖലയ്ക്ക് ബാധകമാവുകയില്ലെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരാമർശമുള്ളതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അവിടെയാണ് പുതിയ നിയമനിർമ്മാണത്തിന്റെ പ്രസക്തി. നിലവിലുള്ള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലേക്കോ മിനിമം വേജസ് ആക്ടിലേക്കോ പോകാൻ സാധിക്കില്ല; പിന്നെ എവിടെ പോകും? എവിടേയും പോകാൻ കഴിയാത്ത ഒരു സ്ഥിതിയുണ്ട്. ഈ മേഖല ഗവേൺ ചെയ്യാൻ കൃത്യമായ നിയമം ആവശ്യമാണെന്നതന്നെയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. ഇക്കാര്യത്തിൽ

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടപെടലുണ്ടായിട്ടുണ്ട്. ഈ മേഖലയിലെ ചൂഷണം പത്രങ്ങളിലും മീഡിയകളിലും വന്നതിനെത്തുടർന്ന് ഹൈക്കോടതി ജഡ്ജിമാരായ ശ്രീ. സി. എം. രാമചന്ദ്രൻ നായരും ശ്രീ. സി. കെ. അബ്ദുൾ റഹീമും ഉൾപ്പെട്ട ഡിവിഷൻ ബഞ്ച് 2012 സെപ്തംബർ 14-ന് ഇടക്കാല ഉത്തരവിലൂടെ ഒരു ഇടപെടൽ നടത്തി. അതാണ് ഈ മേഖലയിലുള്ള ഏക ഇടപെടൽ. അതിൽ പറഞ്ഞത്, പ്രൈമറി അദ്ധ്യാപകർക്ക് മിനിമം 10,000 രൂപ വേതനം നൽകണമെന്നാണ്. അത് ഒരു രോദനമായി, പൊതു താൽപ്പര്യമായി കോടതി സ്വീകരിച്ചതാണ്. അല്ലാതെ അതിനൊരു നിയമത്തിന്റെ പിൻബലമില്ല. കോടതി ഒരു ഇന്റർപ്രട്ടേഷൻ നടത്തുമ്പോൾ അവർക്കൊരു നിയമം വേണമല്ലോ? ഒരു നിയമവുമില്ലെങ്കിലും പൊതുതാൽപ്പര്യം ഉൾക്കൊണ്ടുകൊണ്ട് രണ്ട് ജഡ്ജിമാർ പ്രൈമറി അദ്ധ്യാപകർക്ക് മിനിമം 10,000 രൂപയും സെക്കണ്ടറി അദ്ധ്യാപകർക്ക് 15,000 രൂപയും സീനിയർ സെക്കണ്ടറി അദ്ധ്യാപകർക്ക് 20,000 രൂപയും ക്ലറിക്കൽ സ്റ്റാഫിന് 6,000 രൂപയും പ്യൂണിന് 4,500 രൂപയും നൽകണമെന്ന് ഉത്തരവിട്ടു. ഈ രംഗത്ത് ഈ തുകപോലും നൽകാതെ നടക്കുന്ന ചൂഷണം സ്ഥിരം പത്രവാർത്തയാണ്. ഹൈക്കോടതിയുടെ ഇടപെടലുണ്ടായിട്ടും ഇവിടെ വലിയ ചൂഷണം നടക്കുകയാണ്. ഇതുപ്രകാരം ഈ സ്കൂളുകൾ ഇത് നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സി.ബി.എസ്.ഇ.-ക്കും ഐ.സി.എസ്.സി.ഇ.-യ്ക്കുമൊക്കെ കത്തയച്ചു. അദ്ധ്യാപകരുടെ പക്കൽ നിന്നും ചെക്ക് ആദ്യം വാങ്ങി ഇവരുടെ അക്കൗണ്ടിൽ പണം നിക്ഷേപിക്കുകയും ആ ചെക്കുപ്രകാരം സ്കൂളുകാർ പണം പിൻവലിച്ച് മുമ്പ് കരാർ പ്രകാരം എത്രയാണോ നൽകാൻ തീരുമാനിച്ചത് ആ തുക മാത്രം നൽകുകയും ചെയ്യുന്ന രീതിയാണ് ഇപ്പോൾ നടക്കുന്നത്. നിയമത്തിന്റെ കണ്ണിൽ പൊടിയിടാൻ അദ്ധ്യാപകന് 20,000 രൂപ കൊടുത്തെന്ന് രേഖയിൽ കാണിക്കുന്നു.

<u>മി. സ്പീക്കർ</u>: ഇതുതന്നെയാണ് പഴയ മാനേജർമാരും ചെയ്തുകൊണ്ടിരുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, 1957-ന് മുമ്പാണ് അങ്ങനെ ചെയ്തിരുന്നത്. ഒരു പഴയകാലത്ത് ചെറുകാടിന്റെ വളരെ പ്രസക്തമായ ഒരു കഥയും ഇതുമായി ബന്ധപ്പെട്ടുണ്ട്. ആലി മുസ്ലിയാരുടെ സ്കൂളിൽ ചേരുന്നതുമായി ബന്ധപ്പെട്ട കഥയാണത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, അദ്ധ്യാപകർ ഇ.പി.എഫ്.-ന്റെ പരിധിയിൽ വരും. അതിൽ നിന്നും രക്ഷപ്പെടാൻ പല മാനേജ്മെന്റും ഉയർന്ന ശമ്പളം നൽകുന്നതായി രേഖയിൽ കാണിക്കും. അക്വിറ്റൻസിൽ അവരെക്കൊണ്ട് ഒപ്പ് വയ്പ്പിച്ചിട്ട് അതിനെക്കാൾ കുറഞ്ഞ ശമ്പളം നൽകുന്നു. കണക്കുകൾ വേറെ രീതിയിൽ ഹാജരാക്കുന്നു. ഈ രീതിയിലുള്ള ചില ചൂഷണങ്ങൾകൂടി നടക്കുന്നുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭരണപക്ഷത്തുള്ളവർക്കും പ്രതിപക്ഷത്തുള്ളവർക്കും ഇക്കാര്യത്തിൽ ഒരേ നിലപാടാണുള്ളത്. ഹൈക്കോടതിയുടെ ഇടപെടലുണ്ടായിട്ടു പോലും ചൂഷണങ്ങൾ നടക്കുന്നുണ്ട്. ആ സാഹചര്യത്തിൽ ഈ മേഖലയിൽ കൃത്യവും വ്യക്തവുമായ ഒരു നിയമനിർമ്മാണം ഉണ്ടാകേണ്ടതുണ്ട്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ, സ്റ്റേറ്റ് സിലബസ് എന്നിവയിലായിട്ടാണ് ഇത് വ്യാപിച്ചു കിടക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ സൂചിപ്പിച്ച അദ്ധ്യാപകരുടെ സാഹചര്യങ്ങളെ സംബന്ധിച്ച് വന്ന ലേഖനത്തിന്റെ തലക്കെട്ടിൽ പറയുന്നത് 'വൻ മതിലിനകത്തെ കോൺസൻട്രേഷൻ ക്യാമ്പുകൾ' എന്നാണ്. രാവിലെ 8.30 മുതൽ വൈകിട്ട് 4.00 മണിവരെ ഒരു പീരീഡുപോലും വിശ്രമമില്ലാതെ കഠിനാദ്ധ്വാനം ചെയ്യുന്ന അദ്ധ്യാപകരിൽ മിക്കവരുടേയും ശമ്പളം 5,000 രൂപയിൽ താഴെയാകുന്ന കാര്യമാണ് നേരത്തെ സൂചിപ്പിച്ചത്. ഇങ്ങനെ അസംഘടിതരായ ഇവരുടെ രോദനം വനരോദനമായി മാറുന്ന സാഹചര്യമുണ്ടാകുമ്പോൾ അവിടെയാണ് നിയമസഭയും നിയമസഭാ സാമാജികന്മാരും ഇടപെടേണ്ടത്. ഇങ്ങനെയൊരു ബിൽ അവതരിപ്പിച്ചതിന് പോസിറ്റീവായ മറുപടി തന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്ങ് പറഞ്ഞ കാര്യം വളരെ ശരിയാണെങ്കിലും നമ്മുടെ ഭരണഘടനയിൽ 14 വയസ്സുവരെ free, compulsory and universal education ആണ്. അങ്ങനെ സർക്കാർ സൗജന്യ വിദ്യാഭ്യാസം നൽകാൻ സ്ഥാപിച്ചിരിക്കുന്ന പ്രൈമറി വിദ്യാലയങ്ങൾ ഇന്ന് അനാഥമായി കിടക്കുകയാണ്. ഇത്തരത്തിലുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊച്ചു കുഞ്ഞുങ്ങൾക്കുവേണ്ടി സ്ഥാപിച്ചിട്ടുള്ളവയാണ്. ഫലത്തിൽ ഭരണഘടനാ വിരുദ്ധമാണെങ്കിലും പതിനായിരക്കണക്കിന് രൂപ ഫീസ് വാങ്ങുന്നത് ബഹുമാനപ്പെട്ട കോടതികൾപോലും പരിശോധിക്കാതിരിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന പ്രശ്നം പരിഹരിക്കാൻ നമുക്ക് ചെയ്യാവുന്നത്, ഭരണഘടനാ വ്യവസ്ഥ പ്രകാരം 14 വയസ്സുവരെ സർക്കാർ നടത്തുന്നതോ സഹായിക്കുന്നതോ ആയ സ്ഥാപനങ്ങളിലല്ലാതെ ആരും പഠിക്കേണ്ടതില്ലെന്നുപറഞ്ഞാൽ കുട്ടികളും രക്ഷപ്പെടും; ആയിരക്കണക്കിന് അദ്ധ്യാപകർക്ക് ജോലി ലഭിക്കുകയും ചെയ്യും. അതിനെ സംബന്ധിച്ച് അങ്ങേക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വിഷയം നമ്മൾ വളരെ വിപുലമായി ചർച്ച ചെയ്യേണ്ട ഒന്നാണ്. അൺഎയ്ഡഡ് മേഖലയിൽ ലക്ഷക്കണക്കിന് കുട്ടികൾ പഠിക്കുന്നുവെന്നുള്ളതും പതിനായിരക്കണക്കിനാളുകൾ ജോലി ചെയ്യുന്നുവെന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. നമുക്ക് അതിനോട് യോജിപ്പും വിയോജിപ്പുമുണ്ടാകാം. നമ്മൾ ഇവിടെ നിയമനിർമ്മാണത്തെക്കുറിച്ചാണ് പറയുന്നത്. ഈ യാഥാർത്ഥ്യത്തിൽ നിന്നുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറും മറ്റും ചൂണ്ടിക്കാണിച്ചു

പോലെ യാതൊരു സുരക്ഷയുമില്ലാത്ത ഒരുപറ്റം അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രയാസങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള ഒരു നിയമനിർമ്മാണമാണ് കൊണ്ടു വരേണ്ടത്.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ ഇതിനെ അനുകൂലിച്ചുകൊണ്ടുതന്നെയാണ് പറഞ്ഞത്. അങ്ങനെയൊരു സ്ഥിതി വന്നാൽ അങ്ങേക്ക് ഇങ്ങനെ വിലാപം നടത്തേണ്ട ആവശ്യമില്ല. അക്കാര്യം ഞാൻ ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അതിന് ആ ദിശയിലുള്ള ചർച്ചകളുണ്ടാകണം. അതുപോലുള്ള നിയമനിർമ്മാണം നടത്തുമ്പോൾ അതാവശ്യമാണ്. പക്ഷേ ഭരണ ഘടനയുമായി ബന്ധപ്പെട്ട് ഒരുപാട് വിഷയങ്ങൾ അതിലുണ്ട്. ആ വാദഗതിയോട് ഞാൻ യോജിക്കുകയാണ്. ഭരണഘടനയുമായി ബന്ധപ്പെട്ട് ധാരാളം ഇഷ്യൂസ് ഈ വിഷയത്തിൽ വരാം. ഏതായാലും ഇതിന്റെ ചർച്ച തുടരാം. സർക്കാർ പുതിയ ബിൽ കൊണ്ടുവരുമ്പോൾ അത് ഞാൻ പറഞ്ഞ കാര്യങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു ബില്ലായിരിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ രൂപം നൽകിയ ബില്ലിൽനിന്നും എനിക്ക് ഉൾക്കൊള്ളാൻ യാതൊരു പ്രയാസവുമുണ്ടായില്ലെന്ന് ഞാൻ പറഞ്ഞു. ഒരു വിഭാഗത്തിന്റെ പ്രശ്നമെന്നുള്ള നിലയ്ക്ക് ഇവിടത്തെ അൺഎയ്ഡഡ് സ്കൂളുകളെ നിരീക്ഷിക്കാനും ഈ സ്ഥാപനങ്ങളുടെ വലിപ്പച്ചെറുപ്പമനുസരിച്ച് ഗ്രേഡിംഗ് നടത്തി അദ്ധ്യാപകർക്കും ജീവനക്കാർക്കും ജീവിക്കാൻ കഴിയുന്ന, മോശമല്ലാത്ത ശമ്പളം ലഭിക്കുന്നതിനും അതുപോലെതന്നെ അനാവശ്യമായ പീഡനങ്ങളും പിരിച്ചു വിടലുമൊക്കെ ഒഴിവാക്കുന്നതിനും നിയമം ലംഘിക്കുന്നവർക്കെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിനുമുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കാനുള്ള വ്യവസ്ഥയോടു കൂടിയാണ് 15 വകുപ്പുകളുള്ള ഈ ബിൽ ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. ഇതിന്റെ ചർച്ച തുടരാവുന്നതാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ, അദ്ധ്യാപകർ, അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾ ഇവർക്കെല്ലാം പൊതുവേ അവരുടെ താൽപ്പര്യങ്ങൾക്കനുസിച്ചുള്ള സംരക്ഷണമുണ്ടാകണം. നമ്മുടെ സമൂഹം അംഗീകരിച്ച വ്യവസ്ഥകളുണ്ട്. സർവ്വീസ് മേഖലയിൽ ഇന്ന് നിലനിൽക്കുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ടുള്ള ഒരു സമീപനമാണ് ഈ മേഖലയിൽ സർക്കാർ സ്വീകരിക്കുക. സർക്കാർ ഇക്കാര്യത്തിൽ പ്രധാനമായും ലക്ഷ്യമിടുന്നത് മിനിമം വേതനവും സേവന വ്യവസ്ഥകളും ഉറപ്പുവരുത്തണം എന്നുള്ളതാണ്. ഇവിടെ ഒരു കാര്യം ശരിയാണ്. ഗവൺമെന്റ് തലത്തിലുള്ള

നിർദ്ദേശങ്ങൾ, മിനിമം വേജ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ, കോടതിയുടെ ഉത്തരവുകൾ ഇവയൊന്നും പാലിച്ചുകൊണ്ടല്ല അൺഎയ്ഡഡ് സ്ഥാപനങ്ങൾ പലതും പ്രവർത്തിക്കുന്നത്. ഈ വസ്തുതകളെല്ലാം മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് ഇവ പരിഹരിക്കുന്നതിന് ഒരു സമഗ്രമായ നിയമത്തെക്കുറിച്ച് സർക്കാർ ആലോചിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ച് സംസാരിക്കുന്ന സമയത്ത് ഒരു കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട സ്പീക്കർ അംഗമായിരുന്നു. രേഖകൾ പരിശോധിച്ചു നോക്കിയപ്പോൾ കഴിഞ്ഞ നിയമസഭയിൽ ഇന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചിരുന്നു. ഇതുസംബന്ധിച്ച് സർക്കാർതലത്തിൽ ഒരു ചർച്ചയും നടന്നു. ലേബർ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ആ ചർച്ചയിൽ പങ്കെടുത്തിരുന്നു. ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന ഒരഭിപ്രായമുണ്ട്. അങ്ങ് തന്നെ ചൂണ്ടിക്കാണിച്ചതുപോലെ ഈ മേഖലയ്ക്ക് വിദ്യാഭ്യാസ മേഖലയുടേതായ ചില സവിശേഷതകളുണ്ട്. സർവ്വീസ്/ സേവന മേഖലയാണിത്. ഈ കാര്യങ്ങൾകൂടി പരിഗണിച്ച് അന്ന് വിദ്യാഭ്യാസ വകുപ്പ് മുൻകൈയെടുത്ത് നിയമനിർമ്മാണം നടത്തണമെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനമെടുത്തതാണ്. പക്ഷേ ദൗർഭാഗ്യവശാൽ വിദ്യാഭ്യാസ വകുപ്പ് ഈ ഗൗരവതരമായ പ്രശ്നത്തെക്കുറിച്ച്, സമൂഹമാകെ ശ്രദ്ധിക്കുന്ന ഈ വിഷയത്തെ കുറിച്ച് ഏതെങ്കിലും തരത്തിലുള്ള തുടർനടപടികൾ സ്വീകരിക്കാൻ സന്നദ്ധമായില്ല. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് നാലുമാസം കഴിഞ്ഞതേയുള്ളൂ. ഇതിനിടയിൽത്തന്നെ ഈ മേഖലയുടെ ഗൗരവസ്ഥിതി കണക്കിലെടുത്തുകൊണ്ട് സർക്കാർ തീരുമാനമെടുത്തുകഴിഞ്ഞു. ഈ മേഖലയിൽ ഏകദേശം രണ്ടര ലക്ഷത്തോളം ആളുകൾ അദ്ധ്യാപകരും അനദ്ധ്യാപകരുമായി പ്രവർത്തിക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. കൃത്യമായ കണക്ക് ശേഖരിക്കേണ്ടതുണ്ട്. ഈ മേഖലയുടെ പ്രത്യേക സാഹചര്യങ്ങളിൽ അദ്ധ്യാപകരും അനദ്ധ്യാപകരും അടിമ സമാനമായ പ്രയാസങ്ങൾ അനുഭവിക്കുകയാണ്. കേരളം പരിഷ്കൃത സമൂഹമുള്ളൊരു സംസ്ഥാനമാണല്ലോ; അതിനാൽ ഈ ചൂഷണം അവസാനിപ്പിക്കേണ്ടതാണ്. ഈ പ്രശ്നങ്ങളെ ന്യായമായ നിലയിൽ ഉന്നയിച്ച് ട്രേഡ് യൂണിയൻ സംഘടനകൾ രംഗത്ത് വരുമ്പോൾ അതിനോടെല്ലാം അങ്ങേയറ്റത്തെ അസഹിഷ്ണുതയാണ് മിക്ക മാനേജുമെന്റും സ്വീകരിക്കുന്നത്. ഈ ഒരു യാഥാർത്ഥ്യം കേരളത്തിന്റെ മുമ്പിലുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ടാണ് സമഗ്രമായ ഒരു നിയമം ഈ മേഖലയിൽ കൊണ്ടുവരണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നത്.

ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളെല്ലാം ശരിയാണ്. ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരൻ ഇവിടെ ചൂണ്ടിക്കാണിച്ച ഒരു വസ്തുതയുണ്ട്. ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാനുള്ള ഒരു അടിസ്ഥാന സമീപനമാണ് അദ്ദേഹം മുന്നോട്ടുവച്ചത്. യഥാർത്ഥത്തിൽ അത്തരം കാര്യങ്ങളെ കുറിച്ചെല്ലാം നമ്മൾ ചിന്തിക്കേണ്ടതാണ്. അക്കാര്യം ബഹുമാനപ്പെട്ട സ്പീക്കർ തന്നെ ഓർമ്മിപ്പിക്കുകയുണ്ടായി. 1957-ന് മുമ്പുള്ള വിദ്യാഭ്യാസ മേഖലയുടെ ഒരു പൊതുചിത്രത്തിന് സമാനമായ നിലതന്നെ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തുടരുന്നു. ഇതിന് അവസാനം കുറിക്കേണ്ടതുണ്ട്. സഭയാകെ അത്തരം ഒരു പൊതുവികാരത്തിലാണ്. അത് സ്വാഗതാർഹമായ സമീപനമാണ്. ഈ പ്രശ്നങ്ങൾക്കും ഉത്ക്കണ്ഠകൾക്കുമെല്ലാം പരിഹാരമുണ്ടാകത്തക്ക നിലയിൽ വളരെ വേഗത്തിൽതന്നെ ഈ വിഭാഗത്തിന്റെ എല്ലാ ആനുകൂല്യങ്ങളും സംരക്ഷിക്കപ്പെടണം.

പെൻഷൻ ആനുകൂല്യങ്ങളെക്കുറിച്ച് ഇടയ്ക്ക് അവിടെ നിന്നും ചോദ്യമുണ്ടായല്ലോ; യഥാർത്ഥത്തിൽ പെൻഷൻ നിയമപരമായ അവകാശമായി അംഗീകരിക്കേണ്ടതാണ്. സ്റ്റാറ്റ്യൂട്ടറി പെൻഷൻ എന്നുള്ളത് കോൺട്രിബ്യൂട്ടറി പെൻഷനിലേക്ക് മാറിപ്പോയല്ലോ; ഇതൊന്നും നമുക്ക് സ്വീകരിക്കാൻ കഴിയാവുന്ന നിലയല്ല. ആ സാഹചര്യങ്ങളെല്ലാം ശരിയായ നിലയിൽ നമ്മൾ മനസ്സിലാക്കുന്നതാണ്. ഇതെല്ലാം പരിഗണിച്ചു കൊണ്ട് എല്ലാ തലങ്ങളിലുമുള്ള ആനുകൂല്യങ്ങളും സംരക്ഷിക്കത്തക്ക നിലയിലുള്ള ഒരു ബൃഹത്തായ നിയമനിർമ്മാണത്തെക്കുറിച്ചാണ് ആലോചിക്കുന്നത്. അത്തരം ഒരു നിയമനിർമ്മാണം സഭയ്ക്ക് ഒന്നിച്ച് സ്വീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴിയുന്നത്ര വേഗത്തിൽ കാലതാമസമൊഴിവാക്കിക്കൊണ്ട് നിയമനിർമ്മാണത്തിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. അതുകൊണ്ട് ആ ഒരു പൊതുധാരണയിൽ നിന്നുകൊണ്ട് ചർച്ച ആവശ്യമെങ്കിൽ ആകാം. ഇത് അവസാനിപ്പിക്കുന്നതായിരിക്കും നല്ലത് എന്നതാണ് എന്റെ അഭിപ്രായം. ആ നിലയ്ക്കുള്ള ഒരു പൊതുധാരണ സഭ ഉണ്ടാക്കിക്കഴിഞ്ഞാൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഇത്രയും സുപ്രധാനമായ വിഷയം ഒരു തൊഴിൽ പ്രശ്നമായി മാത്രം കാണാതെ ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു സ്റ്റേറ്റ്മെന്റ് നടത്തേണ്ടതാണ് എന്നൊരു അഭിപ്രായം ഞാൻ മുന്നോട്ട് വയ്ക്കുകയാണ്. അത്ര ഗുരുതരമാണ്. കാരണം ഇതിനകത്തെ തൊഴിൽ പ്രശ്നം വളരെ നന്നായി ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞു.

പക്ഷേ ഇതിനകത്ത് ഒരു വിദ്യാഭ്യാസ ഇഷ്യൂവുണ്ട്. അക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു വിശദീകരണം നൽകേണ്ടതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഹയർ സെക്കണ്ടറിതലം വരെയുള്ള സ്വാശ്രയ സ്ഥാപനങ്ങളെക്കുറിച്ച് മാത്രമാണ് സംസാരങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്. ശരിക്കും സ്വാശ്രയ കോളേജുകളും പ്രൊഫഷണൽ മെഡിക്കൽ കോളേജുകളുമടക്കം ഇതിന്റെ പരിധിയിലുണ്ട് എന്ന രീതിയിലുള്ള ഒരു കൺസെപ്റ്റിലാണ് നമ്മൾ എത്തിച്ചേരേണ്ടത്.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞ കൺസെപ്റ്റല്ല സർക്കാരിനുള്ളത്. ഞാൻ സംസാരിച്ചപ്പോൾ പറഞ്ഞത് അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചാണ്. അതിൽ എല്ലാതലങ്ങളും ഉൾപ്പെടും. കോളേജ് വരെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉൾപ്പെടും. കോളേജ് വരെയുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എണ്ണം സുമാർ രണ്ടരലക്ഷത്തോളം വരുമെന്നുള്ളതും ഞാൻ ചൂണ്ടിക്കാണിച്ചത്. അത് അവഗണിക്കുന്ന പ്രശ്നമേയില്ല.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, എന്റെ മണ്ഡലത്തിലെ മൂവായിരം കുട്ടികൾ പഠിക്കുന്ന ഒരു സ്കൂൾ കഴിഞ്ഞ ദിവസം യാതൊരു നോട്ടീസും നൽകാതെ പൂട്ടിയിടുകയുണ്ടായി. ജില്ലാതലത്തിലും ഡി.ഇ.ഒ. തലത്തിലുമുള്ള ഉദ്യോഗസ്ഥരെ വിളിച്ചുചോദിച്ചപ്പോൾ ഞങ്ങളെ ആ സ്കൂളിന്റെ പടിക്കകത്തുപോലും കയറ്റുകയില്ലെന്നാണ് അവർ പറഞ്ഞത്. അതുകൊണ്ട്, സർക്കാരിന് ഈ സ്കൂളുകളിലുള്ള നിയന്ത്രണം എന്താണെന്നാണ് ആദ്യം അറിയേണ്ടത്. കാരണം, അത്തരത്തിലുള്ള ഒരു രീതിയാണ് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരോട് ഈ സ്കൂൾ മാനേജുമെന്റ് പുലർത്തുന്നത്.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചതിനേക്കാൾ പ്രകോപനപരമായ അല്ലെങ്കിൽ ചിന്താപരമായ പ്രകോപനം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഉണ്ടായതുകൊണ്ടാണ് ചോദ്യങ്ങൾ വീണ്ടും വരുന്നത്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് സഭയ്ക്കകത്ത് നമ്മളെല്ലാവരും ഒറ്റക്കെട്ടാണ്. ഞാൻ ആരെയും പ്രകോപിപ്പിക്കാൻവേണ്ടി പറയുന്നതല്ല. ഇത്തരം മാനേജുമെന്റുകളെ നിലയ്ക്കുനിർത്താൻ ശ്രമിക്കുമ്പോൾ പ്രകോപനങ്ങളുണ്ടാകും. അത്തരം പ്രകോപനങ്ങൾ പുറത്തുണ്ടാകുമ്പോൾ സർക്കാരിനെ പിന്തുണയ്ക്കാൻ യു.ഡി.എഫ്.-ഉം ആത്മാർത്ഥമായി ഉണ്ടാകണം. അല്ലെങ്കിൽ ഇതിന് പരിഹാരം കാണാൻ കഴിയില്ല. ഞാൻ ആരെയും ബ്ലെയിം ചെയ്തുകൊണ്ട് പറയുന്നതല്ല. പല

സ്ഥാപനങ്ങളും സാമുദായിക പ്രമാണിമാരുടെതായും മാനേജ്മെന്റുകളുടെതായും ന്യൂനപക്ഷങ്ങളുടെതായുമുണ്ട്. അതിൽ ഡബിൾ ഗെയിം കളിക്കാതെ വളരെ ക്ലിയറായി ഇതിനകത്തൊരു ആക്ഷനുണ്ടായാൽ മാത്രമേ പരിഹാരം ഉണ്ടാകുകയുള്ളൂ. സ്ഥാപനങ്ങൾ നടത്തുന്നത് ആരൊക്കെയാണെന്ന് നോക്കിയാൽ മതി. അതൊക്കെ പല സാമുദായിക നേതാക്കന്മാരുടെയും ചില മതസംഘടനകളുടെയുമാണ്. അവരെ തൊടുമ്പോൾ നമ്മൾ യോജിക്കണം. ഈ കാണുന്ന യോജിപ്പ് അവരെ പിടിക്കാനുള്ള ഘട്ടത്തിലും ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഇവിടെ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി തുടക്കത്തിൽതന്നെ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ബിൽ അവതരിപ്പിക്കുമെന്ന സർക്കാർ തീരുമാനം വ്യക്തമാക്കിയതാണ്. അത് വിദ്യാഭ്യാസ വകുപ്പാണെന്ന് വ്യക്തമായിക്കഴിഞ്ഞതുമാണ്. മറ്റൊരു തരത്തിൽ പറയേണ്ടതില്ല. പക്ഷേ ഇവിടെ ചർച്ച നടന്നപ്പോഴാണ് പറഞ്ഞതും പറയാത്തതുമായ നിരവധി സങ്കീർണ്ണമായ പ്രശ്നങ്ങളുള്ള മേഖലയാണ് ഇതെന്ന് മനസ്സിലായത്. അതുകൊണ്ടുതന്നെ വളരെ വിശദമായി, ചരിത്രവും വർത്തമാനകാല പ്രശ്നങ്ങളും ഭാവിയിൽ പൊതു വിദ്യാഭ്യാസ സംരക്ഷണത്തിൽ വരുന്ന പ്രശ്നങ്ങളും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സൂചിപ്പിച്ചതുമായ പ്രശ്നങ്ങളുമെല്ലാം പരിഗണിച്ചുകൊണ്ട് കേരളത്തിന്റെ പൊതു വിദ്യാഭ്യാസത്തോട് യോജിച്ചുനിൽക്കാവുന്ന രീതിയിലുള്ള സങ്കൽപ്പങ്ങൾ ഉൾക്കൊണ്ടുതന്നെയുള്ള ഒരു സമഗ്രമായ ബില്ലാണ് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ പരിഗണിച്ചുവരുന്നത്. അത് പൂർണ്ണമാക്കി അവതരിപ്പിക്കും.

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് വളരെ പ്രസക്തമാണ്. 1957-ലെ സർക്കാർ കേരളത്തിലെ സ്വകാര്യ മേഖല വിദ്യാഭ്യാസ രംഗം കയ്യടക്കുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിച്ചു. അന്നുണ്ടായ കേരളത്തിന്റെ അനുഭവം നമ്മുടെ മുന്നിലുണ്ട്. പക്ഷേ ഇന്നത്തെ ചർച്ചയുടെ അടിസ്ഥാനത്തിൽ എനിക്ക് തോന്നുന്നത്, പുതിയതായി അവതരിപ്പിക്കാൻ പോകുന്ന ഈ ബിൽ നമുക്കൊരു സമവായത്തിലൂടെ പാസ്സാക്കിയെടുക്കാൻ കഴിയുമെന്നാണ്. അതിന് പ്രതിപക്ഷത്തിന്റെകൂടി പിന്തുണ വേണം. കാരണം, എല്ലാ ജാതി-മത സംഘടനകളും കക്ഷികളും അന്ന് പ്രക്ഷോഭത്തിലുണ്ടായിരുന്നതാണ്. അതുകൊണ്ട് പ്രതിപക്ഷത്തിന്റെകൂടി പിന്തുണ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഉണ്ടാകണം.

മി. സ്പീക്കർ: ഏതായാലും ഒരു പരിഷ്കൃത സമൂഹത്തിന് യോജിക്കാത്ത

നിലയിലുള്ള ഒരവസ്ഥയാണ് കേരളത്തിലെ അൺ-എയ്ഡഡ് അദ്ധ്യാപക മേഖലയിലുള്ളതെന്നത് ശരിയാണ്. ആ വിഷയം സഭയിൽ ഇങ്ങനെ അവതരിപ്പിക്കുകയും സഭ ഒന്നിച്ച് അതിനോട് ചേർന്ന് നിൽക്കുകയും ചെയ്യുന്നത് വളരെ സന്തോഷകരമായ കാര്യമാണ്. സർക്കാർ ഈ കാര്യത്തിൽ കർശനമായ നിലപാട് സ്വീകരിക്കുമെന്ന് പറഞ്ഞുകഴിഞ്ഞു. ഈ ചർച്ചയ്ക്ക് സഹായകരമായ നിലയിൽ ചില ദൃശ്യമാധ്യമങ്ങൾ വളരെ സജീവമായി അത് നേരത്തെ ഏറ്റെടുത്തിരുന്നു. പ്രത്യേകിച്ച് ഏഷ്യാനെറ്റ് ദീർഘമായ പരമ്പരതന്നെ നടത്തിയിരുന്നു. കേരളത്തിലെ മാധ്യമ സമൂഹവും ഈ കാര്യത്തിൽ ഒരു അവബോധം പൊതുസമൂഹത്തിൽ രൂപപ്പെടുത്തിയെടുക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നുകൂടി പറയാൻ ചെയർ ആഗ്രഹിക്കുന്നു. സഭയ്ക്കുവേണ്ടി അത് പൊതുസമൂഹത്തിന് മുമ്പിൽ പറയുന്നു. ചർച്ച തുടരുകയല്ലേ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഔദ്യോഗിക ബിൽ അവതരിപ്പിക്കുമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞതുകൊണ്ട് അപ്പോൾ ചർച്ച ചെയ്യാവുന്നതാണ്. ബിൽ ഇപ്പോൾ പിൻവലിക്കുന്നില്ല.

<u>മി. സ്പീക്കർ:</u> ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ):</u> ഇതിന് സമയ പരിധിയില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞിരുന്നു. അത് അംഗീകരിച്ചതാണ്. സമയപരിധിക്കുള്ളിൽ നിന്നുകഴിഞ്ഞാൽ മുഴുവൻ കവർ ചെയ്യാൻ പറ്റും. അല്ലെങ്കിൽ ഒരു തെറ്റായ ധാരണയുണ്ടാകും.

## (ii) <u>2016-ലെ കേരള സംസ്ഥാന ശുചീകരണ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ</u>

<u>ശ്രീ. അൻവർ സാദത്ത്:</u> സർ, 2016-ലെ കേരള സംസ്ഥാന ശുചീകരണ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. റ്റി. പി. രാമകൃഷ്ണൻ):</u> ശുചീകരണ തൊഴിലാളിയെന്നാൽ സർക്കാർ/സർക്കാരിതര, സ്വകാര്യ വാണിജ്യം, വ്യവസായം മുതലായ എല്ലാ മേഖലകളിലും ദിവസക്കൂലി, കരാർക്കൂലി അടിസ്ഥാനത്തിൽ

ശുചീകരണ തൊഴിലാളികളായി ജോലി ചെയ്യുന്നതായ സ്ത്രീ-പുരുഷൻ എന്ന് അർത്ഥമാക്കുന്നു. കേന്ദ്ര നിയമമായ 2008-ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി ആക്ടിൽ തൊഴിലാളി എന്നത് വീട്ടിലിരുന്നോ സ്വയം തൊഴിൽ ചെയ്തോ അല്ലെങ്കിൽ അസംഘടിത മേഖലയിൽ വേതനം കൈപ്പറ്റിക്കൊണ്ട് പണിയെടുക്കുകയോ അല്ലെങ്കിൽ ടി ആക്ടിന്റെ ഷെഡ്യൂൾ II-ൽ പ്രതിപാദിച്ചിട്ടുള്ള വർക്ക്മെൻ കോമ്പൻസേഷൻ ആക്ട്, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട്, ഇ.എസ്.ഐ. ആക്ട്, ഇ.പി.എഫ്. ആക്ട്, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്, പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് എന്നിവ ബാധകമല്ലാത്തതോ ആയ ഓർഗനൈസ്ഡ് സെക്ടറിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ഈ നിയമത്തിലെ തൊഴിലാളി എന്ന നിർവ്വചനത്തിൽ ഉൾപ്പെടും. 2008-ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം കേന്ദ്ര നിയമമാണ്. 2010-ലെ കേരളാ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി റൂൾ അടിസ്ഥാനപ്പെടുത്തിയാണ് 2-2-2016-ലെ ജി.ഒ.(പി) നമ്പർ 24/2016/തൊഴിൽ ഉത്തരവുപ്രകാരം സംസ്ഥാനത്ത് കേരളാ അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുള്ളത്. കേരളത്തിൽ ശുചീകരണ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഈ ക്ഷേമ പദ്ധതിയിൽ അംഗത്വം എടുക്കാവുന്നതും ഇത്തരത്തിൽ അംഗമാകുന്ന തൊഴിലാളികൾക്ക് കേരളാ അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി പദ്ധതി പ്രകാരം റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ കേരള സംസ്ഥാന ശുചീകരണ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന് പ്രസക്തിയില്ല. അതുകൊണ്ട് ഇത് നിരാകരിക്കാവുന്നതാണ്.

<u>ശ്രീ. അൻവർ സാദത്ത്:</u> സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യങ്ങളൊക്കെ നിലവിലുണ്ടെന്ന് മനസ്സിലായി. കേരള സംസ്ഥാനത്ത് നിത്യജീവിതത്തിൽ ഏറ്റവുമധികം ബന്ധപ്പെടുന്ന തൊഴിലാളികളാണ് ശുചീകരണ തൊഴിലാളികൾ. സംസ്ഥാനത്ത് ശുചീകരണ തൊഴിലാളികളായി ലക്ഷക്കണക്കിന് സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യുന്നുണ്ട്. കോൺട്രാക്ടർമാരുടെ കീഴിലായാലും എനിക്ക് നേരിട്ടറിയാവുന്ന എയർപോർട്ടിലായാലും പലർക്കും ലഭിക്കുന്നത് തുച്ഛമായ വേതനമാണ്. മാലിന്യ സംസ്കരണത്തിലും ഇവർ പ്രധാന ഘടകമാണ്. ഇവരുടെ ജീവതച്ചെലവും കുട്ടികളുടെ വിദ്യാഭ്യാസച്ചെലവും മറ്റ് ആരോഗ്യ സംരക്ഷണച്ചെലവുമൊക്കെ

നടത്തിക്കൊണ്ടുപോകാൻ വളരെയധികം ബുദ്ധിമുട്ടുന്ന ഒരു സാഹചര്യമാണ് ഈ പാവപ്പെട്ട തൊഴിലാളികൾക്കുള്ളത്. നമ്മുടെ നാട്ടിലെ പൗരന്മാർ എന്ന നിലയിൽ അവർക്ക് അന്തസ്സോടെയും ആത്മാഭിനത്തോടെയും ജീവിക്കാൻ അവസരമുണ്ടാക്കേണ്ടതാണ് എന്നത് സർക്കാരിന്റെ പ്രത്യേകിച്ച് ജനപ്രതിനിധികളുടെ ഉത്തരവാദിത്വമാണ്. ഈ ലക്ഷ്യം സാക്ഷാൽക്കരിക്കാനാണ് ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുള്ള ബിൽ ഈ സഭയുടെ മുമ്പിൽ ഞാൻ കൊണ്ടുവരുന്നത്. ഇവർ ഓരോ ദിവസവും ഈ പ്രവർത്തനത്തിന് എത്തിയില്ലെങ്കിൽ നഗരത്തിലൊക്കെ മാലിന്യം ചീഞ്ഞ് നാറുന്ന അവസ്ഥയുണ്ടാകുന്നു. ഇവരുടെ പ്രവർത്തനം നമുക്ക് ഏറ്റവും അനിവാര്യമായ ഒരു കാര്യം തന്നെയാണ്. ഫ്ലാറ്റ് സംസ്കാരത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. സ്ഥലത്തിന്റെ ലഭ്യതക്കുറവുകാരണം ഫ്ലാറ്റുകൾ വർദ്ധിച്ചുവരികയാണ്. ഈ ഫ്ലാറ്റുകളിൽനിന്നും വരുന്ന മാലിന്യങ്ങളും മറ്റും നീക്കം ചെയ്യുന്നതിന് ശുചീകരണ തൊഴിലാളികളുടെ സേവനം അത്യന്താപേക്ഷിതമാണ്. അവർക്ക് കേന്ദ്ര നിയമമനുസരിച്ച് കുറേ ആനുകൂല്യങ്ങളുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നിരുന്നാലും ഇവരുടേതായിട്ടുള്ള ഒരു ബോർഡ് രൂപീകരിച്ചാൽ മാത്രമേ അവർക്കതിന്റെ ആനുകൂല്യങ്ങൾ സ്പെസിഫിക്കായി ലഭിക്കുകയുള്ളൂ. സംസ്ഥാനത്തെ എല്ലാ വിഭാഗം തൊഴിലാളികളും ഏതെങ്കിലുമൊരു ക്ഷേമനിധി ബോർഡിൽ അംഗങ്ങളാണ്. അക്കാര്യത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽവച്ച് കേരളം വളരെ മുന്നിലാണ്. ക്ഷേമനിധി ബോർഡിലുള്ളവർക്ക് പെൻഷൻ നൽകുന്നുണ്ട്. ഇതുവരെയായി 27-ഓളം ക്ഷേമനിധി ബില്ലുകൾ കേരള നിയമസഭ പാസ്സാക്കിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ക്ഷേമനിധി ബില്ലുകൾ പാസ്സാക്കിയിട്ടുള്ള നിയമസഭ നമ്മുടേതാണെന്നത് അഭിമാനത്തോടെ പറയാവുന്നതാണ്. എന്നാൽ സമൂഹത്തിൽ ഏറ്റവും ദുരിതത്തിൽ കഴിയുന്ന ശുചീകരണ തൊഴിലാളികൾക്ക് സഹായകമായൊരു ക്ഷേമനിധി ബോർഡ് രൂപീകരിക്കാൻ നാളിതുവരെ നമുക്ക് കഴിഞ്ഞിട്ടില്ല. ഇവർക്ക് മാത്രമേ ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കാൻ ബാക്കിയുള്ളൂ എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

പാവപ്പെട്ട ശുചീകരണ തൊഴിലാളികളുടെ സംരക്ഷണം, അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ കാര്യമായിത്തന്നെ ഇടപെട്ട് മുന്നോട്ടു പോകേണ്ടതുണ്ട് എന്നതുകൊണ്ടാണ് ഞാനിവിടെ ഇത്തരമൊരു ബിൽ അവതരിപ്പിക്കുന്നത്. തൊഴിൽ സ്ഥിരതയില്ലായ്മയാണ് ഇവരുടെ ഏറ്റവും വലിയ പ്രശ്നം. കുറച്ചുനാൾ കഴിയുമ്പോൾ ചിലപ്പോൾ അവരെ പിരിച്ചുവിടേണ്ട സാഹചര്യമുണ്ടാകുന്നു.

യാതൊരു തൊഴിൽ സുരക്ഷിതത്വവുമില്ല. ഇതെല്ലാം ഇവരെ വലിയ പ്രയാസത്തിലാക്കുന്നുണ്ട്. ചിലയിടത്ത് കോൺട്രാക്ട് എടുക്കുന്ന ആൾക്ക് താൽപര്യമില്ലെങ്കിൽ ഒരു പക്ഷേ എല്ലാവരേയും പിരിച്ചു വിടും, അല്ലെങ്കിൽ തുടരാൻ അനുവദിക്കും. അതൊക്കെ ഇവരുടെ തൊഴിൽ സ്ഥിരതയെ ബാധിക്കുന്ന കാര്യങ്ങളാണ്. അതുകൊണ്ടാണ് ഇവർക്കായി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് തന്നെ വേണമെന്ന് പറയുവാനുണ്ടായ കാരണം. ഇതുസംബന്ധിച്ച ചർച്ചകൾ തുടരണം. മറ്റുള്ളവർക്ക് ഒരവസരം കിട്ടുന്നതിനായി മറ്റ് വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ ക്ലീനിംഗ് തൊഴിലാളി എന്നുള്ളതിന് കൊടുത്തിരിക്കുന്ന ഡെഫനിഷൻ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിക്കുകയുണ്ടായി. അതിൽ സ്ത്രീയും പുരുഷനും എന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ. ദേശീയ തലത്തിലും സംസ്ഥാന തലത്തിലും മൂന്നാം ലിംഗക്കാർ സമൂഹത്തിൽ ഏറ്റവും വലിയ ചർച്ചയായി വരികയാണ്. ഇത് ഭേദഗതി ചെയ്ത് അവരെക്കൂടി ഇതിൽ ഉൾപ്പെടുത്താൻ അങ്ങ് തയ്യാറാകുമോ എന്നറിയാൻ താൽപ്പര്യമുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, തീർച്ചയായും. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. തോമസ് ഇവിടെ സൂചിപ്പിച്ചതുപോലെ മൂന്നാം ലിംഗക്കാരും നമ്മുടെ സമൂഹത്തിന്റെ ഭാഗമാണ് എന്നതിൽ യാതൊരു സംശയവുമില്ല. അവരേയും ഉൾപ്പെടുത്തുന്നതിലേക്ക് നമ്മുടെ ചർച്ച എത്തണമെന്നാണ് എന്റെ അഭിപ്രായം. ആ ഭേദഗതി ഞാൻ അംഗീകരിച്ചിരിക്കുന്നു. ഈ ബില്ലിനെ സംബന്ധിച്ച് തുടർന്നും ചർച്ച ചെയ്യണമെന്നാണ് ആഗ്രഹം. കഴിഞ്ഞ തവണ എന്റെ ഒരു ബിൽ നഷ്ടപ്പെട്ടിരുന്നു. അതിന്റെ പ്രയാസം എനിക്കറിയാം. ബാക്കിയുള്ള അംഗങ്ങൾക്കും ഇവിടെ ബില്ലവതരിപ്പിക്കാനുണ്ട്. അതുകൊണ്ട് ഞാനിപ്പോൾ താൽക്കാലികമായി നിർത്തുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, സംസ്ഥാനത്ത് ഇപ്പോൾ ഒരു ക്ഷേമനിധി ബോർഡ് നിലവിലുണ്ട്. 2016 ഫെബ്രുവരിയിൽ തീരുമാനിച്ചതും ഗസറ്റ് നോട്ടിഫിക്കേഷനുള്ളതുമായ കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം പദ്ധതിയാണത്. ഈ പദ്ധതി പ്രാവർത്തികമാക്കേണ്ടതുണ്ട്. ഈ പദ്ധതിയിൽ ശുചീകരണ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളും ഉൾപ്പെടും. ആ പദ്ധതിയുടെ അടിസ്ഥാനത്തിൽ ഇതിൽ അംഗമാകുന്ന തൊഴിലാളിക്ക് റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ,

കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം ഇതിനെല്ലാം അർഹത ഉണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ ബോർഡിന്റെ പ്രവർത്തനം സജീവമായി വന്നിട്ടില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഈ ബോർഡ് പുനഃസംഘടിപ്പിച്ച് സജീവമാക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ സർക്കാർ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അത് സജീവമായി പ്രാവർത്തികമാക്കുമ്പോൾ അസംഘടിത വിഭാഗമെന്നുള്ള നിലയിൽ ഈ വിഭാഗം ഉൾപ്പെടെ മറ്റുതൊഴിലാളികൾക്കും മതിയായ സംരക്ഷണവും പരിഗണനയും ലഭിക്കുമെന്നുള്ളതാണ് അതിന്റെ വസ്തുത. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങളെല്ലാം ശരിയാണ്. കുടുംബശ്രീ വഴിയും ഇപ്പോൾ ഈ മേഖലയിൽ തൊഴിലാളികൾ ജോലി ചെയ്യുന്നു. അവരെല്ലാം വളരെയധികം പ്രയാസം അനുഭവിക്കുന്നവരും ജോലി സ്ഥിരതയില്ലാത്തവരുമാണ്. അങ്ങനെ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ജോലി സ്ഥിരതയും മതിയായ സംരക്ഷണവുമുണ്ടാകണം. ഇക്കാര്യങ്ങളെല്ലാം നമുക്ക് നേടിയെടുക്കേണ്ടതുണ്ട്. അതിന് സഹായകരമായ പദ്ധതി പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുമ്പോൾ ഇതെല്ലാം പരിരക്ഷിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്തെങ്കിലും കുറവുകൾ അനുഭവപ്പെട്ടുകഴിഞ്ഞാൽ അതിന് ആവശ്യമായ നിയമനടപടികളും നമുക്ക് സ്വീകരിക്കാൻ കഴിയും.

ശുചീകരണ മേഖലയിൽ ജോലി ചെയ്യുന്ന എല്ലാവരേയും ലിംഗ വ്യത്യാസമില്ലാതെ ഉൾപ്പെടുത്തുക എന്നതു തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ശ്രീ. പി. ടി. തോമസിന്റെ ആശങ്കയ്ക്കും ഇക്കാര്യത്തിൽ അടിസ്ഥാനമില്ല. ലിംഗ വ്യത്യാസമില്ലാതെ, ക്ലീനിംഗ് ജോലിയിൽ ഏർപ്പെടുന്ന എല്ലാ തൊഴിലാളികൾക്കും സംരക്ഷണം കൊടുക്കത്തക്ക നിലയിലുള്ള നിലപാടുകൾ ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്നതാണ്. അതുകൊണ്ടാണ് ഇത് നിരാകരിക്കണമെന്ന അഭിപ്രായം പറഞ്ഞത്. നമ്മുടെ മുന്നിൽ ഒരു നിയമമുണ്ട്, ഈ സഭ പാസ്സാക്കിയ ഒരു പദ്ധതി നിലവിലുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത് ഫലപ്രദമായി നമുക്കെല്ലാവർക്കും യോജിച്ച് നടപ്പിലാക്കാം എന്നുള്ളതാണ് ഇക്കാര്യത്തിൽ പറയുവാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവന നടത്തിയിരിക്കുകയാണ്. ശ്രീ. അൻവർ സാദത്ത് അങ്ങ് പ്രസംഗിക്കുന്നുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, എനിക്കതിന്റെ വിശദാംശങ്ങൾ പരിശോധിക്കണം.

മി. സ്പീക്കർ: അങ്ങ് പ്രസ്സ് ചെയ്യുന്നുണ്ടെങ്കിൽ ചർച്ച തുടരാം.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളതിനെ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. ചർച്ച തുടരണം.

മി. സ്പീക്കർ: ചർച്ച തുടരുന്നതിനായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(iii) 2016-ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവനമിഷൻ രൂപീകരണ ബിൽ

ശ്രീ. കെ. വി. വിജയദാസ്: സർ, 2016-ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവനമിഷൻ രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും അവരുടെ ആരോഗ്യപരവും കുടുംബപരവുമായ ക്ഷേമം ഉറപ്പാക്കുന്നതിനുമായി ഒരു മിഷൻ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതാണ് ഈ ബിൽ. ഏതാണ്ട് 6 ക്ലോസുകളാണ് അതിലുള്ളത്. കേരളത്തിലെ പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗത്തിലുംപെട്ട ആളുകളുടെ ക്ഷേമത്തിനും പുരോഗതിക്കും അവരുടെ സാമൂഹ്യവും സാമ്പത്തികവുമായ വളർച്ചയ്ക്കും ആവശ്യമായ ശിപാർശകൾ സർക്കാരിന് നൽകുന്നതിന് 2007-ൽത്തന്നെ സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ വികസന കമ്മീഷൻ കേരളത്തിൽ രൂപീകരിച്ചിട്ടുണ്ട്. ആ ബിൽ ഞാൻ തന്നെയായിരുന്നു അന്ന് പൈലറ്റ് ചെയ്തത്. പ്രസ്തുത ആക്ടിന്റെ ഒൻപതാം വകുപ്പ് (ഇ) ഖണ്ഡപ്രകാരം പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും സംരക്ഷണം, ക്ഷേമം, വികസനം, ഉന്നമനം എന്നിവയുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെടാവുന്ന മറ്റു ചുമതലകൾ നിർവ്വഹിക്കുക എന്നുള്ളത് കമ്മീഷന്റെ പ്രധാനപ്പെട്ട ചുമതലയാണ്. കൂടാതെ ഈ വിഭാഗത്തിന് തൊഴിൽ സംബന്ധമായ സാമ്പത്തിക സഹായം നൽകുന്നതിന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനും നിലവിലുണ്ട്. മേൽപ്പറഞ്ഞ

സാഹചര്യത്തിൽ ഈ വിഷയത്തിൽ ഒരു പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. പട്ടികജാതി പട്ടികഗോത്രവർഗ്ഗ വികസന കമ്മീഷനിൽ എന്തെങ്കിലും കൂട്ടിച്ചേർക്കണമെങ്കിൽ നമുക്ക് ഭേദഗതിയായിട്ടുതന്നെ കൊണ്ടു വരാം. മാത്രവുമല്ല, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കുറേ സ്കീമുകളുണ്ട്. അതിലും നമുക്ക് മാറ്റം വരുത്താം. ബഹുമാനപ്പെട്ട ഗവർണർ നടത്തിയിട്ടുള്ള നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു പ്രത്യേക കാര്യം എടുത്തുപറഞ്ഞിരുന്നു. അത് ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിച്ചിരുന്നുവോ എന്നറിയില്ല, ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗം SCP, TSP ഫണ്ട് കൃത്യമായി വിനിയോഗിക്കുന്നില്ല എന്നുള്ളതായിരുന്നു. കഴിഞ്ഞ 5 വർഷത്തെ കണക്ക് ഞാനെടുത്തു നോക്കിയപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ ഫണ്ട് 50 ശതമാനം വിനിയോഗിച്ചു എന്നാണ് കടലാസിൽ കണ്ടത്. ഡെപ്പോസിറ്റാണ് ഭൂരിപക്ഷവും. 50 ശതമാനത്തിൽ താഴെയേ ചെലവഴിച്ചിട്ടുള്ളൂ. ഗ്രാൻഡ് ഇൻ എയ്ഡായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള തുകയിൽ 62 ശതമാനം മാത്രമേ വിനിയോഗിക്കാൻ കഴിഞ്ഞുള്ളൂ എന്ന് ബഹുമാനപ്പെട്ട എൽ.എസ്.ജി.ഡി. മിനിസ്റ്റർ തന്നെ കേരള നിയമസഭയിൽ പറഞ്ഞിരുന്നു. നമുക്ക് ഈ ഫണ്ടിന്റെ വിനിയോഗം ഉറപ്പുവരുത്താൻ കഴിയണം. അതുപോലെ എസ്‌സി./എസ്ടി. വിഭാഗത്തിൽപ്പെട്ടവരുടെ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നില്ല. റിപ്പോർട്ട് ചെയ്താൽത്തന്നെ കൃത്യസമയത്ത് റിട്ടൺ ടെസ്റ്റും ഇന്റർവ്യൂവും നടത്തി അഡ്വൈസ് മെമ്മോ നൽകുന്നില്ല. ഇതൊക്കെ നമുക്ക് എൻഫോഴ്സ് ചെയ്യാൻ കഴിയണം. റിസർവേഷനും ഫണ്ടും എൻഫോഴ്സ് ചെയ്യുന്ന ഒരു നിയമനിർമ്മാണത്തെ കുറിച്ചു കൂടി സർക്കാർ ആലോചിക്കുകയാണ്. അപ്പോൾ ഇതിൽ പറഞ്ഞ കാര്യങ്ങളെല്ലാം ഈ നിയമത്തിന്റെകൂടി ഭാഗമാകും. ഇതിൽ പറഞ്ഞ കാര്യങ്ങളെല്ലാം വളരെ ശരിയാണ്. സ്വാതന്ത്ര്യം കിട്ടി ഇത്രയും വർഷം കഴിഞ്ഞിട്ടുപോലും ഒരു വീടില്ല, സ്ഥലമില്ല, തൊഴിലില്ല, വിവാഹമില്ല എന്ന അവസ്ഥയാണ്; 45-50 വയസ്സ് ആകുമ്പോഴേക്ക് മരണം, അവർക്കു മാത്രമുള്ള ചില രോഗങ്ങൾ; ആ സമൂഹത്തെ നമുക്ക് പൊതുസമൂഹത്തിന്റെ മുൻപിലേക്ക് കൊണ്ടുവരുന്നതിൽ അതിശക്തമായിട്ടുള്ള ഇടപെടൽ ആവശ്യമാണ്. സാമ്പത്തികമായിട്ടുള്ള ചെറിയ ആനുകൂല്യങ്ങൾ നൽകിക്കൊണ്ടുമാത്രം ഇവരെ സംരക്ഷിക്കാനും പൊതുസമൂഹത്തിന്റെ മുൻപിലേക്ക് കൊണ്ടുവരാനും കഴിയില്ല. ഇങ്ങനെയാണ് പോകുന്നതെങ്കിൽ അവരെ സമൂഹത്തിന്റെ മുൻനിരയിലെത്തിക്കുന്നതിന് ഇനിയും കുറേക്കാലം കഴിയും. ഇതിന് ശക്തമായിട്ടുള്ള ചില നിലപാടുകൾ ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട് പ്ലാനിംഗ് കമ്മീഷന്റെ ചാർജ്ജുള്ള മെമ്പറുമായി ഞാൻ സംസാരിച്ചു. ചില ഇന്നൊവേറ്റീവായിട്ടുള്ള സ്കീമുകളെ സംബന്ധിച്ചുകൂടി ആലോചിക്കുന്നുണ്ട്. വളരെ ഉത്തമവിശ്വാസത്തിൽ

ബഹുമാനപ്പെട്ട മെമ്പർ കൊണ്ടുവന്ന ഒരു ബില്ലാണിത്. ആറ് ക്ലോസും ഞാൻ വായിച്ചു, ഒരു ക്ലോസും നിരാകരിക്കേണ്ടതില്ല. ഇതെല്ലാം ഉൾക്കൊള്ളുന്ന സംവിധാനങ്ങൾ നിലവിലുണ്ട്. ഇനി ഒരു നിയമനിർമ്മാണത്തെ സംബന്ധിച്ചുകൂടി സർക്കാർ ആലോചിക്കുകയാണ്. അത്തരമൊരു സാഹചര്യത്തിൽ ഈ ബില്ലിന്റെ ആവശ്യമില്ല എന്നുള്ളതാണ് സർക്കാർ നിലപാട്.

ശ്രീ. കെ. വി. വിജയദാസ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പരിഷ്കൃത സമൂഹം എപ്പോഴും വാർത്താമാധ്യമങ്ങൾ ശ്രദ്ധിക്കുന്നവരാണ്. മാധ്യമങ്ങളിൽ എല്ലാ ദിവസവും പട്ടികവർഗ്ഗ വിഭാഗത്തെ സംബന്ധിച്ചുള്ള വാർത്തയുണ്ടാകും. ദൃശ്യമാധ്യമങ്ങളിൽ എല്ലാ ദിവസവും ഇതിനെ സംബന്ധിച്ച വാർത്ത വരുന്നു. പ്രിന്റ് മീഡിയയാകട്ടെ വലിയതോതിൽ ലേഖനങ്ങൾ എഴുതുന്നു. രാഷ്ട്രീയ നേതാക്കൾ ചിലപ്പോൾ പട്ടികവർഗ്ഗ സങ്കേതങ്ങൾ സന്ദർശിച്ച് വാർത്തകളിൽ ഇടംപിടിക്കുന്നു. എന്നിട്ടും അവരുടെ ദുരിതം ഇപ്പോഴും പഴയതു തന്നെയാണ്; ആ ദുരിതത്തിൽനിന്നും കരകയറാൻ അവർക്ക് കഴിഞ്ഞിട്ടില്ല. സഞ്ചാരയോഗ്യമായ റോഡുകൾ ഇപ്പോഴുമില്ല. അതുപോലെ കുടിവെള്ളം ലഭിക്കുന്നില്ല; അത് ഇപ്പോഴും വലിയ പരാധീനതയായി നിലകൊള്ളുന്നു. ഒരു മാസത്തിനുമുൻപ് അവർക്ക് കൊടുക്കുന്നതിനായി എഫ്.സി.ഐ. ഗോഡൗണിൽ നിന്നുള്ള അരി കൊണ്ടുവന്നു. ആ അരിയിൽ പുഴു ഉള്ളതായി പത്രങ്ങളിൽ വാർത്ത വരികയും ദൃശ്യ മാധ്യമങ്ങൾ അതിന്റെ ദൃശ്യങ്ങൾ എടുത്തത് വലിയ കോലാഹലമാവുകയും ചെയ്തു. ആ ജനവിഭാഗങ്ങളോടുള്ള അവഗണന ഇപ്പോഴും അസഹനീയമാണ്. ബഹുമാന്യനായ എ. കെ. ബാലൻ കഴിഞ്ഞ തവണ മന്ത്രിയായിരുന്ന അവസരത്തിലാണ് യഥാർത്ഥത്തിൽ സമഗ്രമായ പ്രോജക്ട് തയ്യാറാക്കി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വൈദ്യുതി എത്തിച്ചത്. അട്ടപ്പാടിയിൽ തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന 32 കിലോമീറ്റർ സഞ്ചരിച്ചുപോയാൽ എത്തുന്ന മൂലഗംഗ ഊര് പോലുള്ള ഓണം കേറാമൂലകളിലൊക്കെ വൈദ്യുതി എത്തിക്കാനുള്ള സംവിധാനമുണ്ടായത് ആ കാലഘട്ടത്തിൽ മാത്രമാണ്. എന്നാൽ അങ്കണവാടികൾ, ആരോഗ്യ പരിചരണ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ തുടങ്ങിയവ ഇല്ലാത്തത് ഇപ്പോഴും വലിയ പരിമിതികളായി നിലനിൽക്കുന്നു. സമസ്തമേഖലകളിലുമുള്ള ഈ പിന്നോക്കാവസ്ഥ ആ ജന വിഭാഗത്തിന്റെ വികസന കുതിച്ചുചാട്ടത്തിന് വിഘാതം സൃഷ്ടിക്കുകയാണ്. ജനസംഖ്യയിൽ താരതമ്യേന കുറവായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ അനുഭവിക്കുന്ന ദുരിതങ്ങൾ, അതിന്റെ വൈപുല്യം, സങ്കീർണ്ണത എന്നിവ ചർച്ച ചെയ്യുകയും പരിഹാരത്തിന് ബോധപൂർവ്വമായ ഇടപെടലുകൾ നടത്തുകയും ചെയ്യണമെന്നുള്ളതാണ് പരിഷ്കൃത സമൂഹത്തിന്റെ ഏറ്റവും വലിയ കടമ. അവർ

സാമൂഹ്യ സാമ്പത്തിക വികസന മേഖലകളിൽ ഒഴിപ്പിക്കലിനും ഒഴിവാക്കലുകൾക്കും വിധേയമാകുന്നു; അർഹമായ അംഗീകാരം ലഭിക്കുന്നില്ല എന്നുള്ളത് ഒരു സത്യം മാത്രമാണ്. ജീവിതത്തിന്റെ നാനാതുറകളിലും അവർ ഒറ്റപ്പെടുന്നു. അനുപലേക്ഷണീയമായ, അന്യായമായ, ചൂഷണത്തിന് അടിസ്ഥാനമായ മറ്റുള്ളവരുമായിട്ടുള്ള സാമൂഹ്യ ബന്ധങ്ങൾ ഇപ്പോഴും അവരുടെയിടയിൽ കാണാം. വികസനപ്രവർത്തനങ്ങളുടെ ആവശ്യങ്ങളോ അഭിപ്രായങ്ങളോ മുഖവിലക്ക് എടുക്കാതെയുള്ള തീരുമാനങ്ങൾ അവരുടെമേൽ അടിച്ചേൽപ്പിക്കുന്ന അവസ്ഥ ഇപ്പോഴും തുടരുന്നുണ്ട്. ഇടനിലക്കാരുടെയും ബിനാമികളുടെയും കടന്നുകയറ്റംമൂലം വികസന വിഭവങ്ങളിലുണ്ടാകുന്ന ഭീമമായ ചോർച്ച ഇപ്പോഴും നിലനിൽക്കുന്നു. അതിൽ അതിശയിപ്പിക്കുന്ന ഒരു കാര്യം, അവരുടെയിടയിൽ നല്ല വിദ്യാഭ്യാസ യോഗ്യതയുള്ളവരുമുണ്ട് എന്നുള്ളതാണ്. വിദ്യാഭ്യാസ യോഗ്യതയുള്ളവരെക്കുറിച്ച് പറയുമ്പോൾ പ്രൈമറി-64016, സെക്കൻഡറി - 13552, ഹയർ സെക്കൻഡറി - 6805, ഗ്രാജ്വേഷൻ - 3198, പോസ്റ്റ് ഗ്രാജ്വേഷൻ - 268, ഡിപ്ലോമ - 514, പ്രൊഫഷണൽ കോഴ്സ് - 327, മറ്റുള്ളവർ - 1396 എന്നിങ്ങനെ വിദ്യാഭ്യാസം നോടിയവരാണ്. പക്ഷേ ജോലിയിൽ പ്രവേശിക്കുന്നത് വളരെ കുറച്ചുപേർ മാത്രമാണ്. അതാണ് അവർ അനുഭവിക്കുന്ന ഏറ്റവും വലിയ ദുരിതം. അവർ ജോലിയിൽ പ്രവേശിക്കാത്ത അവസ്ഥയാണ് നമുക്കിപ്പോഴും കാണാൻ കഴിയുന്നത്. സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പാസ്സായ എസ്ടി. വിഭാഗക്കാരിൽ അർഹതപ്പെട്ട 45.15 ശതമാനം പേരും തൊഴിൽ രഹിതരാണ്. ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള എസ്ടി. വിഭാഗത്തിൽപ്പെട്ടവരും തൊഴിൽരഹിതരാണ്. അവർക്ക് ആരോഗ്യമുണ്ട്, വിദ്യാഭ്യാസമുണ്ട്, പക്ഷേ അവർ തൊഴിൽരഹിതരാണ്. ഡിഗ്രി പാസ്സായിട്ടുള്ള 550 പേരിൽ 351 പേരും, പി.ജി. യോഗ്യതയുള്ള 66 പേരിൽ 31 പേരും ഇന്ന് തൊഴിൽരഹിതരായിരിക്കുന്നു എന്നുള്ളതാണ് സത്യം. ഇവരെ എങ്ങനെ തൊഴിലുള്ളവരാക്കി മാറ്റാമെന്നതാണ് ഈ മിഷൻ കൊണ്ടുദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലും കേന്ദ്രീകരിച്ച് ഇവരെ സംബന്ധിച്ചൊരു ഡാറ്റാ ബാങ്ക് അടിയന്തിരമായി തുടങ്ങണമെന്നാണ് ബില്ലിൽ ആവശ്യപ്പെടുന്നത്. കേരള പി.എസ്.സി., യു.പി.എസ്.സി., പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിൽനിന്ന് അപേക്ഷ ക്ഷണിക്കുമ്പോൾ ഈ ഡാറ്റാ ബാങ്കിൽനിന്നും അർഹരായവരെ കണ്ടെത്തി അപേക്ഷ സമർപ്പിക്കാൻ മിഷൻ മുൻകൈയെടുക്കണം. പരിശീലനം നൽകി കൃത്യസമയത്ത് പരീക്ഷ എഴുതിപ്പിക്കണം. റിസൾട്ട് വരുമ്പോൾ അത് നോക്കി തൊഴിൽ പ്രവേശനം സാദ്ധ്യമാക്കണം. മറ്റൊരു വ്യത്യസ്തമായ സ്ഥിതി, അപ്പോയിന്റ്മെന്റ് ഓർഡറുകൾ കയ്യിൽ കിട്ടിയിട്ടും ജോലിക്ക് പോകാത്ത

നിരവധിപേർ ഈ വിഭാഗത്തിൽ കാണുന്നു. ഇത് മാറ്റിയെടുക്കേണ്ടതാണ്. അതിൽ ആശാവഹമായ ഒരു കാര്യം; അട്ടപ്പാടിയിലെ അഗളി പഞ്ചായത്തിൽ വടകോട്ടത്തറ, പട്ടിമേളം, കാവുണ്ടിക്കൽ തുടങ്ങിയ മൂന്ന് ഊരുകളുള്ളതിൽ വടകോട്ടത്തറ ഊരിൽ 30 പേർ സർക്കാർ ഉദ്യോഗസ്ഥരാണ്. അഗ്രിക്കൾച്ചറൽ അസിസ്റ്റന്റായും അദ്ധ്യാപകരായും ക്ലാർക്കുമാരായും മൃഗസംരക്ഷണ ഉദ്യോഗസ്ഥരായും എം.ബി.ബി.എസ്. ഡോക്ടറായും പോലീസ് സേനയിലും അവർ ജോലി ചെയ്യുന്നുണ്ട്. ആ ഊരിൽ മദ്യപാനം കുറവാണ്; മാത്രമല്ല ആരോഗ്യരംഗത്തും കുറേ മെച്ചപ്പെട്ടവരാണവർ. അതുപോലെതന്നെ പട്ടിമേളം, കാവുണ്ടിക്കൽ എന്നീ ഊരുകളിൽ 33 പേർ സർക്കാർ ഉദ്യോഗസ്ഥരായിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരായിട്ടുള്ള ഊരുകളിലുള്ളവരുടെ ഭൂമി അന്യാധീനപ്പെട്ട് പോയിട്ടില്ല. ബാക്കിയെല്ലാ പ്രദേശത്തെയും ഭൂമി അന്യാധീനപ്പെട്ട് പോകുമ്പോൾ സർക്കാർ ജീവനക്കാരുള്ള ഊരുകളിലെ ഭൂമി അവരുടെ കൈവശംതന്നെ നിൽക്കുന്നു. അവർ ആരോഗ്യപരമായും മുന്നേറിയിട്ടുണ്ട്. സിക്കിൾസെൽ അനീമിയപോലുള്ള രോഗങ്ങൾ ഈ ഊരുകളിൽ കുറവാണ്. ഇതൊരു വലിയ പ്രതീക്ഷയാണ് നൽകുന്നത്.

12.00 NOON]

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിൽ മുന്നേറ്റമുണ്ടാകുമ്പോൾ അവർ അനുഭവിക്കുന്ന പ്രയാസങ്ങൾക്കുള്ള പരിഹാരങ്ങളാണ് വിശദീകരിച്ചുകൊണ്ടിരിക്കുന്നത്. അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽനിന്നും ഐ.എ.എസ്. പരിശീലനത്തിനും മിലിട്ടറിയിൽ പരിശീലനത്തിനുമായി കുട്ടികൾ പോയിട്ടുണ്ട്. അതുപോലെ, ആദിവാസി ഊരുകളിൽനിന്നും തൊഴിൽ തേടി ഗൾഫ് രാജ്യങ്ങളിലേക്ക് ആരുംതന്നെ പോകാറില്ലായിരുന്നു. എന്നാൽ പാലക്കാടുള്ള ചില സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി പത്തോളം കുട്ടികൾ ഇന്ന് ഗൾഫിൽ ജോലി ചെയ്യുകയും അവധിക്ക് നാട്ടിൽ വന്ന് തിരികെ പോകുകയും ചെയ്യുന്നുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. വി. വിജയദാസ്</u>: തീർച്ചയായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. വി. വിജയദാസ് അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടെങ്കിൽ മാറ്റിവയ്ക്കാം.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, ഒരു വാക്കുകൂടി പറഞ്ഞിട്ട് ഞാൻ അവസാനിപ്പിക്കാം. എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത് കുട്ടികളെ പഠിപ്പിച്ച് തൊഴിൽ നേടിക്കൊടുക്കണമെന്ന ആഗ്രഹം അവരുടെ ശ്രദ്ധയിൽ വരുന്നുണ്ട് എന്നതാണ്. അങ്ങനെ പൊതുവിൽ ഒരു മുന്നേറ്റം ആദിവാസി മേഖലകളിൽ

കണ്ടുവരുന്നുണ്ട്. അതുതന്നെയാണ് ഈ മിഷന്റെയും ഉദ്ദേശ്യം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് എന്തെങ്കിലും പ്രസ്താവനയുണ്ടെങ്കിൽ നടത്താവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ചർച്ച തുടരട്ടെ, ചർച്ച കഴിഞ്ഞ് അവസാനം സംസാരിക്കാം.

മി. സ്പീക്കർ: ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

## (iv) 2016-ലെ നല്ല ശമരിയക്കാരൻ ബിൽ

ശ്രീ. ഹൈബി ഈഡൻ: സർ, The Good Samaritan Bill, 2016-ന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ റിട്ട് പെറ്റീഷൻ (സിവിൽ) നമ്പർ 235/2012-ലെ 29-10-2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ Good Samaritan-ന്റെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിന്റെ റോഡ് ഗതാഗതവും ഹൈവേ മന്ത്രാലയവും 25035-ാം നമ്പർ വിജ്ഞാപനപ്രകാരം പാർലമെന്റിൽ യുക്തമായ നിയമം രൂപീകരിക്കുന്നതുവരെയുള്ള കാലയളവിലേക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2016-ൽ ലോക്സഭയിൽ അവതരിപ്പിച്ച മോട്ടോർ വാഹന ഭേദഗതി ബിൽ 2016-ൽ ഇതിനായി 134 (എ) എന്ന ഒരു വകുപ്പ് ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഡി.എച്ച്.എസ്.-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ഇവ എല്ലാ സർക്കാർ-സ്വകാര്യ ആശുപത്രികളും പാലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം നോട്ടീസ് നൽകിയിട്ടുള്ള അനൗദ്യോഗിക ബിൽ നിരാകരിക്കാവുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, The Good Samaritan Bill 2016 എന്ന ആശയത്തെക്കുറിച്ച് നമ്മുടെ മെമ്പർമാർക്കിടയിൽത്തന്നെ ഒരു കൺഫ്യൂഷനുണ്ട്.

നല്ല ശമരിയാക്കാരൻ എന്നത് ബൈബിളിലെ ഒരു വാക്യമാണ്. അത് ഇംഗ്ലീഷിൽ പൊതുവായി ഉപയോഗിക്കുന്ന ഒരു phrase ആണ്. ഇന്ത്യയിൽ പ്രത്യേകിച്ച് നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങളിൽപ്പെടുന്ന ആളുകളെ സഹായിക്കാൻ സ്വമേധയാ മുന്നോട്ട് വരുന്നവരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ ബില്ലിന്റെ പ്രധാന ഉദ്ദേശ്യം. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 1114 റോഡപകടങ്ങളാണ് ഇന്ത്യയിൽ ഓരോ ദിവസവും ഉണ്ടാകുന്നത്. അതിൽ 400 മരണങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നുപറഞ്ഞാൽ ഓരോ 3.6 മിനിട്ടിലും ഒരു ജീവൻ എന്ന കണക്കിൽ റോഡപകടങ്ങളിൽപ്പെട്ട് നഷ്ടപ്പെടുകയാണ്. അങ്ങനെ ഒരു വർഷം ഒന്നേമുക്കാൽ ലക്ഷം ആളുകൾ മരണപ്പെടുന്നുവെന്നാണ് മിനിസ്ട്രി ഓഫ് റോഡ് ആന്റ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയുടെയും ക്രൈം റെക്കോർഡ്സ് ബ്യൂറോയുടേയും കണക്കുകൾപ്രകാരം സൂചിപ്പിക്കുന്നത്. സാധാരണ കണ്ടു വരുന്ന പ്രവണത റോഡപകടങ്ങൾക്ക് സാക്ഷികളാകുന്ന ആളുകൾ അപകടങ്ങളിൽ പ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കാൻ മടി കാണിക്കുന്നു എന്നതാണ്. മെഡിക്കോ-ലീഗൽ കേസുമായി ബന്ധപ്പെട്ട് കോടതികളും പോലീസ് സ്റ്റേഷനും കയറിയിറങ്ങേണ്ടി വരുന്ന സാഹചര്യമാണ് മടി കാണിക്കുന്നതിനുള്ള പ്രധാന കാരണമായി തോന്നുന്നത്. അതുകൊണ്ട് അപകടങ്ങളിൽപ്പെടുന്ന ആളുകളെ സഹായിക്കാൻ മുന്നോട്ടുവരുന്ന ആളുകളെ പ്രോത്സാഹിപ്പിക്കണം. അതുപോലെ അപകടങ്ങളിൽപ്പെടുന്നവർക്ക് ശസ്ത്രക്രിയപോലുള്ള അടിയന്തര മെഡിക്കൽ സഹായങ്ങൾ വേണ്ടിവരുന്ന ഘട്ടങ്ങളിൽ പലപ്പോഴും സ്വകാര്യ ആശുപത്രികളിലേക്കാണ് കൊണ്ടുപോകുന്നത്. സാധാരണക്കാരനായ ഒരാൾ അപകടത്തിൽപ്പെട്ടാൽ വളരെ ദൂരെയാണെങ്കിൽപ്പോലും അവരെ സർക്കാർ ആശുപത്രികളിൽ എത്തിക്കാനാണ് ശ്രമിക്കാറുള്ളത്. പക്ഷേ അവിടെ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കാൻ സാധിക്കില്ല. സ്വകാര്യ ആശുപത്രികളിൽ പോകുമ്പോൾ ലക്ഷക്കണക്കിന് രൂപ ചികിത്സയ്ക്കായി കെട്ടിവയ്ക്കേണ്ട സാഹചര്യമുണ്ടാകുന്നു. ആ ജീവൻ രക്ഷിക്കാൻ വേണ്ടിയുള്ള സഹായം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് പ്രധാനമായും ഈ ബില്ലിലൂടെ ആവശ്യപ്പെടുന്നത്. സാക്ഷര കേരളമെന്നും പരിഷ്കൃത സമൂഹമെന്നും വിശേഷിപ്പിക്കുന്ന കേരളീയരുടെ ക്രൂരമനസ്സാണ് ഒരപകടമുണ്ടാകുമ്പോൾ കാണുന്നത്. ഒരപകടമുണ്ടായാൽ ആംബുലൻസിനുപോലും എത്തിച്ചേരാൻ കഴിയാത്ത വിധത്തിൽ ചോരയിൽ കുളിച്ചുകിടക്കുന്നവരുടെ ചിത്രവും വീഡിയോയും മൊബൈൽ ഫോണിൽ പകർത്തി വാട്ട്സാപ്പിൽ പോസ്റ്റ് ചെയ്യാനുള്ള തിരക്കാണ് കാണാൻ കഴിയുന്നത്.

ഇത്രയും ക്രൂരമായ മലയാളി മനസ്സിന് മുമ്പിലാണ് വളരെ പ്രധാനപ്പെട്ട ഈ ആശയം മുന്നോട്ട് വയ്ക്കുന്നത്. ലാ കമ്മീഷൻ ഓഫ് ഇന്ത്യ ഒബ്സർവ് ചെയ്തിരിക്കുന്നത് മരണപ്പെടുന്ന ആളുകളിൽ അൻപത് ശതമാനംപേർക്ക് കൃത്യമായ മെഡിക്കൽ സേവനം കൊടുത്തിരുന്നെങ്കിൽ അത്രയും ആളുകളെ രക്ഷപ്പെടുത്താൻ സാധിക്കുമായിരുന്നു എന്നാണ്. It is a worrying fact that in India, people believes pizza arrives faster than an ambulance. ഒരു ആംബുലൻസിനെക്കാൾ വേഗത്തിൽ പിസ എത്തുന്ന സമൂഹമായി ഇന്ന് കേരളസമൂഹം മാറിയിരിക്കുകയാണ്. ചെറുപ്പക്കാരുൾപ്പെടെയുള്ള നമ്മുടെ സമൂഹത്തിലെ ആളുകളെ പ്രോത്സാഹിപ്പിക്കാനും അവർക്ക് നിയമപരിരക്ഷ നൽകാനും ഒരു ലീഗൽ ഫ്രെയിംവർക്ക് എങ്ങനെ സെറ്റപ് ചെയ്യാൻ സാധിക്കുമെന്ന് നോക്കാനും സമൂഹത്തിന്റെ മാനുഷികമായ മുഖം പുറത്തുകൊണ്ടുവരാനും വേണ്ടിയുള്ള ഒരു എളിയ ശ്രമമാണ് ഞാൻ ഇവിടെ നടത്തുന്നത്. മറ്റൊരു അംഗത്തിനുകൂടി അവസരം ലഭ്യമാകുമെന്നുള്ളതുകൊണ്ട് അടുത്ത സഭയിൽ ഇതിന്റെ ചർച്ച തുടരാൻ ആഗ്രഹിക്കുകയാണ്. പ്രധാനപ്പെട്ട വിഷയമായതുകൊണ്ട് ഈ അനൗദ്യോഗിക ബിൽ അംഗീകരിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇപ്പോൾ സംസാരിക്കുന്നില്ല. അതിനായി കുറെ കാര്യങ്ങൾ സർക്കാർ ചെയ്തിട്ടുണ്ട്, അതിന്റെ അടിസ്ഥാനത്തിൽ ഈ അനൗദ്യോഗിക ബിൽ നിരാകരിക്കാവുന്നതാണ്. ചർച്ച തുടരട്ടെ.

മി. സ്പീക്കർ: ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

### (v) 2016-ലെ കേരള ശുദ്ധജലാവകാശ ബിൽ

ശ്രീ. ആർ. രാജേഷ്: സർ, 2016-ലെ കേരള ശുദ്ധജലാവകാശ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഈ ബിൽ വളരെ കൃത്യമായി തയ്യാറാക്കിയതാണെന്നാണ് ബില്ലിനെ സംബന്ധിച്ച് നിയമ വകുപ്പിൽ നിന്ന് ലഭിച്ച ഉപദേശം. അതുകൊണ്ടുതന്നെ ധനകാര്യ മെമ്മോറാണ്ടം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കി

പ്രാബല്യത്തിൽ വരുത്തിയാൽ ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള അനാവർത്തക ചെലവിനത്തിൽ ഏകദേശം പത്ത് കോടി രൂപ സഞ്ചിത നിധിയിൽനിന്ന് ചെലവ് പ്രതീക്ഷിക്കുന്നതായി ബില്ലിനോടൊപ്പമുള്ള ധനകാര്യ മെമ്മോറാണ്ടത്തിൽ സൂചിപ്പിക്കുന്നുണ്ട്. അതുകൊണ്ട് ഈ ബില്ല് നിയമസഭയിൽ പരിഗണനയ്ക്കെടുക്കുന്നതിന് ഭരണ ഘടനയുടെ അനുച്ഛേദം 207(3) പ്രകാരം ഗവർണറുടെ മുൻകൂട്ടിയുള്ള ശിപാർശ ആവശ്യമാണെന്ന നിർദ്ദേശം ധനകാര്യ വകുപ്പ് മുന്നോട്ടുവച്ചിട്ടുണ്ട്. ഗവർണറുടെ ശിപാർശ ലഭിച്ചോയെന്ന് എനിക്ക് വെരിഫൈ ചെയ്യാൻ സാധിച്ചിട്ടില്ല. നിയമ വകുപ്പിന്റെ അഭിപ്രായം നിയമസഭാ സെക്രട്ടേറിയറ്റിൽ കൈമാറിയതായിട്ടാണ് എന്റെ കൈവശമുള്ള രേഖകളിൽ കാണുന്നത്.

വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഈ ബില്ലിലൂടെ ഉന്നയിക്കാൻ ശ്രമിക്കുന്നത്. ശുദ്ധജലം ലഭിക്കുന്നത് അവകാശമാക്കി മാറ്റുന്ന രൂപത്തിലുള്ള ഒരു നിർദ്ദേശമുണ്ട്. ഇതിൽ പ്രധാനമായും ശുദ്ധജല സ്രോതസ്സുകളുടെ സംരക്ഷണത്തെ സംബന്ധിച്ചാണ് സൂചിപ്പിക്കുന്നത്. നിലവിലുള്ള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003-ന്റെ വകുപ്പ് 3-ൽ എല്ലാ ജലസ്രോതസ്സുകളുടെയും സംരക്ഷണം ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ദിനംപ്രതി ചുരുങ്ങിയത് ആയിരം ലിറ്റർ ശുദ്ധജലം ഒരു കുടുംബത്തിന് ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുമെന്ന വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എൽ.പി.സി.ഡി. ആളോഹരിയായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. അതിന് നിയമത്തിന്റെ പിൻബലമില്ലെങ്കിലും ഗ്രാമപ്രദേശങ്ങളിൽ 80 ലിറ്ററും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ 130 ലിറ്ററും എന്ന നിലയിലാണ് ഒരു മനുഷ്യന്റെ ദൈനംദിന ആവശ്യത്തിനുവേണ്ടിയുള്ള ജല ഉപഭോഗത്തിന്റെ കണക്കായി രേഖപ്പെടുത്തിയിട്ടുള്ളത്. ശ്രീ. ആർ. രാജേഷ് മുന്നോട്ടുവച്ച നിർദ്ദേശം ഒരു കുടുംബത്തിന് ആയിരം ലിറ്റർ എന്നാണ്. നിലവിൽ വരൾച്ചയുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി നിഷ്കർഷിച്ചിരിക്കുന്നതുതന്നെ നൽകാൻ കഴിയാത്ത അവസ്ഥയുണ്ട്. ആയതിനാൽ പെട്ടെന്ന് ആയിരം ലിറ്റർ ജലം എല്ലാ കുടുംബങ്ങൾക്കും എത്തിക്കണമെന്ന തീരുമാനവുമായി മുന്നോട്ടുപോകാൻ സാധിക്കില്ല. കഴിഞ്ഞ ദിവസത്തെ ധനാഭ്യർത്ഥന ചർച്ചയിൽ സൂചിപ്പിച്ചതുപോലെ ജല ഉപയോഗം കുറയ്ക്കുന്ന തരത്തിലുള്ള ഒരു ഉപയോഗക്രമത്തിന് ജനങ്ങളെ പ്രാപ്തരാക്കണം. അതായത് ജലസാക്ഷരത വളർത്തുന്നത് വളരെ നല്ല കാര്യമാണ്. ജലം ധാരാളിത്തം കാണിക്കാനുള്ള വസ്തുവല്ലെന്ന തിരിച്ചറിവ് പകർന്നുനൽകാനുള്ള ശ്രമം നടത്തണം. ജലമലിനീകരണവുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊള്ളുന്നത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും തദ്ദേശഭരണ സ്ഥാപനങ്ങളുമാണ്. പഞ്ചായത്തീരാജ് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും 7-10-2009-ൽ ഭേദഗതി വരുത്തി ജല

മലിനീകരണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 12-12-2014-ൽ ഇതിന് പ്രത്യേകമായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 2003-ലെ ജല സംരക്ഷണ നിയമം 37 (3)-ൽ വ്യവസായ സ്ഥാപനങ്ങളിൽനിന്നോ വീടുകളിൽനിന്നോ ഉള്ള മലിനജലം ശുദ്ധീകരിക്കാതെ ജലസ്രോതസ്സുകളിൽ ഒഴുക്കിവിടാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അനൗദ്യോഗിക ബിൽ വിഭാവന ചെയ്യുന്നതുപോലെ ഓരോ കുടുംബത്തിനും ശുദ്ധജലം ലഭ്യമാക്കുക, ജലസ്രോതസ്സുകൾ മലിനമാക്കാതെ സൂക്ഷിക്കുക എന്നീ ലക്ഷ്യങ്ങൾ സാദ്ധ്യമാക്കാൻ നിലവിൽത്തന്നെ നിയമങ്ങളുണ്ട്. ആയതിനാൽ ശിക്ഷാനടപടികൾ കൂടുതൽ കർക്കശമാക്കുന്നതിന് ഈ നിയമത്തിൽ ഭേദഗതി വരുത്തുന്നതായിരിക്കും നല്ലത്. ഇതാണ് ഈ ബില്ലിനെ സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ സമീപനം.

ശ്രീ. ആർ. രാജേഷ്: സംസ്ഥാനത്തെ ശുദ്ധജലസ്രോതസ്സുകൾ അനിയന്ത്രിതമായി മലിനീകരിക്കപ്പെടുകയും ജലജന്യ സാംക്രമിക രോഗങ്ങൾ പടരുകയും കുടിവെള്ള ക്ഷാമം രൂക്ഷമാകുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ശുദ്ധജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ഓരോ പൗരനും നിത്യോപയോഗത്തിനാവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിനുംവേണ്ടി ഇത്തരമൊരു ബിൽ അവതരിപ്പിച്ചത്. 2003-ൽ ജലസംരക്ഷണ നിയമവും അത് ഭേദഗതി ചെയ്തുകൊണ്ട് 2009-ൽ മലിനീകരണവുമായി ബന്ധപ്പെട്ട നിയമവും നിലവിൽവന്നു. ഈ നിയമങ്ങളെല്ലാം നിലനിൽക്കുമ്പോഴും ശുദ്ധജലം നമ്മുടെ ആവശ്യത്തിനനുസരിച്ച് ലഭ്യമാകാത്ത ഒരു സാഹചര്യം ഇന്ന് നിലനിൽക്കുകയാണ്. സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലൂടെ ഒഴുകുന്ന നദികൾ, പുഴകൾ, കായലുകൾ, തോടുകൾ പൊതു/സ്വകാര്യ കുളങ്ങൾ, കിണറുകൾ, മറ്റ് ജലസംഭരണികൾ എന്നിവയെല്ലാം ഈ ശുദ്ധജല സ്രോതസ്സിന്റെ ഭാഗമായി വരുന്നുണ്ട്. ശുദ്ധജല സ്രോതസ്സുകളെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് അതാത് പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ കൃഷിയെ സംരക്ഷിക്കുന്നതിനുള്ള കാർഷിക കർമ്മസേന രൂപീകരിച്ചതുപോലെ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനും മാലിന്യമുക്തമാക്കി മാറ്റുന്നതിനുമുള്ള സംരക്ഷണസേന പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന കർമ്മസേനയുടെ നേതൃത്വത്തിൽ ജലസ്രോതസ്സുകൾ ശുദ്ധീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. നദികളും പുഴകളും കായലുകളുമടക്കമുള്ള ജലസ്രോതസ്സുകൾ മലിനമാകാതെ സംരക്ഷിക്കുക എന്നതുപോലെ പ്രധാനമാണ് ഭൂഗർഭ ജലസ്രോതസ്സ് താഴ്ന്ന പോകാതെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതും. ബില്ലിൽ

ശുദ്ധജലം ലഭിക്കുന്നത് ഒരു അവകാശമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അക്കാര്യം ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഗ്രാമപ്രദേശത്ത് 80 ലിറ്ററും നഗരപ്രദേശങ്ങളിൽ 100 ലിറ്ററും എന്ന നിലയിലാണ് ഒരു മനുഷ്യന്റെ ദൈനംദിന ആവശ്യങ്ങൾക്കുവേണ്ടിയുള്ള ജല ഉപഭോഗത്തിന്റെ കണക്കായി അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ആയിരം ലിറ്റർ എന്നാണ് ഈ ബില്ലിന്റെ ഭാഗമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ശുദ്ധജലം ലഭ്യമാക്കുക എന്ന ഓരോ പൗരന്റെയും അവകാശം സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്.

നമ്മുടെ ദൈനംദിന ജീവിതം മാത്രമല്ല, മനുഷ്യസമൂഹവും മനുഷ്യശരീരവുമെല്ലാം ജലവുമായി ബന്ധപ്പെട്ട് നിലകൊള്ളുന്നതാണ്. ജലമില്ലെങ്കിൽ ജീവനില്ല. ജീവന്റെ ഏറ്റവും അടിസ്ഥാന ഘടകമാണ് ജലം. എല്ലാ അടിസ്ഥാന ഗ്രന്ഥങ്ങളിലും/ പരിശുദ്ധ ഗ്രന്ഥങ്ങളിലും ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എല്ലാവർക്കും ജലം ലഭ്യമാക്കുന്നതിനായി ജലനിർഗ്ഗമന മാർഗ്ഗങ്ങളും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള നടപടികളും ഭൂതകാലങ്ങളിലുണ്ടായിരുന്നു. 5000 വർഷങ്ങൾക്കുമുമ്പ് സിന്ധുനദീതട സംസ്കാരത്തിന്റെ ഭാഗമായ മോഹൻജദാരോയിലും മറ്റും ജലസേചനത്തിനാവശ്യമായ പൊതുകുളങ്ങളുണ്ടായിരുന്നു. ഇതെല്ലാം സമൂഹത്തിൽ ജലത്തിന്റെ പ്രാധാന്യം ഊട്ടിയുറപ്പിക്കുന്ന ചരിത്രപരമായ വസ്തുതകളാണ്. മനുഷ്യൻ ഭ്രൂണാവസ്ഥയിലായിരിക്കുമ്പോൾ അതിന്റെ തൂക്കത്തിന്റെ 90 ശതമാനവും ജലമാണ്. അതുമാത്രമല്ല, ഭ്രൂണം ഗർഭധാരണം മുതൽ ജനനം വരെയുള്ള കാലഘട്ടത്തിൽ ദ്രവരൂപത്തിലുള്ള ലായനിയിൽ മുങ്ങിയാണ് കിടക്കുന്നത്. പ്രപഞ്ചത്തിന്റെ എല്ലാ ഭാഗത്തും ജലമാണ്. ഭൂമി എന്ന് പറയുന്നത് വെള്ളത്തിൽ ഒഴുകുന്ന ഒരു വസ്തുവാണെന്നാണ് ഗ്രീക്ക് ചിന്തകനായ തെയിൽസ് പറഞ്ഞിട്ടുള്ളത്. മനുഷ്യശരീരത്തിന്റെ എല്ലാ ഭാഗത്തും ജലത്തിന്റെ സാന്നിധ്യമുള്ളതായി കാണാൻ കഴിയും. ഏതൊരു മനുഷ്യന്റെയും ശരീരം നിർമ്മിച്ചിട്ടുള്ളത് കോശങ്ങളിലൂടെയാണ്. ഈ കോശങ്ങൾക്കുള്ളിലാണ് 40 ശതമാനം ജലം വരുന്നത്; മനുഷ്യശരീരത്തിലുള്ള കോശങ്ങൾക്കിടയിലുള്ള വിടവുകളിലാണ് ബാക്കി 60 ശതമാനം ജലം. 4 ശതമാനം ജലം മനുഷ്യ ശരീരത്തിലെ രക്തത്തിലുള്ളതായി പഠനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അടിസ്ഥാനപരമായി മനുഷ്യശരീരം നിർമ്മിച്ചിരിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ടത് ജലമാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. മലിനമാക്കപ്പെട്ട ജലമാണ് മനുഷ്യ ശരീരത്തിലേക്ക് കടക്കുന്നതെങ്കിൽ എത്രമാത്രം ബുദ്ധിമുട്ടാണുണ്ടാകുന്നത്? അത് മനുഷ്യനുമാത്രമല്ല ഏതൊരു ജീവനുമുണ്ടാകുന്നത് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്.

മനുഷ്യശരീരത്തിലെ 4 ശതമാനത്തെയാണ് പ്ലാസ്മ എന്ന് പറയുന്നത്. മനുഷ്യ ശരീരത്തിലെ എല്ലുകളിൽ ജലമുണ്ട്, മുടിയിഴകളിൽ ജലമുണ്ട്. മനുഷ്യശരീരത്തിലെ ഏറ്റവും കട്ടപ്പമുള്ള ഒന്നാണ് പല്ലിന്റെ ഇനാമൽ. പല്ലിലെ ഇനാമലിനകത്തുപോലും ജലത്തിന്റെ അംശമാണ് ചൂണ്ടിക്കാണിക്കാൻ കഴിയുന്നത്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ശുദ്ധജലത്തിന്റെ അവകാശത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിക്കുന്നത്. അങ്ങ് പ്രതിനിധീകരിക്കുന്ന ഓണാട്ടുകര ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ പ്രശസ്തമായ ഒരു പഞ്ചായത്താണ് താമരക്കുളം. അവിടെ ഞാൻ ഒരിക്കൽ പോയപ്പോൾ താമരയും കുളവുമില്ലാത്ത ഒരവസ്ഥയിൽ കാണാൻ കഴിഞ്ഞു. കേരളത്തിലെ പല സ്ഥലങ്ങളിലും ലാന്റിന്റെ കൺവെർഷനിലൂടെ അവിടെയുണ്ടായിരുന്ന സ്വാഭാവിക കൃഷിയെ മാറ്റി സാദ്ധ്യമല്ലാത്ത സ്ഥലങ്ങളിൽക്കൂടി റബ്ബർ വച്ചുപിടിപ്പിച്ചു. സാദ്ധ്യമായ സ്ഥലങ്ങളിൽ റബ്ബർ നട്ടുപിടിപ്പിക്കാം. പക്ഷേ കുട്ടനാട്ടുൾപ്പെടെയുള്ള ചില സ്ഥലങ്ങളിൽ റബ്ബർ വച്ചുപിടിപ്പിച്ചിരിക്കുന്നതിനാൽ ഭൂമിയിൽ നിന്നുള്ള ജലത്തിന്റെ വലിയൊരളവ് പിടിച്ചെടുക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇത്തരം കാര്യങ്ങൾകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തിക്കൊണ്ട് ചർച്ച ചെയ്യാൻ സാധിക്കുമോ?

ശ്രീ. ആർ. രാജേഷ്: സർ, നദികളുടെ തീരത്ത് നിൽക്കുന്ന മരങ്ങൾ ജലം വലിച്ചെടുക്കുകയും ആ ജലം തിരിച്ച് ഭൂമിക്ക് നൽകുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് സ്വീകരിച്ചിരിക്കുന്നത്. ഇന്നലെ ഇവിടെ നടന്ന ഒരു പ്രസംഗത്തിൽ, റബ്ബർ മരങ്ങൾ ഈ പ്രക്രിയ ചെയ്യുന്നില്ലെന്നും അവ ജലം വലിച്ചെടുക്കുകയാണ് ചെയ്യുന്നതെന്നും സൂചിപ്പിച്ചു. ആ ഒരു പരാമർശംകൊണ്ടുതന്നെ സാധാരണ മരങ്ങളിൽനിന്ന് റബ്ബർ മരങ്ങൾ എത്ര വ്യത്യസ്തമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. അവ ജലം ചൂഷണം ചെയ്യുന്നതിലൂടെ ജലദൗർലഭ്യമുണ്ടാക്കുന്നു. നമ്മുടെ നാട്ടിലെ ചില കുപ്പിവെള്ള കമ്പനികളെപ്പോലെ പ്രകൃതിയിൽനിന്ന് ജലം ഊറ്റിയെടുക്കുന്ന മരങ്ങളായി റബ്ബർ മരങ്ങൾ മാറുകയാണ്. എന്റെ നിയോജക മണ്ഡലത്തിലടക്കം റബ്ബർ മരങ്ങളുണ്ട്. ഇപ്പോൾ അതിൽനിന്ന് നമ്മുടെ സമൂഹമാകെ തിരിച്ചുപോയിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്. പ്രകൃതിക്കും നമ്മുടെ നാടിനും ഇണങ്ങിയ മരങ്ങൾ വച്ചുപിടിപ്പിക്കാതെ, പ്രകൃതിയെ ചൂഷണം ചെയ്യുന്ന മനുഷ്യന്റെ ഒരു സ്ഥിതിയാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, റബ്ബർ മരങ്ങളെ സംബന്ധിച്ച് ഏതെങ്കിലും

ശാസ്ത്രീയമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണോ പറയുന്നത്?

ശ്രീ. ആർ. രാജേഷ്: സർ, ശാസ്ത്രീയ കാഴ്ചപ്പാടുണ്ടോ എന്ന് ചോദിച്ചാൽ റബ്ബർ മരങ്ങൾ നിൽക്കുന്നിടത്ത് ജലദൗർലഭ്യമുള്ളതായി പ്രായോഗികമായി അറിയുന്നതാണ്. അതിന്റെ ശാസ്ത്രീയതയെക്കുറിച്ച് നമ്മുടെ ശാസ്ത്ര സംവിധാനം ഉപയോഗിച്ച് പരിശോധിക്കാവുന്നതാണ്. മനുഷ്യ ശരീരത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ജലമാവശ്യമായി വരികയാണ്. ജൈവപരമായ എല്ലാ പ്രക്രിയകൾക്കും വെള്ളമെന്ന മാധ്യമം നമുക്ക് കൂടിയേതീരൂ. ശ്വസിക്കാനും ശരീര താപനില നിയന്ത്രിക്കാനും ആഹാരം ദഹിക്കാനും പാഴ് നീക്കം ചെയ്യാനും ഗ്രന്ഥികളുടെ പ്രവർത്തനത്തിനുമെല്ലാം ലായനികളുടെ സാന്നിദ്ധ്യം മനുഷ്യ ശരീരത്തിൽ ആവശ്യമാണ്. നമ്മൾ കുടിക്കുന്ന വെള്ളംപോലും ശുദ്ധീകരിക്കപ്പെട്ടതല്ല. ഏത് നിലയിലുള്ള ജലം കുടിക്കാം എന്നതിനെക്കുറിച്ചുപോലും നമ്മുടെ സമൂഹത്തിൽ ചിന്തകൾ ഉയർന്നുവന്നിട്ടുണ്ട്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വർത്തമാനകാലത്ത് നമ്മെ agitate ചെയ്യുന്ന ഒരു കാര്യമാണ് വെള്ളത്തെ മലിനീകരിക്കുക എന്നത്. നൂറ് വർഷം മുൻപ് Samuel Taylor Coleridge, 'The Rime of the Ancient Mariner'-ൽ

"Water Water Everywhere

Not a Drop to Drink"

എന്ന് പറഞ്ഞിട്ടുണ്ട്. കുട്ടനാട്ടിൽ സർവ്വത്ര വെള്ളമാണ്, പക്ഷേ കുടിക്കാൻ കഴിയില്ല. വെള്ളത്തിനെ മലിനീകരിക്കുന്ന പ്രക്രിയയ്ക്ക് എതിരായിട്ടുള്ള അങ്ങയുടെ വാദത്തിന് സമകാലികവും ചരിത്രപരവുമായി വലിയ പ്രാധാന്യമാണുള്ളത്. അങ്ങ് അത് ശക്തമായി ഉന്നയിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ആർ. രാജേഷ്: സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു പോയിന്റാണ്. ഞാൻ അതിലേക്ക് വരികയാണ്. ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവായ ഹിപ്പോക്രാറ്റസ് പറഞ്ഞത് തിളപ്പിച്ച വെള്ളം മാത്രമേ കുടിക്കാവൂ എന്നാണ്. അതായിരുന്നു ജലമെങ്ങനെ ഉപയോഗിക്കണമെന്നതിനെക്കുറിച്ചുള്ള പഴയകാലത്തെ ചിന്ത. പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. കുട്ടനാട്ടിൽ സർവ്വത്ര ജലമാണ്. എന്നാൽ ആ സാർവ്വത്രികമായ ജലം നമുക്ക് ഉപയോഗിക്കാൻ കഴിയുന്നുണ്ടോ? ഭൂമിയിൽ ലഭ്യമായ ആകെ ജലം 1400 ദശലക്ഷം ക്യൂബിക് കിലോമീറ്ററാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, "Another World war will be fought for water" എന്ന് ഈ അടുത്ത കാലത്തായി പറയുന്നുണ്ട്.

കാരണം വെള്ളത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളാണ് ലോകത്തെല്ലായിടത്തും നടക്കുന്നത്. സൈപ്രസ്സിൽ അടുത്ത കാലത്ത് വെള്ളത്തിനുവേണ്ടി ഒരു ചെറിയ യുദ്ധമുണ്ടായി. ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്ന എല്ലാ തർക്കങ്ങളുടെയും അടിസ്ഥാനം വെള്ളമാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് അങ്ങ് ഉന്നയിച്ചത്. ഏറ്റവും സമകാലിക വിഷയമാണ് കർണ്ണാടകവും തമിഴ്നാടുമായുള്ള കാവേരി നദീജലപ്രശ്നം. അവിടെ വെള്ളത്തിനുവേണ്ടിയുള്ള വലിയ സംഘർഷങ്ങളാണുണ്ടായത്. കേരളത്തിൽ ആ രീതിയിൽ സംഭവിക്കാതിരിക്കുന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്കും ഭരണപക്ഷ അംഗങ്ങൾക്കും രാഷ്ട്രീയമായ വ്യത്യാസത്തിനപ്പുറം ഒരു ഉയർന്ന ചിന്താഗതിയുള്ളതുകൊണ്ടാണ്. അല്ലെങ്കിൽ മുല്ലപ്പെരിയാറിൽനിന്ന് നമ്മുടെ ജലവും ഡാമുകളുമൊക്കെ നമ്മളറിയാതെ അപ്പുറത്തേക്ക് കൊണ്ടു പോകുമ്പോൾ നമ്മൾ ഒരു വലിയ യുദ്ധത്തിലേക്ക് പോകേണ്ടിവരുമായിരുന്നു.

ശ്രീ. പി. ടി. തോമസ്: സർ, വെള്ളത്തിന്റെ ഉപയോഗത്തെ സംബന്ധിച്ച് മഹാത്മജി പറഞ്ഞ വാക്കുകൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ "പൊതു ആവശ്യത്തിനായുള്ള വെള്ളം ഒരു പ്രദേശത്ത് ജീവിക്കുന്ന എല്ലാവരുടേയുമാണ്. നാം അത് ട്രസ്റ്റി എന്ന നിലയിലേ ഉപയോഗിക്കാവൂ. വെള്ളം മലിനമാക്കുന്ന യാതൊന്നും ചെയ്യാൻ പാടില്ല." അങ്ങ് ധാരാളം മഹാന്മാരെ ഉദ്ധരിച്ചു, വളരെ നല്ല കാര്യമാണ്, മഹാത്മജി ഏറ്റവും ശക്തമായി ഇക്കാര്യത്തെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, മഹാത്മജി പ്രതിപക്ഷത്തിന്റെ മാത്രം നേതാവല്ല. മഹാത്മജി ഞങ്ങളുടെയുംകൂടി നേതാവാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സ്വത്താണ് മഹാത്മജി എന്ന അഭിപ്രായമൊന്നും ഞങ്ങൾക്കില്ല. ഗാന്ധിജിയോട് ഞങ്ങൾ വിയോജിക്കുമെന്ന് കരുതിയാണ് അദ്ദേഹം ചോദിച്ചത്. ഞങ്ങൾ വിയോജിക്കേണ്ട കാര്യങ്ങളിൽ ചിലപ്പോൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടാകാം. പക്ഷേ മഹാത്മജി ഞങ്ങളുടെയുംകൂടി നേതാവാണ്. ഞാൻ ശുദ്ധജല അവകാശ ബില്ലിന്റെ മെരിറ്റിലേക്ക് കടക്കുന്നതേയുള്ളൂ. ചർച്ച തുടരണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ: ബില്ലിന്മേലുള്ള ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

മി. സ്പീക്കർ: ഇന്ന് ലിസ്റ്റ് ചെയ്ത അഞ്ച് ബില്ലുകളും പരിഗണനയ്ക്കെടുക്കാൻ കഴിഞ്ഞുവെന്നത് വളരെ സന്തോഷകരമായ ഒരു കാര്യമാണ്. കേരള നിയമസഭയിൽ വളരെ അപൂർവ്വമായി മാത്രം സംഭവിച്ചിട്ടുള്ള കാര്യമാണിത്. അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതി തേടിയുള്ള പ്രമേയങ്ങൾ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങളും മറുപടി പറഞ്ഞ ബഹുമാനപ്പെട്ട മന്ത്രിമാരും സമയക്ലിപ്തത പാലിക്കുന്ന കാര്യത്തിൽ അങ്ങേയറ്റം ചെയറുമായി സഹകരിച്ചതുകൊണ്ടാണ് ഈ അഞ്ച് ബില്ലുകളും പരിഗണനയ്ക്ക് എടുക്കാൻ സാധിച്ചത്. അതിന് ചെയർ നന്ദി പറയുന്നു. അത് നിശബ്ദതയോടെ കേട്ടിരുന്ന സാമാജികരുടെയും പങ്ക് ചെയർ ഓർക്കുന്നു.

## X തിരുത്ത്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ ഒരു ചെറിയ പിശക് സംഭവിച്ചിട്ടുണ്ട്. സി.ബി.ഐ.-യിൽ മൂന്നുവർഷക്കാലം ജോലി ചെയ്ത ശ്രീ. മഹിപാൽ യാദവ് എന്ന ഉദ്യോഗസ്ഥനെയാണ് ഞാൻ ഉദ്ദേശിച്ചത്. തെറ്റായാണ് മറ്റൊരു ഉദ്യോഗസ്ഥന്റെ പേര് പരാമർശിച്ചത്. ആ ഭാഗങ്ങൾ ദയവായി നിയമസഭാ രേഖയിൽ നിന്ന് നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അത് തിരുത്താവുന്നതാണ്.

ഓർഡർ..... ഓർഡർ..., സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 24-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)